
# ഉയിർപ്പിന്റെ രാഷ്ട്രീയം

## മത്സ്യത്തൊഴിലാളി സമരത്തിന്റെ അരനൂറ്റാണ്ട്



ജോസ് ജെ. കളീക്കൽ








# ഉയിർപ്പിന്റെ രാഷ്ട്രീയം

## മത്സ്യത്തൊഴിലാളിസമരത്തിന്റെ അരനൂറ്റാണ്ട്

ജോസ് ജെ. കളീക്കൽ

MEDIA HOUSE, DELHI

# UYIRPPINTE RASHTREEYAM

## (Malsyathozhilali Samarathinte Aranoottandu)
## Malayalam

Contemporary History of Fisher People Struggle of 50 years

Author: Jose J. Kaleekel (written, compiled and edited)

First Published: October, 2024

Copyright: Author@Rights reserved

Published by: Media House® 375 - A, Pocket 2, Mayur Vihar Phase - I, Delhi - 110091, Email: mediahousedelhi@gmail.com
www.mediahouse.online

Printed at: Jyoti Printers, C - 12, Sector - 8, Noida, U.P. - 201301
Ph: 9289199317, E-mail: jyotiprinters.noida@gmail.com

DTP: Digital Graphics, Kottarakkara

Creative & Design: Benn D’cruz
DESIGN PLUS
Advertising & Printing
Near Technopark, Kazhakkoottam, Trivandrum 695582
Tel: + 91 9744790612
Email designplusap@gmail.com, mail@designplusap.com
www.designplusap.com

Cover Picture: THE FISH BODY (Rev. Dr. KM George)

## FRIENDS OF TOM

Sr. Philomine Marie
+91 9526951221,

Dr. Joseph Scaria
+91 9526982263, scariajosephh@gmail.com


Adv. Elsamma Prayikalam
+91 9446165516, elsaprayi@gmail.com

Jerome Fernandez
+91 9495408465, jeromeantony@yahoo.com

Price: ₹330

# സമർപ്പണം

**മനുഷ്യാവകാശങ്ങൾക്കും**
**സാമൂഹികനീതിക്കും വേണ്ടി**
**പതിറ്റാണ്ടുകൾ നീണ്ട**
**സമരവഴികളിൽ**
**ഇതളടർന്നുവീണ**
**മത്സ്യത്തൊഴിലാളികളുടെ**
**ധീരസ്മരണയ്ക്കു മുൻപിൽ...**




നാഷണൽ ഫിഷർമെൻസ് ഫോറം ചെയർമാൻ
ഫാ:തോമസ് കോച്ചേരി
അനിശ്ചിത കാല നിരാഹാരം
സെക്രട്ടറിയേറ്റ് നടയിൽ
ജൂൺ 20ന് ആരംഭിക്കുന്നു
ജൂൺ,ജൂലൈ,ആഗസ്റ്റ് ട്രോളിംഗ് നിരോധിക്കുക
കേരള സ്വതന്ത്ര മത്സ്യതൊഴിലാളി ഫെഡറേഷൻ
സിന്ദാബാദ്!!


NATIONAL
FISHERMEN'S FORUM
GENERAL BODY MEET
at PANJIM, GOA
on 19th, 20th and 21st July, 1986.
MASS RALLY
and
PUBLIC MEETING
at AZAD MAIDAN
ON MONDAY 21st JULY at 3 P.M.
THOMAS KOCHERRY
CHAIRMAN
PRANAB KUMAR ROY
GEN: SECRETARY


മത്സ്യരോഗം തടഞ്ഞിട്ടു
മത്സ്യമേഖല സംരക്ഷിക്കുക


DPIFC
മലിനീകരണത്തെപ്പറ്റി
ഏകദിന സെമിനാർ
1986 മെയ് 25 ഞായറാഴ്ച
രാവിലെ 10 മണിമുതൽ കണ്ണൂർ
DPIFC അഡിറ്റോറിയത്തിൽ
നടക്കും
പ്രഫ: എം.കെ.പ്രസാദ്
ഡോ: യു.കെ.ഗോപാലൻ
തുടങ്ങിയവർ പങ്കെടുക്കും.
DPIFC
കണ്ണൂർ.

# പ്രസാധകക്കുറിപ്പ്

ഉയിർപ്പിന്റെ രാഷ്ട്രീയം (കേരളത്തിലെ മത്സ്യത്തൊഴിലാളി സമരത്തിന്റെ അരനൂറ്റാണ്ട്) എന്ന പുസ്തകം സമരനായകൻ ഫാദർ തോമസ് കോച്ചേരിയുടെ പത്താം ചരമവാർഷികത്തോടനുബന്ധിച്ചാണ് പ്രസിദ്ധീകരിക്കുന്നത്. മത്സ്യത്തൊഴിലാളി സമരനായകനും ടോമിന്റെ സഹയാത്രികനുമായ ജോസ് ജെ. കളീക്കൽ തയ്യാറാക്കിയ ഈ വിശിഷ്ടകൃതിയുടെ ഒന്നാംഭാഗം ജോസ് ജെ. കളീക്കൽ പല കാലഘട്ടങ്ങളിലായി എഴുതിയ 21 ലേഖനങ്ങളുടെ സമാഹാരമാണ്. രണ്ടാംഭാഗം സമരസഹയാത്രികരുടെ 9 ലേഖനങ്ങൾ. ഭാഗം മൂന്നിൽ സമര കവിതകളും ഭാഗം നാലിൽ രണ്ട് ജനകീയാരാധനകളും ഭാഗം അഞ്ചിൽ സമരവുമായി ബന്ധപ്പെട്ട ചില അപൂർവ രേഖകളും കാണാം. ഇവയെല്ലാം സമാഹരിച്ചതും ജോസ് ജെ. കളീക്കൽ തന്നെയാണ്. സമരങ്ങളുടെ ചൂടും ചൂരും പോരാട്ടങ്ങളുടെ ആത്മീയതയും ജോസ് ജെ. കളീക്കലിന്റെ വേറിട്ട ഭാഷാശൈലിയും സമർപ്പിത ജീവിതത്തിന്റെ ദർശനശുദ്ധിയും കർമ്മശുദ്ധിയും ഈ കൃതിയിൽ ദർശിക്കാം. Friends of Tom എന്ന ചെറുസംഘത്തിന്റെ നിശ്ചയദാർഢ്യമാണ് ഈ കൃതിക്ക് പ്രേരണ. മനുഷ്യവിമോചന സമരങ്ങളിൽ പങ്കാളികളാകുന്ന എല്ലാവർക്കും ഈ കൃതി ആവേശം പകരും.

**മീഡിയ ഹൗസ്, ദില്ലി**


മത്സ്യത്തൊഴിലാളികൾ
ജയിൽ നിറയൽ
സമരത്തിലേയ്ക്കു്
1985 മേയ് 25 മുതൽ
25ന് കൊല്ലം കളക്ട്രേറ്റ് പിക്കറ്റിംഗ്
മത്സ്യ സമ്പത്തു് സംരക്ഷിക്കൂ!
കേരളത്തെ രക്ഷിക്കൂ!
കൊല്ലംജില്ലാ സ്വതന്ത്രമത്സ്യത്തൊഴിലാളി യൂണിയൻ സിന്ദാബാദ്!


അമ്മ വന്നല്ലോ അമ്മ വന്നല്ലോ
നമ്മുടെ സമരസേനാനി
സിസ്റ്റർ ഫിലമിൻ
മേരിയോടൊപ്പം
ഒരു ദിവസം
ഗ്രന്ഥപ്രകാശനം
12 12 2021
THE SEA CALLS...
ആശാൻ സ്മാരകവേദി, കായിക്കര, അഞ്ചുതെങ്ങ്


Priest launches fast
Mass dharna by fishermen
Fishermen's agitation called off
Indian Express
Fr Kaleekal continues fast in hospital
Priest launches fast
Priest on fast arrested
Priest on fast arrested


മുഖ്യമന്ത്രി കഴിഞ്ഞ മൂന്നുവർഷം
മത്സ്യ തൊഴിലാളികൾക്ക് നൽകിയ
നിറവേറാത്ത വാഗ്ദാനങ്ങൾ
ഇങ്ങനെ നിരവധി വാഗ്ദാനങ്ങളാണ് കഴിഞ്ഞ മൂന്നു വർഷങ്ങളായി മുഖ്യമന്ത്രി പരസ്യമായി
മത്സ്യത്തൊഴിലാളികൾക്ക വേണ്ടി പ്രഖ്യാപിച്ചിട്ടുള്ളത്



# പ്രവേശകം

ദേവപ്രസാദ് ജോൺ

പേരാട്ടചരിത്രം പറയുന്ന പുസ്തകങ്ങൾ ധാരാളമുണ്ട്. അക്കൂട്ടത്തിൽ പുതുമയുള്ള ഉള്ളടക്കവും ആഖ്യാനശൈലിയും അനുഭവ സാക്ഷ്യവുമായി ഇതാ ഒരു പുതിയ പുസ്തകം ഉയിർപ്പിന്റെ രാഷ്ട്രീയം. വെറുമൊരു പുസ്തകമല്ല, ജീവൻ തുടിക്കുന്ന ഒരു മഹാകാവ്യം. തൊഴിലാളി സമരങ്ങൾക്ക് അർത്ഥവും വ്യാപ്തിയും ആഴവും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിൽ ഈ പുസ്തകം പുതിയൊരു വായനാനുഭവം പകരുമെന്നുറപ്പാണ്.

കേരളത്തിലെ മത്സ്യത്തൊഴിലാളികളുടെ അരനൂറ്റാണ്ടുകാലത്തെ സഹന സമരങ്ങളുടെ നേർച്ചിത്രമാണ് ഓരോ പേജിലും കാണുന്നത്. 1970 കളുടെ ആരംഭത്തിൽ തിരുവനന്തപുരം ജില്ലയിലെ അഞ്ചുതെങ്ങ് പൂത്തുറ കടപ്പുറത്ത് ആരംഭിച്ച ഒരു നിശബ്ദവിപ്ലവം കേരളതീരമെമ്പാടും വളരെവേഗം തിളച്ചുമറിഞ്ഞു. ആ വിപ്ലവത്തിന് നേതൃത്വം നൽകിയതാകട്ടെ ഏതാനും കത്തോലിക്കാ സന്യാസ വൈദികരും കന്യാസ്ത്രീമാരും. ഫാദർ തോമസ് കോച്ചേരി, സിസ്റ്റർ ഫിലമിൻ മേരി എന്നീ പേരുകൾ കേരളത്തിൽ നടന്നിട്ടുള്ള തൊഴിലാളി സമരങ്ങളുടെ ചരിത്രത്തിൽ മായാത്ത മുദ്രപതിപ്പിച്ച സമരനേതൃത്വങ്ങളുടെ ഗണത്തിൽ എഴുതിചേർക്കപ്പെട്ടു.

ജാതി-മത-വർഗ്ഗ-രാഷ്ട്രീയ-ദേശ-ഭാഷാവ്യത്യാസമില്ലാതെ മത്സ്യത്തൊഴിലാളിസമരം വളരെ വേഗം ആളിക്കത്തി. താമസിയാതെ ഇന്ത്യയുടെ എല്ലാ കടൽത്തീരങ്ങളിലേക്കും സമരം വളർന്നു. കടൽ കടന്ന് മറ്റ് ലോകരാജ്യങ്ങളിലെ മത്സ്യത്തൊഴിലാളികളിലേക്കും സമരം വ്യാപിച്ചു. ലോക മൽസ്യത്തൊഴിലാളിഫോറം എന്ന പ്രസ്ഥാനം (World Forum of Fisherpeople) ശക്തിപ്രാപിച്ചതും കേരളത്തിൽ ആരംഭിച്ച ഈ സമരത്തിന്റെ പശ്ചാത്തലത്തിലാണ് എന്നത് ശ്രദ്ധേയമാണ്.

കേരളത്തിൽ ആരംഭിച്ച മത്സ്യത്തൊഴിലാളി സമരത്തിന്റെ വേറിട്ട സവിശേഷതകൾ എന്തൊക്കെ...? ഈ ചോദ്യം പ്രസക്തമാണ്.

ഒന്ന്: ഈ സമരത്തിന് ആരംഭം കുറിച്ചതും നേതൃത്വം നൽകിയതും മത്സ്യമേഖലയുമായി നേരിട്ടു ബന്ധമില്ലാത്ത മനുഷ്യസ്നേഹികളായ കുറച്ച് കത്തോലിക്കാ ക്രിസ്ത്യൻ സന്യസ്തർ (വൈദികരും കന്യാസ്ത്രീമാരും).

രണ്ട്: ഏറ്റവും കഠിനമായൊരു തൊഴിലും ഏറ്റവും ദൈന്യതയാർന്ന ജീവിത സാഹചര്യങ്ങളുമാണ് പരമ്പരാഗത മത്സ്യത്തൊഴിലാളികളുടേത് എന്ന തിരിച്ചറിവിൽനിന്നാണ് സമരത്തിന്റെ തുടക്കം.

മൂന്ന്: വ്യവസ്ഥാപിതമായ മതസ്ഥാപനങ്ങളും (പ്രത്യേകിച്ചും ക്രിസ്ത്യൻ) രാഷ്ട്രീയ പാർട്ടികളും ജനാധിപത്യ ഭരണകൂടങ്ങളും പാടെ അവഗണിച്ച ഒരു തൊഴിലാളി വിഭാഗത്തിന്റെ പ്രശ്നങ്ങളാണ് സന്യസ്തർ ഏറ്റെടുത്തത്.

നാല്: ജാതി-മത-രാഷ്ട്രീയ വ്യത്യാസങ്ങളില്ലാതെ തൊഴിലാളികളുടെ പ്രശ്നങ്ങൾ മനസ്സിലാക്കാനും പരിഹാരം കാണാനും മേല്പറഞ്ഞ സന്യസ്തർക്കുണ്ടായ തുറന്ന മനസ്സും കാര്യശേഷിയും ആത്മാർത്ഥ സമീപനവും സമർപ്പണവും.

അഞ്ച്: അന്തർദേശീയതലത്തിൽ ആരോഗ്യരംഗത്ത് പ്രശസ്തരായ മെഡിക്കൽ മിഷൻ കന്യാസ്ത്രീമാരുടെ (MMS) സാന്നിധ്യവും നേരിട്ടുള്ള ഇടപെടലും. അവരെ പിന്തുടർന്ന് മറ്റ് അനേകം സന്യാസ സഭകളിലെ കന്യാസ്ത്രീമാരും പിൽക്കാലത്ത് സമരത്തിന്റെ ഭാഗമായി.

ആറ്: ദരിദ്രരോടുള്ള പക്ഷം ചേരൽ (Option for the Poor) എന്ന ആശയം യാഥാർത്ഥ്യമായി കണ്ടപ്പോൾ മത്സ്യത്തൊഴിലാളികൾക്കുണ്ടായ സന്തോഷം.

ഏഴ്: വിട്ടുവീഴ്ചയില്ലാത്ത, സത്യസന്ധമായ സമര നിലപാടുകൾ, ജീവൻ ത്യജിക്കാൻ തയ്യാറായ നേതൃനിര - ജനകീയ സമരത്തിന്റെയും നിരാഹാര സമര രൂപത്തിന്റെയും തിളക്കമാർന്ന മാതൃകകൾ.

എട്ട്: മതപരമായ യാന്ത്രികമായ ആചാര അനുഷ്ഠാനങ്ങൾക്കും ബലിയർപ്പണങ്ങൾക്കും നേർച്ച കാഴ്ചകൾക്കും വഴിപാടുകൾക്കും ആഘോഷങ്ങൾക്കും അപ്പുറം മനുഷ്യജീവിതത്തെ സംരക്ഷിക്കുന്നതും താങ്ങിനിറുത്തുന്നതും സഹനങ്ങളിൽ പുഷ്പിക്കുന്നതുമായ ഒരു ആദ്ധ്യാത്മികതയുടെ പ്രായോഗികരൂപം.

ഒൻപത്: സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷൻ എന്ന പേര് സർവ മനുഷ്യർക്കും സ്വീകാര്യമായി. പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ആ നാമം ഏറ്റെടുത്തു. ജനസഹസ്രങ്ങൾ സമരത്തിന്റെ ഭാഗമായി.

പത്ത്: മതപരവും രാഷ്ട്രീയവുമായ അധികാരസ്ഥാനങ്ങൾക്കുണ്ടായ ഇളക്കം. സമരം സൃഷ്ടിച്ച പ്രകമ്പനം.

അമ്പതാണ്ട് നീണ്ട സമരംകൊണ്ട് എന്ത്നേടി എന്ന ചോദ്യം ഇന്നും അവശേഷിക്കുന്നു. പ്രസക്തവുമാണ്. മൺസൂൺകാല ട്രോളിങ് നിരോധനം, മത്സ്യസമ്പത്തു സംരക്ഷിക്കാനുള്ള ശാസ്ത്രീയ പ്രവർത്തനങ്ങൾ, പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ഫൈബർബോട്ടുകൾ ഉപയോഗിച്ചു തുടങ്ങിയത്, മത്സ്യത്തൊഴിലാളി സ്ത്രീകൾക്കുള്ള യാത്രാ സൗകര്യങ്ങൾ, മത്സ്യവിപണന നവീന സൗകര്യങ്ങൾ, ആരോഗ്യ-വിദ്യാഭ്യാസ വിപുലീകരണ പ്രവർത്തനങ്ങൾ, മത്സ്യഫെഡ് തുടങ്ങിയ സർക്കാർ അംഗീകൃത സംവിധാനങ്ങളുടെ ആവിർഭാവം, ഫിഷറീസ് വകുപ്പിന്റെ പുനഃസംഘാടനം, ഫിഷറീസ് മേഖലയിൽ ആരംഭിച്ച ഗവേഷണ സംരംഭങ്ങൾ, തീരം സംരക്ഷിക്കാനുള്ള പദ്ധതികൾ, വിവിധ മത്സ്യത്തൊഴിലാളി ക്ഷേമ പദ്ധതികളുടെയും വികസന പദ്ധതികളുടെയും

തുടക്കം എന്നിവയെല്ലാം പ്രത്യക്ഷമായോ പരോക്ഷമായോ കേരള സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷന്റെ (KSMTF) സംഭാവനകളായി വിലയിരുത്താം.

അരനൂറ്റാണ്ടു കടന്നുപോയി. കടലും കടൽത്തീരവും പരമ്പരാഗത മത്സ്യത്തൊഴിലാളികളിൽ നിന്നും പൂർണമായും അന്യപ്പെട്ടു കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് ഉയിർപ്പിന്റെ രാഷ്ട്രീയം പ്രസിദ്ധീകരിക്കപ്പെടുന്നത് എന്നതാണ് പ്രസക്തമായ കാര്യം. ആഴക്കടൽ മത്സ്യബന്ധനം പൂർണമായും യന്ത്രവൽക്കരിക്കപ്പെടുകയും അന്തർദേശീയ വ്യാപാര വ്യവസായ ശൃംഖല മത്സ്യമേഖലയിൽ പിടിമുറുക്കുകയും ചെയ്തുകഴിഞ്ഞു. അവർ നമ്മുടെ കടൽത്തീരങ്ങളിലും എത്തിക്കഴിഞ്ഞു. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം പ്രവർത്തന സജ്ജമായിക്കഴിഞ്ഞു. വാണിജ്യ തുറമുഖ നിർമ്മാണത്തിന്റെ പരിണിത ഫലങ്ങളായ കടൽകയറ്റവും തീരശോഷണവും ജനവാസ മേഖലകളെ അനുദിനം തകർത്തു തരിപ്പണമാക്കുന്നു. ഓഖി തുടങ്ങിയ പ്രകൃതിക്ഷോഭങ്ങൾ ഏൽപ്പിച്ച ആഘാതങ്ങളിൽനിന്നും പൂർണമായും മുക്തരായിട്ടുമില്ല.

വിഴിഞ്ഞം തുറമുഖ വിരുദ്ധ സമരസംഘാടനത്തിൽ സംഭവിച്ച ചില പിഴവുകൾ കൂനിന്മേൽ കുരുവായി. അതിജീവനത്തിനുവേണ്ടി മത്സ്യത്തൊഴിലാളികൾ നടത്തുന്ന സമരം കൂടുതൽ കൂടുതൽ സങ്കീർണമാവുകയാണ്. മത്സ്യത്തൊഴി ലാളികളുടെ പുനരധിവാസം എത്രത്തോളം ആത്മാർത്ഥമായി ജനകീയ സർക്കാരുകളുടെ മുൻഗണനയായി മാറുന്നു എന്ന കാര്യത്തിലും സംശയമുണ്ട്.

കാര്യമായ മുൻമാതൃകകളില്ലാതെ സ്വതസിദ്ധമായ ശൈലിയിൽ ആരംഭിച്ച് നൈസർഗികമായി വളർന്നു വികാസം പ്രാപിച്ചു വിജയിച്ച ഒരു സമര കഥയാണ് ഉയിർപ്പിന്റെ രാഷ്ട്രീയം അവതരിപ്പിക്കുന്നത്. സ്വതന്ത്ര മത്സ്യ ത്തൊഴിലാളി ഫെഡറേഷൻ പ്രശ്നങ്ങളെ വിശകലനം ചെയ്ത രീതികളും സമരത്തിൽ അവലംബിച്ച തന്ത്രങ്ങളും പ്രതികൂല ഘടകങ്ങളെ മറികടക്കാൻ ഉപയോഗിച്ച പ്രായോഗിക മാർഗ്ഗങ്ങളും അവർ അനുഭവിച്ച ത്യാഗങ്ങളും ഇന്നും പ്രസക്തമാണ്. ഇന്നത്തെ സങ്കീർണ്ണ സാഹചര്യ ങ്ങളിൽ മുന്നേറുന്നതിന് ഒരു വഴികാട്ടിയായി മാറാൻ ഉയിർപ്പിന്റെ രാഷ്ട്രീയത്തിന് കഴിയുമെന്നാണ് പ്രത്യാശ. സമരനായകൻ ടോം കോച്ചേരിയുടെ പത്താം ചരമവാർഷികമാണ് ഈ ഗ്രന്ഥപ്രകാശന ത്തിന്റെ പശ്ചാത്തലം.

അന്ത്യനാളുകളിൽ ശരശയ്യയിൽ കിടന്ന ടോമിന്റെ സ്വതസിദ്ധമായ ഒരു പ്രയോഗമാണ് ഈ പുസ്തകത്തിന്റെ ടൈറ്റിൽ, ഉയിർപ്പിന്റെ രാഷ്ട്രീയം. സന്യസ്ത വൈദികർക്കും കന്യാസ്ത്രിമാർക്കും പിന്നാലെ കൊല്ലം, തിരുവനന്തപുരം, ആലപ്പുഴ, കോഴിക്കോട് ലത്തീൻ കത്തോലിക്കാ രൂപത കളിലെ ചുരുക്കം ചില വൈദികരും കന്യാസ്ത്രീമാരും ഭൂരിപക്ഷം മത്സ്യത്തൊഴിലാളികളും സമരത്തിൽ അണിചേർന്നു. താമസിയാതെ ജാതി–മത കക്ഷി–രാഷ്ട്രീയ വ്യത്യാസമില്ലാതെ മത്സ്യത്തൊഴിലാളികൾ ഒരു മനസ്സും ഒരു ഹൃദയവുമായി അണിചേർന്നാണ് സമരം വിജയിപ്പിച്ചത്.

സമരത്തിന്റെ തുടക്കം മുതൽ ടോമിനോടൊപ്പം ഈ സമരത്തിന്റെ ജീവാംശമായി മാറിയ കൊല്ലം രൂപത വൈദികനായ ഫാദർ ജോസ് ജെ. കളിക്കലാണ് ഈ ഗ്രന്ഥത്തിന്റെ ശില്പി. സമരത്തിന്റെ സ്വർണ്ണനൂൽ (Golden Thread) എന്നും അദ്ദേഹത്തിന്റെ കരങ്ങളിൽ ഭദ്രമായിരുന്നു. സമരത്തിന്റെ ആദ്ധ്യാത്മികതയും (Spirituality) രീതിശാസ്ത്രവും (Methodology) അദ്ദേഹത്തിന്റേതായിരുന്നു. തന്ത്രങ്ങൾ (Strategies) ടോമിന്റേതും. കഴിഞ്ഞ അരനൂറ്റാണ്ടു കാലം സമരത്തെ നയിച്ചവരും ചേർത്തു പിടിച്ചവരും ജീവൻ കൊടുത്തുനിന്നവരും ആരൊക്കെയാണന്ന് ഓരോ വ്യക്തിയെയും സംഭവത്തെയും സന്ദർഭത്തെയും ജോസ് കളീക്കൽ ഈ ജീവിത സായാഹനത്തിലും കൃത്യമായി ഓർത്തുവച്ച് രേഖപ്പെടുത്തിയിരിക്കുന്നു എന്നതാണ് ഈ ഗ്രന്ഥത്തിന്റെ മഹത്വം. സമരസഹയത്രികരിൽ ചിലർക്കൊക്കെ മാർഗഭ്രംശം സംഭവിച്ചപ്പോഴും ജോസ് കളീക്കൽ തനിമയോടെ വാർദ്ധക്യത്തിലും നിലനിൽക്കുന്നു എന്ന് ഈ ഗ്രന്ഥം സാക്ഷ്യപ്പെടുത്തുന്നു.

ഈ ഗ്രന്ഥം മലയാള ഭാഷയിലെ ഈടുറ്റ ഒരു ഗ്രന്ഥമാണ്. കാരണം ഇത് ഒരേസമയം ആത്മാവിഷ്കാരവും ചരിത്രാവിഷ്കാരവും സഹയാത്രികരോടുള്ള കൃതജ്ഞതാ സമർപ്പണവും ചരിത്രരേഖകളുടെ സംരക്ഷണവും വരുംതലമുറകൾക്ക് വേണ്ടിയുള്ള കരുതലുമാണ്. അസാമാന്യമായ കരുതൽ ഗ്രന്ഥകാരന് ഉണ്ടായിരുന്നു എന്ന് വായനക്കാർക്ക് ബോധ്യപ്പെടും. ഓരോ കാലഘട്ടത്തിലും സൂക്ഷിച്ചുവയ്ക്കേണ്ടവ അദ്ദേഹം സൂക്ഷിച്ചുവച്ചിരുന്നു. താൻ സ്നേഹിച്ച പ്രസ്ഥാനത്തേയും സഹയാത്രികരെയും എത്ര തനിമയോടെ, സത്യസന്ധതയോടെ ജോസ് കളീക്കൽ നയിച്ചു എന്നും ഈ ഗ്രന്ഥം വെളിപ്പെടുത്തുന്നു. ഗ്രന്ഥത്തിന്റെ ഒന്നാംഭാഗം പല കാലഘട്ടങ്ങളിൽ ജോസ് കളീക്കൽ എഴുതിയ വിലപ്പെട്ട ലേഖനങ്ങളും സഹയാത്രികരെക്കുറിച്ചുള്ള ഓർമ്മകളും സമര ചരിത്ര വിവരണങ്ങളുമാണ്. രണ്ടാം ഭാഗം സമര സഹയാത്രികരുടെ ഹൃദയ സ്പർശിയായ എഴുത്തുകൾ. എല്ലാം അത്യന്തം വിജ്ഞാനപ്രദമായവ.

സമരം, പോരാട്ടം എന്നിവ വിജയിക്കുന്നത് പോരാളികൾ സ്വയം സമർപ്പിക്കുമ്പോഴാണ്. അവിടെ കണ്ണീരും നിലവിളിയും ആരാധനയും പ്രാർത്ഥനയും മുദ്രാവാക്യം വിളിയും പാട്ടും നൃത്തവും ചിത്രമെഴുത്തും എല്ലാമുണ്ടാവും. മത്സ്യത്തൊഴിലാളി സമരത്തിന്റെ എല്ലാ അംശങ്ങളും ഈ കൃതിയിൽ മൂന്നും നാലും അഞ്ചും ഭാഗങ്ങളിൽ ചേർത്തിരിക്കുന്നു. ഇന്ന് സർഗാത്മക പോരാട്ടങ്ങളിൽ ഏർപ്പെടുന്ന എല്ലാ മനുഷ്യർക്കും ഈ കൃതി ശക്തി പകരും. ജോസ് കളീക്കലിന്റെ കുട്ടനാടൻ ഭാഷയും ശൈലിയും വായനക്കാർക്ക് ഉറപ്പായും ഇഷ്ടമാവും എന്നാണ് എന്റെ പ്രതീക്ഷ.

മധുരം വിളമ്പുക എന്നതിന് ഹൃദയം വിളമ്പുക എന്നൊരു അർത്ഥം കൂടിയുണ്ട്. മത്സ്യത്തൊഴിലാളികളുടെ കഷ്ടപ്പാടിന്റെയും കണ്ണുനീരിന്റെയും പോരാട്ടവഴിയിൽ നിന്നുകൊണ്ട് ജോസ് ജെ. കളീക്കൽ തന്റെ ഹൃദയം വിളമ്പുകയാണ്. മലയാള ഭാഷയിൽ പോരാട്ട സാഹിത്യത്തിന് മുതൽക്കൂട്ടായ ഈ ഗ്രന്ഥം സഹൃദയ സമക്ഷം സാദരം സമർപ്പിക്കുന്നു.

# ഉള്ളടക്കം


ആമുഖം 15

**ഭാഗം 1** 17

**അരികുപുറങ്ങളിലൂടെ നടന്നു നടന്ന്** 19

1.1. തിരസ്കൃതരുടെ സുവിശേഷം 33
1.2 കടലിന്റെ മക്കളുടെ ജീവനവും അതിജീവനവും 42
1.3 വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖവും അടിസ്ഥാന വർഗ്ഗത്തിന്റെ നിലവിളിയും രാഷ്ട്രീയക്കാരുടെ കിരാതത്വവും 45
1.4 ഫാദർ തോമസ് കൊച്ചേരി എന്ന ടോം 49
1.5 KSMTF ഫെഡറേഷനിലെ പെൺസാന്നിധ്യം 59
1.6 ജോയിച്ചൻ ആന്റണി എന്ന സമരപ്രതിഭാസം 61
1.7 ജസ്യൂട്ട് പാതിരിമാർ 64
1.8 ആൻഡ്രൂസ് ചേട്ടൻ കഥ എഴുതുകയാണ് പീറ്റർ ചേട്ടൻ കവിതയും 70
1.9 കടലിനു തീ പിടിച്ചപ്പോൾ 74
1.10 സമകാലിക പ്രതിരോധ പ്രസ്ഥാനങ്ങളും വെല്ലുവിളികളും 79
1.11 ഉയിർപ്പിന്റെ രാഷ്ട്രീയം 83
1.12 വേളിയിൽ നിന്നും റ്റി. പീറ്റർ 85
1.13 ജനകീയ പ്രസ്ഥാനങ്ങൾ ആധുനിക ഇന്ത്യയുടെ സൃഷ്ടികൾ 89
1.14 ജലം – ജീവൻ–പിന്നെ കുറേ മനുഷ്യരും 95
1.15 വിമോചന ദൈവശാസ്ത്രം ഭാരതത്തിൽ 102
1.16 ജലവും മത്സ്യവും സംരക്ഷിക്കാൻ 106
1.17 ജോയിച്ചൻ ആന്റണി അനുസ്മരണം 111
1.18 ഹേ മർത്ത്യാ, നീ എന്റെ ദുഃഖമായ് 120
1.19 മീൻ വല്ലതും കിട്ടിയോ കുഞ്ഞുങ്ങളേ...? 125
1.20 ഞങ്ങൾ ഒരു വ്യൂഹമാണ്. 129
1.21 ഓർമ്മകൾക്കെന്തു മധുരം (പട്രീഷ്യ കുരുവിനാക്കുന്നേൽ) 133

**ഭാഗം 2**

**കടലിനും കടൽത്തീരത്തിനും വേണ്ടി**

(സമര സഹയാത്രികരുടെ കുറിപ്പുകൾ)

2.1 ഫാദർ ടോമിന്റെ ഹൃദയവിശാലത (സിസ്റ്റർ തെറമ്മ പ്രായിക്കളം) 134
2.2 സ്നേഹ ഓർമ്മയിൽ എന്റെ അപ്പൻ (സെലിൻ കടൽമുത്ത്) 138
2.3 ഡോമിനിക് ജോർജ് അച്ചന്റെ ഓർമ്മകളിലൂടെ (സിസ്റ്റർ ആലീസ് ലൂക്കോസ്) 139
2.4 കടലിനോട് ഒരു പുതുബന്ധുത യേശുവിന്റെ വഴിയേ (ജോൺ കുര്യൻ) 143
2.5 ഉത്ഥാനം ഇന്നും ഇവിടെ തുടരുന്നു (സിസ്റ്റർ മേഴ്സി കൂട്ടിയാനി) 149
2.6 കടലിന്റെ മക്കൾ (എൻ.കെ. ജോസ്) 151
2.7 ജോയിച്ചൻ ആന്റണിയുടെ ഓർമ്മകളിലൂടെ (സിസ്റ്റർ തെറമ്മ പ്രായിക്കളം) 159
2.8 മീൻ പിടിത്തക്കാരന് സ്വാതന്ത്ര്യം അകലെ (ഏ. ആൻഡ്രൂസ് കൊല്ലം) 164
2.9 റബേക്കയെ ഓർമ്മിച്ചുകൊണ്ട് (കുര്യൻ കട്ടിക്കാരൻ) 166

**ഭാഗം 3** 169
**സമര കവിതകൾ**

3.1 ഹേ, മർത്യാ... (ഒ.എൻ.വി.) 170
3.2 ഞങ്ങൾ ശാസ്ത്രജ്ഞരാണ് (ഈ.ജി. പീറ്റർ) 172
3.3 മോഹന സുന്ദര വാഗ്ദാനങ്ങൾ (ഈ.ജി. പിറ്റർ) 173
3.4 അമ്മ (ഈ.ജി. പീറ്റർ) 174
3.5 കാത്തിരിക്കുന്നു ഞങ്ങൾ (ഈ.ജി. പീറ്റർ) 175
3.6 ജോയിച്ചൻ മരിച്ചിട്ടില്ല (സിസ്റ്റർ മേഴ്സി കൂട്ടിയാനി) 176

**ഭാഗം 4** 177
**ജനകീയാരാധന**

4.1 അമ്മ വന്നല്ലോ നമ്മുടെ സമരസേനാനി സിസ്റ്റർ ഫിലമിൻ മേരി (12.12.2021) 179
4.2 ജോയിച്ചൻ ആന്റണി വേർപാടിന്റെ 25-ാം വർഷം (15.05.2015) 184

**ഭാഗം 5**
**അനുബന്ധം - അപൂർവ രേഖകൾ** 189

5.1 പ്രതിജ്ഞ (05-06-2022) 190
5.2 നിയോഗി മരിക്കില്ല ഛത്തീസ്ഗഡിലെ അത്യുഗ്രപോരാട്ടം (ഫാദർ തോമസ് കോച്ചേരി) ഓറയിൽനിന്ന് 191
5.3 ഒരു കത്ത് (13-05-2014) (ദേവപ്രസാദ് ജോൺ) 192
5.4 ഒരു തുറന്ന കത്ത് (ജോസ് ജെ. കളീക്കൽ) 193
5.5 മുഖപ്രസംഗത്തിന് മുഖവുര (ഈനാട് 16-05-1982) 195
5.6 ഈനാട് പത്രത്തിന്റെ മുഖപ്രസംഗം (16-05-1982) 198
5.7 കാലാവസ്ഥാ വ്യതിയാനവും കേരള തീരദേശവും - ഒരു പരമ്പരാഗതന്റെ ദുഃഖം 200
5.8 ബഹു. കേരള മുഖ്യമന്ത്രിക്ക് കൊല്ലം കത്തോലിക്കാ രൂപത സമർപ്പിച്ച നിവേദനം (03-11-1991) 201
5.9 സഹകാരികളാൽ ആക്രമിക്കപ്പെടുന്നു - സുനാമി വിദേശഫണ്ടുകൾ എ.ജി. ഓഡിറ്റ് ചെയ്യണം (എം. ഗീതാനന്ദൻ, എം.എൻ. ഹരി) 202
5.10 മത്സ്യമേഖലയിൽ സെമിനാറുകൾ - സഹകരിക്കാൻ ജനകീയ സംഘങ്ങൾ 203
5.11 ഉൾനാടൻ മത്സ്യതൊഴിലാളികൾ സമരത്തിലേക്ക് 204
5.12 പള്ളിയുടെ ട്രോളിങ് നിരോധന വിരുദ്ധ സമരം (ബാബു) 205
5.13 ഫാദർ തോമസ് കോച്ചേരിയുടെ ട്രാൻസ്ഫർ റദ്ദാക്കുക. (പത്രക്കുറിപ്പ് 14-08-1983) 206
5.14 ഫാദർ തോമസ് കോച്ചേരി (മത്സ്യതൊഴിലാളി യൂണിയൻ കേന്ദ്രസമിതി അംഗം) നൽകുന്ന പ്രസ്താവന (06-05-1982) 208
5.15 കേരള സ്വതന്ത്ര മത്സ്യതൊഴിലാളി ഫെഡറേഷൻ പുറപ്പെടുവിക്കുന്ന പ്രസ്താവന (23-06-1983) 212
5.16 Fr. Thomas Kocherry's Transfer Order 217

# ആമുഖം



സഹകാരികൾക്ക്, സ്നേഹിതർക്ക്

ഇത് ഫാ. തോമസ് കോച്ചേരിയുടെ പത്താം ചരമവാർഷിക സന്ദർഭം. 2024 മെയ് 03.

കഴിഞ്ഞ വർഷം ടോമിനെ അനുസ്മരിച്ച് മുട്ടട പള്ളി സെമിത്തേരിയിൽ കൂടിവന്ന നേരം ഞാൻ പറഞ്ഞിരുന്നു ടോമിന്റെ പ്രഖ്യാതമായ പ്രസ്താവന “The Politics of Resurrection” അടിസ്ഥാനപ്പെടുത്തി കേരള സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷന്റെ നാല്പത്തിയഞ്ചു വർഷങ്ങളിലേറെയുള്ള വർഷങ്ങളിലെ സമരനീക്കങ്ങളിലെ സഹകാരികളെ സ്മരിച്ചെടുത്ത് മലയാളത്തിൽ ഒരു ഗ്രന്ഥം രചിക്കാമെന്ന്. വാക്ക് പാലിക്കുന്നു “ഉയിർപ്പിന്റെ രാഷ്ട്രീയം” പ്രസിദ്ധീകരിക്കുന്നു.

സമഗ്രമായ ജീവചരിത്രക്കുറിപ്പുകളോ സമരപ്രവർത്തനങ്ങളുടെ കാലക്രമം അനുസരിച്ചുള്ള ദിനക്കുറിപ്പുകളോ അപഗ്രഥന പഠനങ്ങളോ ഒന്നും അല്ല ഓർമ്മിച്ചെടുക്കലുകൾ മാത്രം. കോച്ചേരി ഒരാളിനെക്കുറിച്ചു മാത്രമല്ല, അദ്ദേഹത്തോടൊപ്പം കർമ്മഭൂമിയിൽ അണിനിരന്ന സമാദരണീയരായ മറ്റു കുറെ പോരാളികളെയും ഓർമ്മിച്ചെടുക്കൽ. ലിസ്റ്റ് പൂർണ്ണമല്ല.

പല സന്ദർഭങ്ങളിലായി പലയാളുകൾ എഴുതിയിട്ടുള്ളവയും ഇവിടെ സമാഹരിച്ചിരിക്കുകയാണ്. ലേഖകരുടെ പേരുവയ്ക്കാതെ വന്നിട്ടു ള്ളതുകൾ എല്ലാം എന്റെ കൈക്കുറ്റപ്പാടുകളാണ്. അപൂർണ്ണതകൾ ഏറെയുള്ള ഈ സംരംഭം കോച്ചേരിയച്ചനോടും ഇതര സഹകാരികളോ ടുമുള്ള സ്നേഹം നിമിത്തം സ്വീകാര്യം ആവുമെന്ന് കരുതുന്നു.

ഒരു നന്ദിവാക്ക് മാത്രം. സഹകരിച്ച എല്ലാവരോടും. ഒരുപേരുമാത്രം എടുത്തുപറയാതെവയ്യ. Fr. Dr. K.M. George. കവർചിത്രം അദ്ദേഹ ത്തിന്റേത് “The Fish Body”. അതോടൊപ്പം അദ്ദേഹം വരച്ച മത്സ്യം വിഷയമായ കുറെ ചിത്രങ്ങളും ഈ പുസ്തകത്തിൽ ചേർക്കാൻ അദ്ദേഹം ഏല്പിച്ചുതന്നു. “സമരമുഖത്ത് എത്താതിരുന്ന എന്റെ നിങ്ങളോടുള്ള ദാർഢ്യം ഇതാവട്ടെ” എന്നു പറഞ്ഞുകൊണ്ട്. ഒരു കൂട്ടമായി ഒരൊറ്റ മത്സ്യമായി വായുവിലേക്കും വെളിച്ചത്തിലേക്കും നീങ്ങുന്ന

ആ ഒരൊറ്റ മത്സ്യം നമ്മുടെ സമരമുന്നേറ്റങ്ങളുടെ ആകമാന ചിത്രം ആയി ഞാൻ കണ്ടു. കോച്ചേരിയോ ഫിലമിൻ മേരിയോ ജോയിച്ചൻ ആന്റണിയോ ആൻഡ്രൂസ് ചേട്ടനോ ഒക്കെ രംഗത്തു മുൻപിൽ നിൽക്കുമ്പോഴും അവരാരും ഒറ്റയ്ക്കല്ല. നമ്മൾ ഒക്കെ ഒരേ താളത്തിൽ ഒരുമിച്ചങ്ങനെ ഒരു ഒറ്റവ്യൂഹമായി വായുവിലേക്കും വെളിച്ചത്തിലേക്കും ജീവനിലേക്കും നീങ്ങുന്നു എന്ന ഭാവനയാണ് ഞാൻ കാണുക. ജോർജ്ജച്ചൻ ഈ ചിത്രം വരച്ചത് “Covid 19” ന്റെ പശ്ചാത്തലത്തിൽ ദില്ലിയിലെ ആസ്പത്രികളിൽ വെന്റിലേറ്ററിനും ഓക്സിജൻ സിലിണ്ടറിനും വേണ്ടിയുള്ള നെട്ടോട്ടം കണ്ടുനിന്നിടത്താണ്. ജനം ഒരു കൂട്ടമായി, ഒരൊറ്റ പീഢിതസമൂഹമായി വായുവിനും വെളിച്ചത്തിനും വേണ്ടി നടത്തിയ നെട്ടോട്ടം. അതൊരു ലോകത്താകമാന അനുഭവവും ആയിരുന്നല്ലോ. അതിജീവനത്തിനായി നമ്മൾ മത്സ്യത്തൊഴി ലാളികൾ നടത്തുന്ന അതിജീവനസമരങ്ങളുടെ എല്ലാ വൈകാരികതയും ചിത്രീകരിക്കുന്നുണ്ട് അത്. പിന്നെയും ഉണ്ട് വ്യംഗ്യങ്ങൾ അദ്ദേഹത്തിന്റെ രചനകളിൽ. അതിലൊന്ന് കേരളത്തിലെ മഹാപ്രളയത്തിൽ രക്ഷകരായി വന്ന മത്സ്യത്തൊഴിലാളികളിൽ ഒരാൾ കരയിൽ നിന്ന് വെള്ളത്തിലും വള്ളത്തിലും പാലമായി കിടന്ന് ഒരു അമ്മയെ വള്ളത്തിൽ കയറ്റിയ സംഭവം. വേറൊന്നുകൂടി ശ്രദ്ധിക്കണം. മീനുകളുടെ കണ്ണുകൾ അദ്ദേഹ ത്തിന്റെ ചിത്രങ്ങളിൽ നിരവധിയായുണ്ട്. എല്ലാ നേരവും തുറന്നിരിക്കുന്ന കണ്ണിന്റെ ഉടമസ്ഥത മീനിനുമാത്രം അവകാശപ്പെട്ടതാണ് എന്നുണ്ടോ? ഏതായാലും മത്സ്യത്തൊഴിലാളി അവന്റെ അമ്മയായ കടലിനും കടൽ തുള്ളിക്കളിക്കുന്ന കടലോരത്തിനും അവിടെ ഓരം ചേർന്ന് കുടിലുകെട്ടി ജീവനം നടത്തുന്ന നമ്മുടെയൊക്കെ അതിജീവനത്തിനും വേണ്ടി നിരന്തരം കണ്ണുതുറന്നു പിടിച്ചു ജീവിക്കണം. ഉത്തിഷ്ഠത ജാഗ്രത കെ.എം. ജോർജ്ജച്ചന് സ്നേഹം.


ആകാശത്തിലെ നക്ഷത്രങ്ങൾ പോലെ എണ്ണിയാൽ തീരാത്ത മക്കളുള്ള ഒരമ്മയാണ് കടൽ. ആ അമ്മയോട് അവളുടെ ദത്തുപുത്രനായ കോച്ചേരി യെപ്പറ്റി ചോദിച്ചുനോക്കൂ. ഉടനുത്തരം കിട്ടും. “ഇവനെന്റെ പ്രിയപുത്രൻ. ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു.”


സ്നേഹം


ജോസ് ജെ. കളീക്കൽ
ആഡസ് വീട്, കലയപുരം – 691560


# ഭാഗം 1

## അരികുപുറങ്ങളിലൂടെ നടന്നു നടന്ന്...


FAITH IN
Jesus
A Passionate Call for Liberation
Fr. Thomas Kocherry


THE SEA CALLS...
Jose J. Kaleekel


സി. മേഴ്സി കുട്ടിയാനി
സഹനവും സ്നേഹവും
രാജമ്മ ജോസഫ് കിഴക്കേക്കര


കടൽ മുത്ത്
ഒരു മത്സ്യത്തൊഴിലാളിയുടെ കടലനുഭവങ്ങൾ
എ. ആൻഡ്രൂസ്

# 1.1 തിരസ്കൃതരുടെ സുവിശേഷം



ഞാൻ ഇതെഴുതി തുടങ്ങുന്നത് കോച്ചേരി യച്ചന്റെ പിറന്നാൾ ദിവസം. 10/05/1940-ൽ തുടക്കമിട്ട ജീവിതം ഇന്ന് മുട്ടടയിലെ പള്ളി സെമിത്തേരിയിലെ മൺ കൂടാരത്തിൽ പ്രകൃതിയുടെ ആലിംഗനത്തിലമർന്ന് മണ്ണും ജലവും നൽകുന്ന ജീവന സാഹചര്യത്തിന്റെ പുതിയ അനുഭവങ്ങളെ പുല്കി കിടക്കുന്നു ഞാൻ ടോമിനെ ഓർക്കുന്നു. പ്രണാമങ്ങളോടെ, സ്നേഹത്തോടെ, നന്ദിയോടെ - ജന്മത്തിന്, ജീവിതത്തിന്, സുകൃതങ്ങൾക്ക്, സാക്ഷ്യങ്ങൾക്ക്, വെല്ലുവിളികൾക്ക്, ഒത്തിരിയൊത്തിരി അനുഭവങ്ങൾക്കും സംഭവങ്ങൾക്കും കൂട്ടാളിയായ ഒരു വ്യക്തിയെന്ന നിലയ്ക്ക് എന്റെ അനുഭവങ്ങളെ കൂട്ടിക്കിഴിയ്ക്കുന്ന ഒരു ശ്രമത്തിന് ഞാൻ തുടക്കമിടുന്നു. എന്റെ ദീർഘകാല സുഹൃത്തിന് പിറന്നാൾ ആശംസകളോടെ 75-ാമത്തെ വയസ്സിൽ വ്യത്യസ്തതകളോടെ ഒരു പിറന്നാൾ.

ഓർമ്മകൾ ആദ്യം ഉടക്കുന്നത് ചില സംഭവങ്ങളിലാണ് - തിരസ്കൃതങ്ങളുടെ സുവിശേഷം. തിരുവനന്തപുരം YMCA ഹാളിൽ ഒരു സമ്മേളനം മുഖ്യപ്രഭാഷകൻ പ്രൊ. മൈക്കൾ തരകൻ.

സംഭവങ്ങളുടെ ഗതി ഇങ്ങനെ. പൂത്തുറ വികാരി ആയിരുന്നു ഫാദർ തോമസ് കോച്ചേരി എന്തുകൊണ്ടോ തിരുവനന്തപുരം രൂപതയ്ക്ക് ഒരു ശല്യക്കാരൻ ആയി മാറി. അദ്ദേഹത്തിന്റെ ഈ കാലയളവിലെ ചെയ്തികൾ പ്രധാനമായും പള്ളിമേടയിൽനിന്ന് ഏറെസമയം ഇടവക ജനങ്ങളോടൊപ്പം കടപ്പുറത്തേക്കിറങ്ങി ഇരുന്ന് ആയിരുന്നു. അവരോടൊപ്പം അവർ വർത്തമാനം പറഞ്ഞു. തൊഴിൽമേഖലയെക്കുറിച്ച്, മത്സ്യശോഷണത്തെക്കുറിച്ച്, മത്സ്യവിപണനത്തെക്കുറിച്ച്, കടപ്പുറത്തെ തരകരെക്കുറിച്ച്, ഇടനിലക്കാരെക്കുറിച്ച്, ലേലംവിളിക്കാരെക്കുറിച്ച്, അവരുടെ ചവിട്ടിയുറപ്പിക്കലിനെക്കുറിച്ച്, വള്ളക്കാർ പള്ളിക്കുകൊടുക്കുന്ന തരകിനെക്കുറിച്ച്, തൊഴിലാളിക്കു വന്നുകൂടിയ കടക്കെണികളെക്കുറിച്ച്, ഏറെ മാസങ്ങളിൽ അവരുടെ വീടുകളിൽ അടുപ്പു എരിയ്ക്കുവാൻ ആകാതെ പോകുന്നതിനെക്കുറിച്ച്, സർക്കാർ കൊണ്ടുവരുന്ന വികസനപദ്ധതികളെക്കുറിച്ച്, രാഷ്ട്രീയ പാർട്ടികളെക്കുറിച്ച്, ഇവിടെയൊക്കെ ഇടപെടുന്ന ദൈവരൂപത്തെക്കുറിച്ച് - അങ്ങനെയങ്ങനെ ഒത്തിരി കൊച്ചുവർത്തമാനങ്ങൾ.

വെറുതെ കടപ്പുറത്തിരുന്നു വലപോടുന്ന നേരത്തും വിശ്രമിക്കുന്ന നേരത്തും തൊഴിലാളികൾക്കൊപ്പം കൊച്ചുവർത്തമാനം പറയുന്ന കോച്ചേരിയും മാത്യുവും വൈദികാനുഭവത്തിൽ കടപ്പുറത്തെ ആ മനുഷ്യർക്ക് പുത്തൻ അനുഭവം ആയിരുന്നു. അയയിൽ തൂക്കിയിട്ടിരിയ്ക്കുന്ന കുപ്പായം കാണുമ്പോൾപോലും "ഈശോ മിശിഹായ്ക്ക് സ്തുതിയായിരിക്കട്ടെ" എന്നു വന്ദിച്ചിരുന്ന ആ സാധുമനുഷ്യരുടെ ഇടയിൽ കൈലിയുടുത്ത് ഒരു ജുബ്ബായും ഇട്ട് നടന്നുനീങ്ങിയിരുന്ന ഈ വൈദിക കൂട്ടായ്മ ഒരു പുതിയ അനുഭവം ആയിരുന്നു.




എന്റെ ഗ്രാമത്തിൽ എന്റെ കൊച്ചുപ്രായത്തിൽ ഉണ്ടായിരുന്ന ചാൾസ് ഫെർണാണ്ടസ് എന്ന വികാരിയച്ചനെ ഓർത്തുപോകുന്നു. ഒരു നേരവും ളോഹയ്ക്കുപുറത്തു കണ്ടിട്ടില്ലാത്ത അച്ചൻ, ഒരു നാളിൽ തലയിൽ എണ്ണ തേച്ച് തോർത്തും തോളിലിട്ട് കുളിമുറിയിലേക്ക് പോകുന്നത് അഴിയ്ക്കിടയിലൂടെ കണ്ട പെൺകുട്ടി ഉറക്കെ ഉദീരണം ചെയ്തുപോൽ

"അയ്യോടീ നമ്മുടെ അച്ചനും മനുഷ്യനാടീ..."

ഇത് സംഭവം. ആ സംഭവത്തിന്റെ തനിയാവർത്തനങ്ങൾ അഞ്ചുതെങ്ങു കടപ്പുറത്ത് പിന്നെയും പിന്നെയും സംഭവിച്ചു. കടപ്പുറത്തിരുന്നു വർത്തമാനം പറഞ്ഞിരുന്നു. നേരമാവുമ്പോൾ ഒറ്റമണിയടിയ്ക്കുന്നതു കേൾക്കുമ്പോൾ, പള്ളിയ്ക്കകത്തേയ്ക്കു നടന്നുകയറി ഉടുത്തിരിയ്ക്കുന്ന കൈലിമുണ്ടിന്റെ മുകളിലേക്ക് കുർബ്ബാന കുപ്പായം അണിഞ്ഞ് കുർബ്ബാന അർപ്പിച്ചിരുന്ന ടോമിന്റെ ശൈലികൾ ഓർക്കുമ്പോൾ ആ കാലയളവിൽ ഷൂസിടാതെ റബ്ബർ ചപ്പലിട്ട് ബലി വേദിയിലേക്കു വന്ന ആലപ്പുഴയിലെ എന്റെ സ്നേഹിതനൊരു വൈദികനെ ഒപ്പുമുണ്ടായിരുന്ന ബിഷപ്പ് ബലിയർപ്പണത്തിനനുവദിയ്ക്കാതെ പറഞ്ഞുവിട്ട സംഭവങ്ങളൊക്കെ ഓർമ്മ വരുന്നു.

പക്ഷേ, കോച്ചേരിയും സംഘവും ആ പ്രദേശത്ത് കൂടുതൽ കൂടുതൽ സ്വീകാര്യരാവുകയായിരുന്നു. അവരെക്കുറിച്ചുള്ള വർത്തമാനങ്ങൾ കടലിൽ വലയിടുന്ന നേരങ്ങളിൽ ഇതരപ്രദേശങ്ങളിൽ നിന്നുള്ള മത്സ്യത്തൊഴിലാളികൾക്കിടയിൽ വർത്തമാനം ആവുകയായിരുന്നു. ആ വക വർത്തമാനങ്ങൾ കടലലകൾ പോലെയും കടൽക്കാറ്റു പോലെയും ഇങ്ങനെ അലയടിച്ചു പരന്നു. വളരെ വേഗം. അത് കടലിൽ എവിടെയോ ഉദിക്കുന്ന Depression മേടപ്പാതിയും ഇടവപ്പാതിയും കവച്ചുവയ്ക്കുന്ന അനുഭവമായി ഇന്നലെ വരെ. കേരളത്തിൽ വിരിഞ്ഞപോലെ ഒരനുഭവമായി തിരുവനന്തപുരം രൂപതയിലെ ഇടവകകളിൽ/സമിതികളിൽ/പള്ളിയോഗങ്ങളിൽ പ്രകമ്പനം കൊള്ളിയ്ക്കാൻ അധികകാലം വേണ്ടിവന്നില്ല.

ഇത് തലമൂത്ത ആണുങ്ങൾക്കിടയിൽ സംഭവിയ്ക്കുമ്പോൾ ആ പ്രദേശ ത്തേയ്ക്ക് സാരിയുടുത്ത കുറെ കന്യാസ്ത്രീകൾ വന്നുകൂടി. അതും പുതു മയായി. കാക്കച്ചിയെന്നു വിളിയ്ക്കുന്ന ലൂക്കമ്മയും സംഘവും കടപ്പുറത്ത് മൂന്നു സെന്റു ഭൂമിയും അതിനകത്ത് ഒരു മത്സ്യത്തൊഴിലാളി വീടും വാങ്ങി കുടിപാർക്കാനെത്തി. സിസ്റ്റർമാർ അവർക്ക് അപരിചിതർ ആയിരുന്നില്ല. അഞ്ചുതെങ്ങു പള്ളിയുടെ പരിസരത്ത് സ്ക്കൂൾ നടത്തിയിരുന്ന സിസ്റ്റർമാരും അവരുടെ അഞ്ചുതെങ്ങ് കോട്ടയ്ക്കരികെയുള്ള കോട്ടമതിലും കോൺവെന്റും അവിടെനിന്നു നേരാനേരങ്ങളിലുള്ള മണിയൊച്ചകളും യാമപ്രാർത്ഥനകളുടെ ഉരുവിടലും സമയം വച്ചുള്ള പ്രവേശനവും സന്ദർശനവും സന്ദർശകപാർലറും അവിടെയുള്ള സെറ്റികളും അതിൽ വിരിച്ചിട്ടുള്ള കുഷ്യനുകളും എല്ലാ മെല്ലാം അവർ കണ്ടിട്ടുണ്ടായിരുന്നു എന്ന് തീർച്ച. കുറെപ്പേരെങ്കിലും.

അവരുടെ പാരമ്പര്യത്തിലാണ് ഈ പുതുമക്കാർ വന്നത്. വേഷം സാരി. കോൺവെന്റ് ഒരു മത്സ്യത്തൊഴിലാളിവീട്. അതിനകത്തെ സൗകര്യം മൂന്നു കൊച്ചുമുറികളും ഒരു അടുക്കളയും ഒരു അരഭിത്തിയുള്ള വരാന്തയും. കക്കൂസു സൗകര്യം കടപ്പുറത്തെ സൗകര്യം കൂടിയവരുടെ പോലെ. (അല്ലാത്തവർക്കു ഇരുളിന്റെ മറവിൽ പൊന്തകളും കല്ലടുക്കിയിരിയ്ക്കുന്നതിനുള്ള ഇടുക്കു കളും ഒക്കെയായിരുന്നത് സ്ത്രീകളുടെ ഞെരുക്കമായിരുന്ന കഥകളൊക്കെ പില്ക്കാല അറിവുകൾ). തോട്ടിലേക്കു ഇറക്കികെട്ടിയ ഒരു മറപ്പുരയും അതിൽ നീട്ടിയിട്ടിരിയ്ക്കുന്ന നടന്നുകയറാനുള്ള പാലവും Balance പിടിച്ചിരുന്നു കഷ്ടിച്ചു പ്രാഥമികാവശ്യങ്ങൾ നിവർത്തിയ്ക്കാനുള്ള ഒരു തട്ടും. (ആ തട്ടിൽ നിന്ന് മഴക്കാലത്തു തെന്നി തോട്ടിലേയ്ക്കു വീണ അനുഭവങ്ങൾ ഈ കന്യാസ്ത്രീകളുടെ അനുഭവക്കൂട്ടിൽപ്പെടുന്നുണ്ട്). മുറ്റത്തേക്കിറങ്ങിയാൽ അയവിരിയ്ക്കാനുള്ള സൗകര്യം അയൽക്കാരന്റെ പറമ്പിലെ തെങ്ങിൽ വലി ച്ചുകെട്ടിയ കയർ. ഒരുമൂടു തെങ്ങും ഒരു ഓമയും അവരുടെ അവകാശം.

അപ്പുറത്തെ വീട്ടിൽ നിന്നു നോക്കിയാൽ ഈ കോൺവെന്റിലെ വിശേഷ ങ്ങളൊക്കെ നേരിലറിയാം ജനൽ അടച്ചിട്ടില്ലെങ്കിൽ. കറിയ്ക്കരിയുന്നതും അടച്ച് ഊറ്റുന്നതും ചമ്രം പടിഞ്ഞിരുന്നു ഭക്ഷിയ്ക്കുന്നതും സന്ദർശകരെത്തുന്നതും ഭക്ഷണം വച്ചുവിളമ്പുന്നതും പ്രാർത്ഥിയ്ക്കുന്നതും





ചുരുട്ടിയ പായകൾ നിവർത്തി വിരിച്ചു അപ്പുറവും ഇപ്പുറവും മാറിക്കിടന്നു റങ്ങുന്നതും എല്ലാം എല്ലാം അപ്പുറത്തെ വീട്ടിൽ എഴുന്നേറ്റു നിന്നു നോക്കി യാൽ കാണുന്ന ദൃശ്യങ്ങൾ. ആരും അന്യരല്ലാത്ത അനുഭവം. വിളിച്ചു ചോദിച്ചും അനുവാദം വാങ്ങി മണിയടിച്ചു കാത്തു നിന്നു കാര്യങ്ങൾ നടത്തിയ കോൺവെന്റ് ശൈലിയുടെ സ്ഥാനത്ത് "സിസ്റ്ററേ" എന്നു വിളിച്ച് അയൽക്കാരൊക്കെ ഓടിക്കയറി. ആണും പെണ്ണും അടുക്കളവരെയെത്തി. ചട്ടിയും കലവും പൊക്കി നോക്കി. ഉള്ളത് എടുത്തു കഴിച്ചും ഇല്ലാത്തത് അവരുടെ വീട്ടിൽ നിന്നു കൊണ്ടുവന്ന് കൊടുത്തും ഒരു ജീവിതം.

മെഡിക്കൽ മിഷൻ സന്യാസിനിമാർ ശരിയ്ക്കും മദാമ്മ കന്യാസ്ത്രീകൾ ആയി രുന്നു. ഞാൻ ഓർക്കട്ടെ. പണ്ട് പൂത്തുറയിൽ ആദ്യം സന്ദർശിച്ചത്. ഞാനും എന്റെ കൂട്ടുകാരായി 5 വൈദികരും ഞങ്ങൾ 6 പേർ. കന്യാകുമാരിയിലെവിടെയോ ഒരു ധ്യാനം കൂടിയിട്ട് മടങ്ങുന്ന വഴി. 3 മോട്ടോർ ബൈക്കിൽ ഞങ്ങൾ 6 പേർ. പൂത്തുറയിലെ പുതിയ കോൺവെന്റിനെക്കുറിച്ച് കേട്ടറിഞ്ഞിടത്ത് കൊല്ലത്തേക്ക് മടങ്ങുംവഴി ഇക്കൂട്ടരെ ഒന്നു കണ്ടു പരിചയപ്പെടാം എന്ന താല്പ ര്യത്തിൽ അഞ്ചുതെങ്ങു പ്രദേശത്തേക്കു വണ്ടി തിരിച്ചു പൂത്തുറയിലേക്കു തിരിച്ചു. പൂത്തുറയിലെ അന്നത്തെ റോഡിലൂടെ 3 ബൈക്കുകൾ ഒന്നിനു പിറകെ ഓടിച്ചുപോകുന്നത് അന്നൊരു ദൃശ്യമായിരുന്നു. ഞങ്ങളുടെ ആ കാലത്തെ ധാരണയിലുള്ള കോൺവെന്റു നോക്കി ലക്ഷ്യം കിട്ടാതെ അവസാനം വണ്ടികൾ നിർത്തി ഇറങ്ങി അന്വേഷിച്ചു ചെന്നപ്പോൾ വീട് പൂട്ടിക്കിടക്കുന്നു.

ഞങ്ങൾ 6 പുരുഷന്മാർ (ഞങ്ങൾക്ക് ആർക്കും കുപ്പായമുണ്ടായിരുന്നില്ല) ആ വരാന്തയിലേക്കു കയറി അരഭിത്തിയിലിരുന്നു. വണ്ടിയോടിച്ചുവന്ന ക്ഷീണം തീർക്കാനായി ഇരുന്നു കഴിഞ്ഞതും ചുറ്റുമുള്ള വീടുകളിൽ നിന്നു സർവ്വജനവും ഇറങ്ങിവന്നു ഞങ്ങളെ കാണാൻ. ഞങ്ങൾ പരിചയപ്പെടുത്തി. കൊല്ലം രൂപതയിലെ വൈദികരാണ് ഞങ്ങൾ. സിസ്റ്റർമാരെ കാണാൻ വന്നു. സിസ്റ്റർമാരെവിടെ? ഞങ്ങൾ ചോദിച്ചു. "അവർ സേവനത്തിനു പോയിരിക്കുന്നു". അങ്ങനെയൊരു മറുപടി. "Convent" നോട് ബന്ധിച്ചു അതിനു മുൻപോ, അതിനു ശേഷമോ കേട്ടിട്ടില്ലയെന്നത് സത്യം.

"അവരെപ്പഴാ വരുക?" ചോദ്യം. "അവരു തൊണ്ടുതല്ലാൻ പോയിരിക്കുന്നിടത്തു നിന്നു പണികഴിഞ്ഞു വീടുകയറിയിറങ്ങി വരുമ്പോൾ സന്ധ്യയാവും." പെട്ടല്ലോ.




“ഞങ്ങൾ ഒന്നും കഴിച്ചിട്ടില്ല. ഇവിടെയടുത്തു കടയെന്തെങ്കിലും”– ഞങ്ങൾ “അതെന്തിനാ. അച്ചന്മാരു കയറിയിരുന്നാട്ടെ. സിസ്റ്റർമാരു താക്കോൽ ഇവിടെ ഉത്തരത്തിലു വച്ചിട്ടുണ്ട്.” അവരിലൊരാൾ വന്നു താക്കോലെടുത്തു താഴു തുറന്നു. അകത്തെ മുറിയിൽ വിരിച്ചിട്ടിരിയ്ക്കുന്ന പായിൽ ഞങ്ങളെയിരുത്തി. ചിലരൊക്കെ പായ് കണ്ടപാടെ നടുനിവർത്തി. അയൽക്കാർ അവർ അടുക്കളയിൽ കയറി നോക്കി. സിസ്റ്റർമാരുടെ അത്താഴപ്പങ്ക് തിട്ടപ്പെടുത്തി. പിന്നീട് സിസ്റ്റർമാരെ വിളിയ്ക്കാൻ പയ്യന്മാരെ സൈക്കിളിൽ വിട്ടു. സൈക്കിളിൽ പോയ പയ്യന്റെ പിറകിൽ കയറി തെർമ സിസ്റ്റർ ആദ്യം വന്ന് എത്തിയപ്പോഴേയ്ക്കും അയൽക്കാർ മീൻ കറിവച്ച ചട്ടികളും ചോറു വേവിച്ച കലങ്ങളുമായെത്തി. ഏറെപ്പേർക്കുള്ള പാത്രങ്ങൾ അവിടെയില്ലെന്നറിയാമായിരുന്ന അവർ പാത്രങ്ങളും കൊണ്ടുവന്നു. ലൂക്കാ സിസ്റ്ററും പരിചയിച്ച ആലീസും ഒക്കെ വന്നെത്തിയപ്പോഴേയ്ക്കും ഉച്ചയൂണു നിരത്തി അയൽപക്കക്കാർ കൂട്ടിരുന്നു.

കടലിൽ നിന്ന് അന്നുപിടിച്ച മത്സ്യവും കൂട്ടി അയൽവീട്ടുകാർ വിളമ്പിയ ഉച്ചയൂണു മെഡിക്കൽ മിഷൻകാരുടെ ആ വീട്ടിൽ ഞങ്ങൾ നിറവോടെ കഴിച്ചു. Eucharist എന്ന കൂർബ്ബാനാനുഭവത്തിന്റെ നാടൻ പതിപ്പ്. പില്ക്കാലത്ത് “Sr. Mariam Therese” എഴുതിയ ഒരു ഗ്രന്ഥം Eucharist with a Small e ലെ കുർബ്ബാനാനുഭവം വിരുന്നാണ്. പള്ളിയ്ക്കകത്തെ ഓസ്തിയനുഭവം മാത്രമല്ല. അടുക്കളയിലെ അടുപ്പു കല്ലിനു ചുറ്റും ഇരുന്ന് ഓഹരിയ്ക്കുന്ന കപ്പയും മീനും കൂടിയാണ് എന്നത്. അതാണല്ലോ ആദ്യപാരമ്പര്യം. ഗലീലിക്കടപ്പുറത്ത് അടുപ്പുകല്ലുകൂട്ടി നിങ്ങൾ പിടിച്ച മീനിൽനിന്നു കുറെ കൊണ്ടുവരുവിൻ എന്നു പറഞ്ഞു അപ്പവും മീനും കൊണ്ട് ആ മുക്കുവർക്ക് പ്രാതൽ ഉണ്ടാക്കിയ ആ ഗലീലക്കാരന്റെ പിൻമുറക്കാർക്കു ഇന്നു ദൈവം അപ്പമാകുമ്പോൾ സ്വർണ്ണക്കാസയും പീലാസയും പിന്നെ തങ്കത്തിൽ പൊതിഞ്ഞ സക്രാരിയും സ്വർണ്ണ അരുളിക്കയും പിന്നെയും മുഴുവൻ സമയം A/C പ്രവർത്തിപ്പിയ്ക്കുന്ന നിത്യാരാധനാ കേന്ദ്രങ്ങളും ഒക്കെ വേണ്ടിവരുന്നിടത്ത് വളരെ വ്യത്യസ്തമായ ഒരു Eucharist ജീവിച്ചു ഇക്കൂട്ടർ. ആ കാലയളവുകളുടെ തുടക്കം.

ദില്ലി ഹോളിഫാമിലി ആസ്പത്രി മുതൽ മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് വരെയുള്ള ആസ്പത്രികളിൽ പ്രസിദ്ധ സാമൂഹിക സാമ്പത്തിക ശാസ്ത്രജ്ഞനായ ഫ്രാൻക്ഷോഹൂട്ടാർട്ടിനെ കൊണ്ടു സാമൂഹിക രാഷ്ട്രീയ വിലയിരുത്തൽ

നടത്തി വൻകിട ആസ്പത്രികളുടെ ദരിദ്ര ജനസേവനം വീൺവാക്കാണെന്നു മനസ്സിലാക്കിതങ്ങളുടെവൻകിടആസ്പത്രികൾവിട്ടൊഴിഞ്ഞുവന്നമെഡിക്കൽ മിഷനിലെ സഹോദരിമാർ, ഡോക്ടർ, പബ്ലിക് ഹെൽത്ത് നേഴ്സ്, നേഴ്സിംഗ് സ്ക്കൂൾ ട്യൂട്ടർ, നേഴ്സ്, അഡ്മിനിസ്ട്രേറ്റർ, സോഷ്യൽ വർക്കർ തുടങ്ങിയ മുന്തിയ പരിശീലനങ്ങൾ ലഭിച്ചവരായിരുന്നു. രോഗീപരിചരണത്തേക്കാൾ ആരോഗ്യസംരക്ഷണം ലഭ്യമാക്കി ദരിദ്രവിഭാഗങ്ങളെ രോഗവിമുക്തമാക്കുന്ന പ്രക്രിയയുടെ സഹകാരികൾ ആകുവാൻ ആശുപത്രികൾ വിട്ടിറങ്ങിവന്ന ഈ സിസ്റ്റർമാർ പുതിയ അനുഭവം ആയിരുന്നു കടലോരത്ത്.

പില്ക്കാലത്ത് "സമരം നയിയ്ക്കാൻ ഇടയർ" എന്ന് കലാകൗമുദി വാരിക വിശേഷിപ്പിച്ച പ്രവർത്തിരൂപങ്ങളുടെ, സന്യാസിനികളുടെ ആദിഘട്ടങ്ങൾ ഇത്തരത്തിലൊക്കെ ആയിരുന്നു. റഡംപ്റ്ററീസ്റ്റ് സന്യാസിസമൂഹത്തിലെ 3 അച്ചന്മാരും മെഡിക്കൽ മിഷൻ സന്യാസ സമൂഹത്തിലെ 4 പേരും കൂടെ പ്രാദേശിക ഇടപെടലിലൂടെ മുന്നേറ്റങ്ങൾ നടത്താൻ തുടങ്ങിയപ്പോൾ ആദ്യ അലകൾ ഉയർന്നത് ബാലവാടി കുട്ടികളുടെ പാട്ടിലും കഥകളിലും കൂടെ.

മെഡിക്കൽ മിഷൻ സന്യാസസഭയുടെ സ്ഥാപക അന്ന ഡംഗലിന്റെ വാക്കുകൾ ആ തീരദേശത്ത് ആപ്തവാക്യമായി. "സത്യമായ് സ്നേഹം നിങ്ങളിലുണ്ടെങ്കിൽ" ആ ഗീതകം ബാലവാടി അദ്ധ്യാപകരിലുറപ്പിച്ചു. ബാലവാടികൾക്കു തുടക്കമിട്ട നേരങ്ങളിൽ ടോം ആ കുട്ടികൾക്കു പാടാൻ കവിത രചിച്ചു.

ആർക്കുവേണ്ടി സ്വാതന്ത്ര്യം? എന്തിനു വേണ്ടി സ്വാതന്ത്ര്യം?

സാമൂഹികസേവനത്തിന്റെയുംവേദപുസ്തകാടിസ്ഥാനജീവിതത്തിന്റെയും രാഷ്ട്രീയമാനങ്ങൾ വിപുലപ്പെടാനും വിത്തുവീഴിയ്ക്കാനും തുടങ്ങിയപ്പോൾ ആർക്കൊക്കെയോ അങ്കലാപ്പായിത്തുടങ്ങി.

ഒതുങ്ങിയ പൂത്തുറദേശത്തെ പ്രവൃത്തിമുഖം ARDC പദ്ധതി പ്രദേശത്തെ തൊഴിലാളികളെ മുട്ടിയും തീരദേശത്തെ കുട്ടികളെ കുട്ടിപ്പാട്ടുകളിലൂടെ ഉണർത്തിയും വന്നപ്പോൾ ആരൊക്കെയോ അപകടം മണത്തു. അവിടം





വിട്ട് അഞ്ചുതെങ്ങ് തിരുവനന്തപുരം മേഖലകളിലേക്ക് തിരുവനന്തപുരം ജില്ലാ മത്സ്യത്തൊഴിലാളി യൂണിയനും തീരദേശകേരളത്തിലെ മുഴുവൻ ലത്തീൻ കത്തോലിക്കാ സമുദായത്തിലേക്ക് എത്തിയ LCFF എന്ന ലാറ്റിൻ കാത്തലിക് ഫിഷർമെൻസ് ഫെഡറേഷനും പിന്നെയും മത്സ്യമേഖലയിലെ ധീവര/മുസ്ലീം/ലത്തീൻ കത്തോലിയ്ക്കാ വിഭാഗങ്ങളിലേക്കു വികസിച്ച KSMTF ന്റെയും പ്രവൃത്തിമുഖങ്ങളിലെത്തിയപ്പോഴേയ്ക്കും ജനത്തെമുഴുവൻ ഇളക്കുന്ന ഈ മനുഷ്യർക്കു വിരുദ്ധതകൾ കൂടിവന്നു.

വിരുദ്ധതകളുടെ സാഹചര്യങ്ങൾ പ്രബലപ്പെട്ടുവന്നപ്പോൾ ആദ്യം പ്രതികരിച്ചത് യേശുവിന്റെ സാഹചര്യത്തിലെന്നപോലെ പുരോഹിതരും പള്ളിപ്രമുഖരും ആയിരുന്നു. യേശുവിനെ മലയുടെ മുകളിൽനിന്നു തള്ളിയിടാനും പള്ളിമുറ്റത്തുവച്ചു പിടിച്ചുകെട്ടാനും ഒക്കെയെന്നതുപോലെ ടോമിനെ പ്രദേശത്തുനിന്നു പുറത്താക്കാൻശ്രമംവന്നത്തിരുവനന്തപുരംലത്തീൻമെത്രാസനത്തിൽനിന്നായിരുന്നു. ടോമിനെ തിരുവനന്തപുരം പ്രദേശത്തുനിന്നും മാറ്റിയേ പറ്റൂ എന്ന് CSSR-ന്റെ ഭരണകൗൺസിലിനോട് നിർബന്ധപൂർവ്വം ആവശ്യപ്പെട്ട Bishop Acharuparambil-ന്റെ നടപടി വളരെ വലിയ കണക്കുകൂട്ടലായിരുന്നു. ടോം തിരുവനന്തപുരം മേഖലയിൽ നിന്നു മാറ്റപ്പെട്ടാൽ പിന്നെ കേരളദേശത്തോടു വിടപറയേണ്ടി വരും. CSSR സഭയ്ക്കു കേരളത്തിൽ ആകെയുള്ള ആശ്രമം മുട്ടട മാത്രമായിരുന്നല്ലോ. നാടുകടത്തി ശല്യം പാടെ ഒഴിവാക്കുന്ന പ്രക്രിയക്കു അരമനയംഗങ്ങൾതുടക്കമിട്ടു. ആ നടപടിയ്ക്കെതിരെആദ്യംശബ്ദിച്ചജനകീയത തീരദേശവിശ്വാസികളുടേതായിരുന്നു. തീരദേശവിശ്വാസജാഥ എന്ന ഈ സംഘാടനം തിരുവനന്തപുരം രൂപതയുടെ തീരദേശ ഇടവകകളെ കേന്ദ്രീകരിച്ചു സജീവമായി. തീരദേശവിശ്വാസികളുടെ മുദ്രാവാക്യം ഒന്നുമാത്രം "കോച്ചേരിയുടെ സ്ഥലംമാറ്റം റദ്ദാക്കുക".

തീരദേശജാഥ സമാപിച്ചപ്പോഴേക്കും സന്യാസസഭയുടെ ഭരണസമിതിയുടെതാല്പര്യത്തെയുംവിലയിരുത്തലിനെയുംമറുകണ്ടംചാടിച്ചുരൂപതാധികാരംകൊച്ചേരിയുടെട്രാൻസ്ഫർ ഉറപ്പാക്കി. അപ്പോഴും പ്രതിഷേധത്തിനു ചൂടുപിടിപ്പിയ്ക്കുവാൻ കേരളത്തിലെ പല രൂപതകളിൽ സജീവമായിരുന്ന CRA (Christians for Radical Acton) എന്ന സംഘം രംഗത്തുവന്നു. തിരുവനന്തപുരം YMCA യിൽ വച്ച് പുരോഗമന ചിന്താഗതിക്കാരുടെ

ഒരു കൺവൻഷൻ വിളിച്ചുകൂട്ടി. "തിരസ്കൃതരുടെ സുവിശേഷം" എന്നായിരുന്നു കൂടിവരവിന്റെ തലക്കെട്ട്. മുഖ്യപ്രഭാഷണം ഡോക്ടർ മൈക്കൾ തരകന്റേതും. ആ രംഗങ്ങൾ.

CRA യുടെ Convention നു ഒരൊറ്റ പ്രമേയമേ ഉായിരുന്നുള്ളൂ. Cancel Kochery's Transfer. ആ പ്രമേയവുമായി ബാംഗളൂരുള്ള പ്രൊവിൻഷ്യൽ ടീമിനെ സമീപിച്ചു. അതിന്റെ ഫലവും ഉണ്ടായി. ബിഷപ്പിന്റെ താല്പര്യ പ്രകാരം ടോമിനെ ബാംഗ്ലൂരിലേക്കു സ്ഥലംമാറ്റി. അവിടെ ചെന്നുകയറിയ ടോമിന് അന്നത്തെ Provincial (പിൽക്കാലത്ത് Cardinal) വർക്കിവിതയത്തിൽ കല്പന അടിച്ചുകൊടുത്തു. Transferred from Muttada of the Latin Diocese of TVM. Free to stay and work anywhere in India for the Cause of Fish workers.

ഇതിലധികം സ്വാതന്ത്ര്യം എന്തുവേണം. ടോം ആ കത്തും വാങ്ങിച്ചുകൊണ്ട് നേരെ പോന്നത് എറണാകുളത്ത് പള്ളുരുത്തിയിലേക്ക്. അവിടെ ഒരു മത്സ്യ ത്തൊഴിലാളിവീട് വാടകയ്ക്ക് എടുത്ത് NFF ന്റെ ഓഫീസ് പ്രവർത്തനം അവിടെ തുടങ്ങി. അതൊരു വളർച്ചയും വികാസവും ആയിരുന്നു. പ്രവൃത്തി മേഖലയുടെ വ്യാപനവും രൂപതാ കെട്ടുപാടുകളിൽനിന്ന് വിടുതലും.

യഹൂദപഴയനിയമത്തിലെ വിമോചകനായ മോശയെ കൊന്നുകളയാൻ ദേശത്തെ ആൺതരികളെ മുഴുവൻ രണ്ടുവയസ്സിൽ താഴെവച്ച് സകല രേയും കൊന്നുകളയാൻ കല്പന പുറപ്പെടുവിച്ച ഫറവോയുടെ താല്പര്യ ങ്ങളെ പരാജയപ്പെടുത്തി രാജകൊട്ടാരത്തിൽത്തന്നെ ഇസ്രായേലിന്റെ വിടുതൽകാരൻ വളർന്നു പ്രബലപ്പെടാൻ ഇടവരുത്തിയ ദൈവനിയതി കൾ ടോമിന്റെ കാര്യത്തിലും പ്രവർത്തിച്ചു.

വിമോചനത്തിന്റെ വഴികളിൽ തിരസ്കരണം ആണ് മുഖ്യാനുഭവം എന്നു തീർച്ച. സംവിധാനം വിമോചനക്കാരനെ വേൾക്കുമ്പോൾ അതു "എനിയ്ക്കും ആ ശിശുവിനെ ആരാധിയ്ക്കാൻ പോകണം" എന്നു പറഞ്ഞ ഹേരോദിന്റെ തന്ത്രം മാത്രം. കൊന്നുകുഴിച്ചുമൂടുക. അത്ര തന്നെ. സംവിധാനങ്ങൾക്കു ഒരു ഘട്ടത്തിലും ടോമിനെ ഒതുക്കി ഒടിച്ചു വരമ്പത്തുവയ്ക്കാൻ സാധിച്ചിട്ടില്ലെന്നു തന്നെ പറയണം. പ്രവാചകൻ അരമനയുടെ അകത്തളങ്ങളിൽ ഒരിയ്ക്കലും ഒതുക്കപ്പെട്ടില്ലതന്നെ.





തിരസ്കൃതരുടെ സുവിശേഷം പ്രഘോഷിച്ചിറങ്ങിയ ടോമിനെ രണ്ടാമത് കൈവച്ചത് രാഷ്ട്രീയക്കാരായിരുന്നു. ടോമിന്റെ വിമോചനശൈലിയെ തിരിച്ചറിഞ്ഞു സ്വന്തം മുതലെടുപ്പിനു വേണ്ടിയാണെന്നു ആരോപിയ്ക്കപ്പെടാം. എങ്കിലും ഏറ്റവും അധികം പ്രയോജനപ്പെടുത്തിയത് ഇടതുപക്ഷ കമ്യൂണിസ്റ്റുകളാണ്. ഫെഡറേഷന്റെ സംയുക്ത സമരനീക്കങ്ങൾക്കൊക്കെ മുൻപ് അവർക്ക് അവസരം വന്നത് അഞ്ചുതെങ്ങു വെടിവയ്പ്പിനോടനുബന്ധിച്ച് ടോമിനെ പ്രതിചേർത്ത് അറസ്റ്റ് ചെയ്ത് കടയ്ക്കാവൂർ ലോക്കപ്പിലിട്ട് സഹകാരികളെ ആരെയും കാണാനനുവദിയ്ക്കാതെ DYSP ലക്ഷ്മണയുടെ നേതൃത്വത്തിൽ മർദ്ദിച്ച സംഭവമാണ്.

ലോക്കപ്പിൽ നിന്നിറങ്ങിവന്ന ഫാ. തോമസ് കോച്ചേരിയ്ക്ക് സ്വീകരണവും അതിനു പിന്നാലെ അദ്ദേഹത്തെ മർദ്ദിയ്ക്കുന്ന, ചാട്ടവാറടിയ്ക്കുന്ന ചിത്രം ഇലക്ഷൻ പോസ്റ്ററാക്കി മാറ്റി പ്രചരണം നടത്തി. ഇലക്ഷനിൽ തീരദേശത്ത് ഇടതുപക്ഷം വോട്ടുവാരിയ സന്ദർഭവും ഒക്കെ ഓർക്കുമ്പോൾ തെളിവാകുന്ന വസ്തുത ഒന്നാണ്. ഭരണകൂടത്തിന്റെ രാഷ്ട്രീയ ലക്ഷ്യങ്ങൾക്ക് പ്രവാചകൻ എന്നും പ്രതിയോഗിയാണ്. ജനം മുഴുവൻ മരിയ്ക്കുന്നതിനേക്കാൾ ഒരുവൻ മരിയ്ക്കുന്നത് നല്ലത് എന്നു പറയുന്ന ഭരണക്കാർ ജനം എന്ന പദം കൊണ്ട് അർത്ഥമാക്കുന്നത് തങ്ങളെത്തന്നെയാണ്. തങ്ങൾ നശിയ്ക്കാൻ ഇടവരും മുമ്പ് പ്രവാചകനെ കൊന്നേക്കുക. ടോമിന്റെ തലയ്ക്ക് എതിരാളികൾ വിലപറഞ്ഞ എത്ര സന്ദർഭങ്ങൾ വേണമെങ്കിലും ഉണ്ട്. അപ്പോഴും പ്രവാചക നിരയുടെ പിന്നിൽ ഭയപ്പെടാതെയും ഒരു ഭരണത്തേയും നമ്പാതെയും നിന്ന ഒരു വ്യക്തിത്വം ടോമിനുണ്ടായിരുന്നു.

പ്രവാചകതീവ്രതയും ബദ്ധതയും കഴിയുമ്പോൾ ടോമിന്റെ രണ്ടാമതൊരു സവിശേഷത സഹനദാസന്റേതാണെന്നു പറയണം. അത് വിശദീകരിയ്ക്കുക 1984ലെ മത്സ്യത്തൊഴിലാളി സമരം കഴിഞ്ഞപ്പോൾ ഫെഡറേഷൻ ചരൽക്കുന്നിൽ വച്ചുവിളിച്ചു കൂട്ടിയ നിരാഹാരസമരക്കാരായ തൊഴിലാളികളുടേയും സഹകാരികളുടേയും ഒത്തുചേരൽ ആയിരുന്നു. ആ കൂടിവരവിന്റെ തലക്കെട്ട് ഇങ്ങനെ “സമരമുഖങ്ങളിലെ ദൈവത്തിന്റെ മുഖം” സെഷനുകൾ കൈകാര്യം ചെയ്തത് വിശ്വോത്തര വിമോചന ദൈവശാസ്ത്ര വക്താവ് ഫാ. സാമുവൽ രായൻ SJ-യും കേരളത്തിലെ

കമ്യൂണിസ്റ്റ് ദാർശനികൻ പി. ഗോവിന്ദപ്പിള്ളയും. ആ സമരം ശരിയ്ക്കും ഒരു ബലം പിടിത്തമായിരുന്നു. ഫെഡറേഷൻ സടകുടഞ്ഞെഴുന്നേറ്റ് സർവ്വ ശക്തിയും ഉപയോഗിച്ച് ട്രോളിംഗ് നിരോധനം നിയമമാക്കുന്നതിലേക്കു "വിജയം അല്ലെങ്കിൽ മരണം" എന്ന് മുദ്രാവാക്യമിട്ട സമരം ആയിരുന്നു. വടക്ക് കോഴിക്കോട്ട് സിസ്റ്റർ ആലീസ് ലൂക്കോസും പി.കെ. വേലായുധനും ഒരേ സമരപ്പന്തലിൽ നിരാഹാരമനുഷ്ഠിച്ചു തുടങ്ങിയ സമരം വടക്കു നിന്നു തെക്കോട്ട് ആളിപ്പിടിച്ചു. അവസാനഘട്ടമെത്തുമ്പോൾ സിസ്റ്റർ ഫിലമിൻ മേരി 24-ാം ദിവസം നിരാഹാരം നിർത്തിവയ്ക്കുന്നിടംവരെ തീരദേശജില്ലകളിലാകെ നിരാഹാരം അനുഷ്ഠിച്ചവരുടെ അംഗസംഖ്യ നൂറിലധികം. നിരാഹാരത്തിനൊപ്പം എത്രയെങ്കിലും സമരമുറകൾ റോഡുപരോധം ട്രെയിൻ തടയൽ വിമാനത്താവള ഉപരോധം, പഴ്സീൽ കത്തിയ്ക്കൽ തുടങ്ങി എത്രയെങ്കിലും സമരമുറകൾ പയറ്റിയ ഒരു വർഷം. വടക്ക് സിസ്റ്റർ ആലീസും തെക്ക് സിസ്റ്റർ ഫിലമിനും മരണംവരെ നിരാഹാരം പ്രഖ്യാപിച്ചു നീങ്ങിയ സമരമുറ. ബോട്ടുകാരുടെ കേന്ദ്രത്തിലേയ്ക്കു നീണ്ടകര മാർച്ചുനടത്തിയും ഫിലമിന്റെ ജീവൻ രക്ഷിയ്ക്കാൻ കൊല്ലം മുതൽ സെക്രട്ടറിയേറ്റുനടവരെയും മൺസൂൺ മഴസമയത്ത് ആയിരങ്ങൾ ലോംഗ് മാർച്ച് നടത്തി സെക്രട്ടറിയേറ്റ് ഉപരോധിച്ചതും തുടങ്ങി എത്രയെത്ര വീരസാഹസിക സമരമുഖങ്ങൾക്കു വഴിയൊരുക്കി 84 ലെ ആ സമരം നടക്കുമ്പോൾ എപ്പോഴും എല്ലായിടത്തും ആക്ഷൻപ്ലാനും പ്രയോഗവും എല്ലാംനടത്തി നീങ്ങിയ നേതൃനിരയിൽ ടോമിന്റെ ഓഹരി എത്ര വലുതെന്നു നിർവ്വചിച്ചുപറയുക പ്രയാസം. ഈവിധമായ രാഷ്ട്രീയ നീക്കങ്ങൾക്കൊക്കെ പിൻബലമായിരുന്നത് ഒരു നൂതന ആദ്ധ്യാത്മികതയായിരുന്നു. "Contemplatives In Action" എന്നു സംഘം സ്വയം നിർവ്വചിച്ചു നീങ്ങിയ ആ സമരപ്രസ്ഥാനത്തിൽ വളരെ പ്രസക്തമായ നിരവധി കാഴ്ചപ്പാടുകൾ വിരിഞ്ഞത് സംഘനേതൃത്വങ്ങളുടെ കൂടിയിരിയ്ക്കലിലൂം പങ്കുവയ്ക്കലിലൂം സമരമുഖത്തുനിന്നുള്ള പ്രാർത്ഥനാജപങ്ങളിലും ആയിരുന്നുവെന്നു തീർച്ച. 81-ൽ നടന്ന സമരം അവസാനിച്ചപ്പോൾ ഈ മത്സ്യമേഖലയിലെ ആദ്യ കാലംമുതലുള്ള പ്രവർത്തകയും പഠനപ്രസിദ്ധീകരണങ്ങൾ നിരവധി കൊണ്ടുവന്നയാളുമായ Ms. നളിനി നായക് എഴുതിയ ഒരു കുറിപ്പ് എന്റെ കൈയ്യിലെ വിലപിടിച്ച ഒരു മുതലാണ്. നളിനി എഴുതി.

Dear Jose, Tom, James, Augustine and Paul

The agitation has come to a temporary halt after discussions with the minister for which everybody is glad. But nobody regrets a minute of those days of





action which have brought to light many positive things which proves that only real involvement can build the revolutionary consciousness in the real sense of the term.

I want to thank you, as priests, for what you did, for the stand you took. It is a sign of hope to us lay christians, that even in India where we are the minority, we can enter the liberation struggle supported by our faith and the 'institution'. Yes I say the 'institution, the church' because this was another realization during the struggle. Despite the fact that the people and we would have liked the Bishop to support the cause nobody seemed to worry that he didn't.

Nobody's faith or hope or committment was shattered because he didn't. It was the bishop and others who probably were more keen to disqualify the struggle because it was led by defrocked priests and openly came out with a statement against the people who claim they too are christians- as they did about P.C.O. They couldn't stomach the fact that the Sunday services were also moments when people were encouraged to take part in the agitation and when they prayed for its success.

As the struggle has proved, this is the Church where the fast was not symbolic, where the places of worship were where the people were, the shed, the police camp, under the burning sun at the railroad,the airport, the Secretariate.



This is the new life, faith and the new church which has to be kept alive to face the struggle that still awaits us. On the one hand therefore is the larger need to develop the political base, on the other is the fact of transforming the faith and religious fervour of people into something meaningful and to nourish it as it deserves. We look forward to seeing you back when you feel strong again to see you really animated by your desire to live what you believe.

love,
Nalini

സംഘരീതികളുടെ അത്യുച്ചസ്ഥായിയായ അനുഭവം 1984ലെ സമര മുഖത്ത് ആയിരുന്നു. സന്യാസിനികൾ രണ്ടുപേർ. Assumption - ലെ സിസ്റ്റർ ആലീസ് ലൂക്കോസ് കോഴിക്കോട്ടും Medical Mission-ലെ സിസ്റ്റർ ഫിലമിൻ മേരി തിരുവനന്തപുരത്തും അനിശ്ചിതകാല നിരാഹാരസമരം മരണം വരെ എന്നു പ്രഖ്യാപിച്ചു വന്നപ്പോൾ ഉയർന്നു വന്ന ഒരു വിവാദം പ്രസിദ്ധ Moralist ഫാ. പൊടിമറ്റം ഒരു പുസ്തകത്തിലാക്കിയിട്ടുണ്ട്. അദ്ദേഹം തന്നെ സമര പശ്ചാത്തലത്തിൽ മറ്റൊരു പുസ്തകവും എഴുതിയതായി ഓർക്കുന്നു, അനുസരണത്തെക്കുറിച്ച്. പിന്നെയും കേരളത്തിൽ ഈ കാലയളവിൽ വിമോചന ദൈവശാസ്ത്രത്തെക്കുറിച്ച് ഡോക്ടറൽ തീസീസ് എഴുതിയ വരൊക്കെയും മത്സ്യത്തൊഴിലാളിസമരത്തെ ഉപദംശിച്ചിട്ടുണ്ട്. ആ കാലയളവിൽ ഫെഡറേഷൻ സംഘത്തിനൊപ്പം നിന്ന് ടോം ഉദ്ദേശിച്ച നിരവധി കാര്യങ്ങൾ വിശദാംശങ്ങളിലേക്ക് ഈ ലേഖനത്തിൽ കടക്കുക വയ്യ. സൂചിപ്പിച്ചു മാത്രം നീങ്ങുന്നു. സി. ആലീസ് ലൂക്കോസ് ഇന്ത്യൻ എക്സ്പ്രസ്സിനു കൊടുത്ത Interview ആദ്യമായി ആ പ്രയോഗം എടുത്തിട്ടു Fast unto Death. ആ സമരം അവസാനിയ്ക്കുമ്പോൾ സിസ്റ്റർ ഫിലമിൻ മേരി ആ പ്രയോഗത്തിന്റെ പ്രായോഗികതകളിലേക്കു നിരാഹാരസമരത്തെ കൊണ്ടുചെന്ന് എത്തിച്ചു. സെക്രട്ടറിയേറ്റു നടയിൽ നിന്ന് അറസ്റ്റ് ചെയ്യപ്പെട്ട് "Medical College"- ലേക്കു മാറ്റപ്പെട്ട സിസ്റ്റർ ഫിലമിൻ നിർബന്ധിച്ചു Forced Feed കൊടുക്കുന്നതിനു വഴങ്ങാതെ ഹൈക്കോടതിയിൽ 'Habeascorpus' ഹർജി ഫയൽ ചെയ്ത് വീണ്ടും സെക്രട്ടറിയേറ്റു നടയിലേക്കു വന്നപ്പോൾ സന്യാസ സഭയ്ക്ക് അതു പ്രശ്നമായി. ഫിലമിൻ മേരി മരിച്ചാൽ എന്നതു പ്രശ്നമായി. അവരുടെ സന്യാസസഭയുടെ ഡിസ്ട്രിക്ട് അധികാരികൾ മുഴുവൻ സെക്രട്ടറിയേറ്റ് നടയിൽ സിസ്റ്ററിന് ചുറ്റുമിരുന്നു. അവർ ഫിലമിനോടു ചോദിച്ചു "To whom do you belong to us or to Union?" വിശപ്പിന്റെ തീവ്രതയുടെ 20 - നു മേൽ ദിവസങ്ങളിൽ എരിഞ്ഞു നില്ക്കുന്നതിനിടയിലും Sr. Philomine പറഞ്ഞു, You taught me to make community with people. And here I am with the people. You better ask them. ഇങ്ങനെ ഒരുപിടി Interaction കൾക്കിടയിൽ കോട്ടയത്തെ ഡിസ്ട്രിക്ട് അധികാരി ഒരു പാതിരായ്ക്കു ഞങ്ങളെ പിടികൂടി.





പെരുമഴയത്ത് വാടി കടപ്പുറത്തുനിന്ന് തിരുവനന്തപുരം സെക്രട്ടറിയേറ്റു പടിയ്ക്കലേയ്ക്ക് ഒരു പകലുകൊണ്ട് നടന്നെത്തി സെക്രട്ടറിയേറ്റു കവാടങ്ങളുടെ തടയൽ സമരത്തിനുശേഷം PCO യുടെ ഹാളിൽ തളർന്നുറങ്ങുന്ന ഞങ്ങൾ നേതൃസംഘാംഗങ്ങളെ കാണണമെന്നു പറഞ്ഞു സിസ്റ്റർ ജൊസീറ്റാ വന്നു. ടോം ഞങ്ങളെയൊക്കെ വിളിച്ചുണർത്തി. പാതിരാവു കഴിഞ്ഞ് ഒരു ചർച്ചയ്ക്ക്. സിസ്റ്ററിന്റെ കണ്ണുകളിൽ നിന്ന് കുടുകുടാ കണ്ണുനീർ ഒഴുകുന്നു. ഒത്തിരി മൗനം കഴിഞ്ഞപ്പോൾ സിസ്റ്റർ ചോദിച്ചു. ഫിലമിന്റെ ശവശരീരമെങ്കിലും നിങ്ങൾ ഞങ്ങൾക്ക് വിട്ടുതരുമോ?

ആരുത്തരം പറയാൻ. ഞങ്ങളും നിശബ്ദരായി. ടോം എഴുന്നേറ്റ് ഓഫീസിലേക്കു പോയിവന്നു. കയ്യിൽ ഒരു പുതിയനിയമവും ആയി. അതുതുറന്ന് കുറേ ഉദ്ധരണികൾ വായിച്ചു കേൾപ്പിച്ചു. പീഢാനുഭവ വഴികളിലെ യേശുവിന്റെ പരീക്ഷണങ്ങളായിരുന്നു ടോം വായിച്ചത്. അവസാനം ഗദ്സമനിലെ രക്തം വിയർക്കുന്ന ഭാഗവും.

“പിതാവെ, കഴിയുമെങ്കിൽ ഈ പാനപാത്രം എന്നിൽ നിന്ന് അകന്നു പോകട്ടെ. എങ്കിലും എന്റെ ഇഷ്ടമല്ല. നിന്റെ ഇഷ്ടം നിറവേറട്ടെ” അവിടെ ആ രാത്രിയാലോചന സമാപിച്ചു. ഉരുണ്ടുവീണ കണ്ണീർ തുടച്ച് ജൊസീറ്റ പിൻവാങ്ങി.

ഓരോഘട്ടത്തിലും സംഘംചേർന്നുനിന്ന് പാഠംവായിക്കലും, ചിന്തപങ്കുവയ്ക്കലും പ്രാർത്ഥിക്കലും അപ്പം മുറിയ്ക്കലും എല്ലാമെല്ലാം ഈ സമരമുഖത്ത് ഞങ്ങളുടെ പ്രത്യേകതകളായിരുന്നു. സമരമുഖത്ത് മരണംവരെ ഉപവസിയ്ക്കുവാൻ സന്നദ്ധരായവരെ തെരഞ്ഞെടുക്കുമ്പോഴും സമരത്തിന്റെ ഭാഗമായി പർസീൻ കത്തിയ്ക്കാൻ തീരുമാനിയ്ക്കുമ്പോഴും നീണ്ടകര അഴിമുഖത്ത് ബോട്ടുകാരുടെ താവളത്തിലേയ്ക്ക് മാർച്ച് സംഘടിപ്പിയ്ക്കുമ്പോഴും, “ജലം സംരക്ഷിയ്ക്കൂ; ജീവൻ രക്ഷിയ്ക്കൂ” എന്നു നിലവിളിച്ച് കന്യാകുമാരി മാർച്ച് സംഘടിപ്പിയ്ക്കുമ്പോഴും സമരലക്ഷ്യങ്ങൾ ഒന്നുപോലും നേടാൻ ആവാതെ സമരങ്ങൾ നിർത്തിവയ്ക്കുമ്പോഴും എല്ലാം കൂട്ടായചിന്തയും പ്രാർത്ഥനയും തീരുമാനമെടുക്കലുമെല്ലാം ഒരു കാലത്ത് ഫെഡറേഷന്റെ പ്രത്യേകതയായിരുന്നു.

വിശ്വാസത്തിന്റെ ജനകീയകൂട്ടായ്മയായ സഭാസമൂഹത്തിന്റെ ഈ വക ആവിഷ്ക്കാരങ്ങൾക്ക് ജനത്തോടൊപ്പം കൂടാരമടിയ്ക്കുകയും അവരുടെ പുറപ്പാടിൽ സഹയാത്രികനാവുകയും ചെയ്യുന്ന ദൈവത്തിന്റെ സ്വരൂപ ബോദ്ധ്യങ്ങൾ കൊണ്ടുനടന്ന ടോം വിമോചന ദൈവശാസ്ത്രക്കാരുടെ കേരളത്തിലെ ആദ്യപ്രയോക്താക്കളിൽ ഒരാളായിരുന്നു എന്നു തീർച്ച.

പില്ക്കാലങ്ങളിൽ എവിടെയൊക്കെയോ പാളിച്ചകൾ സംഭവിച്ചപ്പോഴും ജനത്തിന്റെ വിടുതലിനെക്കുറിച്ച് എന്നും വീരസാഹസികതകളോടെ അവസാനശ്വാസം വരെയും പ്രവർത്തിച്ചു നിന്നു എന്നു മേന്മ ടോമിന് അവകാശപ്പെട്ടതു തന്നെ.

ഒളിപ്പോരാളിയായി മരിച്ച നെസ്റ്റർപാസിന്റെ 'My Life for My Friends'. 'My Life for My Fish workers' എന്നു തിരുത്തി ടോമിന്റേതാക്കിക്കുറിയ്ക്കാം എന്നു എനിക്കു തോന്നുന്നു. അവസാനമവസാനം വിമോചകധാര അതുതന്നെ–ആ നസറായന്റെ 'My Life for Others.' റൂമിയുടെ കല്ലറയിലെ ആ ഫലകക്കുറിപ്പ് (നസറായന്റെ കല്ലറയിലേതുംഅതാണല്ലോ) ടോമിനു വേണ്ടി ഞാൻ ഉദ്ധരിയ്ക്കട്ടെ.

മൃതരായവരെ ഭൂമിയിലെ കുടീരങ്ങളിൽ നിങ്ങൾ തിരയേണ്ട.

മനുഷ്യമനസ്സുകളിൽ (ടോമിന്റെ കാര്യത്തിൽ മത്സ്യത്തൊഴിലാളികളിൽ) അവരെ തിരയൂ".



# 1.2 കടലിന്റെ മക്കളുടെ ജീവനവും അതിജീവനവും

കൃത്യമായും എന്റെ ജീവിതത്തിലെ സമരാനുഭവങ്ങളിൽ തുടങ്ങാം. വികസനത്തിന്റെ വിനാശം പരമ്പരാഗതക്കാരനെ വെണ്ണീറാക്കിയ ഒരുപിടി സന്ദർഭങ്ങളിൽ തൊഴിലാളിയോടൊപ്പം ഇറങ്ങിനിന്ന ഒരുപിടി പ്രസ്ഥാനങ്ങളോട് ചേർന്ന് നിന്ന് പൊരുതിയ അനുഭവവും ആ സന്ദർഭങ്ങളിലൂടെയുള്ള മത്സ്യമേഖലയുടെ – മത്സ്യത്തൊഴിലാളിയുടെ ചില തിരിച്ചറിവുകളും നിങ്ങളുടെ മുമ്പിൽ പങ്കുവയ്ക്കാനുള്ള ഒരു തയ്യാറെടുപ്പിലാണ് ഞാൻ.

മത്സ്യമേഖലയിൽ ഞാൻ എത്തിവരുന്നത് കൊല്ലം സോഷ്യൽ സർവ്വീസ് സൊസൈറ്റി എന്ന സംഘടനയുടെ ആലപ്പുഴ മേഖലയുടെ ചുമതലക്കാരൻ എന്ന നിലയ്ക്ക്. 1974 കളിൽ ബാങ്കുകളിൽ നിന്ന് DIR വായ്പകൾ സംഘടിപ്പിച്ചു കൊടുക്കുന്ന ഘട്ടത്തിലാണ്. മുപ്പത്തിയാറ് യൂണിറ്റുകളിൽ ആറ്റുതീര/കായലോര തൊഴിലാളികൾക്ക് വലയും വള്ളവും സംഘടിപ്പിച്ചു കൊടുക്കുന്ന ഘട്ടത്തിലാണ്. വായ്പാതിരിച്ചടവിന്റെ സമയം വന്നപ്പോൾ തൊഴിലാളികൾ പരാതിപ്പെട്ടു. ഉൾനാടൻ മേഖലയിൽ പണിയില്ല. പണി ചെയ്താൽ ഫലമില്ല. മീനില്ലാതെ വന്നാൽ വായ്പാ തിരിച്ചടവ് എങ്ങനെ? ജലാശയങ്ങൾ നിറയെ വിഷമാലിന്യങ്ങൾ. നെല്ലിനും തെങ്ങിനും കശുമാവിനും ഒക്കെ കരയ്ക്കു വിതറുന്ന രാസവള/കീടനാശിനി വിഷവസ്തുക്കൾ വെള്ളത്തിൽ കലരുമ്പോൾ മത്സ്യസമ്പത്ത് പാടെ കുറയുന്നു. ആരോടും പറഞ്ഞു സമർത്ഥിയ്ക്കാൻ ആകാതെയിരുന്ന ഈ വസ്തുത  തെളിവായത് 1991ൽ പൂക്കോട്ടു തടാകം തുടങ്ങി ശുദ്ധജലാശയങ്ങളിൽ മത്സ്യങ്ങൾക്കാകെ രോഗം ബാധിച്ചപ്പോഴാണ്.

പുണ്ണു പിടിച്ച് മാംസം വാർന്നൊഴുകി പിടിയ്ക്കാനും തിന്നാനും വഴിയില്ലാതെ പരമ്പരാഗതക്കാരൻ മാസങ്ങളോളം പട്ടിണി കിടന്നപ്പോൾ കേരള സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷന്റെ ഉൾനാടൻ മേഖല പ്രചരണജാഥയും സെക്രട്ടേറിയേറ്റ് പടിക്കൽ നിരാഹാര സമരവും കഞ്ഞിവെപ്പു സമരവും ഒക്കെയായി വന്നപ്പോൾ മാത്രം സർക്കാരിനും പൊതുജനങ്ങൾക്കും ജലാശയ മലിനീകരണവും അതുവഴി പരമ്പരാഗത മത്സ്യമേഖലയ്ക്ക് വന്ന് കൂടിയ വികാസ വിനാശവും ഉറപ്പായി. അതിനു മുൻപേ 1989 ഏപ്രിൽ–മെയിൽ ദേശീയ സംഘടനയായ നാഷണൽ ഫിഷ് വർക്കേഴ്സ് ഫോറം ഇന്ത്യയുടെ കിഴക്കൻ തീരത്തുകൂടെയും പടിഞ്ഞാറൻ തീരത്തുകൂടെയും രണ്ടു ജാഥകൾ കന്യാകുമാരിയിൽ ഏകോപിപ്പിച്ച് “Protect Water Protect Life” (ജലം സംരക്ഷിയ്ക്കൂ ജീവൻ രക്ഷിയ്ക്കൂ) എന്ന് അവകാശപ്പെട്ടപ്പോൾ കന്യാകുമാരിയിൽ സർക്കാർ നല്കിയത് വെടിയുണ്ടകൾ ആയിരുന്നു.





വികസനത്വര പരമ്പരാഗതമേഖലയെ ഹനിക്കുന്നതിന്റെ പൂർണ്ണ ചിത്രങ്ങൾ അന്നു കണ്ടുതുടങ്ങിയതിന്റെ രണ്ടാംഘട്ട രൂപങ്ങൾ ഒരുപക്ഷേ 2013–ലെ മഹാപ്രളയത്തിനുശേഷം കേരളത്തിന്റെ മണ്ണു മുഴുവൻ വിഷലിപ്തമായി കൃഷിയോഗ്യമല്ലാതായിരിക്കുന്ന ഘട്ടത്തിലെത്തിയപ്പോൾ മാത്രം മുഴുവൻ മണ്ണും ജലവും ഒരുപോലെ വിഷലിപ്തമായി സർവ്വവിനാശത്തിന്റെ വാതിൽപ്പടിയിൽ കേരളജനത എത്തിനില്ക്കുന്നുവെന്നുണ്ടോ? അങ്ങനെ സംഭവിക്കാതിരിക്കട്ടെ.

സംഘടിത പ്രസ്ഥാനങ്ങളിലേക്ക് കടന്നുവന്ന പരമ്പരാഗത മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ ജീവിതസാഹചര്യങ്ങൾ പരിചയിക്കുമ്പോൾ 91ലെ സെക്രട്ടറിയേറ്റ് ഉപവാസപ്പന്തലിൽ വന്ന പ്രൊ. ഒ.എൻ.വി. കുറുപ്പ് രചിച്ച ഒരു കവിതയുണ്ട്. ദശാവതാരത്തിലെ ദൈവാവതാരമായ മത്സ്യത്തിനും രോഗം ബാധിച്ച അവസ്ഥയെ കൃത്യമായി അവതരിപ്പിയ്ക്കുമ്പോൾ മത്സ്യമേഖലയിലെ ആറ്റിലും തോട്ടിലും കടലിലും കായലിലും പണിയെടുക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് മത്സ്യം ദൈവമാണ്. കടൽ അമ്മയും. വിശക്കുന്ന വയറിന് കഞ്ഞിയാണ് ദൈവരൂപം എന്നുപറഞ്ഞത് ഈയിടെ മരിച്ച പ്രശസ്ത ശാസ്ത്രജ്ഞനും മത്സ്യത്തൊഴിലാളി സഹകാരിയുമായിരുന്ന സാമുവൽ രായൻ അച്ചൻ. നേരത്തെ രാഷ്ട്രപിതാവ് ഗാന്ധിജി പറഞ്ഞിരുന്നത് “To the hungry man god appeares in the form of bread”

അതൊരു ബന്ധുതയാണ്. അടിസ്ഥാനപരമായിട്ട് കടലിൽ ഇറങ്ങി മീൻ പിടിക്കുന്ന തൊഴിലാളിക്കും കാട്ടിലിറങ്ങി കനിതേടുന്ന കാട്ടുമനുഷ്യനും അവരുടെ ജീവനസാഹചര്യങ്ങളെ നിർവ്വചിക്കുന്നത്... Native American Chief സിയാറ്റിന്റെ പ്രയോഗങ്ങൾ നമുക്ക് പരിചിതമാണല്ലോ. കാടും കടലും മീനും മനുഷ്യനും എല്ലാം ഒരു ബന്ധുതയാണ് തന്നെ.

കടലിലിറങ്ങുന്ന തൊഴിലാളി ഒരു ആരാധനയ്ക്ക് ഇറങ്ങുന്ന കൃത്യതയോടെ ആദരവോടും വിനയത്തോടും സുകൃതത്തോടും കൂടെ ഇടപെടുന്ന പ്രകൃതങ്ങൾ നോക്കിക്കാണാവുന്നതും ചെമ്മീനിലെ പാട്ടിൽ പറഞ്ഞുവച്ചിട്ടുള്ളതും ആണല്ലോ.

അരയത്തിപ്പെണ്ണ് തപസിരുന്നു
അവനെ കടലമ്മ കൊണ്ടുവന്നു
അരയൻ തോണിയിൽ പോയാലെ...
അതൊരു കഥമാത്രമല്ല, വിശ്വാസവും ആയിരുന്നു.
അനുഭവങ്ങളിലേയ്ക്ക് വന്നാലോ
കടലിൽ വഞ്ചിയിറക്കുന്നിടത്ത്,
ഉൾക്കടലിൽ വലവിരിച്ച് കാത്തിരിക്കുന്നിടത്ത്,
തുഴമുട്ടിച്ച് കടലിളക്കം കേട്ടിരിക്കുന്നിടത്ത്,

അന്വേഷണങ്ങളുടെയും കണ്ടെത്തലുകളുടെയും ആ ദൈവാനുഭൂതി ഗ്രഹിക്കുന്നതിന് കൊല്ലം വാടി കടപ്പുറത്തെ ആൻഡ്രൂസ് “കടൽമുത്ത്” എണ്ണിയാൽ തീരാത്ത നൊമ്പരങ്ങളും, റോബർട്ട് പനിപ്പിള്ളയുടെ കടലറിവും

നേരനുഭവങ്ങളും, ഫാ. ആൽബർട്ട് പരിശവിളയുടെ കരുണയുടെ പോരാളി എന്ന സ്മരണികയും, സ്ത്രീത്തൊഴിലാളികളുടെ മനക്കരുത്ത് കഥകൾ പറഞ്ഞു വയ്ക്കുന്ന സിസ്റ്റർ തെർമയുടെ ഗ്രന്ഥവും തുടങ്ങി എത്ര എത്ര അനുഭവങ്ങൾ വേണമെങ്കിലും ഉദാഹരിക്കാവുന്നതാണ്.

മത്സ്യനേരനുഭവങ്ങൾ കൊല്ലം കടപ്പുറത്ത് വാടി–മുതാക്കര ഊരുകാരുടെ വഴക്കും അടിപിടിയും കൊലപാതകം വരെ എത്തിയ സംഭവത്തിൽപെട്ട അനുഭവമാണ്. വഴക്ക് ഒത്തുതീർപ്പിലാക്കി കടലിൽ വഞ്ചിയിറക്കിയ ആദ്യദിവസം തന്നെ കടലിൽ നടന്ന അപകടമരണം ഒരനുഭവം ആണ്. കടലിൽ തല്ലുണ്ടാക്കും എന്ന് ആശങ്കപ്പെട്ട നേതാക്കളോട് തൊഴിലാളികൾ പറഞ്ഞത് ചങ്കിൽ അന്ന് തറച്ചു. "ഇല്ല കടലിൽ ഞങ്ങൾ തല്ലുകൂടില്ല. കടൽ അമ്മയാണ്." മുതാക്കര തൊഴിലാളിയുടെ ജഡം കരയ്ക്കു കൊണ്ടുവന്നത് വാടിയിലെ തൊഴിലാളികൾ.

ബന്ധുതയുടെ ആചരണങ്ങളിൽ പില്ക്കാലത്തും നിരവധി അനുഭവങ്ങളുണ്ട്. മുഖ്യമായ ഒന്ന് വാടികടലിൽ ഉള്ളിലായി അംഗീകാരമില്ലാതെ ഇറങ്ങിയ പഴ്സീനർ കത്തിക്കാൻ മുന്നിൽ നിന്ന കരുനാഗപ്പള്ളിയിലെ തൊഴിലാളികൾക്കു മുഴുവനും അവരുടെ വള്ളങ്ങൾക്കും രാത്രി അഭയം കൊടുത്ത വാടി–മുതാക്കര ദേശത്തെ തൊഴിലാളികളുടെ ബന്ധുതയാണ്.

കടലിലേക്ക് വള്ളമിറക്കുമ്പോൾ അത് മൺസൂൺ കാലത്ത് വലിയതുറ കടൽപ്പാലത്തിൽ നിന്ന് തിരയ്ക്കപ്പുറം ചാടി കട്ടമരം വലിച്ചെറിഞ്ഞു പിടിച്ച് മീൻപിടിയ്ക്കാൻ പോകുന്ന സാഹസികതയുടെ നേരങ്ങളിലും കടലിന്റെ മടിത്തട്ടിലേക്ക് ഭയംകൂടാതെ ചാടിനീന്തുന്ന തൊഴിലാളിയുടെ ബന്ധുതയുടെ ആചരണങ്ങൾ എത്രയെങ്കിലും ശ്രേഷ്ഠമായ അനുഭവമാണ്. അത് ഉൾക്കൊള്ളുന്ന സാഹസികതയും വിശ്വാസവും മനക്കരുത്തും അലിവും ആർദ്രതയും എന്നു വേണ്ട തൊഴിലും തൊഴിലിടവും തൊഴിലാളിയും അനുവർത്തിക്കുന്ന ബന്ധുതയുടെ അനുഭവം പ്രകൃതി മുഴുവനോടുമാണ്. തൊഴിലാളികൾ അടക്കമുള്ള മനുഷ്യകുലം മുഴുവനോടും അതിനപ്പുറം പ്രപഞ്ചത്തോടു മുഴുവനും ആണ്.

അവിടെത്തന്നെ ഒരുപക്ഷേ പ്രശ്നങ്ങളും ഉണ്ടാവുന്നതാണ്. കേരളത്തിന്റെ മത്സ്യത്തൊഴിലാളികൾ മുഖ്യമായും മൂന്നു സമുദായക്കാരാണ്. ധീവര–മുസ്ലീം–ലത്തീൻ കത്തോലിക്കാ സമുദായങ്ങൾ. സമുദായങ്ങൾ വേറിട്ടുനിന്ന് പെരുമാറിയ ഒരു കാലയളവിൽ സമുദായ മൂപ്പൻമാരോട് ഉള്ള ബന്ധുതയുടെ ആഴം ആഴിയോളമായിരുന്നു എന്ന് തീർച്ച. ഒരു പ്രാകൃത പ്രാപഞ്ചിക വ്യവസ്ഥാപന ക്രമത്തിൽ മത്സ്യബന്ധനവും വിപണനവും എല്ലാം നടത്തിവന്ന ആ കാലയളവ് ഏറെയും കുത്തകാധിപത്യത്തിന്റേതായിരുന്നു. ആരാ നിങ്ങടെ നേതാവ്? എന്താ നിങ്ങടെ പരിപാടി? എന്ന ചോദ്യത്തിന് പള്ളീലച്ചനും അമ്പലക്കമ്മിറ്റിയും മുസ്ലീം പുരോഹിതനും എന്നു പറഞ്ഞുനിർത്തേണ്ടിയിരുന്ന ഒരു കാലം. അത് ഭയങ്കര ചൂഷണത്തിന്റേതായിരുന്നു എന്നു പറഞ്ഞാൽ അതിശയോക്തിയില്ല. കടൽത്തീരത്തെ ഉത്തുംഗ ഗോപുരങ്ങളും സമ്പന്ന ഭവനങ്ങളും ഉത്സവാഘോഷങ്ങളും ഒരു വശത്ത്. മറുവശത്ത് "ചെമ്മീനിനരവയറ്

ചാളയ്ക്ക് വായ്ക്കരി, ചാളേലെകഞ്ഞിക്ക് കണ്ണീരുപ്പ്."

എന്ന അനുഭവം നൂറ്റാണ്ടുകളുടേതായിരുന്നു. ആണ്ടോടാണ്ട് മൺസൂണും കടലെടുപ്പും വേനലും കുടിലുകളാകെ കത്തിയെരിയലും വള്ളവും വലയും നഷ്ടമാകലും മഹാമാരിയും സാംക്രമികരോഗങ്ങളും ആകെ ഒരു കണ്ണീർക്കടൽ. ഇത് വറ്റാറില്ല എന്നതു പോകട്ടെ, ശാന്തമാകാറുപോലുമില്ല. ഇത്തിരിയിത്തിരി വ്യത്യാസങ്ങൾ കണ്ടുതുടങ്ങിയത് നമ്മുടെ ഓർമ്മമുറ്റത്തു മാത്രമാണ്.

1979 രണ്ടാംമാസം ഫാ. പോൾ അറയ്ക്കൽ ആദ്യമായി സംസ്ഥാന തലത്തിൽ ഒരു ജാഥയും സെക്രട്ടറിയേറ്റ് നടയിൽ ഒരു ദിവസത്തെ നിരാഹാരം അനുഷ്ഠിച്ചതുമാണ് സംഭവം. അതിനു മുൻപേ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ രൂപം കൊണ്ട മത്സ്യത്തൊഴിലാളി സംഘങ്ങൾ, കോൺഗ്രസ്സിന്റേതും പിന്നീട് പള്ളി/ധീവര/മുസ്ലീം സമുദായങ്ങളുടേതും ആയ സംഘങ്ങൾക്ക് യൂണിയൻ പേരുകൾ ഉണ്ടായിരുന്നു. പക്ഷേ പ്രകൃതിയ്ക്കും ദൈവത്തിനും പൂജാരിയ്ക്കും അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കും തീറെഴുതിയ ഒരു സമൂഹമായിരുന്നു മത്സ്യത്തൊഴിലാളികളുടേത്. അതിനകത്തു നിലനിന്ന ചൂഷണങ്ങളുടെ കഥകൾ വർണ്ണിയ്ക്കാൻ ആരെങ്കിലും ഉണ്ടാവുമോ എന്ന് അറിയില്ല. സൈമൺ ആശാന്റെ പിൻമുറക്കാരനായി കടപ്പുറത്ത് ശ്രീ. ഇ.ജി. പീറ്റർ എന്ന ഒരു വൃദ്ധനുണ്ടായിരുന്നു. സമരമുഖത്തിരുന്ന് കാരണവർ രചിച്ച "അലറുന്ന അലയാഴി" എന്ന ഒരു കൊച്ചു സമരഗാന പുസ്തകവുമുണ്ട്.

അതിലെ ആദ്യശീല് ഇങ്ങനെ:
"തങ്ങൾക്കായൊന്നും പ്രവർത്തിക്കാനാവില്ല
ഞങ്ങൾക്കുവേണ്ടി മറ്റാരെങ്കിലും വരും
എന്നുള്ള ചിന്തയിലിന്നുമീ നൂറ്റാണ്ടിലുമുണ്ട്
തൊഴിലാളി വർഗ്ഗത്തിലീത്തികൾ
നിങ്ങൾക്കു നിങ്ങളല്ലാതെ മറ്റാരുമില്ലെ
ന്നുള്ളതോർക്കൂ, ഇറങ്ങൂ രണാങ്കണെ
വീണ്ടും കേൾക്കുക മാളോരെ ചൊല്ലീടാമല്പം
മീൻ പിടിയ്ക്കുന്നോന്റെ പണ്ടത്തെ കഥകൾ
ഈ പണക്കാര് പാവങ്ങളായ ഞങ്ങളെ ചാട്ടവാറാലടിച്ചന്ന്
തീരത്തെ പള്ളികളും മുതലാളിമാരും
മിണ്ടാതെ മിണ്ടാതെ കൈകോർത്തു നിന്നു.
മുതലാളിയ്ക്കന്നു അൽപം നീരസം വന്നാൽ
പാവങ്ങൾ ഞങ്ങളുടെ കുടിലു പൊളിയ്ക്കും
ഈ അനീതിയ്ക്കെതിരായി ചലിയ്ക്കാൻ
ഇടയന്മാരാരും മുന്നോട്ടു വന്നില്ല."
സാമൂഹിക യാഥാർത്ഥ്യത്തിന്റെ ആ ചിത്രംവര മനസ്സിലാകുമല്ലോ.
"വൃദ്ധന്റെ വിലാപം" എന്നൊരു ഗാനമുണ്ട്.
പണ്ടു തീരക്കടൽ തിങ്ങി കിടന്നൊരു
മത്സ്യത്തിൻ കൂട്ടം എവിടെന്റെ മക്കളെ
അന്നു തീരത്ത് കളിയാടി വന്നൊരു
ഐശ്വര്യദേവിയെവിടെയെന്റെ മക്കളെ
എന്നു തുടങ്ങി പൂവാലൻ ചെമ്മീൻ
കരിക്കാടി ചെമ്മീൻ ചാളേടെ കൂട്ടം
നെയ്ക്കുള്ളമത്തി അയലതൻ കൂട്ടം

ചക്കൻ തിരി എന്നു തുടങ്ങി പീറ്റർ ചേട്ടൻ എണ്ണിവരുമ്പോൾ കൊല്ലം കടപ്പുറത്തെ ചൂണ്ടത്തൊഴിലാളി ആൻഡ്രൂസ് ചേട്ടൻ കൃത്യമായി പറയും. "കൊല്ലം കടലോരത്ത് വളരെയധികം മത്സ്യങ്ങൾ പരമ്പരാഗത മത്സ്യബന്ധന ഉപകരണങ്ങളുപയോഗിച്ചു പിടിച്ചിരുന്ന ആ പഴയകാലം ഇങ്ങിനി വരാതെവണ്ണം കടന്നുപോയി. മത്സ്യവംശത്തിന്റെ നാശം വരുത്താതെ കടൽപ്പുറത്തിന് ഉത്സവം പ്രദാനം ചെയ്ത് കൊല്ലം കടലോരത്തെ നയിച്ചിരുന്ന വിവിധയിനം മത്സ്യങ്ങൾ ചുവടെ ചേർക്കുന്നു."

കടൽമുത്ത്: പരവ, താട തുടങ്ങി 244 മത്സ്യങ്ങളുടെ പേരുകൾ ആൻഡ്രൂസ് ചേട്ടന്റെ കടൽമുത്തിലുണ്ട്. അദ്ദേഹം സമാപിപ്പിക്കുന്നു. ഇവയിൽ ഏതാണ്ട് ഇരുപതിന മത്സ്യങ്ങൾ ഒഴികെ ബാക്കിയുള്ള മത്സ്യങ്ങളെവിടെ? ആർക്കറിയാം? ഈ വക പാരമ്പര്യ പശ്ചാത്തലങ്ങളിൽ വെണ്ണീറായിക്കൊണ്ടിരുന്ന മത്സ്യത്തൊഴിലാളി ശബ്ദിക്കാനും കാലാന്തരത്തിൽ ഗർജ്ജിക്കാനും ഒക്കെ ഇടയായ കഥകൾ ഈ തൊഴിലാളിവർഗ്ഗത്തിന്റെ അതിജീവനത്തിന്റെ കഥയാണ്.

1–2–1979 ൽ സമര അറിയിപ്പ് നടത്തി 15–2–79ൽ സെക്രട്ടറിയേറ്റു നടയിൽ ഫാ. പോൾ അറയ്ക്കൽ ഒരു ദിവസം നിരാഹാരമിരുന്നു. കാട്ടൂർ ബാബുവിന്റെ അച്ചാണി വള്ളം നശിപ്പിച്ച് ബാബുവിനെ കൊന്ന സംഭവം അടിസ്ഥാനമാക്കി കടൽമേഖലയ്ക്കും കടൽ സമ്പത്തിനും തൊഴിലാളിയുടെ ജീവന്റെ നിലനിൽപ്പിനും വേണ്ടി LCFF എന്ന സമുദായസംഘടന തുടങ്ങിവച്ച സംസ്ഥാനതല സംഘാടനവും അവകാശ സമരരൂപങ്ങളും ഇന്ന് എത്തിനിൽക്കുന്നത് LCFF രൂപത്തിൽ നിന്ന് ഏഴാം കടലും കടന്നിട്ടാണ് എന്ന് പറഞ്ഞുപോകാം. എങ്കിലും അതിന്റെ കൃത്യതകൾ വിലയിരുത്തേണ്ടത് സംഘടനയുടെ ഇന്നത്തെ നേതാക്കളും വിമർശക സമൂഹവുമാണ്.

കൊച്ചി കടപ്പുറത്ത് അച്ചാണി വള്ളത്തിന്റെ അണിയം പൊക്കി ബോണറ്റിൽ വച്ചുകെട്ടി തിരുവനന്തപുരത്ത് ആഭ്യന്തരമന്ത്രിയുടെ വസതിയിലേക്ക് നടത്തിയ സമരപ്രചരണജാഥ പരമ്പരാഗതത്തൊഴിലാളിയുടെ സമരാവേശം ആയിരുന്നു. അപ്പോഴും അത് ഒരു സമുദായത്തിന്റേതു മാത്രമായിരുന്നു. ലത്തീൻ കത്തോലിക്കാ മത്സ്യത്തൊഴിലാളി ഫെഡറേഷന്റെ ജില്ലാതല യൂണിയനുകളുടെ കൂട്ടിക്കെട്ടിയ ഒരു സംഘമായിരുന്നു. പക്ഷേ മത്സ്യത്തൊഴിലാളി മേഖലയിൽ അഞ്ചു ജില്ലകളിലെ തീരദേശത്തെ വിളിച്ചുണർത്തിയ സംഘപ്രവർത്തനം ആയിരുന്നു അത്. കടൽമേഖലയിൽ പ്രശ്നങ്ങൾ സങ്കീർണ്ണവുമായിരുന്നു.

വളരെ കൃത്യമായും ഒരു അവബോധം ആ സമരപ്രചരണ ജാഥ സാധിച്ചു. സംഘാടകരിൽ പ്രത്യേകിച്ചും പള്ളി കേന്ദ്രീകരിച്ചു കയറിയിറങ്ങിയ ആ ജാഥ അതിന്റെ സംഘാടകരെ പഠിപ്പിച്ചു–തൊഴിലാളിയുടെ പ്രശ്നം നേരിടേണ്ടത് സമുദായവുമായിട്ടല്ല തൊഴിൽ അടിസ്ഥാനപ്പെടുത്തിയാണെന്ന്. സമരാവശ്യങ്ങൾ ഒത്തുതീർപ്പാക്കി ഇറങ്ങി വന്ന പൊതുയോഗം 24–5–1980–ൽ പുതിയപേര് സ്വീകരിച്ചു K.S.M.T.F. കേരള സ്വതന്ത്രമത്സ്യത്തൊഴിലാളി ഫെഡറേഷൻ. അവിടുന്നിങ്ങോട്ട് ദേശീയ–അന്തർദേശീയ തലങ്ങളിൽ മത്സ്യത്തൊഴിലാളികൾ ഒരുമിച്ചു. K.S.M.T.F, N.F.F, W.F.F. എന്നിങ്ങനെ അടിവച്ചടിവച്ച് അന്തർദേശീയതലം വരെ മത്സ്യത്തൊഴിലാളി മുന്നോട്ടുവന്നു. പുതിയ മുദ്രാവാക്യങ്ങളുയർന്നു.

ഞങ്ങളിലില്ല ഹൈന്ദവ രക്തം
ഞങ്ങളിലില്ല ഇസ്ലാം രക്തം
ഞങ്ങളിലില്ല ക്രൈസ്തവ രക്തം
ഞങ്ങളിലുള്ളത് മാനവ രക്തം

കുലഭേദവും പുലചിന്തയും ഒഴിവാക്കി മുന്നോട്ടു കുതിച്ച തൊഴിലാളികളുടെ ആ വിധ വലിപ്പങ്ങളുടെ, മഹത്വത്തിന്റെ എത്രയെങ്കിലും അനുഭവങ്ങളും ആവിഷ്ക്കാരങ്ങളും എന്റെ മുമ്പിലുണ്ട്. നിർവ്വചനാതീത ദൈവബോധവും അതിൽ കൊരുത്ത പ്രാപഞ്ചിക ആദ്ധ്യാത്മീകതയും. നിത്യവും നിരന്തരവും ആയ ഈ ജീവനസാഹചര്യങ്ങളിലെ അതുല്യമായ കൃത്യതകൾ പറയുന്നതാണ് കടപ്പുറത്തെ അവന്റ ജീവനകഥകൾ. നമ്മൾ ഇപ്പോൾ എത്തിനിൽക്കുന്ന സാഹചര്യങ്ങൾക്ക് തൊട്ട് അപ്പുറമുള്ള സന്ദർഭങ്ങളെയാണ് ഞാൻ എടുത്തുകാണുക. കന്യാകുമാരി മുതൽ കണ്ണൂർ വരെയുള്ള കടലോരങ്ങളിൽ 1974 മുതൽ 1884 വരെ ഇറങ്ങിനിന്ന അനുഭവങ്ങൾ ഓർമ്മിയ്ക്കുമ്പോൾ.

ആദ്യം ഓർമ്മയിൽ വരുക ചാളകൾ പോലെ തൊട്ടുകിടക്കുന്ന കുടിലുകളാണ്. അതിനകത്ത് അടുക്കുവച്ചിരിക്കുന്ന വലകളും കടലിനോട് ചേർന്ന് കയറ്റിയിട്ടിരിയ്ക്കുന്ന ചെറുവള്ളങ്ങളും. ജീവനത്തിന്റെ സാഹചര്യം ഒരുക്കുന്ന കടലമ്മയെക്കുറിച്ച് എന്തൊരു കരുതലായിരുന്നു ഈ തൊഴിലാളി വർഗ്ഗത്തിന്. കടലിനെ നോവിയ്ക്കാതെ തുഴയെറിഞ്ഞും ഒഴുക്കു പിടിച്ചും, കാറ്റുനോക്കിയും നീങ്ങിയിരുന്ന കാലങ്ങൾ പ്രവർത്തനങ്ങൾ. ചെറുമത്സ്യങ്ങളെ വാരിമാറ്റാതെയും കണ്ണിവലിപ്പങ്ങൾ ക്രമീകരിച്ചും പറ്റുവലയും നീട്ടുവലയും കമ്പവലയും എന്തുമാത്രം വ്യത്യസ്ഥതകൾ. ഉരുക്കൾക്കും വലകൾക്കും ഒക്കെയും കടലിനെ നിലനിർത്തിയും തീരം സംരക്ഷിച്ചും ജീവനം തേടിക്കൊണ്ടിരിയ്ക്കുന്ന തൊഴിലാളികൾ. തുരന്നുമാന്തി ഇല്ലാതാക്കിയിട്ടു പോകുന്ന ആധുനിക ശപ്തരൂപങ്ങളിൽനിന്ന് എത്രയോ കാതം അകന്നുനിന്നു ഈ തൊഴിലാളി വർഗ്ഗം എന്നോർത്തു നോക്കൂ. കരയണഞ്ഞുകഴിഞ്ഞാൽ രംഗം വ്യത്യസ്ഥമായിരുന്നു എന്നു ഞാൻ മറക്കുന്നില്ല. കുടിലും വലവയ്ക്കുന്ന ഇടങ്ങളും അല്ലാതെ മറ്റൊന്നും കാണ്മാനില്ലാത്ത ആ കടലോരത്ത് നിരന്നുനിൽക്കുന്ന ഉത്തുംഗങ്ങളായ പള്ളികളും അമ്പലങ്ങളും അസാരം ധനിക സൗധങ്ങളും മറ്റൊരു കഥയാണ് പറയുക എന്നത് ഒരു വിരോധാഭാസമാണ്.

ഉടുക്കാനും കുടിയ്ക്കാനും ഇല്ലാത്തപ്പോഴും കരയിലെ ദൈവങ്ങളെ ഊട്ടാനും ഉടുപ്പിക്കാനും വലയിൽ കുരുങ്ങുന്ന വലിയ മത്സ്യത്തെ എടുത്തുകൊണ്ട് പോകുമ്പോൾ ചങ്ങമ്പുഴയുടെ വാഴക്കുലയുടെ ഈരടികളും ജീയുടെ കൊച്ചമ്മയിലെ തെരുവു ബാലന്റെ ഊർദ്ധശ്വാസവും ആണ് ഓർമ്മയിൽ വരിക. പള്ളിക്കെന്തിനാടാ പൊൻകുരിശ്? എന്നു ചോദിക്കാൻ കരയെവിടെയോ ഒരു വർക്കിയുണ്ടായിരുന്നു കേരളത്തിൽ എന്നത് ശരിയാണ്. പക്ഷേ, വർക്കിയുടെ സ്വരം കടലിലെ തിരമാലകൾ ഏറ്റെടുത്തില്ല. കേരള രാഷ്ട്രീയത്തിന്റെ ഒരു ഘട്ടത്തിലും, ഇപ്പോൾ പോലും, മത്സ്യത്തൊഴിലാളിയുടെ ജീവന സാഹചര്യമായ ജലപ്പരപ്പിനെ, കടലിനെയും, കായലിനെയും, ആറിനെയും ഒക്കെ തീ ഉഴിഞ്ഞും ആശീർവ്വദിച്ചും നിന്ന പള്ളിയ്ക്ക് വരുമാനം ഏറ്റിയതല്ലാതെ, പള്ളികൾ പൊളിച്ചു പണിതും പെരുന്നാൾ ഊട്ടിയും ജനത്തെ മയക്കിയതല്ലാതെ ഒത്തിരി പ്രയത്നങ്ങൾ ഒന്നും ഏതെങ്കിലും സമുദായത്തിൽ നിന്നും ഉണ്ടായതായി ഓർമ്മിച്ചെടുക്കാനാവുന്നില്ല.

മൺസൂൺ കാലങ്ങളിൽ കടലേറ്റം, വേനലടുക്കുമ്പോൾ നൂറുകണക്കിന് കുടിലുകൾ കത്തിയെരിയൽ, ദാരിദ്ര്യം, പട്ടിണി, മഹാമാരികൾ. ഇതൊക്കെ കൂടിപ്പിണഞ്ഞു കിടന്ന കാലങ്ങൾ ഏറെയാണ്. അന്നൊന്നും ഒരു മതബന്ധുതയും കടപ്പുറത്തേക്കിറങ്ങി നിന്നിട്ടില്ല. രാഷ്ട്രീയക്കാർ ആരുംതന്നെ  ഈ തീരങ്ങൾ കണ്ടിരുന്നില്ല എന്നത് വേറെ.

അവിടം കഴിഞ്ഞപ്പോൾ സ്വതന്ത്ര ഭരണവുമായി. സ്വതന്ത്രഭാരതത്തിന്റെ നീലവിപ്ലവവുമായി യന്ത്രവല്ക്കരണം. ട്രോളിംഗ് പഴ്സീനിംഗ് തുടങ്ങി ഒന്നൊന്നായി യുദ്ധപ്പടകൾ കടലിൽ ഇറങ്ങുകയായി. പരമ്പരാഗക്കാരുടെ ജീവന സാഹചര്യങ്ങളെ മുഴുവനായി ഒന്നൊന്നായി കൈയ്യടക്കിവന്ന നേരങ്ങളുടെ ചരിത്രങ്ങൾ. അപ്പോഴൊക്കെ മത-സാമുദായിക, രാഷ്ട്രീയ കാര്യാലയങ്ങൾ എല്ലാംതന്നെ *ഞാനറിഞ്ഞില്ല രാമനാരായണ**ഉരുവിട്ട് മാറിനിന്നു. അതും ചരിത്രം. ആ കാലങ്ങളിൽ ഒരുപിടി രോദനങ്ങൾ കേരളത്തിന്റെ തെക്കു തുടങ്ങി വടക്കുവരെയുള്ള തീരദേശത്തും കായലോരത്തും ആറ്റുതീരത്തും ഉണ്ടായി.

1. തീരം പട്ടിണിയാവുന്നു. നടപടിയെടുക്കൂ സർക്കാരേ
2. ട്രോളിംഗ് നടത്തി നശിപ്പിക്കരുതേ ഞങ്ങടെ മനസ്സിലെ ചാകരകൾ
3. ജലം സംരക്ഷിയ്ക്കൂ ജീവൻ രക്ഷിയ്ക്കൂ.
4. മത്സ്യരോഗ സമരത്തിലെ ഒ.എൻ.വി. കവിത - “ഹേ മർത്ത്യാ”

ഇതുകൾ ഓരോന്നായി 1971 മുതൽ 1988-വരെയും 1984-ലെ K.S.M.T.F. ന്റെ പ്രഖ്യാതസമരവും 1991 ലെ മത്സ്യരോഗ സമരം വരെയും അതിനു ശേഷമുള്ള N.F.F. ന്റെ W.F.F. ന്റെ ദേശീയ/അന്തർദേശീയ സമരങ്ങൾ ഓരോന്നും പ്രകാശിപ്പിയ്ക്കുന്നത് മത്സ്യമേഖലയുടെ ജീവനസാഹചര്യങ്ങളുടെ കെട്ടുപോകലിന്റെ ചിത്രരൂപങ്ങളാണ്. ഇതിനു പിറകേയാണ് സുനാമി, ഓഖി, കഖായി, അവസാനം മഹാപ്രളയവും. ഈ സംഭവങ്ങൾ ഒന്നൊന്നായി അരങ്ങേറിവരുമ്പോൾ ജീവനത്തിനപ്പുറത്തേയ്ക്ക് അതിജീവനത്തിന്റെ കഥകളാണ് അവിടെ പ്രകാശിതമാവുക. അതിജീവനത്തിന്റെ ഉജ്ജ്വല രൂപങ്ങളായി കടലിന്റെ മക്കൾ മാറിയിരിയ്ക്കുന്ന ഈ അവസ്ഥയെ വ്യാഖ്യാനിയ്ക്കുന്നത് ഒരുപിടി ഘടകങ്ങളാണ്.

പൗരാണികതയുടെ - പ്രാകൃതികയുടെ നന്മകൾ നിരന്തരമായി കോരിച്ചൊരിയുന്ന അവസ്ഥ ഒന്ന്. കടപ്പുറത്ത് പണിസ്ഥലത്തെത്തുന്ന ആശാരിയ്ക്കും, അനാഥനും, അതിഥിയ്ക്കും എന്തിന്  കാക്കയ്ക്കും പരുന്തിനും പള്ളിയ്ക്കും ക്ഷേത്രത്തിനും. ഓഹരി കൊടുക്കുന്ന തൊഴിലാളികളുടെ കൃത്യതകൾ മറുവഴിയേ കരയ്ക്ക് തല്ലു പിടിയ്ക്കുമ്പോഴും കടലിൽ തമ്മിൽത്തല്ലില്ല എന്ന പഴമയുടെ രീതികൾ വേറെ.

അതൊക്കെ കഴിയുമ്പോൾ അതിജീവനത്തിന്റെ വഴിയിൽ ഒരു നീണ്ട സമുദായ പ്രസ്ഥാനങ്ങളുടെ ചരിത്രമുണ്ട്. ധീവര സഭയുടെയും മുസ്ലീം ലീഗിന്റേതും ആയ രംഗപ്രവേശനങ്ങൾ ആദ്യകാലത്തുണ്ടായിരുന്നു. സർക്കാരിൽ നിന്ന് ആനുകൂല്യങ്ങൾ, ക്ഷേമാനുകൂല്യങ്ങൾ വാങ്ങിയെടുക്കാനുതകുന്നചെയ്തികളുടെഒരുകാലയളവ്.അതിന്റെവിശ്വാസ്യതകളും, കൃത്യതകളും എന്നെങ്കിലും അപഗ്രഥിയ്ക്കപ്പെട്ടിട്ടുണ്ടോയെന്നറിയില്ല. പരമ്പരാഗതമായി ഒരു തൊഴിൽ ചെയ്തിരുന്നിടത്ത് ആവശ്യങ്ങളും അവകാശങ്ങളും പ്രത്യേകമായെണ്ണാതെ ഉള്ളപ്പോൾ ഉണ്ട് ഇല്ലാത്തപ്പോൾ കടൽ മണ്ണിൽ വയർ അമർത്തിക്കിടന്ന് വിശപ്പിനെ ശമിപ്പിച്ചും കഴിഞ്ഞിരുന്ന

നാളുകൾ. കടലു ചൊരിഞ്ഞ സമൃദ്ധികൾ നിറച്ചുണ്ടും വാരിക്കൊടുത്തും കഴിഞ്ഞിരുന്ന നാളുകൾ. ചെമ്മീൻ ചാകരയൊക്കെ തെങ്ങിൻചുവട്ടിൽ വളമായി വാരിയെറിഞ്ഞ ഒരു കാലയളവും ഉണ്ടായിരുന്നല്ലോ. അത് കഴിഞ്ഞപ്പോൾ കടലു കയർത്തപ്പോൾ എല്ലാം നഷ്ടപ്പെട്ടു തേങ്ങി വിലപിച്ച നാളുകൾ.

അവിടം ഒക്കെ മാറിത്തിരിഞ്ഞു. മേഖല ആകെ തകിടംമറിഞ്ഞു വന്നത് ബോട്ടുകളുടെ ഉദയത്തോടെയാണ്. മുമ്പൊരിയ്ക്കലും ഇല്ലാത്ത പ്രതിസന്ധികളിലൂടെ പരമ്പരാഗത മേഖല കടന്നുപോയി. പ്രശ്നങ്ങളുടെ തിരതല്ലലായി. തിരുവനന്തപുരം ജില്ലയിൽ ARDC പദ്ധതിയിൽ ഉടക്കി നീണ്ടകരയിലും കൊച്ചിയിലും ബോട്ടുകളും പഴ്സീനുകളും മദർഷിപ്പുകളും ഉയർത്തിക്കൊണ്ടുവന്ന പരമ്പരാഗത പ്രതിസന്ധികളുടെ കെടുതിയിൽ വീർപ്പ് മുട്ടിയ മത്സ്യത്തൊഴിലാളികളുടെ രോദനങ്ങൾക്ക് സമൂഹമദ്ധ്യത്തിൽ പ്രതീക്ഷയും പ്രതിരോധവും തീർത്തത് കുറെ പട്ടിണി മാർച്ചുകളും, കളക്ട്രേറ്റ്/സെക്രട്ടറിയേറ്റ് വളയലുകളും വഴിതടയലും പട്ടിണി സമരങ്ങളുമാണ്.

അതിന്റെ ആദ്യകാല ഉപജ്ഞാതാക്കൾ കത്തോലിക്കാ മത്സ്യത്തൊഴിലാളി യൂണിയനുകൾ തുടങ്ങി ലാറ്റിൻ കാത്തലിക്ക് ഫിഷർമെൻ ഫെഡറേഷനും കാലാന്തരത്തിൽ LCFF പരിവർത്തിപ്പിച്ചു വന്ന KSMTF-ഉം ആണ്. അതിന്റെ ഒത്തിരി കഥകളും ഉപകഥകളും ഉണ്ട്. പക്ഷേ അതിലൊക്കെ പ്രധാനം ആയിട്ടുള്ളത് പള്ളി-അമ്പല-സഭ കുത്തകകളുടെ കെട്ടുപാടിൽ നിന്ന് ഒരു തൊഴിലാളി വർഗ്ഗത്തെ സ്വതന്ത്രമാക്കി ഒരു തൊഴിലാളി പ്രസ്ഥാനത്തിന്റെ തലക്കെട്ടിൽ ഇറക്കി നിർത്തുവാനും പള്ളിയോടും രാഷ്ട്രീയക്കാരോടും മറുത്തു പറയാനും സ്വന്തം ആവശ്യങ്ങളും അധികാരങ്ങളും തറപ്പിച്ചു നിർത്തുവാനും കരുത്ത് നേടിയ, സ്വരമില്ലാത്ത ഈ ജനതയ്ക്ക് ശബ്ദം കൊടുത്തു കൊണ്ടുവന്ന പ്രസ്ഥാനത്തിന്റെ കഥ ഒരു സമര കഥയാണ്.

കടലിലെ തൊഴിൽമേഖലയിൽ അവർ കാണിച്ച ആർജ്ജവവും തനിമയും തെളിമയും എല്ലാം കരയിൽ രാഷ്ട്രീയത്തിന്റെയും മതത്തിന്റെയും വൻസ്രാവുകളെ ഓടിയ്ക്കാൻ അവർ തെളിയിച്ച നടപടികൾ. തൊഴിലാളി സംഘാടനത്തിലെ കൗതുകമുണർത്തുന്ന അദ്ധ്യായങ്ങളും സാഹസികതയും ആണ് തീർച്ച. തൊഴിലാളി സംഘാടനത്തിലെ രാഷ്ട്രീയ പാർട്ടിയതീതമായ വളർച്ചയും ആണ്. ഒരുപിടി സംഭവങ്ങൾ ഉദാഹരിയ്ക്കുവാനുണ്ട്. തിരുവനന്തപുരം സെക്രട്ടറിയേറ്റു നട വളഞ്ഞു കയ്യേറിയ തൊഴിലാളികളുടെ ഒറ്റ മുദ്രാവാക്യം ഇതായിരുന്നു.

“ജൂൺ ജൂലൈ ആഗസ്റ്റ് കാലം
മീൻ പെരുകുന്നൊരു കാലം
അരുതേ അരുതേ ഈ കാലത്ത്
ട്രോളിംഗ് നടത്തി നശിപ്പിയ്ക്കരുതേ
ഞങ്ങടെ മനസ്സിലെ ചാകരകൾ”

കടലും കടൽസമ്പത്തും സംരക്ഷിയ്ക്കുവാനും തൊഴിലാളികളുടെ ജീവൻ സംരക്ഷിയ്ക്കുവാനും ആയി സ്വതന്ത്ര സംഘടനകൾ കൊടിയടയാളങ്ങളുടെ ആദ്യ ഉയർത്തൽ കൊച്ചികടപ്പുറത്ത് ബർളി മാഷ് ഉദ്ഘാടനം ചെയ്തു. പടയുണർത്തിവിട്ട LCFF ന്റെ നേതാവ്

ഫാ. പോൾ അറയ്ക്കൽ നയിച്ച ജാഥയാണ് കാട്ടൂർ കടലിൽ ബോട്ടിടിച്ചു തകർത്ത അച്ചാണിവള്ളത്തിന്റെ ഉടമ ബാബുവിന്റെ പേർക്കു നടത്തപ്പെട്ട ആദ്യ മത്സ്യത്തൊഴിലാളി സമരജാഥ. അച്ചാണി വള്ളത്തിന്റെ അമരവും ബാബുവിന്റെ അച്ഛനെയും കൂട്ടി പോൾ അറയ്ക്കൽ നയിച്ച തീരദേശ സമരപ്രചരണ ജാഥ അത്തരത്തിലുള്ള ആദ്യ സംഭവവുമാണ്.

അവിടുന്നിങ്ങോട്ട് കുത്തിയിരിപ്പും വഴിതടയലും ട്രെയിൻ തടയലും പ്ലെയിൻ തടയലും പേഴ്സീൻ കത്തിക്കലും എന്നുവേണ്ട നൂറുകണക്കിന് നിരാഹാര സമരവേദികളും ലോംഗ് മാർച്ചുകളും നീണ്ടകര മാർച്ചും പിക്കറ്റിങ്ങും അടക്കം മരണംവരെ ഉപവാസവും നടത്തി നീങ്ങിയ KSMTF എന്ന പ്രസ്ഥാനത്തിന്റെ ഉണർത്തുപാട്ടുകൾ ഉയർത്തിയത് ഒരു മുദ്രാവാക്യമായിരുന്നു. കോഴിക്കോട് കടപ്പുറത്ത് ആദ്യം മുഴങ്ങിയ

"ഞങ്ങളിലില്ല ഇസ്ലാം രക്തം
ഞങ്ങളിലില്ല ഹൈന്ദവ രക്തം
ഞങ്ങളിലില്ല ക്രൈസ്തവ രക്തം
ഞങ്ങളിലുള്ളത് മാനവരക്തം"

അതൊരു അതിജീവനത്തിന്റെ കഥയാണ്. ജീവനത്തിൽ നിന്ന് അതിജീവനത്തിലേയ്ക്ക്. ജാതി-മത-രാഷ്ട്രീയ-സാമുദായിക ശക്തികളുടെ കൈയ്യൊതുക്കുകളിൽ നിന്ന് സ്വാതന്ത്ര്യപ്പെട്ട് തൊഴിലാളി ഐക്യത്തിലേയ്ക്ക്, മാനവികതയിലേയ്ക്ക്.

അത് നടന്നത് മത-സാമുദായിക സാഹചര്യങ്ങളിൽ ഉയർന്നുവന്ന സംഘചേതനകളിൽ നിന്നാണെന്നത് ഒരു യാഥാർത്ഥ്യം. പക്ഷേ വിഘടിത ശക്തികൾക്കു വിട്ടു കൊടുക്കാതെ തൊഴിലാളിയുടെ ആർജ്ജവം അടിസ്ഥാനപ്പെടുത്തി അത് മുന്നേറിയപ്പോൾ കേരളം ഇന്ന് അഭിമാനിക്കുന്ന മഹാപ്രളയത്തിന്റെ ഏടുകളിലെ മത്സ്യത്തൊഴിലാളിയുടെ പങ്ക് പറഞ്ഞു ഞാൻ നിർത്തട്ടെ.

അഭിമാനത്തിന്റെ അതിജീവനത്തിന്റെ, സമൂഹരക്ഷയുടെ വഴികളിൽ കേരളത്തിൽ മത്സ്യത്തൊഴിലാളിയോളം വലിയൊരു മുതൽക്കൂട്ട് (സ്വശക്തിയാൽ ആർജ്ജിച്ചത്) മത്സ്യത്തൊഴിലാളി സമൂഹം മാത്രം.



# 1.3 വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം
## അടിസ്ഥാന വർഗ്ഗത്തിന്റെ നിലവിളിയും രാഷ്ട്രീയക്കാരുടെ കിരാതത്വവും

എന്റെ വേരുകൾ പ്രധാനമായും ക്രിസ്തീയമായ മതപൗരോഹിത്യത്തിലാണ്. എന്നുവച്ചാൽ ഞാനൊരു പള്ളിപുരോഹിതനാണ്. അവിടെയാണ് എന്റെ തുടക്കവും നിലനില്പും. ഈ നേരംവരെയും അപ്പോഴും ഇന്നത്തെ ഇടതുവലത് രാഷ്ട്രീയക്കാരിൽ ആരെക്കാളും രാഷ്ട്രീയ ബോധത്തോടെ കേരള രാഷ്ട്രീയത്തിൽ ഇടപെട്ട ഒരു ഇൻഡ്യൻ പൗരനാണ് ഞാൻ. എന്റെ 27-ാം വയസ്സുമുതൽ ഈ 77-ാം വയസ്സുവരെ ഒരു സ്വതന്ത്ര ട്രേഡ് യൂണിയൻ പ്രവർത്തകൻ.

ഞാനിത് പറഞ്ഞുതുടങ്ങുന്നത് ഇക്കഴിഞ്ഞ ദിവസം ഞാനൊരു ലൈബ്രറി ഗ്രൂപ്പിൽ വിഴിഞ്ഞം സമരത്തിന്റെ പശ്ചാത്തലത്തിലുള്ള ഈ കുറിപ്പ് ഫോർവേഡ് ചെയ്തു. അതിങ്ങനെ:-"വിഴിഞ്ഞം പോർട്ട് നടപ്പാക്കണ മെന്ന് ആവശ്യപ്പെട്ട് വിഴിഞ്ഞത്തുനിന്നും സെക്രട്ടേറിയേറ്റിലേയ്ക്ക് കേരളപ്പിറവി ദിനത്തിൽ നടന്ന മാർച്ചിൽ പങ്കെടുത്തവർ നായർ സർവ്വീസ് സൊസൈറ്റി, എസ്സ്.എൻ.ഡി.പി യോഗം, വിശ്വകർമ്മ സഭ, വെകുണ്ഠസ്വാമി ധർമ്മ പ്രചരണസഭ, കേരള തണ്ടാൻ മഹാസഭ, നാടാർ സർവ്വീസ് സൊസൈറ്റി. സമരത്തിൽ സംസാരിച്ചവർ സി.പി.എം ജില്ലാ സെക്രട്ടറിയും ബി.ജെ.പി. ജില്ലാ സെക്രട്ടറിയും."

വിഴിഞ്ഞം പോർട്ടിനെതിരെ നടക്കുന്ന സമരമാണോ ആ സമരത്തിനെതിരേ നടക്കുന്ന ഈ സമരമാണോ സ്പോൺസേർഡ് സമരം. "സെറിബ്രത്തിലെ മുൻഭാഗം ഉപയോഗിച്ച്വേണം കാര്യങ്ങളെ കാണാൻ" (കടപ്പാട്) അന്നൂസ് എന്ന ഏതോ പാർട്ടി/ചിന്ന വിഭാഗത്തിലെ ഒരു കുഞ്ഞാട് അതിന് മറുപടി കുറിച്ചു. "തലച്ചോറ് ഉപയോഗിയ്ക്കാത്തതു കൊണ്ടാണല്ലോ പ്രതിഷേധം നയിക്കുന്ന ലത്തീൻ സഭയും അനുകൂലിക്കുന്ന മറ്റുജാതി സംഘടനകളും നിലനിൽക്കുന്നത്."

ഈ ബുദ്ധിരാക്ഷസന്റെ പ്രയോഗം കേട്ടപ്പോൾ ഒന്നൂകൂടി തറപ്പിച്ചു പറയുകയാണ്. തലച്ചോറുപയോഗിയ്ക്കാത്ത ലത്തീൻ സഭയിലെ ഒരു പട്ടക്കാരനാണ് ഞാൻ. ഇപ്പോൾ ലത്തീൻ സഭ നയിക്കുന്ന സമരത്തിന്റെ തുടക്കം നടന്നത് വിഴിഞ്ഞം കടപ്പുറത്തായിരുന്നില്ല. ശംഖുമുഖത്ത് അദാനിയെന്ന മുതലാളി വിലയ്ക്ക് വാങ്ങിയ എയർപോർട്ടിന്റെ പൂമുഖത്തായിരുന്നു. അത് തുടങ്ങിവച്ചത് കേരള സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷൻ എന്ന ട്രേഡ് യൂണിയനും. അവിടെ നിന്നാണ് വിഴിഞ്ഞം അദാനി പോർട്ടിന്റെ നടയിലേക്ക് നീങ്ങിയത്. ലത്തീൻ സഭയാണ് ആ നീക്കത്തിന് ചുക്കാൻ പിടിച്ചത്. വേറെ കാരണങ്ങ ളൊന്നും അതിനില്ല. വിഴിഞ്ഞം തുറമുഖത്തിന്റെ പേരിൽ വീടും തൊഴിലും, കടപ്പുറവും ജീവനും നഷ്ടപ്പെടുന്നത് ഈ ലത്തീൻ സഭയുടെ ചുമതലയിൽപ്പെട്ട ഒരു ലക്ഷത്തിലധികം ജനങ്ങൾക്കാണ് എന്നതുതന്നെ. അത് നിൽക്കട്ടെ.

തലച്ചോറ് ഉപയോഗിച്ച് സമരത്തെ നേരിടുന്ന പാർട്ടിക്കാരോടും അനു കൂലികളോടും എനിക്ക് ചോദിയ്ക്കുവാനുള്ളത് ഒന്നു മാത്രമാണ്. ശംഖുമുഖത്ത് സമരം തുടങ്ങിവച്ച വൈകുന്നേരം അവിടെ കൂടിയിരുന്ന തൊഴിലാളികൾക്കും അനുകൂലികൾക്കും പ്രതിജ്ഞ ചൊല്ലിക്കൊടുത്തത്

1980-കളിൽ KSMTFന്റെ സംസ്ഥാനച്ചുമതല വഹിച്ച ഞാനായിരുന്നു. ആ പ്രതിജ്ഞ ഇതായിരുന്നു: (Page 190 കാണുക).

"തലച്ചോറ് ഉപയോഗിക്കുന്ന മേധാശക്തിക്കാരോടൊരു ചോദ്യം. തലച്ചോറാണോ അതോ പൊട്ടിയ പാത്രങ്ങളിൽ പാവപ്പെട്ടവരുടെ കഞ്ഞിയും കപ്പയും ആണോ വലുത്? ഏതിനാണ് വില? അദാനിയുടെ കാശ് വാങ്ങി കീശ നിറച്ച് മൃഷ്ടാന്നമുണ്ണുന്ന രാഷ്ട്രീയമേധാവികളുടെ തലച്ചോറ് ആണോ അതോ കൊലയ്ക്ക് വിധിയ്ക്കപ്പെട്ടുനിൽക്കുന്ന സാധുക്കളായ മത്സ്യത്തൊഴിലാളികളോടൊപ്പം നിരാഹാര സമരം നടത്തുന്ന ലത്തീൻ സഭയുടെ നേതൃത്വം ആണോ തെറ്റിൽ?"

വികസനത്തിന്റെ പേരുപറഞ്ഞ് ജീവിതം കഷ്ടമാക്കുന്ന രാഷ്ട്രീയത്തിന്റെ (ഭരണകൂടങ്ങളുടെ) ധാർഷട്യത്തിനെതിരെ ചൂല് എടുത്തിറങ്ങിയ (ഇക്കഴിഞ്ഞ ഇടയ്ക്ക് അങ്ങനെയും ഒരു വായന വന്നിരുന്നു. ഇനി വരുമ്പോൾ തുറപ്പ (ചൂല്) എടുത്തുവച്ചിട്ടുണ്ട്, അമ്മമാർ. ആരതി എം.ആർ. ജാഗ്രതയുടെ കേരളീയം ഓൺ ലൈൻ മാസിക നവംബർ 3, 2022, 3.48 pm.

കേരളത്തിലെ ഒരു അടിസ്ഥാന തൊഴിലാളി വർഗ്ഗത്തെ ജനായത്ത അവകാശ ബോധത്തിലേയക്ക് കൂട്ടിക്കൊണ്ടുവന്ന ചരിത്രം "തലച്ചോറ് ഉപയോഗിയ്ക്കാത്ത സാമുദായിക സംഘടനകളുടേതായിരുന്നു എന്ന് ചരിത്രം. ധീവരനും, മുസൽമാനും ലത്തീൻ കത്തോലിക്കനും ആണ് ഇവിടെ പരമ്പാരഗത മീൻപിടുത്തക്കാർ. പത്തുലക്ഷത്തിലധികം വരുന്ന ഈ ജനവിഭാഗത്തിന്റെ ജീവനവും ജീവിതസാഹചര്യങ്ങളും ആക്രമിയ്ക്കാനാണ് ഭരണകൂടങ്ങൾ രംഗത്തുവന്നത്. അതുകൾ എല്ലാം വികസനത്തിന്റെ പേരിൽ ആയിരുന്നു എന്നതും സവിശേഷത. 1980-കൾക്ക് ശേഷമുള്ള ചരിത്രത്തിൽ പങ്കാളിയായിരുന്നതുകൊണ്ട് അതേ ഇടംവരെ ഞാൻ പറയാം."

84-ൽ KSMTF-ന്റെ മുദ്രാവാക്യം ഇതായിരുന്നു. "ജൂൺ, ജൂലായ് ആഗസ്തുകാലം മീൻ പെരുകുന്നൊരുകാലം ആ കാലത്ത് ട്രോളിംഗ് നടത്തി നശിപ്പിയ്ക്കരുതേ

ഞങ്ങടെ മനസ്സിലെ ചാകരകൾ." ആ കാലത്ത് ഒരു പോസ്റ്റർ ഇങ്ങനെ
"ഇല്ല മുലയിൽ പാലില്ല
ഇല്ല വലയിൽ മീനില്ല
കടലിൻ മക്കടെ പട്ടിണിമാറ്റാൻ
നടപടി ഇല്ലേ സർക്കാരേ."
മൺസൂൺകാല ട്രോളിംഗ് നിരോധിയ്ക്കുക.

90-കളിൽ പൂക്കോട്ടുതടാകം തുടങ്ങി ശുദ്ധജലാശയങ്ങളിലെ മീനുകൾക്ക് പുണ്ണുരോഗം പിടിച്ചു മത്സ്യസമ്പത്ത് നശിയ്ക്കാൻ തുടങ്ങിയ നേരങ്ങളിൽ "മത്സ്യസമ്പത്ത് സംരക്ഷിയ്ക്കൂ, നാടിനെ രക്ഷിയ്ക്കൂ"

പിന്നെയും ഫാക്ടറികൾ മലിനമാക്കിയ ജലാശയങ്ങളുടെ തീരത്തുകൂടെ ദേശവ്യാപകമായി ജാഥ നയിച്ച് "ജലം സംരക്ഷിയ്ക്കൂ. ജീവൻ രക്ഷിയ്ക്കൂ" എന്നിങ്ങനെ അലമുറയിട്ടു. ആഴക്കടൽ തീറെഴുതുന്നതിനെതിരേ സംഘർഷസമരങ്ങൾ സൃഷ്ടിച്ച് നീങ്ങിയ തുറമുഖങ്ങളിൽ മുഴുവൻ പിന്നണി പ്രവർത്തനം നടത്തി. ഒരറുതിവരെ ഈ വികസനാശ്വത്തെ പിടിച്ചുകെട്ടിയ പ്രവർത്തനങ്ങളുടെ ചരിത്രം ചികയൂ ഒരൊറ്റ രാഷ്ട്രീയത്തിന്റെയും തലച്ചോറ് അവിടെയെങ്ങും കാണില്ല. പട്ടിണിക്കാരന്റെ

ഒരുവാ ചോറിനു വേണ്ടി അരയും തലയും മുറുക്കിയിറങ്ങി കടലും കരയും ഒരുപോലെ പ്രക്ഷുബ്ധമാക്കിയ തലയിൽ ഉപ്പുവെള്ളം പറഞ്ഞ് അധിക്ഷേപിയ്ക്കുന്ന മത്സ്യത്തൊഴിലാളി വർഗ്ഗവും അവരെ നയിച്ചിരുന്ന രാഷ്ട്രീയ പാർട്ടിക്കാരല്ലാത്ത ആ നേതാക്കളും ആയിരുന്നു. അതു ചരിത്രം.

ഇന്നിപ്പോൾ അദാനിപോർട്ട് പണിയുമ്പോൾ ആ ലോകകോടീശ്വരനുവേണ്ടി കടലും കടൽത്തീരവും കടലാളരുടെ ജീവനും തൊഴിലും എല്ലാം അടിയറ വയ്ക്കണം എന്നു പറയുന്ന കുബുദ്ധികളുടെയും മുന്നിൽ നെഞ്ചുവിരിച്ചു നിൽക്കുന്ന മത്സ്യത്തൊഴിലാളി, നെഞ്ചുവിരിച്ചുനിന്ന് സമരം ചെയ്തു നീങ്ങുമ്പോൾ ഈ വികസനക്കുത്തകകളെ നേരിട്ടു നീങ്ങുന്ന കാഴ്ച അഭിമാനകരമാണ്. ഞങ്ങളുടെ കൊക്കിൽ ജീവനുണ്ടെങ്കിൽ ഈ അദാനി പോർട്ട് തടയുകതന്നെ ചെയ്യും. അതല്ലെങ്കിൽ ഞങ്ങളെ ഒന്നാകെ കടലമ്മയ്ക്ക് എറിഞ്ഞുകൊടുത്തിട്ടു മാത്രമേ നിങ്ങൾ അവിടെ പ്രവേശിയ്ക്കൂ എന്ന് ഭരണകൂടത്തോടും അദാനികൂട്ടരോടും ഇടഞ്ഞുനിൽക്കുന്ന ഈ ജനതയും 2018–ലെ വെള്ളപ്പൊക്ക നേരത്ത് കമ്മ്യൂണിസ്റ്റ് മുഖ്യമന്ത്രി പിണറായി വിശേഷിപ്പിച്ച കേരളസൈന്യം തന്നെയാണ് എന്ന് മറക്കേണ്ട. സർ. സി.പി. യുടെ മൂക്ക് കണ്ടിച്ച ആൾക്കാരുടെ പിൻമുറക്കാരെന്നു മുദ്രാവാക്യം വിളിച്ച് അദാനിയുടെ കാശും വാങ്ങി കടപ്പുറത്തേയ്ക്ക് വരണ്ട എന്ന് ഈ മുക്കുവർ പറയുമ്പോൾ അവരത് അറിഞ്ഞുതന്നെ പറയുന്നതാണ്. അഭിമാനത്തോടെ ഈ ജനതയുടെ സമര ഊർജ്ജം നെഞ്ചേറ്റി ഞാൻ സന്തോഷിയ്ക്കുന്നു. അഭിവാദ്യങ്ങൾ!






# 1.4 ഫാ. തോമസ് കോച്ചേരി എന്ന ടോം



**ആരാണ് ഈ ടോം?**

ആരാണ് ടോം എനിക്ക് എന്ന ചോദ്യത്തിന് ഉത്തരം താരതമ്യേന എളുപ്പമാണ്. എന്നാൽ *ടോം ആരാണ്* എന്ന് ചോദിച്ചാൽ ഉത്തരം പറയുക അത് അസാദ്ധ്യം എന്ന ചിന്തയാണ് എനിയ്ക്ക്. തികച്ചും അസാധ്യം.

കാരണം നാം ഇരിക്കുന്ന, ലോകത്ത് ഏറെ പ്രദേശങ്ങളിൽ ഈ നേരങ്ങളിൽ ടോമിന്റെ മരണം അനുഭവിച്ചിരിയ്ക്കുന്ന, ഓരോ വ്യക്തിയും ടോമിനെ നിർണ്ണയിയ്ക്കുന്നത് വ്യത്യസ്ഥമായിട്ടായിരിയ്ക്കും. നിശ്ചയം. ജീവിതത്തിന്റെവ്യത്യസ്ഥ കാലയളവുകളിൽ ടോമിനെ പരിചയിച്ച നാമോരോരുത്തരും കഴിഞ്ഞ പത്തൻപതു (74) വർഷക്കാലയളവുകളിൽ സഹകരിച്ചു ജീവിച്ചും പ്രവർത്തിച്ചും ടോമിനെ അനുഭവിച്ചത് വളരെ വ്യത്യസ്ഥത യോടെയായിരിക്കും.

ഞാൻ തന്നെയും ടോമിനെ പരിചയപ്പെട്ട കാലയളവിൽ ആരാധനയുടെ തലങ്ങളിൽ തുടങ്ങിയ എന്റെ ബന്ധുത നിർവ്വചനം ഇന്ന് എത്തിനില്ക്കുക പഴയ നിയമത്തിലെ രാജദർശനത്തിൽ കണ്ട ആകാശത്തോളം പൊങ്ങി നില്ക്കുന്ന ഒരു പ്രതിമയുടെ രൂപം.

ദാനിയേൽ (2:31–35)
ആ പ്രതിമയുടെ ശിരസ്സ് തങ്കം കൊണ്ട്
മാറിടവും കരങ്ങളും വെള്ളികൊണ്ട്
വയറും തുടകളും ഓടുകൊണ്ട്
കാലുകൾ ഇരുമ്പു കൊണ്ട്
പാദങ്ങൾ ഇരുമ്പും കളിമണ്ണും ചേർന്നതും

**ഞാൻ തുടങ്ങട്ടെ,**

ടോം ഈ കിടക്കുന്ന പൗരോഹിത്യത്തിന്റെ വേഷവിധാനങ്ങളിൽ ശയിയ്ക്കുന്ന ഇങ്ങനെയൊരു സന്ദർഭം എന്റെ അനുഭവത്തിൽ ഇതാദ്യമാണ്. ഒരൊറ്റപ്പെട്ട സന്ദർഭമാണ് എന്നുതന്നെ പറയണം. കേരളത്തിലെ, ഇന്ത്യയിലെ, ലോകത്തിലെ ഒത്തിരിയൊത്തിരി പഴയ സമരക്കാല മുദ്രാവാക്യത്തിൽ "കോച്ചേരിയച്ചാ നേതാവേ, ധീരതയോടെ നയിച്ചോളൂ, ലക്ഷം ലക്ഷം പിന്നാലെ" എന്ന പ്രയോഗത്തിലെ ലക്ഷങ്ങൾ. ഏറെ സന്ദർഭങ്ങളിൽ തിരിഞ്ഞു നോക്കുമ്പോൾ കൈവിരലിലെണ്ണാ വുന്നവരും ചില നേരങ്ങളിൽ കടപ്പുറത്ത് അലയടിച്ചു ചിതറുന്ന തിര മാലകൾ ചിതറിയ്ക്കുന്ന കുമിളകളുടെ പതിനായിരക്കണക്കിനും ആവും എന്നു അറിയുമ്പോഴും ഒത്തിരിയൊത്തിരി പരമ്പരാഗത മത്സ്യത്തൊഴി ലാളികളുടേയും സഹകാരികളുടെയും സ്നേഹിതരുടെയും ഒക്കെയും

നിർവ്വചനങ്ങൾക്ക് വാക്കുകൊടുക്കുവാൻ എനിയ്ക്കാവില്ല സുഹൃത്തുക്കളെ. അതുകൊണ്ട് അത് ഞാൻ വിടട്ടെ. ടോമിന്റെ നിശ്ചേതനമായ ഈ സ്വരൂപത്തിന്റെ മുന്നിൽ നില്ക്കുമ്പോൾ ഞാനറിയുന്നു ഇത് ഈ മനുഷ്യന്റെ ഒറ്റപ്പെട്ട സന്ദർഭമാണ്. വേറൊന്നുമല്ല. എല്ലാ നേരവും ചലിച്ചു നില്ക്കുന്ന, പ്രവർത്തിച്ചു നില്ക്കുന്ന വേദപുസ്തകപ്രയോഗത്തിലെ എന്റെ പിതാവ്... (John 5:17,18) എന്ന യേശു വിവരണത്തെ മുഴുവനായും ആവേശിച്ചേ ടോമിനെ കണ്ടിട്ടുള്ളൂ. ടോം ആയിരുന്നിട്ടുള്ളൂ. എപ്പോൾ കണ്ടുമുട്ടുമ്പോഴും എന്തെങ്കിലും പുതിയത് സൃഷ്ടിക്കുന്ന – എന്തെങ്കിലും സൃഷ്ടി ചെയ്യുന്ന – (എല്ലാ സൃഷ്ടിയും പുതിയതാണല്ലോ!) പുതുക്കുന്ന പ്രക്രിയ പ്രവൃത്തിയിലായിരിക്കും ടോം. അടുത്ത കാലത്തു നിങ്ങളുടെ Mail-ലിൽ വന്ന ടോമിന്റെ Messages പരിശോധിച്ചു പറഞ്ഞോളൂ. പുതിയതെന്തെങ്കിലും പുതുമയായെന്തെങ്കിലും എപ്പോഴും. അതായിരുന്നു ടോം. ശ്വാസത്തിന്റെ അവസാന നിമിഷം വരെയും മണ്ണുരൂപങ്ങളിൽ ശ്വാസമൂതി നിശ്ചേതനയെ ജീവസ്സുറ്റതാക്കുന്ന പ്രകൃതം. ജീവൻ ജനിപ്പിക്കുന്ന ഒരു ദൈവപ്രകൃതി. നമ്മിൽ ഒരാളും ആ ജീവശ്വാസമൂതലിന്റെ അനുഭവത്തിൽ നിന്നും വെട്ടിമാറ്റപ്പെട്ടിട്ടില്ല. ടോമിനെ ഈ അവസാന കാലയളവിൽ ഭയങ്കരമായിട്ട് വിരോധിച്ചും എതിർത്തും നില്ക്കുന്നവർ പോലും അതു സമ്മതിക്കും എന്ന് എന്റെ വിലയിരുത്തൽ. എന്റെ കാര്യത്തിലിതു തീർച്ച. ഈ മനുഷ്യൻ ഒത്തിരി നേരങ്ങളിൽ ജീവശ്വാസം ഊതി ജീവൻ ജനിപ്പിച്ചിട്ടുണ്ട്. ടോമിനെ അറിഞ്ഞുനിന്ന എല്ലാ നേരങ്ങളിലും ഇതെന്റെ സാക്ഷ്യം.

പറയട്ടെ, അപ്പോഴും എന്റെ മനസ്സിൽ പതിഞ്ഞുകിടക്കുന്ന ഈ മനുഷ്യന്റെ രൂപം-കൃത്യമായിപ്പറയട്ടെ. പൗരോഹിത്യത്തിന്റെ വാഴ്ചക്രമത്തിന്റെ ഈ സ്വർണ്ണക്കുപ്പായവും സ്വർണ്ണക്കാസയുമല്ല.

എന്റെ പഴയ ഒരു ഇടവകയിലെ ബാലന്റെ വാക്കുകളിൽ
ആ മരക്കട്ടിലിൽ തോർത്തുടുത്തു കിടക്കുന്ന മാമന്റേതാണ്

അതാ കുട്ടിയുടെ കണ്ടുപിടിത്തമായിരുന്നു. ഞായറാഴ്ച ദിവസം പള്ളിയിൽ പോകുന്നതിന് അവൻ മുതിർന്നവരെ നിർബന്ധിച്ചത് അവന്റെ ഭാഷയിൽ തോർത്തുടുത്തു കിടക്കുന്ന മാമന്റെ വീട്ടിലേക്ക് പോകാൻ എന്നായിരുന്നു.

## തോർത്തുടുത്ത മാമൻ

ഇക്കൂട്ടത്തിലെവിടെയെങ്കിലും സൈലസ്റ്റീൻ സാറ് ഇരിയ്ക്കുന്നുണ്ടാവും എന്നു ഞാൻ കരുതുന്നുണ്ട്. കേരളത്തിലെ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ യാഗാശ്വത്തെ അഴിച്ചുവിട്ട – തളയ്ക്കാമെങ്കിൽ തളച്ചോ എന്നു വെല്ലുവിളിച്ച ഫാ. പോൾ അറയ്ക്കൽ എന്ന ആലപ്പുഴക്കാരനച്ചനെ കൊച്ചിയിൽ നിന്നു സമരജാഥ നയിച്ച് തിരുവനന്തപുരം സെക്രട്ടറിയേറ്റു നടയിൽ കുടിൽ കെട്ടി 24 മണിക്കൂർ കഷ്ടിച്ചു നടത്തിയ കാട്ടൂർ കടൽത്തീരത്ത് തകർന്ന ബാബുവിന്റെ അച്ചാണിവള്ളത്തിന്റെ തകർന്ന അണിയവും വഹിച്ചുവന്ന ആ സമരജാഥയുടെ മുന്നിൽ നിന്ന് അലറി ആക്രോശിച്ച സിംഹഗർജ്ജനത്തിന്റെ ഉടയവന് അന്നുള്ളത് പകലിൽ ജാഥയിലുടനീളം ഒരു അംഗവസ്ത്രവും രാത്രിയ്ക്ക് ഒരു ലുങ്കിയും ആയിരുന്നു. പകൽ വിയർത്തൊലിച്ചു സമരസംഘാടനവും പ്രസംഗവുമായി ഓടി നടന്നു. പൊടിപിടിച്ചു എത്തുന്ന ആ വെള്ളത്തുണി വിയർപ്പു ഒഴുക്കി നാറി



നില്ക്കുന്ന ആ കഷണം തുണിയുമായിട്ട് സന്ധ്യമയങ്ങുമ്പോൾ, അത്താഴക്കഞ്ഞിക്കു നേരമാകുമ്പോൾ ആറ്റുകടവിലേക്കോ പൈപ്പിൻ ചുവട്ടിലേക്കോ പോയി ഒരു കഷണം ബാർസോപ്പുമായി അത് തല്ലിക്കഴുകി, രാത്രി വിരിച്ചുണക്കി, രാവിലെ വീണ്ടും അതിട്ടു സമരമുഖത്തേയ്ക്കു കുതിയ്ക്കുന്ന ടോം.

തോർത്തുടുത്തു നടന്ന മാമനാണ്. സാധാരണക്കാരനൊപ്പം "സ്വതേ ദൈവമായിരിക്കെ തന്റെ – മഹത്വം വകവയ്ക്കാതെ – എല്ലാം ഉരിഞ്ഞുവച്ച തോർത്തുടുത്ത മാമൻ." അർദ്ധനഗ്നനായ ഫക്കീർ എന്ന മഹാത്മാഗാന്ധിയും കൽക്കട്ടാത്തെരുവിലെ രണ്ടു സാരികളുടെ അവകാശം മാത്രം ഉടമസ്ഥത വച്ചു സന്യാസം വരിച്ച മദർ തെരേസയ്ക്കും പിന്മുറക്കാരനായി ടോം. ടോമിന്റെ ആ രൂപം മായ്ക്കാനാവുന്നില്ല. വ്യത്യസ്ഥപ്പെട്ട കഥകൾ ഒരുപക്ഷേ പ്ലെയിൻ യാത്രകളുടെ സൗകര്യപ്പെടുത്തലിലൊക്കെ ഈ International ഭാവം ഉൾക്കൊണ്ട ടോമിനെ വിമർശിച്ച അനുഭവവും ഓർമ്മയുണ്ടെങ്കിലും ടോം അടിസ്ഥാനപരമായി ദാരിദ്ര്യം വരിച്ചു ദരിദ്രപക്ഷം ചേർന്നവനായിരുന്നു. ദാരിദ്ര്യത്തെ പുണ്യമാക്കുവാനല്ല – മറിച്ച് ദാരിദ്ര്യത്തെ എതിർക്കാൻ, ദാരിദ്ര്യം സംസ്ഥാപിക്കുന്ന വ്യവസ്ഥിതികളെ എതിർക്കാൻ. യേശുവിന്റെ ദൈവരാജ്യ ദർശനം, ഗാന്ധിജിയുടെ രാമരാജ്യം പ്രയോഗത്തിലെത്തിയ്ക്കാൻ. അതൊന്ന്. ഞാൻ നീട്ടില്ല. ഒന്നു കൂടി കച്ചയുടുത്തു കിടക്കുന്ന മാമൻ ഒരു നേരം ആ കച്ച വലിച്ചൂരി അരയിൽ ചുറ്റി ഒരു താലവും വെള്ളവും എടുത്തു ആ മുക്കുവക്കൂട്ടങ്ങളുടെ മുന്നിൽ ഒരു രംഗം ജനിപ്പിച്ചു.

## അന്തിമഭോജന വേളയിൽ... (John 13, 2-17)

ഒരു നേരം ആ തോർത്തു ചുരുട്ടിപ്പിരിച്ചു ചാട്ടവാറാക്കി മഹാദേവാലയത്തിനകത്തേക്കു കയറി മേശകൾ തട്ടിമറിയ്ക്കുകയും ചിതറിയ്ക്കുകയും പ്രാവുകളെ പറത്തിവിടുകയും ആടുകളെ കെട്ടഴിച്ചു വിടുകയും – എന്റെ പ്രാർത്ഥനാലയം നിങ്ങൾ കള്ളന്മാരുടെ ഗുഹയാക്കിയിരിക്കുന്നു എന്ന് ആക്രോശിച്ചു ഉഗ്രരൂപം ഉൾക്കൊണ്ട യേശുവിന്റെ ഉഗ്രരൂപിയായ അവതാരമായി മാറുകയും ചെയ്ത സന്ദർഭങ്ങളുടെ എത്ര സന്ദർഭങ്ങൾ വേണമെങ്കിലും ഓർത്തെടുക്കാം. പൂത്തുറപ്പള്ളിയിൽ നിന്നു മാറ്റിയ ടോമിനെ നാടുകടത്താൻ തിരുവനന്തപുരം രൂപത തീരുമാനിയ്ക്കുകയും റെഡംപ്റ്ററിസ്റ്റു സന്യാസ സഭ അതിൽ ന്യായീകരണമില്ലെന്നു ശഠിയ്ക്കുകയും പിന്നെയും മെത്രാന്റെ നിർബന്ധത്തിനു വഴങ്ങി മാറ്റം കൊടുത്തിട്ടു ഇന്ത്യയിലെവിടെയും മത്സ്യത്തൊഴിലാളികൾക്കുവേണ്ടി പ്രവർത്തിയ്ക്കാൻ Order അടിച്ചു കൊടുക്കുകയും ചെയ്ത ആ കാലത്തെ പ്രൊവിൻഷ്യൽ പിൽക്കാലത്ത് കാർഡിനൽ വിതയത്തിൽ. സംഭവങ്ങൾ ഒക്കെ ഓർക്കുമ്പോൾ അന്നു നടന്ന തീരദേശ വിശ്വാസ ജാഥകളും തിരസ്ക്കതരുടെ വിശ്വാസ കൺവൻഷനും ഒന്നും ഒന്നും മറക്കുവാനാവുന്നില്ല. ഒക്കെ ഈ ശരീരത്തോടൊപ്പം സംവഹിയ്ക്കുമ്പോഴും മുഴങ്ങുന്ന ഈ മത്സ്യമേഖലയിലെ


ഓംകാരശബ്ദമുണ്ടല്ലോ – ഇപ്പോൾ ഞാനതു ഉച്ചരിച്ചാലും അലകടൽ പോലെ ഈ കൂട്ടത്തിലെ മത്സ്യത്തൊഴിലാളികൾ ഈ ഓംകാര ശബ്ദം ഏറ്റുപിടിയ്ക്കും എന്ന് എനിയ്ക്കറിയാം. ഞാനതു ഓർത്തെടുക്കട്ടെ. നമ്മളുടെ അനുഭവത്തെ മുതലാളിത്തത്തിന്റെ ഉരലിലിട്ട് ഇടിച്ചു കശക്കിയ സാഹചര്യത്തിൽ കേരളത്തിലെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ സ്വയം ഉണർത്തിയ ആ ശാസ്ത്രകവിത

ജൂൺ ജൂലൈ ആഗസ്റ്റ് കാലം
മീൻ പെരുകുന്നോരു കാലം
അരുതേ അരുതേ ഈ കാലത്ത്
ട്രോളിംഗ് നടത്തി നശിപ്പിക്കരുതേ
ഞങ്ങടെ മനസ്സിലെ ചാകരകൾ
ഇവിടെ ഇരിപ്പില്ലെ ആലപ്പുഴയിലെ പീറ്റർ ചേട്ടനും
കൊല്ലത്തെ ആൻഡ്രൂസു ചേട്ടനും
അഞ്ചുതെങ്ങിലെ ലോറൻസും
തിരുവനന്തപുരത്തെ ജോണും പീറ്ററും ഒക്കെ.

ആ ഓംകാരംമുഴക്കി കടലിനുവേണ്ടി, കടലിന്റെ മക്കൾക്കു വേണ്ടി പോരാട്ടങ്ങൾ നയിച്ചു. കാശ്മീരിൽ നിന്ന് കന്യാകുമാരി വരെ “Protect Waters Protect Life” എന്ന ജീവനഗീത സമരജാഥ നയിച്ച്, തുടങ്ങി എത്രയെത്ര ജീവനഗീതങ്ങളുടെ പ്രചോദനവും നേതൃത്വവും ആയിരുന്നു ടോം. നൂറായിരം സന്ദർഭങ്ങൾ ഓർമ്മയിലൊതുക്കി ഞാൻ പറഞ്ഞു നിർത്തട്ടെ.

ഈ മനുഷ്യൻ സാക്ഷാൽ ദൈവപുത്രനായിരുന്നു.
ഈ ദൈവപുത്രൻ സാക്ഷാൽ മനുഷ്യനായിരുന്നു.
മൃതരായവരെ ഭൂമിയിലെ കുടീരങ്ങളിൽ നിങ്ങൾ തിരയേണ്ട
മനുഷ്യ മനസ്സുകളിൽ അവരെ തിരയൂ.

(റൂമിയുടെ കല്ലറയിലെ ഫലകക്കുറിപ്പ്)



# 1.5 KSMTF ഫെഡറേഷനിലെ പെൺ സാന്നിദ്ധ്യം

ഇന്നലെ വനിതാദിനം. ഇന്നലെ വന്ന സന്ദേശങ്ങളിൽ ഒന്ന് ഇങ്ങനെ.

"She is clothed with Strength and dignity (Proverb 31.25)
There is no limit to what you can Accomplish in life."

അതിന്റെ അനുബന്ധം ആയി പറഞ്ഞ ഏറെ വേദപുസ്തക പ്രയോഗങ്ങൾ കൂട്ടിവച്ച കഥകൾ, സാറാ, ഹാഗാർ, റഹാബ്, ഹന്ന, റൂത്ത് എന്നു തുടങ്ങി ഡോർകാസ് വരെയുള്ള ബൈബിൾ കഥാപാത്രങ്ങളെ ഉദ്ധരിച്ച് – ദൈവത്തിന്റെ കൈപിടിച്ചു നടന്ന പെൺകഥാപാത്രങ്ങളുടെ ഒരുപിടി കഥകളെ ഓർമ്മിപ്പിച്ച ആ ആശംസാ കാർഡ് വായിച്ചുകഴിഞ്ഞപ്പോൾ പ്രസിദ്ധ വിമോചന ദൈവ ശാസ്ത്രജ്ഞനായ സാമുവൽ രായൻ അച്ചന്റെ ഒരു പ്രാർത്ഥനാമാല ഞാൻ കൈയിലെടുത്തു. വൈദിക പൂജാക്രമങ്ങളിൽ അപൂർവ്വമായ സ്വകീയ ക്രമങ്ങൾ രചിച്ചിരുന്ന രായനച്ചന്റെ രണ്ടു പ്രാർത്ഥനാക്രമങ്ങൾ കൂട്ടിവച്ചു ഞാൻ ധ്യാനിച്ചു.

One - Encharistic Prayer - Celebration of Womanhood
Two - Worship him with Bread and Rice

അത്രയും കഴിഞ്ഞപ്പോൾ ഫെഡറേഷന്റെ കുറെ പഴയ കുറിപ്പുകളുടെ ഇടയിൽ നിന്ന് ഒരു കഷണം പേപ്പർ എന്റെ ദൃഷ്ടിയിൽ പെട്ടു. 11–08–'91 –ൽ Sr. Alice Lukose, കൈലാസ്, വള്ളത്തോൾ പടി എന്ന വിലാസത്തിൽ നിന്ന് എത്തിച്ചുതന്ന ഒരു കുറിപ്പ്. ഞാനത് ഒരാവർത്തി വായിച്ചു.

പ്രിയ ജോസ്,

After prolonged and very serious reflection I have decided to take one year of leave of absence from the Assumption Congregation.





I am taking this step, because I feel the need for greater freedom and responsibility to take my own initiative in the service of our people and for my personal growth. I want to work among the poor and deprived people with some focus on women."

"I want to work among the poor and deprived people, with some focus on women."

സിസ്റ്റർ ആലീസിനെ കേരളം അറിയും KSMTF എന്ന ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന്റെ 1984–ലെ സമരത്തിലെ നിരാഹാരികളുടെ നിരയിലെ പ്രധാന നക്ഷത്രം ആണ്. അസംപ്ഷൻ സന്യാസിനീ സമൂഹത്തിൽ നിന്നും കോഴിക്കോട് കടപ്പുറത്ത് Beach Blossom എന്ന സംഘപ്രവർത്തനവും ആയി പടിയിറങ്ങിയ സിസ്റ്റർ ആലീസ് ലൂക്കോസ്.

കോഴിക്കോട് അതൊരു സംഭവവും ആയി. ഒരു കത്തോലിക്കാ സന്യാസിനി കേരള ചരിത്രത്തിൽ ആദ്യമായി പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കു വേണ്ടി നിരാഹാര സമരം കിടക്കുവാൻ മത്സ്യത്തൊഴിലാളിയായ വേലായുധൻ ചേട്ടനും ഒത്ത് കോഴിക്കോട് സിവിൽ സ്റ്റേഷനു മുമ്പിൽ നിരാഹാരപ്പന്തൽ കെട്ടി സമരം തുടങ്ങി. പുറപ്പാടിലെ ജനങ്ങളോടൊപ്പം കൂടാരം കെട്ടി പാർത്ത ദൈവീകതയുടെ സ്ത്രീഭാവത്തിന്റെ പുത്തനവതരണം. കടപ്പുറത്തേയ്ക്കിറങ്ങി കൂടാരം കെട്ടി ദരിദ്രരാക്കപ്പെട്ട മത്സ്യത്തൊഴിലാളികളോടൊപ്പം അവരുടെ പട്ടിണിക്കും ദുരിതത്തിനും അറുതി വരുത്താൻ ഇറങ്ങി പുറപ്പാട് നടത്തിയ ധീര സന്യാസിനി.

അവിടെ തീർന്നില്ല. ഇടയ്ക്ക് ഒരുനാൾ ഇന്ത്യൻ എക്സ്പ്രസ്സിലെ ശ്രീ. മാധവൻകുട്ടി സിസ്റ്ററിനെ ഇന്റർവ്യൂ ചെയ്യാനെത്തിയപ്പോൾ ആലീസ് തുറന്നടിച്ചു. ഇതു വിമോചന ദൈവശാസ്ത്രത്തിന്റെ പിൻമുറയാണെന്നും താൻ മരണം വരെ നിരാഹാരം കിടക്കുമെന്നും തീർത്തു പറഞ്ഞു.

പത്രവാർത്ത വന്ന പിറകെ ഞങ്ങൾക്ക് ആർച്ചു ബിഷപ്പ് കേളന്തറ സന്ദേശമിട്ടു. അദ്ദേഹത്തിന് ഞങ്ങളെ കാണണമെന്ന്. അന്ന് പി.ഒ.സി. യിൽ ഉണ്ടായിരുന്ന മൈക്കിൾ കാരിമറ്റം അച്ചനും, താലന്ത് പത്രാധിപർ മുളങ്ങാട്ടിൽ അച്ചനും വഴിയാണ് സന്ദേശം എത്തിയത്. സന്ധ്യകഴിഞ്ഞ് ഞങ്ങൾ വരാപ്പുഴ ആർച്ച് ബിഷപ്പ് ഹൗസിലെത്തി. അദ്ദേഹം ഞങ്ങൾക്ക് അത്താഴം വിളമ്പി. അതിനു ശേഷം അദ്ദേഹത്തിന്റെ മുറിയിലേക്ക് വിളിച്ചു ഞങ്ങളെ വട്ടമിരുത്തി വിഷയങ്ങൾ ചർച്ച ചെയ്തു. അവസാനം അദ്ദേഹം പറഞ്ഞുവച്ചു. എല്ലാം ഞാൻ അംഗീകരിക്കുന്നു. പക്ഷേ നിങ്ങൾ 'മരണം വരെ' എന്ന തീർപ്പ് ഒഴിവാക്കണം. അദ്ദേഹം നിർബന്ധിച്ചു. രാത്രി തന്നെ നിങ്ങൾ കോഴിക്കോട്ട് പോകണം. 'മരണം വരെ' എന്ന തീർപ്പിന് തിരുത്തൽ വരുത്തണം. ഞങ്ങൾ വാക്കൊന്നും കൊടുത്തില്ല. രാത്രി തന്നെ ഒരു കാറിൽ യാത്ര പുറപ്പെട്ടു. നേരത്തേ ഞങ്ങൾ നിരാഹാരിയെ കണ്ടിരുന്നില്ല എന്നിടത്ത് ആലീസിനെയും വേലായുധൻ ചേട്ടനെയും കാണുക, സമര നീക്കങ്ങൾ ചർച്ചചെയ്യുക എന്ന ലക്ഷ്യത്തോടെ. 'മരണം വരെ നിരാഹാരം' എന്ന തീർപ്പ് ആത്മഹത്യാപരവും

ആണെന്ന ക്രൈസ്തവ ധാർമ്മികതയുടെ തീർപ്പുകൾ ചോദ്യം ചെയ്യപ്പെടുന്നു എന്ന സാഹചര്യം ഒരു വിവാദമദായി ഉയർന്നു. സമരഘട്ടം അടുപ്പിച്ചു തന്നെ ഫെലിക്സ് പൊടിമറ്റം അച്ചൻ ഒരു ഗ്രന്ഥവും രചിച്ച് ആ വിഷയം നിർധാരണം ചെയ്തു. അതിനുശേഷം കഥകൾ.

സിസ്റ്റർ ആലീസിനെ കാണാൻ ചെന്ന ഞങ്ങൾക്ക് വിഷയം ചർച്ച ചെയ്യേണ്ടി വന്നില്ല. 'മരണം വരെ' എന്നു പറഞ്ഞു തുടങ്ങിയപ്പോഴും രണ്ടാമതൊരു ഘട്ടത്തിൽ കോഴിക്കോട് കടപ്പുറത്തെ മുസ്ലീം വനിതകൾ ആത്മഹത്യാശ്രമം എന്ന നിലയിൽ നിരാഹാരത്തെ കണ്ട് പിന്തുണ പിറകോട്ടടിക്കുകയും സമരപ്പന്തൽ സന്ദർശിക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യങ്ങളെ വിലയിരുത്തി സമരസമിതി നിർബന്ധിച്ച് ആലീസിന്റെ നിരാഹാരം അവസാനിപ്പിച്ച് മെഡിക്കൽ കോളേജിൽ പ്രവേശിപ്പിക്കുകയും ചെയ്തു. സിസ്റ്റർ പിന്നീട് പാലാ Womens Hostel - ലേയ്ക്ക് സ്ഥലം മാറ്റപ്പെടുകയും പിൽക്കാലത്ത് ആദ്യം കുറിച്ച കുറിപ്പു പ്രകാരം ഒരു വർഷത്തേയ്ക്ക് അവധിയെടുത്ത് സന്യാസസഭയിൽ നിന്ന് മാറിനില്ക്കുകയും കാലാന്തരത്തിൽ ചെല്ലാനം പ്രദേശത്തു വന്ന് Win Society എന്ന ഒരു വനിതാ സംഘം രൂപീകരിച്ച് പരമ്പരാഗത മത്സ്യ തൊഴിലാളികളുടെ വികസന സംഘാടന പ്രവർത്തനങ്ങൾക്ക് രൂപം കൊടുത്ത് കടലിന്റെ വീരപുത്രിയായി പ്രവൃത്തിമുഖങ്ങൾ തുറന്ന് ജീവിക്കുകയും ചെയ്യുന്നു. 1984–ലെ സമരമുഖം ഇന്നും തുറന്നുതന്നെ.

സന്യാസസഭയുടെ വാതായനങ്ങൾ മലർക്കെ തുറന്നിട്ട് ഒരുപിടി സന്യാസിനികളും അവരെ പിന്തുണച്ച് അവരുടെ സന്യാസ സമൂഹങ്ങളും രംഗത്തിറങ്ങിയ ഒരു സംഭവം കേരളസമൂഹത്തിലും കേരളസഭയിലും (ആകമാന സഭാസമൂഹത്തിലും) ഒരു പുതുമയാണെന്നു തന്നെ പറയണം.

ചില സന്യാസ സഭകളും അതിലെ സന്യാസിനികളും ഓർമ്മിക്കപ്പെടേണ്ടതുണ്ട്.

1. ICM - Sr. ആനി പുന്നൂസ്, പി.വി. റോസ്
2. Assumption Sisters: Sr. Alice Lukose
3. Divine Saviours Sisters: Sr. എൽസി.
5. Medical Mission Sisters: ഫിലമിൻ മേരി, പെട്രീഷ്യാ കുരുവിനാക്കുന്നേൽ, തെറമ്മ പ്രായിക്കുളം, മേഴ്സി കൂട്ടിയാനി.



ആ സമരവഴികളിൽ ഇവരൊക്കെ ഉൾച്ചേർന്ന് നിന്നത് കടലിന്റെ കടൽ മുത്തുകളുടെയൊക്കെ കാവലാളുകൾ ആയിരുന്ന ഒരുകൂട്ടം മത്സ്യ ത്തൊഴിലാളി സ്ത്രീകളോടൊപ്പമാണ് എന്നത് വസ്തുത. അവരുടെയൊക്കെ പേരുകൾ മാത്രം പറഞ്ഞുപോകുന്നത് മാപ്പാക്കുക. അതിനപ്പുറം കഥകൾ തേടിയെടുക്കുക അത്രയ്ക്കേറെ ദുഷ്ക്കരമാണ്. ആ കാലയളവുകളിൽ നിരവധി ജനകീയ സംഘങ്ങളിലൂടെ രംഗപ്രവേശം ചെയ്തവരാണ് അവരൊക്കെയും. ആ സംഘങ്ങളും അവയുടെ രേഖാ ശേഖരങ്ങളും എല്ലാംതന്നെ നഷ്ടപ്പെട്ടു. സംഘങ്ങൾ മരണപ്പെട്ടു. അസാരം സഭകൾ മാത്രം എവിടെയെങ്കിലും.

മത്സ്യമേഖലയിലെ സജീവപ്രവർത്തകർ ആയിരുന്ന സ്ത്രീപ്രവർത്തകരെ ഓർത്തെടുക്കട്ടെ:

1. തിരുവനന്തപുരം
2. പൂന്തുറ – കാർമൽ
3. വേളി – ഷീലാ റൊസാരിയോ
4. കൊച്ചുവേളി – മാർഗരറ്റ് പള്ളിത്തുറ
5. തുമ്പ – ഇസബൽ
6. വെട്ടുതുറ – മേഴ്സി അലക്സാണ്ടർ
7. സതീപുരം – ഐഡ
8. പൂന്തുറ – ഇസബൽ ലൂയിസ്
9. ഏലിയാമ്മ വിജയൻ – തിരുവനന്തപുരം ജില്ലയിലെ പ്രവർത്തകരുടെ ലിസ്റ്റാണിത്.

**MMS - Poothura - 1975**

1. Sr. Luke Cherian
2. Sr. Theramma Prayikulam
3. Sr. Maria Kumblathanam (Died)
4. Sr. Alice Vadacherry (4 months)
5. Sr. Deena Philip (Novice Mistress)
6. Sr. Thresiamma Attarumackal (Died)
7. Sr. Miriam Kurvinakunnel
8. Sr. Mary Sebastian
9. Sr. Marykutty Pullat
10. Sr. Lilly Joseph
11. Sr. Celine Paramundal
12. Sr. Mary Nalpathamkalam
13 Sr. Money Varikattu
14. Sr. Theramma Padijnararnuri
15. Sr. Theyarnma Kuthuvelachel
16. Sr. Grcykutty Kalloorkulangara
17. Sr. Molly Vadakken
18. Sr. Chinnamma Mattom (Died)
19. Sr. Patricia Kuruvinakunnel (Died)
20. Sr. Regina Neryiamparampil
21. Sr. Marykutty Kudakkachira
22. Sr. Rosily Murikan (Died)

**MMS - Mampally - 1978**

1. Sr. Philomen Marie Thakidiel
2. Sr. Leoni Thottathil
3. Sr. Bridget Thyparambil
4. Sr. Elize Kurshumoottil
5. Sr. Mercy Koottiani
6. Sr. Patricial Kuruvinakunnel
7. Adv. Elsamma Prayikulam
8. Rosamma Velappen
9. Sr. Valsa Paravarakathu
10. Sr. Sherly Keeranchira
11. Sr. Jeen Alexander
12. Sr. Alice Mylady
13. Sr. Philo Varghese
14. Sr. Anu Shaviriarukuzhi
15. Sr. Tresa Panamcherry
16. Sr. Imelda Vadakel
17. Sr. Clemence Vavelloor
18. Sr. Theophine
19. Sr. Lilly Scaria
20. Sr. Lucy Puthoor
21. Sr. Maria Edamala
22. Sr. Sally

**Nursery Teachers**

1. Faciala Perumathura
2. Lila Perumathura
3. Ansi Perumathura
4. Ramsi Perumathura
5. Sanooja Perumathura
6. Sajila Permathura
7. Annarnma Thazhampally
8. Baby Thazhampally
9. Sherly Thazhampally
10. Jaseentha Poothura
11. Shymaia poothura
12. Pushppamma Poothura
13. Jolly Poothura
14. Valsala pootbura
15. Jemy Poothrua
16. Thanka Poothura
17. Bona Poothura
18. Dorine Poothura
19. Fabiola Anjuthengu
20. Bindhu Anjuthengu
21. Lena Anjuthengu
22. Shyia Anjuthengu
23. Sunitha Anjuthengu
24. Aleyamma Anjuthengu
25. Joshy Anjuthengu
26. Medona Anjuthengu
27. Lizy Anjuthengu
28. Pushppam Anjuthengu
29. Lizy Anjuthengu
30. Mary Francis Anjuthengu
31. Alphonsa Anjuthengu
32. Lilly Maria Anjuthengu
33. Regina Anjuthengu
34. Sherly Mampally
35. Mini Mampally
36. Felsy Mampally
37. Mary Marnpally
38. Selvy Mampally
39. Stella Mampally

**Women leaders & Supporters**

1. Isath Beebi Perumathura
2. Aseerna Perumathura
3. Najirna Perumathura
4. Shareefa Beebi Perumathura
5. Thabira Perumathura
6. Stella Poothura
7. Metilda Poothura
8. Lila Poothura
9. Christeena Poothura
10. Pauly Poothura
11. Patricia Poothura
12. Amala Anjuthengu
13. Isabel Anjuthengu
14. Swarnamrna Anjuthengu
15. Cyrila Anjuthengu
16. Jeseentha Mampally
17. Jesin Mampally
18. Karmely Mampally
19. Sharlet Mampally
20. Jain Mampally
21. Sephia, Kozhikodu
22. Alphonsa
23. Kuttamma Arthunkal Alapuzha
24. Usha Alapuzha
25. Mable Alapuzha
26. Ayidamma Ernakulam
27. Pushpavalli Ernakulam
28. Kuttamma Chellanam Ernakulam
29. Chinna Paul Ernakulam
30. Veronica Antony Kollam
31. Victoria John Kollam
32. Alice Andrews Kollam
33. Thresia Antony Kollam
34. Marykutty Varghese Kollam
35. Violet Siril Kollam
36. Philomina Andrews Kollam
37. Sibila Peter Kollam
38. Nirmala Antony Kollam
39. Esther Antony Kollam
40. Baby Mercy Kundara Kollam
41. Molly Mavelikkara Kollam
42. Mary John Kollam
43. Kochumol Thomas Kollam

ആ വിധ വ്യക്തിത്വങ്ങളുടെ ഓർമ്മകൾ പുതുക്കി വരുമ്പോൾ കടലിന്റെ മക്കൾക്കുവേണ്ടി നിരാഹാരം കിടന്നു മരിക്കാൻ തുനിഞ്ഞിറങ്ങിയ കടലിന്റെ മക്കൾ അമ്മയെന്ന് സംബോധന ചെയ്യുന്ന ഒരു വ്യക്തിത്വമുണ്ട് – സിസ്റ്റർ ഫിലമിൻ മേരി. സിസ്റ്ററിനെ കുറിച്ച് കൂടുതലൊന്നും പറയാൻ ഞാൻ തുനിയുന്നില്ല. സെക്രട്ടറിയേറ്റു നടയിൽ നിരാഹാരപ്പന്തലിൽ നീണ്ടനാൾ കിടന്ന് ചരിത്രം സൃഷ്ടിച്ച സിസ്റ്ററിന്റെ സന്യാസസഭയ്ക്ക് അകത്തുള്ള സംഭവങ്ങളുടെ കൃത്യമായ ഒരു വസ്തുതാ വിവരണം 84–കളിൽ മെഡിക്കൽ മിഷൻ സിസ്റ്റേഴ്സിന്റെ ജനറാളമ്മയുടെ ഒരു ഗ്രന്ഥവിവരണം അപ്പാടെ പകർത്താനാണ് ഞാൻ ഇഷ്ടപ്പെടുക.

മത്സ്യത്തൊഴിലാളി ട്രേഡ് യൂണിയൻ സംഘാടനത്തിന് ഇറങ്ങിനിന്നവർ ആരും തന്നെയും വെറുതെയങ്ങ് കയറി മുന്നിൽ നിന്നവരല്ല. കഠിനമായ സംഘർഷങ്ങൾ ഏറ്റുവാങ്ങി പ്രശ്നങ്ങളെ നേരിട്ട് തിരസ്ക്കാരങ്ങളെ ഏറ്റുവാങ്ങി കർമ്മമുഖം ഒരുക്കിയിരുന്ന കഥകൾ ഓരോരുത്തർക്കും ഉണ്ട്. MMS ന്റെ ആ കാലയളവിലെ ജനറാൾ Sr. Godlieve ന്റെ കുറിപ്പുകളിൽ നിന്ന്

**"The cause of the fishermen"**

## Consolidation

These issues were becoming new factors causing polarisation among the membership, and were having an even greater impact than the polarisation around the institutional issue. As part of ongoing formation, some sisters felt the need to study the impact of ideologies, especially Marxism; and several assemblies requested guidelines - or, at least, much more reflection - on situations of political transformation and revolution. Before any concrete plans for this could be made, however, the situation in South India exploded - and the ensuing events were to have a great impact on the whole Society...

## The cause of the fishermen

Eight sisters, living for years in the impoverished fishing villages of Poothura and Mampally along the Kerala coast, had become increasingly drawn into the problems of the people. For generations the people had earned their living by fishing in a traditional way. Lately the mechanised fishing industry, in the hands of big business-houses in Kerala, was invading the inshore waters, which were set apart for the traditional fishermen up to a distance of twenty kilometres from the coastline. Their large and better equipped trawlers were fishing in the same coastal waters and got the bigger hauls, resulting in a poor catch for the local people and also a significant decrease in the fish stocks. This mechanised fishing was threatening the meagre livelihood of the people even in the miserable conditions they were accustomed to. I had watched the boats coming in and the men pulling their nets ashore: it was a splendid sight - the shimmering ocean under the early morning tropical sun, the rhythmic movements of the men working together as one single body, the women waiting with their basins to bring the catch to the market. Yet here was the tragedy - only a few basins were filled:

most of the women had waited in vain, and returned home with only a few small fish to feed the family, and none left over to sell.

The great majority of the fisher-people in the coastal area are Latin Catholics. In the 1960s a number of parish priests began to organise them into local unions; and in 1977 these unions came together to form a Federation. In 1980 the Federation split based on differences in ideology: one had “justice” as the main focus, was registered in line with trade unions as Independent Fishermen’s Union, with a Syro-Malabar priest as president; the other had “welfare” as focus, was registered under charitable societies, with a Latin priest as leader.

When MMS began their mission in 1975 the sisters collaborated with the parishes in all activities where they could make a contribution. As time went on they became involved with other groups, including the Independent Fishermen’s Union, which was motivated by Marxist ideology. As the situation deteriorated, the fishermen’s union became more active. At one point the fishermen captured a large trawler that had entered their waters, and burnt it. Nobody was injured, but property was destroyed. Our sisters had participated in the decision leading to the protest action. From then on their involvement was questioned: could or should they become involved in such violent actions?

Through the years, Josita Myladiyil, the superior for South India, had supported the MMS community in their life and mission among the fishermen, interpreting and clarifying it to others in the district who questioned this involvement. This time her attempts to remain in touch with them and talk about the critical questions raised by the membership were no longer appreciated. She was made to understand that being outside the situation she had no right to question them; their life had now taken on a public character and their only guidelines and sounding board were the people and the union.

A major agitation prepared by the union for May and June 1984 began with a massive protest demonstration staged to get a bill passed that would protect the traditional fishermen along the south coast of India. Together with others, our sisters were arrested and put in jail. They refused bail and demanded a public hearing; this was not granted and six days later they were released. The general body of the union, including our sisters, then decided to go on a fast as the next strategy of the agitation. They entered the fast with the total support of many religious groups and of the bishops of the area, who began to exert pressure on the government to grant the demands of the fishermen. Impatient that there was no response from the government, the union leaders decided to declare a “fast to death”; our Sr. Philomene Marie Thakadiel volunteered and continued her fast even when it became clear that many saw this as attempted suicide - a provocation beyond the peoples’ understanding, forbidden by the

Church, a scandal... Those who were afraid of the bishops' reactions, especially the sisters and priests, withdrew their open support of the agitation, although many still continued behind the scenes.

On June 17, Elizabeth Koonthanam, Asia sector superior, called us in London with the news that Philomene Marie ("PM", as she was generally known) had been fasting continuously for eighteen days; she had been arrested and brought to an intensive care unit in a hospital, where she still refused the intravenous fluids they tried to give her. She had made it clear to the press and to others that this was her own free initiative, and that she was acting without permission of her superiors. We were convinced of her integrity but doubted whether she fully realised all the possible implications of her decision.

On June 19, Elizabeth succeeded in meeting with the union leader, explaining to him that if the fast were to continue Medical Mission Sisters would have to make a public statement that they did not support a fast unto death. He did not agree that the fast should be stopped. As there was to be a meeting of the larger committee organising the agitation, and realising that any public statement would have great ramifications on the whole movement, Elizabeth decided to wait with this next step until after that meeting. On June 21, the General Council of the Union met and in a marathon session of eleven hours decided to temporarily withdraw from all protest actions, including the fast, for strategic reasons: many people were exhausted and they needed time to regain strength and resources in order to resume the union on June 22, and ended agitation later. The fast was called off without a major eruption of violence. PM was admitted to hospital to recover.

Meanwhile, reactions, emotions and anger ran wild and high among Medical Mission Sisters in India. Many sisters were shocked by the atmosphere of violence and the slogans: there was nothing 'religious' about this mission! Others were in sympathy with the fishermen's cause. The issues were soon being discussed throughout the whole Society: PM received letters of sympathy and support from all corners of the world. Some started campaigning and pleading that 'those in authority' should not interfere; others who had expected a much stronger stance against PM told us that this could not be tolerated and that PM should be dismissed from the Society.

More and more people, including the sisters in South India, now began to question whether the MMS who were directly involved with the union were really serving the people, or had unwittingly become pawns of the union. Later on, PM herself shared her own sense of disillusionment and anxiety when - inexperienced as she was - she came to realise that the fast, which for her had a deep spiritual meaning, was going to have far-reaching political ramifications she had not previously considered.

The upheaval was such that Denise and I were asked to come to India to help sort it all out. Listening to the reactions and concerns of our sisters in South India we came to understand that for many the underlying question was: how could one become so totally involved in another group and still remain a Medical Mission Sister? Within the cultural context of Kerala, MMS had an image of being non-conventional, daring and risk-taking. Yet, with all the publicity in the media, the growing antagonism of the bishops, the questions of relatives and friends, this mission - even though they actually supported it - had gone too far and had now created confusion: no-one knew any more what was right and what to make of the whole event.

We could not give them satisfactory answers! They were disappointed, but could also appreciate the challenge to enter much more deeply into the meaning of the life they had chosen and the greater sense of responsibility resulting from accepting this challenge. The questions and anxieties they were facing were taking them beyond rules and regulations: they themselves would have to face and answer them as the situations in which they were living evolved. New demonstrations and agitations would arise among the fishermen - that was inevitable, as trawlers were again allowed to fish up to ten kilometres from the coast! And in the meantime the bishops had issued an instruction that religious would need permission from the bishop before they could join a demonstration. How would the sisters in the fisher villages react? And what if the bishop would ask them to leave his diocese, or would ask the Society to please transfer certain sisters to other missions?

Together with our sisters in India we too were being confronted with the true implications of our present thrust in mission - and we could not give them clear-cut guidelines to follow in such hypothetical situations. In their support for the plight of the fishermen the sisters were living out the essence of mission as we expressed it in the 1979 Constitution 13: they had entered the lives of other people, become community with the fishing people, diagnosed together the cause of their miserable conditions, searched for the evils at the root of so much suffering, joined with others and entered into action to transform this situation, thus exercising a prophetic role within the Church in Kerala. It was time to seriously reconsider if this was how Medical Mission Sisters really understood their charism and mission, and to bring the outcome to the following chapter - which was due to take place just about one year later.

**“Choices and Implications” - The General Chapter of 1985**

As evidenced by these recent events in South India, the Central Assembly realised that the far-reaching implications of the decisions taken at the earlier chapters of 1967, 1973 and 1979 had only recently begun to dawn on quite a number of the sisters. The conflicts and polarisation around the hospitals had been difficult, at times traumatic, and definitely significant for certain areas in the Society. Only in more recent years, however, had the membership come to understand that more basic questions were at stake. The hospital conflicts were only symptomatic of a much deeper issue that was now coming to the surface: the relationship between communal or Society priorities and the inner autonomy of the individual.

This issue was not only functional: “who had the final say?” It was deeply spiritual, touching on one of the core aspects of religious life - obedience. Is the vow of obedience expressed in external obedience to Society decisions made after consultation or dialogue with those involved? Or, is the vow of obedience lived first of all in inner obedience to God’s will as discerned by the individual in dialogue with all involved - including the people among whom she lives and taking their local situation as much into consideration as the overall Society needs? The events in South India had triggered off an open discussion on this issue, and provided the groundwork for the coming chapter, which was going to focus on “Mission - Choices and Implications”. The chapter was to be held in Amersfoort, the Netherlands, from 1-29 September. The Central Assembly had opted this time for an environment conducive to intensive encounters and hard work.

In preparation for this chapter, the Central Assembly members - the six sector superiors with Denise and myself - had spent seven days together to reflect on and evaluate the past six years, in order to give the chapter an extensive account of our leadership and functioning over this period. In my introduction to this paper I highlighted that, in following the truth of our hearts, the Society had lived through a lot of turmoil. Our love for the people had pulled us more deeply into situations to the extent that some of us had.

# 1.6 ജോയിച്ചൻ ആന്റണി എന്ന സമര പ്രതിഭാസം

ജോയിച്ചൻ ആന്റണി KSMTF ന്റെ സമരമുഖങ്ങളിലെ അമരക്കാരനായിരുന്നു. കേരളത്തിലെ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ സമരത്തേര് തെളിച്ചതും ധീരതയോടെ എത്ര കാലമെങ്കിലും പൊരുതി നില്ക്കാൻ തൊഴിലാളികൾക്കും നേതാക്കൾക്കും വീര്യം പകർന്ന ഉത്തമനായ ഒരു നേതാവായിരുന്നു, ജോയിച്ചൻ. ധീരത ജോയിച്ചന്റെ മുഖമുദ്രയായിരുന്നു. KSMTF ന്റെ ഏതാണ്ട് എല്ലാ സമരങ്ങളിലും സമരസമിതി കൺവീനർ ജോയിച്ചനായിരുന്നു. സംസ്ഥാന സെക്രട്ടറിയും സംസ്ഥാന പ്രസിഡന്റുമൊക്കെയായിരുന്നു ജോയിച്ചൻ. മത്സ്യമേഖലയിൽ ഒരു വലിയ പ്രതീക്ഷയായിരുന്നു. ട്രേഡ് യൂണിയനിൽ നിന്ന് വളർന്ന് കേരള രാഷ്ട്രീയത്തിൽ മത്സ്യത്തൊഴിലാളിയുടെ ശബ്ദം ആയിത്തന്നെ അസംബ്ലിയിൽ ജോയിച്ചനെ എത്തിക്കുന്ന സ്വപ്നങ്ങളൊക്കെ താലോലിച്ചിരുന്ന നിരവധി പേർ KSMTF ലെ സംഘത്തിലുണ്ടായിരുന്നു തന്നെ. സംഭവിച്ചില്ല, കടലമ്മ അവനെ കൊണ്ടുപോയി. കടലമ്മയുടെ മടിത്തട്ടിൽ അവനെ പുണർന്ന് കടലമ്മ ജോയിച്ചന്റെ ജീവൻ എടുത്തു. അത് ഒരു നഷ്ടമായി.

തോമസ് കൊച്ചേരിയോടൊപ്പം ARDC പദ്ധതിയിലെ തൊഴിലാളികളുടെ സംഘാടനത്തോടെ രംഗത്തു വന്ന ജോയിച്ചൻ ആന്റണി ശരിക്കും ഒരു സൂത്രധാരകൻ തന്നെയായിരുന്നു. കർമ്മബോധത്തോടെ, കർമ്മകുശലതയോടെ, കർമ്മധീരതയോടെ തൊഴിലാളിയെ മുൻനിർത്തി മാത്രം പെരുമാറി നിന്ന ജോയിച്ചന്റെ വ്യക്തിത്വം സംഘത്തിൽ ഒന്നു വ്യത്യസ്തപ്പെട്ടിട്ടാണ്.

ARDC പദ്ധതിയിലെ തൊഴിലാളികളുടെ സംഘാടനവും സമരപ്രഖ്യാപനവും ആദ്യം, അതിനു മുൻപേ പഞ്ചായത്തംഗം. നിരാഹാര സമരത്തിന് ആദ്യം ഒരുങ്ങിയിറങ്ങിയ മത്സ്യതൊഴിലാളി ജോയിച്ചൻ ആയിരിക്കണം. 1981–ൽ സെക്രട്ടറിയേറ്റുനടയിൽ. അതിനുശേഷം ജോയിച്ചൻ നിരാഹാരി ആയിരുന്നിട്ടുണ്ടെന്നു തോന്നുന്നില്ല. സമര നടത്തിപ്പുകാരൻ ആയിരുന്നു. വടക്ക് കണ്ണൂർ, കോഴിക്കോട് തുടങ്ങി തെക്കേയറ്റം സെക്രട്ടറിയേറ്റു കവാടം വരെ നിറഞ്ഞുനിന്ന് ഓടിനടന്ന് സമരം ചെയ്തു. ഓരോരോ ആവശ്യങ്ങളും സാധിച്ചുവന്നപ്പോൾ ശരിക്കും ഒരു പടക്കുതിരയുടെ പാച്ചിലായിരുന്നു. ആർക്കും പിടിച്ചുകെട്ടാനാവാത്തവിധം സടകുടഞ്ഞു നിന്ന വ്യക്തിത്വം കർമ്മധീരസേനാനി. എല്ലാ നേരവും ശുദ്ധഹൃദയനും തെളിഞ്ഞ മുഖത്തിന്റെ ഉടമയും.

സമരമുഖങ്ങൾ ഓരോന്നായി ഓർത്തെടുക്കുക പ്രയാസകരം ആണ്. പക്ഷേ LCFF ൽ നിന്ന്, KSMTF ലേയ്ക്കും KSMTF ൽത്തന്നെ ട്രേഡ് യൂണിയൻ ആയ KSMTF ലേയ്ക്കും കുതിച്ചു മാറിയത് ഓർക്കുമ്പോൾ അവിടെ ജോയിച്ചന്റെ പങ്ക് കൃത്യമായിരുന്നു.

പ്രത്യേകിച്ചും ആൽബർട്ട് പരിശവിളയച്ചനെ പുറത്താക്കി സംഘടനയെ പള്ളി രീതികളിൽ നിന്ന് മാറ്റി യഥാർത്ഥ ട്രേഡ് യൂണിയനാക്കാൻ ജോയിച്ചൻ നീക്കിയ നടപടികൾ ആയിരുന്നു ശരിക്കും ഫലിച്ചത്. സംഘടനയുടെ വിഭജനത്തിനു ശേഷവും ജോയിച്ചൻ രംഗത്തുവന്നത് സമരസമിതി കൺവീനർ ആയിട്ടുതന്നെ. 1984–ലെ സമരത്തിന്റെ ചുക്കാൻ പിടിച്ചത് ജോയിച്ചൻ ആയിരുന്നു. പ്രൗഢോജ്ജ്വലമായ വ്യക്തിത്വത്തിന്റെ കാഴ്ചവയ്പ്പുകൾ വളരെ വലുത് എന്നു പറയുമ്പോൾ, ഓരോ

അനുഭവങ്ങളും വലുത് എന്നു പറയുമ്പോൾ കോഴിക്കോട്ട് ഡോമിനിക്കച്ചനേയും കൂട്ടരേയും അറസ്റ്റ് ചെയ്തപ്പോൾ മാനാഞ്ചിറ മൈതാനത്ത് നടത്തിയ പ്രതിഷേധവും ആലപ്പുഴയിൽ SI ശരജനെതിരേ പോലീസ് സ്റ്റേഷനിലേയ്ക്ക് നടത്തിയ മാർച്ചും ലാത്തിവീശലും കാട്ടൂർ കടപ്പുറത്തു നിന്നും ജോൺകുട്ടിയും കൂട്ടരും നടത്തിയ ദീപശിഖാ പ്രയാണവും കൊല്ലം കടലിൽ പഴ്സീൻ കത്തിച്ചതും സിസ്റ്റർ ഫിലമിൻ മേരിയുടെ നിരാഹാരത്തെ മരണം വരെ നിരാഹാരമാക്കി പിടിച്ചു നിർത്തിയ സംഭവങ്ങളും ഒരു നേരം പുറപ്പാട് എന്ന പ്രൊഫഷണൽ നാടക സംഘത്തെ രൂപീകരിച്ചു നടത്തിയതും ഒക്കെയായി എത്രയെത്ര ഉജ്ജ്വല സന്ദർഭങ്ങൾ ഓർമ്മിച്ചെടുക്കുവാനുണ്ടെന്നോ.

ഈ വലിയ നേതാവിനെക്കുറിച്ച് എന്റെ മനസ്സിൽ തരളിതമായി ഉടക്കിക്കിടക്കുന്ന സംഭവം കോഴിക്കോട്ട് ഒരു സമരമുഖത്ത് നിന്ന് ക്രിസ്തുമസിന് കുടുംബത്തു പോയി ക്രിസ്തുമസ് ആഘോഷിക്കാൻ ബസ്സ് കയറാൻ നില്ക്കുമ്പോൾ, ജോയിച്ചനിലെ പിതൃഭാവം ഉണർന്നു. കൊച്ചുങ്ങൾക്ക് പുതു വസ്ത്രം വാങ്ങിക്കൊടുക്കാൻ കൈയിൽ കാശില്ല പോലും. കഷ്ടിച്ച് വണ്ടിക്കൂലി മാത്രം പോക്കറ്റിൽ. അതായിരുന്നു ജോയിച്ചൻ. ഷീലയുടെ പരാതിയും അതുതന്നെയായിരുന്നു. യൂണിയനും സമരവും ആയാൽ പിന്നെ വീടില്ല, ഭാര്യയില്ല, പിന്നെ മക്കളും ഇല്ല എന്ന്.

അപ്പോഴും നല്ല കുടുംബനാഥനും മികവുറ്റ സംഘടനാ നേതാവും ആയിരുന്നു. ഒപ്പം നടക്കുന്ന നല്ലൊരു സഹകാരിയും സ്നേഹിതനും. ഇന്ന് നിലനിൽക്കുന്ന KSMTF ന്റെ നിലനിൽപ്പ് സംഭവിച്ചത് സംസ്ഥാന സെക്രട്ടറി എന്ന നിലയിക്ക് ജോയിച്ചൻ എടുത്ത നിലപാടുകളുടെ പേരിലാണ് എന്നത് എന്റെ ബോദ്ധ്യം.

1983 ഫെബ്രുവരി 5-ന് കരുനാഗപ്പള്ളി YMCA യിൽ കൂടിയ യോഗം അംഗീകരിച്ചു പാസ്സാക്കിയ തീരുമാനങ്ങൾ ഒപ്പുവച്ചത് സംസ്ഥാന സെക്രട്ടറി ജോയിച്ചൻ ആന്റണി ആയിരുന്നു. ആ സമര തീരുമാനങ്ങളെ അട്ടിമറിക്കാൻ തീരുമാനിച്ച പ്രസിഡന്റിനെ നീക്കം ചെയ്യാൻ 1983 ഏപ്രിൽ 15-ന് കൊല്ലം ഡോൺബോസ്കോ സെന്ററിൽ യോഗം വിളിച്ചുകൂട്ടി പരിശവിളയെ മാറ്റി പുതിയ നേതൃത്വത്തെ തെരഞ്ഞെടുത്ത് സംഘടനയെ ശരിക്കും സ്വതന്ത്ര ട്രേഡ് യൂണിയനാക്കിയ തീരുമാനവും ജോയിച്ചന്റെ ചടുല നീക്കങ്ങളിലാണ് രൂപംകൊണ്ടത്. അത് ഉയിർപ്പിന്റെ രാഷ്ട്രീയവും ആയി. ആ തീർപ്പ് എവിടെയെങ്കിലും പാളിയിരുന്നെങ്കിൽ ഇന്ന് KSMTF ന്റെ നില പരിശവിള അച്ചൻ പുനർ നവീകരണം ചെയ്ത AKSMTF ന്റേതാകുമായിരുന്നു. അതുണ്ടായില്ല. അതിന് ഫെഡറേഷൻ തുമ്പക്കാരൻ ജോയിച്ചൻ ആന്റണിയോട് കടപ്പെട്ടിരിക്കുന്നു തീർച്ച. ജോയിച്ചനെന്ന കർമ്മസേനാനിയെ പരമ്പരാഗതക്കാർക്ക് വിട്ടുതന്നതിന് ജോയിച്ചന്റെ കുടുംബത്തോടും സുഹൃത്തേ, താങ്കൾക്കും നന്ദി. നമോവാകം - സ്നേഹം.




# 1.7 ജസ്യൂട്ട് പാതിരിമാർ

KSMTF ന്റെ സംഘാടനത്തിൽ പല സന്യാസസമൂഹങ്ങളും പങ്കുകാരാണ്. കേരളതീരത്ത് സംഘാടനത്തിനു മുൻപേ ആശയ പ്രചരണത്തിന് രംഗത്തിറങ്ങിയ സവിശേഷ വ്യക്തികളുണ്ട്. അവരുടെ പിൻമുറക്കാർ ഉദ്ദീപിപ്പിച്ച കേന്ദ്രങ്ങളുണ്ട്, പ്രസ്ഥാനങ്ങളുണ്ട്. ഓരോരുത്തരും ഓരോന്നും സവിശേഷ പരാമർശം അർഹിക്കുന്നവയും. വിശദാംശങ്ങൾ കുറിക്കുവാൻ ഞാൻ പര്യാപ്തനല്ല. ഓരോ മേഖലയിലും എന്റെ ഇടപെടൽ പരിമിതമാണ് എന്നതുകൊണ്ട്. എങ്കിലും ചെറിയ പരാമർശങ്ങൾ ഞാൻ ഓർമ്മിച്ചെടുക്കട്ടെ. ഫാ. സാമുവൽ രായൻ SJ ആണ്. ഞാൻ ആദരിക്കുന്ന ഈശോസഭക്കാരിൽ പ്രധാനി. വിമോചനധാര വെട്ടിത്തുറന്ന ഒരു വേദശാസ്ത്രജ്ഞൻ. AICUF എന്ന വിദ്യാർത്ഥി സംഘടനയിലൂടെ കേരളത്തിലെ കോളേജങ്കണങ്ങളിൽ അദ്ദേഹം ഉണർത്തിവിട്ട ഒരുപിടി യുവജനങ്ങൾ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ സംഘാടന-വിമോചന പ്രക്രിയകളിൽ പങ്കുകാരായി വന്നു. 1980-കളിൽ തുടങ്ങി ഫെഡറേഷന്റെ സമരമുഖങ്ങൾ സെക്രട്ടറിയേറ്റുനടയിൽ അരങ്ങേറുമ്പോൾ കോളേജ് കാമ്പസ്സുകളിൽ നിന്ന് യുവജനാശ്വങ്ങൾ അണിനിരന്നതൊക്കെയും AICUF, SCM വിദ്യാർത്ഥി പ്രസ്ഥാനങ്ങളുടേതായിരുന്നു. പ്രോട്ടസ്റ്റന്റ് വിഭാഗത്തിന്റെ വിമോചനാശ്വങ്ങളുടെ പ്രേരണ SCM പ്രസ്ഥാനത്തിന്റേതായിരുന്നു. കത്തോലിക്കാ വിഭാഗത്തിന്റേത് AICUF ന്റേതും. അതല്ലാതെ വന്ന സഹകാരികൾ SUCI യുടേതും ആയിരുന്നു. അടിസ്ഥാന വർഗ്ഗത്തോടുള്ള പ്രതിബദ്ധതയിൽ അവരിൽ പലരും ഇന്നും അവരെത്തിയ സ്ഥാനത്ത് പ്രതിബദ്ധതയോടെ നിലകൊള്ളുന്നു. അവരുടെ ഉൾത്തളങ്ങളിൽ നിറഞ്ഞുനിൽക്കുന്ന പ്രേരണ, സാമുവൽ അച്ചൻ തെളിഞ്ഞുനിൽക്കുന്നുണ്ട്. 1960-'70 കളിൽ AICUF ൽ അദ്ദേഹം തെളിച്ച വെളിച്ചത്തെക്കുറിച്ച് ഗുരുനവതിക്ക് ORAM സമർപ്പിക്കുന്ന ഉപഹാരം പ്രസിദ്ധീകരിച്ച 'നാളെയിലേക്കൊരു നീർക്കാഴ്ച' എന്ന ഗ്രന്ഥത്തിൽ ഒരു കുറിപ്പ് ഇങ്ങനെ

"എന്നും കാലാതീതമായി ചിന്തിക്കുവാനും ഭാരതീയ സംസ്ക്കാരത്തെ അതിന്റെ എല്ലാ ബഹുസ്വരതയോടും കൂടി മനസ്സിലാക്കുവാനും സാധിച്ച രായനച്ചൻ തന്റെ ചിന്തകൾ യുവജനതയ്ക്ക് പകരാൻ എന്നും ശ്രദ്ധിച്ചിരുന്നു. ലളിതമായി കാര്യങ്ങൾ അവതരിപ്പിക്കുവാനുള്ള കഴിവും യുവജനങ്ങൾക്ക് നല്ലൊരു സാമൂഹ്യ വീക്ഷണം ഉണ്ടാക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങളുമാണ് AICUFഅംഗങ്ങളെ അദ്ദേഹത്തിലേയ്ക്ക് ആകർഷിച്ചത്."

(പുസ്തകത്തിന്റെ നാൾവഴി)

പറയട്ടെ ഐക്കഫ് പ്രസ്ഥാനത്തിനപ്പുറത്ത് മെഡിക്കൽ മിഷൻ സന്യാസികളുടെ ചങ്ങാത്തത്തിലൂടെ അഞ്ചുതെങ്ങ് പ്രദേശത്ത് നിരന്തരമായ സാന്നിദ്ധ്യത്തിലൂടെ അവരെ ശാക്തീകരിച്ചും കൊല്ലം പ്രദേശക്കാരനായ അദ്ദേഹം കൊല്ലക്കാരായ യുവ പുരോഹിതർ ഞങ്ങൾ ഒരു സംഘത്തെ ശാക്തീകരിച്ചും കടന്നുവന്ന വഴികൾ ഒട്ടനവധിയാണ്. അവസാനം അദ്ദേഹം ഞങ്ങളെ കൊണ്ടുനിർത്തിയത് പ്രപഞ്ചോത്ഭവ ആദ്ധ്യാത്മികതയുടെ (Creation Spirituality) ഓരങ്ങളിലാണ് സരോവര എന്ന കേന്ദ്രം.

മത്സ്യമേഖലയുടെ സമരമുഖങ്ങളിൽ ഉജ്ജ്വലിക്കുന്ന ദൈവീകതയെ പ്രോജ്ജ്വലിപ്പിച്ചുതന്ന ഒരു അവസാന സന്ദർഭം മനസ്സിൽ തങ്ങിനിൽക്കുന്നത് 1984-ലെ സമരങ്ങൾക്കുശേഷം ചരൽക്കുന്നിൽ നടന്ന നിരാഹാരികളുടെ കൂടിവരവിലാണ്. സമരത്തോട് ബന്ധപ്പെട്ട് തിരുവനന്തപുരം മുതൽ കോഴിക്കോട്ടുവരെയുള്ള സമരപ്പന്തലുകളിൽ നിരാഹാരം അനുഷ്ഠിച്ച സമരസേനാനികളെയെല്ലാം ഒത്തുകൂടിച്ച് ഒരു പങ്കുവയ്ക്കൽ നടന്നു. വിഷയനിർവ്വചനം ഇങ്ങനെ ആയിരുന്നു. 'സമരമുഖങ്ങളിലെ ദൈവീകത'. ആ വേദിയിൽ സാന്നിദ്ധ്യങ്ങളായത് സാമുവൽ രായനച്ചനും കമ്മ്യൂണിസ്റ്റ് ആചാര്യനായിരുന്ന ശ്രീ.പി. ഗോവിന്ദപ്പിള്ളയും ആയിരുന്നു. എന്തൊരു പ്രഫുല്ലമായ ഒരു അനുഭവം ആയിരുന്നു അതെന്ന് ഞാൻ ഓർമ്മിക്കുന്നു. നിരാഹാരം എന്ന അർപ്പണത്തെ ഉദാത്തമായ അനുഭൂതിവിശേഷം ആയി നിർവ്വഹിച്ചു കിട്ടിയ സന്ദർഭം ആയിരുന്നു അത്. അച്ചന്റെ സ്മരണകൾക്ക് തീയുടെ തീവ്രത.

## 2. സമരമുഖത്തെത്തിയ MC ജോസഫ് SJ

KSMTFന്റെ പ്രവർത്തകൻ അല്ലാത്തപ്പോഴും സമരക്കാരനായി വന്ന ജോസഫച്ചൻ. അദ്ദേഹത്തിന്റെ വഴികൾ വളരെ ശാന്തമായിരുന്നു. ക്രിസ്തുവഴികളിലൂടെ, ഗാന്ധിമാർഗ്ഗങ്ങളിലൂടെ ജീവിതത്തെ നോക്കി "സ്നേഹത്തിന്റെ വിഹിതമാണ് സ്നേഹിക്കുന്നവർക്ക് വേണ്ടിയുള്ള സഹനം - ഭൂമിയോളം താഴുക; സഹോദരനുവേണ്ടി ജീവൻ ബലിയർപ്പിക്കുക (ഇത് എന്റെ ശരീരം ആകുന്നു. പരിഭാഷ - എം.സി. ജോസഫ് എസ്.ജെ.) എന്ന തിരിച്ചറിവിൽ ജീവിച്ച ആ വൃദ്ധ സന്യാസി ഒരുനാൾ മത്സ്യത്തൊഴിലാളികൾക്കൊപ്പം അവരുടെ സമരത്തിനു പിൻതുണ അറിയിച്ച് സ്വന്തമായി ഒരു സമരപ്പന്തൽ ഒരുക്കി മൗനനിരാഹാര ഉപവാസം നടത്തി. ആലപ്പുഴ ദേശത്ത് കലക്ട്രേറ്റിന്റെ മുൻപിൽ. അതൊരു വലിയ സമരസന്നാഹമായി മാറി. ആ ഗുരു സാന്നിദ്ധ്യം ആലപ്പുഴ നഗരത്തിലെ ലിയോ XIII ഹൈസ്കൂളിലെ മുൻകാല വിദ്യാർത്ഥികൾക്ക് മാതൃകയും പ്രേരണയും ആയത് ചെറുകാര്യമല്ലല്ലോ. KSMTF ന് അവരുടെ സഹകാരികളിൽ പ്രബലനായ ഒരു കൂട്ടാളി.

### 3. ഫാ. ഡോമിനിക്ക് ജോർജ്ജ് SJ

അർത്തുങ്കൽ പുത്തൻപുരയ്ക്കൽ ഡോമിനിക്ക് ജോർജ്ജ് SJ, ഈശോസഭക്കാരുടെ പ്രസ്റ്റീജ് സ്ഥാപനമായ XLRI യിൽ നിന്നാണ് കോഴിക്കോട് ദേശത്തിലെ SRC കേന്ദ്രത്തിലേയ്ക്ക് വന്നത്. അവിടെ നിന്ന് അദ്ദേഹം കോഴിക്കോട് കടപ്പുറത്തേക്കിറങ്ങി Beach Blossm എന്ന പ്രസ്ഥാനവും ആയിട്ടിറങ്ങി. സഹകാരിയായി Assumption Convent-ലെ സന്യാസിനികളും കൂടി.

ഡോമിനിക്ക് അച്ചൻ മുൻകൈയെടുത്ത് മലബാർ സ്വതന്ത്ര മത്സ്യത്തൊഴിലാളി യൂണിയന്റെ (1982) പ്രവർത്തനങ്ങൾക്ക് ജീവൻ വയ്പ്പിച്ചു. അദ്ദേഹം പരിചയിച്ച മാനേജ്മെന്റിന്റെ എല്ലാ കഴിവുകളും, മികവുകളും പ്രയോഗിച്ചു ഫെഡറേഷനെ ശിക്ഷണപ്പെടുത്തി, ശക്തിപ്പെടുത്തി. കൊല്ലം സെയിന്റ് അലോഷ്യസ് ഹൈസ്ക്കൂൾ ഗ്രൗണ്ടിൽ സംഘടിപ്പിച്ച ഒരു പൊതുസമ്മേളനത്തിൽ ആണ് ഡോമിനിക്ക് അച്ചന്റെ ആലോചനകൾ അദ്ദേഹം പങ്കുവച്ചത്. പിന്നെയങ്ങോട്ട് സംഘാടനത്തിന്റെ തലത്തിൽ ഒരു കുതിപ്പായിരുന്നു. അവബോധ സൃഷ്ടിക്കായി പഠനക്കളരികൾ, സെമിനാറുകൾ ഒരു വഴിയെ

നേതൃത്വ പരിശീലനപരിപാടികൾ മറുവഴിയെ. തീരം ഉണർന്നു. ജനങ്ങൾ സംഘടിച്ചു ട്രേഡ് യൂണിയൻ വഴിയെ ശക്തിപ്രാപിച്ചു. തിരുവനന്തപുരത്ത് PCO, കൊല്ലത്ത് FCDP, കുണ്ടറയിൽ DPIFC, മാവേലിക്കരയിൽ MJM, അർത്തുങ്കലിൽ തീരദേശ വനിതാപ്രസ്ഥാനം. എറണാകുളത്ത് NFF കോഴിക്കോട് SRC, Beach Blossm എന്നിങ്ങനെ ഒരുപിടി NGO സംഘങ്ങളുടെ പിൻബലത്തോടെ KSMTFനെ ശാക്തീകരിച്ചു നീങ്ങിയതിൽ ഡോമിനിക്ക് ജോർജ്ജിന്റെയും സഹകാരികളുടേയും ഉൾക്കാഴ്ചകളും നടപടികളും അതുല്യമായ സംഭാവനയാണ്.


ഡോമിനിക്ക് ജോർജ്ജിന്റെ വ്യക്തിത്വത്തിന്റെ മികവു തെളിയിച്ച ഉജ്ജ്വലമായ സംഭവം ഒരു കത്തോലിക്കാ സന്യാസിനിയേയും (SR. ആലീസ് ലൂക്കോസ്) ഒരു മത്സ്യത്തൊഴിലാളി നേതാവിനെയും (K.K. വേലായുധൻ) ഒരുമിച്ചു നിരാഹാരപ്പന്തലിൽ എത്തിച്ചു. സമരാവേശത്തിന്റെ തിരികൊളുത്തിയ സമരമുഖം ആയിരുന്നു. 1984–ൽ അതിന്റെ വ്യാപ്തി എത്രയെങ്കിലും വിശാലപ്പെട്ടപ്പോൾ ആ തീർപ്പിൽ ചാലകശക്തിയായി മാറിയത് ഡോമിനിക്ക് അച്ചൻ തന്നെയായിരുന്നു. പിന്നീടുള്ള എല്ലാ സമരമുഖത്തും ആദ്യം പാഞ്ഞെത്തുക കോഴിക്കോട് സംഘം ആയിരുന്നുവെന്നതും മറക്കേണ്ട. കോഴിക്കോട് നിന്ന് തിരുവനന്തപുരത്തേയ്ക്കും അവിടെ നിന്ന് ബാംഗ്ലൂരിലേയ്ക്കും ഒക്കെ സ്ഥലം മാറ്റപ്പെട്ടപ്പോഴും ഡോമിനിക്ക് അച്ചന്റെ അതികായ വ്യക്തിത്വം KSMTF നെയും പരമ്പരാഗത തൊഴിലാളികളെയും നെഞ്ചോട് ചേർത്തു നിന്നു. അവസാന നാളുകളിൽ മത്സ്യമേഖലയിലെ ജനതയുടെ ഉയിർപ്പിന്റെ വഴികളിൽ അവരെ തുണയ്ക്കുന്ന ഒരു പ്രസ്ഥാനവും ആയി. Win Society - യുടെ രൂപീകരണത്തിൽ സിസ്റ്റർ ആലീസ് ലൂക്കോസിനെ തുണച്ചു നിന്നിടത്ത് ഇന്നും കൊച്ചിയിലെ കടപ്പുറത്ത് അദ്ദേഹം പ്രവർത്തനനിരതനായിരിക്കുന്നു.

## 4. ഫാ. മാത്യു എർത്തയിൽ SJ

സമരമുഖത്ത് ഓരോ വ്യക്തിയും വിവിധങ്ങളായ തരത്തിലാണ് പ്രവർത്തനനിരതരാവുക. എർത്തയിൽ അച്ചനെ ഞാനോർക്കുക സമരമുഖത്തു മുഴുവൻ സമയം പ്രവർത്തനനിരതനാകുവാൻ എന്റെ ഇടയജോലി മുഴുവനും ഏറ്റെടുത്ത് പുത്തൂർ പള്ളിമേടയിൽ താമസിച്ച് സമരത്തെ ശക്തിപ്പെടുത്തിയ വ്യക്തി എന്ന നിലയ്ക്കാണ്. അത് എന്റെ വ്യക്തിഗത അനുഭവം. അതിനപ്പുറം ആലപ്പുഴയും കോഴിക്കോടും ഒക്കെ സമരരംഗങ്ങളെ കരുപ്പിടിപ്പിക്കാനും അദ്ദേഹം ചുമതലയേറ്റ സ്ഥാപനങ്ങളെ KSMTF പ്രസ്ഥാനത്തിന്റെ പഠനക്കളരികൾക്കു തുറന്നിടാനും ഒക്കെ ചെയ്ത പ്രയത്നങ്ങൾ പ്രസ്ഥാനത്തെ വളർത്തി തന്നെ.

അതിനൊക്കെ അപ്പുറം അദ്ദേഹത്തിന്റെ പുസ്തക രചനകൾ പ്രാമാണ്യം അർഹിക്കുന്നു. പ്രത്യേകിച്ചും അദ്ദേഹത്തിന്റെ ഡി.സി. ബുക്സ് പ്രസിദ്ധീകരിച്ച "കേരളത്തിലെ മത്സ്യത്തൊഴിലാളി പ്രസ്ഥാനം സാമൂഹികശാസ്ത്രപരമായ വിശകലനം", KSMTF നെക്കുറിച്ച് ഇത്ര ഗാഢമായ ഒരു അപഗ്രഥന പഠനം വേറെ ഉണ്ടെന്നു തോന്നുന്നില്ല. എർത്തയിൽ അച്ചൻ കേരളത്തിലെ മത്സ്യത്തൊഴിലാളി പ്രസ്ഥാനത്തെ നെഞ്ചിലേറ്റ് നടക്കുന്ന കരുത്തുറ്റ സഹകാരിയാണ്.

# 1.8 ആൻഡ്രൂസ് ചേട്ടൻ കഥയെഴുതുകയാണ് പീറ്റർ ചേട്ടൻ കവിതയും



ഇന്നിപ്പോൾ ഈ കുറിപ്പ് എഴുതും മുൻപ് ഞാൻ എന്റെ കൈവശമുള്ള ആൻഡ്രൂസിന്റെ ഡയറിക്കുറിപ്പുകളുടെ ശേഖരങ്ങളിലൂടെ കൈയോടിച്ചു. 1984-ലെ ഡയറിയും 2015 ലെ ഡയറിയും കൈയ്യിലെടുത്തു, 84-ലെ സമര മുഖങ്ങളിൽ ഉജ്ജ്വലമായ കഥാരചനകൾ നടത്തിയ വ്യക്തിത്വം ആണ് പോർട്ടുകൊല്ലംകാരനായ ചൂണ്ടത്തൊഴിലാളി എ. ആൻഡ്രൂസ്. KSMTF-ന്റെ തുടക്കം മുതൽ അതിന്റെ നെടുംതൂണുകളിൽ ഒന്നായി നിന്നു പെരുമാറിയ ആൻഡ്രൂസ് ചേട്ടൻ.

പരിശവിളയച്ചന്റെ നേതൃത്വത്തിൽ നിന്നും പേരുമാറിയിട്ട് പിളർപ്പിലേയ്ക്ക് നീങ്ങിയപ്പോൾ ആ പിളർപ്പ് ഏറെ പ്രശ്നങ്ങൾ സൃഷ്ടിച്ചത് കൊല്ലം തീരമേഖലയിലും അഷ്ടമുടിക്കായലിന്റെ പ്രദേശങ്ങളിലും ആയിരുന്നു. ഫെഡറേഷനിലെ പിളർപ്പ് ഉറപ്പായപ്പോൾ ആലപ്പുഴ ഉൾനാടൻ മേഖലയിൽ എന്റെ നിലപാടിനെതിരേ പരിശവിളയുടെ നേതൃത്വത്തിൻകീഴിലേയ്ക്ക് കൊടി മാറ്റിയ ശ്രീ. കെ.ജി. സെലസ്റ്റിന്റെ വാദം ഒന്നായിരുന്നു. 'കൊല്ലം മേഖലയിൽ പ്രത്യേകിച്ചും അഷ്ടമുടി മേഖലയിൽ കളീക്കലച്ചന്റെ നേതൃത്വത്തിന് സൂചി കുത്താൻ ഇടം കിട്ടുന്നുണ്ടാവില്ല.' തികച്ചും ന്യായമായ ഒരു വിശ്വാസമായിരുന്നു അത്. പക്ഷേ അതു മാറ്റിയെടുക്കാൻ ഞങ്ങൾക്കായി. അതിൽ ഒരു പ്രമുഖ പങ്ക് വഹിച്ചത് കൊല്ലം കടപ്പുറത്ത് ശ്രീമാൻമാർ എ. ആൻഡ്രൂസ്, ജെ. ജറോം, എ. ജോസഫ് തുടങ്ങിയ ഒരു ചെറുസംഘത്തിന്റെ പ്രയത്നമായിരുന്നു. ഏറെ സാഹസപ്പെട്ടവരിൽ ഒരാൾ എ. ആൻഡ്രൂസ് ആയിരുന്നു. അതിന്റെ പ്രധാന കാരണം ആൻഡ്രൂസിന്റെ കുടുംബം ഇടവക ചേർന്നിരുന്ന പോർട്ട് കൊല്ലം ഇടവക വികാരി ഫാ. ജോസ് പുത്തൻവീട് പരിശവിള സംഘത്തിലേയ്ക്ക് ചുവട് മാറിയതായിരുന്നു. കൊല്ലം രൂപതാ വൈദികസമിതിയുടെ തീരുമാനം ജോസ് കളീക്കലിനെ യൂണിയൻ പ്രവർത്തനത്തിൽ നിന്ന് മുടക്കുക എന്നതായിരുന്നു. ഏറെ വൈദികരും അതിനെ അനുകൂലിച്ചു തീരുമാനം ഒരുക്കി. ജോസ് പുത്തൻവീടും. ആ തീരുമാനത്തെ പിന്താങ്ങിയ ആളാണ്.

FCDP യുടെ പിന്തുണയും തോപ്പ് കേന്ദ്രീകരിച്ചുള്ള Don Bosco വൈദികരുടെ, അതിൽ പ്രത്യേകിച്ചും ലൂയിസ് പാനികുളങ്ങര SDB യുടെ പരസ്യമായി ഇറങ്ങി പുറപ്പെടലുകളും ഉണ്ടായിരുന്നിടത്ത് QSSS ന്റെ പിൻബലത്തോടെ ജോസ് പുത്തൻവീട് പോർട്ട് കൊല്ലം ഇടവക കേന്ദ്രീകരിച്ചു ഇറങ്ങിനിന്നപ്പോൾ കൊല്ലം കടപ്പുറം സംഘർഷപൂരിതമായി. ആൻഡ്രൂസ് നോട്ടപ്പുള്ളിയായി. ഒരുനേരം KSMTF ന്റെ പ്രചരണജാഥ കൊല്ലത്ത് എത്തിയപ്പോൾ അടിപിടിയും നിരോധനാജ്ഞയും ഒക്കെ സംഭവിച്ചു.







ഒരു തീരദേശ ഇടവകവികാരിയെ മറികടന്ന് തൊഴിലാളികൾ ഫെഡറേഷനോടൊപ്പം നിന്നു എന്നു പറയുമ്പോൾ ആൻഡ്രൂസ് ചേട്ടന്റെ മിടുക്ക് നമ്മൾ അംഗീകരിച്ചേ തീരൂ. ആ കാലയളവുകളിലെ സമരത്തിൽ കൊല്ലത്തിന്റെ കേന്ദ്രീകരണം ഒരുപിടി സംഭവങ്ങൾ ചേർത്തു പിടിച്ചിട്ടുണ്ട് അതുകളെ ഓർമ്മിച്ചെടുക്കുമ്പോൾ ആദ്യം മനസ്സിൽ വരുന്നത് യൂണിയനില്ലാതെയുള്ള ഇടപെടലുകളാണ്. ശരിക്കും പള്ളിയിടപെടലുകൾ. കൊല്ലം കടപ്പുറം പറയുമ്പോൾ ഇരവിപുരം – താന്നി മുതൽ വടക്കോട്ട് പോർട്ട് കൊല്ലം, മുതാക്കര, വാടി തങ്കശ്ശേരി വരെയുള്ള പ്രദേശങ്ങളാണ് പെടുക. അവിടെ തൊഴിൽ രീതി വ്യത്യാസം കൊണ്ടും, ജാതി ദേശവ്യത്യാസങ്ങൾ കൊണ്ടും മത്സരങ്ങളും അടിപിടികളും ഒക്കെ ഒരു കാലത്ത് ഏറെയായിരുന്നു. പ്രത്യേകിച്ചും തെക്കരും വടക്കരുമെന്ന പേരിൽ. ചൂണ്ടക്കാരും വലക്കാരും ആയിട്ട്. വാടിയും മുതാക്കരയും ഇരുവരുടെയും കേന്ദ്രീകരണങ്ങൾ. ഇരുകൂട്ടരും തമ്മിൽ ഉള്ള വഴക്കിന് വാടി വികാരിയായിരുന്ന KSMTF ന്റെ വലിയ സഹകാരിയും വക്കാലത്തുമായിരുന്ന സെബാസ്റ്റ്യൻ ജോർജ്ജ് വാടി മുക്കിൽ ഒരു പാതിരായ്ക്ക് നടക്കുന്ന ഒരു അടിയുടെ നടുക്കു ചെന്ന് മുട്ടുകുത്തി നിന്ന് കൈകൾ വിരിച്ച് ഉച്ചത്തിൽ ജപമാല ചൊല്ലാൻ ആരംഭിച്ചതും രണ്ടു ദേശത്തു നിന്നും വന്നിരുന്ന അമ്മമാർ അദ്ദേഹത്തോടൊപ്പം പാതിരായ്ക്ക് നടുറോഡിൽ മുട്ടുകുത്തി നിന്ന് 153 മണി ജപം ചൊല്ലിത്തീർത്തപ്പോൾ അടിസംഘങ്ങൾ പിൻവാങ്ങിയ ഒരു അനുഭവം ഉണ്ട്.

യൂണിയൻ പ്രവർത്തനം തുടങ്ങും മുൻപാണ് എന്റെ അനുഭവം. വാടിക്കാരും മുതാക്കരക്കാരുമായി അടിമൂത്ത് പല സംഘർഷങ്ങളും കത്തിക്കുത്തും ഒക്കെയായി. വള്ളമിറക്കാൻ വാടിപ്രദേശത്ത് കരക്കാർ അനുവദിക്കാതെ മുതാക്കര ദേശത്ത് മത്സ്യം വില്ക്കാൻ വാടിക്കാരെ അനുവദിക്കാതെയും രണ്ടാഴ്ചകൾ. ഫലം പട്ടിണിയും ദുരിതവും. അരമനയുടെ തൊട്ടുമുമ്പിൽ ആയിട്ടുപോലും ആരും അനങ്ങാതെ പത്രവാർത്ത കണ്ട് ഞങ്ങൾ വൈദികരുടെ ഒരു യുവവേദി പ്രദേശത്തെ വികാരിമാരുടെ അറിവോടെ കടപ്പുറത്തേയ്ക്ക് ഇറങ്ങി. രണ്ടുകൂട്ടരുടെയും വീടുകൾ ഞങ്ങൾ കയറിയിറങ്ങി. തൃശ്ശൂർ നിന്നും ഒരൽമായ സുഹൃത്ത് മോട്ടോർ സൈക്കിളിൽ സഞ്ചരിച്ച് മെഗാഫോണുപയോഗിച്ച് വചന പ്രഘോഷണം നടത്തുന്ന ഒരു ബ്രദറിനേയും ഞങ്ങളുടെ സഹകാരി ബ്രദർ എന്നറിയപ്പെട്ടിരുന്ന ശ്രീ. വിൻസന്റിനേയും കൂട്ടി. ഏതാണ്ട് എട്ടുപത്ത് ദിവസങ്ങൾ അങ്ങനെ വീടുതോറും, വാർഡു തോറും സന്ദർശനവും ചർച്ചയും വേദവായനയും പ്രാർത്ഥനയും ഒക്കെയായി ബന്ധപ്പെട്ട് പെരുമാറി. അവസാനം രണ്ടുകൂട്ടരും സമ്മതിച്ചുവന്നു. ഒരു സന്ധിയാകൽ എന്ന നിലയ്ക്ക് ഒരു കുരിശടിയുടെ നടയിൽ ഒത്തുകൂടി. വിശുദ്ധ കുർബ്ബാന അനുഷ്ഠിച്ച് രമ്യതപ്പെടാം എന്ന് അംഗീകരിച്ചു സമാധാനമാക്കിയ ഒരനുഭവം വലിപ്പമുള്ള ഒന്നുതന്നെയായിരുന്നു.




പിന്നെയും വർഷങ്ങൾ കഴിഞ്ഞാണ് യൂണിയനും, ഫെഡറേഷനും സൊസൈറ്റിയും ഒക്കെയായി ഞാൻ കൊല്ലം കടപ്പുറത്തിറങ്ങുന്നത്. അതും വലിയ അനുഭവങ്ങളുടെ സാഹചര്യം ആയി. യൂണിയന്റെ എല്ലാ ഘട്ടങ്ങളിലും ആൻഡ്രൂസ് ചേട്ടൻ മുൻനിരയിൽ തൊഴിലാളി പക്ഷക്കാരൻ ആയി ഉണ്ടായിരുന്നിട്ടുണ്ട്.

ആദ്യഘട്ട ഓർമ്മ പരിശവിളയച്ചന്റെ നേതൃത്വത്തിൽ കൊല്ലം കളക്ട്രേറ്റു വളഞ്ഞ് പ്രവർത്തനം സ്തംഭിപ്പിക്കുകയെന്ന പരിപാടി പത്തുപതിനയ്യായിരം ജനങ്ങൾ അതിരാവിലെ കളക്ട്രേറ്റിന്റെ മൂന്നു ഗേറ്റുകളും പിക്കറ്റ് ചെയ്തു വന്ന സംഭവം. വെടിവയ്പ് ഉറപ്പാക്കി വന്ന രംഗത്തേയ്ക്ക് ബിഷപ്പ് ജോസഫ് വന്നതും കളക്ടറെ കണ്ടുവന്ന് പിരിഞ്ഞുപോകാൻ തൊഴിലാളികളോട് പറഞ്ഞതും പരിശവിളയച്ചൻ അത് ഏറ്റുപിടിച്ചതും പിക്കറ്റിംഗിനു വന്നവർ പിരിഞ്ഞുപോകാൻ തയ്യാറാകാത്തതും ഒക്കെ ഫെഡറേഷനിലെ ചില കറുത്ത അദ്ധ്യായങ്ങളിൽ പെടും.

അതിനുശേഷം KSMTF ന്റെ മാറിയ നേതൃത്വത്തിന്റെ പിന്നിൽ അണിനിരന്നു പിക്കറ്റിംഗുകളും മാർച്ചും ഒക്കെ നടത്തിയ നേരങ്ങളിൽ ആൻഡ്രൂസ് ചേട്ടൻ ശരിക്കും നേതൃശേഷി കാണിച്ചുനിന്ന ജില്ലാ സെക്രട്ടറി തന്നെ. ഹൈവേ പിക്കറ്റിംഗ് പലപ്പോഴും മൂന്നും നാലും മണിക്കൂർ നീളുമായിരുന്നു. അപ്പോഴും സർവ്വതും ശാന്തമായിത്തന്നെ നീങ്ങി. പോലീസിന്റെ കൈവിട്ട ഒരു നടപടിക്കും ഇടവന്നിട്ടില്ല തന്നെ. അതിന്റെ ഏറ്റം സാഹസികമായ ഒരു രംഗം ചിന്നക്കട റയിൽവേ ക്രോസ്സിൽ നടന്ന ട്രെയിൻ പിക്കറ്റിംഗാണ്. അടച്ചിട്ട റയിൽവേ ഗേറ്റിനു മുൻപിൽ നിന്ന് അറസ്റ്റു ചെയ്യപ്പെട്ടു മടങ്ങാൻ തൊഴിലാളികൾ തയ്യാറായില്ല. റയിൽവേ ഗേറ്റിൽ ക്ലിയറൻസ് സിഗ്നൽ കിട്ടാതെ, ട്രയിൻ റയിൽവേ സ്റ്റേഷനിൽ നിന്ന് നീങ്ങുകയുമില്ല. അവസാനം പോലീസുദ്യോഗസ്ഥർ ഇടപെട്ട് സ്റ്റേഷൻ മാസ്റ്ററെക്കൊണ്ട് അനുകൂലിപ്പിച്ച് ട്രെയിൻ ജംഗ്ഷനിൽ നിന്നും സാവധാനം നീക്കി റയിൽവേ ക്രോസ്സിൽ എത്തിച്ചു പിക്കറ്റു ചെയ്തു അറസ്റ്റു വരിച്ച സംഭവം വേറെ ഉണ്ടാവില്ല എന്നു തീർച്ചയാണല്ലോ.

പിന്നെയും സാഹസിക സംഭവങ്ങൾ കൊല്ലത്ത് അരങ്ങേറിയിട്ടുണ്ട് തന്നെ. നീണ്ടകര മാർച്ച്, സെക്രട്ടറിയേറ്റിലേയ്ക്ക് ലോംഗ് മാർച്ച്, വാടിക്കടലിൽ

പഴ്സീനറിനെ വളഞ്ഞ് പെട്രോളൊഴിച്ച് കത്തിച്ച കടൽയുദ്ധം. ഇതിലൊക്കെ ശാന്തശീലനും സൗമ്യനും ആയ ആൻഡ്രൂസ് മുന്നണിപ്പോരാളിയും സൂത്രധാരകനും ആയിരുന്നു എന്നറിയുമ്പോൾ അത്ഭുതം തോന്നുന്നുണ്ടോ. ഓരോ സമരനീക്കത്തിലും, എന്തുമാത്രം പ്രയത്നവും ആലോചനയും ഉണ്ടായിട്ടുണ്ട് എന്ന് അനുമാനിക്കാനാവില്ല. പക്ഷേ അതുകൾ ഒക്കെയും ഉഗ്രവിജയങ്ങളായി എന്നു തീർച്ച.

അവിടെനിന്നൊക്കെ മാറി ആൻഡ്രൂസിനെ കുറിക്കുന്ന ഒരു പ്രകൃതമുണ്ട്. 8-ാം ക്ലാസ്സുകാരനായിരുന്ന ആൻഡ്രൂസ് രചിച്ച കരയുന്ന കല്ലുകൾ എന്ന പുസ്തകത്തിന്റെ ഇതിവൃത്തം ആയ ആഴകടലിലെ മീൻപാരുകൾ ആൻഡ്രൂസ് വരച്ചെടുത്ത ആ ചിത്രം ഒരു ടെക്നോളജിയുടെ സൃഷ്ടിയേ അല്ല. ഒരു കൊച്ചു വള്ളത്തിൽ തുഴയൂന്നി നടന്ന് കണ്ടുപിടിച്ചു വരച്ചെടുത്ത ആ ചിത്രം ഒന്നുമതി ആൻഡ്രൂസിനെ ഒരു ഉന്നതശാസ്ത്ര ബഹുമതിക്ക് അർഹനാക്കാൻ. പിന്നെയും മത്സ്യഗണങ്ങളെക്കുറിച്ചുള്ള ഒരു പഠനം - കടൽമുത്ത്. പിന്നെയും ഗ്രന്ഥങ്ങൾ.

ഇനിയും അവസാന കിടക്കയിൽ കിടന്നുകൊണ്ട് എന്നെ ഏല്പിച്ച അൻപതിലധികം വരുന്ന ഡയറിക്കുറിപ്പുകൾ. എത്രയോ വലിയ നിധിയാണ് അതിലുള്ള കുറിപ്പുകൾ എന്നറിയുമ്പോഴും ആ സാഗരത്തിലെ മുത്തുകൾ ഇനിയും മുങ്ങിയെടുത്തിട്ടില്ല. കുറ്റബോധത്തോടെ ഞാൻ - ഇപ്പോൾ ഞാൻ പെറുക്കിയെടുത്ത 1984-ലെ ഡയറിയുടെയും 2015-ലെ ഡയറിയുടേയും പേജുകളിൽ നിന്ന് ഓരോ കുറിപ്പുകൾ ഞാൻ അപരാധബോധത്തോടെ (ആ മനുഷ്യന്റെ അവസാന ഇംഗിതത്തിന് പ്രയോഗം കണ്ടെത്തിയില്ലെന്ന കുറ്റബോധത്തോടെ തന്നെ) കോറിയിടട്ടെ. പരമ്പരാഗതക്കാരുടെ ജീവിതത്തിലൂടെ ഒരുപിടി ചരിത്രരൂപങ്ങൾ അതിലടങ്ങിയിരിക്കുന്നു എന്നു പറഞ്ഞുവയ്ക്കാൻ വേണ്ടി മാത്രം.

28-03-1985: "ദുഃഖത്തിന്റെ രോദനം കേട്ടുണർന്ന പ്രഭാതം 10 മണിക്ക് പി.എം.സി. ആഫീസിന്റെ മുൻപിൽ വന്ന് ജൂലിയൻ ചേട്ടനുമായും വിക്ടറുമായും സംഘടനാ പ്രശ്നങ്ങൾ സംസാരിച്ചു. അതിനുശേഷം മേഴ്സി ടീച്ചറിനും, ജാഫറ്റിനും ചിറകറ്റ ഒരു പ്രാവിന്റെ കഥ പറഞ്ഞു കൊടുത്തു. ആത്മസുഹൃത്തിനെ തേടിവന്ന ഒരു പ്രാവിനെ (കടൽ കാക്കയെ) ഒരു കഴുകൻ ആക്രമിക്കുകയും അത് ചിറകറ്റ് കൊല്ലം തീരക്കടലിൽ വീണ സംഭവം ഞാൻ അവർക്കു പറഞ്ഞുകൊടുത്തു. അവിടെനിന്ന് റബേക്കയേയും കുര്യനേയും കണ്ടു സംസാരിച്ചു. ഫാ. സെബാസ്റ്റ്യന്റെ മുറിയിൽവച്ച് FCDP യുടെ ചുമതലയിൽ നടത്തുവാൻ പോകുന്ന മത്സ്യവിഭവ സംരക്ഷണ സെമിനാർ മേയ് 5-ന് നടത്തുവാൻ തീരുമാനിച്ചു".

എന്നിങ്ങനെ മത്സ്യമേഖലയുടേയും തൊഴിലാളിയുടേയും പ്രശ്നങ്ങളിൽ ഏർപ്പെട്ട് ശ്വാസംമുട്ടിയൊരു ജീവിതത്തിന്റെ ഉടമ. അതിനിടയിൽ ഫിലോമിനയുടെയും മക്കൾ ഓരോരുത്തരുടേയും രോഗങ്ങളും പ്രശ്നങ്ങളും. എല്ലാം ഇടകലർത്തി കലക്കിത്തെളിച്ച് കർമ്മനിരതനായി. അവസാനംവരെയും പള്ളിത്തോട്ടം മുതൽ തങ്കശ്ശേരി വരെയുള്ള മണൽത്തരി ഓരോന്നും തിരിച്ചറിഞ്ഞു പ്രയത്നിച്ച എ. ആൻഡ്രൂസ് എന്ന കടൽമുത്ത് പള്ളിത്തോട്ട സെമിത്തേരിയിലെ കടൽമണ്ണിൽ വിശ്രമിക്കുന്നു... നിത്യവിശ്രമം.



ആൻഡ്രൂസു ചേട്ടൻ കൊല്ലം കടൽത്തീരത്തെ ട്രേഡ് യൂണിയൻ സെക്രട്ടറി ആയിരുന്നു. എന്നാൽ ആലപ്പുഴക്കാരൻ വാടയ്ക്കൽ പീറ്റർ ചേട്ടൻ മാറിയൊരു വ്യക്തിത്വമായിരുന്നു. ഔദ്യോഗികമായി സംഘടനയുടെ ഒരു ഉത്തരവാദിത്വവും അദ്ദേഹം വഹിച്ചു എന്നു തോന്നുന്നില്ല. പക്ഷേ അലറുന്ന അലയാഴി എന്ന ഒരൊറ്റ പാട്ടുപുസ്തകം കൊണ്ട് KSMTF സമരങ്ങളുടെ ഒക്കെ നെടുനായകത്വത്തിൽ സ്ഥാനം പിടിച്ച പീറ്റർ ചേട്ടന്റെ വൈദഗ്ധ്യം സമരപ്പാട്ടുകളും സമര മുദ്രാവാക്യങ്ങളും ആയിരുന്നു.

ആലപ്പുഴ കളക്ട്രേറ്റിനു മുന്നിൽ ഒരുപിടി നിരാഹാരപ്പന്തലുകൾ ഫെഡറേഷൻ ഒരുക്കിയിട്ടുണ്ട്. ഫെഡറേഷന്റെ സമരത്തിന്റെ വലിയൊരു രൂപം നിരാഹാരസമരങ്ങൾ ആയിരുന്നു. തങ്ങൾ അവകാശപ്പെടുന്നതിന്റെ സത്യസന്ധത ബോദ്ധ്യപ്പെടുത്താൻ നിരാഹാരികളുടെ വലിയൊരു നിരയെത്തന്നെ ഫെഡറേഷൻ നിരത്തിയിട്ടുണ്ട്. തൊഴിലാളി സ്ത്രീകളും പുരുഷന്മാരും, സന്യാസിനികളും, പുരോഹിതരും എല്ലാത്തരക്കാരും അണിനിരന്ന ആ വേദികളിൽ സമരത്തിന്റെ ആവേശം അലതല്ലിക്കാൻ പീറ്റർ ചേട്ടൻ വാടക്കൽ ഗ്രാമത്തിൽ നിന്ന് ഒരു ചെറുസംഘവും ആയി വന്നു. ഏറെനേരം സ്വയം രചിച്ച സമരകവിതകളും മുദ്രാവാക്യങ്ങളും കൊരുത്ത് അങ്ങനെ ഇരിക്കുമ്പോൾ അത് കടപ്പുറത്ത് വല കേടുപാട് പോക്കിയിരുന്നു നെയ്യുന്ന ഒരു മത്സ്യത്തൊഴിലാളിയെപ്പോലെ ആയിരുന്നു പീറ്റർ ചേട്ടൻ. കാലികമായ സാഹചര്യങ്ങളെ കണ്ണി ചേർത്ത് സമരക്കവിതകൾ നെയ്യുമ്പോൾ അതിൽ ഭരണക്കാരെയും രാഷ്ട്രീയ ക്കാരേയും, മുതലാളിമാരേയും, വൻകിടക്കാരെയും ഒക്കെ കുരുക്കു മായിരുന്നു പീറ്റർ ചേട്ടൻ. എന്തൊരു ഓജസ്സായിരുന്നു പീറ്റർ ചേട്ടന്. വാക്കുകൾക്ക് ചാട്ടുളിയുടെ ശൗര്യം.

അപ്പോഴും ഞാൻ ഓർക്കുന്നു. ആലപ്പുഴ കളക്ട്രേറ്റിനു മുന്നിലുള്ള സമരപ്പന്തലിൽ പീറ്റർ ചേട്ടൻ മൂകനാക്കപ്പെട്ടു. കഥയിങ്ങനെ – ആലപ്പുഴ നഗരത്തിൽ LEO XIII സ്ക്കൂളിലെ മുൻകാല പ്രിൻസിപ്പൽ FR. M.C. ജോസഫ് SJ അച്ചനെ അറിയാത്തവരില്ല. റിട്ടയർമെന്റിനു ശേഷം മത്സ്യത്തൊഴിലാളി സമരം നടക്കുന്നിടത്തെല്ലാം എം.സി. ജോസഫ് അച്ചൻ അനുഭാവം കാട്ടിവരുമായിരുന്നു. വരുമ്പോൾ പ്രകടനത്തിനൊപ്പം നടക്കും.



പ്രസംഗങ്ങൾ നടക്കുമ്പോൾ ഒരരികത്ത് മാറിനിന്ന് കേൾക്കും. പോകുമ്പോൾ കൈവീശി യാത്ര പറഞ്ഞു പോകും. ഈശോസഭ യിൽ മറ്റൊരു പുരോഹിതനും ഉണ്ടായിരുന്നു. നാട്ടിലുള്ളപ്പോഴൊക്കെ അനുഭാവം അറിയിച്ച് സമരമുഖത്ത് സന്നിഹിതനാകുന്ന ഒരു വ്യക്തി. ഫാ. സാമുവൽ രായൻ SJ. തൊഴിലാളികളോടൊപ്പം ഏറ്റവും സംഘർഷപൂരിതമായ നീണ്ടകര മാർച്ചിലും നടന്നെത്തിയ അനുഭവം മറക്കാനാവുന്നില്ല. അവർക്കൊക്കെയും നമോവാകം.

ആവട്ടെ, പീറ്റർ ചേട്ടനെ സമരപ്പന്തലിൽ മൗനിയാക്കിയ സംഭവം ഇങ്ങനെ സമരം നീണ്ടുപോകുന്ന ഘട്ടത്തിൽ ജനവികാരം ഇളക്കാനായി എം.സി. ജോസഫച്ചൻ ഒരുനാൾ ഞങ്ങളെ വിളിച്ചുപറഞ്ഞു: നിങ്ങളുടെ സമരത്തിന് പിൻതുണ പറഞ്ഞു നിങ്ങളുടെ നിരാഹാരികളോടൊപ്പം ഞാൻ എന്റെ മുറിയിൽ ഉപവസിച്ചു. മൗനം ഭജിച്ചു. ഗാന്ധിയൻ രീതിയിൽ പങ്കുചേർന്നിട്ടുണ്ട്. പക്ഷേ ഇതൊരു ദിവസം ഞാൻ നിങ്ങളുടെ സമര പ്പന്തലിൽ പരസ്യമായി നിരാഹാരമായി ഇരിക്കാൻ വരുന്നുണ്ട്. തികച്ചും ഗാന്ധിയൻ രീതി. നിങ്ങളുടെ നിരാഹാരിയുടെ സമരപ്പന്തലിന് പുറത്ത് ഒരു കട്ടിലിൽ ഞാൻ മൗന നിരാഹാരമിരിക്കും. എനിക്ക് പറയാനുള്ള തൊക്കെ ചെറിയ പോസ്റ്ററുകൾ അവിടെ പതിച്ചുവയ്ക്കും. നിങ്ങളോടുള്ള ദാർഢ്യം. അദ്ദേഹം ഒരു കുറിപ്പും എഴുതി:

എന്റെ ഉപവാസത്തിന്റെ പ്രചോദനം (മുഴുവൻ ഉദ്ധരണി -05-09-1985)

അന്നൊരു ദിവസം KSMTF ന്റെ സമരപ്പന്തൽ മൗന-ഉപവാസ ധ്യാന യജ്ഞവുമായി മാറി. അന്ന് പീറ്റർ ചേട്ടന്റെ പാട്ടും മുദ്രാവാക്യവും ഉണ്ടായില്ല. മറ്റെല്ലാ നേരങ്ങളിലും പീറ്റർ ചേട്ടൻ KSMTF ന്റെ സമ രകീർത്തനക്കാരനായിരുന്നത് ഇന്നും അദ്ദേഹത്തിന്റെ ഈരടികൾ മനസ്സിൽ താളമായി, ഗർജ്ജനമായി...

# 1.9 കടലിന് തീ പിടിച്ചപ്പോൾ

**1984-ലെ സമരം എവിടെയെങ്കിലും ഉല്ലേഖനം ചെയ്യപ്പെട്ടിട്ടുണ്ട് എന്നു തോന്നുന്നില്ല. ഒരുപിടി അനുഭവങ്ങൾ ചരിത്രപ്രതിഷ്ഠ നേടിയിട്ടുണ്ട്. അതുകളുടെ അകക്കളങ്ങൾ വിശദമാക്കേതുണ്ട്. അതിലേയ്ക്ക് പ്രവേശിക്കും മുമ്പ് ആ സംഭവങ്ങളുടെ റിപ്പോർട്ട് മുഴുവനും ആയിത്തന്നെ പ്രകാശിക്കപ്പെടുന്നതിൽ സന്തോഷമാണ്. അത് അനുബന്ധമായി ചേർക്കുന്നുണ്ട്.**

**സമരമുഖം കത്തിത്തുടങ്ങിയത് സംസ്ഥാന സെക്രട്ടറി ഏ. ജോസഫിന്റെ സമര പ്രഖ്യാപന അറിയിപ്പോടെയാണ്. അങ്ങനെയുള്ള ഒത്തിരി വിശേഷങ്ങൾ ആ കാലയളവിലെ ഫെഡറേഷന്റെ നോട്ടീസുകളിലും റിപ്പോർട്ടുകളിലും ഉണ്ട് എന്നതുകൊണ്ടും അതുകൾ ഏറെ ഔദ്യോഗിക രേഖകൾ ആണെന്നുള്ളതുകൊണ്ടും വേറെ എവിടെയെങ്കിലും അതുകൾ ഇപ്പോൾ കിട്ടാൻ വഴിയില്ല എന്നതുകൊണ്ടും മുഴുവൻ ഞാൻ ഈ ഗ്രന്ഥത്തിൽ ഉൾച്ചേർക്കുകയാണ് രേഖകളായിത്തന്നെ. അതുകൾ നിലനില്ക്കട്ടെ.**

**1984-ലെ സമരമുഖത്ത് എന്റെ വ്യക്തിഗതമായ അനുഭവ വിശേഷങ്ങൾ എവിടെയെങ്കിലുമൊക്കെ ഞാൻ പല പ്രാവശ്യം പകർത്തിയിട്ടുണ്ട്. ഒരുപക്ഷേ അസാരം ചില കാര്യങ്ങൾ ആവർത്തനവുമാകാം. എങ്കിലും ഞാൻ പകർത്തിക്കോട്ടെ.**

**ഒന്നാമത് ഞാൻ** KSMTF **ന്റെ സംസ്ഥാന പ്രസിഡന്റ് എന്ന ചുമതലയിലേയ്ക്ക് വന്നത് വളരെ അവിചാരിതമായിട്ടാണ്. ജീവിതം മുഴുവനും ഒരർത്ഥത്തിൽ അങ്ങനെയാണല്ലോ? നാം ആരുംതന്നെ നമ്മളെ ഉണ്ടാക്കിയവരല്ലല്ലോ? ജീവൻ ഉരുവാകുന്നതു മുതൽ ഓരോ അംശത്തിലും ദൈവീകതയുടെ പരിപാലനത്തിന്റെ നടത്തിപ്പിനെക്കുറിച്ച് എനിക്ക് തർക്കമില്ല. ഇതെഴുതുന്ന പ്രഭാതത്തിൽ എന്റെ ദിവസം തുടങ്ങിയത്** Creation Spirituality **യുടെ വക്താവ്** Mathew Fox, Julian of Norwich **നെ ഉദ്ധരിച്ചുകൊണ്ട് പറഞ്ഞുവച്ച ചിന്തയാണ്. അതിങ്ങനെ** "God Makes all Things Well - Wellness, Wholeness, Healing and Salvation are Possible."

**അവിടെ നിന്നുകൊണ്ടുതന്നെ പറയുമ്പോൾ ഞാൻ പൗരോഹിത്യം ഏറ്റതും, യൂണിയൻ പ്രവർത്തകനായതും, സംസ്ഥാനനേതൃത്വം ഏറ്റതും, ഇടവക ശുശ്രൂഷയിൽനിന്ന് 33 വർഷത്തിനു ശേഷം മാറി നടന്നതും,**



അതിനുശേഷം ഇന്നുവരെയും ഒരു Freelancer ആയി ദേശീയ-അന്തർദ്ദേശീയ വേദികളിൽ ശുശ്രൂഷ ചെയ്തുനില്ക്കുന്നതും ആയ എല്ലാ സംഭവങ്ങളും സംഭവിച്ചത് അങ്ങനെയൊരു നടത്തിപ്പിലാണ്. ഈ ലേഖനവും അതിന്റെ തുടർച്ച മാത്രം.

അങ്ങനെ നോക്കുമ്പോൾ ആ കാലയളവിലെ വർണ്ണനകൾ ഓരോന്നായി ഞാനൊന്നു ചൂണ്ടിപ്പറയട്ടെ. ആൽബർട്ട് പരിശവിളയെ തള്ളി നേതൃത്വം ഏറ്റത് വളരെ വളരെ അവിചാരിതമായിട്ടുതന്നെ. അതങ്ങനെ ഒരുപക്ഷേ സമര മുഖങ്ങളിലെ ഓരോ നീക്കവും നടപടിയും. ഇറങ്ങിത്തിരിക്കുമ്പോൾ എന്താകും, എങ്ങനെയാവും എന്നൊരുവിധ ചിന്തയും ഉണ്ടായിരുന്നില്ല. 1984-ലെ സമരനീക്കങ്ങൾ ഓരോന്നും അങ്ങനെ. ഒന്നും ആലോചിച്ചു വച്ചിട്ടല്ല. ആശയസംവാദങ്ങളിലൂടെ കൂട്ടായ ആലോചനകളിലൂടെ ഓരോന്നും ഉരുവായി വന്നു എന്നു പറഞ്ഞാൽ മതിയല്ലോ. ഞങ്ങളുടെ കൂട്ടാളിത്തത്തിൽ അർപ്പണബോധവും തൊഴിലാളികളോടുള്ള പ്രതിബദ്ധതയും സഹതാപവും കൈമുതലായിരുന്നു. അതിന്റെ ഒരു ആവേശത്തള്ളലിൽ ഓരോന്നും നിറവേറി വന്നു. സംസ്ഥാന പ്രസിഡന്റ് പദങ്ങൾ തുടക്കമിടുന്നത് പോൾ അറയ്ക്കൽ അച്ചനിൽ നിന്നാണ്. അദ്ദേഹത്തിന്റെ ഒരു ആവേശത്തള്ളലിൽ ആലപ്പുഴ രൂപതയുടെ കടപ്പുറത്ത് നിന്ന് ഒരു ജ്വലനം. കാട്ടൂരിലെ അച്ചാണിവള്ളവും വലയും നശിപ്പിച്ച് ബാബുവിനെ കൊന്ന യന്ത്രവൽക്കൃത ബോട്ടിനെതിരെയുള്ള ഒരു ജ്വലനത്തിനു കാരണം ബാബുവിന്റെ അപ്പനോടുള്ള സഹതാപം ആയിരുന്നു. അദ്ദേഹത്തിന്റെ ജ്വലനത്തെ ഏറ്റുപിടിച്ച് ഇതര രൂപതകളിലെ വൈദികരും അവൈദികരും ആയ ഒരുപിടി പേർ ഒരുമിച്ചു വന്നു കൂടിആലോചനകൾ വച്ചപ്പോൾ LCFF ജനിച്ചു. അറയ്ക്കലച്ചൻ സംസ്ഥാന പ്രസിഡന്റായി. കേരള പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഒന്നാമത്തെ ഈ സംസ്ഥാന സമരം കത്തി. അതിന്റെ ഫലം വളരെ നിസ്സാരമായിരുന്നു എന്ന് തുടർന്ന് പറയാമെങ്കിലും അതൊരു വലിയ തുടക്കത്തിന് കാരണമായി. പില്ക്കാലത്ത് പരമ്പരാഗത മത്സ്യബന്ധനത്തൊഴിലാളികൾക്ക് സംസ്ഥാന വേദിയും, ദേശീയ വേദിയും അന്തർദ്ദേശീയ വേദിയും അടങ്ങുന്ന സംഘടനകളായി. KSMTF, NFF, WFF ഒന്നും ചെറിയ കാര്യമല്ലല്ലോ.

LCFF എന്ന സംഘം നയിച്ച ഒരു സമരം കൊണ്ട് അതിൽ ഉൾപ്പെട്ടു നിന്ന ആരും എന്തെങ്കിലും വ്യക്തിഗത നേട്ടം നേടിയില്ല. പക്ഷേ ജനമദ്ധ്യത്തിൽ തിരിച്ചറിവുകളുടെ തുടർമാലകൾക്ക് തുടക്കമായി. അതിൽ ആദ്യത്തേത് LCFF സംഘം KSMTF ആയി രൂപാന്തരപ്പെട്ടു എന്നതാണ്. ജാതീയതയിൽ നിന്നു മാറി വർഗ്ഗസ്വഭാവത്തിലേക്ക് തൊഴിലാളികളെ മാറ്റിയെടുക്കാൻ ആ ഒരൊറ്റ സമരം പ്രയോജനപ്പെട്ടു. LCFF എന്ന പേരു മാറ്റി KSMTF എന്ന പേരുമാറ്റം വരുത്തിയപ്പോൾ അറയ്ക്കലച്ചൻ രംഗത്തു നിന്ന് മാറി. ആൽബർട്ട് പരിശവിളയച്ചൻ ചുമതലക്കാരനായി. ഒരുപിടി സമരങ്ങൾക്ക് അദ്ദേഹം ഉൽഘാടകനായി. ട്രോളിംഗ് മത്സ്യബന്ധന രീതിക്കെതിരെയുള്ള സംഘാടനത്തിന്റെ തുടക്കം പരിശവിളയുടെ നേതൃത്വത്തിൽ നടന്നു. ധാരാളം ഉൾപ്പോരുകളും ഉൾവലിച്ചിഴച്ചിലുകളും സംഘത്തിലുണ്ടായി. അതിന്റെ ഒരു ഘട്ടത്തിൽ സംഘനേതൃത്വത്തിൽനിന്ന് പുറത്താക്കി. അതത്ര ലളിതമായിരുന്നില്ല. ക്രിസ്തീയ മതസാഹചര്യത്തിൽ വളർന്നപാടെ മറ്റു മതസാഹചര്യത്തിൽ പെരുമാറിയിരുന്ന തൊഴിലാളികൾക്ക്

സ്വതന്ത്ര സംവിധാനത്തിലൂടെ ഒരു പുതിയ മാനത്തിന് തുടക്കം കുറിച്ചിട്ടു എന്നേ ഉണ്ടായിരുന്നുള്ളൂ. അതിന്റെ ബാലാരിഷ്ടതകൾ കഷ്ടിച്ചു മാറിവരുന്നതേയുള്ളൂ. പഴക്കവും തീരപ്രദേശങ്ങളിൽ പ്രവർത്തി പരിചയവും ഉണ്ടായിരുന്ന നേതാക്കളുടെ അഭാവത്തിൽ പുതിയ ഒരാളെ കണ്ടെത്താനുള്ള ഞെരുക്കവും വലുതായിരുന്നു.

എങ്കിലും രണ്ടും കല്പിച്ച് ജോസ് കളീക്കലിനെ നേതൃത്വം ഏല്പിക്കാൻ കൂടിവന്ന സംഘ പ്രതിനിധികൾ തീരുമാനം എടുത്തപ്പോൾ, ആ തീരുമാനം പ്രവർത്തനസജ്ജമാക്കിയത് തോമസ് കൊച്ചേരി, ജോയിച്ചൻ ആന്റണി, ഏ. ജോസഫ്, ഏ.ജെ. വിജയൻ തുടങ്ങി ഒരുപിടി പേരുകളുടെ കരുത്തി ലായിരുന്നു എന്നു തീർച്ച.

ഏതായാലും അതങ്ങനെ സംഭവിച്ചു. അതിലൂടെ ഏറ്റവും പരുങ്ങലിലായത് എന്റെ പൗരോഹിത്യ സാഹചര്യങ്ങളാണ്. ഒരു രൂപതാ വൈദികൻ എന്ന നിലയ്ക്ക് ഏറെ പരിമിതികൾ എനിക്കുണ്ടായിരുന്നു. ഞാൻ രൂപതാംഗ മായിരുന്ന കൊല്ലം രൂപതയിലെ തലവലിപ്പവും പഴക്കവും ഉള്ള ആൽബർട്ട് പരിശവിളയെ ആണ് സ്ഥാനത്തുനിന്നു നീക്കി താരതമ്യേന ജൂനിയറായ, രൂപതാ പ്രദേശങ്ങളിൽ വളരെ അപരിചിതനായ ഒരുവനെന്ന നിലയ്ക്ക് വിലക്കും പുറന്തള്ളലും വന്നത്. രൂപതാ പ്രസീഡിയത്തിൽ നിന്നു തന്നെയായിരുന്നു. വിലക്കിനു പുറമെ പുറത്താക്കൽ നോട്ടീസും ഒക്കെ പ്രതീക്ഷിച്ചു നീങ്ങിയ ആ നീക്കം പിടിച്ചുനിന്നു എന്നത് ഒരു വിസ്മയം തന്നെ. വളരെപ്പെട്ടെന്ന് സംഘപ്രവർത്തനം ട്രേഡ് യൂണിയൻ തലത്തിലേയ്ക്ക് നീക്കി മുന്നേറി എത്രയേറെ സമരമുഖങ്ങൾ തുറക്കുകയും ഒരുപിടി പരമ്പരാഗത തൊഴിലാളി നേട്ടങ്ങൾക്ക് കാരണമായിത്തീരുകയും ചെയ്തു എന്നു വിലയിരുത്തുമ്പോൾ നിശ്ചയമായും സംഘപോരാളികളുടെ കൂട്ടായ പ്രയത്നം ഒന്നു മാത്രം ആയിരുന്നു വിജയകാരണം.

സമരപ്പന്തലുകളിൽ വട്ടമിരുന്ന് രൂപപ്പെടുത്തിയ മുദ്രാവാക്യങ്ങൾ, സമരഗാനങ്ങൾ, സമരരൂപങ്ങൾ ഒക്കെയും ഓർമ്മിച്ചെടുക്കുമ്പോൾ എന്തൊരു രോമാഞ്ചമാണെന്നോ. അതിലെ വൃദ്ധജനങ്ങളുടെ പങ്ക് ഒരു വഴിയേ. ആലപ്പുഴ നിന്ന് ശ്രീ. ഈ.ജി. പീറ്റർ അദ്ദേഹത്തിന്റെ ഈണ ങ്ങൾ അലറുന്ന അലയാഴി എന്നു പേരിട്ട് മാവേലിക്കര MJM സെന്റർ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആ കവിതകൾ ഉണർത്തിയ വിപ്ലവ ചിന്തകൾ ഒരുപിടിയാണ്. പിന്നെയൊരാൾ കൊല്ലം കടപ്പുറത്ത് നിന്നുള്ള ആൻഡ്രൂസ് ചേട്ടനാണ്. അഭ്യസ്തവിദ്യരല്ലാത്ത ഈ തൊഴിലാളി സുഹൃത്തുക്കളുടെ ജീവിതാവേശങ്ങൾ ഏറെയാണ്. ആൻഡ്രൂസ് ചേട്ടന്റെ പേരിലുള്ള ഗ്രന്ഥങ്ങൾ ഒരു വലിയ കൈമുതലാണ്.

1. കടൽമുത്ത്
2. അറേബ്യൻ സമുദ്രത്തിന്റെ ഹൃദയത്തുടിപ്പുകൾ
3. എണ്ണിയാൽ തീരാത്ത നൊമ്പരങ്ങൾ
4. Pearl of the Sea

പുതുമേഖലയിൽ ഒരുപിടി ഗ്രന്ഥങ്ങളും പഠനങ്ങളും ഒക്കെ പറഞ്ഞെ ടുക്കുമ്പോൾ അതിന്റെ വിലപിടിപ്പ് പറഞ്ഞു ബോധിപ്പിക്കുക പ്രയാസം. എങ്കിലും അവയെല്ലാം '84-ലെ സമരശേഷമുള്ള ഉയിർത്തെഴുന്നേല്പുകൾ ആണ് എന്നു പറയാൻ ശങ്കയില്ല തന്നെ. എല്ലാം അറിയില്ല. എന്റെ കൈയിലെ

ശേഖരങ്ങൾ പെറുക്കിയെടുക്കുമ്പോൾ അവകൾ ഇങ്ങനെ

കടലാളന്മാരുടെ ജീവനവും അതിജീവനവും
കേരളത്തിലെ ഉൾനാടൻ മേഖല
കേരളത്തിലെ മത്സ്യത്തൊഴിലാളിപ്രസ്ഥാനം
കടലറിവുകളും നേരനുഭവങ്ങളും
Our Beaches Our Sea
Media Tides in Kerala Coast
The Sea Calls...
മാറുന്ന മത്സ്യമേഖല
മനക്കരുത്ത്, Sprituality
സമരമുഖങ്ങളിൽ ഉണർന്ന മത്സ്യമേഖലയെക്കുറിച്ച് ഒരുപിടി ഡോക്ടറൽ പഠനങ്ങൾ ഈ കാലയളവിൽ നടന്നിട്ടുണ്ട്. വളരെ പ്രധാനമായ ഒരുപിടി ദേശീയ-അന്തർദ്ദേശീയ സെമിനാറുകളും അതിലവതരിപ്പിക്കപ്പെട്ട പ്രബന്ധങ്ങളും പ്രാധാന്യമുള്ളവയാണ്.

ഏറ്റവും അവസാനം വിഴിഞ്ഞം കേന്ദ്രീകരിച്ചു നടന്ന അതിജീവന സമരവും അതിന്റെ അനന്തര നടപടിയായി വന്ന ജനകീയ പഠനവും തീര ദേശ മേഖലയുടെ ചിത്രങ്ങൾ വളരെ വിശാലമായി കോറിയിടുന്നുണ്ട്. അതുകളുടെ വിശാലതയിലേക്ക് പ്രവേശിക്കുക എളുപ്പമല്ല. ആ സംഭവങ്ങളെ ചുരുക്കിപ്പറയുക മാത്രം.

ഉൾനാടൻ മേഖലാ സെമിനാർ 1989
മത്സ്യരോഗസമരം പഠനം
Kerala University യുടെ International Seminar -2019
CUSAT/CDS/Conference 2022

എല്ലാമൊന്നും KSMTF ന്റെ പരിപാടികൾ അല്ലാത്തപ്പോഴും വിവിധങ്ങളായ പ്രസ്ഥാനങ്ങൾ ഉയർത്തിവിടുന്ന ചോദ്യങ്ങളും പറഞ്ഞുവയ്ക്കുന്ന ഉത്തരങ്ങളും കേരളത്തിലെ പരമ്പരാഗത മത്സ്യമേഖലയെ സജീവ പ്പെടുത്തുന്നു എന്നു പറഞ്ഞുവയ്ക്കുക മാത്രം.



# 1.10 സമകാലിക പ്രതിരോധ പ്രസ്ഥാനങ്ങളും വെല്ലുവിളികളും

## ഇന്നേയ്ക്ക് 29 നാൾ

**ടോം മണ്ണിലേക്ക് ഉൾച്ചേർന്നിട്ട് 74 വയസ്സിന്റെ ഏറെക്കാലങ്ങൾ 20-04.1971 ൽ പൗരോഹിത്യപട്ടം ഏറ്റിടം മുതൽ അതിൽ പ്രത്യേകിച്ചും 1972-ൽ പൂത്തുറ ഇടവകയുടെ ചുമതല ഏറ്റതുമുതൽ ആറും കായലും കടലും അടങ്ങുന്ന ജലവും അതടക്കിക്കൊള്ളുന്ന ജീവനും വേണ്ടി അഞ്ചുതെങ്ങ് ബോട്ട് വർക്കേഴ്സ് യൂണിയനിൽ 1978 മുതലും തിരുവനന്തപരും ജില്ലാ മത്സ്യ ത്തൊഴിലാളി യൂണിയനിൽ ജൂലൈ 15, 1978 മുതലും ലത്തീൻ കത്തോലിക്കാ മത്സ്യത്തൊഴിലാളി യൂണിയനിൽ 1979 ൽ തുടങ്ങി 1980 ൽ KSMTF എന്ന നാമകരണത്തിൽ ഫെഡറൽ സംവിധാനത്തിലും 1988 ൽ തുടങ്ങി KSMTF എന്ന യൂണിറ്ററി സംവിധാനത്തിലും 1984 മുതൽ ദേശീയ ഫോറം ചെയർപേഴ്സൺ ആയും (ഡിസംബർ 12, 13 തീയതി) പിൽക്കാലത്ത് (1984 ജൂലൈ 4 മുതൽ 8 വരെ റോമിൽ FAO യുടെ ബദൽ സമ്മേളനത്തിൽ 34 രാജ്യങ്ങളിൽ നിന്നു പങ്കെടുത്ത 34 രാജ്യപ്രതിനിധികൾ പങ്കെടുത്ത അന്തർദ്ദേശീയ സമ്മേളനം രൂപം കൊടുത്ത World Forum of Fisher people അംഗമായും സംഘാടകനായും പില്ക്കാലത്ത് അന്തർദ്ദേശീയ ഫോറം ചുമതലക്കാരനായും. ജലം, മത്സ്യം, മത്സ്യത്തൊഴിലാളികൾ എന്ന ത്രിത്വത്തെ ധ്യാനിച്ചും ആരാധിച്ചും കഴിഞ്ഞ ഈ മനുഷ്യന്റെ ജീവിതത്തിലേക്ക് ഊളിയിടുമ്പോൾ ഈ മനുഷ്യൻ ആദ്യമായും അവസാനമായും ഒരു പള്ളിക്കാരനായിരുന്നു. ഒരു പുരോഹിതനായിരുന്നു. അതുകൊണ്ടാണല്ലോ 83 കളിൽ തിരുവനന്തപുരം മുട്ടടയിൽ നിന്നു പറിച്ചെറിയപ്പെട്ട ടോം 2014 ൽ മുട്ടടയിലെ സെമിത്തേരിയിൽ അടക്കം ചെയ്യപ്പെട്ടത്.**

## കഥകൾ ഇങ്ങനെ

**20.04.1971 വൈദികശ്രേണിയിൽ ചേർക്കപ്പെട്ട തോമസ് കോച്ചേരി എന്ന റഡംപ്റ്ററിസ്റ്റ് സഭാംഗം മാത്യു ഊട്ടുകളും ജയിംസ് ചക്കാലയ്ക്കൽ എന്ന വൈദിക സുഹൃത്തുക്കളോടൊപ്പം തിരുവനന്തപുരം രൂപതയിലെ അഞ്ചുതെങ്ങ് ഫോറോനായിലെ പൂത്തുറപ്പള്ളിയുടെ ചുമതലക്കാരനായി വരുന്നത് 1972 ലാണ്.**





ടോമിന്റെ 2014 വരെയുള്ള ജീവിതത്തിന് അടിത്തറയായത്. ആ ഗ്രാമ ജീവിതമാണ്. 72 മുതൽ 2014 വരെ 42 വർഷങ്ങൾ. ഈ കാലങ്ങളെ ഒരു നേർരേഖയിലൂടെ വരച്ചുകാണിയ്ക്കുക അതീവ ദുഷ്കരമാണ്. അപ്പോഴും ആദ്യഘട്ടങ്ങൾ ഓർത്തെടുക്കുക എളുപ്പമാണ്. 72 ൽ കടപ്പുറത്ത് ഇടവക യിലേക്കു വന്ന ടോമും കൂട്ടരും ഒരു പ്രത്യേകതയോടെ പൗരോഹിത്യ ശുശ്രൂഷയ്ക്കു രൂപം കൊടുത്തു. സമരരംഗത്തു കൂടെ ഓടിനടക്കുന്ന ആദ്യഘട്ടങ്ങളിൽ എന്റെ പപ്പാ പറയുമായിരുന്നു. "എല്ലാ അച്ചന്മാരും രാവിലെ ഉടയാത്ത കുർബ്ബാന കുപ്പായമിട്ട് കുർബ്ബാനയും ചൊല്ലി, കാപ്പികുടിയും കഴിഞ്ഞു ചാരുകസേരയിൽ കിടന്നു പത്രവും വായിച്ചു മേടയകത്തു കഴിയുമായിരുന്ന നേരത്ത് എന്റെ മകൻ മഴയും വെയിലും കളയാതെ റോഡുനീളെ നിരങ്ങുന്നു എന്ന്." എന്നെപ്പോലെയുള്ള നിരവധി വൈദികരുടെ ആദ്യപ്രേരണ ടോമും സംഘവും ആയിരുന്നു. കേരളത്തിൽ അവർ മൂവർ ആദ്യമായിരുന്നു. പള്ളിച്ചടങ്ങുകൾ കഴിഞ്ഞാൽ ആഹാരം ഒരുക്കി അവർ ഇറങ്ങിയിരുന്നത് കടപ്പുറത്തേക്ക്.

അതിന്റെ കഥകൾ നിരവധിയുണ്ട്. കമ്പവല വലിയ്ക്കാനും വല കഴുകാനും, വല കേടുപോക്കാനും കൊച്ചു വർത്തമാനങ്ങൾ പറഞ്ഞിരിക്കാനും തൊഴിലാളികളോടൊപ്പം ഏറെ സമയം കടപ്പുറത്തും അവരുടെ വീടുകളിലും സന്ധിയ്ക്കാനും ഒക്കെ ഇടയാക്കിയ സംഭവനിരകൾ.

അവരുടെ ജീവിതചക്രത്തിലേക്കു പുതുജീവനുണർത്തിയത് 1975–ൽ പൂത്തുറ പ്രദേശത്തേക്ക് മെഡിക്കൽ മിഷൻ സന്യാസിനികളുടെ കടന്നു വരവാണ് (1978 ൽ മാമ്പള്ളിയിലും.)

ഈ സഹോദരീബന്ധം പുതിയ ക്രമീകരണങ്ങൾക്കു രൂപം കൊടുത്തു. അവരുടെ ഉൾപ്രേരണകൾ സന്ധിച്ചത് MMS ന്റെ സ്ഥാപക അന്ന ഡംഗലിന്റെ ഉദ്ധരണിയിൽ ആ വാക്കുകൾ അവരുടെ പ്രേരണയായി. അവരതു പാടി.

സത്യമായ് സ്നേഹം നിങ്ങളിൽ നിറയുകിൽ
നിത്യം കർമ്മനിരതരാകും നിങ്ങൾ
സ്നേഹം ചൊരിയുമ്പോൾ
സഹജരിൽ നിങ്ങൾ സത്യം തല്പരരായിത്തീരും
അവരുടെ ആവശ്യം ആരാഞ്ഞറിഞ്ഞിടും
അവരിൽ നിങ്ങൾ അലിഞ്ഞുചേരും.
ആഴമാം സ്നേഹത്തിനുടമകളെങ്കിൽ
ഐക്യം നിങ്ങളഭിലഷിക്കും
അനുരഞ്ജനത്തിന്റെ പൂമാലകോർക്കാൻ
അനുദിനം നിങ്ങൾ പരിശ്രമിയ്ക്കും.
നിങ്ങൾ സ്നേഹത്തിൻ നിറകുടമാവുകിൽ
എല്ലാമെല്ലാം പങ്കുവയ്ക്കും
നിസ്വാർത്ഥമായ് നിറമനസ്സായ്
തളരാതെ എന്നും പണിയെടുക്കും
സ്നേഹത്തിൻ മുന്നിൽ ഭാരമല്ലദ്ധ്വാനം
മോദമരുളീടും സേവനമാം
സ്നേഹസുധാരസം ഉള്ളിൽ തുളുമ്പുകിൽ
ആത്മസമർപ്പണം സാധ്യമാകും.
അന്ന ഡംഗലിന്റെ ഈ വരികൾക്ക്
ടോം അനുബന്ധം ചേർത്തു:
സ്നേഹം നമ്മളിൽ നിറയുമെങ്കിൽ
നിത്യം കർമ്മനിരതരാകും
നീതിയ്ക്കുവേണ്ടിപ്പോരാടാൻ
സഹജരെയെല്ലാം അണിനിരത്തും.
ആദ്യകാലങ്ങളിൽത്തന്നെ
കടപ്പുറത്തെ കുട്ടികൾ അതിന്റെ
കോറസ് രചിച്ചുപാടിനടന്നു

അതിങ്ങനെ:

ആർക്കുവേണ്ടി സ്വാതന്ത്ര്യം ?
എന്തിനുവേണ്ടി സ്വാതന്ത്ര്യം?
മുതലാളിയ്ക്കോ തൊഴിലാളിയ്ക്കോ
മീൻപിടിയ്ക്കും തൊഴിലാളിയ്ക്കോ
കരയിലിരിക്കും മുതലാളിയ്ക്കോ
മീൻ ചുമക്കും സ്ത്രീകൾക്കോ
മീൻ കയറ്റും മുതലാളിയ്ക്കോ
തൊണ്ടുതല്ലും തൊഴിലാളിയ്ക്കോ
ലാഭം കൊയ്യും മുതലാളിയ്ക്കോ
പാവപ്പെട്ട തൊഴിലാളിയ്ക്കോ
നാടുഭരിയ്ക്കും അധികാരിയ്ക്കോ
ഇന്ത്യാക്കാർക്കോ വിദേശിയ്ക്കോ
വൻകിട മുതലാളിയ്ക്കോ
ആർക്കുവേണ്ടി...

ആ ഗീതങ്ങളുടെ വിപ്ലവധ്വനികൾ അലയടിച്ചുയർന്നത് തെളിയിക്കേണ്ട തില്ലല്ലോ. 1980 – ൽ ടോമും സംഘവും പൂത്തുറ പ്രദേശം വിട്ടു മുട്ടട യിലേയ്ക്കു പോയി. 1981 ൽ ടോമിനെ കാണുന്നതു സെക്രട്ടേറിയറ്റുനടയിൽ. 1981 ജൂൺ 25 ന് തിരുവനന്തപുരം യൂണിയന്റെ നേതൃത്വത്തിൽ സെക്ര ട്ടേറിയറ്റു നടയിൽ നിരാഹാരസമരം നടത്താൻ ശ്രീ. ജോയിച്ചൻ ആന്റണിയോടൊപ്പം നിരാഹാരം കിടക്കുവാനെത്തി. 1981 മെയ് 24 ന് ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ ട്രോളിംഗ് നിരോധിച്ചുകൊണ്ടു വന്ന ഫിഷറീസു ഡയറക്ടറേറ്റ് ഉത്തരവ് ജൂൺ 6 ന് നീണ്ടകരയിൽ. നിരോധനം പിൻവലിച്ചുകൊണ്ട് മന്ത്രി ശ്രീ.പി.എസ്. ശ്രീനിവാസൻ പുറപ്പെടുവിച്ച കല്പനയായിരുന്നു പശ്ചാത്തലം.

1981 ജൂലൈ 10–ന് KSMTF സമരം ഏറ്റെടുത്തു. അതിനിടയിലാണ് ജൂലൈ 4 ന് ടോം നിരാഹാരം അവസാനിപ്പിച്ചു സ്വയം ഇറങ്ങി വന്ന സംഭവം നടക്കു ന്നത്. അന്നേദിവസം കൊല്ലത്തും തിരുവനന്തപുരത്തും ഒക്കെ ശക്തമായ പിക്കറ്റിംഗുകൾ നടക്കുന്ന നേരത്ത്. എന്നും ഈ പ്രയോഗങ്ങൾ ടോമിന്റെ പ്രത്യേകതയായിരുന്നു. സമരം തുടങ്ങുന്നത് ഫെഡറേഷനോട് ആലോചി ക്കാതെ സ്വന്തം തീരുമാനത്തിൽ നിരാഹാരപ്പന്തൽ വിട്ടിറങ്ങിപ്പോന്നതും. ഏതായാലും പൂത്തുറയിൽ നിന്ന് തിരുവനന്തപുരം സെക്രട്ടറിയേറ്റ് ഭരണ സിരാകേന്ദ്രത്തിലേക്ക് മത്സ്യത്തൊഴിലാളികളെ കൊണ്ടുവന്നത് ടോമിന്റെ നേട്ടം. (അതിനുമുൻപേ പോൾ അറയ്ക്കലച്ചൻ 1979 ൽ സെക്രട്ടേറിയറ്റു നടയിൽ നിരാഹാരം നടത്തിയ ചരിത്രം മറന്നിട്ടില്ല.)

1982 മെയ് 2 ന് പൂത്തുറയിലെ വെടിവയ്പ്പ്. രണ്ടു വിഭാഗങ്ങളുടെ സംഘർഷം അവിടേയ്ക്ക് ടോമിനെ വിളിച്ചുവരുത്തിയത് സി. ഫിലോയും സഹകാരികളും, സമാധാനസ്ഥാപനത്തിനായി രംഗത്തെത്തിയ ടോം അറസ്റ്റു ചെയ്യപ്പെട്ടു. അതിന്റെ സംഭവഗതികൾ ഇങ്ങനെ... ആ സംഭവ ത്തിന്റെ തുടർക്കഥകൾ അസംബ്ലി തെരഞ്ഞെടുപ്പിലുള്ള ഇടപെടലായി വന്നത് അനുബന്ധം. സ്വതന്ത്രപ്രസ്ഥാനമായ KSMTF ന്റെ ഇടതുപക്ഷ ബന്ധുതകൾ തുടക്കമിട്ടത് ഒരുപക്ഷേ ഇവിടെ.

ഒരുപക്ഷേ ഒത്തിരി ഇച്ചീച്ചികൾ ഇടപെടലിലൂടെ ഇച്ചീച്ചിയല്ലാതാകുന്ന രംഗങ്ങൾ എത്രവേണമെങ്കിലും പറയാം. പോൾ അറയ്ക്കലിന്റെ സമരത്തിൽ ഇങ്കിലാബ് സിന്ദാബാദ് വിളിയ്ക്കില്ലായിരുന്നു.

കോഴിക്കോട് പ്രദേശങ്ങളിൽ ഞങ്ങളിലില്ലാ ക്രൈസ്തവരക്തം ഞങ്ങളിലില്ലാ ഇസ്ലാംരക്തം... എന്നു പറഞ്ഞു പാടിവിളിച്ചു ജാഥ നയിക്കുമ്പോൾ മോസ്ക് വരുമ്പോഴൊ വാങ്കുവിളികേൾക്കുമ്പോഴേ വാപൊത്തിയ്ക്കുന്ന രംഗങ്ങൾ. പിന്നെയും നീലക്കൊടി ചെമപ്പു കൊടിയ്ക്കൊപ്പം സംയുക്തസമരം പറഞ്ഞുപോലും കൂട്ടിപ്പിടിപ്പിയ്ക്കി ല്ലെന്നു പറയുന്ന സംസ്ഥാന നേതാവ് പരിശവിള. KSMTF സമരം നയിക്കുമ്പോഴും കത്താലിയ്ക്കാ മത്സ്യത്തൊഴിലാളി യൂണിയന്റെ ബാനറുമായി വന്ന് സംഘർഷം സൃഷ്ടിയ്ക്കുന്ന പോൾ അറയ്ക്കലെന്ന നേതാവ്.

അങ്ങനെയങ്ങനെ ഏതായാലും 83 ആയപ്പോഴേക്ക് കോച്ചേരിയ്ക്കു വാറണ്ടുവന്നു. Quit Muttada, കോച്ചേരിയുടെ പ്രവർത്തനങ്ങൾക്കു രാഷ്ട്രീയമാനം വന്നതിവിടെ.അവിടെ ഇടപെട്ട പ്രൊവിൻഷ്യൻ ടോമിനെ വിപ്ലവക്കാരനായ സന്യാസിയാക്കാനുള്ള അരങ്ങൊരുക്കിയത് പ്രധാനം. വിശ്വാസമുൾക്കൊണ്ടുനിന്ന് സമരം ചെയ്യാനും പോരാടാനും (ജനപക്ഷത്തുനിന്ന്) അനുകൂലപ്പെട്ട വിധി നിർണ്ണായകമായി. വർക്കി വിതയത്തിൽ കാർഡിനൽ (അന്നു Provincial) ചെയ്ത തീർപ്പ് ജനകീയ വിശ്വാസ സ്ഥാപനം കൂടെ ആയിരുന്നു. ആ കഥകൾ ഇങ്ങനെ. ടോം സംസ്ഥാനതലത്തിൽ നിറഞ്ഞുനിൽക്കുവാനിടയാക്കിയ സംഭവങ്ങൾ അതിന്റെ രാഷ്ട്രീയമുഖങ്ങൾ.

LCFF എന്ന ജാതീയം
KSMTF എന്ന രൂപാന്തരം
KSMTF / AKSMTF രാഷ്ട്രീയചേരി തിരിയൽ
84 മുതൽ 94 വരെയുള്ള സമരമുഖങ്ങൾ. ഒരുപക്ഷേ സംഘടനയുടെ പ്രവൃർത്തി മുഖങ്ങളിലുള്ള ഇടപെടലുകൾ പ്രധാനം.

(1) അവബോധ സൃഷ്ടി
ആലോചനാ സമിതികൾ
സെമിനാർ പ്രയോഗങ്ങൾ
പ്രസിദ്ധീകരണങ്ങൾ
നേതൃപരിശീലനം

(2) സമരപ്രയോഗങ്ങൾ
ഒരുനൂറായിരം സമരരീതികൾ
Organisation and Leadership Politics of Order of Association
നായരമ്പലം – അച്ചാണിവള്ളം
കാട്ടൂർ നിറഞ്ഞൊരു ദീപശിഖാറാലി
നീണ്ടകരയ്ക്കൊരു മാർച്ച്
സെക്രട്ടറിയേറ്റു വളയലിന് വാടിക്കടപ്പുറത്തുനിന്നൊരു ലോംഗ് മാർച്ച്
അഴിമുഖം വള്ളം നിരത്തിത്തടയിടൽ
നിരാഹാര സത്യാഗ്രഹനിരകൾ
പഴ്സീൻ കപ്പലിന്റെ കത്തിയ്ക്കൽ
കന്യാകുമാരി മാർച്ച്

(3) രാഷ്ട്രീയ സമന്വയങ്ങൾ/സമ്മർദ്ദങ്ങൾ
Collaboration ന്റെ നൂറുനൂറു സന്ദർഭങ്ങൾ
ദേശീയഫോറം, വേൾഡ് ഫോറം
95/96 നിരാഹാര സമരങ്ങൾ
ദേശീയസമരവേദികൾ

# 1.11 ഉയർപ്പിന്റെ രാഷ്ട്രീയം

22.06.1984. അതിരാവിലെ ഞാൻ എറണാകുളം പ്രസ്സ് ക്ലബ്ബിലെത്തി ഒരു പ്രസ്താവനയും ആയിട്ട്. KSMTF 155/23 ന്റെ സംസ്ഥാന പ്രസിഡന്റ് എന്ന നിലയ്ക്ക് ഞങ്ങൾ സംസ്ഥാന വ്യാപകമായി മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിനായി നടത്തിക്കൊണ്ടിരുന്ന ഒരുമാസത്തോളം ദീർഘിച്ച സമരം ലക്ഷ്യം കാണാതെ നിർത്തിവയ്ക്കുന്ന പ്രസ്താവന ആയിരുന്നു അത്. വീണ്ടും 1985 മാർച്ചിൽ ശ്രീമാൻ ജോയിച്ചൻ ആന്റണിയുടെ സംസ്ഥാന നേതൃത്വത്തിൽ അതിശക്തമായ സമരം നടന്നു. 186 ദിവസങ്ങൾ നീണ്ടു ആ സമരം.

പിന്നെയും പിന്നെയും സമരങ്ങൾ, സമര വേലിയേറ്റങ്ങൾ തന്നെ ഫെഡറേഷന്റെ നേതൃത്വത്തിലും ദേശീയ വേദിയുടെ നേതൃത്വത്തിലും ഏറെ നടന്നു. പാലത്തിനടിയിലെ വെള്ളം ഏറെ ഒഴുകിമാറി. കടൽ ആകെ ഒരു പ്രതിസന്ധിയുടെ വേദിയായി. സുനാമി, ഓഖി തുടങ്ങിയ ദുരന്തങ്ങൾ മത്സ്യത്തൊഴിലാളികളെ കശക്കിയെറിഞ്ഞു. മത്സ്യരോഗം മഹാപ്രളയം തുടങ്ങിയതൊക്കെ തൊഴിലാളികളുടെ നട്ടെല്ല് ഒടിച്ചു. ആ വിധമായ അനുഭവങ്ങളിലൂടെ തകർന്നുതരിപ്പണമായ മത്സ്യത്തൊഴിലാളി സമൂഹം ഒരിക്കലൂടെ ഉയർത്തെഴുന്നേൽപ്പിന്റെ ഉശിരു കാണിച്ചത് കഴിഞ്ഞ വർഷം വിഴിഞ്ഞം സമരം തിരികൊളുത്തിയപ്പോഴാണ്. പരമ്പരാഗത തൊഴിലാളി കടപ്പുറത്തുനിന്ന് സെക്രട്ടറിയേറ്റു നടയിലേക്ക് അവകാശ സമരത്തിന് ആദ്യനീക്കം നടത്തി ഫാദർ പോൾ അറയ്ക്കലലിന്റെ നേതൃത്വത്തിൽ LCFF എന്ന സംഘടനയുടെ ബാനറിൽ 1979 ലാണ്. അവിടുന്നു സംഘടന വളർന്ന് കേരളവും (KSMTF) ഇന്ത്യയും (NFF) ലോകവും (WFF) ഒക്കെ ആയി വളർന്നെത്തിയപ്പോഴും വിഴിഞ്ഞം സമരം ഇടതുപക്ഷ സർക്കാർ ഒടിച്ചുകുത്തി ഇല്ലായ്മ ചെയ്തത് അത് തിരുവനന്തപും രൂപതയുടെ സമരമാക്കി ലോപിപ്പിച്ചിടത്താണ് എന്ന പക്ഷമാണ് എനിയ്ക്ക്. ബോട്ടുടമകളെയും പഴ്സീനുടമകളെയം അന്താരാഷ്ട്ര മീൻപിടുത്ത കപ്പലുകളെയും ഒക്കെ നേരിട്ട സംസ്ഥാന/ദേശീയ/അന്തർദേശീയ പാരമ്പര്യത്തിലേയ്ക്ക് എത്തിപ്പിടിയ്ക്കാതെ പോയത് ഒരു വീഴ്ചയായി എന്നുള്ളപ്പോഴും 1979 ൽ തുടങ്ങിവച്ച (സംസ്ഥാന തലത്തിൽ) സമര മുഖം 45 വർഷങ്ങൾ കഴിഞ്ഞ് 2024 ൽ എത്തി നിൽക്കുമ്പോൾ അതിന്റെ കർമ്മശക്തി എവിടെയെങ്കിലും രേഖപ്പെടുത്തപ്പെട്ടിട്ടില്ല എന്നതും ഒരു ആക്ഷേപം ആയിട്ടുണ്ട്. 1985 നു ശേഷമുള്ള സമരമുഖങ്ങളും ചരിത്രങ്ങൾ എവിടെയെങ്കിലും രേഖപ്പെടുത്തേണ്ടതുണ്ട്.



1988 ൽ ശ്രീ ജോയിച്ചൻ ആന്റണി KSMTF ന്റെ നേതൃത്വത്തിൽ പ്രസിദ്ധീകരിച്ച സമര കഥ എന്ന ചരിത്രത്തിനുശേഷം ഏതാനും പ്രസിദ്ധീകരണങ്ങൾ ആ വഴിയ്ക്കു വന്നിട്ടുണ്ട് എന്റെ അറിവിൽ. മത്സ്യമേഖലയെ ഉദാത്തീകരിയ്ക്കുന്ന അതുകൾ വിലപ്പെട്ടവയും ആണ്. സംഭവങ്ങൾ, സമരങ്ങൾ, നേതൃത്വങ്ങൾ എന്നു തുടങ്ങി എല്ലാ അനുഭവങ്ങളും കൂട്ടിച്ചേർത്ത് രേഖകൾ ആകേണ്ടതുണ്ട്. ഇന്ന് ആ ക്രമത്തിൽ മത്സ്യമേഖലയുടെ സാമുദായിക/സാമൂഹിക/രാഷ്ട്രീയ/സാംസ്ക്കാരിക സാഹചര്യങ്ങളിൽ വേരാഴ്ത്തി നിൽക്കുന്ന പ്രസ്ഥാനങ്ങൾ ശരിയ്ക്കും ഉണ്ടോയെന്നു സംശയം. ആ വിടവു നികത്താൻ ആരുണ്ടാവും എന്ന ചോദ്യം ഉദിപ്പിച്ചുകൊണ്ട് ഞാൻ ഈ മേഖലയിൽ പ്രവർത്തിച്ചു നിന്ന 1974 തുടങ്ങി 1994 വരെയുള്ള കാലയളവുകളിലെ ചില ഓർമ്മകൾ കോറിയിടാൻ ഉള്ള ഒരു ശ്രമമാണ് ഈ ലിഖിതങ്ങളിലൂടെ തേടുക.

1975–ൽ മാവേലിക്കര കേന്ദ്രീകരിച്ച് ആലപ്പുഴ ഉൾനാടൻ മത്സ്യത്തൊഴിലാളി യൂണിയന്റെ (1975) പ്രസിഡന്റായി വന്ന് 1978 ൽ "പരിവർത്തനത്തിനൊരു വിദ്യാഭ്യാസം" എന്നൊരു (Education for Change) പഠനപരിപാടി കൊല്ലം രൂപതയുടെ ആലപ്പുഴ ജില്ലയിലെ 33 യൂണിറ്റുകളിൽ നിന്നുള്ള 100 യുവതീയുവക്കൾക്ക് നേതൃത്വപരിശീലനം എന്ന ലക്ഷ്യത്തോടെ, ശ്രീ. കെ. ജി. സെലസ്റ്റിൻ, ഫാ. അലോഷ്യസ്, ഫെർണാസ്, ശ്രീ. റ്റി.പി. ജോൺ (പരുമല), ശ്രീ .വിൻസെന്റ് ബനഡിക്ട് എന്നിവരോടൊപ്പം തുടക്കമിട്ട് 1983 ൽ MJM സെന്റർ എന്ന പഠനകേന്ദ്രം പണിതുയർത്തി. WCFF, KSMTF എന്നിവയിലൂടെയൊക്കെ പ്രവർത്തന നിരതനായി, 1984 ലെ മത്സ്യത്തൊഴിലാളി സമരത്തിൽ മുഴുവനായി നിന്നു പ്രവർത്തിച്ച് വീണ്ടും 91 ലെ മത്സ്യരോഗസമരത്തിൽ വീണ്ടും മുഴുകി നിന്നു സമരം ചെയ്ത സംഭവംവരെയും ഈ മേഖലയിൽ ഉൾച്ചേർന്നു നിന്നു ചരിത്രത്തിൽ നിന്നും ഏതാനും ഓർമ്മകൾ പങ്കിടാൻ ആണ് എന്റെ ശ്രമം.

ഇത് കൃത്യമായും ഇപ്പോൾ ഞാൻ ചെയ്യുന്നത് ഫാദർ തോമസ് കോച്ചേരിയെ അനുസ്മരിച്ച് ആണ്. 2024 മെയ് 3 ആകുമ്പോൾ കോച്ചേരിയച്ചൻ മരിച്ചിട്ട് പത്തുവർഷം ആകും. ഈ കഴിഞ്ഞ വാർഷികങ്ങൾ ഒക്കെ Friends of Tom എന്ന ഒരു ചെറുസംഘം അദ്ദേഹത്തിന്റെ വാർഷിക സ്മരണ നടത്തിയിരുന്നു. ഈ പത്താം വാർഷം ഇത്തിരികൂടെ വിപുലമായ ഒരു സംഘാടനം നടത്തണം എന്ന ആശയം കഴിഞ്ഞ വർഷത്തെ അനുസ്മരണ കൂടിവരവിൽ ഉയർന്നുവന്നു. ടോമിന്റെ ജീവിതകഥകളിലൂടെ അനുസ്മരിച്ച ഒരു സ്നേഹിതൻ പറഞ്ഞു: "ടോമച്ചനെ കുറിച്ച് ഓർക്കുമ്പോൾ ഒരു പ്രയോഗം ആണ് മനസ്സിൽ ഉടക്കി കിടക്കുന്നത്. ആരോപണവിധേയനായ കാലയളവുകളും, രോഗാധീനനായ നേരങ്ങളിലും ഒക്കെ കൂടികടന്ന് പോയ കാലയളവിനെക്കുറിച്ച് ചോദിച്ചപ്പോൾ ഫാ. ടോം പറഞ്ഞ ഒരു പ്രയോഗമുണ്ട്."

## “Politics of Resurrection”

## “ഉയിർപ്പിന്റെ രാഷ്ട്രീയം”

**മതമല്ലാത്ത, പാർട്ടി രാഷ്ട്രീയം അല്ലാത്ത ഒരു പ്രവൃത്തിമുഖം. പ്രവൃത്തിമേഖല. അതിന്റെ ഒരു നിർവ്വഹണം ആയിരുന്ന കൊച്ചേരിയച്ചന്റെ ജീവിതം. അതിന്റെ നിർവ്വഹണ വഴികൾ സഹകാരികളിലൂടെ കോറിയിടാൻ നോക്കും എന്നു കരുതിയാണ് ഈ കുറിപ്പുകൾക്കു തുടക്കമിടുന്നത്. എന്താകും എന്നറിയില്ല. എങ്കിലും ഞാൻ തുടക്കമിടട്ടെ.**

## The Politics of Resseruction

**ഈ പ്രയോഗം ഇക്കഴിഞ്ഞ നാളുകളിൽ തോമസ് കോച്ചേരിയുടെ ചരമഅനുസ്മരണത്തിൽ ഒരു ആരാധകൻ പറഞ്ഞതിന്റെ പശ്ചാത്തലം ഇങ്ങനെ: കോച്ചേരിയച്ചനോട് ബന്ധപ്പെട്ട് തിരുവനന്തപുരം ജില്ലയിൽ തീരം ദേശത്ത് മുഴങ്ങിയിരുന്ന ഒരു മുദ്രാവാക്യമുണ്ട് – “കോച്ചേരിയച്ചാ നേതാവേ, ധീരതയോടെ നയിച്ചോളൂ, ലക്ഷം ലക്ഷം പിന്നാലേ.” പൂത്തുറ കേന്ദ്രീകരിച്ച് റഡംപ്റ്റററിസ്റ്റു വൈദികർ ഇടവക സേവനം ആരംഭിച്ചത് 1972–ൽ അവർ മൂവരെ പള്ളി ഭരണം ഏല്പിച്ചത് പീറ്റർ ബർണാർഡ് പെരേര മെത്രാൻ. കേരള തീരത്ത് ഇതിഹാസമായിത്തീർന്ന ഒരുപിടി സംഭവങ്ങളുടെ കാരണക്കാരൻ പീറ്റർ ബർണാഡ് പെരേര മെത്രാൻ ആയിരുന്നു. കൊല്ലം രൂപതയുടെ വിസ്തൃതി തെക്ക് കന്യാകുമാരി മുതൽ വടക്ക് പമ്പാനദി വരെയുണ്ടായിരുന്നു. ആദ്യം കോട്ടാറും പിന്നെ തിരുവനന്തപുരവും വിഭജിച്ച് കാലാന്തരത്തിൽ തദ്ദേശീയ മെത്രാന്മാരുടെ ചുമതലയിൽ ഓരോ രൂപതയും ആയി വന്നപ്പോൾ സ്വതന്ത്രമായ ഒരുപിടി നീക്കങ്ങളും നേട്ടങ്ങളും അതാതിടങ്ങളിൽ വന്നുകൂടി. തിരുവനന്തപുരം രൂപതയുടെ ആദ്യ തദ്ദേശീയ മെത്രാൻ മത്സ്യത്തൊഴിലാളിമേഖലയ്ക്കു ചെയ്തു കൊടുത്ത നാല് വൻകാര്യങ്ങൾ**

(1) ജസ്വിറ്റ് പുരോഹിതരുടെ നേതൃത്വത്തിൽ വിദ്യാഭ്യാസം

(2) ആളില്ലാത്തുറയെ മരിയനാടാക്കി മാറ്റിയ സാമൂഹ്യസേവനം.

(3) റഡംപ്റ്ററസ്റ്റിന്റെ വൈദികരെ തീരദേശത്തെ ഒരിടം ഏല്പിച്ചത്.



(4) മെഡിക്കൽ മിഷൻ സന്യാസിനികളെ മത്സ്യമേഖലയിൽ പ്രവർത്തനത്തിനു ക്ഷണിച്ചത്. അതുകൾ ഓരോന്നിന്റെയും ദൂരവ്യാപക ഫലങ്ങളിൽ ഒന്നാണ് മത്സ്യത്തൊഴിലാളികളുടെ സംഘാടനം. കേരള രാഷ്ട്രീയത്തിലെ വിപ്ലവാത്മകമായ ഒരു ഉയിർത്തെഴുന്നേൽപ്പിന്റെ കഥ അതുകൾക്കു ഓരോന്നിനും പറയാനുണ്ട്. അതാതിന്റെ തലങ്ങളിൽ നിന്ന് കഥ പറയാൻ പ്രസ്തുത മണ്ഡലങ്ങളിലെ പ്രവർത്തകരെ ഞാൻ സമീപിയ്ക്കട്ടെ. പക്ഷേ അതിൽ പ്രധാനമായ മത്സ്യമേഖലയുടെ ഉയിർത്തെ ഴുന്നേൽപ്പിന്റെ രാഷ്ട്രീയം മാത്രം ഇപ്പോൾ ഞാൻ പറഞ്ഞുവയ്ക്കട്ടെ.

ഉയിർത്തെഴുന്നേല്പിന്റെ രാഷ്ട്രീയം എന്ന പ്രയോഗം ടോമിൽനിന്നു വന്നത് ടോമിന്റെ ജീവിത കഥയുടെ പശ്ചാത്തലത്തിലാണ്. അതിന്റെ വിപുലമായ ഒരു അവതരണം ചെയ്തുവരാൻ ഞാൻ ഉദ്ദേശിയ്ക്കുന്നുണ്ട്. ടോമിനോട് ബന്ധപ്പെട്ടവരോക്കെ അതിൽ ഒത്താശ ചെയ്യും എന്ന പ്രതീക്ഷയിലാണ് ഞാൻ.

ടോമിന്റെ സന്യാസപശ്ചാത്തലം, പൂത്തുറയിലെക്ക് പ്രവേശം, ARDC പദ്ധതി, ടോമിന്റെ ഇടപെടൽ, തിരുവനന്തപുരം മത്സ്യത്തൊഴിലാളി യൂണിയൻ, LCFF ന്റെ പങ്കാളിത്തം, LCFF ന്റെ രൂപാന്തരകഥകൾ, KSMTF ന്റെ രൂപീകരണം, സമര മുഖങ്ങൾ, KSMTF+AKSMTF, രൂപതയിലെ പ്രശ്നങ്ങൾ/ ട്രാൻസ്ഫർ, ടോം, NFF, WFF, സുനാമിയും ടോമിന്റെ പതനവും, അവ സാന കാലങ്ങൾ വിയോഗം, ഇതുകൾക്കിടയിൽ ടോമും ആയിട്ടുള്ള എന്റെ ഇടപെടലുകളും ഞാൻ കോറിയിടാം.



# 1.12 വേളിയിൽ നിന്ന് ശ്രീ. ടി. പീറ്റർ



KSMTF ന്റെ ഒരു കാലഘട്ടം ശ്രീ. ടി. പീറ്ററിന്റേതാണ്. ഒരു മുതിർന്ന തലമുറയുടെ കീഴിൽ പരിശീലപ്പിയ്ക്കപ്പെട്ടു. തിരുവനന്തപുരം ജില്ലാ യൂണിയന്റെ സെക്രട്ടറിയെന്ന നിലയിൽ 1981 സമരം മുതൽ യൂണിയൻ പ്രവർത്തനത്തിൽ ഏർപ്പെട്ട് സംസ്ഥാന നേതൃത്വത്തിലേക്കും ദേശീയ നേതൃത്വത്തിലേയ്ക്കും വളർന്നെത്തിയ ടി. പീറ്റർ സംഘടനയെ ഒരു കാലം വളർത്തുകയും ഒരു കാലം തളർത്തുകയും ചെയ്ത ഒരു വ്യക്തിത്വം ആണെന്നതാണ് എന്റെ വിലയിരുത്തൽ. അപ്പോഴും അദ്ദേഹത്തിന്റെ സ്ഥാനം ഫെഡറേഷനിൽ ഉയർന്നു തന്നെയാണ് ജില്ലാ നേതൃത്വത്തിൽ നിന്ന് സംസ്ഥാന നേതൃത്വത്തിലേക്ക് ടി. പീറ്റർ വരുന്നത് സംസ്ഥാനസമിതിയിൽ ഫാ. തോമസ് കോച്ചേരി അവതരിപ്പിച്ച ടി. പീറ്റർ പ്രസിഡന്റായി മുന്നോട്ടുവച്ച ഒരു പാനലിലൂടെ ആയിരുന്നു എന്നാണ് എന്റെ ഓർമ്മ. കൃത്യമായും ഫെഡറേഷന്റെ ശൈലിയിൽ വന്ന ഒരു വ്യതിചലനം ആയിരുന്നു അത്. ഫെഡറേഷന് ചില ആദർശരീതികൾ ഉണ്ടായിരുന്നു. പ്രത്യേകിച്ചും നേതൃത്വത്തെ സംബന്ധിച്ച്. അത് ഒരു പ്രത്യേകത ആയിരുന്നു എന്ന് എന്റെ ബോധ്യം. അന്ന് ജനകീയസംഘങ്ങളിൽ പാടിനടന്ന ഒരു പാട്ടുണ്ടായിരുന്നത് ഇങ്ങനെ: ടാജ് മഹൽ നിർമ്മിച്ചതാര്? ഷാജഹാൻ അല്ല... എന്നുതുടങ്ങി.

തൊഴിലാളികളുടെ കൈമിടുക്ക് എന്നു പാടി സൂചിപ്പിക്കുന്ന ആ ഈരടികൾ പാടിപ്പറഞ്ഞവരുദ്ദേശിച്ചത് ചരിത്രം നേതാക്കളുടെയും മേലാളന്മാരുടെയും രാജാധികാരികളുടെതും അല്ലാ സാധാരണക്കാരുടെ സൃഷ്ടിയാണ് എന്നതാണ്. ആ ചുവടുപിടിച്ച് ഫെഡറേഷൻ ഒരു നേതാവിനെയും പരസ്യം കൊടുത്ത് ആദരിച്ചിട്ടില്ല. സംസ്ഥാന സമ്മേളനമോ ഇതരദേശീയ പരിപാടികളോ ഒന്നും ഒരു നേതാവിന്റെയും പേരുപറഞ്ഞ് എടുത്തുപരസ്യപ്പെടുത്തിയിട്ടില്ല. ഒരു കൂട്ടായ യത്നം. അവിടെ ചിലരൊക്കെ ചില നേരങ്ങളിൽ ചില പ്രവൃത്തികൾക്കു നിയോഗിക്കപ്പെടുന്നു. അവരുടെ പേരിനും യശസ്സിനും അവാർഡു സ്വീകരണത്തിനും ഒന്നും ആണെന്ന സാഹചര്യം സൃഷ്ടിക്കപ്പെട്ടിട്ടില്ല. സംഘടനയിൽ (ചില പിഴവുകൾ ഉണ്ടായിട്ടില്ല എന്നു പറയുന്നില്ല). ധാരാളം പോസ്റ്ററുകളും ബാനറുകളും ഇറക്കിയിട്ടുണ്ട്. എല്ലായ്പോഴും സമരനിരാഹാരികളുടെ പേരുകൾ വച്ച പോസ്റ്ററുകൾ അല്ലാതെ വ്യക്തിപൂജയായി ഒരു പോസ്റ്ററെങ്കിലും ഉണ്ടായിട്ടില്ല എന്നതു എന്റെ ഓർമ്മ. അതൊരു കാഴ്ചപ്പാട് ആയിരുന്നു. അതിന്റെ കൃത്യതകൾ വലുതും ആയിരുന്നു.

അങ്ങനെ വന്നപ്പോൾ എല്ലാ തീരുമാനങ്ങളും സംസ്ഥാന പ്രതിനിധികളുടെ യോഗം കൂടിയിരുന്നു. അഭിപ്രായങ്ങൾ പറഞ്ഞ് കേട്ട് തർക്കിച്ച, സംവദിച്ചു കൊണ്ട് മാത്രമേ തീരുമാനങ്ങൾ എടുത്തിരുന്നുള്ളൂ. അങ്ങനെയുള്ള രീതിയിൽ നിന്ന് ഒരു മാറ്റം ആയിരുന്നു. ടോമിന്റെ ആ പാനൽ അതിൽ അമർഷം ഉള്ളവരുണ്ടായിരുന്നെങ്കിലും ആ പാനൽ അംഗീകരിയ്ക്കപ്പെട്ടു. ടി. പീറ്റർ ഫെഡറേഷൻ പ്രസിഡന്റ് ആയി. ആ നേതൃത്വ കാലയളവ് പീറ്റർ NFF ലേക്കു പ്രതിഷ്ഠിതനാകുംവരെയും തുടർന്നു എന്നാണ് എന്റെ അറിവ്.

കൂടുതൽ ഉൾപ്രകരണങ്ങൾ ഒന്നുംഎനിയ്ക്കറിയില്ല. ആ കാലയളവിൽ ഞാൻ പ്രസ്ഥാനത്തിന്റെ സജീവതയിലായിരുന്നില്ല അതുകൊണ്ട് ശ്രീ. പീറ്ററിന്റെ കാലയളവുകളിലെ പ്രയോഗങ്ങളെയും വൈതരണികളെയും മുന്നേറ്റങ്ങളെയും പിന്മാറ്റങ്ങളെയും കുറിച്ചൊന്നും എനിയ്ക്കു പറഞ്ഞുകൂടാ എങ്കിലും ഒരുപിടി നിരാസങ്ങളുടെയും പിന്നാക്കം പോകലുകളുടെയും ഇല്ലാതെ പോകലിന്റെ സന്ദർഭങ്ങൾ പ്രസ്ഥാനത്തിനു വന്നു ഭവിച്ചു എന്ന വിലയിരുത്തൽ എനിയ്ക്കുണ്ട്. പ്രത്യേകിച്ചും സംഘബലത്തെ പള്ളിവളപ്പിലേയ്ക്കു തിരുവനന്തപുരം മേഖലയിലെങ്കിലും തിരിച്ചുകേറ്റി എന്നത്. അതിന്റെ പരിണാമം ഏറെ വ്യക്തമായത് പീറ്ററിന്റെ കാലശേഷം ഇക്കഴിഞ്ഞ വർഷങ്ങളിൽ വിഴിഞ്ഞം സമരം തിരുവനന്തപുരം രൂപത ഏറ്റെടുത്തുവന്നപ്പോൾ വ്യക്തമാവുകയും ചെയ്തുവല്ലോ. KSMTF വളർന്നുവന്ന വഴി സ്വതന്ത്ര ട്രേഡ്യു യൂണിയന്റേതായിരുന്നല്ലോ. ശംഖുമുഖത്ത് സമരം തിരി തെളിച്ചിടത്ത് രൂപതാസംവിധാനത്തിന്റെ നേതൃത്വത്തിലേക്ക് തെന്നിമാറി ജാതീയവർഗ്ഗീയ ക്രമീകരണങ്ങളിലേക്ക് ആ പ്രശ്നത്തെ വെട്ടിച്ചുരുക്കിയതിന്റെ തുടക്കം രൂപതാ തലത്തിലുള്ള പ്രകടനങ്ങളിലൊക്കെയും KSMTF ന്റെ നീലക്കൊടിയും കൂട്ടിപ്പിടിച്ച് പിറകിൽ ഫെഡറേഷന്റെ ജനം ഇല്ലാതെ പ്രസിഡന്റ് നേതൃത്വം നിറവേറ്റിയ സന്ദർഭങ്ങൾ ആണെന്നാണ് എന്റെ വിലയിരുത്തൽ.

കാലാകാലങ്ങളിൽ തെരഞ്ഞെടുപ്പുകൾ നടത്തി പുതിയ നേതൃത്വങ്ങളെ തെരഞ്ഞെടുത്ത് സംഘം മുന്നോട്ടു കൊണ്ടുപോകേണ്ടുന്ന കൃത്യതകൾ പാലിയ്ക്കപ്പെട്ടില്ല. സുനാമി കാലഘട്ടങ്ങളിൽ ഓഖികാലഘട്ടത്തിൽ പ്രളയകാല ഘട്ടത്തിൽ ഒക്കെ ഒരുപിടി സാഹചര്യങ്ങൾ ശക്തമായി ഉയർന്നുവന്ന ഘട്ടങ്ങ ളായിരുന്നു. അതുകൾ ഒക്കെയും ധീഷണമായ നേതൃത്വത്തിന്റെ അഭാവത്തെ പിഴപറ്റിയ സന്ദർഭങ്ങളായി മാറി. സംഘപ്രവർത്തനം അടിസ്ഥാനത്തിൽ വേരു കൾ ഇല്ലാത്ത ഒരു നാമകരണം മാത്രമായി ചുരുങ്ങിയില്ലേയെന്നും ഒരറുതി വരെ നാമാവശേഷം ആയി എന്നിടംവരെ എത്തിയില്ലേയെന്നും ചോദ്യമുണ്ട്. സംഘത്തിന്റെ ബലം എല്ലാവരെയും കൂട്ടി നടത്തുന്നതാണല്ലോ. ശരിയ്ക്കും പ്രവൃത്തിമുഖത്ത് ഇല്ലാതിരുന്ന ഒരു കാലയളവിനെ കുറിച്ച് ഏറെ വിശദീകരണങ്ങ ളിലേയ്ക്ക് പോകുവാൻ എനിയ്ക്കാവുന്നില്ല. സഹകാരികൾ ആയുണ്ടായിരുന്ന ഏതാനും പേരോട് ആവശ്യപ്പെട്ടിടത്ത് അവരുടെ സഹകരണം കിട്ടിയില്ല എന്നിടത്ത്, ടി. പീറ്ററിനെ അനുസ്മരിച്ച് ഈയൊരു ചെറിയ കുറിപ്പിൽ ഞാൻ നിർത്തുന്നതു മാപ്പാക്കുമല്ലോ. ടി. പീറ്ററിന്റെ നേതൃത്വകാലഘട്ടം വിശദീകരിയ്ക്കപ്പെടും എന്ന പ്രതീക്ഷയോടെ ടി. പീറ്ററിന് അഭിവാദ്യങ്ങൾ.



# 1.13 ജനകീയ പ്രസ്ഥാനങ്ങൾ
## ആധുനിക ഇന്ത്യയുടെ സൃഷ്ടികൾ

ബാല്യപ്രായം മുതൽ നമ്മൾ ചൊല്ലിപ്പഠിയ്ക്കുന്ന ഒരു ദേശീയ പ്രതിജ്ഞയുണ്ട്. അതു നമുക്ക് ഒന്ന് ആവർത്തിയ്ക്കാമോ? ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്. ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു. സമ്പൂർണ്ണവും വൈവിധ്യ പൂർണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു. ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുജനങ്ങളെയും മുതിർന്നവരെയും ആദരിക്കും. ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടേയും ക്ഷേമത്തിനും ഐശ്വര്യത്തിനുംവേണ്ടി പ്രയത്നിയ്ക്കും."

ഈ ബാല്യകാല പ്രതിജ്ഞയോട് കൂട്ടിവച്ച് ആ കാലയളവുകളിലെ ചില സ്വപ്നങ്ങളും ഓർമ്മിച്ചെടുക്കുകയാണ്. നമ്മുടെ ദേശീയ ചിഹ്നത്തിലെ പഴയ മുദ്രാവാക്യം, "സത്യമേവ ജയതേ" സുപ്രീം കോടതിയിലെ വേദവാക്യം - യഥോ ധർമ്മ തഥോ ജയം. നമ്മുടെ ദേശീയഗാനം - "ജനഗണമന", "വന്ദേമാതരം" തുടങ്ങിയ കവനങ്ങൾ അവയുടെ ഉൾക്കാമ്പുകൾ, ഉൾക്കനങ്ങൾ അതെല്ലാം കഴിയുമ്പോൾ ടാഗോറിന്റെ ഗീതങ്ങളിൽ ഇന്ത്യയെക്കുറിച്ചുള്ള പ്രാർത്ഥന.

### ഗീതാഞ്ജലി 35-ാം സർഗ്ഗം

"എവിടെ മനസ്സ് ഭയരഹിതമായിരിക്കുകയും ശിരസ്സ് ഉയർത്തിപ്പിടിച്ചിരിയ്ക്കുകയും ചെയ്യുന്നുവോ എവിടെ അറിവ് സ്വതന്ത്രമായിരിക്കുന്നുവോ, എവിടെ ലോകം ഇടുങ്ങിയ ഗാർഹികഭിത്തികളാൽ തുണ്ടുതുണ്ടായി മുറിയ്ക്കപ്പെടാതിരിയ്ക്കുന്നുവോ, എവിടെ സത്യത്തിന്റെ ആഴത്തിൽനിന്ന് വാക്കുകൾ ഉയരുന്നുവോ, എവിടെ അക്ഷീണ പരിശ്രമം അതിന്റെ കരങ്ങൾ പൂർണ്ണതയിലേക്ക് നീട്ടുന്നുവോ, എവിടെ ചിന്തയുടെ തെളിനീർ അർത്ഥമില്ലാത്ത ആചാരാനുഷ്ഠാനങ്ങളുടെ മരുഭൂവിൽ വറ്റിപ്പോകാതിരിക്കുന്നുവോ, എവിടെ നിന്റെ പ്രചോദനത്താൽ മനസ്സ് നിത്യേന വികസിയ്ക്കുന്ന ചിന്തകളിലേക്കും പ്രവൃത്തികളിലേക്കും നയിയ്ക്കപ്പെടുന്നുവോ, ആ സ്വർഗ്ഗീയ സ്വാതന്ത്ര്യത്തിലേക്ക് എന്റെ പിതാവേ, എന്റെ നാട് ഉണരേണമേ."

ഗാന്ധിജിയുടെ സ്വരാജ്, അന്ത്യോദയ, താലിസ്മാൻ ഒക്കെ ഓർമ്മിപ്പിച്ച് ഞാൻ കടന്നുപോകട്ടെ. ശ്രീബുദ്ധനെ, കബീറിനെ, ഗുരുനാനാക്കിനെ, അശോകനെ, അക്ബറിനെ, ഒക്കെ അനുസ്മരിച്ചു നിൽക്കട്ടെ. ബാബാ സാഹേബിനെ, ജവഹർലാൽ നെഹ്റുവിനെ ഒക്കെ ഓർമ്മിച്ചുകൊണ്ട് ഒരു ഉദ്ധരണി മാത്രം.

"Group that cannot advance and make good it's own way, given a chance to do so. It means a realization of the fact that the backwardness or degradation of any group is not due to inherent failings in it, but principally to lack of opportunities and long suppression by other groups."

### പിന്നെയും 22 ജനുവരി 1947-ൽ

"The first task of this constituent Assembly is to free India through a new constitution, to feed the starving India and to cloth the naked masses, and to give every Indian the fullest opportunity to develop himself according to his capacity."

അവിടെയൊക്കെ തുടങ്ങി ബാബാ സാഹിബിന്റെ ഭരണഘടനയും നെഹ്റുവിനു ശേഷമുള്ള കോൺഗ്രസ്സ് കൊണ്ടു നടന്ന ഇന്ത്യയും, വി.പി സിംഗിന്റെ ഇന്ത്യയും ജയപ്രകാശ് നാരായണന്റെ ഇന്ത്യയും കാലാന്തരത്തിൽ ബിജെപി യുടെ ഇന്ത്യയും ഇന്നിപ്പോൾ നരേന്ദ്രമോദിയും മേക്ക് ഇൻ ഇൻഡ്യയും ഉണ്ട്.

ബാക്കിയുള്ളതൊക്കെ വിടുക. ഇന്നിപ്പോൾ അതുകൾക്ക് ഒന്നും അംഗീകാരമോ ഇത്തിരിയെങ്കിലും പ്രസക്തിയോ കൽപിക്കാതെ ഭരണംകൊണ്ട് ആന നീരാട്ടു നടത്തുന്ന ഒരു ഭരണകൂടത്തിന്റെ കയ്യാങ്കളികൾ അനുഭവിച്ചിരിക്കുന്ന ഈ കാലഘട്ടത്തിൽ നരേന്ദ്രമോദിയുടെ Make in India മാത്രം മുൻനിർത്തി സംസാരിച്ചാൽ മതിയെന്നാണ് ഞാൻ കരുതുക. അതും കൂടുതൽ വിശദീ കരിക്കേണ്ട കാര്യമില്ല. മൂന്ന് ചിത്രങ്ങൾ എറിഞ്ഞിടുക മാത്രം. ഭരണഘടനയുടെ ആമുഖം തിരുത്തുവാൻ പാർലമെന്റിൽ അവതരിപ്പിച്ചിരിയ്ക്കുന്ന പ്രമേയമല്ല ഞാനുദ്ദേശിക്കുക. ഒന്ന് കൃത്യം ഒരു വർഷം ഇന്ദ്രപ്രസ്ഥം ആഘോഷിച്ച ഇന്ത്യയിലെ കർഷക സമരം. രണ്ട് മുംബൈയിലെ ഹോളി ഫാമിലി ആസ്പത്രിയിൽ കഴുവേറ്റിയ സ്റ്റാൻ ലൂർദ്ദുസാമിയുടെ ചിത്രം. മൂന്ന് ഇക്കഴിഞ്ഞ ദിവസം ഇന്ത്യൻ സേന വെടിയുതിർത്ത് നാഗാലാൻഡിലെ 12 പൗരന്മാരെ കൊലപ്പെടുത്തിയ സംഭവം. ഇതുകൾ പറയുന്ന കഥകൾ വിശദീകരിക്കേണ്ട കാര്യമില്ലല്ലോ. 2021 ലെ ഇന്ത്യയെ വിശദീകരിക്കുവാൻ ഈ രംഗങ്ങൾ ധാരാളം മതിയാവും. അതുകളെ സംഘടിപ്പിച്ചു പറയാവുന്ന 2 പ്രയോഗങ്ങൾ ഞാൻ എടുക്കുക 2 ഗ്രന്ഥങ്ങളുടെ തലക്കെട്ടുകളിൽ നിന്നാണ്. ജനകീയ സംഘങ്ങളുടെ പ്രസക്തി പറഞ്ഞുവയ്ക്കുന്ന രണ്ടുതലക്കെട്ടുകൾ. അതിലപ്പുറം അപഗ്രഥനവും സമർത്ഥനവും ഒന്നും എന്റെ കൊക്കുകളിൽ ഒതുങ്ങില്ല. ഞാനൊരു സാധാരണ പട്ടക്കാരനും യൂണിയൻ പ്രവർത്തകനും മാത്രമാണ് എന്നു മറക്കേണ്ട. ആദ്യ ടൈറ്റിൽ. സ്റ്റാൻലൂർദുസാമിയുടെ കുറിപ്പുകൾ ചേർത്തു ഏതാനും വർഷങ്ങൾക്കു മുൻപു പ്രസിദ്ധീകരിച്ച "I Am Not a Silent Spectator" എന്ന ചെറുഗ്രന്ഥം. സ്റ്റാൻ അതിൽ ഉദിപ്പിയ്ക്കുന്ന ചെറുചോദ്യം ഇതാണ്.

Why Truth has Become so Bitter, Dissentment so Intolerable, Justice so out of Reach

ഇതുതന്നെയാണ് പ്രശ്നം. Make In India യുടെ ശൈലികളിൽ ആദ്യം മായിക്കപ്പെട്ടത് "സത്യമേവ ജയതേ" ആണല്ലോ. ഗാന്ധിജിയുടെ സത്യാന്വേഷണപരിക്ഷണങ്ങളുടെ ഇന്ത്യ ഇന്ന് കള്ളങ്ങളുടെ, പൊളിച്ചെഴുത്തുകളുടെ ശ്രീ കോവിൽ ചമയ്ക്കുന്ന തിടുക്കത്തിലാണ്. സത്യത്തെ വളച്ചൊടിച്ച് ചരിത്രവും സ്മാരകങ്ങളും നിയമവും കോടതിയും ഭരണസംവിധാനങ്ങളൊക്കെയും വക്രീകരിയ്ക്കുന്ന വ്യഗ്രതയിലാണ് ദില്ലി ഭരണകൂടം.

ജനായത്തത്തെ ഉപ്പുഭരണിയിലാക്കുന്ന പ്രക്രിയ അല്ലെന്നുണ്ടോ. എതിർപ്പുകളെ പ്രതിഷേധത്തെ, പത്രമാദ്ധ്യമങ്ങളെ, കോടതിയെ, മിലിട്ടറിയെപ്പോലും (സ്വാത ന്ത്ര്യങ്ങളും) ഇല്ലാതാക്കൽ. ഇതുകൾക്കിടയിൽ നീതി എവിടെ സാദ്ധ്യമാകാൻ. നീതിയുടെ നിർവചനം തന്നെ അപരന് അർഹമായതു കൊടുക്കൽ എന്നാന്നെ ന്നുള്ളിടത്ത് ഇന്ത്യയിൽ ഇന്ന് അർഹത അദാനി-അംബാനിമാർക്ക് മാത്രമാ ണെന്നത് നഗ്നയാഥാർത്ഥ്യം ആണല്ലോ. അവിടെത്തന്നെ Make in India. എല്ലാം Adani-Ambani-Modi make (അദാനി അംബാനി മോദി മേക്ക്).

ഈ ദുഷ്ടതകൾക്കു മുൻപിൽ നമ്മുടെ ഒരു മുൻ സഹകാരി ബിഷപ്പ് പൗലോസ് മാർ പൗലൗസ് പറഞ്ഞ പ്രയോഗമുല്ലോ – "മിണ്ടാതിരിയ്ക്കാൻ എനിയ്ക്കെന്തവകാശം." അതു തന്നെയാണ് Stan Swami പറഞ്ഞത് I am not a Silent Spectator. വിമോ ചനധാര നമ്മളിൽ ചിലർ കണ്ടെത്തുന്ന ബൈബിളിന്റെ തുടക്കങ്ങളിൽ ഒരു പ്രയോഗമുണ്ടല്ലോ. I have heard the cries of miserable. Activist ന്റെ ആദ്യമുഖം അതാണ്. Taking Side With the Oppressed. Option for the Poor എന്നൊക്കെ നിർവചിയ്ക്കപ്പെട്ടത്. തല പോയാലും പോട്ട്. ഭേഷ്. ഈൻക്വിലാബ് സിന്ദാബാദ് എന്ന ഉദീരണങ്ങൾ സ്റ്റാനിൽ അതു സംഭവിച്ചു. നമ്മളിലതു സംഭവിയ്ക്കുന്നില്ല. ജീവൻ എറിഞ്ഞു കൊടുത്തു നിൽക്കുന്ന ഒരു പ്രയോഗമാണ്

നല്ല ജനകീയ പ്രസ്ഥാനക്കാരന്റേത് My life for my friends എന്ന ബൊളീവിയൻ ഒളിപ്പോരാളി വിപ്ലവകാരി നെസ്റ്റർ പാസിന്റെ ജീവിത ശൈലി. ചാവേറുകളുടെ പ്രയോഗമല്ല. ആത്മദാനക്കാരന്റെ പ്രയോഗം. നമ്മുടെ ഓരോരുത്തരുടെയും മുൻപിൽ ഉള്ള ഗൗരവമായ ചോദ്യം അതാണ് അതൊന്നുമാത്രം ആണ്. മുൻതലമുറക്കാർ ഒത്തിരപ്പേരെ ഓർക്കാനുണ്ട്. Fr. Thomas Kochery, Sr. Philimena Mary, Dr. MM Thomas, Rev. MJ Joseph മിക്ക പേരുടെയും അനുഭവങ്ങൾ ഒരുപിടിയാണല്ലോ.

അമേരിക്ക പോലൊരു രാജ്യത്ത് ഒരൊറ്റ കറുത്ത മനുഷ്യന്റെ "I Can't Breath" "എനിയ്ക്ക് ശ്വാസം മുട്ടുന്നു" എന്ന രോദനത്തിന്റെ പേരിൽ മോദിയുടെ സ്നേഹിതൻ ട്രംമ്പിന്റെ സ്ഥാനം തെറിച്ചത് നമ്മൾ കണ്ടതാണ്. അങ്ങനെയൊന്നു നമ്മുടെയിടയിൽ ഉണ്ടാകില്ല എന്നു പറയുമ്പോഴും കഠിനപീഢനത്തിലും നട്ടെല്ലു വളയ്ക്കാതെ പൊരുതിനിന്ന കർഷകജനത ജനകീയ പ്രസ്ഥാനത്തിന്റെ നേർദർശനം ആണ്. അതിന്റെ ചെറിയൊരു പതിപ്പ് കേരളത്തിന്റെ കടൽത്തീരത്തു അരങ്ങേറിയിടത്ത് കൂടി നിന്ന ഒരുപ്രവർത്തകൻ എന്ന അഭിമാനത്തോടെ പറയട്ടെ. 1970 മുതൽ 2021 വരെ പെരുകി നിൽക്കുന്ന മത്സ്യത്തൊഴിലാളി സംഘത്തിന്റെ ഓരോ കാലങ്ങളിലെ പ്രമേയങ്ങൾ ഓർത്തെടുക്കൂ.

1) ജൂൺ ജൂലൈ ആഗസ്റ്റുകാലം...മീൻ പെരുകുന്നോരു കാലം.
2) മത്സ്യസമ്പത്ത് സംരക്ഷിയ്ക്കൂ... മത്സ്യത്തൊഴിലാളികളെ രക്ഷിയ്ക്കൂ.
3) ജലം സംരക്ഷിയ്ക്കൂ ജീവൻ രക്ഷിയ്ക്കൂ.
4) തീരം പട്ടിണിയാവുന്നു...

എന്നുതുടങ്ങി ഒരു പിടി മുദ്രാവാക്യങ്ങളെ പിടിച്ചുനിർത്തിയ KSMTF എന്ന ചെറിയ സംഘത്തിന്റെ പ്രയത്നമുഖങ്ങളിൽ തുടങ്ങി ഓരോ കൂട്ടങ്ങളുടെയും കഥകൾ പറഞ്ഞുതുടങ്ങിയാൽ ഇക്കഴിഞ്ഞ കാലയളവ് The wheel of Fundamental Human Needs എന്ന് സാമൂഹ്യശാസ്ത്രം നിർവചിയ്ക്കുന്ന അംശങ്ങളെ നിർവ്വചിയ്ക്കുകയായിരുന്നു. വെട്ടിപ്പിടിച്ച നേട്ടങ്ങളുടെ കണക്കല്ല. ഈ ചെറുസംഘങ്ങൾ ഉയർത്തിയ അവബോധസൃഷ്ടിയും അതിൽ നിന്നുറവുപൊട്ടിയ പരിസ്ഥിതി സാക്ഷരതയും അടിസ്ഥാനവർഗ്ഗമുന്നേറ്റവും നമ്മൾ നോക്കിക്കാണണം.

എത്രയെങ്കിലും ചലനങ്ങൾ, പ്രതിഷേധങ്ങൾ, സമരമുഖങ്ങൾ, എണ്ണിയാൽ തീരാത്ത നൊമ്പരങ്ങൾ, തീനാവുകൾ ആവുന്ന ദൃശ്യങ്ങൾ, രോദനങ്ങൾ ആക്രോശങ്ങൾ. എന്നിട്ടും ഇവിടെ ആരും പ്രത്യുത്തരിയ്ക്കുന്നില്ല. കാട്ടുതീ പടർന്നു പിടിയ്ക്കുന്നില്ല. റോം വെന്തു നീറുമ്പോൾ നീറോ വീണ വായിയ്ക്കുന്ന ഒരു നീറോ അല്ല നൂറുകണക്കിന് നീറോമാർ. നരേന്ദ്രമോദിയുടെ Make India യുടെ ക്രൂരാനുഭവങ്ങൾ നോട്ടുപരിഷ്ക്കരണത്തിന്റെ നാളുകളിലും കോവിഡ് നിയന്ത്രണകാലയളവിലും കർഷക സമരത്തെ നേരിട്ട വഴികളിലും നമ്മൾ തിരിച്ചറിഞ്ഞതാണ്. ബാബറി മസ്ജിതിന്റെ തല്ലിപ്പൊളിക്കലിലും ശ്രീ രാമക്ഷേത്രത്തിന്റെ നിർമ്മിതിയിലും നമ്മൾ അനുഭവിച്ചറിഞ്ഞതാണ്.

Make in India യുടെ തനിനിറം പറഞ്ഞുവയ്ക്കുക. അസമത്വം, വിവേചനം, നിരുത്തരവാദം, കരുതലില്ലായ്മ എന്നൊക്കെ നിർവചിയ്ക്കാവുന്ന പ്രകൃതങ്ങളാണ്. ഭരണകൂടം അതിന്റെ എല്ലാ ആസുരതയോടെയും സാമാന്യജനങ്ങളെ ആക്രമിയ്ക്കുന്ന അനുഭവം. പ്രതികരണങ്ങളും പ്രതിഷേധങ്ങളും ക്ലച്ചുപിടിയ്ക്കാതെ പോവുന്നു. എന്തേയിങ്ങനെ?

ആ ചോദ്യത്തിനുത്തരം Harsh Mandar ന്റെ 2015 ൽ പ്രസിദ്ധീകരിച്ച Looking Away എന്ന ഗ്രന്ഥത്തിന്റെ Title പറയുന്നുണ്ട്. Looking Away പുറം തിരിഞ്ഞിരിയ്ക്കുന്നവർ നമ്മൾ. അവിടെയാണ് നമ്മിലേറെപ്പേരും പുറം തിരിഞ്ഞു നിൽക്കുന്നു. മാറിപ്പോകുന്നു. ആം ആദ്മിയുടെ കേജരിവാൾ പറഞ്ഞുവച്ച ഒരു പ്രയോഗം പ്രസക്തമാണ്. "മന്ത്രിമാരും നേതാക്കന്മാരും ആണ് ഇന്നു പ്രശ്നം. അവർ തേടുന്നത് അവരവരുടെ സുരക്ഷിതത്വം. അവർ ജീവിയ്ക്കുന്നത് അവരവർക്കുവേണ്ടി."

സത്യസന്ധതയും ഉദ്ദേശശുദ്ധിയും ഇല്ലാതെ പോകുന്ന നേതൃത്വങ്ങൾ. നമ്മളെല്ലാം കോർപ്പറേറ്റുകൾ ആയി. രാഷ്ട്രീയം, മതങ്ങൾ NGO കൾ എല്ലാം തുടക്കങ്ങളിൽ ദാനശ്രേണിയിലും ഭാവത്തിലും ആയിരുന്നു. ഇന്ന് അങ്ങനെയൊരു ഭാവം എവിടെയെങ്കിലും അവശേഷിക്കുന്നുണ്ടോ? നീതിബോധത്തിന്റെ കാഴ്ചപ്പാടുകളും തുടികൊട്ടിപ്പാട്ടും ഇന്ന് പറണത്തു വച്ചിട്ടാണ് നമ്മൾ ഇറങ്ങുക. ദാനഭാവത്തിന്റെ അന്തർധാര ഹൃദയാലുത്വമാണ്. ആത്മദാനമാണ്. ഞാൻ അപരന്റെ കാവൽക്കാരനാണ് എന്ന ഭാവമാണ്. എന്റെ കയ്യിലേക്ക് വരുന്നതുകൾ അപരനിലേക്ക് ഒഴുകിമാറ്റുന്നതാണ്.

നമ്മളൊക്കെ പ്രവർത്തിച്ചു തുടങ്ങിയ കാലങ്ങളിലേക്ക് നോക്കൂ. നമ്മുടെ പ്രസ്ഥാനങ്ങൾ തുടങ്ങിവച്ച സുകൃതികളുടെ ആദ്യതലമുറകളിലേയ്ക്കു നോക്കൂ. അവരുടെ പ്രകൃതങ്ങളിലേക്ക് നോക്കൂ. സ്വയം അഴിഞ്ഞ്, സ്വയം ഉരിഞ്ഞ്, സ്വയം ശൂന്യമായി നിലകൊള്ളുന്നവർ ഇല്ലാതായി. പ്രശ്നം ഇവിടെയാണ്. നമ്മുടെ കൺമുൻപിൽ സംഭവിയ്ക്കുന്നതുകൾ നമ്മൾ കാണാതെ കാണുന്നതുകൾ നമുക്ക് അനുഭവപ്പെടാതെ നമ്മെ അതുകൾ തൊടാതെ അവസാനമവസാനം നമ്മൾ പ്രതികരിയ്ക്കാതെയും. കൽ ബിംബങ്ങളായി നമ്മൾ മാറി. കാണാത്ത കേൾക്കാത്ത കളിമൺ പ്രതിമകൾ. എനിയ്ക്കു നോവുന്നു. എനിയ്ക്കു ശ്വാസം മുട്ടുന്നു എന്നു പറഞ്ഞു വയ്കാൻ ഒരൊറ്റ ആൾ ഉണ്ടെങ്കിൽ ഒരു കൊടുങ്കാറ്റ് ആവാൻ അതുമതി.

Looking Away എന്ന ഭാവം മാറ്റി Looking into Seeing into എന്ന ഒരു അനുഭവത്തിലേക്ക് വരുമെങ്കിൽ!



# 1.14 ജലം, ജീവൻ, പിന്നെ കുറേ മനുഷ്യരും

മേഘങ്ങൾ ഉരുണ്ടുകൂടുമ്പോൾ അതൊരനുഭവമാണ്. ആകാശത്ത് ഇടിമിന്നലുണ്ടാകുമ്പോൾ അതും മേഘങ്ങൾ കൂട്ടിമുട്ടി ഇടിനാദം ഉണരുമ്പോഴും അതേ അനുഭവംതന്നെ. പിന്നെമഴച്ചാറ്റലുകളുംപെരുമഴകളുമാണ്. തെളിനീരുവീണു പുളകോദ്ഗമകാരിയാകുന്ന ഭൂമി. അവൾ പ്രഹർഷം നിറഞ്ഞു പുളഞ്ഞു തുള്ളുന്നു. ആ പുളപ്പ് നീരൊഴുക്കുകളാകുന്നു. തെളിനീർ കുഞ്ഞലകളിലൂടെ തെന്നിയൊഴുകുന്നു. സീൽക്കാരനിശ്വാസങ്ങളോടെ നിറഞ്ഞൊഴുകുന്ന നദിയുടെ കുഞ്ഞലകൾ. പാറകളിൽ തട്ടിപൊട്ടിച്ചിരിച്ചും ഗർത്തങ്ങളിലേക്കെടുത്തുചാടി ആർത്തട്ടഹസിച്ചും സുമംഗലിയായി സുഖരൂപിണിയായി അവൾ പാഞ്ഞു വരുമ്പോൾ അതൊരു നിർവൃതിയാണ്. നിറവാർന്ന് പ്രശാന്തചിത്തയായി സമതലങ്ങളിലൂടെ അവൾ ഒഴുകി മാറുന്നിടത്ത് ഏറെനേരം ഞാൻ ഓരംചേർന്ന് അവളെ നോക്കിയിരുന്നിട്ടുണ്ട്. അവളുടെ മടിത്തട്ടിൽ കളിച്ചും രസിച്ചും ഞാൻ ചെലവിട്ട മണിക്കൂറുകൾ ഏറെയാണ്. അവളുടെ, ചേല മാറിയണിഞ്ഞ നിരവധി മുഖങ്ങൾ ഞാൻ കണ്ടാസ്വദിച്ചിട്ടുണ്ട്.

പിറന്നനാളുകളിൽ അവൾ പമ്പയായിരുന്നു. വളർന്ന നേരങ്ങളിൽ അവൾ അച്ചൻ കോവിലായിരുന്നു. മണിമലയും പേരാറും പെരിയാറും ഒക്കെ ഞാൻ അടുത്തു പഴകിയ നാമങ്ങൾതന്നെ. ഭാരതപ്പുഴയും, ചാലിയാറും പരിചയിച്ചിട്ടുണ്ട്. അവകളിലൂടെയൊക്കെയും ഒഴുകി നടക്കുന്ന മത്സ്യങ്ങളെ തിരിച്ചറിഞ്ഞിട്ടുണ്ട്. വാളയും, കൊഞ്ചും, കരിമീനും, പരലും, ഏട്ടക്കൂരിയും ഒക്കെ അതിൽപ്പെടുന്നു. ജലപ്പരപ്പിലൂടെ തോണിയിൽ തെന്നി നടക്കുന്ന മനുഷ്യരേയും ശ്രദ്ധിച്ചിട്ടുണ്ട്. നയമ്പുതെന്നിച്ചും ഊളിയിട്ടിറങ്ങിയും ജീവിക്കുന്ന മനുഷ്യർ. അവരുടെ ജീവിതത്തിന്റെ താരള്യങ്ങൾ എന്നെ ആകർഷിച്ചിട്ടുണ്ട്. മത്സ്യക്കൂട്ടങ്ങളുടെ പുളപ്പുപോലെതന്നെ പുളച്ചും മദിച്ചും അവർ വളർന്നിരുന്നു. താളമിട്ട്, ശ്രുതിയിട്ട്.

ഗ്രാമങ്ങൾ എന്നും സചേതനമായിരുന്നു. സജീവതകൾ സ്ഫുരിച്ചുനിന്ന പശ്ചാത്തലങ്ങൾ. പ്രകൃതി അത്യന്തം മനോഹാരിണിയായിരുന്നു. ജീവിതം ഹൃദ്യതകൾ നിറഞ്ഞതായിരുന്നു. പ്രകൃതങ്ങൾ ലളിതങ്ങളും മധുരങ്ങളും. ഇതുകളൊക്കെ എന്റേതുമായിരുന്നു. ഒരു ഘട്ടം വരെയും ഈ ജീവിതത്തിന്റെ താളമേളങ്ങൾ വളരെ കുറച്ചേ ഞാൻ അറിഞ്ഞിരന്നുള്ളൂ. ഞങ്ങളുടെ വീട് ആറ്റുതീരത്തായിരുന്നിട്ടും പറമ്പിന്റെ പടിഞ്ഞാറെ കോണിൽ ഒരു ചെറുകുളവും ഉണ്ടായിരുന്നു. ഞങ്ങളുടെ ഗ്രാമത്തിൽ അങ്ങിങ്ങുമാറി അമ്പലക്കുളങ്ങളടക്കം കുളങ്ങളും ചാലുകളും തോടുകളും ഉണ്ടായിരുന്നു. ഇവിടെയൊക്കെയും എന്റെ പരിചയങ്ങൾ വിരളമായിരുന്നെങ്കിലും, ഞാനതറിഞ്ഞിരുന്നു. അങ്ങനെ തന്നെ മനുഷ്യരെയും, ഞങ്ങളുടെ ഗ്രാമത്തിലെ മനുഷ്യരെ വീടുകളിൽ ഞാൻ തിരിച്ചറിഞ്ഞിരുന്നു. തൊഴിലുകളിലും തൊഴിൽമുഖങ്ങളിലും ഒട്ടും തന്നെ ഞാൻ അടുത്തറിഞ്ഞിരുന്നില്ല. മത്സ്യബന്ധനമേഖലയുടെ പാരമ്പര്യം ഞങ്ങളുടെ കുടുംബത്തിൽ അന്യം നിന്നുപോയിരുന്നു. അതു കഴിഞ്ഞാൽ ഞാനൊരു മത്സ്യപ്രിയൻ അല്ലാതെയുമായിരുന്നു. അപ്പോഴും തോടുള്ള (Shellfish) കൊഞ്ചും ഞണ്ടും എനിയ്ക്കിഷ്ടമായിരുന്നു. കടൽ മീനിൽ മുള്ളില്ലാത്ത സ്രാവും, അതിനപ്പുറം വലിയ മത്സ്യങ്ങളും ഞങ്ങളുടെ വീട്ടിൽ കിട്ടിയിരുന്നില്ല എന്നതാവണം വസ്തുത. അങ്ങനെയുള്ള വലിയ സാമ്പത്തികവും ഞങ്ങൾക്കുണ്ടായിരുന്നുമില്ല എന്നതും മറ്റൊരു കാര്യമാകാം. എങ്കിലും മത്സ്യത്തിന്റെ സലഭ്യത ഉണ്ടായിരുന്നു എന്നുതന്നെ വേണം

പറയുവാൻ. മത്സ്യം വാങ്ങുമായിരുന്നു എന്റെ അപ്പന് ഭക്ഷണത്തിന് മത്സ്യം വേണമായിരുന്നു. ചില കാലങ്ങളിൽ, കൂടുകെട്ടിയും ചപ്പിട്ടും വലിയ പടങ്ങിട്ടും മത്സ്യം പിടിക്കുമായിരുന്നു. പല തരം മത്സ്യങ്ങൾ ആ വഴിക്കു കിട്ടിയിട്ടുണ്ട്. പപ്പായ്ക്ക് അങ്ങനെയുള്ള പ്രകൃതങ്ങൾ ഉണ്ടായിരുന്നു.

പെട്ടെന്ന് ഞാനോർത്തു പോകുന്നു. പകൽനേരങ്ങളിൽ ഞങ്ങളിറങ്ങിനിന്ന് കൃഷി ചെയ്യുമായിരുന്നു.കപ്പയും കാച്ചിലും ഒക്കെ കൃഷി ചെയ്തിരുന്നു. കമ്പുകൾ നാട്ടി കൊടി പടർത്തിയിരുന്നു. വൈകുന്നേരങ്ങളിലിറങ്ങി പച്ചക്കറി കൃഷിക്കു നനച്ചിരുന്നു. അദ്ധ്യാപനത്തിന്റെ നേരങ്ങൾ അങ്ങനെ നീങ്ങിയിരുന്നു. വൈകുന്നേരങ്ങളിൽ ചപ്പോ കൂടോ ഒക്കെ പൊക്കിപ്പിടിച്ചുകൊണ്ടു വരുന്ന, അതല്ലെങ്കിൽ വെള്ളം കയറിയിറങ്ങിയിരുന്ന നേരങ്ങളിൽ പൊങ്ങു ചൂണ്ടകളോ ഏറു ചൂണ്ടകളോ ഇട്ട് പിടച്ചിരുന്ന മീനുകൾ ഞങ്ങളുടെ കറിയാവശ്യങ്ങൾക്കു മതിയാകുമായിരുന്നു.

മറ്റൊരു സന്ദർഭമാണ് ഞങ്ങളുടെ അയൽക്കാരന്റെ വീട്ടിൽനിന്നു നിത്യവും ഉയരുന്ന പ്രത്യയശാസ്ത്ര ചർച്ചകൾ. അവരിൽ പലരും മണ്ണോടു ചേർന്നെങ്കിലും, ഇടതുപക്ഷപ്രസ്ഥാനം ഇന്ന് ഇന്ത്യൻ രാഷ്ട്രീയത്തിൽ ദിശ നിർണ്ണയിയ്ക്കുന്ന ശക്തിയായി വളർന്നുകൊണ്ടിരിക്കുകയാണ്. ലോകരാഷ്ട്രീയത്തിലും പ്രസക്തി നഷ്ടപ്പെട്ടു എന്നു തോന്നിപ്പിക്കുന്ന ഇന്നത്തെ അവസ്ഥയെ മുറിച്ചുകടന്ന് പഴയ പ്രതാപത്തിലേക്ക് തിരിച്ചെത്തുവാൻ കമ്മ്യൂണിസ്റ്റുപ്രസ്ഥാനത്തിനു കഴിയും എന്നതിൽ തെല്ലും ആശങ്കയ്ക്ക് ഇടമില്ല. മുൻ സോഷ്യലിസ്റ്റുനാടുകൾ എന്ന ലിസ്റ്റിൽ വരുന്ന രാജ്യങ്ങളിൽ ജനങ്ങളിൽ പുതിയ തിരിച്ചറിവിന്റെ പാഠങ്ങൾ പഠിപ്പിച്ച് ചെറുത്തുനിൽപിന്റെ ഉഷ്ണഭൂമിയിലേക്കു പ്രവേശിച്ചു കഴിഞ്ഞിരുന്നു. ബൂർഷ്വാ മാദ്ധ്യമങ്ങളുടെ തമസ്ക്കരണം കൊണ്ടൊന്നും ഈ മുന്നേറ്റത്തെ തടയാനാവില്ല. കാരണം ആ അവബോധം ഏതു തലമുറയുടേയും ചൈതന്യമാണ്. ചൈതന്യവത്തായ ഒരു തലമുറയ്ക്കും അനീതിയേയും കാപട്യത്തേയും ആശ്ലേഷിക്കാനാവില്ല തന്നെ. നീതിക്കുവേണ്ടിയുള്ള പോരാട്ടം വെളിച്ചത്തിലേക്ക് കുതിക്കുന്ന മനുഷ്യന് അവഗണിക്കാനാവില്ല. അതു തുടർന്നേ മതിയാവൂ. കമ്യൂണിസം മാനവരാശിയുടെ സ്വപ്നമാണ്. അതു സാക്ഷാത്കരിക്കപ്പെടുക തന്നെ ചെയ്യും. ചരിത്രത്തിൽ നിന്നും ആവേശം ഉൾക്കൊണ്ടുകൊണ്ട് സ്വയം സന്നദ്ധരാകുക. അതത്രേ മനുഷ്യമോചനത്തെ കാംക്ഷിക്കുന്ന ഓരോ പോരാളിയുടേയും കടമ.

വീശുവലയും അതിൽ കിട്ടിവരുന്ന മത്സ്യങ്ങളും, അതുപോലെതന്നെയാണ് അവധിക്കാലങ്ങളിൽ അമ്മച്ചിയുടെ വീട്ടിൽ എത്തിയിരുന്നപ്പോൾ വല്യപ്പാപ്പൻ പിടിച്ചിട്ടുകൊണ്ടുവന്നിരുന്ന മീനുകൾ. അപ്പാപ്പനു വീശുവലയും തെറ്റാലിയും ഉണ്ടായിരുന്നു. അപ്പാപ്പൻ പകൽ സമയങ്ങളിൽ ആശാൻ ആയിരുന്നു. പള്ളിവക കുടിപ്പള്ളിക്കൂടത്തിൽ പഠിപ്പിച്ചിരുന്നു. അപ്പാപ്പന് ഒരു കൊച്ചുവള്ളവും അക്കരെ ഒരു കടയും ഉണ്ടായിരുന്നു. ഒന്നൊരു ചായപ്പീടികയും മറ്റൊന്ന് ഒരു പലചരക്കുകടയും. ചമ്പക്കുളത്തുള്ള വീട്ടിൽ ചെല്ലുമ്പോൾ ആ കൊച്ചു തോണിയിൽ നൂറായ്ക്കക്കു പോകലും അവിടെയുള്ള പിരചയങ്ങളും വളരെ നല്ല ഓർമ്മകളാണ്. അപ്പാപ്പൻ വല വീശികൊണ്ടുവരുന്ന പള്ളത്തിയും പരലും അടക്കമുള്ള മീനുകളും തെറ്റിപ്പിടിച്ചുകൊണ്ടുവരുന്ന കരിമീനുകളും എല്ലാം മീനുകളുടെ ലോകത്തെ രുചിഭേദങ്ങളും സമൃദ്ധിയും ഇന്നും എന്നെ ഓർമ്മിപ്പിക്കുന്നു. അപ്പോഴും ഞാൻ പറയട്ടെ, മത്സ്യത്തൊഴിലാളികൾ

എന്ന വിഭാഗത്തിന്റെ ജീവിതമോ ശൈലികളോ എനിക്കു പാടെ അപരിചിതമായിരുന്നു. ഏറ്റവും അടുത്ത ബന്ധുക്കൾ മത്സ്യത്തൊഴിലാളികൾ ആയിട്ടുണ്ടായിരുന്നിടത്ത് ഞങ്ങൾക്ക് അധികം സമ്പർക്കം ഉണ്ടായിരുന്നില്ല.

കുട്ടിക്കാലത്തെ എന്റെ സന്ദർശനവഴികൾ ഞാൻ ഓർക്കുന്നുണ്ട്. ആപ്പീസിൽ പോകുമായിരുന്നു. ഷെഡ്ഡിൽ എന്നു മറ്റൊരുപേര്. പപ്പായുടെ അനിയന്റെ വീട്, ആപ്പീസും ഷെഡ്ഡും അവരുടെ ജീവിത സാഹചര്യവും ആയി ബന്ധിപ്പിച്ചിട്ടായിരുന്നിരിക്കണം. വലിയ കൃത്യതയോടെ ഞാൻ അതുകൾ ഓർമ്മിക്കുന്നില്ല. പക്ഷേ അവർക്ക് ഒരു നെയ്ത്തുകേന്ദ്രം ഉണ്ടായിരുന്നു. നെയ്തുതറിയും അതിന്റെ ചുറ്റുവട്ടങ്ങളും ആയിരുന്നു ആദ്യ ഓർമ്മകൾ, വളരെ പെട്ടെന്നുതന്നെ അവർ ചരലുകച്ചവടവും കാപ്പിക്കടയും ആക്കി. ചരലിലുള്ള കളിയും കാപ്പിക്കടയിലെ പലഹാരസാധനവും ഞാൻ ഓർക്കുന്നു. പിന്നെയവിടെ ഒരു തർക്കഭൂമിയായി കുറ്റു കടവിലെ വൈദ്യനുമായി തർക്കവും കേസും കോടതിയും ഒക്കെ ആയി. ഒരു ഘട്ടം കഴിഞ്ഞപ്പോൾ കുട്ടിച്ചായനും കുടുംബവും ഇപ്പോഴത്തെ സ്ഥലത്തേക്കുമാറി. വീണ്ടും ഒരു ഘട്ടം വരെ ആ പ്രക്രിയകളുമായി നീങ്ങി. അവിടം കഴിഞ്ഞപ്പോൾ മക്കളുടെ ഊഴം ആയി. അവർ ഇതരവഴികളിലേക്കു തിരിഞ്ഞു.

കുട്ടിച്ചായനുമൊക്കെ താമസിച്ചിരുന്ന സ്ഥലത്തിന്റെ ഉടമകളോ കൈവശാവകാശക്കാരോ, കൊച്ചുമണ്ണാത്രക്കാരായിരുന്നു. അവരൊക്കെ പുരയ്ക്കകത്തു വല ഉണക്കുന്നതും ചരൽക്കൂനയുടെ അടുത്തിരുന്നു വല കേടുപോക്കുന്നതും ഒക്കെ കണ്ടിട്ടുങ്കിലും അടുത്തിടപഴക്കം ഉണ്ടായില്ല എന്നുതന്നെ വേണം പറയാൻ. മാമൻ വളരെ സൗമ്യനായിരുന്നെന്നാണ് ഓർമ്മ. മക്കൾ, അവരൊക്കെ വളരെ മുരട്ടു സ്വഭാവക്കാരായിട്ടാണ് മനസ്സിൽ നിൽക്കുന്നത്. ഇളയവർ രണ്ടുപേർ മാത്രം വലത്തൊഴിലിൽ ഏർപ്പെടാതുണ്ടായിരുന്നവരിൽ ഏറ്റം ഇളയ ഉപ്പാപ്പാനെ സ്കൂളിന്റെ പശ്ചാത്തലത്തിലും ബാലജനസഖ്യം, ലിജിയൻ ഓഫ് മേരിയുടെ പശ്ചാത്തലങ്ങളിലും ഇടപെട്ടിരുന്നു. കൗമാരപ്രായം മുഴുവനായിപ്പോലും ഞാൻ എന്റെ ഗ്രാമത്തിൽ തങ്ങിയിരുന്നില്ല. എന്നിടത്ത് അനുഭവങ്ങളുടെ വൈപുല്യം പറയുന്നതിൽ അർത്ഥമില്ലല്ലോ?

ആ കാലങ്ങളിൽ പിന്നെ ഞാൻ ഓടിപ്പോവുക ചിറയിലേക്കാണ്. അമ്മായിയുടെ വീട്ടിലേക്ക്. അവരും കെട്ടിച്ചുവിട്ട വീട്ടിൽ നിന്നും മാറിത്താമസിച്ചിരുന്നത് മറ്റാരുടെയോ വസ്തുവിലായിരുന്നു. പാടത്തിന്നരികെയുള്ള ഒരു പൊങ്ങിയ സ്ഥലമാണ് ചിറ. അവിടെ അമ്മായിയുടെ പെൺമക്കൾ ചേച്ചിമാരായുള്ളവരുടെ കൂട്ടുതേടി അവിടെ പോകുമായിരുന്നു.അമ്മായിയുടെ ഭർത്താവു കേവുവള്ളത്തിൽ പോകുന്ന ആളായിരുന്നു. അമ്മായി പ്രത്യേകകാലങ്ങളിൽ കൊയ്ത്തുപാടങ്ങളിൽ കച്ചവടവും നടത്തിയിരുന്നു. കച്ചവടത്തിന്റെ ഓഹരിയായി ധാരാളം നെല്ല് കൊണ്ടുവരുന്ന ഓർമ്മയും, കച്ചവടത്തിനുവേണ്ടി ചുട്ടടുക്കുന്ന അപ്പത്തിന്റെ ഓഹരിയുമാണ് അവിടെയുള്ള പ്രത്യേക സ്മരണകൾ. അതിലേറെ ആ വീട്ടിലും പറമ്പിലും ഉള്ള ഓടിക്കളികളും വീടിന്റെ പുറകിലുള്ള മൂവണ്ടാൻമാവിൽനിന്നും മാങ്ങാ എറിഞ്ഞു ശേഖരിക്കലും ഒക്കെ ഇന്നും ഓർക്കുന്നു.

പിന്നെയുള്ളത് അല്പംകൂടെ ഉയർന്ന സങ്കേതമാണ്. തെക്കുവടക്കത്ത്. എന്റെ തല തൊട്ടപ്പനും തൊട്ടമ്മയും ഞങ്ങളുടെ കൂട്ടത്തിൽ ഏറെ ആഢ്യത്വം അവർക്കായിരുന്നു. നല്ല വീടും സൗകര്യങ്ങളും. ഒരു ഘട്ടമായപ്പോൾ മുതൽ

കാറും സഞ്ചാരവും ഒക്കെ. ഞങ്ങൾക്കവരെപ്പോലെ സൗകര്യങ്ങൾ ഇല്ലായിരുന്നു എങ്കിലും, അവിടെ വീട്ടിൽ എല്ലാ മുറികളിലും പ്രവേശിക്കാനുള്ള അനുവാദവും അവിടുത്തെ മക്കളോടു ചങ്ങാത്തവും എനിക്കനുവദിച്ചിരുന്നു. മറ്റു പലർക്കും ഇതില്ലായിരുന്നു എന്നത് ഓർക്കുന്നതുകൊണ്ടാണിതു ഞാൻ എടുത്തുപറഞ്ഞത്.

പിന്നെയുള്ളത് രണ്ടുമൂന്നു ഹിന്ദുകുടുംബങ്ങളാണ്. ഇടവന മഠം, വെന്നിയിൽ വക്കീലിന്റെ വീട്, ഗോപാലകൃഷ്ണ പിള്ള, ശാന്തൻ, മണിയൻ എന്നീ സഹപാഠികളുടെ ബന്ധുതലത്തിലാണ് അവകൾ ഓർക്കുക. നിരവധി വിശദാംശങ്ങൾ അവിടെയൊക്കെയും ഉണ്ട്. ഗോപാലകൃഷ്ണപിള്ളയുടെ അച്ഛൻ ഒരു ഹോട്ടലിൽ സപ്ലയർ ആയിരുന്നു. ശാന്തന്റെ അച്ഛൻ ഡോക്ടറും മണിയന്റെ അച്ഛൻ വക്കീലും അതിനപ്പുറം ശാമുവേൽസാറിന്റെ വീടും ഉണ്ടായിരുന്നു. ഇവിടെയൊക്കെയും ഞാൻ സന്ദർശിച്ചു കയറിയിറങ്ങി നടക്കുമ്പോഴും അമ്മച്ചിയ്ക്കു ചില ചിട്ടപ്പെടുത്തലുകൾ ഉണ്ടായിരുന്നോ എന്ന് തോന്നലുണ്ട്. അമ്മച്ചി പറഞ്ഞതുകൊണ്ടാണോ എന്നറിയില്ല. ഏതായാലും ഞാൻ തന്നെ ചില നിരോധനങ്ങൾ (അനുശാസനങ്ങൾ - injunctions) എടുത്തിരുന്നു.

1) സംസ്കൃതഭാവമുള്ള വീടുകളിൽ സഹകരണം ആശാസ്യം.
2) മറ്റുള്ളവരോടൊക്കെ ആവശ്യത്തിനവേണ്ടി മാത്രം.
3) മത്സ്യബന്ധനവിഭാഗവുമായിട്ട് അങ്ങനെ അടുപ്പമൊന്നും വേണ്ടാ.
4) ചൂണ്ടയിടാനോ, വല വിരിക്കാനോ, ചപ്പിടാനോ, മീൻ പിടിക്കാനോ ഒന്നും പോകണ്ട.

എങ്ങനെയാണെന്നറിയില്ല ഈ സ്വഭാവശൈലികൾ ഒക്കെ എന്നിൽ പ്രബലപ്പെട്ടിരുന്നു. അതിനിടെ അച്ചനാകാനുള്ള ആഗ്രഹവും ആയി ഞാൻ നീങ്ങിക്കഴിഞ്ഞിരുന്നു. അപ്പോൾ പിന്നെ പ്രത്യേക ശീലപ്പെടുത്തലുകളും ആയി. അച്ചനാകാനുള്ള ശൈലിയിൽത്തന്നെ. അതുകാരണം എന്റെ ഗ്രാമത്തിന്റെ പശ്ചാത്തലത്തിലുള്ള പരിചയം പരിമിതമായിരുന്നു. പഠനവും പരിശീലനവും ഒക്കെ ആയി. വഴികൾ തിരഞ്ഞുമറിഞ്ഞു ഞാൻ മത്സ്യത്തൊഴിലാളി മേഖലയിൽ എത്തി. പ്രവൃത്തി മുഖങ്ങളിൽ നിന്നുകൊണ്ട് ഞാൻ മത്സ്യത്തൊഴിലാളികളെ അടുത്തറിഞ്ഞു. മത്സ്യബന്ധനമേഖലയെ തൊട്ടറിഞ്ഞു.

എന്റെ ആദ്യപ്രവേശം മാവേലിക്കര മേഖലയിൽത്തന്നെ. പമ്പ, മണിമല, അച്ചൻകോവിൽ എന്നു തുടങ്ങുന്ന ആറുകളുടെ പശ്ചാത്തലത്തിലുള്ള മനുഷ്യരൊക്കെയുമായി ഞാൻ ഇടപെട്ടുവന്നു. ശുദ്ധരായ കുറെ മനുഷ്യർ, സാധുത്വമുള്ള കൂട്ടർ. ദരിദ്രരായ ഒരു ഗണം. പല ഗ്രാമപശ്ചാത്തലങ്ങളിൽ ഞാൻ അവരെ കണ്ടു. പരുമല മുതൽ ചൂളത്തെരുവുവരെയുള്ള പ്രദേശങ്ങളുടെ വൈചിത്രങ്ങളിലൂടെ ഞാൻ അവരെ കണ്ടു. ആറും തോടും കായലും ചാലും കുളവും പൊഴിയും ഉൾപ്പെട്ട പ്രദേശങ്ങളിൽ അവരെ ഞാൻ കണ്ടു. അതൊരു ചരിത്രവും ആയിരുന്നു. അവരുടെ ചരിത്രവും എന്റെ അനുഭവവും.

ഞാൻ ഇന്നിപ്പോൾ അതൊക്കെ ഓർക്കുന്നു. പറയട്ടെ, വൈചിത്ര്യങ്ങൾ ഉണ്ടെന്നു പറയുമ്പോഴും അവർക്കെല്ലാം ഒരേ മുഖമായിരുന്നു. അവർ നല്ലവരും സാധുക്കളുമായിരുന്നു. ലോലമായതുകൾ കൊണ്ട് അതീവ ബലപ്പെട്ടതുകളും വിലപ്പെട്ടതുകളും നിർമ്മിക്കുന്ന കലാഹൃദയമുള്ളവരായിരുന്നു അവർ. പ്രകൃതിയേയും ദൈവത്തേയും അറിഞ്ഞ ജീവിച്ചിരുന്നവർ ഒരു കൂട്ടർ. അടിസ്ഥാനപരമായി അവർ ദൈവവിശ്വാസികൾ ആയിരുന്നു. ദൈവവിശ്വാസത്തിന്റെ ശരിയർത്ഥത്തിൽ.

നോക്കൂ, ദൈവം ഒന്നെയുള്ളൂ. ദൈവം പിതാവാണ്. ദൈവം സ്നേഹമാണ് എന്നൊക്കെ പറയുന്ന നിയതിനിശ്ചയങ്ങളുടെ പ്രയോഗം എന്താണ്. സാഹോദര്യം, വിശ്വപൗരത്വം പ്രപഞ്ചത്തിലാകെ ഈശ്വരപ്രകൃതി തിരിച്ചറിഞ്ഞുള്ള ജീവിതം. അത് ആ മനുഷ്യരുടെ ജീവനം ആയിരുന്നു. അവരുടെ ജീവനസംഗീതം. അവിടെ അവരെ പഠിപ്പിക്കാനുള്ളതായിരുന്നില്ല. പഠിക്കാനേ ഉണ്ടായിരുന്നുള്ളൂ. സമൃദ്ധമായ പ്രകൃതിയും തുച്ഛമായ ആവശ്യങ്ങളും കൂട്ടിമുട്ടിക്കുക അവർക്കൊരു പ്രശ്നമായിരുന്നില്ല. ജീവിതത്തിൽ തുഷ്ടി പങ്കുവച്ചു അവർ നാളുകൾ നീക്കി.

ഈ ജനത്തിന്റെ ജീവിതഭാവങ്ങളിലേക്ക് ഞാൻ പിന്നെയും പ്രവേശിച്ചു തികഞ്ഞ ശ്രദ്ധയോടെ, അവധാനതയോടെ, ശ്രാന്തതയോടെ. എന്റെ ഓരോ നീക്കങ്ങളും തികഞ്ഞ സാവകാശത്തിലായിരുന്നു. കാലങ്ങൾ കൊണ്ടു ഞാനവരെ അറിഞ്ഞു; തിരിച്ചറിഞ്ഞു. ഇന്നുവരെയുള്ള തിരിച്ചറിവുകൾ അവരെ കൂടുതൽ കൂടുതൽ സ്നേഹിക്കുവാൻ മാത്രമേ എനിയ്ക്ക് ഇടവരുത്തുന്നുള്ളൂ. ഇന്നും ആ മനുഷ്യരൊക്കെയും അത്യധികമായി സ്നേഹിച്ചുതന്നെ നിൽക്കുന്നു.

ആദ്യനേരങ്ങളിൽ അവരുടെ കുടിലുകളിലേക്കു കയറുക എന്നതുതന്നെ ഒരു പ്രയത്നമായിരുന്നു. മുറ്റത്തുനിന്നു കണ്ടു കാര്യങ്ങൾ പറയുക ഒരു ശൈലിയല്ലല്ലോ? തമ്പുരാക്കന്മാരുടെയും ജന്മിമാരുടെയും ശൈലി, മാടത്തിന്റെ മുറ്റത്തു വന്നുനിന്ന് 'എടാ' കൂട്ടി നീട്ടി വിളിച്ച് പുറത്തുവരുത്തി, ഒന്നു ഞെളിഞ്ഞുനിന്ന് ധാർഷ്ട്യം മുറ്റി നിൽക്കുന്ന വാക്കുകളിൽ എന്തൊക്കെയോ അരുളിചെയ്തിട്ടുപോകുന്ന ശൈലി. അത് എന്തായാലും എന്റെ ശൈലി ആയിരുന്നില്ല. ഞാൻ അകത്തു കയറണമായിരുന്നു. കസേര വലിച്ചു നീട്ടിയിട്ട് ഇരുന്നുകൊണ്ട് പരിചയങ്ങൾ തുടങ്ങുന്ന ശൈലി. ഒരു വീട്ടിൽ എല്ലാവരെയും നിരന്നു കാണുമായിരുന്നു. വിവരങ്ങൾ കുറിച്ചെടുക്കുമായിരുന്നു. ആ നേരംകൊണ്ട് ഒരു ചായയോ കുടിവെള്ളമോ വരാൻ മതി. പിന്നെ എഴുന്നേറ്റ് പ്രാർത്ഥനയും വെഞ്ചെരിപ്പുമായി. ഉള്ളകങ്ങളും പരിസരങ്ങളും തീർത്ഥജലം തളിച്ചു വരുമ്പോൾ ആ വീടിന്റെ ഉള്ളറകളെല്ലാം തന്നെ വെളിവാകുമായിരുന്നു. ഇത്രയേറെ അംഗങ്ങൾ ഏതാനും മിനിട്ടുകൾകൊണ്ട് വെളിവാകുന്ന ഈ പ്രക്രിയ ഒരു ആത്മബന്ധത്തിന്റെ തുടക്കമാണ്. അവിടെത്തുടങ്ങി പിന്നെ ജീവിതാന്ത്യം വരെയും നിലനില്ക്കയും വളരുകയും ചെയ്യുന്ന ആത്മബന്ധം അവിടെ സ്ഥാപിക്കുകയായി. ചില സമ്പന്ന കുടുംബങ്ങൾ കരപ്രമാണിയായ അച്ചനെ മെരുക്കുന്നവയാണ്. ഏതു പുരോഹിതൻ വന്നാലും അവരുടെ സ്വാരസ്യങ്ങൾ കൊണ്ടുതന്നെ അദ്ദേഹത്തെ കൈയ്യിലെടുക്കും. അവരുടെതന്നെ ഒരു മുതൽക്കൂട്ടായി മാറ്റും. ഇരുവർക്കും അതു സന്തോഷകരമാകും. മറ്റ് ഏറെപ്പേർക്കും അവരുടെ ആവശ്യഘട്ടങ്ങളിൽ ഓടി എത്തി സ്വയം പൂർത്തീകരിച്ച് എത്താവുന്ന ഒരു റഫറൻസ് മാത്രമായി പുരോഹിതൻ മാറുകയാണ് പതിവ്.

ആദ്യഘട്ടം മുതലേ ആരെങ്കിലും ആ വിധത്തിൽ എന്നെ ഒരു കൈമുതലാക്കുന്ന പ്രക്രിയയ്ക്കു ഞാൻ വഴങ്ങിയിട്ടില്ല. ആത്മബന്ധത്തിന്റെ തലത്തിൽ എത്ര പരിമിതമായിട്ടാണെങ്കിലും ഇല്ലായ്മക്കാരന്റെ ആത്മമിത്രമാകുവാനാണ് ഞാൻ യത്നിച്ചിട്ടുള്ളത്. ഈ നേരംവരെയും അതെന്റെ തൃപ്തിയുമാണ്. അങ്ങനെയുള്ള ഉൾപ്രവേശങ്ങളിലൂടെ ഈ ജനത്തിന്റെ സ്വഭാവങ്ങളും ഞാൻ ഏറെ അറിഞ്ഞിട്ടുണ്ട്.

ഒരു കൊച്ചു കൂനാച്ചിപ്പുരയ്ക്കകത്ത് തുടിച്ചുനിൽക്കുന്ന ജീവിതങ്ങളുടെ ശോണിമ എത്രമാത്രം ആസ്വാദ്യമാണെന്നോ? മധുരം കിനിഞ്ഞു നിൽക്കുന്നതുപോലെ സ്നേഹം കിനിഞ്ഞുനിൽക്കുന്ന ഒരനുഭവമാണ് ഏറെ നേരവും. പുരുഷന്മാർ ഗൗരവ പ്രകൃതികളാണ്. പുറമേയ്ക്ക്. പക്ഷേ സ്നേഹധനർ. സ്നേഹിക്കാൻ മാത്രമേ അവർക്കറിയൂ. ചില നേരങ്ങളിൽ കലക്കി മറിച്ചുകൊണ്ടുപോകുന്ന നദിയെപ്പോലെ അവരനുഭവപ്പെടാറുള്ളപ്പോഴും അത് ഒരു നേരം മാത്രമാണ്. പിന്നെയും അവർ ശാന്തരാകും. തെളിനീരിന്റെ കുളിർമ അവർ പകരും. അദ്ധ്വാനത്തിന്റെ അതികഠിനമായ ആലസ്യത്തിലാവും ഏറേനേരം അവർ. എങ്കിൽത്തന്നെയും അവരുടെ പ്രതികരണങ്ങൾക്ക് എന്തൊരു ചടുലതയാണ് അനുഭവപ്പെട്ടിട്ടുള്ളത്. കിടക്കുന്നിടത്തോ, പണിയെടുക്കുന്നിടത്തോനിന്ന് തട്ടിക്കുടഞ്ഞെഴുന്നേറ്റാൽ ആ നിമിഷം തന്നെ അവരുടെ പ്രജ്ഞ തെളിഞ്ഞു പ്രതികരിക്കുന്നവരാകുന്നു എന്നതാണെന്റെ അനുഭവം. ചില നേരങ്ങളിൽ വീടുകളിൽ ചെന്നുകയറുമ്പോൾ പൊട്ടിയിഴഞ്ഞു വരിച്ചിലുള്ള കയറ്റുകട്ടിലിൽ അല്ലെങ്കിൽ ഒരു കീറപ്പായയിൽ താഴെ വലയടുക്കുമ്പോൾ തലയണയാക്കി അവർ ഉറങ്ങുന്നുണ്ടാവും. തട്ടിയുണർത്തി തെക്കോട്ടും വടക്കോട്ടും ഇട്ടാലും ഉണരാൻ മടിച്ചവർ കിടന്നുപോകും. അത്രയേറെ നിദ്രാഭാരമുള്ള കണ്ണുകൾ. എങ്കിലും തട്ടി വിളിയ്ക്കൂ. അവർ ഉണരുകയായി. അടുത്ത നിമിഷം അവർ സജീവരാകുകയായി.

സ്ത്രീകൾ, അവർ പുണ്യവതികളാണ്. ആ കൊച്ചു കൂരകളിൽ തിണ്ണ വിളക്കുകൾ കൊളുത്തി പ്രകാശിപ്പിക്കുന്ന എണ്ണത്തിരികൾപോലെയാണവർ. നോക്കൂ. ആ വീട്ടിൽ എങ്ങനെ പ്രകാശം പരത്തും എന്ന് നാം വിസ്മയിച്ചു നിലകൊള്ളും.

(ഓറയിൽ നിന്ന്)



# 1.15 വിമോചന ദൈവശാസ്ത്രം ഭാരതത്തിൽ

ഭാരതസഭ എന്നു പറഞ്ഞു ഒരു നിർവ്വചനം നടത്തുക എളുപ്പമല്ല. നമ്മൾ പല സഭകൾ ആണ്. സഭ എന്നു നിർവ്വചിക്കാനാവുന്ന ഒരു പ്രതിഭാസത്തെക്കുറിച്ച് ഒരു നിർവ്വചനം അതിന്റെ ശരിയായ അർത്ഥത്തിൽ പറഞ്ഞുകേട്ടത് ഒരുപക്ഷേ നിങ്ങൾക്കറിയാവുന്ന മാർത്തോമ്മാ സഭയിലെ എ.പി. ജേക്കബ് അച്ചനിൽ നിന്നാണ്. അദ്ദേഹം ലാറ്റിനമേരിക്കയിൽ എവിടെയോ ഒരു Ernesto Cardinal എന്നു പറയുന്ന വിമോചന ദൈവശാസ്ത്രജ്ഞന്റെ Solentinami Gospel സംഘത്തിൽ ചെന്നുപെട്ടു. ഒരു പെന്തക്കോസ്ത ദിനത്തിൽ.

Solentiname Gospel എന്ന ചടങ്ങ് ഒന്ന് പ്രത്യേകമാണ്. Solentiname നിക്കാരാഗോ കായലിന്റെ ഇടുക്കിലെ ഒരു കർഷക/മത്സ്യത്തൊഴിലാളി ഗ്രാമം. അവിടെ മുഴുവൻ പേരും കത്തോലിക്കർ. അവിടെ ഞായറാഴ്ചയിലെ പള്ളി പ്രസംഗം ഇല്ല. അവർ വട്ടമിരുന്ന് അന്നത്തെ വേദഭാഗം ഉപജീവിച്ച് ചർച്ച ചെയ്യുകയാണ് പതിവ്. അതിൽ എല്ലാവരും തങ്ങളുടെ പ്രേരണകൾ പങ്കുവയ്ക്കും. Solentiname Gospel ക്രോഡീകരിച്ച Cardinal പറഞ്ഞത് ഏറെ ദൈവശാസ്ത്രജ്ഞർ പറയുന്നതിലും ആഴമുള്ളതുകൾ ആണുപോലും. അത് അങ്ങനെയല്ലേ വരൂ. കാരണം സദ്വാർത്ത എല്ലാവർക്കും, ദരിദ്രർ എല്ലാവർക്കും ഉള്ളതാണല്ലോ.

അങ്ങനെയുള്ള ഒരു വേദിയിൽ നമ്മുടെ എ.പി. ജേക്കബ് അച്ചൻ പങ്കെടുക്കുന്ന ഒരു യോഗത്തിൽ ആദ്യസഭായോഗത്തിൽ പരിശുദ്ധാത്മാവിന്റെ വരവിന് താന്താങ്ങളുടെ ഭാഷയിൽ സംസാരിച്ചവരെയൊക്കെ മറ്റുള്ളവർക്ക് മനസ്സിലായി എന്ന ഭാഷാവരം വിശദീകരിച്ച ഒരു വിശ്വാസി പറഞ്ഞുപോലും! "അതിലെന്ത് അത്ഭുതം? നമ്മൾ ഇപ്പോൾ കൂടിയിരിക്കുന്നു. നമുക്ക് അപരിചിതനായി ഒരു ഏഷ്യാക്കാരൻ, നമ്മുടെ കൂടെ വന്നിരിക്കുന്നു. അദ്ദേഹത്തിന്റെ ഭാഷ നമുക്കറിയില്ല. നമ്മുടെ ഭാഷ അദ്ദേഹത്തിനും. എന്നിട്ടും നമ്മൾ ഒത്തുകൂടിയിരുന്ന് സംവദിക്കുന്നു. ഭാഷ അറിയാത്തപ്പോഴും നമ്മൾ പരസ്പരം മനസ്സിലാക്കുന്നു. അതാണ് ആത്മാവിന്റെ വരം."

ആദിമസഭയിലെ ആ അനുഭവം ഭാരതത്തിൽ കൈവരണമെങ്കിൽ! സഭയെന്നു പറഞ്ഞ് നമുക്ക് ഒരു ഭാഷ സംസാരിക്കണമെങ്കിൽ ഇനിയും എത്ര മഹാ ജൂബിലികൾ! രണ്ടായിരാമാണ്ടിൽ ക്രിസ്തുവിനുശേഷം 2000 വർഷം എണ്ണി ഈ മഹാജൂബിലി കത്തോലിക്കർ ആഘോഷിച്ചു. ഇതരരുടെ കാര്യം എനിക്ക് തിട്ടമില്ല - ആഘോഷിച്ചുകാണണം എന്ന് ഞാൻ ചിന്തിച്ചു പോവുകയാണ്. അതുപോകട്ടെ, ഭാരതക്രിസ്തീയ സഭയെന്നു പറഞ്ഞ് തുടങ്ങാൻ എനിക്കാവില്ല എന്നു പറയാൻ വേണ്ടി അത്രയും പറഞ്ഞെന്നേയുള്ളൂ. ഇനി വിമോചന ദൈവശാസ്ത്രം. അതേക്കുറിച്ചും എന്താണ് പറയുക? എവിടെ പറഞ്ഞുതുടങ്ങും - അതും വ്യക്തമല്ല. ദൈവശാസ്ത്രം പഠിക്കുന്ന കാലത്ത് നിരവധി ചിന്താരീതികളെ പരിചയിച്ചിട്ടുണ്ട്.

ഡോ. റോബിൻസൺ ന്റെ Honest to God എന്ന ഗ്രന്ഥം ഇളക്കിവിട്ട God is Dead Theology മുതൽ Bonhoeffer തുടങ്ങിയവർ ഊതിവിട്ട ചിന്തകളുടെ പശ്ചാത്തലത്തിൽ ഒരുപിടി ചിന്താഗതികൾ. എന്നെപ്പോലെയുള്ളവർ പഠിച്ചിറങ്ങിയ എഴുപതുകളിൽ ഞങ്ങൾ ഈ വിഷയം പഠിച്ചിരുന്നില്ല. 1968-ലാണ് കൊളംബിയായിലെ Medelin ൽ ലാറ്റിനമേരിക്കൻ മെത്രാന്മാരുടെ ദേശീയ കോൺഫറൻസ് നടന്നത്. Medelin രേഖകൾ വിമോചന

ദൈവശാസ്ത്രത്തിന്റെ ബീജാവാപം നടത്തിയെന്നു നിർവ്വചിക്കുന്നവരുണ്ട്. അതിനുശേഷം 1971-ലാണ് Gustave Guttier ന്റെ Theology of Liberation എന്ന ഗ്രന്ഥം പ്രസിദ്ധീകരിക്കപ്പെട്ടത്. L. Boeff, Jouellmbin, Oscar Romeiro, John Sobrino, Helder Camera തുടങ്ങി ഒട്ടേറെപ്പേർ ഈ ദൈവശാസ്ത്രത്തിന്റെ വക്താക്കളായി.

1990 കളിൽ പോപ്പ് ജോൺപോൾ രണ്ടാമൻ അതിനെക്കുറിച്ച് എതിരെ ശബ്ദിച്ചു. അതിനെ ഒതുക്കി എന്നു പറയാം. അതൊരു ഒഴുക്കൻ ചരിത്രം. 70-നും 90-നും ഇടയ്ക്ക് വിമോചന ദൈവശാസ്ത്രത്തിന്റെ അലയടികൾ കേരളത്തിലും ഭാരതത്തിലും എത്തിയെന്നു പറയണം. അതിന്റെ ചരിത്രങ്ങൾ പറയാൻ ശ്രമിക്കുമ്പോൾ ഈ ധാരയുടെ തുടക്കങ്ങൾ നമ്മൾ ഒന്നോടിച്ച് ഓർക്കണം. എല്ലാ അംശങ്ങളും ഞാൻ അറിഞ്ഞിട്ടല്ല. വായിച്ചുകേട്ടതെല്ലാം ഓർമ്മയിൽ എടുക്കാൻ സാവകാശം കിട്ടിയതുമില്ല. സാവകാശം ഉണ്ടായില്ലെങ്കിലും ഓർമ്മയിൽ നിന്ന് പെറുക്കിയെടുക്കുന്നതുകൾ പറഞ്ഞു തുടങ്ങട്ടെ. ഒപ്പം എന്റെ അറിവുകളും പരിചയങ്ങളും.

ഒന്ന് ക്രിസ്തു എനിക്കു വിമോചകൻ ആണ്. Jesus The Liberator. ക്രിസ്തുവിനെക്കുറിച്ച് നമ്മൾ 2000 ആണ്ടു കൊണ്ട് പരിചയിച്ച ഒരുപിടി പ്രയോഗങ്ങൾ ഉണ്ട്. ഒന്ന് ഒന്നിനെക്കാൾ ഭേദമുള്ളവ. ഹൃദയത്തോടു ചേർത്തുപിടിച്ചിരിക്കുന്ന ഒരുപിടി പ്രതിരൂപങ്ങളുമുണ്ട്. ഒന്നും മാറ്റിവച്ചിട്ട് പറയുകയല്ല. ഞാനിന്ന് യേശുവിനെ സ്നേഹിക്കുന്നത് അവൻ വിമോചകൻ ആണ് എന്നതിന്റെ പേരിലാണ്.

ഒത്തിരി ആഴത്തിലുള്ള പഠനങ്ങൾ ആ വഴിക്ക് ഉദ്ധരിക്കാനുണ്ട്. പക്ഷേ ഒരു ചെറിയ കഥയാണ് ഞാൻ പറയുക. എന്റെ വകയല്ല. ഞാൻ ആദരിക്കുന്ന ലോകപ്രശസ്തനായ ആ കൊച്ചു മനുഷ്യനും ഒരുപക്ഷേ ഭാരതത്തിലെ കിടയറ്റ വിമോചന ദൈവശാസ്ത്രകാരനും ജനപക്ഷം നിൽക്കുന്ന വേദ പണ്ഡിതനും എന്നു ഞാൻ വിശ്വസിക്കുന്ന എന്റെ രൂപതക്കാരനായ ഫാ. സാമുവൽ രായൻ SJ പറഞ്ഞ ഒരു കൊച്ചുകഥ. യോഹന്നാനും യേശുവും അവർ കസിൻസാണ്. യോഹന്നാൻ മൂത്തതും യേശു ഇളയതും. അവർ കളിച്ചു പഠിച്ച് വളർന്നു. യേശുവിന്റെ വലിപ്പം യോഹന്നാൻ തന്റെ അമ്മയിൽ നിന്ന് മനസ്സിലാക്കിയിരുന്നു. അതുകൊണ്ട് എന്നും ആദരവോടെയാണ് യോഹന്നാൻ യേശുവിനെ നോക്കിയിരുന്നത്. എന്നാലും അവർ ജ്യേഷ്ഠനും അനുജനും എന്നതിനെക്കാൾ സ്നേഹിതർ ആയിരുന്നു.

അങ്ങനെ ഒരു സാബത്ത് ദിവസം അവർ രണ്ടുപേരും കൂടെ ദേവാലയത്തിൽ പോയി. യേശു പള്ളിയിൽ കയറി. യേശുവിന്റെ എല്ലാ നീക്കങ്ങളും വാക്കുകളും ആവേശത്തോടെ നോക്കിയിരുന്ന് യോഹന്നാൻ ശ്രദ്ധിച്ചു. പ്രസംഗവേദിയിൽ നിന്ന് യേശു സംസാരിക്കുന്നതിനിടെ കൂട്ടത്തിൽ കൈ തളർന്ന ഒരുവനെ കണ്ടു. അവനെ ജനമദ്ധ്യത്തിൽ എഴുന്നേൽപ്പിച്ചു നിർത്തി. നിനക്ക് സുഖപ്പെടണമോ എന്നു ചോദിച്ചു. “ഉവ്വ്” അവൻ പറഞ്ഞു. കൈ നീട്ടുക അവൻ കല്പിച്ചു. കൈ നീട്ടി അവൻ സുഖപ്പെട്ടു. അതായിരുന്നു അവന്റെ അന്നത്തെ സുവിശേഷ പ്രസംഗം.

പക്ഷേ, അത് സഭയിൽ ഇടർച്ചയ്ക്ക് കാരണമായി. ആ ഒരു പ്രസംഗത്തിന്റെ പേരിൽ അവനെ അവർ ദേവാലയത്തിൽനിന്ന് പുറത്താക്കി. മലയിൽ കയറ്റി കല്ലെറിയുവാനുള്ള പരിശ്രമത്തിലായി. അവരുടെ ഇടയിൽനിന്ന് ഒരു വിധത്തിൽ രക്ഷപെട്ടു രണ്ടുപേരും മറിയാമിന്റെ മുന്നിലെത്തി. യോഹന്നാൻ

വിഷയം അവതരിപ്പിച്ചു. അമ്മ മേരിയോട് ഇവൻ ഒക്കെ നന്നായി ചെയ്തു വന്നു ജനം അവന്റെ പിറകെ നിരക്കുന്നതിനിടെ ഇവൻ തരവഴി കാണിച്ചു. തളർവാതരോഗിയെ സാബത്തു ദിവസം സുഖപ്പെടുത്തി. അതിന്റെ കാര്യമുണ്ടായിരുന്നോ? ഇന്നല്ലാതെ നാളെ അവനെ വിളിച്ചുവരുത്തി സുഖപ്പെടുത്തിക്കൂടായിരുന്നോ?

അതല്ലയെങ്കിൽതന്നെ എത്രയെങ്കിലും വർഷം രോഗം പിടിച്ചു കിടക്കുന്നവനാ. ഒരുനാൾ കഴിഞ്ഞാൽ എന്തായിരുന്നു തെറ്റ്. ആ ചോദ്യം യേശുവിനെ ചൊടിപ്പിച്ചു. ഒരുനാൾ കൂടെ അവനെ ബന്ധനത്തിലിടുന്നതിന്റെ പേരിൽ ഏതു ദൈവമാണ് മഹത്വപ്പെടുക. ഒരു ദിവസം മുമ്പേ അവന് സൗഖ്യം കൊടുക്കുകയല്ലേ ദൈവമഹത്വം. ഒരു കൊച്ചുകഥ. പക്ഷേ സാമുവൽ രായനച്ചന്റെ ഓരോ വാക്കിലും പ്രവൃത്തിയിലും ഈ വിമോചന ദൈവശാസ്ത്രത്തിന്റെ അനുരണനം ഉണ്ട്. The earth is the Lord's എന്ന അദ്ദേഹത്തിന്റെ ഒരു ചെറുപുസ്തകം ഉണ്ട്.

24–ാം സങ്കീർത്തനത്തിലെ ഈ വാക്യം ഉദ്ധരിച്ച് ഭൂമിയുടെ വിതരണത്തെക്കുറിച്ച് അദ്ദേഹം പറഞ്ഞുവയ്ക്കുമ്പോൾ കുർബ്ബാനയർപ്പണത്തിന്റെ കാനോന് ഒരു പ്രാവശ്യം AICUF/SCM ഗ്രൂപ്പിൽ അദ്ദേഹത്തിന്റെ അവതരണം ഇങ്ങനെ: സ്വാഗതം പ്രിയരെ, നിങ്ങൾക്ക് സ്വാഗതം. വരൂ അപ്പനുറുക്കുകൾ വച്ച് നമുക്കവനെ ആരാധിക്കാം. കഞ്ഞിക്കലവും പേറി അവന്റെ സന്നിധിയിൽ നമുക്ക് പ്രവേശിക്കാം. ചോറു വിളമ്പി അപ്പം നുറുക്കി പന്തി വിളമ്പി വട്ടമിരുന്നു ഭക്ഷിച്ച് നമുക്ക് അവന്റെ സ്നേഹസാമീപ്യം അനുഭവിക്കാം.

"നടുക്ക് പ്രതിഷ്ഠിച്ചിരിക്കുന്ന അപ്പക്കഷണങ്ങളിലേക്ക് ഏറെനേരം നമുക്ക് നോക്കിയിരിക്കാം. അടുപ്പിൽ വേവുന്ന കഞ്ഞിപ്പാത്രത്തിലേയ്ക്കും. അപ്പവും കഞ്ഞിയും ഉൾക്കൊള്ളുന്ന മഹാരഹസ്യം ഉൾക്കൊള്ളാൻ ശ്രമിക്കാം. നുറുക്കപ്പെടുന്ന അപ്പത്തിലും വിളമ്പിത്തരുന്ന കഞ്ഞിയിലും ദൈവത്തെ തിരിച്ചറിയാൻ ശ്രമിക്കാം" എന്നിങ്ങനെ. വിമോചന ദൈവശാസ്ത്രത്തിന്റെ അനുഭവങ്ങൾ ദൈവത്തിന്റെ ഭൂമിയുടെ പങ്കുവയ്ക്കലിലും ഭൂമിയുടേയും മനുഷ്യപ്രയത്നത്തിന്റെയും ഫലമായി നമുക്ക് ലഭ്യമാകുന്ന അപ്പത്തിന്റെ ഓഹരിവയ്ക്കലിലും ആണെന്ന ഭാഷ്യം. അതിന്റെ തനിരൂപത്തിൽ പ്രയോഗിച്ചുവരുമ്പോൾ രാഷ്ട്രീയ ഭാഷ്യം വിപ്ലവം എന്നാണ്. ദൈവശാസ്ത്ര പദം വിമോചനമെന്നും.

അതു പറയുമ്പോൾ, വിമോചന ദൈവശാസ്ത്രത്തിന്റെ ആധുനിക കാലത്തെ ഈറ്റില്ലമായ ലത്തീനമേരിക്കയിൽ അതിന്റെ ആദ്യകാല പ്രയോക്താവിന്റെ പേരിനോട് കൂട്ടിപ്പറയുന്ന സംഭവം ഇങ്ങനെ. ആ പുരോഹിതൻ സഭയുടെ എസ്റ്റേറ്റ് മാനേജർ ആയിരുന്നു. അന്നൊരു ഞായറാഴ്ച അദ്ദേഹത്തിന് ബലിയർപ്പണത്തിനിടെയുള്ള വേദവായനയ്ക്കു കിട്ടിയ വേദഭാഗം പ്രഭാഷകൻ 34–ാം അദ്ധ്യായം 18 മുതൽ 22 വരെ. "അന്യായമായി സമ്പാദിച്ചുകൂട്ടിയവയിൽ നിന്ന് അർപ്പിക്കുന്ന യാഗം കളങ്കിതമാണ്. നിയമനിഷേധിയുടെ വഴിപാടുകൾ സ്വീകാര്യമല്ല. വഷളന്റെ ബലികളിൽ അത്യുന്നതൻ പ്രസാദിക്കുന്നില്ല. എത്ര യാഗം അർപ്പിച്ചാലും അയാൾ പാപവിമുക്തനാകുന്നുമില്ല. പിതാവിന്റെ കൺമുമ്പിലിട്ട് മകനെ കൊല്ലുന്നതു പോലെയാണ് ദരിദ്രനിൽ നിന്ന് പിടിച്ചെടുത്ത സ്വത്തു കൊണ്ടു യാഗം അർപ്പിക്കുന്നവൻ. പാവപ്പെട്ടവന്റെ ഭക്ഷണം അവന്റെ ജീവൻ തന്നെയാണ്.

അത് അപഹരിക്കുന്നവൻ രക്തദാഹിയത്രേ. അയൽക്കാരന്റെ ഉപജീവന മാർഗ്ഗം തടയുന്നവൻ അയാളെ കൊല്ലുന്നു. വേലക്കാരന് കൂലി കൊടുക്കാതിരിക്കുന്നത് രക്തച്ചൊരിച്ചിലാണ്." ആ വേദഭാഗം വായിച്ചു നിർത്തിയിട്ട് അദ്ദേഹം ബലിയർപ്പണം തുടരാൻ തയ്യാറായില്ല. അദ്ദേഹത്തിന്റെ മുന്നിലിരുന്ന ആ തോട്ടത്തിലെ കൂലിക്കാരായിരുന്ന വിശ്വാസികളുടെ മുമ്പിൽ ഒരു പൂജാർപ്പണത്തിന്റെ നിരർത്ഥകത മനസ്സിലുറച്ചു. അദ്ദേഹം വിമോചന ദൈവശാസ്ത്ര വക്താവായി മാറിയത് തുടർക്കഥ.

ഉവ്വ്, ഭാരതത്തിന്റെ പശ്ചാത്തലത്തിൽ അങ്ങനെ വിമോചന ദാഹികളായി മാറിയ ഏറെപ്പേരുണ്ട്. അവർക്ക് ഉത്തേജനം നൽകിയ പ്രഗത്ഭരിൽ പ്രധാനിയിലൊരാളായ ഫാ. സാമുവൽ രായൻ എഴുതിയ ലേഖനങ്ങൾ പ്രവൃത്തിമുഖത്ത് പരിവർത്തനത്തിന്റെ (സാമൂഹിക വിപ്ലവത്തിന്റെ) പോരാളികളാകാൻ നിരവധി പേർക്ക് ഉൾക്കാഴ്ചകൾ ആയിരുന്നു രായനച്ചന്റെ (1) Jesus - The Relevance of his Person (2) In Spirit and Truth (3) The mission of the Church തുടങ്ങിയവയെല്ലാം ആ വഴിക്കുള്ള ചാലകശക്തികളാണ്.

പിന്നെയും കേരളത്തിലേക്കിറങ്ങി നില്ക്കുമ്പോൾ ഡോ. എം.എം. തോമസിന്റെ പ്രകൃതങ്ങളും പ്രവർത്തനങ്ങളും കൃതികളും ഒക്കെ വിമോചന ദൈവ ശാസ്ത്രത്തിന്റെ നേർ അവതരണങ്ങൾ ആണ്. ഒരുപക്ഷേ നിങ്ങൾക്ക് അവകൾ സുപരിചിതം ആവാം എന്നുള്ളിടത്ത് ഞാൻ ആവർത്തിക്കേതില്ലല്ലോ. അപ്പോഴും കഴിഞ്ഞിടയ്ക്ക് ഡോ. എം.എം. തോമസിന്റെ മരണശേഷം 25 വർഷങ്ങൾ ഘോഷിച്ചപ്പോൾ നടത്തിയ അനുസ്മരണ പ്രാർത്ഥനയിൽ ഉരുവിട്ട ഒരു പ്രയോഗം പെണ്ണമ്മഭവനം എന്ന അദ്ദേഹത്തിന്റെ ഗുരുകുല സ്ഥാപനത്തിന്റെ അനുഭവങ്ങളെ ഓർമ്മപ്പെടുത്തുന്നതായിരുന്നു. അവിടെ അനുസ്മരിക്കപ്പെട്ടത് ഇങ്ങനെ ആയിരുന്നു.

"ചരിത്രത്തിലെ മഹാത്മാക്കൾ പരമ്പരാഗത ചോദ്യങ്ങൾക്ക് പുതിയ ഉത്തരം നല്കുന്നവരല്ല. അവർ പുതിയ ചോദ്യങ്ങൾ ചോദിച്ചവരാണ്. ഡോ. എം.എം. തോമസ് വിശ്വാസത്തെക്കുറിച്ചും സഭയെക്കുറിച്ചും ലോകത്തെക്കുറിച്ചും രാഷ്ട്രീയത്തെക്കുറിച്ചും പുതിയ ചോദ്യങ്ങൾ ചോദിക്കുകയും ആ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുവാൻ തന്റെ സുഹൃത്തുക്കളോടും ശിഷ്യരോടും നിരന്തരം ആവശ്യപ്പെടുകയും ചെയ്തിരുന്നു."

മറ്റാരിൽ നിന്നും വ്യത്യസ്തമായി ക്രൈസ്തവ വിശ്വാസത്തിന്റെ സാമൂഹ്യമാനം ഉയർത്തിപ്പിടിച്ച വ്യക്തിയായിരുന്നു ഡോ. എം.എം. തോമസ്. യേശുക്രിസ്തു ആരാധനാ വസ്തുവായി മാറിയപ്പോൾ നവമാനവികതയുടെ ദർശനങ്ങൾ ഉയർത്തിപ്പോരാടുന്ന സമൂഹത്തോടൊപ്പം നിന്ന് ക്രൂശ് ഐക്യദാർഢ്യത്തിന്റെ പ്രതീകമാണെന്നും അനുഷ്ഠാനങ്ങൾ നിർവ്വഹിക്കുന്ന ആൾക്കൂട്ടമല്ല സഭകളെന്ന് ലോകത്തോട് ഉറക്കെപ്പറഞ്ഞു." ഏതാണ്ട് അതേ കാലയളവുകളിൽ പെണ്ണമ്മ ഭവനത്തിന്റെ തൊട്ടയലത്ത് ജീവിച്ചു പ്രവർത്തിച്ച മറ്റൊരു വിമോചന ദൈവശാസ്ത്രത്തിന്റെ വക്താവിനെയും അദ്ദേഹം നയിച്ച വിമോചന പ്രസ്ഥാനത്തേയും ഓർക്കുന്നു.

റവ. എം.ജെ. ജോസഫ് അദ്ദേഹവും സംഘവും നേതൃത്വം കൊടുത്തു വളർത്തിയ ജനകീയ വിശ്വാസപ്രസ്ഥാനവും ഡൈനമിക്ക് ആക്ഷൻ സംഘവും വർത്തമാനം മാസികയും. റവ. എം.ജെ. യുടെ സഹകാരിത്വത്തിൽ രൂപപ്പെട്ട ജനകീയ ഗാനങ്ങളുടെ അലയടികൾ ഇന്നും മുഴങ്ങുന്നുണ്ട്. ഒരു വലിയ

സംഘം അദ്ദേഹത്തോടൊപ്പം ഉണ്ടായിരുന്നുതാനും. റവ. എം.ജെ., റവ. കെ. ജെ. ജോൺ, പ്രൊ. ടി.എം. യേശുദാസൻ, പ്രൊ. മാമ്മൻ വർക്കി, ടി.ജെ. പീറ്റർ, പ്രൊ. ഇട്ടി തുടങ്ങി എത്രയെങ്കിലും പേരുകൾ ഓർമ്മയിൽ വരുന്നുണ്ട്. അവരുടെയൊക്കെ ലേഖനങ്ങൾ അടങ്ങിയ പ്രസിദ്ധീകരണങ്ങളുടെ പേരുകൾ പോലും ഇന്നും കോരിത്തരിപ്പിക്കുന്ന വാചാലതകൾ ആണ്.

എം.ജെ. യുടെ ചൂട്ടുകൾ കത്തിച്ചെടുക്കുക, വെയിലത്ത് നിർത്തപ്പെട്ടവർ, പ്രൊ. യേശുദാസന്റെ, ബലിയാടുകളുടെ വംശാവലി, പ്രൊ. ഇട്ടിയുടെ – സഭാ ചരിത്രം എന്നിങ്ങനെ എത്രയെങ്കിലും വിമോചനദാഹം സ്ഫുരിക്കുന്ന ഒരു മുന്നേറ്റത്തിന്റെ ഭാവങ്ങൾ. ഇന്നും മനസ്സിൽ മാറാതെ പതിഞ്ഞുകിടക്കുന്ന ഒരു സംഭവമാണ് സി.എസ്.ഐ. മഹായിടവകയുടെ കേന്ദ്രഭരണ പ്രദേശത്തിന്റെ മുന്നിൽ തെരുവിൽ അവിടുത്തെ ദരിദ്ര ജനങ്ങൾ നടത്തിയ നിരാഹാര സമരവും (1986 മാർച്ച്) 1989 മാർച്ചിൽ പെസഹാ ദിനത്തിൽ നടത്തിയ പ്രതിജ്ഞപുതുക്കൽ ദിനവും. ആ ദിവസം പള്ളിക്കകത്തു നിന്നും മാറി തെരുവിൽ അർപ്പിച്ച പെസഹാ വിരുന്ന് മറ്റൊരു പ്രതീകമായിരുന്നു. ആ ദിവസത്തെ വിശ്വാസപ്രഖ്യാപനം വേദപുസ്തകത്തിലെ യേശുവിന്റെ കന്നിപ്രസംഗം പോലെയോ മറിയാമിന്റെ Magnificat പോലെയോ വിമോചന പ്രസ്ഥാനത്തിന്റെ മാഗ്നാക്കാർട്ടയായി ഇന്നും അലയടിക്കുന്നുണ്ട്.
അതിലെ ഈണങ്ങൾ ഇങ്ങനെ:

“വിടുതലിനുവേണ്ടി ഒരു പുതിയ പെസഹാ;
പീഡിതരുടെ തടവറകളിൽ പുതിയ പെസഹയുടെ പെരുന്നാൾ;
സമ്പൂർണ്ണമായ സമർപ്പണത്തിന്റെ ശപഥങ്ങൾ;
കഴുമരങ്ങൾ തകർക്കുന്നവരുടെ പടയണി;
പുതിയ പ്രത്യാശയുടെ ഉയർത്തെഴുന്നേല്പ്.”

അന്നു പാടിയ ഗാനം. ഇന്നും അതിന്റെ പ്രസക്തി ഏറിക്കൊണ്ടിരിക്കുന്നു. (ജനകീയ വിമോചന വിശ്വാസ പ്രസ്ഥാനം– 1989).

വളരെ കൃത്യതയോടെ വിമോചന ദൈവശാസ്ത്രത്തോടൊപ്പം കൂട്ടിച്ചേർക്കപ്പെട്ട ആദ്യ സംഭവം കേരളത്തിൽ എന്റെ അറിവിൽ 1984–ൽ കേരള സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷന്റെ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ സമരം ആയിരുന്നു. അതിന്റെ ഓരങ്ങളിൽ നേർസാക്ഷിയായിരുന്ന എനിക്ക് ഒരുപിടി അനുഭവങ്ങൾ പറഞ്ഞുകൂട്ടാനുണ്ട്. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. അപ്പോഴും ആദ്യമായിട്ട് ഇന്ത്യൻ എക്സ്പ്രസ്സിന്റെ ശ്രീ. കെ. മാധവൻകുട്ടി പ്രസ്ഥാനത്തിലെ ആദ്യ നിരാഹാരി സന്യാസിനി സിസ്റ്റർ ആലീസ് ലൂക്കോസും (അസംപ്ഷൻ സന്യാസിനി സഭാംഗം) ആയി നടത്തിയ ഇന്റർവ്യൂ ഇളക്കിവിട്ട രണ്ടു പ്രയോഗങ്ങൾ.

Fast unto Death എന്നതും, Liberation Theology എന്നതും ആയിരുന്നു. അമിട്ടിൽ തിരികൊളുത്തിയപോലെ ഒരുപിടി പ്രകമ്പനങ്ങൾ. ആ ഒരു നീക്കം കേരളത്തിന്റെ സഭാചരിത്രം തന്നെ മാറ്റിമറിച്ചുവെന്നു തീർച്ച. ഫാ. തോമസ് കൊച്ചേരി, ജോയിച്ചൻ ആന്റണി, ജോസ് കളീക്കൽ, ഫിലമിൻ മേരി തുടങ്ങി എത്രയെങ്കിലും പേരുകളും ആ പേരുകളോട് ചേർത്തുവച്ച പ്രയത്നങ്ങളും പ്രയോഗങ്ങളും കുറിപ്പുകളും കേരള സഭകളിലാകമാനം ഇന്നും ഇതിഹാസമായും അവിടെ ജ്വലിപ്പിച്ച കനലുകൾ ഇന്നും ജ്വലിച്ചു നില്ക്കുന്ന ഒരനുഭവം (പുറപ്പാടും പെസഹായും അടങ്ങുന്ന) അസാധാരണ സംഭവങ്ങൾ തന്നെ.

ഇതുകളുടെയൊക്കെ അനുരണനങ്ങൾ ഇന്നും ഭാരത സഭാചരിത്രത്തിൽ സംഗതമായിത്തന്നെ നിലകൊള്ളുന്നു. അതിന്റെ വികാസമാനങ്ങൾ ഭാരത സഭയുടെ ഇതര ഭാഗങ്ങളിൽ പ്രസ്ഥാനങ്ങളായി സമരരൂപങ്ങളായി രക്തസാക്ഷിത്വങ്ങളായി പടർന്നുപന്തലിച്ചത് ഒരു രോമാഞ്ചമാണ്. വടക്കേ ഇൻഡ്യയിൽ നിന്ന് രണ്ടു രക്തസാക്ഷിണികൾ എങ്കിലുമുണ്ട് Archbishop Romeiro യുടെ പിന്മുറക്കാരായി.

Rev. Murmu, Sr. Rani അവരുടെ അണികളിൽ ഏറ്റവും അവസാനമായി സ്റ്റാൻലൂർദ്ദ് സ്വാമി ഇവരൊക്കെ കൊളുത്തി പ്രതിഷ്ഠിച്ച വിമോചന ദൈവശാസ്ത്രത്തിന്റെ തീപ്പന്തങ്ങൾ ഇനിയും ഉജ്ജ്വലിച്ചു നില്ക്കുകയല്ലെന്നുണ്ടോ. Stan പറഞ്ഞുവച്ച 'ഞാൻ ഒരു നിശ്ശബ്ദ കാഴ്ചക്കാരനല്ല." I am not a silent spectator എന്ന പ്രയോഗത്തിന്റെ തീഷ്ണത എത്രമാത്രം എന്നറിയണമെങ്കിൽ നമ്മൾ ഭാരതത്തിലെ ആദിവാസി-ദലിത-അടിസ്ഥാന വർഗ്ഗ-പരമ്പരാഗത തൊഴിൽ മേഖലകളിലേക്ക് ഇറങ്ങി നില്ക്കണം. ഒരുകാലത്ത് വിശ്വാസ പ്രചരണത്തിന്റെ ഭാഗമായി മിഷണറിമാരായി ക്രിസ്ത്യാനികളാക്കാനും സവർണ്ണ ജാതിക്കാരെ പഠിപ്പിച്ചു. വളർത്താനുമൊക്കെ മെനക്കെട്ട സഭ ക്രൂശിതനെ പിന്നെയും തൂക്കിലേറ്റുന്ന പ്രക്രിയയിൽ ആയിരുന്നു Contribute ചെയ്തിരുന്നതെന്ന തിരിച്ചറിവിലേക്ക് എങ്കിലും എത്തിയെന്നത് ഒരു ചെറിയ കാര്യമല്ല. ഡൈനമിക്ക് ആക്ഷന്റെ വിശ്വാസഗീതങ്ങളിൽ പാടുന്ന - "ആ സ്വർഗ്ഗം എനിക്ക് വേണ്ട" എന്നു പറഞ്ഞുവയ്ക്കുന്ന വിശ്വാസികളുടെ സംഖ്യ അനുദിനം പെരുകിക്കൊണ്ടിരിക്കുന്നു. ഉറപ്പ്.

ഈവക സംഭവങ്ങളുടെ ദേശീയതല ചർച്ചയ്ക്ക് ഒരുപക്ഷേ എനിക്ക് എടുത്ത് ഓർമ്മിപ്പിക്കാവുന്ന കഥ ഏറ്റവും അടുത്ത നാളുകളിലെ Stan Swamy-യുടെ ചിത്രം ആണ്. അദ്ദേഹത്തിന്റെ ഓർമ്മക്കുറിപ്പുകളുടെ I am not a silent spectator എന്ന പുസ്തകവും. ഞാനതു മുന്നോട്ടുവയ്ക്കുന്നത് Stan Swamy - യുടെ വ്യക്തിഗതാനുഭവം വച്ചിട്ടു മാത്രമല്ല. Stan പ്രതിനിധാനം ചെയ്യുന്ന ഒരു വ്യൂഹത്തെ We are a Legion എന്ന പ്രയോഗം മുന്നിൽ വച്ചാണ്. ഭാരത സഭാ സമൂഹത്തിൽ Stan ഒറ്റപ്പെട്ടു നിന്നു പ്രവർത്തിക്കുകയല്ല അദ്ദേഹം ഉൾപ്പെട്ട ഈശോ സഭാ സന്യാസി സമൂഹം ഇൻഡ്യയിലൊട്ടാകെ പരിവർത്തനത്തിന്റെ കാഹളം ഊതി നില്ക്കുന്ന ഒരു സാഹചര്യം ആണ്. ബാംഗ്ലൂരിലെ Indian Social Institute Extension Centre എന്ന സ്ഥാപനം ഒരു വിപ്ലവ പരിശീലന കേന്ദ്രം. മൂന്നു മാസത്തെ പഠന പ്രക്രിയകൾ ആവർത്തിച്ചു കഴിഞ്ഞ പത്തു നാല്പത് വർഷങ്ങളായി ഇൻഡ്യയിലാകമാനം സമൂഹ പരിവർത്തനത്തിന് ആളുകളെ പരിശീലിപ്പിക്കുന്ന ഒരു കേന്ദ്രമുണ്ട്. ഒരു കാലയളവിൽ Stan അതിന്റെ ഡയറക്ടർ ആയിരുന്നു. അവിടെ നിന്നും മാറിയാണ് ജാർഖൻഡ് സംസ്ഥാനത്ത് അദ്ദേഹം ഹിന്ദി മേഖലയ്ക്ക് പ്രത്യേകമായി തന്റെ സ്ഥാപനം തുടങ്ങിയതും അതിന്റെ പേരിൽ നക്സലിസമെന്നാരോപിച്ച് ജയിലിലടച്ചതും കൊന്നതും. ഒരുപക്ഷേ കൃത്യമായും വിമോചന ദൈവശാസ്ത്രത്തിന്റെ ഭാരതത്തിലെ ആദ്യ രക്തസാക്ഷി.

1993-ൽ Stan എഴുതിയ ഒരു ഗ്രന്ഥമുണ്ട്. Religion as Social Protest അതിലുടനീളം അദ്ദേഹം പറഞ്ഞുവയ്ക്കുന്ന ഒരുപിടി കാര്യങ്ങളുണ്ട്, പ്രയോഗങ്ങളുണ്ട്. അതിൽ വിമോചന ദൈവശാസ്ത്രത്തെക്കുറിച്ച് ഒരു അവസാന അദ്ധ്യായമുണ്ട്. അതിൽ അദ്ദേഹം പറഞ്ഞുനിർത്തുന്ന കാര്യങ്ങൾ വച്ച് അതേ സഭയിലുള്ള വിമോചന ദൈവശാസ്ത്രത്തിന്റെ പ്രയോഗ രീതികളെക്കുറിച്ച് ചില കാര്യങ്ങൾ കൂടി ഞാൻ കൂട്ടിച്ചേർത്തുകൊള്ളട്ടെ.

മിണ്ടാതിരിക്കാൻ എനിക്ക് എന്തവകാശം എന്നു ഗർജ്ജിച്ച ബിഷപ്പ് പൗലോസ് മാർ പൗലോസിൽ തുടങ്ങി വിമോചനത്തിന്റെ ശാസ്ത്രത്തിന്റെ യാഗാശ്വത്തെ തുറന്നുവിട്ട മഹത്വമാർന്ന വ്യക്തികളിൽ അതുല്യമായ ഒരു സ്ഥാനം അവകാശപ്പെടുത്തുന്ന സ്റ്റാനിന്റെ ഉദ്ധരണികളിലൂടെ ഭാരതത്തി ലാകമാനമുള്ള വിമോചന ദൈവശാസ്ത്രത്തിന്റെ വ്യാപ്തിയെ പറഞ്ഞു നിർത്തി അവസാനിപ്പിക്കാനാണ് ഞാനാഗ്രഹിക്കുക.
അദ്ദേഹം എഴുതി:

Considering liberation Theology from the perspective of 'social protest', there can be little doubt that it represents a strong protest against

i) Capitalism as a system.
ii) The Capitalist Nations.
iii) The Multinational corporations.
iv) The National Bourgeois classes.
v) The National Bourgeois Governments.
vi) The Institutional churches.

ലാറ്റിനമേരിക്ക, ഫിലിപ്പൈൻസ്, ക്യൂബ, വിയറ്റ്നാം, പോളണ്ട്, ബ്രസീൽ തുടങ്ങി നിരവധി രാജ്യങ്ങളിൽ ഈ ചിന്താധാരയുടെ പ്രതിഫലനങ്ങൾ കണ്ടുകഴിഞ്ഞു. ഏഷ്യയിലെ മിക്ക രാജ്യങ്ങളും വിദേശാധിപത്യത്തിൽ നിന്ന് സ്വാതന്ത്ര്യം നേടിവന്ന കാലയളവുകൾ ആകുന്നു അത്. വലിയ സ്വപ്നങ്ങളും "Tryst with destiny" സ്ഥാപിച്ചു ഇറങ്ങി നടന്നു കയറിയ വഴികൾ. അതിലൊക്കെ വിമോചന ദൈവശാസ്ത്രത്തിന്റെ അടിയൊഴുക്കുകൾ. സാമുവൽ അച്ചന്റെ വിമോചന ദൈവശാസ്ത്രം എന്ന ശീർഷകത്തിലെ അവസാന ഭാഗങ്ങൾ ഉദ്ധരിച്ച് ഞാൻ ഓർമ്മിച്ചെടുക്കട്ടെ.

"We know we have a history of freedom and a history of struggles to be ourselves and masters of our destiny which God holds in our hands".

ഈ വിമോചനധാരയിൽ ഉൾച്ചേർന്ന് ദരിദ്രപക്ഷപാതം പ്രഖ്യാപിച്ച് കേരളത്തിൽ ഇറങ്ങിനിന്ന ഒരുപിടി ഇടവക വൈദീകർ ആ കാലഘട്ടത്തിൽ ഉണ്ടായിരുന്നു. അവരുടെ പേരുകൾ മാത്രം കുറിച്ചിടട്ടെ. ഫാ. സെബാസ്റ്റ്യൻ പൈനാടത്ത്, ഫാ. മൈക്കിൾ കാരിമറ്റം, ഫാ. ജോസ് മുളങ്ങാട്ടിൽ, ഫാ. അലോഷ്യസ് ഡി. ഫെർണാണ്ടസ്, ഫാ. ജോസഫ് തോമസ്, ഫാ. സെബാസ്റ്റ്യൻ ജോർജ്ജ്, ഫാ. അലോഷ്യസ് തെക്കേപാലക്കൽ, ഫാ. വിൻസന്റ് മച്ചാർഡോ, ഫാ. സോളമൻ, ഫാ. ജെയിംസ് കുലാസ്, ഫാ. പങ്ക്രേഷ്യസ്, ഫാ. എം. നിക്കളസ്, ഫാ. റൊമാൻസ് ആന്റണി, ഫാ. ജോൺ കവലക്കാട്ട്, ഫാ. സെബാസ്റ്റ്യൻ കിഴക്കേകുറ്റ്, ഫാ. ജോസ് ചിറ്റിലപ്പള്ളി, ഫാ. തോമസ് തേരകത്ത്, ഫാ. റെജി, ഫാ. ജെറോം അഗസ്റ്റിൻ തുടങ്ങി ഏറെപ്പേർ. ക്രിസ്റ്റ്യൻ ഫോർ റാഡിക്കൽ ആക്ഷൻ, ക്രിസ്റ്റ്യൻ ഫോർ സോഷ്യലിസം, കാത്തലിക് പ്രീസ്റ്റ് കോൺഫറൻസ് ഓഫ് ഇൻഡ്യ തുടങ്ങിയ സംഘങ്ങളിലൂടെയും പ്രാദേശിക സംഘങ്ങളിലും പ്രസ്ഥാനങ്ങളിലും കൂടിനിന്ന് വിമോചന ദൈവ ശാസ്ത്രവക്താക്കളായി കേരളത്തിലെ പരമ്പരാഗത മത്സ്യത്തൊഴിലാളി പ്രസ്ഥാനത്തെ പിന്തുണച്ച് ശാക്തീകരിച്ചവരാണ് ഇവരൊക്കെയും. അവരെ ഓർമ്മിച്ച് നമിക്കട്ടെ.

# 1.16 ജലവും മത്സ്യവും സംരക്ഷിക്കാൻ

SUCI ഒന്നാം സംസ്ഥാന (18-ാം ദേശീയസമ്മേളനം) സമ്മേളനത്തിൽ ചെയ്ത പ്രഭാഷണ സംഗ്രഹം.

## സുഹൃത്തുക്കളെ, അഭിവാദ്യങ്ങൾ!

എനിക്ക് ഒരു വിഷയ വ്യക്തതയില്ല. നിങ്ങളുടെ പഠന വിഷയങ്ങളെക്കുറിച്ച് പരാമർശിക്കുവാനുള്ള രാഷ്ട്രീയബോധം എനിക്കുണ്ടാവില്ല. അന്തർദേശീയവും ദേശീയവുമായ രാഷ്ട്രീയ പ്രതിഭാസങ്ങളെക്കുറിച്ച് ഗൗരവമായിത്തന്നെ വിശദീകരിക്കുവാൻ കഴിവുള്ളവർ നിങ്ങളുടെ സംഘത്തിലുണ്ടാവും എന്നാണ് എന്റെ ധാരണ. അവിടെയൊക്കെ ഞാനൊരു അനഭിജ്ഞനാണ്. അതുകൊണ്ട് എന്നെ വെറുതേ വിടുക.

കഴിഞ്ഞ ഒരു മത്സ്യത്തൊഴിലാളി സമരത്തിന്റെ പരിചയത്തിന്റെ പേരിലാണ് എന്നെ ക്ഷണിക്കുന്നതെന്ന് സംഘാടകൻ പറഞ്ഞു, നന്ന്. ഈ അവസരം ഞാൻ ഉപയോഗപ്പെടുത്തുന്നു. പ്രസ്തുത സമരത്തിൽ ഞങ്ങളോടു സഹകരിച്ച SUCI-യുടെ നിരവധി സുഹൃത്തുക്കളോടും പ്രസ്ഥാനത്തോടും നന്ദി പറയുവാൻ. പ്രസ്തുത സമരത്തിന്റെയും അതു സംഘടിപ്പിച്ച കേരള സ്വതന്ത്രമത്സ്യത്തൊഴിലാളി ഫെഡറേഷന്റെയും പശ്ചാത്തല പരിചയങ്ങളിൽ നിന്നു കൊണ്ടുതന്നെ ഞാൻ സംസാരിക്കട്ടെ. രാജ്യങ്ങളുടെ ഒരു പഴയ കണക്കുകൂട്ടലുണ്ടായിരുന്നു.

ഒന്നാംചേരി - പടിഞ്ഞാറൻ ക്യാപ്പിറ്റലിസ്റ്റു രാജ്യങ്ങൾ
രണ്ടാംചേരി - കിഴക്കൻ കമ്മ്യൂണിസ്റ്റ് രാജ്യങ്ങൾ
മൂന്നാംചേരി - തെക്കൻ നിയോ - കൊളോണിയലിസ്റ്റ് രാജ്യങ്ങൾ
നാലാംചേരി - അവികസിത രാജ്യങ്ങൾ.

ഇങ്ങനെയൊക്കെതന്നെയാണോ ഈ നേരവും സാമൂഹ്യ വിദഗ്ധർ രാജ്യങ്ങളുടെ വിഭജനം നടത്തുക എന്നറിയില്ല. ഏതായാലും അവികസിത രാജ്യങ്ങളുടെ പട്ടികയിൽത്തന്നെ ഈ നേരവും നമ്മുടെ നാട് നിലകൊള്ളുന്നുവെന്നാണ് എന്റെ കണക്കുകൂട്ടൽ. ഈ അവികസിത/അതല്ലെങ്കിൽ അർദ്ധവികസിത രാജ്യത്തിന്റെ വികസനത്തിന്റെ ചരിത്രം ആണ് കഴിഞ്ഞ ഏഴ് പഞ്ചവത്സര പദ്ധതികളുടേത്. കഴിഞ്ഞ പത്ത് ലോകസഭാഭരണകൂട സംവിധാനങ്ങളുടെ നടത്തിപ്പിന്റെ ഭാഗധേയങ്ങൾ അനുഭവിച്ചു കഴിയുന്നൊരു ജനവിഭാഗത്തിന്റെ ഓഹരിവിഹിതങ്ങളെക്കുറിച്ച് കണക്കെടുത്തു കഴിയുന്നൊരു കാലയളവിലാണ് നമ്മൾ ജീവിക്കുന്നത്.

സാമ്പത്തിക വിദഗ്ധരുടെ കണക്കുകൾ ഉദ്ധരിക്കാൻ എനിക്ക് താല്പര്യമില്ല. കേന്ദ്രമന്ത്രി മൻമോഹൻ സിംഗിന്റെയും ദേശീയ അന്തർദ്ദേശീയ പണ്ഡിത ശിരോമണികളുടെ കണക്കെഴുത്തും മൂല്യനിയന്ത്രണവും എനിക്ക് മനസ്സിലാകുന്നതുകളല്ല. പക്ഷേ, ഈ മേൽക്കോയ്മകളുടെയൊക്കെ കീഴറ്റത്ത് നില്ക്കുന്ന ഒരു വിഭാഗം ജനത്തിന്റെ അനുദിന ജീവിതക്കണക്ക് എനിക്ക് ഏകദേശം തിട്ടമുണ്ട്.

കേരളത്തിലെ രണ്ടു ലക്ഷത്തോളം വരുന്ന ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ ഇന്നത്തെ സാമ്പത്തിക നിലവാരം അറിയിക്കുന്ന തുക വട്ടപൂജ്യം പോലുമില്ല. 1991 ആഗസ്റ്റ് തുടങ്ങി പണിയില്ലാതെ പട്ടിണിയും പരിവട്ടവുമായി ജീവിതം തള്ളിനീക്കുന്ന ഈ ജനവിഭാഗങ്ങൾ ജീവിക്കുന്നത് പിന്നെയും പിന്നെയും കടംകൊണ്ടിട്ടും, കൊള്ളപ്പലിശയ്ക്ക് വഴിമരുന്ന് ഇട്ടിട്ടും ആണെന്നു പറയുമ്പോൾ എട്ടാം പഞ്ചവത്സര പദ്ധതി വരെയെത്തിനില്ക്കുന്ന വികസനം ഈ ജനത്തെ കൊണ്ടുചെന്ന് എത്തിച്ചത് വിടെയാണെന്ന് വ്യക്തമാകുമല്ലോ. ഈ 'സീറോ' ലവലിൽ നിന്നു സംസാരിച്ചു തുടങ്ങുമ്പോൾ ഒരുനിര ചോദ്യങ്ങൾ നമുക്ക് ചോദിക്കാം.

ഇക്കൂട്ടരുടെ പ്രകൃതിപാരമ്പര്യം
ഇക്കൂട്ടരുടെ ദേശീയ സംവിധാനത്തിലുള്ള പ്രതിഷ്ഠ.
ഇക്കൂട്ടരുടെ രാഷ്ട്രീയാവബോധങ്ങൾ – ഇതര പാരമ്പര്യങ്ങളും
ഇക്കൂട്ടരുടെ സംഘാടനം/അവബോധ വളർച്ച.
ഒക്കെയും വളരെ വിപുലമായിത്തന്നെ കൈകാര്യം ചെയ്യപ്പെടേതണ്ടുതന്നെ. ഇതിന്റെയൊക്കെ പ്രസക്തി എന്താണെന്ന് ചോദിക്കാൻ മതി. ഈ വിഭാഗങ്ങളുടെയൊക്കെ ട്രേഡ് യൂണിയൻ സഹായവും പരിഗണിച്ചു നീങ്ങിയാൽ പോരേ എന്ന ചോദ്യവും ചോദിക്കാം.

പക്ഷേ, പറയട്ടെ ഞങ്ങളുടെ സംഘാടനത്തിന്റെ സാഹചര്യം ഒരു വിഭവ പ്രതിസന്ധിയുടെ സാഹചര്യത്തിൽ നിന്നാണ്. വിഭവ പ്രതിസന്ധിയെന്നു പറയുമ്പോൾ ഒരു അടിസ്ഥാന വിഭവ പ്രതിസന്ധി. ഇതിന്റെ പ്രധാനപ്പെട്ട മൂന്ന് ഘട്ടങ്ങൾ ഞങ്ങൾക്ക് വിശദീകരിക്കാനാവും.

1981–'84 കളിലെ ആദ്യ സമര മുദ്രാവാക്യം.
ട്രോളിംഗ് നിരോധിക്കൂ
തീരം പട്ടിണിയാവുന്നു
മത്സ്യസമ്പത്ത് സംരക്ഷിക്കാൻ
നടപടിയെടുക്കൂ സർക്കാരെ.
89–കളിലെ ജലം സംരക്ഷിക്കൂ – ജീവൻ രക്ഷിക്കൂ.

നോക്കൂ, ജീർണ്ണതയുടെ പടികൾ ഒരു ജനവിഭാഗത്തിന്റെ കഴിഞ്ഞ 10 വർഷങ്ങളിലൂടെയുള്ള അലമുറയുടെ സ്വരങ്ങൾ ശ്രദ്ധിക്കൂ. ഇവിടുത്തെ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ വകവച്ചിട്ടില്ലെങ്കിലും വസ്തുതാപരമായി ഒരു അടിസ്ഥാന വർഗ്ഗമാണ് മത്സ്യത്തൊഴിലാളികൾ – മണ്ണു കിളയ്ക്കുന്ന കർഷകനെപ്പോലെ, കാടു ഭരിക്കുന്ന ആദിവാസിയെപ്പോലെ. പക്ഷേ, ഭരണക്രമത്തിൽ സംഘടിത വർഗ്ഗങ്ങളുടെ കണക്കുകൾ മാത്രം തേടിപ്പിടിച്ച് തൊഴിലാളി വർഗ്ഗ സംഘാടനം നടത്തുന്നവർ ഉപേക്ഷിച്ചുകളഞ്ഞ ഇക്കൂട്ടർ ക്രമേണ ശൂന്യ വല്ക്കരിക്കപ്പെടുന്ന വർഗ്ഗങ്ങളായിരുന്നു. വിഭവങ്ങളുടെ ശോഷണവും അതിന്റെ പരിണിത ഫലമായി രാഷ്ട്രീയാസ്ഥിത്വത്തിന്റെ ശൂന്യവൽക്കരണവും.

ഇവിടെ ഈ വിഭാഗത്തെ കണ്ടുമുട്ടുമ്പോൾ പാരമ്പര്യവും അതിൽനിന്ന് പറിച്ചുമാറ്റിയുള്ള ദേശീയ സംവിധാന പ്രതിഷ്ഠയും ഏറെ വിശദീകരിക്കപ്പെടാൻ മതി.ജലവും മത്സ്യവും അടങ്ങുന്ന ഒരു അടിസ്ഥാന വിഭവത്തെ പൊതുമുതൽ സമ്പ്രദായത്തിൽ ഈ നേരം വരെയും കാത്തു

സൂക്ഷിക്കുന്ന ഒരു ജനപദമാണിവിടെ പരാമർശം. ശാസ്ത്രകാരന്മാരുടെ ഭാഷയിൽ പറഞ്ഞാൽ 65 കോടി വർഷങ്ങളിലെ ജൈവപരമായ ഒരു പ്രതിഭാസത്തിന്റെ കൂട്ടുടമകളാണീ മനുഷ്യർ. ഭൂമിയെ ഒരു ദാനമായി കാണുകയും പ്രപഞ്ച ജീവികളെ ആകമാനം ഉപഭോഗ വസ്തുവെന്നല്ലാതെ ജീവനും, നിലനില്പിനും അവകാശമുള്ള വ്യക്തിരൂപങ്ങളായിക്കണ്ട് പെരുമാറിയിരുന്ന ഒരു പാരമ്പര്യത്തിന്റെ ഉടമകൾ.

ഇന്നിപ്പോൾ മനുഷ്യൻ കാര്യക്കാരനും കാരണക്കാരനും എന്ന നിലയിൽ പെരുമാറുന്ന പുത്തൻ സാമൂഹ്യവ്യവസ്ഥയിലേക്കുള്ള അട്ടിമറി എത്ര പെട്ടെന്നായിരുന്നുവെന്നോ. ഒക്കെയും തകിടം മറിക്കപ്പെട്ടു. ജനാധിപത്യം വരെയുള്ള മനുഷ്യരുടെ ആധിപത്യങ്ങളുടെ ചരിത്രം പ്രകൃതിയുടെ ആവാസ വ്യവസ്ഥകളിൽ വേരുള്ള കുത്തകാധിപത്യത്തിന്റേതു കൂടിയായിരുന്നു.

കവർച്ചയുടെ ആ പാരമ്പര്യം പ്രകൃതിയെ, പ്രകൃതി സമ്പത്തിനെ, പ്രകൃതി മനുഷ്യരെ ഇല്ലായ്മ ചെയ്ത് വളർന്നു കൊഴുക്കുമ്പോൾ അതിന്റെ ചരിത്രങ്ങൾ പറയുക ഈ കഴിഞ്ഞ സമരങ്ങളൊക്കെത്തന്നെയാണ്. യന്ത്ര വല്ക്കരണം വ്യവസായ വല്ക്കരണം, കൃഷിരീതികളുടെ (രാസവള/കീടനാശിനി) ആധുനീകരണം എന്നിങ്ങനെ നടപടികൾ ആരംഭിച്ചപ്പോൾ ഭൂമി മരിക്കുക യായിരുന്നു. ജലം നശിക്കുകയായിരുന്നു. ഇപ്പോൾ പ്രകൃതിയും മനുഷ്യനും ഒന്നിച്ചു മരിക്കുന്ന ഒരു മത്സ്യരോഗ പ്രതിസന്ധിയുടെ മുന്നിൽ നിന്നുകൊണ്ട് അലമുറയിടുന്ന ഞങ്ങളുടെ ഒരു കൂട്ടം മനുഷ്യരെ മുൻനിർത്തി സംസാരിക്കുമ്പോൾ ഇന്ന് ജനങ്ങളുടെ കൈയ്യവകാശം പറയുന്നവരെക്കുറിച്ചുകൂടി പരാമർശിക്കേണ്ടിവരും. എല്ലാവരേയും നമ്മൾ കണ്ടിട്ടുണ്ട് – ജാതി, മതം, വർഗ്ഗം, പാർട്ടി.

ഇതുകൾ ഓരോന്നിന്റെയും കൈവയ്ക്കലുകളെക്കുറിച്ച് നമുക്ക് കണക്കു കൾ വയ്ക്കാനുണ്ടാവും. ഇന്നും ഇക്കൂട്ടരുടെയൊക്കെ കൈയ്യവകാശം തന്നെ ഈ മനുഷ്യർ. ഇവരൊക്കെയും ആദ്യം വിവരിച്ച ശൂന്യവല്ക്കര ണത്തിന് കൂട്ടിക്കൊടുപ്പുകാരും. ഇവരൊക്കെയും കൈകാര്യം ചെയ്തു വരുന്ന ക്രമത്തിൽ സമരങ്ങൾ ഒരറുതി വരെ പ്രയോജനപ്പെട്ടിരുന്നു. പ്രശ്നങ്ങൾ കേന്ദ്രീകരിച്ച് സമരമുഖങ്ങൾ തുറന്നപ്പോഴൊക്കെ ജനം അണിനിരന്നു ഇറങ്ങിയിട്ടുണ്ട്. വാഗ്ദത്ത ഭൂമിയിലേക്കുള്ള നടപ്പ്. ഇവിടെ സഹനവും ഞെരുക്കവും വകവയ്ക്കാതെ നടന്നു നീങ്ങി. ഒത്തിരി കഥകൾ പറയാനുണ്ട്. പക്ഷേ, ഇന്ന് സമരതന്ത്രങ്ങളെ പരാജയപ്പെടുത്തുന്ന നീക്കങ്ങൾ ശക്തിപ്പെടുന്നു.

1. സമരം പ്രഹസനമാക്കുന്ന രാഷ്ട്രീയ ശൈലി. ദീപസ്തംഭം മഹാശ്ചര്യം നമുക്കും കിട്ടണം പണം എന്ന ഭാഷ്യം. സമരത്തൊഴിലാളികളും ബഹുമാന്യ നേതാക്കന്മാരും.
2. സമരത്തിന്റെ നേട്ടങ്ങൾക്ക് എത്തിപ്പിടിക്കാൻ ആവാത്ത വിധം താറുമാറായ സാമ്പത്തിക ശക്തി ബന്ധങ്ങൾ.
3. മുതലാളിത്തത്തിന്റെ പ്രീണന നയങ്ങൾ കൊണ്ട് തന്നെ തൊഴിലാളി കളെ തലോടി നിർത്തുന്ന വിപ്ലവ പാർട്ടികളുടെ സമീപനം.

4. സമരങ്ങളെ തച്ചുതകർക്കാൻ പണവും പട്ടാളവുമായി പിൻവാതിൽ കയറുന്ന മുതലാളിത്ത ശക്തികൾ.

5. ജാതിയും മതവും വർഗ്ഗീയതയും കൊണ്ട് തൊഴിലാളികളെ വേർതിരിക്കുന്ന വിരുദ്ധ ശക്തികളുടെ ക്രമാതീത വളർച്ച.

6. ആ പഴയ സ്വർഗ്ഗ ഭാഷ്യം വിട്ട് ഇന്നാട്ടിലേയ്ക്ക് കുരുട്ടു വിദ്യകളുമായി രോഗശാന്തിയും അത്ഭുത വരങ്ങളും മന്ദിറും, മസ്ദിജും റൊട്ടിയും ഒക്കെയായി കയറിയിറങ്ങുന്ന മുതലാളിത്ത ദല്ലാളരായ മതശക്തികൾ.

ഇതുകളെയെല്ലാം പ്രതിരോധിച്ച് തൊഴിലാളി പ്രസ്ഥാനങ്ങൾ മുന്നോട്ടു കൊണ്ടു പോകേണ്ടിവരുമ്പോൾ ഇവിടെ കുറച്ചു ശക്തികളേയുള്ളൂ. അവയുടെ ഏകീകരണം സാദ്ധ്യമാവുകയില്ലെങ്കിൽ സഹകരണമെങ്കിലും ഉണ്ടാവണം.

സഹകരണത്തിന്റെ ഏറ്റവും നല്ല മാർഗ്ഗം സമരവുമാണ്. വെള്ളപ്പൊക്കത്തിലുണ്ടോ വയൽവരുമ്പുകൾ തെളിയുന്നു. ഇന്നിപ്പോൾ ഒരു വലിയ ദേശീയ പ്രതിസന്ധിയുടെ മുന്നിൽ നിന്നുകൊണ്ട് നാം എന്താണ് ചെയ്യുക. വിപ്ലവത്തിന് പുതിയ ഭാഷ്യം ഉണ്ടാകണം. അതിനുതകുന്ന ഹൃദയാർദ്രതകളുണ്ടാകണം. അവിടെ പുതിയ പ്രയോഗവും വന്നുചേരും.



# 1.17 ജോയിച്ചൻ ആന്റണി അനുസ്മരണം



15-05-1991

**ഇതൊരു തരം നൃത്തമാണ്.**

ആകാശം പെരുമ്പറ കൊട്ടി താളം പിടിക്കുന്നു.
മേഘങ്ങൾ തീപ്പാളികളെറിഞ്ഞ് അരങ്ങു തെളിക്കുന്നു.
കാറ്റിലാടിയുലഞ്ഞ് നീർപ്പാളികൾ ചുവടു വച്ച് ഒരുന്മാദ നൃത്തം.
നടരാജ നൃത്തത്തിന്റെ വിലാസഭംഗിയോടെ
കാറ്റും കോളും മഴയും ഇടിയും ഒക്കെക്കൂടെയുള്ള
പ്രകൃതിയിലേയ്ക്ക് നോക്കി നില്ക്കുമ്പോൾ
ഞാൻ നമ്മുടെ ജോയിച്ചനെ കണ്ടു.
നമ്മുടെ സുഹൃത്തും സോദരനും
ഈ പിഞ്ചുകുഞ്ഞുങ്ങളുടെ പിതാവുമായ ജോയിച്ചനെ -
ജോയിച്ചന്റെ ജീവൽ രൂപം എന്റെ കൺമുൻപിലുണ്ട്.
കണ്ണഞ്ചിപ്പിക്കുന്ന തീനാളമായിരുന്നു അവൻ
അവനിൽ നിന്നു കൊളുത്തിയ ദീപങ്ങൾ
എത്രയെന്ന് എണ്ണിക്കൂടാ
1981. പത്തു വർഷങ്ങൾക്ക് മുമ്പ്
തിരുവനന്തപുരം സെക്രട്ടറിയേറ്റ് നടയിൽ
നിരാഹാരപ്പന്തലിൽ കിടന്ന്
ഊതിയെരിയിച്ച അഗ്നിയിൽ പാകം ചെയ്ത
ചൈതന്യങ്ങൾ എത്രയെന്നു പറയാമോ.
മത്സ്യത്തൊഴിലാളിയെന്ന പേരുപോലും
ആ ഒരു കാലഘട്ടത്തിനു ശേഷമുള്ള പ്രയോഗമല്ലേ?
പത്രങ്ങൾ മറിച്ചുനോക്കുമ്പോൾ ഗവൺമെന്റ് രേഖകൾ
പബ്ലിക്ക് റിലേഷൻസിന്റെ കാര്യാലയത്തിലെ
പഴയ കടലാസു കഷണങ്ങൾ -
ഇന്നേപ്പോലെ ഒരു പ്രയോഗമൊന്നും
81-നു മുൻപ് കണികാണാൻ പോലുമുാവില്ല.
അതിനും മുൻപേ 1979-ൽ തുടങ്ങി
81-ലും 84-ലും 89-ലും ഒക്കെത്തന്നെ
അഗ്നിഗോളം പോലെ ഈ കൊച്ചു സംസ്ഥാനത്ത്
കായലോര-കടലോര-ആറ്റുതീരത്തൊഴിലാളികളുടെ

ഇടയിൽ അവൻ മിന്നി നിന്നു.
ഒരായിരം അഗ്നിനാളങ്ങൾ ജ്വലിപ്പിച്ചു നിന്നു
അഗ്നിയായ് – ആവേശമായി
വീര്യമായ് – വിജയമായ്
അവൻ തുടിച്ചുനിന്നു.
നമ്മുടെ ജോയിച്ചൻ ഇടിനാദമായിരുന്നു
ചർച്ചകളിൽ വേദികളിൽ
കോൺഫറൻസ് ഹാളുകളിൽ
സുഹൃത് വേദികളിലൊക്കെ മുഴങ്ങി നിന്ന
അവന്റെ സ്വരം ഉൾക്കാഴ്ചയും ഉന്മേഷവും
ഒരുപോലെ കൈമാറുന്നതായിരുന്നു.
പരമ്പരാഗത മേഖലയ്ക്കുവേണ്ടി
അലറി ശബ്ദിച്ച അവന്റെ സ്വരം
ഒരർത്ഥത്തിൽ തിരമാലകളുടെ വീര്യമായിരുന്നു.
വള്ളം തുഴഞ്ഞ് വലപിടിച്ചു മറിച്ച
ഈ തിരകളുടെ വീര്യം ഉൾക്കൊണ്ടാ ആ സ്വരം
ഇന്നും നിലയ്ക്കാതെ ഏറ്റുപിടിച്ചു നില്ക്കാൻ സാഹചര്യം
ജോയിച്ചൻ നയിച്ച ഒരു പ്രസ്ഥാനത്തിന്റേതാണെന്ന്
ഉള്ളപ്പോഴും ആ സ്വരത്തിന്റെ ആദ്യ ഉടമ ജോയിച്ചൻ തന്നെ.
തെന്നി മാറുന്ന കാറ്റിലേയ്ക്ക് ഞാൻ നോക്കിയിരുന്നു
കണ്ണൂരു മുതൽ കോഴിക്കോടു മുതൽ വിഴിഞ്ഞം വരെ
ഓടിയെത്തിനിന്ന ചടുലതകൾ കഴിഞ്ഞ
ഒരു ദശകത്തിൽ ജോയിച്ചന്റേതായിരുന്നു.
സമരനായകനായി നിന്ന്
കടലിലും കരയിലും സമരത്തിന് ചുക്കാൻ പിടിച്ച
ആ അമരക്കാരൻ ഒരു കൊടുങ്കാറ്റുപോലെ
തിമിർക്കുന്നവനായിരുന്നു.
ഊർന്നു വീഴുന്ന മഴത്തുള്ളികളുടെ ആരവത്തിൽ
ഞാൻ നമ്മുടെ ജോയിച്ചനെ കണ്ടു.
പെരുമഴപോലെ പെയ്തു മറയുന്ന ഒരു പ്രതിഭാസം
നിർത്തില്ലാതെ – ആവേശം വിടാതെ
നിന്നു പെയ്യുന്ന പ്രകൃതത്തിൽ ഒരു കാലം മുഴുവൻ
സംഘാടനവും സമരവുമായി കഴിയുമ്പോഴായിരിക്കും
മാസങ്ങൾ കഴിഞ്ഞ് ഷീലയും കുഞ്ഞുങ്ങളും
അച്ഛനും അമ്മയും അവനെ കണ്ടെത്തുക
അതിന്റെ പാരുഷ്യങ്ങൾ പരിവേദനങ്ങളായി

ഇന്നും ആ കൊച്ചു കുടുംബത്തിന് പറയാനുള്ളപ്പോഴും
ജോയിച്ചൻ പെയ്ത് തീർത്ത മഴകൾ ഇന്നും
ഈയൊരു വിഭാഗത്തിന്റെ കുടിനീരാണ് - തർക്കം വേണ്ട
നമ്മുടെ ജോയിച്ചനെ ഇന്നലെ ഞാനിങ്ങനെ
നേരിൽ നോക്കി നില്ക്കുമ്പോൾ
ഒരു നിമിഷം ഞാനലച്ചു-
എന്റെ കണ്ണുകൾ ഞാൻ ഇറുക്കി അടച്ചു
ഈ രൂപം കണ്ടു നില്ക്കാൻ എനിക്കാവില്ല
ഓർമ്മകൾ ഒതുക്കി നിർത്താൻ എനിക്കാവില്ല
നമ്മുടെ ജോയിച്ചൻ മരിച്ചു.
ഇന്നേയ്ക്ക് മുന്നൂറ്റി അറുപത്തിയഞ്ച് ദിവസം മുമ്പ്
ആ ദിവസത്തെ ദുഃഖ സ്മൃതികളിൽ ഞാൻ മുഴുകി
തിരതല്ലി നമ്മുടെ ജോയിച്ചനെ അടിച്ചിട്ടു.
അതോ കടലമ്മയുടെ മടിത്തട്ടിൽ
അവൻ തളർന്നു വീണതോ?
കടലമ്മ അവനെ മടിത്തട്ടിൽ കിടത്തി
തിരയോളങ്ങളുടെ കൈകൾ കൊണ്ട് തലോടി
ജോയിച്ചനെ വിശ്രമിപ്പിക്കുന്ന ചിത്രമാണ്
എന്റെ മനസ്സിൽ നിറഞ്ഞതും.
ഒരർത്ഥത്തിൽ ഒരു വിശ്രമം - ഒരു രക്ഷ (കഴിഞ്ഞ ദിവസം ഒരു സുഹൃത്ത്
പറഞ്ഞതുപോലെ അവനൊരുത്തൻ രക്ഷപെട്ടു).
ആ മരണത്തിന്റെ തിരിച്ചറിവുകളിൽ മുഴുകി ഞാനിരുന്നു.
അവനൊരു അഗ്നിനാളമായിരുന്നു.
“ഞാൻ തീയിടാൻ വന്നു
അത് ആളിക്കത്തുകയല്ലെങ്കിൽ
എന്താണ് ഞാനാഗ്രഹിക്കുക”
എന്നു പറഞ്ഞ യേശുവിനെപ്പോലെ
“ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു
എന്നെ അനുഗമിക്കുന്നവൻ
അന്ധകാരത്തിൽ നടക്കുന്നില്ല”
എന്നു പറഞ്ഞ യേശുവിനെ പോലെ
പുറപ്പാടിന്റെ പുസ്തകത്തിൽ
പകൽ മേഘസ്തംഭമായും
രാത്രി അഗ്നിത്തൂണായും
ജനത്തെ മോചനത്തിന്റെ വഴിയിലൂടെ
നയിച്ച ദൈവശക്തിയെപ്പോലെ

അവൻ നമ്മുടെ കൂടെ വഴിനടന്നു
അവനിലൂടെ ദൈവാരൂപിയും.
ഇടിമുഴക്കം ഇടിമുഴക്കം കേട്ടുവോ
എന്ന ഈരടികളിൽ മുഴങ്ങുന്ന ദൈവത്തിന്റെ വചനം പ്രേരണകൾ
ഉൾക്കൊണ്ട് അവൻ നിന്നു.
ആദിയിൽ വചനമെന്നതുപോലെ
കാലത്തിന്റെ തികവിൽ വചനം മാംസമായപോലെ
ഗലീലയിൽ, മലമുകളിൽ, ജറുസലേമിന്റെ
പ്രാന്തങ്ങളിൽ ഒക്കെ മുഴങ്ങിയ – ആ ഗലീലിയന്റെ
സ്വരം അവൻ ഏറ്റെടുത്തു.
കർഷകൻ വാരിയെറിഞ്ഞ വിത്തുപോലെ
മുപ്പതും അറുപതും നൂറും മേനി കായ്ക്കുന്ന
വചനത്തിന്റെ വിത്തുകൾ
വചനം മാംസമായി നമ്മുടെയിടയിൽ വസിച്ചു
കൃപയും സത്യവും നിറഞ്ഞ അവന്റെ
തേജസ് നാം കണ്ടു
കാറ്റിന്റെ ശക്തിയോടെ അവൻ കടന്നു നിന്നു
ആത്മാവിന്റെ ശക്തിയോടെ
ആദിയിൽ അരൂപമായതുകൾക്കു മീതെ
അവന്റെ ചൈതന്യം വ്യാപിച്ചതുപോലെ
പെന്തെക്കോസ്തയിൽ ചീറിയടുത്ത കാറ്റിന്റെ
തീവ്രതയോടെ ശ്ലീഹന്മാരിരുന്ന
ഭവനത്തിലെത്തിയതുപോലെ
മൃതരായിരുന്ന അവരുടെ ശിരസ്സുകൾക്ക് മീതെ
തീനാളമായി ഉയർന്നു തീപ്പന്തങ്ങളായി
പരിവർത്തനപ്പെട്ടതുപോലെ
പിന്നെയും കടലിന്റെ ഈ ഓമന
നീർത്തുള്ളിയായ്, ജലകണമായ്
നീരൊഴുക്കായ് പെരും നദിയായ്
അലകടലായൊക്കെ നമ്മുടെ മദ്ധ്യേനില്ക്കുന്നു
ആർക്കെങ്കിലും ദാഹിക്കുന്നെങ്കിൽ
അവനെന്റെയടുക്കൽ വരട്ടെ
അവനിൽ നിന്ന് ജീവന്റെ നീരുറവകൾ
പുറപ്പെടും എന്നു പറഞ്ഞ യേശുവിനെപ്പോലെ
ഗാഗുൽത്തായിൽ അവസാന തുള്ളി രക്തം വരെ
അവസാന തുള്ളി ജലം വരെയും

ചങ്കു പിളർന്നു നല്കിയ യേശുവിനെപ്പോലെ
ഈ കടൽത്തീരത്ത് തലപൊട്ടി
രക്തമൊഴുക്കി അവൻ കിടക്കുമ്പോൾ
തനിക്കുള്ളവരെ അവസാനം വരെ സ്നേഹിച്ചവന്റെ
നല്ല പ്രതീകമാണ് നമ്മുടെ ജോയിച്ചൻ
നല്ലവർക്കായുള്ളതുകൾ അവകാശപ്പെടുത്തി
നമ്മുടെ ജോയിച്ചൻ നമ്മിൽനിന്നും
വേർപെട്ടു നില്ക്കുമ്പോൾ നാം അറിയുന്നു
'സത്യമായും ഈ മനുഷ്യൻ ദൈവപുത്രനായിരുന്നു."
ദൈവപുത്രരുടെ അവകാശം പൂർണ്ണമായി
കൈയ്യവകാശപ്പെടുത്തി നിൽക്കുന്ന അവൻ മരിക്കുകയില്ല.
"എന്നിൽ വിശ്വസിക്കുന്നവൻ
മരിച്ചാലും ജീവിക്കും."
ആ ജീവന്റെ സ്മരണ പുതുക്കി നമുക്കൊരുമിക്കാം.
ഈ അൾത്താരയിൽ

ജീവനെ നിലനിർത്തുന്ന മരണത്തിന്റെ ഈ വേദിയിൽ ജീവന്റെ ഓഹരിക്കായി നമുക്കിവിടെ ഒത്തുചേരാം. ജീവന്റെ നിരവധി സന്ദർഭങ്ങളെ ഓർമ്മിപ്പിക്കുന്ന കാഴ്ചവസ്തുക്കളുമായി നമുക്ക് നില്ക്കാം. തീപ്പന്തം, വള്ളവും നയമ്പും, വെള്ളവും വീഞ്ഞും അപ്പവും ആയി ജീവൻ തുടിച്ചു നിൽക്കുന്ന ഈ സന്ദർഭങ്ങളിലൂടെ നമ്മുടെ ജീവൽ സുഹൃത്തിനെ നമുക്കിവിടെ സജീവനാക്കാം. മൃതരുടെ ഇടയിലല്ല ജീവിച്ചിരിക്കുന്നവരുടെ ഇടയിൽ നമുക്ക് ജോയിച്ചനെ തിരയാം.



# 1.18 ഹേ! മർത്ത്യ, നീ എന്റെ ദുഃഖമായ്

'മത്സ്യ കൂർമ്മ വരാഹ' – സങ്കല്പിച്ചു അഭിരമിച്ചിരിക്കുന്ന ഭാരതീയന് ഒട്ടുമേ സങ്കല്പിക്കാൻ കഴിയാത്ത ഒരനുഭവമാണ് കേരളത്തിലെ ശുദ്ധജലാശയങ്ങളിലെ മീനുകൾക്കു പടർന്നുപിടിച്ച പുണ്ണുരോഗം.

ആദ്യ റിപ്പോർട്ടുകൾ പൂക്കോട്ടു തടാകത്തിൽ നിന്ന് താഴോട്ടിറങ്ങി പമ്പ അച്ചൻകോവിൽ മണിമല ആറുകളിൽ ആ രോഗം പടർന്നുപിടിച്ചപ്പോൾ വെട്ടിലായത് ഉൾനാടൻ മത്സ്യത്തൊഴിലാളികളാണ്. പുണ്ണുബാധിച്ച മത്സ്യങ്ങൾ ചത്തൊടുങ്ങുന്നു. പിടിച്ചു വന്നാൽ ചന്തയിൽ ചെലവാകില്ല. ജീവിതമാകെ പ്രതിസന്ധിയിലായ ആറു മാസം. നീറുന്ന പ്രശ്നം ഏറ്റുപിടിച്ചു കൊണ്ട് KSMTF രംഗത്തു വന്നു. ഫെഡറേഷനിലെ ഒരു ഘടകമായ ആലപ്പുഴ ഉൾനാടൻ മത്സ്യത്തൊഴിലാളി യൂണിയൻ രണ്ടും കല്പിച്ച് മുന്നോട്ടിറങ്ങി. മീനിന്റെ സംരക്ഷണത്തിനും തൊഴിലാളിയുടെ നിലനില്പിനും വേണ്ടി സമരരംഗത്തിറങ്ങി നിന്ന നാളുകൾ ഓർമ്മിച്ചെടുക്കുമ്പോൾ:– ആദ്യം ഓർമ്മവന്നത് സമരപ്പന്തലിൽ വന്നിരുന്ന് കവിതയെഴുതിയ ONV യെ ആണ്. ഒപ്പം ആ സമരത്തിൽ പോസ്റ്റർ വരച്ചുതന്ന പ്രഭയേയും.

## സമരാനുഭവങ്ങൾ മുഴുവൻ പറഞ്ഞുവയ്ക്കുന്ന രണ്ടു പ്രതീകങ്ങൾ

ഉൾനാടുണർന്ന ആ സമരം സംബന്ധിച്ചുള്ള ഒത്തുതീർപ്പുകളും ശിഷ്ട പരിപാടികളും വേറൊരു കഥ. അതിലേയ്ക്ക് കടക്കും മുമ്പ് ഉൾനാടൻ മേഖലയിൽ ഉജ്ജ്വലിച്ച ഓരോ വ്യക്തികളേയും ഏറെ സ്നേഹത്തോടെ അഭിവാദ്യം ചെയ്ത് ഞാൻ ഈ അദ്ധ്യായം സമര സംഭവങ്ങളിലൂടെ തുടരട്ടെ.

ഉൾനാടൻ മത്സ്യത്തൊഴിലാളി സമരം 1991 മേയ് മാസം 25–ന് വയനാട്ടിലെ പത്രങ്ങളിൽ ആ വാർത്ത വന്നു. തിരുനെല്ലിക്കാടുകളിൽ നിന്നുത്ഭവിച്ച് കബനിയിൽ ചേരുന്ന ബേഗൂർ പുഴയിൽ മത്സ്യങ്ങൾ ധാരാളമായി ചത്തൊടുങ്ങുന്നു. നൂറുകണക്കിന് ആദിവാസി കുടുംബങ്ങൾ അടക്കം വളരെയേറെപ്പേർ കുടിവെള്ളത്തിന് ഈ പുഴയെ ആശ്രയിച്ചിരുന്നു എന്നുള്ളിടത്ത് പ്രശ്നങ്ങളുടെ ആരംഭം.

അവിടെനിന്ന് ഇങ്ങു താഴോട്ട് മത്സ്യരോഗം എന്ന വിനാശം കാട്ടുതീപോലെ എത്തി. ആഗസ്റ്റു മാസം അവസാനത്തോടെ (ആഗസ്റ്റ് 25, ദേശാഭിമാനി) അപ്പർ കുട്ടനാടൻ മേഖലയിലാകെ ശുദ്ധജല മത്സ്യങ്ങൾക്ക് അജ്ഞാത രോഗം പടർന്നുപിടിക്കുന്നു. മത്സ്യങ്ങൾക്ക് രോഗം പടർന്നുപിടിക്കുന്നതു മൂലം ആയിരക്കണക്കിനു മത്സ്യത്തൊഴിലാളികളുടെ ജീവിതം പ്രതിസന്ധിയിലായി, എന്ന റിപ്പോർട്ടു വന്ന രണ്ടാഴ്ച മുൻപാണ് രോഗം കുട്ടനാടൻ മേഖലയിൽ മത്സ്യരോഗ ബാധ പടർന്നുപിടിച്ചത്.

ഫിഷറീസ് വകുപ്പിന്റെ ഒരു മുൻകണക്കു പ്രകാരം 111 ഉൾനാടൻ മത്സ്യത്തൊഴിലാളി ഗ്രാമങ്ങളാണ് കണക്കെടുത്തത്. 12 ജില്ലകളിലായി വ്യാപിച്ചുകിടക്കുന്ന ഈ ഗ്രാമങ്ങളിൽ മത്സ്യത്തൊഴിലാളികളുടെ കേന്ദ്രീകരണ പ്രദേശങ്ങളായ എറണാകുളം (13,001) ആലപ്പുഴ (12,504) ജില്ലകളിലെ മത്സ്യരോഗം കുടിവെള്ളത്തിന്റെ പ്രശ്നത്തെ ഒരു തൊഴിലാളി പ്രശ്നമായി ഇളക്കി പ്രതിഷ്ഠിച്ചു.

ആ നാളുകളിൽത്തന്നെ പ്രശ്നം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ദുരിതാശ്വാസത്തിനുള്ള തുക കേന്ദ്രം നല്കും എന്ന ഉറപ്പ് പാർലമെന്റിൽ കൃഷിമന്ത്രി ബൽറാംജാക്കർ നൽകിയെന്നും പത്രവാർത്തയുണ്ടായി. (ദേശാഭിമാനി 28-08-'91) മത്സ്യരോഗത്തിന്റെ കാരണം കണ്ടെത്തി പ്രതിവിധി നിർദ്ദേശിക്കാൻ കേന്ദ്ര വിദഗ്ധസംഘത്തെ എത്തിക്കുമെന്ന് വകുപ്പ് മന്ത്രി പത്മയുടെ പ്രസ്താവനയുായി (മലയാളമനോരമ 28-08-'91) പിന്നീടങ്ങോട്ട് മത്സ്യരോഗ വ്യാപനത്തിന്റെ റിപ്പോർട്ടുകളായിരുന്നു. മത്സ്യരോഗം കിണറുകളിലും. (ദേശാഭിമാനി 30-03-'91), (രാഷ്ട്രദീപിക 31-08-'91).

മത്സ്യരോഗത്തിന്റെ വ്യാപനത്തോടൊപ്പം കേരളത്തിലെ പ്രമുഖ ദിനപ്പത്ര ങ്ങളെല്ലാം മുഖലേഖനങ്ങൾ അടക്കം പ്രസിദ്ധീകരണം നല്കി ശ്രദ്ധ ക്ഷണിച്ചു. മത്സ്യസമ്പത്ത് ഭീഷണിയിൽ ദേശാഭിമാനി 30-08-91 മത്സ്യമേഖലയെ തകർക്കുന്ന പകർച്ചവ്യാധി മലയാള മനോരമ 30-08-91, മത്സ്യരോഗം മാതൃഭൂമി 01-09-91 കേരളത്തിലെ മത്സ്യസമ്പത്ത് കേരള ടൈംസ് 02-09-91 എന്നി ങ്ങനെ മുഖലേഖനങ്ങളും എത്തി.

പിന്നെയങ്ങോട്ട് പത്രമാദ്ധ്യമങ്ങൾ രോഗത്തിന്റെ വ്യാപനവും അതുമൂല മുണ്ടാകുന്ന തൊഴിലാളി പ്രശ്നങ്ങളും രോഗകാരണങ്ങളെക്കുറിച്ചുള്ള ശാസ്ത്രാഭ്യൂഹങ്ങളുമെല്ലാം പരമാവധി വിസ്തരിച്ചു വിവരിച്ചു. മത്സ്യരോഗ ത്തെക്കുറിച്ച് തൊഴിലാളികൾ ഞെരുക്കത്തിലായി, വിദഗ്ധന്മാർ ആശയ ക്കുഴപ്പത്തിലായി. ആ നേരങ്ങളിൽ മുഖ്യമന്ത്രിയുടെ ഭാഷ്യം വന്നു.

"മത്സ്യരോഗം ഉടൻ ഇല്ലാതാകും" (മാതൃഭൂമി 07-09-91) ആ നാളുകളിൽത്തന്നെ മത്സ്യരോഗ ബാധയുടെ ശതമാനം 60-ൽ നിന്നും 70 ആയിട്ടുണ്ടെന്നും അദ്ദേഹം പത്രപ്രസ്താവന നടത്തി.

ഒരുനിരശാസ്ത്രജ്ഞന്മാരുടെസർട്ടിഫിക്കറ്റുകളോടുകൂടെയാണ്മുഖ്യമന്ത്രി ആ പ്രസ്താവന നടത്തിയത് എന്നത് ഏറെ രസാവഹം. പരിഭ്രാന്തി വേണ്ടെന്നു പറയുന്ന വകുപ്പുമന്ത്രിയുടെ അറിയിപ്പിനെ വകവയ്ക്കാതെ ടി.കെ.കെ. കൃഷ്ണൻകുട്ടി, ഡോ. കെ.സി. എന്നിവർ അടിയന്തിര പ്രമേയം കൊണ്ടുവന്നു. ഇതിനിടെ ഒരാഴ്ചയിലെ സൗജന്യ റേഷനും അനുവദിക്കപ്പെട്ടു.

ഈ പരാമർശങ്ങളൊക്കെ നടക്കുന്ന കാലത്തുതതന്നെ ദേശാഭിമാനിയിൽ വി.എസ്സിന്റെ പ്രസ്താവനയുായി. മത്സ്യരോഗം സഹായം വൈകരുത്. (ദേശാഭിമാനി 10-09-91) അർഹമായ സഹായം കിട്ടാൻ ഈ വിഭാഗം ജനങ്ങളെ ഇനിയൊരു സമരത്തിലേക്ക് വലിച്ചിഴയ്ക്കരുത് എന്നൊരു താക്കീതും നല്കുകയുണ്ടായി. ശശീന്ദ്രന്റെ പ്രസ്താവനയും തുടർന്നു വന്നു. മത്സ്യരോഗത്തിന് ഉടൻ പരിഹാരം കാണണം (ദേശാഭിമാനി 12-09-91) സർക്കാർ ഇതിനിടെ കണക്കെടുത്തു. 1.6 കോടി രൂപ വിലവരുന്ന 850 ടൺ മത്സ്യം കോട്ടയം ആലപ്പുഴ മേഖലകളിൽ രോഗബാധിതമായി നഷ്ടപ്പെട്ടു എന്ന്. (ഇൻഡ്യൻ എക്സ്പ്രസ്സ് 11-09-91) മത്സ്യരോഗം - കേരളം കേന്ദ്ര സഹായം തേടിയില്ല. (ദേശാഭിമാനി 21-09-91) എന്ന് മുല്ലപ്പള്ളി രാമചന്ദ്രൻ കോഴിക്കോട് പത്രലേഖകരോട് പറഞ്ഞുവച്ചപ്പോൾ ഭരണക്കാരുടെ ഇക്കാര്യത്തിലുള്ള വ്യഗ്രതയെക്കുറിച്ച് ഏതാണ്ട് വ്യക്തതയുണ്ടായി.

സി.ഐ.ടി.യു - വിന്റെ മത്സ്യത്തൊഴിലാളി ഫെഡറേഷൻ സംസ്ഥാന ക്കമ്മറ്റിയുടേതായി ഒക്ടോബർ 01-ന് പ്രസ്താവന വന്നു. മത്സ്യത്തൊഴിലാളികൾ

പ്രക്ഷോഭത്തിലേയ്ക്ക് (ദേശാഭിമാനി 2-10-91) മത്സ്യരോഗത്തിന്റെ കാരണവും പ്രതിരോധവും കണ്ടുപിടിക്കുക. മത്സ്യഫെഡ് മുഖേന മത്സ്യം വാങ്ങാനും തൊഴിലാളിക്കു കമ്പോള വില നല്കാനും തയ്യാറാവുക, മത്സ്യരോഗം അവസാനിക്കും വരെ രോഗബാധിത പ്രദേശങ്ങളിലെ മുഴുവൻ തൊഴിലാളി കൾക്കും സൗജന്യ റേഷൻ നല്കുക എന്നിവയാണ് പ്രമേയങ്ങൾ.

വീണ്ടും പന്ത് ശാസ്ത്ര ഗവേഷകരുടെ കൈകളിലേയ്ക്കായി. പരിസ്ഥിതി പ്രശ്നങ്ങളുമായി കൂട്ടിച്ചേർത്ത് മത്സ്യ രോഗങ്ങളെക്കുറിച്ച് ധാരാളം പ്രസ്താവനകളും മറ്റും വന്നു.

C.I.T.U. വിന്റെ നേതൃത്വത്തിൽ ഒക്ടോബർ 3-ന് നടന്ന ജില്ലാ കളക്ട്രേറ്റ് മാർച്ചാണ് മത്സ്യരോഗത്തിന്റെ പേരിൽ നടന്ന ആദ്യ സമരപ്രകടിത രൂപം. C.I.T.U. കളക്ട്രേറ്റു മാർച്ച് നടത്തിയ ഒക്ടോബർ 3-നു തന്നെ ശക്തമായ ഒരു സമരത്തിന്റെ അരങ്ങേറ്റവുമായി കേരള സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷൻ എത്താനായി എന്നു പറയുമ്പോൾ അത് അരങ്ങേറിയ പശ്ചാത്തലം വളരെ ശ്രദ്ധേയമാണ്. സംസ്ഥാനത്തൊട്ടാകെ മത്സ്യരോഗം പടർന്നു പിടിച്ചപ്പോഴും നമ്മുടെ മേഖലയിൽത്തന്നെയും രോഗം എത്തി ക്കഴിഞ്ഞിട്ടും ഈ സാഹചര്യങ്ങളെക്കുറിച്ച് എന്തെങ്കിലും പ്രതികരണം എത്തിക്കുവാൻ യൂണിയന്റെ ജില്ലാ നേതൃത്വത്തിന് കഴിഞ്ഞിരുന്നില്ല. തൊഴിലാളി പ്രശ്നങ്ങൾ ഉദിച്ചുവരുന്നതിനനുസരിച്ച് കണ്ടറിയുവാനോ ചർച്ച ചെയ്ത് പോംവഴി കണ്ടെത്തുവാനോ കാര്യപ്രാപ്തി കാണിക്കാതെ നിലകൊണ്ട സാഹചര്യമാണ്. സംസ്ഥാനത്തൊട്ടാകെ മത്സ്യരോഗം പടർന്നു പിടിക്കുമ്പോഴും നമ്മുടെ മേഖലയിൽത്തന്നെയും രോഗം എത്തിക്കഴിഞ്ഞിട്ടും ഈ സാഹചര്യങ്ങളെക്കുറിച്ച് ജില്ലാ നേതൃത്വത്തിൽ നിന്ന് ഈ പ്രശ്നത്തിൽ ഒരുവിധമായ പ്രതികരണവും ഉണ്ടായില്ല. പ്രശ്നത്തെ സംബന്ധിച്ച് ഒരു കൂടിയാലോചന പോലും നടന്നില്ല. കേരളത്തിലങ്ങോളമിങ്ങോളം പത്രമാധ്യമങ്ങളിലൂടെ വളരെയേറെ ചർച്ചയും വിവാദവും നടന്നുകഴിഞ്ഞ സാഹചര്യത്തിലും സെപ്റ്റംബർ 28-ന് ചേർന്ന ജില്ലാ എക്സിക്യൂട്ടീവിലും വളരെ ഹ്രസ്വ ദൃഷ്ടിയോടെയുള്ള ഒരു സമീപനമായിരുന്നു നിഴലിച്ചത്. രോഗം ഒരു വസ്തുതയാണെങ്കിലും അത് പുറത്ത് പറയാതിരിക്കുക (നമ്മൾ തൊഴിലാളികളായിട്ട്) എന്ന ഒരു സമീപനമായിരുന്നു ഏറെനേരവും ജില്ലാ എക്സിക്യൂട്ടീവിൽ മുഴച്ചത്. ഞാനിത് സൂചിപ്പിക്കുക എത്ര പരിമിത പ്രജ്ഞരായിട്ടാണ് നാം പ്രതികരിക്കുക എന്നത് കാട്ടുവാനാണ്. തൊഴിലാളികൾ താല്ക്കാലിക ഘട്ടങ്ങൾ കൈകാര്യം ചെയ്യുന്ന ക്രമത്തിൽത്തന്നെ പ്രസ്ഥാനവും നിന്നാൽ അതെത്ര അപര്യാപ്തമാണ് എന്നു സൂചിപ്പിക്കുവാനാണ്.

സംസ്ഥാന നേതൃത്വത്തിന്റെ കാര്യക്ഷമമായ ഇടപെടൽ കാരണത്താൽ ജില്ലാ ഭരണസമിതിയുടെ സമീപനത്തിനു വ്യത്യാസം വന്നു. സംസ്ഥാന പ്രസിഡന്റ് ശ്രീ. ലാൽ കോയിൽപ്പറമ്പിൽ സരസമായി ഇടപെട്ട് ഉൾനാടൻ മേഖലയെക്കുറിച്ച് ഗൗരവമായ ഒരു അവകാശ സമരത്തിന് തീർപ്പാക്കി. ആ തീരുമാനത്തെ സർവ്വാത്മനാ നിലനിർത്താൻ ജില്ലാ പ്രസിഡന്റ് ശ്രീ. പി.സി. ബെൻ നിരാഹാരസമരത്തെ ഏറ്റെടുക്കാൻ തയ്യാറായി മുന്നോട്ടു വന്നു. സമരത്തിന് പദ്ധതികളിട്ടു വരുന്നതിന് സമരസമിതിയേയും തെരഞ്ഞെടുത്തു സമരസമിതി കൺവീനറായി ഫാ. ജോസ് ജെ. കളീക്കലിനെയും സെക്രട്ടറിയായി ശ്രീ. തോമസ് താഴ്ചയിലിനേയും തെരഞ്ഞെടുത്തു.

സെപ്റ്റംബർ 29-ന് തിരുവനന്തപുരം PCO സംഘം തിരുവനന്തപുരത്തും കേരള ശാസ്ത്രസാഹിത്യ പരിഷത്ത് മങ്കൊമ്പിലും നടത്തിയ മത്സ്യരോഗ സെമിനാറുകളിൽ പ്രവർത്തകാംഗങ്ങൾ പങ്കെടുത്തു വന്നപ്പോൾ മത്സ്യരോഗ പ്രതിസന്ധിയെക്കുറിച്ച് ഒന്നുകൂടി വ്യക്തതയായി അതിന്റെ പേരിൽത്തന്നെ സമരം ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത അംഗങ്ങളിൽ ബലപ്പെട്ടു.

സമരസമിതിയുടെ ആദ്യയോഗം ചേർന്ന് സമരപരിപാടികൾക്ക് രൂപംകൊടുത്തു. 30-9-91-ൽ ക്രമീകരണങ്ങളുമായി സമര സഹായനിധിയിലേക്ക് മുൻ ജില്ലാ പ്രസിഡന്റ് ശ്രീ. പി.പി. ജോണിനെയും ചേർത്തു വന്നപ്പോൾ ഉൾനാടൻ സമരമേഖലയിലെ നേതൃത്വം സമരത്തിന് ഫോമിലായി. പിന്നെ നീക്കങ്ങൾ വേഗമായിരുന്നു. നോട്ടീസ് തയ്യാറാക്കി, വാൾപോസ്റ്റർ അടിപ്പിച്ചു സമരകൂപ്പൺ അടിപ്പിച്ചു മുദ്രാവാക്യങ്ങൾ ക്രമീകരിച്ചു. 4-10-91 ൽ ജില്ലാ പ്രസിഡന്റും സമരസമിതി സെക്രട്ടറിയും ചേർന്ന് അവകാശ പത്രിക ഫിഷറീസ് വകുപ്പ് മന്ത്രിക്ക് സമർപ്പിച്ചു. (അവകാശ രേഖയുടെ പകർപ്പ്) ഒക്ടോബർ 6-ന് രാവിലെ 9 മണിക്ക് സമരപ്രചരണ ജാഥ പരുമലയിൽ ആരംഭിച്ചു. വൈകിട്ട് 8.30 മണിക്ക് മുതുകുളത്ത് സമാപിച്ചു. ജില്ലാ നേതൃത്വവും സമരസമിതിയും പൂർണ്ണമായി ഇറങ്ങി നിന്ന് സമരസന്നാഹം നടത്തിവന്നപ്പോൾ അതൊരു കാഹളമായി ശരിക്കും!

സമരപ്രചരണജാഥയുടെ നേട്ടം വ്യക്തമാക്കുന്നതായിരുന്നു ഒക്ടോബർ 3-ന് നങ്ങ്യാർകുളങ്ങര കവലയിൽ നിന്നാരംഭിച്ച പ്രകടനം. കാർത്തികപ്പള്ളി താലൂക്ക് ആഫീസ് പടിക്കലേക്ക് നിരാഹാരം അനുഷ്ഠിക്കുവാനുള്ള ശ്രീ. പി.സി. ബെന്നിനെ ആനയിച്ചു നീങ്ങിയ പ്രകടനം തികച്ചും ആവേശക രമായിരുന്നു. സംസ്ഥാന സെക്രട്ടറി ശ്രീമതി മേഴ്സി അലക്സാണ്ടർ സമരം ഉദ്ഘാടനം ചെയ്തു. സംസ്ഥാന - ജില്ലാ നേതാക്കളും അനുഭാവികളും പ്രസംഗിച്ചു. ഉൾനാടൻ മേഖലയിൽ കാർത്തിക്കപ്പള്ളി താലൂക്കാഫീസ് പടിക്കലുള്ള സമരം പലതുകൊണ്ടും പുതുമയായിരുന്നു. തികഞ്ഞ പ്രചരണ സാദ്ധ്യതയുള്ള ഒരു സ്ഥാനവും ആയിരുന്നു അത്. മുൻ സമരങ്ങളെ അപേക്ഷിച്ച് പല അസൗകര്യങ്ങളെ വച്ചുകൊണ്ടാണെങ്കിലും നിരാഹാരം തെരഞ്ഞെടുത്ത സമരസമിതിയുടെ തീരുമാനം ശ്ലാഘനീയമാണ്.

സമരപ്പന്തലിന്റെ ചുമതല ശ്രീ. ജയിംസ് പായിപ്പാട് ഏറ്റെടുത്തു. നിരാഹാര സമരം ഉദ്ഘാടനം ചെയ്യുന്ന അവസരത്തിൽത്തന്നെ സമരത്തിന് അനുഭാവം പറഞ്ഞ് SUCI യുടെ സംസ്ഥാന പ്രവർത്തകർ മുന്നോട്ടു വരികയും സമര ത്തിലുടനീളം ആ സംഘടനയുടെയും ഭാരവാഹികളുടെയും സഹായം ഉണ്ടായി എന്നുള്ളതും അനുസ്മരിക്കപ്പെടേണ്ടതാണ്. സഖാവ് ഭദ്രന്റെ കാര്യമായ സഹായങ്ങൾ സമരത്തിന്റെ എല്ലാ ഘട്ടങ്ങളിലും ഉണ്ടായിരുന്നിട്ടുണ്ട്.

ഒക്ടോബർ 07-ൽ ചേർന്ന സമരസമിതി തുടർന്നുള്ള പരിപാടികൾക്ക് രൂപം കൊടുത്തു. അന്നേ ദിവസം രാത്രിയിൽ എല്ലാ യൂണിറ്റുകളിലും പന്തം കൊളുത്തി പ്രകടനവും തുടർന്നുവരുന്ന നാളുകളിൽ യൂണിറ്റുകളിൽ നിന്നുള്ള പ്രതിനിധികളുടെ സമരപ്പന്തൽ കേന്ദ്രീകരിച്ച് ഉള്ള പ്രകടനവും ഉപവാസവും പ്ലാൻ ചെയ്യപ്പെട്ടു. ഓരോ ദിവസവും വൈകുന്നേരങ്ങളിൽ വിവിധ യൂണിറ്റുകളിൽ പ്രചരണയോഗങ്ങൾ നിശ്ചയിക്കപ്പെട്ടു. ഓരോ യോഗത്തിലും പങ്കെടുത്ത് പ്രസംഗിക്കുന്നതിന് നേതൃത്വങ്ങളെ ചുമതലപ്പെ ടുത്തുകയും ചെയ്തു.

നവംബർ 01 വരെയാണ് കാർത്തികപ്പള്ളി താലൂക്കാഫീസു കേന്ദ്രീകരിച്ച് നിരാഹാര സമരം നടന്നത്. അതിനിടെ ശ്രദ്ധേയമായ പല പരിപാടികളും ആവിഷ്ക്കരിക്കുവാൻ സാധിച്ചു. സമരപ്പന്തൽ കേന്ദ്രീകരിച്ചു നടന്ന പ്രധാന സംഭവങ്ങൾ 12-10-91-ൽ ഹരിപ്പാട് ജില്ലാ കൗൺസിലർ ശ്രീ. മാത്യു ഏബ്രഹാം നടത്തിയ ഒരു ദിവസത്തെ അനുഭാവ ഉപവാസമായിരുന്നു. ഒരു പൊതുജന പ്രതിനിധിയെന്ന നിലയിൽ സമൂഹത്തിന്റെ പ്രശ്നം ഏറ്റെടുത്ത് മുന്നോട്ടു വന്ന് ആദ്യാവസാനം നമ്മുടെ സംഘത്തെ സഹായിക്കാൻ ശ്രീ. മാത്യു ഏബ്രഹാം കാട്ടിയ മഹാമനസ്കത നന്ദിയോടെ സ്മരിക്കേണ്ടതാണ്.

ശ്രീ. മാത്യു ഏബ്രഹാമിന്റെ അനുഭാവ ഉപവാസം ഉദ്ഘാടനം ചെയ്തത് ആലപ്പുഴ ജില്ലാ കൗൺസിലർ പ്രസിഡന്റ് ശ്രീ. ജി. സുധാകരനാണ്. അന്നേ ദിവസം NFF ചെയർപേഴ്സൺ ഫാ. തോമസ് കൊച്ചേരിയും അഭിവാദ്യ പ്രസംഗം നടത്തി. 14-10-91 ൽ SUCI ജില്ലാ സെക്രട്ടറി ശ്രീ. എസ്. രാജീവൻ പിന്തുണ പ്രഖ്യാപിച്ച് സമരപ്പന്തലിൽ പ്രസംഗിച്ചു. 18-10-91 ൽ SCM പ്രവർത്തകരുടെ 30 മണിക്കൂർ അനുഭാവ ഉപവാസവും ഫണ്ടു ശേഖരണവും നടന്നു. 30-10-91 ൽ പ്രവർത്തകരുടെ പിന്തുണ പ്രഖ്യാപനവും പ്രകടനവും പ്രസംഗവും ഉണ്ടായി. സമരപ്പന്തൽ സന്ദർശിച്ച് അഭിവാദ്യം അർപ്പിച്ചവരിൽ MP ശ്രീ. ആഞ്ചലോസും കുട്ടനാട് MLA Dr. K.C. ജോസഫും ഉൾപ്പെടും.

നമ്മുടെ സഹോദര സംഘടനകളുടെ പിന്തുണ ഉറപ്പാക്കിയ കുറെ സന്ദർഭങ്ങളും സമരപ്പന്തൽ കേന്ദ്രീകരിച്ചുണ്ടായിട്ടുണ്ട്. 13-10-91 ൽ മാവേലിക്കര മേഖലയിലെ ബാലസംഘത്തിന്റെ പ്രകടനവും അനുഭാവ പരിപാടികളും നടന്നു. 24-10-91 ൽ ആലപ്പുഴ തീരദേശത്തു നിന്നും ആരംഭിച്ച പട്ടിണി ജാഥാംഗങ്ങളുടെ കടന്നുവരവ് തികച്ചും വീര്യം പകർന്നതായിരുന്നു.

കാർത്തികപ്പള്ളി താലൂക്കാഫീസ് കേന്ദ്രീകരിച്ചുള്ള സമര കാലഘട്ടത്തിൽ ഇതര താലൂക്കുകൾ കേന്ദ്രീകരിച്ചും സമര പ്രകടനങ്ങൾ നടക്കുകയുണ്ടായി. 11-10-91 ൽ മാവേലിക്കര NES Block കേന്ദ്രീകരിച്ചു പ്രകടനം തുടങ്ങി. മാവേലിക്കര താലൂക്കാഫീസു പടിക്കൽ ധർണ ചെറുകോൽ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ നടന്നു.

26-10-91 ൽ പത്തനംതിട്ട സ്റ്റേഡിയം ജംഗ്ഷനിൽ കേന്ദ്രീകരിച്ചു പ്രകടനം തുടങ്ങി. പത്തനംതിട്ട കളക്ട്രേറ്റു പടിക്കൽ ധർണ നടന്നു. ശ്രീ. വർഗീസ് ജോർജ്ജ് ഉദ്ഘാടനം ചെയ്ത പ്രസ്തുത ധർണ പത്തനംതിട്ട ജില്ലയിലെ യൂണിറ്റുകളുടെ ആഭിമുഖ്യത്തിലായിരുന്നു. 28-10-91 ൽ പൂവം ഗ്രാമത്തിൽ നിന്നും പ്രകടനമായി വന്ന് ചങ്ങനാശ്ശേരി താലൂക്കാഫീസ് പടിക്കൽ ധർണയും ട്രാൻസ്പോർട്ട് ബസ് സ്റ്റാൻഡിനു മുമ്പിൽ വിശദീകരണയോഗവും നടത്തപ്പെട്ടു.

കാർത്തികപ്പള്ളി താലൂക്കാഫീസു പടിക്കലെ സമരകാലഘട്ടത്തിനിടയിൽ നടന്ന ഏറ്റവും ശക്തമായ നീക്കം 16-10-91 ൽ നടത്തിയ നാഷണൽ ഹൈവേ പിക്കറ്റിംഗ് ആണ്. ഹൈവേ പിക്കറ്റിംഗിന് ആഹ്വാനം ചെയ്തുകൊണ്ട് 15-10-91 ൽ രാവിലെ 8 മണി മുതൽ രാത്രി 11 വരെ പ്രദേശങ്ങളിലെല്ലാം വാഹന പ്രചരണ ജാഥ നടത്തി. അവരുയർത്തിയ ആവേശം കാരണം നമ്മുടെ ഫെഡറേഷന്റെ യൂണിറ്റുകൾ സ്ഥാപിതമായിട്ടില്ലാത്ത പ്രദേശങ്ങളിൽ നിന്നു പോലും തൊഴിലാളികൾ ഇറങ്ങിവന്നു എന്നുള്ളതാണ്.

16-10-91 ൽ നങ്ങ്യാർകുളങ്ങര കവലയിൽ നിന്നു ജാഥ ആരംഭിച്ചു നഗരം ചുറ്റി ട്രാൻസ്പോർട്ട് ബസ് സ്റ്റാൻഡിനു മുമ്പിൽ വാഹന ഗതാഗതം തടഞ്ഞു. സംസ്ഥാന പ്രസിഡന്റ് ശ്രീ. ലാൽ കോയിൽപറമ്പിൽ പിക്കറ്റിംഗ് ഉദ്ഘാടനം ചെയ്തു. ഏകദേശം രണ്ടായിരം പേർ പങ്കെടുത്ത ഹൈവേ പിക്കറ്റിംഗ് രണ്ടു മണിക്കൂറോളം നീണ്ടു.

സമരപ്പന്തലിൽ സമരാഗ്നി ജ്വലിപ്പിച്ചവർ:

| | |
|---|---|
| ശ്രീ. പി.സി. ബെൻ ജില്ലാ പ്രസിഡന്റ് | 07-10-91 - 12-10-91 |
| ശ്രീ. രാജൻ ലാസർ | 12-10-91 - 17-10-91 |
| ശ്രീ. പി.സി. തോമസ് | 17-10-91 - 24-10-91 |
| ശ്രീ. റ്റി.റ്റി. സേവ്യർ | 24-10-91 - 29-10-91 |
| ശ്രീ. ജറോം തറയിൽ | 29-10-91 - 01-11-91 വരെ |

ഈ കാലയളവിൽ ഒന്നാംഘട്ടം സമരപ്പന്തലിന്റെ ചുമതല ശ്രീ. ജയിംസ് പായിപ്പാടും രണ്ടാംഘട്ടം ചുമതല ശ്രീ. ലാസർ ചൂളത്തെരുവിനും ആയിരുന്നു. സത്യാഗ്രഹികളുടെ ആരോഗ്യ പരിരക്ഷണത്തിന് ഈ പ്രവർത്തകർ കാണിച്ച കൃത്യത പ്രശംസിക്കപ്പെടേണ്ടതാണ്. ജില്ലാ സമരസമിതിയുടെ ആഭിമുഖ്യത്തിൽ താലൂക്കാഫീസു കേന്ദ്രീകരിച്ചു സമരം നടക്കുന്ന കാലഘട്ട ത്തിലൊക്കെയും സംസ്ഥാന നേതൃത്വം സംസ്ഥാന ഭരണ ആസ്ഥാനങ്ങളിൽ ഈ ഡിമാന്റുകളുടെ പേരിൽ സമ്മർദ്ദം ചെലുത്താൻ ശ്രമിച്ചിരുന്നു. അനുകൂലമായ ഒരു നീക്കവും സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായില്ല.

ഇതിനിടെ ഉൾനാടൻ മേഖലയിലെ പ്രതിസന്ധി രൂക്ഷമാകുന്നതിന്റെ എല്ലാ ലക്ഷണങ്ങളും തികഞ്ഞു. പ്രശ്നം ഒഴിഞ്ഞിട്ടു പോകാൻ ആവില്ലെന്നുറപ്പായി. 12-10-91 ന് കൂടിയ സംസ്ഥാന എക്സിക്യൂട്ടീവ് സംസ്ഥാന ഫെഡറേഷൻ സമരം ഏറ്റെടുക്കുന്നതിനെക്കുറിച്ച് ആലോചനകൾ നടത്തി പരിപാടി തയ്യാറാക്കി. 16-10-91 ൽ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും കൂട്ട ധർണ. 21-10-91-ൽ തുടങ്ങി എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ജില്ലാ യൂണിയനുകളുടെ ആഭിമുഖ്യത്തിൽ റിലേ നിരാഹാരപ്പന്തലുകൾ തുറന്നു. കോഴിക്കോട് RDO ഓഫീസിനു മുന്നിലും, എറണാകുളത്ത് മേനകാ ജംഗ്ഷനിലും തിരുവനന്തപുരത്ത് സെക്രട്ടറിയേറ്റിനു മുന്നിലും ആലപ്പുഴ ട്രാൻസ്പോർട്ട് ബസ് സ്റ്റാൻഡിനു മുന്നിലും. അതോടെ തീരദേശത്തെ മത്സ്യത്തൊഴിലാളികളുടെ പിന്തുണ ഈ സമരത്തിന് കൈവന്നു. പല മേഖലകളിലും നന്നേ ഞെരുങ്ങിയാണ് സംഭവങ്ങൾ നീങ്ങിയെന്നുള്ളിടത്ത് ഒരുപക്ഷേ കടലോര/ഉൾനാടൻ തൊഴിലാളികളുടെ പാരസ്പര്യങ്ങൾ ചർച്ചചെയ്യപ്പെടാവുന്നതാണ്. കൊല്ലം ജില്ലയിൽ ആദ്യഘട്ടങ്ങളിൽ വളരെ പരിമിതമായ നീക്കങ്ങളേ നടന്നു വെന്നുള്ളത് (തീരദേശത്തും/ഉൾനാടൻ മേഖലയിലും) അപഗ്രഥന വിധേയമാക്കുന്നതും നല്ലതാണ്.

26-10-91 ൽ മാനന്തവാടിയിൽ നിന്ന് ആരംഭിച്ച സമര വിശദീകരണ ജാഥയാ യിരുന്നു ഫെഡറേഷന്റെ സംസ്ഥാന തലത്തിലുള്ള രണ്ടാമത്തെ നീക്കം. രണ്ടു വാഹനങ്ങളിൽ സഞ്ചരിച്ച സംഘം ലക്ഷ്യം വച്ച വസ്തുതകൾ:

1. മത്സ്യരോഗ വിപത്തിനെക്കുറിച്ച് ബോധവൽക്കരണം.
2. പ്രകൃതിസംരക്ഷണ സംഘങ്ങളുമായി ബന്ധപ്പെടൽ.
3. ഫെഡറേഷന്റെ സ്ത്രീ പ്രതിനിധികളെ സമരപ്രചരണ രംഗത്ത് ഇടപെടീക്കൽ.

സംസ്ഥാന നേതൃത്വത്തോടൊപ്പം ശ്രീമതി മേഴ്സി അലക്സാണ്ടറുടെ നേതൃത്വത്തിൽ ജില്ലകളിൽ നിന്നുള്ള വനിതാ പ്രതിനിധി സിസ്റ്റർ ഫിലോമിൻ മേരിയും തിരുവല്ലാ ഗ്രാമീണ വനിതാ പ്രസ്ഥാന പ്രവർത്തകരും, ശ്രീ. ഈ.ജി. പീറ്ററും അടങ്ങുന്നതായിരുന്നു സംഘം. 50 പ്രദേശങ്ങളെ സ്പർശിച്ച് ജാഥ 30-10-91 ൽ പുല്ലുവിളയിൽ സമാപിച്ചപ്പോഴേയ്ക്കും ജാഥാം ഗങ്ങളൊക്കെ വലിയൊരു അനുഭവത്തിനുടമകളായി. മത്സ്യരോഗം വരുത്തി വച്ചിരിക്കുന്ന പ്രതിസന്ധിയെക്കുറിച്ചും, വികസനത്തിന്റെ ജനകീയ വിരുദ്ധതയെ ക്കുറിച്ചുമൊക്കെ ധാരാളം വിപുലീകരണവും സമരത്തിന് നിരവധി മേഖലകളിൽ നിന്ന് ഒത്താശയും പിന്തുണയും ഉറപ്പാക്കാൻ ഈ സമര വിശദീകരണ ജാഥയ്ക്ക് കഴിഞ്ഞു. പല പുതിയ മേഖലകളിലേയ്ക്കു കടന്നുചെല്ലാൻ കഴിഞ്ഞ തൃപ്തി സംസ്ഥാന നേതൃത്വത്തിനുായി.

ജാഥയുടെ ഘട്ടത്തിൽ സഹകാരികളായ വയനാട്ടിലെ സൊളിഡാരിറ്റി സംഘത്തോടും പ്രത്യേകിച്ചും ജാഥ തുടക്കമിട്ടു തന്ന ഫാ. തോമസ് തേരക ത്തിനോടും അവിടുന്നിങ്ങോട്ട് മാവൂരിലെ ഗ്രോ നേതാവ് വാസുച്ചേട്ടനോടും കോഴിക്കോട് പി.ജെ. സെബാസ്റ്റ്യനും സംഘത്തോടും മാവേലിക്കരയിൽ വിൻസെന്റിനോടും ജയിംസ് കളീക്കൽ അടങ്ങുന്ന സംഘത്തോടും പടപ്പക്കര DPIFC സംഘത്തോടും കടമ്പനാട് മേഖലയിൽ സി.വൈ. രാജുവും സംഘവും ശ്രീ. ഗബ്രിയേലും സംഘത്തോടും കുണ്ടറയിലെ ശ്രീ. അലോഷ്യസ് ഫെർണാണ്ടസിനോടും കൊല്ലത്ത് ഫാ. ജോസ്, ശ്രീ. ജറോം തുടങ്ങിയ വരോടൊക്കെ പ്രത്യേകവിധമായി നന്ദി പറയേണ്ടതുണ്ട്. അതുപോലെ ഓർക്കപ്പെടാവുന്ന ഒന്നാണ് കൊല്ലം ജില്ലയിൽ ജാഥയ്ക്കു നല്കിയ ആവേശ കരമായ വരവേല്പിന്റെ അനുഭവം. എല്ലാ ജില്ലാ ഭാരവാഹികൾക്കും ആ വിധത്തിൽ പ്രത്യേക അഭിവാദനം.

സംസ്ഥാനതല സമരത്തിന്റെ മൂന്നാംഘട്ടം ആരംഭിക്കുക നവംബർ 1 നു സെക്രട്ടറിയേറ്റു നടയിൽ ആരംഭിക്കുന്ന നിരാഹാര സമരത്തോടെയാണ്. ഒന്നാം തീയതി രാവിലെ കിഴക്കേകോട്ടയിൽ നിന്നാരംഭിച്ച പ്രകടനത്തോടെ ഉൾനാടൻ സമരം തിരുവനന്തപുരത്ത് അരങ്ങേറി. രാവിലെ കാരിച്ചാൽ കടവിൽ നിന്നാരംഭിച്ച പ്രകടനം താലൂക്കാഫീസു പടിക്കൽ വന്ന് അവിടെ നടന്നുവന്ന നിരാഹാര സമരത്തിന് വിരാമമിട്ടു.

തിരുവനന്തപുരത്ത് സെക്രട്ടറിയേറ്റു നടയിൽ ഫാ. ജോസ് കളീക്കൽ നിരാഹാരം ആരംഭിച്ചു. ആവേശകരമായ പ്രകടനം, ആവേശകരമായ പ്രസംഗങ്ങൾ. ഉൾനാടൻ സമരം വിജയത്തിലെത്തിക്കാൻ കടലിൽ മക്കളുടെ തീർപ്പ് ഇതൊക്കെ പ്രതിഫലിച്ചു നിന്ന ഒരു തുടക്കമായിരുന്നു. നവംബർ 1 ന് തുടങ്ങി 15 വരെയുള്ള സമര രൂപങ്ങൾ വളരെ വിപുലമായ പങ്കുവക്കലുകൾക്ക് വകയുള്ളവയാണ്. എല്ലാമൊക്കെയും ഒന്നു പറഞ്ഞുപോകാനേ ഒക്കുക യുള്ളൂവെന്നാണ് എനിക്കു തോന്നുന്നത്.

ഉൾനാടൻ മേഖലയുടെ ആവേശം സ്ഫുരിച്ച ഒരുപിടി സംഭവങ്ങളുായി.
03-11-91 ൽ പൂവാർ ഗ്രാമത്തിൽ നിന്നാരംഭിച്ച വനിതാ മാർച്ച്.
03-11-91 ൽ ആലപ്പുഴ കളക്ട്രേറ്റ് കേന്ദ്രീകരിച്ചു നടന്ന പിക്കറ്റിംഗ്.
09-11-91 ൽ തിരുവനന്തപുരത്തെത്തിയ ഉൾനാടൻ ബാലികാ ബാലർ.
10-11-91 മുതൽ 15-11-91 വരെ നിരാഹാര സത്യാഗ്രഹിയോടൊപ്പം സമരപ്പന്തലിലും ആസ്പത്രി പരിസരത്തും കൂടാരം കെട്ടിയെത്തിയ സ്ത്രീകളും പുരുഷന്മാരും.

12-11-91 ൽ രോഗം ബാധിച്ച മത്സ്യവുമായി ഫിഷറീസ് വകുപ്പ് മന്ത്രിയുടെ വസതിയിലേക്ക് വനിതകൾ നടത്തിയ മാർച്ച്. ഇതുകളെയെല്ലാം പ്രത്യേകം പ്രത്യേകം പരാമർശിക്കപ്പെടേണ്ടതുകൾ തന്നെയാണ്. കേന്ദ്ര സമര സമിതിയുടെ ആഭിമുഖ്യത്തിൽ നേതൃത്വം കൊടുത്തെത്തിയ സമര സന്നാഹങ്ങളും പ്രത്യേകം പരാമർശം അർഹിക്കുന്നവയാണ്.

06-11-91 ൽ ഛത്തീസ്ഘട്ട് മുക്തിമോർച്ചയുടെ നേതാക്കളായ ആശാനി യോഗിയുടെയും കൂട്ടരുടെയും അഭിവാദ്യവും പ്രസ്സ് കോൺഫറൻസും വനിതാ മാർച്ചിന്റെ സമാപനവും.

07-11-91 ൽ തീരദേശ യുവജനവേദിയുടെ നാടകവും പ്രകടനവും.
07-11-91 ൽ CPCI യുടെ പ്രതിനിധികളുടെ കൂട്ട ഉപവാസം.
08-11-91 ൽ സാമൂഹിക-സാംസ്ക്കാരിക നായകന്മാരുടെ അനുഭാവ ഉപവാസം.

11-11-91 ൽ തിരുവനന്തപുരം ജില്ലാ കൗൺസിൽ അംഗവും കേരളാ കോൺഗ്രസ് ജില്ലാ പ്രസിഡന്റുമായ ശ്രീ. ആന്റണി രാജുവിന്റെ അനുഭാവ ഉപവാസം. 10-11-91മുതൽ 15-11-91വരെയുള്ള സമരരൂപത്തെ പിടിച്ചുനിർത്തിയ ബഹുജന പിന്തുണയുടെ രൂപങ്ങൾ.

14-11-91 ൽ തീരദേശ ബാലവേദിയുടെ പ്രതിഷേധ റാലിയും ശിശുദിനം പട്ടിണിദിനം പ്രകടനവും ആ നാളുകളിലെല്ലാമുള്ള പത്രവാർത്താ പ്രസിദ്ധീകരണങ്ങളും, ടിൻ കളക്ഷനും സമരപ്പന്തൽ കാവലും വന്നുപോയ വരുടെ സുഖസൗകര്യങ്ങൾ അന്വേഷിക്കലും അടക്കമുള്ള പ്രവർത്തന രൂപീകരണങ്ങൾ എല്ലാം സമരത്തിലെ സുന്ദരാദ്ധ്യായങ്ങളാണ്.

തിരുവനന്തപുരം നിരാഹാരപ്പന്തലിൽ സമരാവേശം ഉയർത്തിയവർ ഏറെയാണ്. U.T.C. Bangalore SCM, SUCI, AICUF ചെറുരശ്മി സംഘം, Loyola College, MSW Students, പൂന്തുറ ലയോള, Loyola Extension Social Service Training Team.

അതൊക്കെ കഴിയുമ്പോൾ ജനകീയ സംഘങ്ങളുടെ ഒരു വലിയ സംഗമം. U.U.K. പത്തനംതിട്ട, SCD കടമ്പനാട്, ADES പുത്തൂർ, KSSS കൊഴുവല്ലൂർ, JUVP കോട്ടയം, Dalith Pinnokka Aikya Vedi, Anthamon, DPIFC കുണ്ടറ, Dynamic Action, Janakeeya Vimochana Prasthanam, CSI Youth.

ഒക്കെ കഴിയുമ്പോൾ:- ടിക്കായത്ത് മോഡൽ സമരത്തിലെ പങ്കാളികൾ ഒക്കെയും. ഞാൻ എവിടെ നിർത്തണമെന്നറിയില്ല. പ്രസിദ്ധീകരണ രംഗത്തും പ്രചരണ രംഗത്തും സഹകരിച്ചവരും ചുമതലകൾ നിർവ്വഹിച്ചവരും ഈ സമരത്തിൽ പ്രാമാണ്യമർഹിക്കുന്നു. പ്രഭയുടെ രോഗബാധിത മത്സ്യത്തിന്റെ ചിത്രീകരണം തുടങ്ങി M.J.M. ന്റെ 'മത്സ്യരോഗം' പ്രസിദ്ധീകരണം തുടങ്ങി PCO സംഘടിപ്പിച്ച രണ്ടു സെമിനാറുകൾ തുടങ്ങി പീറ്റർ ചേട്ടന്റെ പാട്ടും NFF Chairperson തോമസ് കോച്ചേരിയുടെ പ്രസ്സ് കോൺഫ്രൻസ് തുടങ്ങി ശ്രീ. എ.ജെ. വിജയന്റെ പ്രസ്സ് റിലീസുകൾ തുടങ്ങി എല്ലാം അനുസ്മരിക്കപ്പെടുന്നു.

നിരാഹാരപ്പന്തലിന്റെ അന്തരീക്ഷത്തെ പരമാവധി ഭാവഗാംഭീര്യത്തോടെ നിലനിർത്തി പരിചരിച്ച ടി. പീറ്ററിന്റെ നേതൃത്വത്തിലുള്ള തിരുവനന്തപുരം ജില്ലാ അംഗങ്ങളെ ഓരോരുത്തരേയും പേരെടുത്ത് പറയാൻ എനിക്കാഗ്രഹമുണ്ട്. ജറോമിനെയും, ജോയി ജോസഫിനെയും ഇഗ്നേഷ്യസിനെയും മാഗ്ളിനെയും എടുത്തുപറയാതെ വയ്യ. അതുപോലെതന്നെ നിരവധി നാടകീയ സന്ദർഭങ്ങളും ആത്മീയ സന്ദർഭങ്ങളും ജനിപ്പിക്കുന്നതിന് മുൻകൈ എടുത്ത ഏലിയാമ്മ വിജയന്റെയും നളിനി നായിക്കിന്റെയും നേതൃത്വത്തിലുള്ള PCO ടീമിനെയും അവരുടെ സഹകാരികളായ ജയിംസ് കുലാസിനെയും സി. ഫിലമിൻ മേരിയുടെ നേതൃത്വത്തിലുള്ള മെഡിക്കൽ മിഷൻ കുടുംബാംഗങ്ങളെയും.

നിരാഹാരമനുഷ്ടിച്ച വ്യക്തി എന്ന നിലയ്ക്ക് എനിക്ക് ചാരിതാർത്ഥ്യത്തോടെ അനുസ്മരിക്കുവാനുള്ള ഒരു ഗണം ഐക്യദാർഢ്യത്തിന്റെ ഓരോതരം രൂപങ്ങളുമായി വന്ന തിരുവനന്തപുരം മെത്രാൻ ബിഷപ്പ് സൂസപാക്യത്തേയും പുനലൂർ മെത്രാൻ മത്തിയാസ് കാപ്പിലിനേയും പിന്നെ കടന്നുവന്ന അപൂർവ്വം വൈദികരേയും സന്യാസികളേയുമാണ്. ഓരോരുത്തരും ഈ പ്രശ്നത്തെ ഏറ്റുപിടിച്ചിടത്തോളം അവരോടൊക്കെയും നന്ദിയുണ്ട്.

തിരുവനന്തപുരം പൗരാവലിക്കും പ്രത്യേക വിധമായ നന്ദി അർപ്പിക്കുന്നുണ്ട്. ഒരർത്ഥത്തിൽ അവരൊക്കെയും തീവ്ര സഹകാരികളായി മാറി. അവസാനത്തെ അഞ്ചു ദിവസത്തെ സമരക്കാരെ തീറ്റിപ്പോറ്റിയ ചുമതല ഒരു വലിയ ദാർഢ്യ പ്രകടനമായിരുന്നല്ലോ.

ഈ സമരത്തിന്റെ ആദ്യഘട്ടം തുടങ്ങി അവസാനം വരെയും ചുറുചുറുക്കോടെ ഓടിനടന്നു പ്രവർത്തിച്ച മാവേലിക്കര മേഖലയിലെ എന്റെ സഹകാരികളെ തോമസ് താഴ്ചയിൽ, പി.പി. ജോൺ, വിൻസന്റ്, ബനഡിക്ട്, ജയിംസ് കളീക്കൽ, കൊച്ചുമോൾ തോമസ്, യൂണിയൻ ഭാരവാഹികൾ, ഉൾനാടൻ മേഖലയിലെ എന്റെ തൊഴിലാളി സുഹൃത്തുക്കൾ, അമ്മപെങ്ങന്മാർ, കുഞ്ഞുങ്ങൾ, ഓരോരുത്തരേയും അവരുടെ സ്നേഹതീവ്രതയ്ക്കും സമരാവേശത്തിനും നന്ദിയോടെ സ്മരിക്കട്ടെ.

ഈ സമരത്തിന്റെ ചുക്കാൻ പിടിച്ച സംസ്ഥാന നേതൃത്വത്തെ പ്രത്യേക വിധമായി അഭിനന്ദിക്കട്ടെ. ഈ സമരത്തിന് സംഭാവനകൾ എത്തിച്ചു തന്ന സംഘങ്ങളെയും വ്യക്തികളെയും പൊതുജനങ്ങളെയും ഏറെ സ്നേഹത്തോടെ സ്മരിച്ചുകൊണ്ട് ഞാൻ ഉപസംഹരിക്കട്ടെ.

# 1.19 മീൻ വല്ലതും കിട്ടിയോ കുഞ്ഞുങ്ങളേ

വേദപുസ്തകത്താളുകളിൽ യേശുവിനോട് ബന്ധിച്ച് ഞാൻ ആസ്വദിക്കുന്ന ഒരു പ്രതിരൂപം അതാണ്. കടപ്പുറത്ത് അതിരാവിലെ വള്ളം അടുക്കുന്ന നേരത്ത്, സൂര്യകിരണങ്ങൾ കടലിനെ തഴുകി ഉണർത്തുന്ന നേരത്ത്, ആ വെയിലിന്റെ പ്രഭയിൽ കുളിച്ചു നിന്നു കൊണ്ട് കടലിലേക്ക് ആ ചോദ്യം എറിഞ്ഞു നില്ക്കുന്ന യേശു.

ചോദ്യം എത്തുന്നതിനു മുമ്പുതന്നെ പ്രത്യുത്തരവും. 'ഇല്ല ഗുരോ, രാത്രി മുഴുവൻ അദ്ധ്വാനിച്ചിട്ടും ഒന്നും കിട്ടിയില്ല." അരുമ ശിഷ്യൻ പത്രോസിന്റെ നിസ്സഹായതയുടെ സ്വരം. കാലാന്തരങ്ങളിലൂടെ ആ ഉത്തരം കടൽത്തിരത്ത് മുഴങ്ങുന്നുവെന്ന് പറയാൻ നാക്കെടുക്കാൻ തുടങ്ങുമ്പോൾ ഒരു മറുചോദ്യം പൊന്തിവരുന്നു. ഗിലീലി കടപ്പുറത്ത് രണ്ടായിരം വർഷങ്ങൾക്കു അപ്പുറം ആളുകൾക്ക് അവിടെ യന്ത്രം വച്ച ബോട്ടുണ്ടോ, ട്രോളിംഗ് ഉണ്ടോ, പഴ്സീൻ വലയുണ്ടോ, Deep Sea Fishing ഉണ്ടോ, മദർഷിപ്പുകളുണ്ടോ. ഇതൊന്നും ഇല്ലാത്ത കാലങ്ങളിലും അനുഭവം ഇതുതന്നെ ആയിരുന്നുവോ അറിയില്ല.

ഏതും 1974-കളിൽ "മീൻ വല്ലതും കിട്ടിയോ കുഞ്ഞുങ്ങളേ" എന്ന ചോദ്യവും ഉദിപ്പിച്ചുകൊണ്ട് തഴക്കര (മാവേലിക്കര) പഞ്ചായത്തിലെ കാപ്പിച്ചാലിന്റെ ഓരത്തുള്ള പുൽമേട്ടിൽ രാത്രി മുഴുവൻ കുത്തിയിരുന്ന ഞാനും അലോഷ്യസ് അച്ചനും ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ ഒരു സംഘത്തിന്റെ സമരത്തിന് കാവലിരുന്ന അനുഭവം ഓർമ്മയിൽ അങ്ങനെ ഉണ്ട്. സംഭവങ്ങളി ങ്ങനെ. ഞാൻ വൈദിക പട്ടം ഏറ്റത് 1969 ഡിസംബർ 20. വയസ്സ് 23. കഷ്ടിച്ച് ഒരു വർഷം ശാസ്താംകോട്ട പട്ടകടവ് പ്രദേശത്ത് ആദ്യ ശുശ്രൂഷ കഴിഞ്ഞ് കൊഴുവ ല്ലൂർ പ്രദേശത്ത് ഇടവക വികാരിയായി നിയമിതനായി. അവിടെ എന്റെ രൂപാന്തരങ്ങൾക്ക് ഇടം വന്നു.

പത്താം വയസ്സിൽ തുടങ്ങി 12 വർഷം 365 ദിവസവും 24 മണിക്കൂറും സെമിനാരി മതിലുകൾക്കകത്ത് പഠിച്ചതൊക്കെ കൊഴുവല്ലൂരിലെ 9 വർഷം കൊണ്ട് അടപ്പു തെറിച്ചു എന്നു പറയണം. സെമിനാരിക്കകത്ത് പഠിച്ച തൊക്കെ മാറ്റി പഠിപ്പിച്ചു. ചങ്ങമ്പുഴയുടെ മലയപ്പുലയനും ആറ്റുതീര മീൻപിടുത്തക്കാരും, പുതിയ പാഠങ്ങൾ, പഠനങ്ങൾ, പ്രയോഗങ്ങൾ ഒക്കെ ഒന്നിനു പുറകെ ഒന്നായി വന്നു. അതിനൊക്കെ രൂപങ്ങളും ഉണ്ടായി. അതിന് ഏറെ ഉൾക്കാഴ്ച നല്കിയത് ജസ്യൂട്ട് പാതിരിമാരുടെ ബാംഗ്ലൂർ കേന്ദ്രീകരിച്ചുള്ള ഒരു മൂന്നു മാസ പരിശീലനം. Community Development and Organisation.

പ്രസ്തുത പഠന പരിശീലനം കഴിഞ്ഞെത്തിയപ്പോൾ വിരിഞ്ഞത് ഒരുപിടി പ്രയത്നങ്ങൾ. ആദ്യം പരിവർത്തനത്തിന് വേണ്ടിയുള്ള വിദ്യാഭ്യാസം. എന്നൊരു നേതൃത്വ പരിശീലനപരിപാടി. പിന്നെ "ആലപ്പുഴ ഉൾനാടൻ മത്സ്യത്തൊഴിലാളി യൂണിയൻ" എന്ന സംഘപ്രവർത്തനം. അതുകൾക്ക് രണ്ടിനും പിൽക്കാലത്ത് ഉൾപ്പിരിവുകൾ പലത് വന്നു. ഒട്ടനവധി സഹകാരികളുടെ സഹകരണത്തോടെ.

Education for Change പ്രോഗ്രാമിന് Ades, Sarovara, FRCS, DPIFC, Janajagrathi, ORA, Cetraj എന്നിങ്ങനെ ഒരുപിടി ജനകീയതകൾ

Alleppey Ulnad Fish Union, WCFF, KSMTF എന്നിങ്ങനെയും. ഈ തലക്കെട്ടുകളുടെ കീഴിൽ നടന്നുനീങ്ങിയ വഴികൾ ഓർത്തെടുക്കുമ്പോൾ അതിന്റെ തുടക്കം ആ ചോദ്യത്തിൽ തഴക്കര കാപ്പിച്ചാലിന്റെ ഓരത്ത് അന്യോന്യം ഉരുവായത് ഇങ്ങനെ.

ഞങ്ങൾ മൂവർ നേതൃത്വം യൂണിയന്റെ ശരിക്കും ഉള്ള നേതാവ് ശ്രീമാൻ കെ.ജി. സെലസ്തീൻ. എന്നെ അവർ പ്രസിഡന്റാക്കി. QSSS ന്റെ ആലപ്പുഴ സോണൽ ഓഫീസർ ചുമതല വഹിച്ചിരുന്നത് കൊണ്ട് എല്ലാ പ്രദേശത്തും എത്തിപ്പെടുന്ന സാഹചര്യം കണക്കിലെടുത്ത് യൂണിയൻ നേതൃത്വത്തിലേക്ക് എന്നെ നിർബന്ധിക്കുകയായിരുന്നു. അലോഷ്യസ് അച്ചനും ഞാനും സുഹൃത്തുക്കളായിരുന്നു. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രേരണകൾ മുഴുവനായി ഉൾക്കൊണ്ട് രംഗത്തേയ്ക്കു വന്ന തിരുവനന്തപുരം രൂപതയിലെ എം. നിക്കളാസും കൊല്ലം രൂപതയിലെ അലോഷ്യസും സൗഹൃദത്തിന്റെ ഒരു ചങ്ങലവട്ടത്തിലായിരുന്നു. അതിനെ പ്രോത്സാഹിപ്പിച്ചത് ചാരുംമൂട് വികാരി ഫാ. ഏലിയാസ് ജോസും (അലോഷ്യസ് അവിടെ അസിസ്റ്റന്റ് വികാരിയായിരുന്നു). ചാരുംമൂട് കോൺവെന്റിലെ മദർ കൊറോണയും ആയിരുന്നു. എനിക്ക് ശേഷം അലോഷ്യസും ട്രെയിനിംഗ് എടുത്തിരുന്നു. കൂട്ടത്തിൽ കൂടുതൽ വിപ്ലവ വീര്യം അലോഷ്യസിനായിരുന്നു. കെ.ജി. സെലസ്റ്റ്യന്റെ പ്രേരണയിലാണ് യുവജന നേതൃത്വം വളർത്തിയെടുക്കുന്നതിന് നൂറ് യുവതീ യുവാക്കളെ ഉൾക്കൊള്ളിച്ച് ഒരു പ്രതിമാസ പ്രോഗ്രാം സംഘടിപ്പിച്ചത്. അലോഷ്യസ് സമാന്തരമായി പത്തനംതിട്ട കേന്ദ്രീകരിച്ച് ദലിത് സംഘാടനവും കർഷക ട്രേഡ് യൂണിയനും ഒക്കെ സംഘടിപ്പിച്ചു. പഠനം കേന്ദ്രീകരിച്ചത് മാവേലിക്കര Infant Jesus School-ലും. സംഘപ്രവർത്തനത്തിൽ സഹകാരിത്വവും സ്ത്രീ നേതൃത്വവും ആയി വന്നത്, കോട്ടാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രവർത്തകയായിരുന്ന റോസമ്മ മുഴങ്ങിലും. എല്ലാവരും ചേർന്നു വന്നപ്പോൾ "പരിവർത്തനത്തിന് വേണ്ടിയുള്ള വിദ്യാഭ്യാസം" ഒരു വലിയ സംഭവവും പിൽക്കാലത്ത് ഒരു ശക്തിപ്പെട്ട പ്രസ്ഥാനവും ആയി മാറി: MJM സെന്റർ.

ഇന്ദിരാഗാന്ധിയുടെ ഭരണപരിഷ്ക്കാരങ്ങളിൽ ബാങ്ക് ദേശസാൽക്കരണവും താണപലിശയ്ക്ക് വായ്പാ വിതരണവുമൊക്കെ ആയി വന്നപ്പോൾ ഡയറക്ടറായിരുന്ന ഫാ. സാംസൻ ഒരുപിടി വായ്പാ പരിപാടികൾ മത്സ്യത്തൊഴിലാളികൾക്കും ദലിത് കർഷകത്തൊഴിലാളികൾക്കും സംഘടിപ്പിച്ചെത്തി. QSSS-ന്റെ ആലപ്പുഴ സോൺ വഴി Food for work ൽ വീടുകളും, മേഖലയ്ക്ക് കൂപ്പു കൃഷി, പശു വളർത്തൽ തുടങ്ങി നിരവധി പരിപാടികൾ അദ്ദേഹം സംഘടിപ്പിച്ചു വന്നു. പ്രദേശത്ത് ഞങ്ങൾ സജീവരായി. വികസനത്തോടൊപ്പം സാമൂഹ്യാപഗ്രഥനവും രാഷ്ട്രീയ ശാക്തീകരണവും വിശ്വാസവഴികളിൽ വിമോചന ദൈവശാസ്ത്ര പഠനവും ഒക്കെയായി ഒരുപിടി നീക്കങ്ങൾ ആ മേഖലയിൽ നടന്നു. സജീവമായിരുന്നു. രാഷ്ട്രീയമായ എതിർപ്പുകളും സഭാതലത്തിൽ വിലക്കുകളുമായൊക്കെ വന്നു. വിമോചന ദൈവശാസ്ത്ര വക്താക്കളുടെ We drink from our own wells എന്ന പ്രബോധന മുദ്രാവാക്യത്തിൽ വേരുറച്ച് ഞങ്ങൾ നീങ്ങി. അതൊരു മുന്നേറ്റം ആയി എന്ന അഭിമാനം ഇന്നും ഉണ്ട്.

ആലപ്പുഴ ഉൾനാടൻ മത്സ്യത്തൊഴിലാളി യൂണിയന്റെ സംഘാടനം ശക്തിപ്പെട്ടു വന്ന ഘട്ടത്തിൽ തന്നെ ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക്

പ്രശ്നങ്ങളും ഉരുണ്ടുകൂടി. ആദ്യരംഗം കടവായ്പകൾ എടുത്തതിന്റെ തിരിച്ചടവ് ആയിരുന്നു. വായ്പയെടുത്ത് വലയും വള്ളവും വാങ്ങി. വായ്പ തിരിച്ചടവ് ചോദിച്ചപ്പോൾ മീനില്ല, വരുമാനമില്ല എന്ന നിലയിലായി. അച്ചൻകോവിൽ, പമ്പ, മീനച്ചിലാറ് എന്നീ നദികളുടെ പ്രാന്തങ്ങളിൽ കഴിഞ്ഞിരുന്ന തൊഴിലാളികളെ ആണ് ഞങ്ങൾ സംഘടിപ്പിച്ചിരുന്നത്. മീനില്ലാത്തതിന്റെ പാഠാപഗ്രഥനങ്ങൾ ഒന്നും ആരും നടത്തിയിട്ടില്ല. എനിക്കറിയുകയുമില്ല. പക്ഷേ, മാസാവസാനം പിരിവുകാരു ചെല്ലുമ്പോൾ ബാങ്കിൽ നിക്ഷേപിക്കാൻ പണം കിട്ടിയിരുന്നില്ല.

അങ്ങനെ കാര്യങ്ങൾ മങ്ങിയും നിരങ്ങിയും പോകുമ്പോഴാണ് സെലസ്തീൻ സാറ് ഒരു ദിവസം QSSS-ന്റെ സോണൽ ഓഫീസിൽ കയറിവരുന്നത്. അദ്ദേഹം കാര്യം പറഞ്ഞു. അടുത്ത നാളുകളിൽ ചെന്നിത്തല പാടശേഖരക്കമ്മറ്റി ചെന്നിത്തല പാടത്തെ മീൻ പിടിക്കാൻ ഉള്ള അവകാശം ലേലം വിളിക്കുന്നു. അത് തടയണം. എനിക്ക് ഇതുവരെ അങ്ങനെയുള്ള തടസ്സപ്പെടുത്തലടങ്ങിയ സമര പരിപാടികളിലൊന്നും പരിചയമില്ല. സഹായ പരിപാടികൾ അല്ലാതെ (സോഷ്യൽ സർവ്വീസ്) സമര പരിപാടികൾ ഒന്നുമേ പരിചയിച്ചിട്ടില്ല. I.S.I, Bangalore കേന്ദ്രത്തിൽ സാമൂഹ്യപ്രവർത്തനം പഠിക്കാൻ ബിഷപ്പ് ജെറോം വിട്ടപ്പോൾ സോഷ്യൽ ആക്ഷൻ, ഓർഗനൈസേഷൻ, പൊളിറ്റിസൈസേഷൻ എന്നതൊന്നും അദ്ദേഹത്തിന്റെ മനസ്സിൽ ഉണ്ടായിരുന്നു എന്നു തോന്നുന്നില്ല. പൗലോ ഫ്രെയറിന്റെ Conscientisation അടിസ്ഥാനമാക്കി Socio-Economic Analysis-ന്റെ ബാലപാഠങ്ങൾ പരിചയിച്ചിരുന്നു. അതിന്റെ ആദ്യ അരങ്ങ് ചെന്നിത്തല പാടങ്ങൾ ഒറ്റപ്പെട്ട ജന്മികളുടേത് ആയിരുന്നു. ഹരിത വിപ്ലവം പഞ്ചവത്സര പദ്ധതിയിലൂടെ ആവിഷ്ക്കരിച്ചു വന്നപ്പോൾ കൃഷിരീതികൾക്ക് വ്യത്യാസം വന്നു. ഒറ്റപ്പെട്ട കൃഷിയിടങ്ങൾ വിശാല പാടശേഖരങ്ങളായി മാറി. ഒരുമിച്ച് നിലമുഴലും, വിത്തുവിതയ്ക്കലും വെള്ളം വറ്റിക്കലും ഒക്കെ കർഷകസംഘങ്ങളുടേതായി മാറി. പാടശേഖരങ്ങളിൽ മഴക്കാലത്ത് വെള്ളപ്പൊക്കം വരുമ്പോൾ പാടശേഖരം ഒരു വിശാല ജലാശയമായി മാറും. നീരൊഴുക്കിന് തങ്ങിനിൽക്കാനാവാതെ മത്സ്യക്കൂട്ടങ്ങൾ പാടശേഖരങ്ങളിലേയ്ക്ക് മാറും. പിന്നെ രണ്ടുമൂന്നു മാസം വെള്ളക്കെട്ടിൽ അവ വളരും. മുട്ടയിട്ട് പ്രജനനം നടത്തും.

ആറ്റിൽ വെള്ളം താണിറങ്ങുമ്പോൾ പാടശേഖരങ്ങളിലെ എൻജിൻ തറകളിലൂടെയും അല്ലാതെയും മീൻപറ്റങ്ങൾ ആറ്റിലേയ്ക്ക് നീന്തിയിറങ്ങും. പാടശേഖരങ്ങളിൽ വെള്ളം താണുവരുമ്പോൾ കൊച്ചുവള്ളങ്ങൾ അകത്തു കയറ്റി ഉൾനാടൻ മത്സ്യത്തൊഴിലാളികൾ മീൻ പിടിച്ചെടുക്കുമായിരുന്നു. എൻജിൻ തറയിൽ നിന്ന് വെള്ളം പമ്പു ചെയ്ത് മാറ്റുന്നിടത്തും വലകെട്ടി മീൻ പിടിക്കുമായിരുന്നു. ജന്മികളുടെ കൂട്ടായ്മയായ പാടശേഖരക്കമ്മറ്റി ആ വർഷം തീരുമാനമെടുത്തു. വെള്ളത്തിൽ തങ്ങിനിൽക്കുന്ന മീൻ പാടശേഖരക്കമ്മറ്റിയുടേതാണ്. അതു പിടിക്കാൻ മത്സ്യത്തൊഴിലാളികളെ അനുവദിക്കില്ല. പാടശേഖരക്കമ്മറ്റി ലേലം വിളിച്ചു കൊടുക്കുന്നവർക്കു മാത്രം അതിന് അവകാശം എന്ന് അവർ തീരുമാനിച്ചു. പഞ്ചായത്തും അതംഗീകരിച്ചു. ഇവിടെ ഞെരുങ്ങിയത് പൊതു ജലാശയത്തിൽ വളർന്ന മീനുകളെ പിടിക്കാൻ ലൈസൻസ് എടുത്ത തൊഴിലാളികൾക്ക് ആറ്റിൽ മീൻപിടിക്കാൻ കഴിയാത്ത ആ നാളുകളിൽ അഷ്ടി കഴിയാനുള്ള മാർഗ്ഗം പൊതുജലാശയത്തിൽ വളർന്നു പെറ്റുപെരുകി

വരുന്ന മീനുകളെ പാടശേഖരങ്ങളിൽ വലയിട്ടു പിടിക്കുക എന്നത് ആയിരുന്നു. അത് ലേലം പിടിക്കുന്നവരുടെ അവകാശം ആകുമ്പോൾ ജീവിതമാർഗ്ഗം മൂന്നു നാല് മാസത്തേക്ക് അടയുകയായിരുന്നു ഫലം. അതങ്ങനെ വിട്ടുകൊടുക്കാനാവില്ല എന്ന നിലപാട് യൂണിയൻ ഏറ്റെടുത്തു. ഒന്ന് പാരമ്പര്യമായി മീൻ പിടിക്കാൻ ലൈസൻസ് എടുത്ത തൊഴിലാളികൾക്ക് പൊതു ജലാശയങ്ങളിലെ മീൻ പിടിക്കാൻ അവകാശമുണ്ട്. അതും പൊതു ജലാശയത്തോട് ബന്ധപ്പെട്ട് പാടശേഖരങ്ങൾ കിടക്കുന്ന കാലയളവിൽ. പഞ്ചായത്തിലും പാടശേഖര കമ്മറ്റിക്കും നോട്ടീസ് കൊടുത്ത് ആദ്യ പ്രതിഷേധവും എതിർപ്പും ഒക്കെ ആയി ചെന്നിത്തലയും കാരിച്ചാലും മുട്ടത്തും കരിപ്പുഴയും ഒക്കെ സമരങ്ങൾ അരങ്ങേറി. വരമ്പത്ത് കർഷകരും പോലീസും. ആറ്റിലൂടെ തുഴഞ്ഞുവന്ന് വരമ്പ് മുറിച്ച് പാടശേഖരത്തു കയറി മീൻ പിടിക്കാൻ കൊച്ചുവള്ളങ്ങളിൽ തുഴഞ്ഞെത്തുന്ന മത്സ്യത്തൊഴിലാളികൾ. കൊച്ചു വള്ളങ്ങളിൽ മൈക്കും ഘടിപ്പിച്ച് യൂണിയൻ നേതാക്കൾ ഞങ്ങളും. പ്രതിഷേധങ്ങളും അറസ്റ്റുവരിക്കലും ഒക്കെ കഴിഞ്ഞ് രാത്രി നേരത്ത് അതിക്രമിച്ചു കയറി കൂട്ടമായി മീൻപിടിക്കലുമൊക്കെയായി ആദ്യ സമര രംഗങ്ങൾ. അക്കൂട്ടത്തിലാണ് മാവേലിക്കര താലൂക്കിൽ തഴക്കര പഞ്ചായത്തിൽ കാപ്പിച്ചാൽ എന്നൊരു വെള്ളക്കെട്ടുണ്ടായിരുന്നു. അങ്ങനെ പല പഞ്ചായ ത്തുകളിലും ഉള്ള വെള്ളക്കെട്ടുകൾ മീൻപിടുത്തകേന്ദ്രങ്ങളായിരുന്നു. അതിൽ തഴക്കര പഞ്ചായത്ത് കമ്മ്യൂണിസ്റ്റ് ഭരിക്കുന്ന കാലം. അവർ തീരുമാനമെടുത്തു. കാപ്പിച്ചാലും ലേലം ചെയ്യാൻ. അതിനെതിരേ കൂട്ടമായി മീൻപിടുത്ത വള്ളങ്ങളിൽ തൊഴിലാളികൾ എത്തി. കാപ്പിച്ചാലിൽ രാത്രി വള്ളമിറക്കി വലകെട്ടി. കമ്മ്യൂണിസ്റ്റ് പഞ്ചായത്ത് പ്രസിഡന്റ് മുരളിയും സംഘവും അതിനെ നേരിടും എന്നറിയാമായിരുന്നതുകൊണ്ട് ഞങ്ങൾ ഒരു ചെറു സംഘം കരയിലും തമ്പടിച്ചു. രാത്രി പ്രശ്നം ഒന്നു മുണ്ടായില്ല. പക്ഷേ വെളുപ്പാൻകാലമായപ്പോൾ, വല അടുപ്പിക്കാൻ തുടങ്ങിയപ്പോൾ അങ്ങേക്കരയിൽ മുരളിയുടെ സംഘക്കാർ വലയുടെ ഒരറ്റത്ത് പിടിയിട്ടു. കരയ്ക്കും വള്ളത്തിലും നിന്ന് പിടിയും വലയുമായി. വെള്ളത്തിൽ മത്സ്യത്തൊഴിലാളിക്ക് ആണല്ലോ പ്രാവീണ്യം. വല കുറെ കീറിയെങ്കിലും അവർ പിടിച്ച മീനുകളെയുമായി ഇക്കരെയടുത്തു. കരയ്ക്കടുത്ത വള്ളങ്ങളിൽ നിന്ന് മീൻ ശേഖരിക്കുമ്പോൾ എന്റെ മനസ്സിൽ ഉതിർന്ന വാക്യം ആ ഗലീലേന്റതായിരുന്നു. “മീൻ വല്ലതും കിട്ടിയോ കുഞ്ഞുങ്ങളേ.”

അന്നു തുടങ്ങിയ ആ ചോദ്യം ഇന്നും പത്തമ്പത് വർഷങ്ങൾക്ക് ശേഷവും എന്നും മനസ്സിൽ അലയടിക്കുന്നുണ്ട്. കടലിലും കായലിലും ആറ്റുതീര ങ്ങളിലും. ഒരു സാധുസമൂഹത്തിന്റെ നൊമ്പരം – ഹൃദയനൊമ്പരം. അത് വൻ സമര കൊടുങ്കാറ്റാക്കി മാറ്റിയെടുത്ത കഥകളിൽ ഗജശീർഷരായി നിൽക്കുന്ന വ്യക്തിത്വങ്ങൾ ഉണ്ട്. അതിൽ എനിക്ക് കടപ്പാടുള്ള വ്യക്തി ശ്രീ. കെ.ജെ. സെലസ്റ്റിൻ ആണ്. ഹൃദയമുള്ള ഒരു മനുഷ്യൻ. വികാരാ

ധീനനായി തീരുമ്പോൾ കരഞ്ഞു വിങ്ങിപ്പൊട്ടുന്ന ഒരു മനുഷ്യൻ. അദ്ധ്യാപനത്തിന്റെ കൃത്യതയ്ക്കൊപ്പം സാമൂഹിക ധർമ്മത്തിൽ കൊടിപിടിച്ചു. ആലപ്പുഴ ഉൾനാടൻ മേഖലയിൽ സജീവമായി നിന്ന സെലസ്റ്റിൻ സാർ. ഒത്തിരി സ്വപ്നങ്ങൾ താലോലിച്ച വ്യക്തി. ചെന്നിത്തല ദേശത്ത് പിറന്ന് മാവേലിക്കര, കാർത്തികപ്പള്ളി, ചെങ്ങന്നൂർ, തിരുവല്ല താലൂക്കുകളിൽ മത്സ്യത്തൊഴിലാളി സംഘാടനം നടത്തി, QSSS-ന്റെ ലേബലിൽ സാമൂഹ്യ പ്രവർത്തനം നടത്തിയും, സൈക്കിളിൽ ചുറ്റിനടന്ന സാത്വികനായ ഒരു ഗാന്ധിയൻ. അദ്ദേഹത്തിന്റെ പിന്നിൽ പില്ക്കാലത്ത് അണിനിരന്നുവന്ന ഒരുനിര നേതൃത്വങ്ങൾ ഉണ്ടായിട്ടുണ്ട്. ശ്രീ. കെ.ജി. സെലസ്റ്റിൻ 2014-ൽ മരണപ്പെട്ടു. ഇന്നദ്ദേഹം ഓർമ്മിക്കപ്പെടുന്നത് അദ്ദേഹത്തിന്റെ കുടുംബത്തും വലിയ പെരുമ്പുഴ സിമിത്തേരിയിലെ കല്ലറയിലും മാത്രം.

സെലസ്റ്റിൻ ഗബ്രിയേൽ
Born on 24-12-1933
Died on 30-06-2014
എന്ന കുറിപ്പിൽ മാത്രം എന്ന് സങ്കടം.



# 1.20 ഞങ്ങൾ ഒരു വ്യൂഹമാണ്

**20 ആഗസ്റ്റ് 2014**

ഇക്കഴിഞ്ഞ 15–ന് പട്ടക്കടവ് ദേശത്തുവച്ച് ഫാ. പരിശവിളയുടെ ഒന്നാം ചരമ വാർഷികം ആഘോഷിച്ചു. വിശുദ്ധ കുർബ്ബാനയ്ക്ക് ശേഷം അനുസ്മരണ യോഗവും സ്മരണിക പ്രകാശനവും സ്നേഹവിരുന്നും ഉണ്ടായിരുന്നു. ഓർമ്മക്കുർബ്ബാനയ്ക്ക് എത്തിച്ചേർന്നില്ല. ശേഷം പരിപാടികളിൽ പങ്കുചേർന്നു. അനുസ്മരണ യോഗത്തിൽ ഉടനീളം പങ്കെടുത്തു. എന്നെ സ്റ്റേജിൽ വിളിച്ചിരുത്തുകയും സംസാരിക്കാൻ അവസരം നല്കുകയും ചെയ്തു. പ്രസംഗവേദിയിൽ ഞാൻ അറിയുന്നവരും അറിയാത്തവരും ഉണ്ടായിരുന്നു. യൂണിയൻ സഹകാരികളും അല്ലാത്തവരും ഉണ്ടായിരുന്നു. എല്ലാവരേയും ഞാൻ കേട്ടിരുന്നു. 'കരുണയുടെ പോരാളി' എന്ന ഓർമ്മപ്പുസ്തകം കിട്ടിയത് മുഴുവനും വായിച്ചു. ആകെക്കൂടെ Impressive ആയിട്ടുള്ള ഒരു സംഭവം. ഒക്കെയും കൂട്ടിവച്ചു നോക്കുമ്പോൾ ചില വികാരങ്ങൾ എന്നിൽ കൂടുകൂട്ടുന്നു. അതുകൾ അടിസ്ഥാനപ്പെടുത്തി ഈ കുറിപ്പിന് തുടക്കമിടുന്നു.

വേദിയിൽ ഇരുന്ന പുരോഹിതരിൽ വാചാലരായവരെ കേട്ടപ്പോൾ (പ്രത്യേകിച്ചും ജോർജ്ജു മാത്യു, പോൾ മുല്ലശ്ശേരി എന്നിവർ) കുറെ ചൊടിപ്പു തോന്നി. പരിശവിള വളർത്തിയവർ തന്നെ അദ്ദേഹത്തിന്റെ കാൽക്കീഴിൽ നിന്ന് മണലടിച്ചു മാറ്റിയവർ. തൂണും ചാരി നിന്നവർ പെണ്ണും കൊണ്ടു പോയി എന്ന പ്രയോഗങ്ങൾ.

രാഷ്ട്രീയ താല്പര്യമുള്ളവർ മറുകണ്ടം ചാടി. അക്രമരാഷ്ട്രീയമുള്ളവർ ഫെഡറേഷൻ വിട്ടുപോയി. സംസ്ഥാന ഫെഡറേഷൻ രൂപീകരിച്ചത് ഫാ. പരിശവിള ആയിരുന്നു. ഇങ്ങനെയിങ്ങനെ ഒരുപിടി പ്രയോഗങ്ങൾ. ഓർമ്മപ്പുസ്തകം വായിച്ചപ്പോൾ പിന്നെയും പിന്നെയും ചോദ്യങ്ങൾ, തർക്കങ്ങൾ ഒക്കെയും കൂട്ടിക്കുറച്ചെടുക്കുമ്പോൾ എനിക്കു തോന്നുന്നു ഒരു തിരുത്തൽ വേണമെന്ന്. "പൂത്തുറ നിന്ന് കോച്ചേരി വളർത്തിയെടുത്ത ഫെഡറേഷൻ" എന്ന അമേരിക്ക (വിദേശ) വനിതയുടെ പ്രസിദ്ധീകരണ ത്തെക്കുറിച്ച് ഞാൻ ടോമിനെഴുതിയ കത്ത് വിവാദം ആയിരുന്നല്ലോ.

യൂണിയൻ പ്രവർത്തകർ ഒറ്റയ്ക്കും പെട്ടയ്ക്കും അവകാശികൾ ആവുകയാണ്. പ്രസ്ഥാനത്തിന്റെ, പ്രത്യേകിച്ചും വൈദികർ. കോച്ചേരി, പരിശവിള, അറയ്ക്കൽ, കളീക്കൽ എന്നിങ്ങനെ. അത് തെറ്റ്. ഇന്നു പ്രസ്ഥാനം എത്തി നില്ക്കുന്നിടത്ത് അത് നടന്നെത്തിയപ്പോൾ എത്രയെങ്കിലും പേരുടെ ഒരു വ്യൂഹം ആണ് ഈ പ്രസ്ഥാനത്തെ നടത്തിയെത്തിച്ചത്. അറിയപ്പെടു ന്നതും അല്ലാത്തതുമായ നിരവധി പേരുടെ ചരിത്രവും ചിത്രവും രംഗത്തു വരേണ്ടതുണ്ട്, തീർച്ച. അതുകൊണ്ടുതന്നെ അവരുടെ നഖചിത്രങ്ങൾ രേഖപ്പെടുത്തേണ്ടിയിരിക്കുന്നു.

മരണപ്പെട്ടവർ: കെ.ജി. സെലസ്റ്റിൻ, തോമസ് കോച്ചേരി, ഈ.ജി. പീറ്റർ, ഡോമിനിക്ക് ജോർജ്, കല്ലട ലോറൻസ്, ജോയിച്ചൻ ആന്റണി, ലൂയിസ് പാനികുളങ്ങര, സിസ്റ്റർ ആനി പുന്നൂസ്, റോസ്, പി.വി., പോൾ അറയ്ക്കൽ, ലാൽ കോയിൽപ്പറമ്പിൽ, പത്രീഷ്യാ, മേഴ്സി കൂട്ടിയാനി, പീറ്റർ, ആൻഡ്രൂസ്, റബേക്ക.

ജീവിച്ചിരിക്കുന്നവർ: എ.ജെ. വിജയൻ, നളിനി നായിക്ക്, മേഴ്സി അലക്സാണ്ടർ, ഫിലമിൻ മേരി, ആലീസ് ലൂക്കോസ്, തെർമ, ജോൺ, ജറോം, എ. ജോസഫ്, കുര്യൻ, അംബ്രോസ്, ബാബു, ജോൺ കുര്യൻ, ജയിംസ് കളീക്കൽ, തമ്പി കല്ലുപുരയ്ക്കൽ, പി.പി. ജോൺ, പി.സി. ബെൻ, വിൻസന്റ്.

പരിശവിളയുടെ ചരിത്രം കേട്ടപ്പോൾ ഒരു കാര്യം ഉറപ്പായി. രക്തബന്ധങ്ങളും സ്ഥാപനബന്ധങ്ങളും പ്രധാനം. അതുകൾ പിന്തുണച്ചു നില്ക്കുമ്പോൾ സ്ഥാനമഹിമകൾ ആയി. പ്രസ്ഥാനം കടന്നു വന്ന വഴികളിൽ അഷ്ടമുടി പ്രദേശത്തെ കുടുംബ/ഇടവക ബന്ധുതകൾ, രക്തബന്ധുക്കളായ കല്ലട ലോറൻസ് അടക്കമുള്ള നേതാക്കൾ മെത്രാനും സമുദായവും പുരോഹിത പ്രഭുത്വവും പിൻതുണച്ച് മൊൺസിഞ്ഞോർ പദവും പിന്നെ ഏതൊക്കെയോ അംഗീകാരക്കിരീടങ്ങളും നൽകി നില്ക്കുമ്പോൾ, പള്ളിയേയും പാർട്ടിയേയും ഒട്ടിനിന്നാൽ അധികാരമായി, പാരിതോഷികമായി. അതല്ലാതെ വെട്ടിമാറി നിന്ന് ആർക്കും വളരാനാവില്ലതന്നെ.

രണ്ടാമതൊന്ന് – പ്രസ്ഥാനത്തിൽ പങ്കാളികൾ അല്ലാതിരിക്കുന്നവർ ആണ് പിൽക്കാലത്ത് വിധാതാക്കളും ചരിത്രമെഴുത്തുകാരും. പരിശവിളയുടെ ഓർമ്മ പ്പുസ്തകത്തിൽ യൂണിയൻ ചരിത്രം പറയുന്നവർ ഏറെപ്പേരും ഏതെങ്കിലും ഫയൽ നോട്ടീസിൽ നിന്ന് കഥ പറയുന്നവരാണ്. ഫെഡറേഷന്റെ രൂപീകര ണത്തിന്റെ ഘട്ടങ്ങൾ പോലും അറിയാതെ ചരിത്രം പറയുന്നവർ. ശരിയാണ് പരിശവിളയ്ക്ക് അഷ്ടമുടി കേന്ദ്രീകരിച്ച് രണ്ടു ഘട്ടങ്ങളുണ്ട്. അതുകൾ ഏറെയും അറിയാത്തവനാണ് ഞാൻ. അഷ്ടമുടിക്കായൽ മത്സ്യത്തൊഴിലാളി യൂണിയൻ കൊല്ലം ജില്ലാ കായൽ മത്സ്യത്തൊഴിലാളി യൂണിയൻ. ഇത് രണ്ടിന്റേയും ചരിത്രമെനിക്കറിയില്ല – ഞാൻ രംഗത്തിറങ്ങുന്നത് 1974 കളിൽ ആലപ്പുഴയിൽ ഉൾനാടൻ മത്സ്യത്തൊഴിലാളി യൂണിയനിലൂടെയാണ്.

യൂണിയൻ ഫെഡറേറ്റു ചെയ്തു തുടക്കമിട്ട LCFF ഉം പില്ക്കാലത്ത് പരിശവിള നേതൃത്വം കൊടുത്ത KSMTF ഉം അതിനുശേഷം പരിശവിളയെ മാറ്റി ഞാൻ നേതൃത്വം ഏറ്റെടുത്ത KSMTF ട്രേഡ് യൂണിയനും അതിന്റെ സമരമുഖങ്ങളും 1993 വരെ കൃത്യമായും എനിക്കറിയാം. ഞാൻ നേതൃത്വം കൊടുത്തു നീങ്ങിയ KSMTF ഉം ബദലായി പരിശവിള നേതൃത്വം കൊടുത്തു നീങ്ങിയ AKSMTF ന്റെ ചരിത്രങ്ങളും ഞാൻ കൃത്യമായി അറിഞ്ഞിട്ടില്ല. ആ പ്രസ്ഥാനത്തെ എഴുതിത്തള്ളി നില്ക്കുകയായിരുന്നു ഞാൻ. KSMTF ന്റെ ചരിത്രഗതിയിലും '94–ന് ശേഷം ഞാൻ സജീവനല്ല. പ്രസ്ഥാനത്തിന്റെ നടത്തിപ്പുകളുടെ വ്യക്തതകൾ എനിക്കറിയില്ല. ഇപ്പോഴിപ്പോൾ ഒട്ടുമില്ല. എങ്കിലും 1974 മുതൽ 1994 വരെയുള്ള 20 വർഷ ങ്ങളുടെ കഥയിൽ പങ്കെടുത്തു നിന്ന കാലങ്ങളുടെ പശ്ചാത്തലത്തിൽ ഒരു ഓർമ്മക്കുറിപ്പ് തയ്യാറാക്കുക മാത്രമാണിവിടെ ചെയ്യാനാവുക. മത്സ്യത്തൊഴിലാളികളുടെ കേരള ചരിത്രം കുറിക്കുമ്പോൾ ഒരു Chronicling നടത്തിവന്നാൽ അതു പറയുന്ന വിശേഷങ്ങൾ എന്തൊക്കെ ആയിരിക്കും എന്ന് ആലോചിക്കുമ്പോൾ ആ സാഹസത്തിന് മുതിരാൻ എനിക്കാവില്ലതന്നെ. അപ്പോഴും പ്രസ്ഥാനം വളർത്തിയവരെ പേരുചൊല്ലി അനുസ്മരിച്ചു തുടക്കമിടാം എന്നു മാത്രം.

സ്നേഹാദരങ്ങളുടെ വിസ്മയക്കാഴ്ചകൾ

## യൂണിയൻ സഹകാരികൾ

1. ഫാ. ലൂയിസ് പാനികുളങ്ങര
2. ശ്രീ. ജോയിച്ചൻ ആന്റണി
3. ഫാ. ആൽബർട്ട് പരിശവിള
4. ശ്രീ. കല്ലട ലോറൻസ്
5. ഫാ. ഡോമിനിക്ക് ജോർജ്ജ്
6. ശ്രീ. പീറ്റർ ചേട്ടൻ
7. ഫാ. ജോസഫ് തോമസ്
8. ഫാ. അലോഷ്യസ് ഫെർണാണ്ടസ്
9. ഫാ. തോമസ് കോച്ചേരി
10. സിസ്റ്റർ ഫിലമിൻ മേരി
11. സിസ്റ്റർ മേഴ്സിക്കുട്ടിയാനി
12. ഫാ. എം.സി. ജോസഫ്
13. ശ്രീ. വി.സി. ആന്റണി
14. ശ്രീ. യൂജിൻകുലാസ്
15. ശ്രീ. ജോൺ കുര്യൻ
16. ശ്രീമതി. ഏലിയാമ്മ വിജയൻ
17. ശ്രീ. ബഷീർ

(1) ഫാ. പോൾ അറയ്ക്കൽ
(2) ശ്രീ. ആൻഡ്രൂസ് ചേട്ടൻ
(3) ഫാ. തമ്പി കല്ലുപുരയ്ക്കൽ
(4) സിസ്റ്റർ ആലീസ് ലൂക്കോസ്
(5) ഫാ. ജയിംസ് കുലാസ്
(6) സിസ്റ്റർ പട്രീഷ്യാ കുരുവിക്കുന്നേൽ
(7) സിസ്റ്റർ തെർമ പ്രായിക്കളം
(8) ശ്രീമതി ഷീലാ റൊസാരിയോ
(9) ശ്രീമതി മേഴ്സി അലക്സാണ്ടർ
(10) ശ്രീ. എ.ജെ. വിജയൻ
(11) ശ്രീമതി നളിനി നായിക്ക്
(12) ശ്രീ. കുര്യൻ, കാട്ടികാരൻ
(13) ശ്രീ. എ. ജോസഫ്
(14) ശ്രീ. ജറോം
(15) ശ്രീ. ലാൽ കോയിൽപറമ്പിൽ
(16) ശ്രീമതി കർമ്മിലി
(17) ശ്രീമതി മാർഗരറ്റ്
(18) ഫാ. പോൾ വലിയകണ്ടത്തിൽ
(19) സിസ്റ്റർ ഫിലമിൻ മേരി
(20) ശ്രീ. സി.പി. ജോൺ
(21) ശ്രീ. ടി. പീറ്റർ
(22) ശ്രീ. പി.സി. ബൻ
(23) ശ്രീ. വിൻസന്റ് ബനഡിക്ട്
(24) ശ്രീ. റ്റി.വി. ഫിലിപ്പ്
(25) ശ്രീ. തോമസ് താഴ്ചയിൽ
(26) ഫാ.. പി.ടി. അഗസ്റ്റിൻ
(27) ശ്രീ. എം.വൈ. ആന്റണി
(28) ശ്രീ. ലോറൻസ്
(29) ശ്രീ. ജോൺ ബോയ്
(30) ശ്രീ. ഷാഹുൽ ഹമീദ്
(31) ശ്രീ. കെ.റ്റി. സെബാസ്റ്റ്യൻ

(32) ഫാ. പയസ് ആറാട്ട്കളം
(33) ഫാ. സ്റ്റീഫൻ പുന്നയ്ക്കൽ
(34) ഫാ. ടി. കൃഷ്ണൻ
(35) ശ്രീ. കെ.ജി. സെലസ്തീൻ
(36) ശ്രീമതി സെയ
(37) ഫാ. സെബാസ്റ്റ്യൻ ജോർജ്ജ്
(38) ശ്രീ. എസ്. ജോസഫ്
(39) ശ്രീ. പി.വി. പവിത്രൻ
(40) ശ്രീ. സെയ്താലി
(41) ശ്രീ. കെ.കെ. വേലായുധൻ
(42) ശ്രീമതി അംബികാമ്മ
(43) സിസ്റ്റർ എൽസി
(44) സിസ്റ്റർ ആനി പുന്നൂസ്
(45) ശ്രീമതി റോസമ്മ
(46) ശ്രീ. ഫെലിക്സ്
(47) ശ്രീ. ജർമാന്നൂസ്
(48) ശ്രീ. ബഷീർ പെരുമാതുറ
(49) ശ്രീ. മുനാഫ് പെരുമാതുറ
(50) ശ്രീ. താഹ പെരുമാതുറ
(51) ശ്രീ. ഉമ്മർകുഞ്ഞ് പെരുമാതുറ
(52) ശ്രീ. വഹീദ് പെരുമാതുറ
(53) ശ്രീ. ലാസർ താഴംപള്ളി
(54) ശ്രീ. ജെറോണി പൂത്തുറ
(55) ശ്രീ. ലോറൻസ് പൂത്തുറ
(56) ശ്രീ.പീറ്റർ പൂത്തുറ
(57) ശ്രീ. സൈറസ് പൂത്തുറ
(58) ശ്രീ.ബിജു പൂത്തുറ
(59) ശ്രീ. ആന്റണി അഞ്ചുതെങ്ങ്
(60) ശ്രീ. ജോസ് അഞ്ചുതെങ്ങ്
(61) ശ്രീ. കിഷോർ അഞ്ചുതെങ്ങ്
(62) ശ്രീ. സെൽവൻ അഞ്ചുതെങ്ങ്
(63) ശ്രീ. ക്ലീറ്റസ് അഞ്ചുതെങ്ങ്
(64) ശ്രീ. വിൻസെന്റ് അഞ്ചുതെങ്ങ്
(65) ശ്രീ. ടൈറ്റസ് അഞ്ചുതെങ്ങ്
(66) ശ്രീ. ജോൺ അഞ്ചുതെങ്ങ്
(67) ശ്രീ. ജയൻ മാമ്പള്ളി
(68) ശ്രീ. ജോബ് മാമ്പള്ളി
(69) ശ്രീ. ഡെന്നിസ് മാമ്പള്ളി
(70) ശ്രീ. മാർട്ടിൻ മാമ്പള്ളി
(71) ശ്രീ. മനോജ് മാമ്പള്ളി
(72) ശ്രീ. വലേരിയൻ മാമ്പള്ളി
(73) ശ്രീ. ഓമനദാസ് കായിക്കര
(74) ശ്രീ. സുരേന്ദ്രൻ അഞ്ചുതെങ്ങ്
(75) ശ്രീ. വിവേകാനന്ദൻ

# 1.21 ഓർമ്മകൾക്കെന്തു മധുരം



**പത്രീഷ്യാ കുരുവിനാക്കുന്നേൽ**

ശിഷ്യത്വത്തെക്കുറിച്ചുള്ള ചിന്തകൾ Ronald Rhosier തുടക്കമിടുന്നത് കസാന്തിസാക്കീസിന്റെ ഒരു ഉദ്ധരണിയും ആയിട്ടാണ്.

Three Kinds of Souls, Three Prayers
1. I am a Bow in your hands. Lord, draw me, lest I rot.
2. Do not overdraw me, Lord, I shall Break
3. Overdraw me, Lord, and who cares if I break

ആദ്ധ്യാത്മികതയുടെ സരോവരങ്ങൾ തേടിയവരൊക്കെ പറഞ്ഞുവച്ചതും ജീവിച്ചതും സമാനതയുള്ള പ്രയോഗങ്ങൾ ആയിരുന്നു. ഒരു ആ വിലായിലെ അമ്മത്രേസ്യാ പറഞ്ഞതിങ്ങനെ: മാനവികതയുടെ പൂർണ്ണിമയിലെത്തുന്നയാൾക്കു ചോദ്യം ഒന്നേയുള്ളൂ – How Can I Be helpful?

"എനിയ്ക്ക് അപരന് എങ്ങനെ തുണ ചെയ്യാം" ആധുനിക യുഗത്തിലെ മദർ തെരേസയുടെ വാക്കുകൾ അച്ചിട്ടാണല്ലോ – I Thirst. എനിയ്ക്കു ദാഹിയ്ക്കുന്നു. പത്രീഷ്യായുടെ സഭാസ്ഥാപക അന്ന ഡംഗലിന്റെ വാക്കുകളോ? One does not spare oneself if one loves. യഥാർത്ഥത്തിൽ സ്നേഹിക്കുന്നയാൾ സ്വയം ശൂന്യമാക്കുന്നു.

ഈ വക പ്രയോഗങ്ങളെല്ലാം സ്പഷ്ടീകരിച്ചു ചൂണ്ടിപ്പറയാവുന്ന ഒരു വ്യക്തിയാണ് സിസ്റ്റർ പത്രിഷ്യാ കരുവിനാക്കുന്നേൽ. എന്റെ ശേഖരങ്ങളിലെ ഒരു മാസിക കലാകൗമുദിയുടെ 457-ാം ലക്കം കവർ ചിത്രം കുരിശിന്റെ ചുവട്ടിൽ കെട്ടിപ്പിടിച്ച് കണ്ണീരൊഴുക്കുന്ന മറിയാമിന്റേത്. കുറിപ്പ് ഇങ്ങനെ "സമരം നയിക്കാൻ ഇടയന്മാർ" കൊന്തയും കുരിശും പിടിയ്ക്കുന്ന കരങ്ങൾ പാവങ്ങളുടെ അവകാശ സമരത്തിന്റെ കൊടിയേന്തുന്നു. കൂദാശ ചൊല്ലലും കുമ്പസാരം കേൾക്കലും മാത്രമല്ല, പാവപ്പെട്ടവന്റെ കണ്ണീരൊപ്പുന്നതും കൂടിയാണ് ദൈവികവൃത്തി എന്നു കേരളത്തിലെ പൊരുതുന്ന പാതിരിമാരും കന്യാസ്ത്രീകളും കരുതുന്നു. ഈ സമരത്തിന്റെ അന്ത്യംവരെ മത്സ്യത്തൊഴിലാളികളോടൊപ്പം ഞങ്ങളും ഉണ്ടാകും. അവർ പ്രഖ്യാപിക്കുന്നു.

"ഈ കാലഘട്ടത്തിലെ ഈ നാട് പത്രം മുഖലേഖനം എഴുതി. "തിരുവനന്തപുരത്ത് ജൂൺ ഒന്നുവരെ റിമാണ്ടിൽ വച്ചിരിയ്ക്കുന്ന മത്സ്യത്തൊഴിലാളിനേതാക്കൾ ജയിലിൽ നിരാഹാരസമരത്തിലാണ്. മെഡിക്കൽ മിഷൻ കന്യാസ്ത്രീമാരായ സിസ്റ്റർ ഫിലമിൻ മേരി, സിസ്റ്റർ പത്രീഷ്യാ, സിസ്റ്റർ തെറമ്മ എന്നിവർ കാരാഗൃഹത്തിലാണ്. പാവപ്പെട്ടവർക്കുവേണ്ടി പട പൊരുതിയ കന്യാസ്ത്രീ ജയിലിൽ അടയ്ക്കപ്പെട്ട ചരിത്രം തേടിയാലോ..."

ബനഡിക്ടൈൻ സന്യാസ സഭയുടെ അമേരിയ്ക്കൻ ചരിത്രത്തിൽ വളരെ പ്രസിദ്ധയായ ഒരു കന്യാസ്ത്രീയുണ്ട്. സിസ്റ്റർ ജോവാൻ ചിറ്റിസ്റ്റർ,

സിസ്റ്ററിന്റെ Heart of Flesh എന്ന ഗ്രന്ഥത്തിൽ ഒരു സംഭവമുണ്ട്. ഉയർന്ന ഒരു പോലീസുദ്യോഗസ്ഥൻ Washington DC യിൽ നിന്ന് മദർ സുപ്പീരിയറിനെ ഫോണിൽ വിളിച്ചുപറഞ്ഞു. നിങ്ങളുടെ സിസ്റ്റർമാർ ജയിലിലാണ്. അവർ സുരക്ഷിതരാണെന്ന് മദറിനെ അറിയിക്കാൻ ആവശ്യപ്പെട്ടതനുസരിച്ചാണ് ഈ ഫോൺ വിളി. പക്ഷേ അവരെ വിട്ടുകിട്ടാൻ കുറെ നടപടികൾ വേണ്ടി വരും. സുപ്പീരിയർ തിരക്കി. എങ്ങും സിസ്റ്റർമാർ അറസ്റ്റുചെയ്യപ്പെടാറില്ലല്ലോ. എന്താണ് സംഭവം.

ഓഫീസർ പറഞ്ഞു. അവർ കാപ്പിറ്റോളിൻ സമാധാനം ഭഞ്ജിച്ചു. ദൈവമേ, അവരെന്തു ചെയ്തു സർ? സുപ്പീരിയർ ചോദിച്ചു. ശരിക്കും അവർ സ്വർഗ്ഗസ്ഥനായ പിതാവേ ജപിയ്ക്കുകയായിരുന്നു. നിർത്താൻ പറഞ്ഞിട്ട് അവർ നിർത്തിയില്ല. അങ്ങനെ U.S. Capitol ന്റെ സമാധാനം ഭഞ്ജിച്ചു. അതു കൊണ്ട് അവരെ അറസ്ററു ചെയ്തു.

സമാന്തര സംഭവം ആയിരുന്നു 84 ൽ ഇവിടെയും. ശ്രീ ലോനപ്പൻ നമ്പാടൻ അസ്സംബ്ലിയിൽ പ്രശ്നം ഉന്നയിച്ചപ്പോൾ, കുപ്പായമില്ലാത്ത കന്യാസ്ത്രീക ളായതുകൊണ്ട് അറസ്റ്റുചെയ്തു എന്നു പറഞ്ഞതോർക്കുന്നു. അന്ന് ഈ സംഘം ചെയ്തത് സ്വർഗ്ഗസ്ഥനായ പിതാവേ ജപിയ്ക്കുകയല്ല പ്രവർത്തിക്കു കയായിരുന്നു. അതിൽ അന്നന്നേയപ്പം തരേണമേ എന്ന പ്രാർത്ഥന പ്രവർത്തി ക്കുകയായിരുന്നു.

82 ൽ ഒരു മേജർ സർജറിയ്ക്കും Radiation നും Chemo യ്ക്കും ശേഷം അഞ്ചു തെങ്ങിലേക്ക് പറിച്ചു നടപ്പട്ട പട്രീഷ്യാ 2005 വരെയും തിരുവനന്തപുരം മേഖല നിറഞ്ഞുനിന്ന വ്യക്തിത്വം ആയിരുന്നു. 82 മുതൽ 92 വരെ കൃത്യമായും മാമ്പള്ളി പൂത്തുറ മേഖലയിലെ ജീവനായിരുന്നു. അഞ്ചുതെങ്ങു പ്രദേശത്തെ കൗൺസിലർ ആർ.കെ. ജസ്പിന്റെ വാക്കുകളിൽ സിസ്റ്ററിന്റെ മജ്ജയും മാംസവും ഞങ്ങളുടെ അഞ്ചുതെങ്ങിനുവേണ്ടി തന്നു. അവിടെ വന്ന ഓരോ Medical Mission സിസ്റ്ററും അവരുടെ നല്ല സമയങ്ങൾ ഞങ്ങളോടൊപ്പം ഞങ്ങൾക്കൊപ്പം നിന്നുതന്നു എന്ന് ജസ്പിനും സഹകാരികളും വിങ്ങുമ്പോൾ ഞാനോർക്കുന്ന സംഭവം 91 ലേതാണ്. 91 ഒക്ടോബറിൽ ഒരു നാൾ ഞാൻ നടന്ന് പൂത്തുറ വീട്ടിൽ ചെല്ലുമ്പോൾ പെട്രീഷ്യാ ഉൾപ്പെട്ട നാൽവർ സംഘം ഒരുമിച്ചു പറഞ്ഞു: "ഒരുമാസത്തിനിടെ ഇവിടെ ഞങ്ങളുടെ വിവരം തേടി വരുന്നവരുടെ ആദ്യവ്യക്തിയാണ് ജോസ്." ആ പ്രദേശത്തുനിന്നു ഭീകരാ ന്തരീക്ഷത്തിൽ സർവ്വ അനുയായികളും നാടുവിട്ടിടത്ത് സഹകാരികൾ സ്ത്രീകൾ 32 പേരെ സിസ്റ്റേഴ്സിന്റെ പുരയ്ക്കകത്തു അഭയം കൊടുത്തു. എതിരുപിടിച്ചുവന്ന ആണിനേയും പെണ്ണിനേയും നേരിട്ടു നേർക്ക് നേർനിന്നു നാടുവിടാൻ നിർബന്ധിക്കപ്പെട്ടവരുടെ വീടുകൾക്കു കാവൽനിന്ന് ഒരു മാസം അവിടെ പിടിച്ചുനിന്നു വെല്ലുവിളി നേരിട്ട സ്ത്രീത്വത്തിന്റെ ശക്തി രൂപം വേദപുസ്തകത്തിൽ 2 ശമു. 21 ലേതു മാത്രം (10).

"അല്ഫായുടെ പുത്രി റിസ്പാ ചാക്ക് എടുത്തു പാറയിൽ തനിയ്ക്കു കിടക്കയായി വിരിച്ചു. കൊയ്ത്തുകാലത്തിന്റെ തുടക്കം മുതൽ ആകാശത്തു നിന്നും മഴ അവരുടെമേൽ ചൊരിയുന്നതുവരെ അവൾ ഇതുതുടർന്നു. പകൽ ആകാശപ്പറവകളോ രാത്രി കാട്ടുമൃഗങ്ങളോ അവരെ സ്പർശിയ്ക്കാൻ അവൾ അനുവദിച്ചില്ല."


ജനത്തിനു വേണ്ടി ജീവിതം ഉഴിഞ്ഞുവച്ച പട്രീഷ്യായെ കണ്ടുമുട്ടിയ കർമ്മരംഗങ്ങൾ ഒട്ടനവധിയാണ്. വിമോചനത്തിന്റെ രാസത്വരകമായി ട്രേഡ് യൂണിയൻ രംഗത്തും, എയ്ഡ്സ് ബോധവത്കരണ രംഗത്തും സെക്സ് വർക്കേഴ്സിന്റെ പീഡനത്തിനെതിരെയും Christians for Socialism സംഘത്തിലും Christians for Radial Action ഗ്രൂപ്പിലും എന്നു വേണ്ട സെക്രട്ടറിയേറ്റു നടയിലും ജയിലിലും സ്ത്രീവിമോചന പ്രസ്ഥാനങ്ങളിലും തീരദേശമഹിളാ വേദിയിലും എങ്ങും എവിടെയും നിറഞ്ഞുനിന്ന് ആവേശവും ഉണർവ്വും ജനിപ്പിച്ചു. ധീരതയോടെ പെരുമാറിനിന്ന പെട്രീഷ്യാ ജീവിച്ചു പറഞ്ഞത് ഞാൻ ആദ്യം ഉദ്ധരിച്ചു കസാന്തി സാക്കിസിന്റെ വാക്കുകൾ.


ഞാൻ ഒരു വില്ല് – എന്നെ ഉപയോഗിയ്ക്കൂ – അല്ലെങ്കിൽ ഞാൻ തുരുമ്പിച്ചു പോകും. അപ്പോഴും ദൈവമേ നീ എന്ന ഒത്തിരി വളയ്ക്കരുത്. ഞാൻ ഒടിഞ്ഞു പോകും. അതല്ലെങ്കിൽ നിനക്കാവശ്യമായ വിധത്തിൽ എത്ര വേണമെങ്കിലും എന്നെ വളച്ചോളൂ. ഒടിയുന്നതെനിയ്ക്ക് ഭയമല്ല.


അതങ്ങനെ അവസാനിച്ചു 2005 ൽ. കോട്ടയം ജനറലേറ്റിലേക്ക് തിരിച്ചുവരുമ്പോഴും പെട്രീഷ്യാ എല്ലായിടത്തും എത്തിപ്പിടിച്ചു നിന്നു. ശാക്തീകരിച്ചും വെല്ലുവിളികൾ ഉതിർത്തും ക്രിസ്തുചൈതന്യമായി അവൾ നിന്നു. 2013 ൽ സായൂജ്യയിൽ എത്തിക്കഴിഞ്ഞിടത്ത് ഒരുപക്ഷേ ആ വില്ല് ഒടിഞ്ഞു തുടങ്ങി യിരുന്നു. ഇന്നലെ അത് ഒടിഞ്ഞുമാറി.

അപ്പോഴും ഈ കിടപ്പിലും അമ്മത്രേസ്യായുടെ വാക്കുകൾ പെട്രീഷ്യാ ഉരുവിടുന്നില്ലേ? How can I be Helpful സന്യാസത്തിന്റെ ആർദ്രതയെ അതിന്റെ നിറവാർന്ന രൂപത്തിൽ നാനാപ്രകാരേണ ജീവിച്ചാവിഷ്ക്കരിച്ച പെട്രീഷ്യാ ജീവിയ്ക്കും. നമ്മളിൽ, നമ്മുടെ ദരിദ്രപക്ഷ നിലപാടുകളിൽ, ദൈവമായിരിക്കെ ആ സമാനത മുറുകെപ്പിടിയ്ക്കാതെ മനുഷ്യനായി – ജീവനും വെളിച്ചവും ആയി ജീവിച്ച, കൃപയും സത്യവും പകരുന്ന ദൈവപുത്രന്മാരും പുത്രിമാരുമായി ജീവിച്ചുകൊണ്ട്.




VOICE OF STORM
Fr. Thomas Kocherry


കടലറിവുകളും നേരനുഭവങ്ങളും
കടലും കടലിനോടു മല്ലിടുന്ന മനുഷ്യരും
അവരുടെ അനുഭവങ്ങളും പരമ്പരാഗതമായി
ആർജ്ജിച്ച അറിവുകളും
റോബർട്ട് പനിപ്പിള്ള


കടലാളരുടെ ജീവനവും അതിജീവനവും
സിദ്ധിക്ക് റാബിയത്ത്


കടലില്ലം
ഇ.യു. അരവിന്ദാക്ഷൻ

# ഭാഗം 2

## കടലിനും കടൽത്തീരത്തിനും വേണ്ടി

## സമര സഹയാത്രികരുടെ കുറിപ്പുകൾ

# 2.1 ഫാദർ ടോമിന്റെ ഹൃദയ വിശാലത



സി. തെറമ്മ പ്രായിക്കളം M.M.S.

യേശുക്രിസ്തുവിന്റെ വഴി തിരഞ്ഞെടുത്ത ഒരു ജീവിതയാത്രയായിരുന്നു ടോമിന്റേത് എന്ന് പറയുന്നതിൽ തെല്ലും അപാകതയില്ലയെന്നു ചിന്തിക്കുകയാണ്. അതു കുരിശിന്റെ വഴിയായിരുന്നു. ക്രിസ്തുവിന് ഉണ്ടായ എല്ലാ വെല്ലുവിളികളും സഭയിൽ നിന്നും രാഷ്ട്രീയ പാർട്ടികളിൽ നിന്നും സ്വന്തക്കാരിൽ നിന്നും കൂട്ടാളികളിൽ നിന്നും ക്രിസ്തുവിനോട് ഒത്ത് സഞ്ചരിയ്ക്കാൻ ശ്രമിച്ച ടോമിനും പലതരത്തിൽ ഏറ്റെടുക്കേണ്ടി വന്നിട്ടുണ്ട്.

ഒറ്റപ്പെടൽ, പേരുദോഷം, മനസ്സിന്റെ താളം തെറ്റിക്കുന്ന തരത്തിലുള്ള ലേബലുകൾ, താൻ ഹൃദയത്തോടു ചേർത്തുവച്ചു കൊണ്ടു നടന്ന പ്രസ്ഥാനത്തിൽ നിന്നും സ്വന്തമെന്നു കരുതിയ സഹപ്രവർത്തകരിൽ നിന്നും കൂട്ടാളികളിൽ നിന്നുമുള്ള തിരസ്കരണവും ടോമിനെ അവസാനകാലത്ത് ഏറെ തളർത്തിയിരുന്നു. കർത്താവേ ഇവർ ചെയ്യുന്നത് എന്തെന്ന് ഇവർക്ക് അറിയില്ല. ഇവരോടു ക്ഷമിക്കേണമേ എന്നതായിരുന്നു ടോമിന്റെ മനോഭാവം. പ്രതികരണവും. അവിടെയാണ് ടോമിന്റെ വലിപ്പം അവസാനമായി തിരിച്ചറിഞ്ഞത്.

വ്യക്തിപരമായോ സമൂഹപരമായോ ഏതെങ്കിലും തരത്തിലുള്ള കഴിവുകളോ നന്മകളോ അല്ല അതിനെ കൂടുതൽ കൂടുതൽ വളർത്തികൊണ്ട് സാമൂഹ്യനന്മയ്ക്കുവേണ്ടി ഉപയോഗപ്പെടുത്തുകയെന്ന ടോമിന്റെ വഴി ഒരു Charism തന്നെ ആയിരുന്നു. അതിൽ ചിലതൊക്കെ സ്വന്തം നാശത്തിലേക്കു തന്നെ വഴി തെളിച്ചിട്ടുമുണ്ട്. 1967–ന് ശേഷം മെഡിക്കൽ മിഷൻ സന്യാസിനി സമൂഹത്തിലുണ്ടായ സമൂല പരിവർത്തനത്തെ, ആ സമൂഹത്തിന്റെ പാർശ്വവൽക്കരിക്കപ്പെട്ടവരോടുള്ള പ്രതിബദ്ധതയും സ്ത്രീകളോടും കുട്ടികളോടുമുള്ള പ്രത്യേക പരിഗണനയും മനസ്സിലാക്കിയ ടോം M.M.S. നെ മത്സ്യത്തൊഴിലാളി മേഖലയിലേക്ക് ക്ഷണിക്കുകയുണ്ടായി. 1975 മുതൽ ഇന്നും ഏകദേശം അരനൂറ്റാണ്ട് മത്സ്യമേഖലയിൽ M.M.S. ന് പിടിച്ചുനിൽക്കാൻ പ്രേരകമായത് ടോമിന്റെ അന്നത്തെ Initiative ആണ്. കോച്ചേരി അച്ചന്റെ നിശ്ചയദാർഢ്യവും പാവപ്പെട്ടവരോടു പക്ഷം ചേർന്നുകൊണ്ടുള്ള നിലപാടുകളും കർമ്മനിരതയും ഒന്നിച്ചു സഹകരിച്ചു പ്രവർത്തിക്കാൻ ഒരു മാതൃകയും ശക്തിയുമായി തീർന്നു. മത്സ്യത്തൊഴിലാളി സംഘടനയിലൂടെ ട്രേഡ് യൂണിയൻ പ്രവർത്തനങ്ങളിലേക്ക് കടന്നുവരുവാനും ശക്തമായ ഇടപെടലുകൾ നടത്തുവാനും M.M.S. ന് ഒരു നിമിത്തം ആയത് ടോമിന്റെ വീറും തന്റേടവും ആർജ്ജവവുമാണ്. എല്ലാറ്റിനുമുപരി മറ്റുള്ളവരെ കഴിവുറ്റവരാക്കി തീർക്കാനുള്ള ടോമിന്റെ വലിയ ഹൃദയവുമാണ്.




“എന്റെ സന്യാസജീവിതം ഒരു അന്വേഷണത്തിന്റെ കഥയാണ്. ദൈവരാജ്യവും അതിന്റെ നീതിയും തേടിയുള്ള നിരന്തര പോരാട്ടത്തിന്റെ കഥ.” സന്യാസവും പുത്തൻ വെല്ലുവിളികളും എന്ന ടോമിന്റെ പുസ്തകത്തിന്റെ ആമുഖത്തിലെ ആദ്യ വാക്കുകളാണ് ഇവകൾ. ദരിദ്രരോടു പക്ഷം ചേരുകയെന്നത് വ്യക്തമായ ഒരു വിശ്വാസ സത്യമാണ്. എന്നാൽ മർദ്ദിതരുടെ മോചനം എങ്ങനെ സാധ്യമാക്കാമെന്നത് ഒരു നിരന്തര അന്വേഷണം മാത്രം. പല പല വീക്ഷണങ്ങളിലൂടെ വിവിധ സമീപനങ്ങളിലൂടെ ആകാം ഈ അന്വേഷണം. അവയെല്ലാം പരസ്പര പൂരകങ്ങളാക്കി മാറ്റുക എന്നതത്രെ വലിയൊരു ധർമ്മം. ടോമിനെ സംബന്ധിച്ചിടത്തോളം തന്റെ ജീവിതമത്രയും ഒരു അന്വേഷണത്തിന്റെ കഥയാണ്. ഓരോ കാലഘട്ടത്തിനും സമയത്തിനും അനുസൃതമായ അന്വേഷണങ്ങൾ കൊണ്ട് തന്റെ ജീവിതം ധന്യമാക്കിയ ഒരു വ്യക്തി. “നിങ്ങളുടെ വലിയ വ്യക്തിത്വത്തിന് വേണ്ടിയുള്ള അഭിലാഷത്തിൽ നിങ്ങളുടെ നന്മ കിടക്കുന്നു. ആ അഭിലാഷം നിങ്ങളിൽ എല്ലാവരിലുമുണ്ട്.” എന്ന ഖലീൽ ജിബ്രാന്റെ വാക്കുകൾ ഈ അവസരത്തിൽ ഓർത്തു പോകുന്നു.

വിശ്വാസവും പ്രവൃത്തിയും ഒന്നിച്ചുകോർത്തിണക്കിയ ഒരു വ്യക്തിയായിരുന്നു ടോം എന്നു പറയുന്നതിൽ അതിശയോക്തി ഒന്നുംതന്നെ ഇല്ല. ജിബ്രാന്റെ വാക്കുകളിൽ തന്നെ പറയുകയാണെങ്കിൽ “ഇവന്റെ വിശ്വാസത്തെ ഇവന്റെ പ്രവൃർത്തികളിൽ നിന്ന് ആർക്ക് വേർതിരിക്കാൻ കഴിയും. അല്ലെങ്കിൽ ഇവന്റെ പ്രവൃർത്തികളെ ഇവന്റെ വിശ്വാസത്തിൽ നിന്നും.” ലൂക്കോ. 4:18 ആയിരുന്നു ടോമിന് കരുത്തായി നിന്ന ബൈബിൾ വചന ഭാഗം (“ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്ക് മോചനവും അന്ധർക്കു കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യവും കർത്താവിന് സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കുവാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു”). ദൈവരാജ്യവും അതിന്റെ നീതിയും അന്വേഷിക്കുക, അതിനുവേണ്ടി ജീവൻ സമർപ്പിക്കുക എന്ന പ്രവാചക ദൗത്യമാണ് ടോം ഏറ്റെടുത്തിരുന്നത്. വെല്ലുവിളികളുടെയും ആശങ്കകളുടെയും കാലഘട്ടത്തിൽ ടോമിനെ പിടിച്ചു നിർത്തിയത് തന്റെ ഉറച്ച വിശ്വാസം തന്നെ ആയിരുന്നു.



"അവർ എന്നെ പീഢിപ്പിച്ചുവെങ്കിൽ നിങ്ങളെയും പീഢിപ്പിക്കും എന്നാൽ ആത്യന്തികമായി ദുഃഖം സന്തോഷമായി മാറും" എന്ന യോഹന്നാന്റെ വാക്കുകളും ടോമിന് ശക്തി പകർന്നു. യേശുവിന്റെ സൗഖ്യദായക ശുശ്രൂഷ ചുറ്റുമുള്ള ലോകത്തോട് കാലികമായ് പ്രതികരിക്കുന്ന ഒന്നായി വിമോചന ദൈവശാസ്ത്രത്തിന്റെ പശ്ചാത്തലത്തിലേക്കും വളർന്നു.

മനുഷ്യമനസ്സുകളെ മനസ്സിലാക്കി ബന്ധങ്ങൾ ഊട്ടിയുറപ്പിച്ച് പ്രകൃതിയോടും മനുഷ്യരോടുമുള്ള പ്രതിബദ്ധത ഏറ്റെടുത്തു പ്രവർത്തിക്കുന്ന മറ്റു പ്രസ്ഥാന ങ്ങളോടും ഒരുമിച്ചുനിന്ന് ഉറച്ച തീരുമാനങ്ങളും നിലപാടുകളുമെടുത്ത് ഒരേ ലക്ഷ്യത്തോടെ മുന്നോട്ട് നീങ്ങുവാനുള്ള ആവേശവും ഇച്ഛാശക്തിയും ടോമിന്റെ പ്രത്യേകത ആയിരുന്നു. NAPM (Natural Alliance of People's Movement) NFF (National Federatioon of Fisher People) WFF (World Federation Fisherpeople) അതിനുള്ള ചില ഉദാഹരണങ്ങൾ ആണ്. അതുകൊണ്ടു തന്നെ നിർഭയം ഒരു രാഷ്ട്രീയകക്ഷിയുടേയും മുഖം നോക്കാതെ വെല്ലു വിളികളെ ഏറ്റെടുത്ത് ലക്ഷ്യപ്രാപ്തിക്കുവേണ്ടി മുന്നേറാൻ കഴിഞ്ഞു. അധികാരത്തിന് ഊന്നൽ കൊടുക്കാതെ ജനകീയ നേതൃത്വത്തിന്റെ ആധികാരികതയിലൂടെ വലിയ ചലനങ്ങൾ ഉണ്ടാക്കുവാനും കഴിഞ്ഞു.

ഏതു പ്രായത്തിൽ ഉള്ളവരോടും ഇടപെടുക, ഏതു ജോലിയ്ക്കും അതി ന്റേതായ മാഹാത്മ്യം കല്പിക്കുക, ഏതു ജീവിതസാഹചര്യവുമായി പൊരുത്തപ്പെട്ടു ജീവിക്കുക എന്നത് ടോമിനെപോലെ വലിയ ഹൃദയമുള്ള ഒരു വ്യക്തിക്കുമാത്രമേ കഴിയൂ. നേഴ്സറി കുഞ്ഞുങ്ങളെ തോളിലേറ്റി അവരുടെ കൂടെ ആടിയും പാടിയും കളിച്ചിരുന്ന ടോം കുട്ടികൾക്ക് പ്രിയങ്കര നായിരുന്നു. സാമൂഹ്യപ്രതിബദ്ധത ഏറ്റെടുത്തുകൊണ്ട് യുവജനങ്ങളെ പ്രബുദ്ധരാക്കുക എന്ന ദൗത്യം നിർവ്വഹിച്ചത് നേതൃത്വപരിശീലന ക്ലാസ്സു കളിലൂടെയും കലാ-കായിക പ്രോത്സാഹന പരിപാടികളിലൂടെയുമാണ്. മത്സ്യത്തൊഴിലാളികളുടെ സംഘാടനത്തിലൂടെ അവരുടെ അവകാശങ്ങളെ ക്കുറിച്ച് ബോധവാന്മാരാക്കുകയും അതിനുവേണ്ടി അക്ഷീണം പരിശ്രമി ക്കുകുയം പ്രവർത്തിക്കുകയും ചെയ്ത കോച്ചേരി അച്ചൻ ഇന്നും മത്സ്യത്തൊഴിലാളികളുടെ മനസ്സിലും ഹൃദയത്തിലും നിറഞ്ഞുനിൽക്കുന്നു.

സ്ത്രീകളേയും പ്രായമുള്ളവരേയും പ്രത്യേക ബഹുമാനത്തോടും സ്നേഹത്തോടും കൂടെയാണ് കണ്ടിരുന്നത്. സ്ത്രീശാക്തീകരണത്തിനും അവരുടെ അവകാശങ്ങൾക്കും വേണ്ടി ഒപ്പം നിന്നിരുന്നു. ചിറയിൻകീഴ് ചന്തയിലെ സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾക്കും ചന്തലേലം ചെയ്തുകൊടുക്കുന്നതിലൂടെ അനുഭവിച്ച ദുരിതങ്ങൾക്കും എതിരായി സ്ത്രീകളോടു ചേർന്നുനിന്ന് പോരാടി ലേലം നിർത്തിച്ച ചരിത്രം ചന്തയിൽ പോകുന്ന സ്ത്രീകൾ ഇന്നും ഓർമ്മിക്കുന്നു.

സ്വന്തം ആഹാരം പാകം ചെയ്യുക, മുറികളും ബാത്ത്റൂമും പരിസരങ്ങളും വൃത്തിയാക്കുക, പോസ്റ്ററുകൾ ഒട്ടിക്കുക തുടങ്ങി ഏത് ജോലിയും രാത്രിയും പകലും എന്നില്ലാതെ ചെയ്യുന്ന ഒരു വ്യക്തി. അതെ സമയം തന്നെ ജില്ലാതലത്തിലും സംസ്ഥാന തലത്തിലും ദേശീയ അന്തർദേശീയ തലങ്ങളിലും അതിന്റേതായ ചുമതലകൾ ഏറ്റെടുത്ത് ഗൗരവമേറിയ പ്രശ്നങ്ങളിൽ ബന്ധപ്പെടാനും ഇടപെടലുകൾ നടത്താനും പ്രാപ്തമായ കഴിവുള്ള ഒരു വ്യക്തിത്വത്തിന്റെ ഉടമ.

മരിച്ചിട്ടും മരിക്കാത്ത ഓർമ്മകളുമായ് ഒട്ടേറെ മനുഷ്യഹൃദയങ്ങളിൽ പ്രത്യേകിച്ചും മത്സ്യത്തൊഴിലാളികളുടെ ഹൃദയങ്ങളിൽ ടോം ഇന്നും നിറഞ്ഞു നിൽക്കുന്നു. ടോമിന്റെ 10-ാം വർഷ Death Anniversary യുടെ സമയത്ത് മത്സ്യത്തൊഴിലാളി അവകാശ സമരങ്ങളിൽ ടോമിനോടൊത്ത് ജ്വലിച്ചു നിന്നിരുന്ന മറ്റ് പല വ്യക്തികളും ഉണ്ട്. അവരെയും ഏറെ സ്നേഹബഹുമാനങ്ങളോടും ആദരവോടും നന്ദിയോടും കൂടി ഓർമ്മിക്കുന്നു. പ്രത്യേകമായും എന്റെ മനസ്സിൽ ഇന്നും ജീവനോടെ ഞാൻ കാത്തുസൂക്ഷിക്കുന്ന രണ്ടുവ്യക്തികൾ ജോയിച്ചൻ ആന്റണിയും ടി. പീറ്ററുമാണ്. തെറ്റുകളും കുറ്റങ്ങളും പലതും ഉണ്ടെങ്കിലും അവർ മത്സ്യത്തൊഴിലാളി മേഖലക്കു നൽകിയ സംഭാവന ഒരിക്കലും മറക്കാൻ പറ്റാത്തതാണ്. തങ്ങളുടെ ജീവിതംകൊണ്ട് മത്സ്യമേഖലയെ കാത്തു പരിപാലിക്കാൻ ശ്രമിച്ച എല്ലാ വ്യക്തികളുടെയും മുന്നിൽ സ്നേഹപ്രണാമം.



# 2.2 സ്നേഹ ഓർമ്മയിൽ എന്റെ അപ്പൻ



## സെലിൻ കടൽമുത്ത്

ജീവിതത്തിൽ അമ്മയെക്കാൾ എനിക്ക് കൂടുതൽ ഇഷ്ടം എന്റെ അപ്പനെയായിരുന്നു. ഓർമ്മ വച്ചനാൾ മുതൽ അപ്പന്റെ ഓരോ കാര്യവും ഞാൻ ശ്രദ്ധിയ്ക്കും. അപ്പന് എന്ത് പ്രയാസമുണ്ടായാലും അത് കുടുംബത്തിന്റേയോ സംഘടനാപരമായ കാര്യമോ എന്തും എന്റെ അപ്പൻ ഞാനുമായി പങ്ക് വയ്ക്കും.

അമ്മ മരിച്ചതിനുശേഷം അപ്പൻ ഒറ്റയ്ക്കാണ് താമസിച്ചിരുന്നത്. അത് എന്നെ വളരെയധികം വേദനിപ്പിച്ചിരുന്നു ഭർത്താവിന്റെ വീട്ടിലാണെങ്കിലും എന്റെ മനസ്സ് മുഴുവൻ അപ്പന്റെ അടുത്തായിരുന്നു. അപ്പോൾ ഭർത്താവും വീട്ടുകാരും എന്നോട് പറയും. ഇവൾക്ക് മാത്രം ഒരു അപ്പൻ, ഒരു അപ്പൻകാരി എന്നൊക്കെ, എന്റെ അപ്പനെപ്പറ്റി പറയാനാണെങ്കിൽ ഒത്തിരി കാര്യങ്ങൾ എന്റെ മനസ്സിലുണ്ട്.

ജൂലൈ 2019, 28-ാം തീയതിയാണ് അപ്പൻ സുഖമില്ലാതെ ആശുപത്രിയിൽ അഡ്മിറ്റ് ആകുന്നത്. അപ്പനെ ശുശ്രൂഷിക്കാനായി ഞാൻ പോർട്ട് കൊല്ലത്ത് വന്നു. അപ്പന് കിഡ്നിയുടെ അസുഖമായിരുന്നു. ആശുപത്രിയും വീടുമായി നിരവധി തവണ കയറിയിറങ്ങി. വീട്ടിലിരിക്കുമ്പോൾ സംഘടനയുടെയും അതിൽ പ്രവർത്തിക്കുന്നവരുടെയും കാര്യങ്ങൾ പറയും. അങ്ങനെ ഞാൻ നിരവധി കാര്യങ്ങൾ അറിയാൻ തുടങ്ങി. 2020-ൽ കൊറോണ എന്ന മഹാമാരി പടർന്നു ലോക്ക് ഡൗൺ തുടങ്ങിയപ്പോൾ എല്ലാവരും വീടിനുള്ളിലായി. അങ്ങനെ അപ്പനും പുറത്ത് പോകാതെ വളരെ പ്രയാസപ്പെട്ട് ഇരുന്നു. കുറച്ച് കഴിഞ്ഞപ്പോൾ അപ്പന് ഓർമ്മകൾ നഷ്ടപ്പെടാൻ തുടങ്ങി, പിന്നെ മിക്കവാറും കിടക്കും. ഞങ്ങൾ സമയത്തിനു വിളിച്ച് ആഹാരവും മരുന്നും മറ്റും കൊടുക്കും.

അപ്പന്റെ ചിന്തയിൽ (ഓർമ്മയിൽ) പകൽ ഉറങ്ങുന്ന സമയം രാത്രിയും, രാത്രിയാകുമ്പോൾ അപ്പൻ ഓഫീസിൽ പോകാൻ എഴുന്നേല്ക്കും. അപ്പോഴായിരിക്കും ഞങ്ങൾ ഉറങ്ങാൻ കിടക്കുന്നത്. അപ്പൻ ഓഫീസിൽ പോകണമെന്ന് ശാഠ്യം പിടിക്കും. സമയം രാത്രി 10 മണി കഴിയും. ഞാൻ പറഞ്ഞു അപ്പാ, നേരം വെളുക്കാൻ ഇത്തിരികൂടെ സമയമുണ്ട്. പുലരുമ്പോൾ നമുക്ക് രണ്ട് പേർക്കും കൂടി ഓട്ടോപിടിച്ച് ഓഫീസിൽ പോകാം. അങ്ങനെ അപ്പൻ സമാധാനപ്പെട്ട് മുറിയിൽ വന്നിരുന്നു ഇത്തിരി കഴിഞ്ഞപ്പോൾ മുറിയിലിരുന്ന് അപ്പൻ പ്രസംഗിക്കാൻ തുടങ്ങി, വളരെ നീണ്ടയൊരു പ്രസംഗമായിരുന്നു. പ്രസംഗം തീർന്നപ്പോൾ അപ്പൻ എന്നോട് പറഞ്ഞു മോളെ എല്ലാവർക്കും വടയും ചായയും കൊടുക്കാൻ. ഞാൻ ചിരിച്ചുകൊണ്ടു പറഞ്ഞു കൊടുക്കാമെന്ന്.

എന്റെ അപ്പന്റെ മനസ്സ് നിറയെ മത്സ്യതൊഴിലാളികളും സംഘടനയും, കടപ്പുറവുമായി ബന്ധപ്പെട്ട ചിന്തകളുമായിരുന്നു. ഓർമ്മകുറവുകൾക്കിടയിലും, ഒത്തിരി സ്നേഹമുള്ള വ്യക്തികളുടെ പേരുകൾ പറയുമായിരുന്നു. മത്സ്യതൊഴിലാളികൾക്കുവേണ്ടി ഇനിയും ഒത്തിരി കാര്യങ്ങൾ ചെയ്യണമെന്നുള്ള ആഗ്രഹം ബാക്കി വച്ചിട്ട്, മത്സ്യതൊഴിലാളികളുടെ സ്വന്തം ജനപ്രിയ നേതാവായ എന്റെ അപ്പൻ 2020 ഒക്ടോബർ 16 ന് നമ്മളെ വിട്ടു പിരിഞ്ഞിട്ട് 3 വർഷം കഴിഞ്ഞു.

# 2.3 ഡോമിനിക്ക് ജോർജ്ജച്ചന്റെ ഓർമ്മകളിലൂടെ



## സിസ്റ്റർ ആലീസ് ലൂക്കോസ്

1977ൽ പൂനായിലെ പഠനത്തിനുശേഷം, കോഴിക്കോട്ട് അസംപ്ഷൻ സന്യാസിനി സമൂഹത്തിന്റെ പരിശീലന തുടക്കത്തിനായി സ്ഥാപിച്ച സമൂഹത്തിലെ ഒരംഗമായി എന്നെയും കോഴിക്കോട്ടേക്കയച്ചു. ഈശോസഭയുടെ പ്രൊവിൻഷ്യൽ ഹൗസായ മലാപറമ്പ് ക്രൈസ്റ്റ് ഹാളിൽ ഡോമിനിക്കച്ചൻ സോഷ്യോ റിലീജിയസ് സെന്റർ എന്ന മാനസിക ആദ്ധ്യാത്മിക പരിശീലന സെന്ററിന്റെ ഡയറക്ടറായും, ബീച്ച് ബ്ലോസ്സംസ് എന്ന പേരിൽ തീരദേശത്തിന്റെ വികസനത്തിനായി സ്ഥാപിച്ച സാമൂഹ്യപ്രവർത്തന സെന്ററിന്റെ പ്രസിഡന്റായും പ്രവർത്തിക്കുന്ന കാലം. സാമൂഹ്യപ്രവർത്തനത്തിൽ താല്പര്യമുണ്ടായിരുന്ന എനിക്ക് അച്ചന്റെ തീരദേശവികസന പ്രോജക്ടായ ബീച്ച് ബ്ലോസ്സംസിൽ ചേർന്നു പ്രവർത്തിക്കാൻ എന്നെ നിയോഗിച്ചു. അങ്ങനെ ബഹുമാനപ്പെട്ട ഡോമിനിക് അച്ചന്റെ കൂടെ സാമൂഹ്യ പ്രവർത്തനത്തിന്റെ ബാലപാഠങ്ങൾ മത്സ്യമേഖലയുമായി ബന്ധപ്പെട്ട് അഭ്യസിക്കാൻ തുടങ്ങി.

വളരെ അടുക്കും ചിട്ടയും, ഉദ്ദേശലക്ഷ്യങ്ങളെക്കുറിച്ച് നല്ല വ്യക്തതയും പ്രവർത്തന ശൈലിയിലുള്ള പങ്കാളിത്തസ്വഭാവവും, എന്തുതരം പ്രവർത്തനം നടത്തിയാൽ എന്തു ഫലമുണ്ടാകും എന്ന കാര്യങ്ങളെക്കുറിച്ചെല്ലാം നല്ല പരിശീലനവും തന്നിരുന്നു.

തീരദേശം രക്ഷപെടണമെങ്കിൽ ഭാവി തലമുറയുടെ വിദ്യാഭ്യാസം കൊണ്ടു മാത്രമേ സാദ്ധ്യമാകൂ എന്നച്ചൻ ഉറച്ചു വിശ്വസിച്ചിരുന്നു. പിന്നീടങ്ങോട്ട് അച്ചൻ കുട്ടികൾക്കുവേണ്ടി 'ബാലവാടികൾ' സ്ഥാപിച്ചു. അന്ന് 'അങ്കൺ വാടികൾ' ഉണ്ടായിരുന്നില്ല. കോഴിക്കോടിന്റെ തീരദേശത്ത് പുത്തനങ്ങാടി മുതൽ ബേപ്പൂരിനടുത്തുവരെ 25-ഓളം 'അംഗൺവാടികൾ' തുടങ്ങി. പിന്നീട് ഗവൺമെന്റ് അംഗൺവാടികൾ തുടങ്ങിയപ്പോൾ ബീച്ച് ബ്ലോസ്സംസിന്റെ 25 ബാലവാടികളും, നിലവിലുണ്ടായിരുന്ന ടീച്ചർമാരെയും ആയമാരെയും അംഗൺവാടിയിലേക്ക് യോജിപ്പിച്ചു.

പുറംലോകവുമായി യാതൊരു ബന്ധവുമില്ലാതിരുന്ന മുസ്ലീം സ്ത്രീകൾക്കായി സാക്ഷരതാ ക്ലാസ്സുകൾ, നേതൃത്വ പരിശീലനം, ആരോഗ്യ വിദ്യാഭ്യാസം, സ്വയംതൊഴിൽ പരിശീലനം, ചെറിയ ക്ലീനിക്കുകൾ മുതലായവ അച്ചൻ തുടങ്ങി. കോഴിക്കോട് തീരദേശത്തെ വെള്ളയിൽ, തോപ്പയിൽ, വെസ്റ്റ്ഹിൽ തുടങ്ങിയ പ്രദേശങ്ങളിലെ കുടിലുകൾക്ക് അഡ്രസ്സ് ഉണ്ടാക്കിക്കൊടുത്തതും അച്ചനാണ്. ഓരോ പ്രദേശവും ഓരോ ബ്ലോക്കുകളാക്കി



'എ-1' മുതൽ 'എ-100' വരെയും 'ബി-1' മുതൽ 'ബി 100' വരെയും ഇങ്ങനെ ഓരോ ബ്ലോക്കുകൾക്കും നമ്പറുകൾ കൊടുത്തു. ഇതുവഴി എല്ലാവർക്കും റേഷൻകാർഡുകൾ ഉണ്ടായി.

പണമില്ലാത്തതുകൊണ്ടും വിദ്യാഭ്യാസമില്ലാത്തതുകൊണ്ടും മനുഷ്യൻ ഒരുവിധത്തിലുമുള്ള ചൂഷണത്തിനും വിധേയരാകരുതെന്ന് അച്ചന് നിർബന്ധമുണ്ടായിരുന്നു. ഒരു മനുഷ്യവ്യക്തിയുടെ അന്തസ്സ് കളയുന്ന ഒരു പ്രവർത്തനവും അച്ചൻ അംഗീകരിച്ചിരുന്നില്ല. അച്ചന്റെ സ്വന്തം നാടായ അർത്തുങ്കൽ പ്രദേശത്ത് രണ്ടു ബുക്ക്ബൈൻഡിംഗ് യൂണിറ്റുകൾ തുടങ്ങി. അത് നാട്ടുകാരെ ഏല്പിച്ചു. അവിടുത്തെ മത്സ്യത്തൊഴിലാളികളുടെ പ്രവർത്തനങ്ങൾക്ക് അതിൽനിന്നുള്ള വരുമാനം വിനിയോഗിക്കുക എന്നുള്ളതായിരുന്നു അച്ചന്റെ ലക്ഷ്യം.

മത്സ്യത്തൊഴിലാളികളുടെ സംസ്ഥാന സംഘടനയായ കേരള സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷന്റെ രൂപീകരണത്തിൽ ഒരു മുഖ്യപങ്കു വഹിക്കാൻ അച്ചനു കഴിഞ്ഞു. 1984ലെ ചരിത്രപ്രസിദ്ധമായ മത്സ്യത്തൊഴിലാളി സമരത്തിലൂടെ കേരളത്തിലെ മത്സ്യത്തൊഴിലാളികൾക്ക് അഡ്രസ്സ് ഉണ്ടാക്കുന്നതിനും മത്സ്യബന്ധനം അന്തസ്സുറ്റ തൊഴിലാണെന്ന് സ്ഥാപിച്ചെടുക്കുന്നതിനും ഈ സമരം ഉപകരിച്ചു.

മത്സ്യത്തൊഴിലാളികൾ ഇന്നനുഭവിക്കുന്ന നിരവധി അവകാശങ്ങൾ ആ സമരങ്ങളിലൂടെ നേടിയവയാണ്. മത്സ്യത്തൊഴിലാളികൾക്കുള്ള ലംപ്സം ഗ്രാന്റ്, മത്സ്യ സമ്പത്ത് സംരക്ഷണ നിയമങ്ങളായ ജൂൺ-ജൂലായ് മാസങ്ങളിലെ ട്രോളിംഗ് നിരോധനം, പഴ്സീൻ ബോട്ടുകളുടെ ദൂരപരിധി നിയന്ത്രണം, മത്സ്യത്തൊഴിലാളികളുടെ അപകടമരണ ഇൻഷ്വറൻസ്, ഭവന വായ്പ, വള്ളം, വല ഇവയ്ക്കുള്ള വായ്പകൾ ഇവയെല്ലാം നിയന്ത്രിക്കാൻ വേണ്ടിയുള്ള മത്സ്യഫെഡ് രൂപീകരണം എല്ലാം അച്ചൻകൂടി ഉൾപ്പെട്ട സമരത്തിലൂടെ സാധിച്ചവയാണ്.

മത്സ്യത്തൊഴിലാളി നേതാക്കളായിരുന്ന തോമസ് കോച്ചേരി അച്ചൻ, ജോസ് കളീക്കലച്ചൻ, തമ്പി കല്ലുപുരക്കലച്ചൻ, സിസ്റ്റർ ഫിലമിൻ മേരി, ജോയിച്ചൻ ആന്റണി, ജോസഫ് കൊല്ലം ഇവരെല്ലാം ഡോമിനിക്കച്ചന്റെ സുഹൃത്തുക്കളായിരുന്നു.

1991ൽ വിൻ സൊസൈറ്റി സ്ഥാപിതമായപ്പോൾ മുതൽ അച്ചന്റെ സ്വപ്നങ്ങളെല്ലാം വിൻ സൊസൈറ്റിയെക്കുറിച്ചായിരുന്നു. സ്ത്രീകളുടെ പിന്നോക്കാവസ്ഥ മത്സ്യത്തൊഴിലാളി സമരകാലങ്ങളിൽ അച്ചന് വ്യക്തമായതിന്റെ അടിസ്ഥാനത്തിലാണ് വിൻസൊസൈറ്റിക്ക് രൂപം കൊടുത്തതും. സ്ത്രീകളുടെയും, കുട്ടികളുടെയും, കുടുംബങ്ങളുടെയും ശാക്തീകരണം ലക്ഷ്യമിട്ട് ഡോമിനിക്കച്ചൻ സഹസ്ഥാപകനായ വിൻസൊസൈറ്റിക്ക് രൂപം കൊടുത്തു.

ശാക്തീകരണം എന്നത് അച്ചന് പ്രവർത്തന ലക്ഷ്യമായിരുന്നു. അത് സാധ്യ മാക്കുന്നത് സ്വന്തം ശക്തിഹീനതകളെ തിരിച്ചറിഞ്ഞ് അതിനെ മാറ്റാൻ ശ്രമിക്കുമ്പോഴാണെന്നും, ഒരു വ്യക്തി തന്റെ ജീവിതത്തിന്റെ കടിഞ്ഞാൺ സ്വയം പിടിക്കുമ്പോഴാണ് അത് യാഥാർത്ഥ്യമാകുന്നതെന്നും പഠിപ്പിച്ചു.

ഡോമിനിക്കച്ചനുമായുള്ള വ്യക്തിപരമായ ബന്ധവും ഇടപഴകലും, ചർച്ചകളും ആശയവിനിമയങ്ങളും വിൻ പദ്ധതികളുടെ ആസൂത്രണവും അവലോകനവും വിലയിരുത്തലുമെല്ലാം അച്ചന്റെ വ്യക്തിത്വത്തെയും, ജീവിത സിദ്ധാന്തത്തെ പ്പറ്റിയും വ്യക്തമായ ഒരു ചിത്രമാണ് എന്റെ ഓർമ്മയിൽ നിലനിർത്തുന്നത്.

ഡോമിനിക്കച്ചൻ അതുല്യവും അദ്വിതീയവുമായ ഒരു വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു. അച്ചന്റെ ചിന്തയിലും കാഴ്ചപ്പാടിലും പ്രവൃത്തിയിലും, പെരുമാറ്റത്തിലും സമീപനത്തിലും ഒരു സ്വതന്ത്രവും സ്വതസിദ്ധവുമായ തനിമ പുലർത്തിയിരുന്നു. മത-രാഷ്ട്രീയ-സാമൂഹ്യ ചട്ടക്കൂടിൽ നിന്നുകൊണ്ടു തന്നെ അതിന്റെ പ്രബോധനങ്ങളെയും പ്രത്യയശാസ്ത്രങ്ങളെയും ആചാരാനുഷ്ഠാനങ്ങളെയും വസ്തുനിഷ്ഠമായി സ്വതന്ത്രവീക്ഷണത്തോടെ വിശകലനം ചെയ്യാനും അതിൽ നിന്നും ഉരുത്തിരിഞ്ഞ വിജ്ഞാനവും, ഉൾക്കാഴ്ചയും തുറന്ന മനസ്സോടെ ഉൾക്കൊള്ളാനും അത് മനുഷ്യരുടെ യും, സമൂഹത്തിന്റെയും ഉന്നമനത്തിനും വളർച്ചയ്ക്കും അഭിവൃദ്ധിക്കും ഉപകാരപ്രദമായ രീതിയിൽ പ്രായോഗികതലത്തിൽ പ്രാവർത്തികമാക്കാൻ അച്ചൻ അത്യധികം താല്പര്യം പ്രകടിപ്പിക്കുകയും അതിനായി അശ്രാന്തം പ രിശ്രമിക്കുകയും ചെയ്തിരുന്നു.

അച്ചന്റെ പിതാവ് ബഹു. നോർബർട്ട് സാർ ഒരു പ്രധാനധ്യാപകനായിരുന്ന തിനാൽ അടുക്കും ചിട്ടയും അച്ചടക്കവുമുള്ള ഒരു ജീവിതശൈലി സ്വായത്തമാക്കുവാനും മാനസികവും വൈകാരികവും ബൗദ്ധികവും ആദ്ധ്യാത്മികവുമായ കഴിവുകളും നന്മകളും പ്രദാനം ചെയ്യുന്ന ഒരു കുടുംബാന്തരീക്ഷത്തിൽ വളരുവാനുള്ള ഭാഗ്യം അച്ചനുണ്ടായി. അതു കൊണ്ടുതന്നെ ലക്ഷ്യബോധത്തോടെ ജീവിക്കുക എന്നത് അച്ചന്റെ ജീവിത ത്തോടുള്ള കാഴ്ചപ്പാടും ജീവിതശൈലിയുമായിരുന്നു. ജീവിതവിജയത്തിന്റെ ഒരു രഹസ്യം ലക്ഷ്യബോധം, കഠിനാധ്വാനം, ഉത്തരവാദിത്വബോധം, സത്യ സന്ധത ആത്മാർത്ഥത പ്രതിബദ്ധത മനുഷ്യസ്നേഹം ഈശ്വരവിശ്വാസം എന്നീ മാനദണ്ഡങ്ങളിലാണെന്ന് അച്ചൻ ഉറച്ചുവിശ്വസിച്ചിരുന്നു.

ഒരു വൈദികനെന്ന നിലയിൽ അച്ചന്റെ ആദ്ധ്യാത്മികത വിശാലവും നാനാ ജാതിമതസ്ഥരെയും ഉൾക്കൊള്ളുന്നതുമായിരുന്നു. സഹജീവികളിൽ ഈശ്വരനെ ദർശിക്കുക എന്നത് അച്ചന്റെ ഒരാപ്തവാക്യമായിരുന്നു. നന്മ യുടെ ഉറവിടം ഈശ്വരനാണെന്ന് എല്ലാമതങ്ങളും പഠിപ്പിക്കുന്നു എന്നും മറ്റുള്ളവരിൽ നന്മകാണുകയും അംഗീകരിക്കുകയും ചെയ്യുമ്പോഴാണ് ഒരുവനിൽ ഈശ്വരസാക്ഷാത്കാരം ഉണ്ടാകുന്നതെന്ന് അച്ചൻ ഉദ്ബോധിപ്പിച്ചു. എല്ലാത്തിലും എല്ലാവരിലും നന്മ ഉണ്ടന്നെുള്ള അച്ചന്റെ ആദ്ധ്യാത്മിക ചിന്തയും വിശ്വാസവും ദൈനംദിനജീവിത്തിൽ പ്രാവർത്തികമാക്കിയിരുന്നത് സഹപ്രവർത്തകരുടെ വ്യക്തിത്വത്തെയും കഴിവുകളെയും വിലമതിക്കുകയും

അംഗീകരിക്കുകയും അവരുടെ സൽപ്രവ്യർത്തികളെ പ്രശംസിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തുകൊണ്ടായിരുന്നു.

ജീവിതവിജയത്തിനും ആത്മസംതൃപ്തിക്കും സുദൃഢവും സുസ്ഥിരവും ആത്മാർത്ഥവുമായ മനുഷ്യബന്ധങ്ങൾ അത്യന്താപേക്ഷിതമാണെന്ന് അച്ചനു നന്നായറിയാമായിരുന്നു അച്ചൻ ഉയർത്തിപ്പിടിച്ചിരുന്ന ജീവിതമൂല്യങ്ങളോടും ചിന്തകളോടും കാഴ്ചപ്പാടിനോടും യോജിക്കുന്നവരോടും സമാനരീതിയിൽ ചിന്തിക്കുന്നവരോടും സുസ്ഥിരമായ ഒരു സുഹൃദ്ബന്ധം അച്ചൻ പുലർത്തിയിരുന്നു.


ജീവിതപ്രശ്നങ്ങളോടും വെല്ലുവിളികളോടുമുള്ള അച്ചന്റെ സമീപനം ക്രിയാത്മകവും യുക്തിഭദ്രവും ആയിരുന്നു. പ്രശ്നങ്ങൾ അവതരിപ്പിക്കുമ്പോൾ അച്ചൻ ശ്രദ്ധയോടെ ശ്രവിക്കുമായിരുന്നു. എന്നാൽ പ്രശ്നങ്ങളെ വൈകാരികമായി നേരിടുന്നതിനുപകരം, അവയെ സാമാന്യ ബുദ്ധിയും യുക്തിയും ഉപയോഗിച്ച് പ്രായോഗിക പരിഹാരങ്ങൾ കണ്ടെത്തുന്നതിൽ അച്ചന് ഒരു പ്രത്യേക കഴിവുണ്ടായിരുന്നു. പ്രശ്നത്തേക്കാൾ പ്രശ്നപരിഹാരത്തിലായിരുന്നു അച്ചൻ ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നത്. ഡോമിനിക്കച്ചൻ എഴുത്തിലൂടെയും വായനയിലൂടെയും സമകാലീന വിഷയങ്ങളിൽ കൂടുതൽ അറിവ് സമ്പാദിക്കുന്നതിനും അത് മറ്റുള്ളവർക്ക് പകർന്നു കൊടുക്കുന്നതിനും തല്പരനായിരുന്നു.

അച്ചൻ തന്റെ വ്യക്തിത്വം കൊണ്ടും ജീവിത ദർശനം കൊണ്ടും പ്രവർത്തന മികവുകൊണ്ടും സ്നേഹ വാത്സല്യങ്ങൾ കൊണ്ടും ആദ്ധ്യാത്മിക ചൈതന്യം കൊണ്ടും തന്റെ കുടുംബത്തിനും താൻ അംഗമായിരുന്ന ഈശോസഭാ സമൂഹത്തിനും വിൻ കുടുംബത്തിനും, തന്റെ സുഹൃത്തുക്കൾക്കും അഭ്യുദയ കാംക്ഷികൾക്കും എന്നും അനുഗ്രഹമായിരിക്കും.

'ഉപകാരം ചെയ്യുന്നവരെ മറക്കാതിരിക്കുക
സ്നേഹിക്കുന്നവരെ വെറുക്കാതിരിക്കുക
വിശ്വസിക്കുന്നവരെ വഞ്ചിക്കാതിരിക്കുക.'

വിവേകാനന്ദസ്വാമികളുടെ ഈ സന്ദേശം അക്ഷരാത്ഥത്തിൽ ജീവിതത്തിൽ പകർത്തിയ മഹാത്മാവും ആദ്ധ്യാത്മിക ഗുരുവും മനുഷ്യസ്നേഹിയുമായ ഡോമിനിക്കച്ചൻ ചെയ്ത നന്മകൾ എന്നും മായാതെ കൃതജ്ഞത നിറഞ്ഞ നമ്മുടെ ഓർമ്മകളിൽ എന്നും നിറഞ്ഞുനിൽക്കട്ടെ എന്ന പ്രാർത്ഥനാ ശംസകളോടെ.

# 2.4 കടലിനോട് ഒരു പുതുബന്ധുത
## യേശുവിന്റെ വഴിയേ



**ജോൺ കുര്യൻ**

**2023 ജൂൺ 12 ഞായറാഴ്ച**

സി.എസ്.ഐ. സഭയിൽ അന്നേയ്ക്കുണ്ടായിരുന്ന നിർദ്ദേശം ഇങ്ങനെ: ഈ ഞായർ ത്രിത്വത്തിന്റെ ഞായർ ആയോ പരിസ്ഥിതി ഞായർ ആയോ ആഘോഷിയ്ക്കാം (Trinity Sunday or Environmental Sunday) വിഷയങ്ങൾ ഓരോന്നിനും

സ്നേഹസമൂഹം അല്ലെങ്കിൽ ദൈവത്തിന്റെ പ്രപഞ്ചത്തിന് കാവൽ രണ്ടും അന്യോന്യം പൂരകം.

സ്നേഹം ഇല്ലാതെ കാവലും കരുതലും ഇല്ല. നമ്മൾ ഒരു സമൂഹമായിനിന്ന് പ്രകൃതിയെ സംരക്ഷിക്കുകയാണ് വേണ്ടത്.

ജൂൺ 5 പരിസ്ഥിതിദിനം ആയിരുന്നു. ഒരുപിടി ചടങ്ങുകൾ അന്നേദിനം ലോകം എമ്പാടും നടന്നു. ഏറെയും കരഭൂമിയെ സംബന്ധിച്ചുള്ള വിചാരങ്ങൾ, പ്രവർത്തനങ്ങൾ. നല്ലത്, പക്ഷേ പ്രപഞ്ചത്തിൽ തത്തുല്യമോ അതിലധികമോ ആയ പ്രാധാന്യമുള്ള ഒരു തലം ഉണ്ട്. ജലം. ജലത്തിന്റെ കാര്യം പരിസ്ഥിതി ദിനത്തിൽ നമ്മൾ പാടെ മറന്നുകളയുന്നു. വ്യക്തികളും സമൂഹകൂട്ടായ്മ കളും ഒരു പോലെ.

നീല സമ്പദ്‌വ്യവസ്ഥയെക്കുറിച്ച് യേശുവിന്റെ പ്രകൃതത്തിൽ നിന്നു ചില പാഠങ്ങൾ ഉൾക്കൊള്ളുന്നതിനെക്കുറിച്ച് ആണ് ഈ ലേഖനം.

June 8 കടൽദിനം ആയിരുന്നു. UN-ന്റെ ആഹ്വാനപ്രകാരം പ്രമേയം കല്പിച്ചത് ഇങ്ങനെ:

'കടലിന്റെ പുനരുജ്ജീവനം സംഘടന പ്രവർത്തനത്തിലൂടെ.'

ജീവന്റെ ഉദയം കടലിൽ നിന്ന് – ജലത്തിൽ നിന്ന് – എന്നു കൃത്യമായി അറിയുമ്പോഴും നമ്മിലേറെപ്പേരും കടലിന്റെയും ജലത്തിന്റെയും സംരക്ഷണത്തിന് ഒന്നും തന്നെ ചെയ്യുന്നില്ലതന്നെ. നമ്മിൽ ഏറെ പേർക്കും മീൻ കൂട്ടാതെ വയ്യ. പക്ഷേ നമ്മിൽ ഏറെ പേരും മീൻ പിടിച്ചു ഉപജീവനം തേടുന്ന കോടിക്കണക്കിന് തൊഴിലാളികളെക്കുറിച്ചു പരിചിന്തിയ്ക്കുന്നേയില്ല. ഭൂമിയുടെ എഴുപതിലേറെ ശതമാനം ഇടവും വെള്ളം മൂടിയ പ്രതലം ആണെന്നറിയുമ്പോഴും നമ്മൾ ഭൂമിയെക്കുറിച്ചു മാത്രമേ സംസാരിയ്ക്കാറുള്ളൂ എന്നതും വസ്തുത. ഭൂമിയെന്ന ഗ്രഹം എന്നല്ല ജലം എന്ന ഗ്രഹം എന്നുവേണം പറയാൻ എന്ന് ആർതർ സി. ക്ലാർക്ക് പറയുമ്പോൾ അതാണ് ശരി.

1967ൽ ഡോ. അർവിഡു വാഡ്രോ, മാൾട്ടയിൽ നിന്നുള്ള യു.എൻ. അംബാസിഡർ നമ്മുടെയൊക്കെ കടലിന്റെ നിരാസത്തെ അംഗീകരിച്ചു. ന്യൂയോർക്കിൽ

കൂടിയ യു.എൻ. ജനറൽ അസംബ്ലിയുടെ 22–ാമത് സെഷനിൽ 3 മണിക്കൂർ നീണ്ട ഒരു അസാധാരണ പ്രസംഗം ചെയ്തു. കടലിന്റെ സംരക്ഷണവും അതിന്റെ നീതിപൂർവ്വകവും സുസ്ഥിരവും ആയ ഉപയോഗക്രമവും സംബന്ധിച്ച്. ജീവന്റെ ഉറവിടമായ നീലക്കടൽ എല്ലാ മനുഷ്യരുടെയും അവകാശം ആണെന്ന അടിസ്ഥാനത്തിൽ ലോകവ്യവഹാരങ്ങളും വ്യാപാരങ്ങളും നീക്കണം എന്ന നിർദ്ദേശം അദ്ദേഹം മുന്നോട്ട് വച്ചു. ദശകങ്ങൾ പിന്നിട്ടപ്പോൾ ഈ കാഴ്ചപ്പാട് അടിസ്ഥാനപ്പെടുത്തി യു.എൻ. കടൽനിയമം ഉണ്ടാക്കി. ഇന്ന് അത് രാജ്യാന്തര നടത്തിപ്പാണ്, കടൽവിഷയത്തിൽ.

ഇങ്ങനെയൊക്കെ കടലിനെക്കുറിച്ചു ചിന്തിയ്ക്കാൻ വേദപുസ്തക പശ്ചാത്തലം എന്തെങ്കിലും ഉണ്ടോ എന്നൊരു ചോദ്യം ചോദിച്ചാലോ? രണ്ടു വിധത്തിൽ ഉത്തരം പറയാം. വേദപുസ്തകത്തിലെ കടലിനെയും വെള്ളത്തേയും സംബന്ധിക്കുന്ന വേദവാക്യങ്ങളൊക്കെ പെറുക്കികൂട്ടിവച്ച് പ്രഭാഷിയ്ക്കാം. കടല്, മീന്, വള്ളം, കടലിന്നടിയിലെ ജീവപ്രതിഭാസങ്ങൾ, മത്സ്യത്തൊഴിലാളികൾ തുടങ്ങി ഓരോന്നും വിഷയമാക്കി ബൈബിൾ പഠനം നടത്തി നാം എങ്ങനെ ഇന്ന് ഇതുകളോടൊക്കെ ബന്ധപ്പെട്ടു പെരുമാറണമെന്ന് വ്യാഖ്യാനിക്കാം. യേശു കടലിനോടും കടലുൾക്കൊള്ളുന്ന എല്ലാപ്രതിഭാസങ്ങളോടും കടലിൽ പണിയെടുക്കുന്ന തൊഴിലാളികളോടും എങ്ങനെ ഇടപെട്ടു പെരുമാറിയെന്നും അത് നമുക്ക് എങ്ങനെ ഇന്നും ഇനിയുള്ള കാലങ്ങളിലും പെരുമാറ്റമാക്കാം എന്നും തെരയാം എന്നത് രണ്ടാമതൊരു വഴി. ഞാൻ ഈ രണ്ടാമത്തെ വഴി തേടുന്നു ഈ ലേഖനത്തിൽ.

## യേശുവും കടലും

യേശുവിന്റെ ജീവിതത്തിലെ അവസാന മൂന്നു വർഷങ്ങൾ സങ്കീർണ്ണവും തിരക്കുകൾ നിറഞ്ഞതും ആയിരുന്നു. പക്ഷേ ആ കാലയളവിലും അദ്ദേഹം ഒരു കടൽ മനുഷ്യൻ ആയിരുന്നു എന്നു പറഞ്ഞാൽ അത് അതിശയോക്തി ആകുമെന്നുണ്ടോ? ഇല്ല എന്നാണ് ഞാൻ പറയുന്നത്.

ഗലീലിക്കടൽ പ്രദേശങ്ങൾ യേശുവിന്റെ പ്രവൃത്തികേന്ദ്രം ആയിരുന്നു. ഗലീലിക്കടൽ കാൽ കിന്നരംപോലെ ആകൃതി. ജറുസലേമിൽ നിന്ന് 100 കിലോമീറ്റർ വടക്കു മാറി യോർദ്ദാൻ താഴ്വാരത്തിലെ ഒരു ശുദ്ധജല ത്തടാകം. നീളം 20 കിലോമീറ്റർ, വീതി 13 കി.മീറ്റർ. ഉയർന്ന കുന്നുകളുടെ നടുവിൽ കിടക്കുന്നതുകൊണ്ട് കുന്നുകളുടെ വിടവുകളിലൂടെ ഊതിവരുന്ന കാറ്റ് പ്രതീക്ഷിക്കാത്ത നേരത്ത് കടൽക്ഷോഭങ്ങൾ ഇളക്കുന്ന പ്രകൃതി.

ശുദ്ധജലത്തടാകം എന്ന നിലയ്ക്ക് മത്സ്യബന്ധനവും വിപണനവും അവിടെ ഏറെ നടന്നിരുന്നു. ജനവാസകേന്ദ്രവുമായിരുന്നു. നല്ല വിലകിട്ടുന്ന മീനുകളുടെ ആവാസകേന്ദ്രവും നല്ല വിപണനകേന്ദ്രവുമായിരുന്നു ഈ പ്രദേശം. റോമാക്കാരുടെ വലിയ കരംപിരിവുകേന്ദ്രം. ഗലീലിയിലെ മീൻപിടുത്തക്കാർ ദരിദ്രർ ആയിരുന്നില്ല. നിറയെ കച്ചവടകേന്ദ്രങ്ങൾ നിറഞ്ഞ ഒരു പ്രദേശം. ധാരാളമായി ആളുകൾ വന്നുപോകുന്ന ഇടം. കച്ചവടസാമഗ്രികളുടെ പ്രളയം ഗലീലയിലെ റോഡുകൾ എല്ലാം തന്നെ ഈ തടാകം ചുറ്റി പോയിരുന്ന സാഹചര്യം. കാലാവസ്ഥ ഉഷ്ണമേഖലാ പ്രദേശത്തിന്റേത്. ഗന്ധകത്തിന്റെ സാന്നിദ്ധ്യമുള്ള ഉറവകൾ. രോഗചികിത്സയ്ക്കു ഏറെ സാഹചര്യങ്ങളും ഉള്ള പ്രദേശം ആയിരുന്നിടം. യേശു നിരവധി പ്രാവശ്യം ഈ തടാകത്തിൽ എത്തിയിരുന്നു. വള്ളത്തിൽ സഞ്ചരിച്ചു. അക്കരയും ഇക്കരയും ഉള്ള

ഗ്രാമങ്ങളിലൊക്കെ സഞ്ചരിച്ച് എത്തിയിരുന്നു. നിരവധി നേരങ്ങളിൽ പ്രസംഗവേദികളും രോഗീശുശ്രൂഷാ വേദികളും ഒരുക്കിയിരുന്നു.

യേശുവിന്റെ പ്രസിദ്ധമായ മലയിലെ പ്രസംഗത്തിന്റെ വേദി, അദ്ദേഹത്തിന്റെ പ്രസിദ്ധമായ ദൗത്യപ്രസംഗം നടന്ന പള്ളിയും കഫർണാവും, ബത്സയിദായും മഗ്ദലയും, തിബേരിയൂസും എല്ലാം ഗലീലിത്തടാകത്തിനു ചുറ്റും ഉള്ള പ്രദേശങ്ങളും മലകളും ആയിരുന്നുവെന്ന് ഓർമ്മിക്കുക.

ആ പ്രദേശങ്ങളിലെ ഒക്കെ പ്രകൃതിയും കാലാവസ്ഥയും കാറ്റും തിരയും എല്ലാം യേശുവിന് നല്ല പരിചയം ആയിരുന്നു തന്നെ. തച്ചന്റെ ശേഖരത്തിൽ നിന്ന് ആയിരുന്നു എന്നുള്ളപ്പോഴും മത്സ്യത്തൊഴിലാളികളോടായിരുന്നു അദ്ദേഹത്തിന് കൂറും ഏറെ ഇടപെടലുകളും. ഗലീലിക്കാരായിരുന്ന ഇക്കൂട്ടരെത്തന്നെയാണ് യേശു തന്റെ ശിഷ്യനേതൃത്വത്തിന് തിരഞ്ഞെടുത്തത് എന്നതും പ്രത്യേകതയാണല്ലോ. ഏറെ സന്ദർഭങ്ങളിലും തീരമണച്ചിട്ടിരുന്ന ഒരു മീൻ പിടുത്തവഞ്ചി ആയിരുന്നു അദ്ദേഹത്തിന്റെ പ്രസംഗമണ്ഡപം. കടലിന്റെ പരിസ്ഥിതി വ്യവസ്ഥകളും മത്സ്യങ്ങളുടെ കയറ്റിറക്കങ്ങളും കേന്ദ്രീകരണങ്ങളും എല്ലാം അദ്ദേഹം അറിഞ്ഞിരുന്നു. മത്സ്യബന്ധന രീതികളും അദ്ദേഹം തിരിച്ചറിയുകയും തൊഴിലാളികളുടെ അറിവുകളെ ആദരിക്കുകയും ചെയ്തിരുന്നു എന്നതും തീർച്ച. മീൻകറി വയ്ക്കാനും ഭക്ഷണത്തിൽ മീൻ ഉൾച്ചേർക്കാനും അണികളുടെ വിശപ്പിനെ കണക്കിലെടുക്കാനും എന്നും അദ്ദേഹം ശ്രമിച്ചിരുന്നു.

ആണും പെണ്ണുമായി നിരവധി നല്ല സുഹൃത്തുക്കൾ ഗലീലിക്കടലിന്റെ പ്രാന്തങ്ങളിൽ അദ്ദേഹത്തിനുണ്ടായിരുന്നു. അവരുടെ വീടുകളിൽ ആതിഥ്യം തേടാനും ചങ്ങാത്തം അനുഭവിയ്ക്കാനും പ്രവാചകന് ഒരുവിധ ജാള്യതയും ഉണ്ടായിരുന്നില്ല തന്നെ. അവരുടെ കൂടാരങ്ങളിൽ തങ്ങി വിരുന്നുണ്ണാനും ദൈവജ്ഞാനം പകരാനും അദ്ദേഹം ഉത്സുകനായിരുന്നു അപ്പോഴും ഗലീലിക്കടലും കടലോരവും ആയിരുന്നു അദ്ദേഹത്തിന് ഏറെ പ്രിയപ്പെട്ട ഇടങ്ങൾ.

നമ്മൾ പറഞ്ഞുവച്ച കാര്യങ്ങൾ കൂട്ടിവായിക്കുമ്പോൾ ഒരുപക്ഷേ മൂന്നു കാര്യങ്ങൾ ആണ് പ്രകൃതിയോടും ആവാസ വ്യവസ്ഥകളോടും ഉള്ള ഇടപെടലിൽ നമുക്കു പ്രയോഗമാക്കാവുന്നത് എന്ന് എനിയ്ക്കു തോന്നുന്നു.

1. യേശുവിന്റെ കാലത്തെ കടലിന്റെ ആവാസ വ്യവസ്ഥയേയും കടലാളരുടെ ജീവനത്തേയും സംബന്ധിച്ചു യേശു ജാഗ്രതയും ശ്രദ്ധയും ഉള്ളവനായിരുന്നു. കടൽ ജീവനായിരുന്നു ജീവനസാഹചര്യം ആയിരുന്നു കടലാളർക്ക് എന്ന നല്ലബോദ്ധ്യം അദ്ദേഹത്തിനുണ്ടായിരുന്നു. വള്ളവും വലയും മീനും മത്സ്യത്തൊഴിലാളികളും അദ്ദേഹത്തിന്റെ ഹൃദയത്തോടു ചേർത്തു വച്ചിരുന്നു.

2. കടലിന്റെ സ്വന്തമായ വ്യതിരിക്തതകളെ അറിഞ്ഞ് അനുകൂലിച്ചിരുന്നു. കടലിന്റെ ബന്ധുതാപരമായ അസ്ഥിത്വം, നിലനില്പിന്, ഭക്ഷണത്തിന്, സൗഖ്യത്തിന്, വിശ്രമത്തിന്, അതിനിടയിലുള്ള ക്ഷോഭങ്ങൾക്ക് അങ്ങനെ ഒരുപിടി അനുകൂല പ്രതികൂല സന്ദർഭങ്ങളെയൊക്കെ അദ്ദേഹം അനുഭവിച്ചതും ഉൾക്കൊണ്ടതും ആയ സന്ദർഭങ്ങളെയൊക്കെ കൂട്ടിവച്ചതും വായിക്കൂ.

3. കടൽ ഒരുക്കിത്തന്ന ബന്ധുതാപരമായ സാദ്ധ്യതകളെ പരമാവധി അറിഞ്ഞു പ്രതികരിച്ച ഒരു വ്യക്തിത്വത്തിന്റെ ഉടമസ്ഥത അദ്ദേഹത്തിന് അവകാശപ്പെട്ടതായിരുന്നു. ചുറ്റുമുള്ള ഗ്രാമങ്ങളുടെ/പട്ടണങ്ങളുടെ കൂടിച്ചേരലുകൾക്കും

വളർച്ചക്കും അനുകൂലമായ എത്രയെങ്കിലും മികവു സാഹചര്യങ്ങൾ തിരിച്ചറിഞ്ഞു പ്രയോഗിക്കുന്നതിൽ യേശു കാണിച്ച നൈപുണ്യം. അതാതിടങ്ങളിലെ മനുഷ്യരുടെ തെളിമയറിഞ്ഞ് അവരെയൊക്കെ തന്റെ അനുയായികളാക്കാനും അവർക്കു നേതൃത്വം ഏല്പിച്ചുകൊടുക്കാനും ഒക്കെ യേശു കാണിച്ച വൈഭവം ഒന്നുമാത്രം മതിയല്ലോ ബന്ധുതയുടെ ഈ ഭാവത്തെ വിശദീകരിക്കാൻ.

നമ്മുടെ ജീവിതത്തിന്റെ പ്രവിധ സാഹചര്യങ്ങളെയും-ജഢീകതയും വ്യക്തിതലവും ആത്മീയ ബന്ധുതയും-സമന്വയിപ്പിച്ച് പ്രകൃതിയിൽ ജീവന്റെ ഉറവിടമായ ജലത്തോട് ബന്ധുത പുലർത്തി ബന്ധങ്ങൾ വളർത്തിയെത്തിക്കുന്ന സമാരാധ്യമായ ഒരു പ്രവൃത്തിവിശേഷത്തിന്റെ വക്താവും പ്രയോക്താവും ആയിട്ടാണ് യേശു ഗലീലി പ്രാന്തങ്ങളിൽ ജീവിച്ചത് എന്നത് ഒരു വലിയ മാതൃക ആണല്ലോ. പ്രകൃതിയുടെയും പ്രപഞ്ചത്തിന്റെയും അതിൽ നീലക്കടലിന്റെയും സംരക്ഷണത്തിനു ഏറെ പ്രധാനമായ ഇടപെടൽ അങ്ങനെ സമഗ്രമായ ഒരു കാഴ്ചപ്പാടുതന്നെ. യേശു കൃത്യമായ ഈ ത്രിമാനം തന്റെ ജീവിതത്തിൽ സാക്ഷീകരിച്ചു. ബന്ധുതയുടെ മൂന്നുതലങ്ങൾ ത്രിമാനങ്ങൾ സ്രഷ്ടാവായ ദൈവികതയോട്, സഹജാതരായ മനുഷ്യരോട്, സൃഷ്ടിജാലങ്ങളോടൊക്കെ. എല്ലാ ഞായറാഴ്ചകളിലും ആദ്യത്തെ രണ്ടു ബന്ധുതകളുടെ ആചരണം ആണ് എന്നുള്ളപ്പോൾ മൂന്നാമതുള്ളതിനെ നമ്മൾ മറന്നുപോകുന്നില്ലേയെന്ന് സംശയം.

യേശുവിന്റെ പ്രയോഗങ്ങളും മനുഷ്യകുലവും നാം ഇന്ന് എത്തിനിൽക്കുന്ന സാഹചര്യങ്ങളിൽ പ്രകൃതിയോട്, നീലക്കടലിനോട് പ്രത്യേകിച്ചു നമ്മുടെ ബന്ധുതയുടെ ആചരണം എങ്ങനെ ആയിരിക്കണം? ഇന്ന് പ്രാദേശികമായും ആഗോളതലത്തിലും വന്നു ഭവിച്ചിരിക്കുന്ന പാരിസ്ഥിതിക പ്രതിസന്ധിയ്ക്ക് ഒരു മുഖ്യകാരണം തെറ്റായ വേദപുസ്തക വ്യാഖ്യാനങ്ങൾ ആണ് എന്ന പക്ഷം ഉണ്ട്. പ്രപഞ്ചസൃഷ്ടിയിൽ അവസാനരൂപം ആയ മനുഷ്യനെ ഈ പ്രപഞ്ചം ഏല്പിച്ചത് ഭരിയ്ക്കാനാണെന്ന (Rule) ഒരു ദർശനവും അതല്ല പരിപാലിയ്ക്കാനാണ് (Stewardship) എന്നു പറയുന്നിടത്ത് ദർശനങ്ങളുടെ വ്യത്യാസം ഉണ്ട്. ദർശനങ്ങൾക്കനുസരിച്ച് പ്രകൃതങ്ങൾക്കും പ്രവൃത്തികൾക്കും വ്യത്യാസം വരുമല്ലോ. ഇന്ന് പ്രകൃതിയെ മനുഷ്യൻ കൊണ്ടെത്തിച്ചിരിക്കുന്ന പതനത്തിന്റെ ഒരു മുഖ്യകാരണം വേദപുസ്തകത്തിന്റെ തെറ്റായ നിർവ്വചനം ആണ് എന്നുപറയുമ്പോൾ അതിലേറെ ശരിയുണ്ട്. മനുഷ്യൻ ഇന്ന് അധികാരിയാണ്. പരിചാരകനല്ല. നമ്മൾ നമ്മുടെ ഉപഭോഗ തൃഷ്ണയെ തീറ്റിവളർത്തി സർവ്വതിനേയും മനുഷ്യന്റെ ഭോഗവസ്തു മാത്രമായി കണ്ടു. മനുഷ്യൻ അല്ലാതെ ഒരു വസ്തുവിനും വ്യക്തിത്വം കല്പിക്കാതെ പെരുമാറി വന്നപ്പോൾ പ്രപഞ്ചത്തിന് ഇന്നു നിലനിൽപ്പില്ലാതെ ആയി.

അവനവന് എന്തുകിട്ടും, എനിയ്ക്ക് എന്ത് ഉപയോഗം എന്നതു മാത്രമായി മനുഷ്യന്റെ തെരയൽ. അതുകളെ പരമാവധി ചൂഷണം ചെയ്ത് എടുക്കുക മാത്രം. മനുഷ്യനോടും, പ്രാപഞ്ചികതയുടെ വസ്തുപരതയ്ക്കപ്പുറം ഓരോന്നിന്റെയും നന്മയും ദാനഭാവവും ശ്രദ്ധയിൽപ്പെടാതെ പോയി. ഓരോന്നിന്റെയും വ്യക്തി തനിമയും ദാനപരതയും വകവയ്ക്കാതെ പോയി. മീനാണെങ്കിലും പരമാവധി മുതലെടുത്തു മാറുക എന്നതുമാത്രമായി മനുഷ്യന്റെ ലക്ഷ്യം. പരമാവധി ചൂഷണം ചെയ്ത് ഇല്ലാതാക്കി മാറുന്ന നശീകരണം ആയി മനുഷ്യന്റെ പ്രകൃതം. എന്തെല്ലാം നശീകരണങ്ങൾ

മനുഷ്യൻ നീലകടലിനോട് ബന്ധപ്പെട്ടു ചെയ്തുകൊണ്ടിരിക്കുന്നു. വൻകപ്പലുകൾക്കു അടുക്കാൻ കപ്പൽച്ചാലുകളോടുകൂടി തുറമുഖങ്ങൾ, കടലിൽ നിന്ന് പുനരുപയോഗത്തിനു വാതകങ്ങൾ കുഴിച്ചെടുക്കൽ, കരയിലുണ്ടാക്കുന്ന മാലിന്യങ്ങൾ വലിച്ചെറിയാൻ കടലിനെ കുപ്പക്കുഴി ആക്കൽ, ന്യൂക്ലിയർ പ്ലാന്റുകൾ അഴിമുഖത്തേയ്ക്കു തുറക്കൽ, വൻകിട ഹോട്ടലുകൾകൊണ്ട് കടൽത്തീരം നിറയ്ക്കൽ അങ്ങനെയങ്ങനെ വികസന വഴികൾ എത്രയെങ്കിലും നശീകരണ പ്രക്രിയകൾ, ടെക്നോളജിയുടെ അമിതപ്രവർത്തനങ്ങൾ, വിനാശം വിതയ്ക്കലുകൾ, മനുഷ്യനുവേണ്ടതും വേണ്ടാത്തതും വാരിയെടുക്കാൻ ഒരു ഭണ്ഡാരം എന്ന കണക്കുകൂട്ടൽ. മറുവഴിക്കു കുപ്പകൾ വലിച്ചെറിയാൻ ഒരു കുപ്പക്കുഴി. ആധുനികത നീലക്കടലിനെ അതിന്നപ്പുറം വേറൊന്നും ആയി കാണുന്നില്ലതന്നെ.

കൂടുതൽ കൃത്യതയോടെ നമ്മൾ ചോദ്യങ്ങൾ ചോദിച്ചുതുടങ്ങേണ്ടിയിരിക്കുന്നു. കൃത്യമായും നീലക്കടൽ നമുക്കു തരുന്നത് എന്താണ്? അസീസിയിലെ ഫ്രാൻസിസ് അദ്ദേഹത്തിന്റെ പ്രസിദ്ധമായ പ്രകൃതിയുടെ കീർത്തനത്തിൽ നിർവ്വചിക്കും പോലെ കടലിനെ അമ്മയും സംരക്ഷകയും (Mother and Provider) ആയി നിർവചിക്കേണ്ടതുണ്ട്. Laudato si എന്ന ചാക്രിക ലേഖനത്തിൽ പോപ്പ് ഫ്രാൻസിസ് നിർവ്വചിച്ചപോലെ കടലിനെ പ്രശാന്തിയുടെ തീരമായി (A Solace) നിർവ്വചിച്ചു പെരുമാറേണ്ടതുണ്ട്. അദ്ദേഹം പറഞ്ഞപോലെ നമ്മുടെ ഒരേകവിശ്വത്തിന്റെ കാവൽക്കാരും ശുശ്രൂഷകരും (Stewards) ആവുക.

നമ്മുടെ സ്കൂളുകളിൽ, ശാസ്ത്ര ക്ലാസ്സുകളിൽ നമ്മൾ പഠിച്ചതുകൾ നമ്മൾ മറന്നുകഴിഞ്ഞു. കടലാണ് ഓക്സിജന്റെ പ്രഭവകേന്ദ്രം എന്നത്. കടൽ നടത്തുന്ന ആകമാന കാലാവസ്ഥാ സമീകരണം. കടലിൽ നിന്നു ആവിയായി ഉയർന്നു നമുക്കു ശുദ്ധജലം പ്രദാനം ചെയ്യുന്ന നീലക്കടലിന്റെ ജീവന മന്ത്രം.

എപ്പോളെങ്കിലുമൊക്കെ കടൽത്തീരത്തേക്ക് മക്കളുമൊത്ത് ഇറങ്ങിയിരുന്നു നമ്മൾ ആസ്വദിക്കുന്ന പ്രശാന്തിയുടെ അനുഭവം. കടലിൽ മുങ്ങിക്കുളിച്ചോ, Serf ചെയ്തോ ഒക്കെ അനുഭവിയ്ക്കുന്ന ഉല്ലാസം. തിരയിലേക്കിറങ്ങി കാലുനനയ്ക്കുന്ന ആ ഒരു ക്രിയ മാത്രം എടുത്തുനോക്കൂ. എത്രമാത്രം നിവൃതിയാണ്? പ്രകൃതിയിൽ വിലയിച്ചു നിൽക്കുന്ന ആ അനുഭൂതി വിശേഷം? കടൽ പകരുന്നതുപോലെ, കടലിന്റെ അനന്തതയും അഗാധതയും പകരുന്ന നിർവൃതി വിശേഷങ്ങൾ വർണ്ണിച്ചു തീർക്കാനാവുമോ? കോവിഡ് 19 കാലം കഴിഞ്ഞപ്പോൾ കടൽത്തീരങ്ങളിലേക്കു ഓടിയണഞ്ഞ പുരുഷാരങ്ങളെ മറക്കുന്നുണ്ടാവുമോ? ശരീരത്തിനും മനസ്സിനും അതു പകർന്ന ഉണർവ്വുകൾ മറക്കാറായിട്ടില്ലല്ലോ? ഇതുകൾ ഒക്കെ കടലിന്റെ ദാനഭാവങ്ങൾ ആണ്. അതിന് വിലനിർണ്ണയിക്കാൻ ആവില്ലതന്നെ. അരച്ചുകുറുക്കി വയ്ക്കാനും ആവില്ല. പക്ഷേ ജീവിതത്തിന്റെ നിർവൃതി വിശേഷങ്ങൾ കടലു പകരുന്നത് ഇനിയും ഏറെയാണ്. നീലക്കടലിനോട് ഒരു പുതിയ കാഴ്ചപ്പാടുണ്ടാകണം. ബന്ധുതയുടെ അഗാധരൂപങ്ങൾ വളർത്തി രൂപപ്പെടുത്തണം. എല്ലാ ജീവനും ഉദിച്ചത് കടലിലാണ്. കടല് നമ്മുടെ ജീവന്റെ നിർവ്വചനസ്രോതസ്സാണു തന്നെ. പണ്ട് അതങ്ങനെ ആയിരുന്നു. ഇന്ന് അത് ഒരു പ്രതിസന്ധിയിലാണ് എന്നു ള്ളപ്പോഴും അതല്ലാതെ ഒരു വഴിയില്ല. ഭാവിയിൽ ഈ വസ്തുത നമ്മെ നിർബ്ബന്ധിയ്ക്കും, നമ്മുടെ കാഴ്ചപ്പാടുകളും ചെയ്തികളും തിരുത്തുവാൻ എന്നു തീർച്ച. ഒരു കാര്യം തീർച്ച. നീലക്കടൽ പലവിധങ്ങളിൽ നമ്മുടെ ജീവിതത്തെ സ്വാധീനിയ്ക്കുന്നു. നമ്മൾ എങ്ങനെ, ഏതു തരത്തിൽ കടലിനോട്

ബന്ധപ്പെടുന്നുവെന്നത് ഏതുവിധത്തിലും പ്രധാനം തന്നെ. അങ്ങനെ നോക്കുമ്പോൾ മനുഷ്യരെ രണ്ടുവിധക്കാരായി തരം തിരിക്കാം. (1) ഒരു കൂട്ടർ കടലോരത്തു താമസിക്കുകയും നിരന്തരമായി കടൽ സാഹചര്യങ്ങളോടുകൂടി നേരിട്ടു ബന്ധപ്പെട്ടു ജീവിക്കുന്നു. (2) രണ്ടാമതൊരുകൂട്ടർ അകന്നുനിന്ന് കടലിനോട് ബന്ധം പുലർത്തുന്നു. ഒന്നാമത്തെ കൂട്ടരെ കടൽ പൗരന്മാർ എന്നു വിളിക്കാം. പ്രധാനമായും മത്സ്യത്തൊഴിലാളികൾ. കടലിൽ ബന്ധപ്പെട്ടു കഴിയുന്ന നേവിക്കാർ, കപ്പൽ കച്ചവടക്കാർ, വാതക ഖനന ത്തൊഴിലാളികൾ, തുറമുഖത്തൊഴിലാളികൾ, കപ്പൽ പൊളിക്കുകയും ഉണ്ടാക്കുകയും ചെയ്യുന്ന തൊഴിലാളികൾ, ടൂറിസം വ്യവസായം നടത്തുന്നവർ, കടലോരത്ത് ജോലി ചെയ്യുന്ന ഗാർഡുകൾ, സർഫിംഗ് വിനോദത്തൊഴിലാളികൾ, കടലുകൊണ്ട് ജീവിക്കുന്ന എത്രയെങ്കിലും ഇതരതൊഴിലാളികൾ. ഇവിടെ പറയുന്ന എല്ലാ കൂട്ടർക്കും കടലിന്റെയും തീരത്തിന്റെയും സംരക്ഷണം അവരുടെ ജീവനത്തിന്റെയും അതിജീവനത്തിന്റെയും ഭാഗമാണ്.

രണ്ടാമത്തെ കൂട്ടരെ കടൽ സഹകാരികൾ എന്നുവിളിക്കാം. കടലുകൊണ്ട് ഉപജീവിക്കാത്ത നമ്മളടക്കമുള്ള എല്ലാവരെയും ഈ കൂട്ടത്തിൽപ്പെടുത്താം. കടലുകൊണ്ടല്ല നാം ഉപജീവിയ്ക്കുന്നതു എന്നുള്ളപ്പോഴും നമ്മളും ജീവിച്ചു പോകുന്നതു കടലുള്ളതുകൊണ്ടാണ്. ശുദ്ധജലം, ഓക്സിജൻ, കാലാവസ്ഥാ നിയന്ത്രണം, ഇതെല്ലാം വിഷയം ആണല്ലോ. ഇതുകൾ ഇല്ലാതെ വന്നാൽ നമ്മുടെ ജീവിതം കഴിഞ്ഞല്ലോ. നമ്മുടെ ബന്ധുതകൾ ക്രമപ്പെടുത്തുക എന്നുപറയുമ്പോൾ, കടലുകൊണ്ടു ജീവിക്കുന്ന കടൽപൗരന്മാരെ നിലനിൽക്കാൻ തുണക്കുക എന്നതാണ്. അവരോടൊന്നിച്ച് ഒരു Blue Turn എടുക്കുക. കടലിന്റെ സുസ്ഥിരതയ്ക്കും സംരക്ഷണത്തിനും നീലനീതി, നീലനിലനില്പ്, നീലസംരക്ഷണം, നീലപങ്കാളിത്തം എന്നിങ്ങനെ നിരവധി അംശങ്ങളിൽ നമ്മൾ പങ്കുകാരാകണം.

അടുത്തിടയ്ക്ക് “നമ്മുടെ കടൽ, ജീവന്റെ നിലനിൽപ്പിനു കടൽ” എന്ന ഒരു അന്താരാഷ്ട്ര കോൺഫറൻസിൽ പോപ്പ് ഫ്രാൻസിസ് ഓർമ്മിപ്പിച്ചതുപോല അഗാധമായ വിനയത്തോടെയും വിസ്മയത്തോടുംകൂടെ മാത്രമേ നമുക്ക് കടലിനെക്കുറിച്ച് “നമ്മുടെ കടൽ” എന്നു പറയാനാവൂ. കടലെന്ന പ്രതിഭാസത്തെ ഒരു വസ്തുവായും ഒരു വ്യക്തി ആയും ഒരു ബന്ധു ആയും കണ്ടുകൊണ്ടുമാത്രമേ, ഇതരവിഭാഗത്തോട് ബന്ധുത പുലർത്തിക്കൊണ്ടുമാത്രമേ നമുക്ക് കടലിനോടുള്ള നമ്മുടെ ഉത്തരവാദിത്തം നിറവേറ്റാനാവൂ. ഈ പ്രപഞ്ചത്തിന്റെ മുഴുവൻ നിലനിൽപ്പിനും ആധാരമാവുന്ന നീലക്കടലിന് കാവൽനിന്നുകൊണ്ടുമാത്രമേ മനുഷകുലത്തിനു മുഴുവൻ അവകാശപ്പെട്ട സ്ഥാനം ആയി ഇതിനെ നിലനിർത്താൻ ആവൂ എന്ന് അറിയുക. അങ്ങനെ ക്രിസ്തു വിഭാവനം ചെയ്ത സ്നേഹസമൂഹം എന്ന ദൈവരാജ്യം സംസ്ഥാപിയ്ക്കുവാൻ നമുക്കു സാധിക്കൂ. നീലക്കടലിന്റെ സംരക്ഷകരാവുക!

# 2.5 ഉത്ഥാനം ഇന്നും ഇവിടെ തുടരുന്നു



## സിസ്റ്റർ മേഴ്സി കൂട്ടിയാനി MMS

മത്സ്യത്തൊഴിലാളികളോടൊപ്പമുള്ള ജീവിതം ഒരു പുത്തൻ അനുഭവമായി മാറി. അനുദിന ജീവിതത്തിനുവേണ്ടി കഠിനമായി അദ്ധ്വാനിക്കുന്ന മനുഷ്യർ... കടലുമായി മല്ലിടുന്ന പുരുഷന്മാർ... മൈലുകൾ മീൻ കുട്ടകളുമായി നടന്ന് ഉപജീവനം തേടുന്ന തൊഴിലാളി സ്ത്രീകൾ, ശ്രദ്ധിക്കപ്പെടാതെ പോകുന്ന കുട്ടികൾ, കടൽ കനിഞ്ഞില്ലെങ്കിൽ പട്ടിണിയുണ്ണുന്ന മനുഷ്യക്കോലങ്ങൾ... ദാരിദ്ര്യം സമ്മാനിക്കുന്ന വൃത്തിഹീനമായ പരിസരവും, രോഗങ്ങളും. ഈ പ്രതികൂല സാഹചര്യങ്ങളിലും മനസ്സ് തളരാതെ ജീവിക്കുന്നവർ. പ്രതീക്ഷ നഷ്ടപ്പെടാതെ ജീവിക്കുന്ന അവരിൽനിന്ന് ഞാനേറെ പഠിച്ചു. ജീവിതത്തെ നിരന്തരസമരമാക്കി മാറ്റിയ അവരുടെ മുന്നിൽ ഞാൻ എന്റെ രോഗത്തെപ്പറ്റി ചിന്തിക്കാതെയായി. അവരുടെ രോഗത്തെപ്പറ്റിയും അതിന്റെ അടിസ്ഥാനകാരണങ്ങളെപ്പറ്റിയും ചിന്തിച്ചു തുടങ്ങി. പരിമിതമായ സാഹചര്യത്തിൽ നിന്നുകൊണ്ട് അവരോടൊപ്പം പരിസരം വൃത്തിയാക്കുന്നതിനും, രോഗ പ്രതിരോധ നടപടികൾ നടത്തുന്നതിനും പൊതുവെ കാണപ്പെടുന്ന രോഗങ്ങൾക്കുള്ള പ്രഥമ ശുശ്രൂഷകൾ മനസ്സിലാക്കിക്കൊടുക്കുന്നതിനും വേണ്ടിയുള്ള യജ്ഞങ്ങൾക്ക് തുടക്കമിട്ടു. ഗ്രാമത്തിലെ ഒരു നൂതന പ്രസ്ഥാനമായി അത് വളർന്നു. അപ്പോഴും അടിസ്ഥാന പ്രശ്നങ്ങളിലേക്ക് ചെന്നെത്താനുള്ള ചിന്തയിലേക്കായിരുന്നു ശ്രദ്ധ മുഴുവനും.

### മൽസ്യത്തൊഴിലാളി സമരവും മൽസ്യസമ്പത്തിന്റെ സംരക്ഷണവും

മൽസ്യത്തൊഴിലാളികളുടെ ചരിത്രത്തിൽ കഴിഞ്ഞ ദശകം ഒരു സമരചരിത്ര കാലഘട്ടമാണ്. യന്ത്രവൽക്കൃത ബോട്ടുകൾ ട്രോളിംഗ് നടത്തി മത്സ്യസമ്പത്ത് നശിപ്പിക്കുന്ന സാഹചര്യത്തിനെതിരെ മത്സ്യം മുട്ടിയിട്ടു വിരിയുന്ന മൺസൂൺ കാലഘട്ടത്തിൽ കടലിന്റെ അടിത്തട്ടിനെ കോരി മറിക്കുന്ന യന്ത്രവൽകൃത ട്രോളിംഗ് ബോട്ടുകളുടെ പ്രവർത്തനം നിരോധിക്കണം എന്ന ആവശ്യമുന്നയിച്ചുകൊണ്ട് നീണ്ട പതിറ്റാണ്ടുകാലത്തെ ഒരു സമരം. കടലിലെ മൽസ്യസമ്പത്ത് നശിച്ചാൽ തങ്ങളുടെ ഉപജീവനം നഷ്ടമാകുമെന്ന് മനസ്സിലായ തൊഴിലാളികൾ സമരരംഗത്ത് ഉറച്ചുനിന്നു. അതിനവർക്ക്


നൽകേണ്ടിവന്നത് ത്യാഗപൂർണ്ണമായ ഒരു ജീവിതമാണ്. പ്രത്യേകിച്ച് സമരത്തിൽ നേതൃത്വം നൽകിയവരെ സംബന്ധിച്ചിടത്തോളം ഇതൊരു ജീവൻമരണ പോരാട്ടമായിരുന്നു. ജീവൻ സംരക്ഷിക്കുന്നതിനുവേണ്ടി മരിക്കുവാൻ പോലും തയ്യാറായ മനുഷ്യരുടെ കഥ ഈ സമരചരിത്രം വെളിപ്പെടുത്തുന്നു.

## ഉയിർത്തെഴുന്നേല്പ്

മരണത്തിൽ നിന്ന് ജീവനിലേക്കുള്ള ഉയിർത്തെഴുന്നേല്പിന്റെ അനുഭവമാണ് മത്സ്യത്തൊഴിലാളികളോടൊപ്പം ചിലവഴിച്ച കാലഘട്ടം എന്നിൽ ഉണർത്തിയ പ്രധാന ചിന്ത. അവരുടെ ജീവിതയാഥാർത്ഥ്യങ്ങളുമായി ബന്ധപ്പെടുത്തി ബൈബിൾ വായിക്കാനും വ്യാഖ്യാനിക്കാനും തുടങ്ങിയപ്പോൾ പുതിയൊരു ചിന്താധാര എന്നിൽ രൂപം കൊണ്ടു. യേശുവിനോടുള്ള പ്രത്യാശാപുർണമായ വിശ്വാസബോധം ഉൾക്കൊണ്ടിരിക്കുന്ന ശക്തി എനിക്കനുഭവപ്പെടാൻ തുടങ്ങി. അർപ്പണബോധത്തോടുകൂടി ജീവിക്കുകയും പരസ്പരം ഇടപെട്ട് അന്യോന്യം ബന്ധപ്പെട്ട് വളരുന്നവരുടെ ഒരു കൂട്ടായ്മയായി മത്സ്യത്തൊഴിലാളി പ്രസ്ഥാനം എനിക്കനുഭവപ്പെട്ടു. പീഡിതരും ക്രൂശിതരുമായ ഒരു ജനം. കുരിശ് ചുമക്കുന്നവന്റെ കുരിശ് എന്റെ തോളിലേറ്റാൻ എനിക്ക് സാധിക്കുന്നില്ല. പക്ഷേ അവരോടൊപ്പം നടന്നു തുടങ്ങിയപ്പോഴാണ് സുവിശേഷ സന്ദേശത്തി ലടങ്ങിയിരിക്കുന്ന പ്രത്യാശ എന്നിൽ ഞാൻ കണ്ടെത്തിയത്. അർപ്പണത്തിന്റെ ചിന്തകൾ എന്നിൽ ആഴമായി. ഗോതമ്പുമണി നിലത്തുവീണ് അഴുകുന്നെങ്കിൽ മാത്രമേ അതിനു നല്ല വിളവ് നൽകാനാകൂ. അഴുകുന്നില്ലെങ്കിലതു അതേപടി തുടരും. ഈ സുവിശേഷ വാക്യത്തിന്റെ അർത്ഥവും വ്യാപ്തിയും എനിക്ക് മനസ്സിലായിത്തുടങ്ങി. സ്വന്തം ജീവിതം നഷ്ടപ്പെടുത്തുന്നവൻ നിത്യജീവൻ സൃഷ്ടിക്കും എന്ന സത്യത്തിലേക്ക്... യേശുവിന്റെ ഉത്ഥാനം പഴയൊരു സംഭവമല്ല... വ്യത്യസ്തജീവിത ആവിഷ്ക്കാരങ്ങളിലൂടെ, മരണ മില്ലാത്ത ജീവിതത്തെ അനുസ്മരിപ്പിക്കുന്ന യേശുവിന്റെ ഉത്ഥാനം ഇന്നും തുടരുന്നു.

(ഓറയിൽ നിന്ന്)

# 2.6 കടലിന്റെ മക്കൾ



**എൻ.കെ. ജോസ്**

മാന്യ വായനക്കാരോട്,

കേരളത്തിലെ മൽസ്യത്തൊഴിലാളി സമൂഹത്തിന്റെ ഒരു സമഗ്രചരിത്രമാണ് കടലിന്റെ മക്കൾ എന്ന ഈ പരമ്പര. വിഗ്രഹഭഞ്ജകനായ ചരിത്രകാരൻ ശ്രീ. എൻ.കെ. ജോസ് ആണ് എഴുതുന്നത്. രചനയുടെ കരടുരൂപമായിരിക്കും ഓറയിൽ വരുന്നതെന്ന് അറിയിക്കുന്നു. ഓറ വായനക്കാരുടെ പ്രതികരണങ്ങൾ കൂടി പരിഗണിച്ചിട്ടുവേണം കൃതിക്ക് അവസാനരൂപം നൽകേണ്ടതെന്ന് അദ്ദേഹം കരുതുന്നു. ഓറയുടെ പേർക്ക് അഭിപ്രായങ്ങൾ എത്തിച്ചുതരാൻ വായനക്കാരോട് പ്രത്യേകം താൽപര്യപ്പെടുന്നു. ഈ കനപ്പെട്ട കൃതിയുടെ പ്രകാശനവുമായി ബന്ധപ്പെടാൻ കഴിഞ്ഞതിൽ ഓറയ്ക്ക് ചാരിതാർത്ഥ്യമുണ്ട്. ശ്രീ. ജോസിനു നന്ദി.

കേരളം ഭാരതത്തിലെ ഇതരസംസ്ഥാനങ്ങളെ അപേക്ഷിച്ച് പല രംഗങ്ങളിലും മുന്നിലാണ്. വിദ്യാഭ്യാസത്തിലും സാംസ്ക്കാരിക പുരോഗതിയിലും രാഷ്ട്രീയാവബോധത്തിലും സാമൂഹ്യ പരിഷ്കരണത്തിലുമെല്ലാം അത് വളരെ വ്യക്തമായി കാണാം. ആ കേരളത്തിൽ ഇനിയും അധഃകൃതരായി അവശേഷിച്ചിട്ടുള്ള അപൂർവ്വം ചില വിഭാഗങ്ങളിൽ പ്രഥമഗണനീയമായ ഒരു സമൂഹമാണ് മൽസ്യത്തൊഴിലാളി വിഭാഗം.

കേരളത്തിന് ഏതാണ്ട് 360 മൈൽ നീളം വരുന്ന സമുദ്രതീരമുണ്ട്. അതിന്റെ ഉൾഭാഗത്തായി ഏതാണ്ട് അത്രയും നീളം വരുന്ന തടാകങ്ങളുടെ ശൃംഖലയുമുണ്ട്. അവയ്ക്ക് മൊത്തം 666 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണം വരും. ചെറുതും വലുതുമായ നദികൾ ഇവയിലേയ്ക്കെല്ലാം കൂടി ഒഴുകി ചേരുന്നുണ്ട്. ഇതിന്റെ എല്ലാം ഫലമായി ഒരു നല്ല മൽസ്യസമ്പത്ത് കേരളത്തിന് സ്വന്തമായി ഉണ്ടായിരുന്നു. തെറ്റായ മൽസ്യബന്ധനരീതി കൊണ്ടും വ്യവസായങ്ങളും കൃഷിയും ആധുനിക വൽക്കരിച്ചതിന്റെ ഫലമായും ഈ നദികളിലൂടെയും തോടുകളിലൂടെയും ജലാശയങ്ങളിലേക്ക് ചെന്നു ചേരുന്ന മാരകമായ വിഷം മൂലവും അവയിൽ ഒന്നു പകുതിയും നശിച്ചുപോയിട്ടുങ്കിലും ഇന്നും അഭിമാനിക്കാവുന്ന മൽസ്യബന്ധന സൗകര്യമുള്ള നാടാണ് കേരളം. ഇന്ത്യയിൽ മറ്റൊരു സംസ്ഥാനത്തിനും ഇത്രയധികം മൽസ്യസമ്പത്തില്ല.

ഇന്ന് ഇവിടത്തെ ജനതയുടെ ഒരു നല്ല ഭാഗം മൽസ്യം ഉപയോഗിക്കുന്നവരാണ്. ആദ്യകാലത്ത് ഈ നാട്ടിലെ എല്ലാവരും മൽസ്യം ഭക്ഷിച്ചിരുന്നുവെങ്കിൽ ഇടക്കാലത്ത് ആഢ്യത്വത്തിന്റെ പേരിൽ ചിലർ അതിൽനിന്നും

പിൻമാറി. എന്നാൽ ഇപ്പോഴും കേരളജനതയുടെ സിംഹഭാഗവും മൽസ്യം ഭക്ഷിക്കുന്നവരാണ്. അതിന്റെ അടിസ്ഥാനത്തിൽ ഇവിടെ പാരമ്പര്യമായി മൽസ്യം പിടിച്ചു ജീവിച്ചു വരുന്ന ഒരു സമൂഹമുണ്ട്. അവരെ പൊതുവേ ധീവരർ എന്നു പറയാമെങ്കിലും ആ സംജ്ഞയിൽ എല്ലാവിഭാഗം മൽസ്യ ത്തൊഴിലാളികളും ഉൾപ്പെടുകയില്ല. ചരിത്രപരമായ കാരണങ്ങളാൽ അവരിലെ വിവിധ വിഭാഗങ്ങൾക്ക് വ്യത്യസ്തമായ പേരുകൾ അട്ടിപ്പേറായി വന്നിട്ടുണ്ട്. മുക്കുവർ, അരയർ, വാലന്മാർ, മരയ്ക്കാൻമാർ, അമുക്കുവർ, മുകയർ, നുളയർ തുടങ്ങിയ നാമങ്ങൾ അങ്ങനെ ഉണ്ടായതാണ്. പുറക്കാട് മുതൽ കന്യാകുമാരി വരെയുള്ള തീരപ്രദേശത്ത് താമസിച്ച് മൽസ്യബന്ധനം നടത്തുന്നവർ മാത്രമാണ് യഥാർത്ഥ മുക്കുവർ എന്നഭിപ്രായപ്പെടുന്നവരുണ്ട്.

വടക്കേ മലബാറിലും ദക്ഷിണ കർണ്ണാടകത്തിലുമുള്ള ഒരു വിഭാഗം മൽസ്യ ത്തൊഴിലാളികളാണ് മുകയർ. അവർ കായലുകളിൽ നിന്നാണ് മൽസ്യം പിടിക്കുന്നത്. അതിനാൽ അവരെ ജാതിയിൽ കുറഞ്ഞവരായിട്ടാണ് മുക്കുവർ കണക്കാക്കിയിരുന്നത്. അടുത്തകാലം വരെ അവരുമായി വിവാഹബന്ധമോ പന്തിഭോജനമോ മുക്കുവർ നടത്തിയിരുന്നില്ല. എന്നാൽ തിരുവിതാംകൂറിലെയും കൊച്ചിയിലെയും കായലുകളിൽ മൽസ്യം പിടിക്കുന്ന വാലൻമാർക്ക് മുക്കുവരേക്കാൾ ജാതിയിൽ ഔന്നത്യം ഉണ്ടെന്നാണ് വയ്പ്.

ഇന്ന് അവരെല്ലാം പൊതുവേ ധീവരർ എന്ന സംജ്ഞകൊണ്ട് പരാമർശിക്ക പ്പെടാറുണ്ടെങ്കിലും മൽസ്യത്തൊഴിലാളികളിലെ ക്രിസ്തുമത വിശ്വാസികളും ഇസ്ലാം മതവിശ്വാസികളും ഏതായാലും ആ സംജ്ഞയിൽപ്പെടുകയില്ല. ധീവരരെ പൊതുവേ ഹിന്ദുമത വിശ്വാസികളായിട്ടാണ് കണക്കാക്കുന്നത്. ജനസംഖ്യാനുപാതികമായി നോക്കിയാൽ ഇന്നു കേരളത്തിൽ മൽസ്യതൊഴി ലാളികളിലെ ഈ മൂന്നു മതാനുയായികളും ഏതാണ്ട് തുല്യരാണ്. എന്നാൽ ഒരു കാലത്ത് ഇവരെല്ലാം മതവിശ്വാസത്തിന്റെയും ആചാരാനുഷ്ഠാന ങ്ങളുടെയും അടിസ്ഥാനത്തിൽ പോലും ഒന്നായിരുന്നു.

അതുപോലെ തന്നെ കടലിന്റെ മക്കൾ എന്ന നാമവും അവർക്കെല്ലാം ഒരുപോലെ ഇണങ്ങുന്നതല്ല. ആയുസ്സിൽ ഒരിക്കൽപോലും കടലിൽ പോയിട്ടില്ലാത്ത മൽസ്യത്തൊഴിലാളികളും അവരുടെ കൂട്ടത്തിലുണ്ട്. അവർ കായൽപരപ്പിലും നദികളിലും മറ്റും മൽസ്യബന്ധനത്തിൽ ഏർപ്പെടുന്ന വരാണ്. എന്നാൽ ഇവിടെ അവരെയും കൂടി ഉൾപ്പെടുത്തിയാണ് കടലിന്റെ മക്കൾ എന്ന പേര് ഉപയോഗിക്കുന്നത്. കടലും ഇന്നത്തെ കായലുകളും തമ്മിൽ ഭൂമിശാസ്ത്രപരമായി ഭേദമില്ലാതിരുന്ന ഒരു കാലം ഇവിടെ ഉണ്ടായിരുന്നു. ഇന്നു കായലുകളായി കാണപ്പെടുന്ന ജലാശയങ്ങളുടെ പടിഞ്ഞാറ് ഭാഗത്ത് അന്ന് ഏതാനും തുരുത്തുകൾ മാത്രമാണുണ്ടായിരുന്നത്. ആ തുരുത്തുകൾ തന്നെ അവിടെ നൂറ്റാണ്ടുകൾ കൊണ്ടോ സഹസ്രാബ്ദങ്ങൾ കൊണ്ടോ രൂപം പ്രാപിച്ചതാണ്. ആ തുരുത്തുകൾ അവിടെ രൂപം പ്രാപിക്കുന്നതിന് മുമ്പും ഇവിടെ കരയുണ്ടായിരുന്നു. കരയിൽ മനുഷ്യരുായിരുന്നു. ആ കരയും ആ മനുഷ്യരും സമുദ്രതീരത്തായിരുന്നു. അവർ മൽസ്യം പിടിക്കുകയും ഭക്ഷിക്കുകയും ചെയ്തിരിക്കണം. ആ തുരുത്തുകൾ അവിടെ രൂപം പ്രാപിച്ച

പ്പോഴാണ് അവയ്ക്കുള്ളിലെ സമുദ്രഭാഗം കായലുകളായി തിരിഞ്ഞത്. പിന്നീട് നൂറ്റാണ്ടുകൾ കൊണ്ട് ആ തുരുത്തുകൾ തമ്മിലുള്ള വിടവു നികന്നു. കായലുകളുടെ പടിഞ്ഞാറുഭാഗം ഒരൊറ്റ മണൽതിട്ടയായി മാറി. അങ്ങനെയാണ് ഇന്നത്തെ കായലുകൾ ഈ വിധത്തിൽ അവിടെ രൂപം കൊണ്ടത് എന്നാണ് ഈ നാടിന്റെ ചരിത്രവും ഭൂമിശാസ്ത്രവും പഠിച്ച വിദഗ്ധർ പറയുന്നത്.

കഴിഞ്ഞ രണ്ടായിരം വർഷങ്ങൾക്കിടയിൽ കേരളത്തിന്റെ ഭൂമിശാസ്ത്ര ഘടനയിലുണ്ടായ ഫിസിയോഗ്രാഫിക്കൽ മാറ്റങ്ങൾ നിർണ്ണയിക്കുന്നതിനാണ് പ്രാചീനഭൂമി ശാസ്ത്രകൃതികളിലെ നിരീക്ഷണങ്ങൾ ഞാൻ എടുത്തു പറഞ്ഞത്. ക്രിസ്താബ്ദം ആദിമശതകങ്ങളിൽ ഒരു കപ്പലിൽ കൊടുങ്ങല്ലൂർ നിന്നും നദികൾ ലഗൂണുകൾ എന്നിവയിലൂടെ നിരണത്തേയ്ക്ക് യാത്ര ചെയ്യാമായിരുന്നു. മുനമ്പം പുറക്കാടു എന്നീ ദിക്കുകളിലുള്ള പൊഴികൾ വഴി അക്കാലത്ത് കപ്പലുകൾക്കു ഈ ലഗൂണുകൾ കടന്നു സഞ്ചരിക്കാമായിരുന്നു. അതെല്ലാം ഇപ്പോൾ നികന്നു പോയിരിക്കുന്നു.

അങ്ങനെ കായലും കടലുമില്ലാതെ ഒന്നായി കിടന്ന കാലഘട്ടത്തിൽ മൽസ്യബന്ധനത്തിൽ ഏർപ്പെട്ടിരുന്നവരുടെ മക്കൾ എന്ന നിലയിൽ ഇന്ന് കായലിൽ മൽസ്യം പിടിക്കുന്നവരും കടലിന്റെ മക്കൾ തന്നെയാണ്. ഇന്ന് കപ്പൽ അവരിൽ നിന്നും ദൂരത്തേയ്ക്ക് പോയതിനാൽ അവർ കടലിൽ നിന്നും മൽസ്യം പിടിക്കുന്നില്ല എന്നേയുള്ളൂ. പകരം അടുത്തുള്ള കായലുകളിലും നദികളിലും നിന്ന് മൽസ്യം പിടിക്കുന്നു എന്നു മാത്രം.

ആധുനിക കേരളത്തിന്റെ രൂപീകരണത്തിൽ മറ്റേതൊരു ശക്തിയേയയുംകാൾ ഏറെ സ്വാധീനം ചെലുത്തിയിട്ടുള്ളത് കടലാണ് എന്നത് ഒരു ചരിത്രവസ്തുതയാണ്. കേരളത്തിലെ കായലുകൾ ഇന്ത്യൻ മഹാസമുദ്രത്തിലെ ഒരു വലിയ വിഭാഗം നാവികരെയും മൽസ്യതൊഴിലാളികളെയും പ്രദാനം ചെയ്യുന്നതിനുള്ള പ്രാഥമിക പരിശീലന കേന്ദ്രങ്ങളായിരുന്നു എന്ന വസ്തുത ഇത്തരുണത്തിൽ സ്മരണീയമാണ് എന്നാണ് കെ.പി. പത്മനാഭ മേനോൻ പറയുന്നത്. സിന്ധു നദീതട സംസ്കാരത്തിന്റെ കാലത്ത് ബി.സി. 1500 നു മുമ്പ് കേരളത്തിന് കടൽവഴി ആ സംസ്കാരവുമായി ബന്ധമുായിരുന്നു. കെ.എ. നീലകണ്ഠശാസ്ത്രി ഉൾപ്പെടെ പ്രഗത്ഭരായ പല ചരിത്രകാരൻമാരുടെയും അഭിപ്രായത്തിൽ സിന്ധുനദീതടത്തിൽ നിന്നും ദ്രാവിഡർ കേരളത്തിൽ വന്നത് കടൽ വഴിയാണ്. യഹൂദമതവും ക്രിസ്തുമതവും മുഹമ്മദ് മതവും ഇവിടെ വന്നത് കടൽ വഴിയാണ്. ഈജിപ്തുകാരും യഹൂദരും ഗ്രീക്കുകാരും റോമക്കാരും പേർഷ്യക്കാരും ചൈനാക്കാരും അറബികളും പോർട്ടുഗീസുകാരും ഡച്ചുകാരും ഫ്രെഞ്ചുകാരും ഇംഗ്ലീഷുകാരും അങ്ങനെ കേരളത്തിൽ വന്ന എല്ലാ വിദേശിയരും, വിദേശ വ്യാപാരികളും വന്നത് കടൽ വഴി തന്നെയാണ്. ചരിത്രാതീതകാലംതൊട്ടേ കേരളം വിദേശങ്ങളിൽ അറിയപ്പെട്ടത് കടൽ വഴിയും കടൽ വഴി കൊണ്ടുപോയ കേരള വിഭവങ്ങളിലൂടെയുമാണ്. മുകിലനും പത്താനും മാലീഖാനും ഹൈദരും ടിപ്പുവും അങ്ങനെ ചുരുക്കം ചിലർ മാത്രമാണ് മലകടന്നു കേരളത്തിലെത്തിയത്. സഹ്യപർവ്വതം എക്കാലത്തും ഒരു കോട്ട പോലെ കേരളത്തിന് സംരക്ഷണം നൽകി. ചോളരും പാണ്ഡ്യരും ഈ നാട്ടിൽ അതിക്രമിച്ചുകടന്നു എന്നത് ഇനിയും

സ്ഥിരീകരിക്കാത്ത ചരിത്രമാണ്. ചരിത്രാതീതകാലം മുതൽക്കേ പാണ്ഡ്യ രാജ്യത്തിൽ കേരളത്തിന്റെ ഒരു ഭാഗവും ഉൾപ്പെട്ടിരുന്നു. അതുപോലെ ചേര രാജ്യത്തിൽ സഹ്യപർവ്വതത്തിന് കിഴക്കുള്ള ചില പ്രദേശങ്ങളും ഉൾക്കൊണ്ടിരുന്നു.

കടൽവഴി വന്നവർ കേരളത്തെ ചൂഷണം ചെയ്തിട്ടുണ്ടെങ്കിൽ അവരു മായുള്ള ബന്ധം മൂലം കേരളവും കേരള ജനതയും പരിവർത്തനത്തിന് വിധേയ മാവുകയും ചെയ്തിട്ടുണ്ട്. മതങ്ങളും ആശയങ്ങളും മുദ്രാവാക്യങ്ങളും മാത്രമല്ല ഉൽപന്നങ്ങളും ഉപഭോഗസാധനങ്ങളും കൃഷി വിത്തുകളും വേഷ വിധാനങ്ങളും അങ്ങനെ പലതും അവർ ഇവിടേക്ക് ഇറക്കുമതി ചെയ്തു. ഇന്നു കേരളത്തിന് സ്വന്തമായി എന്തെങ്കിലും അവശേഷിച്ചിട്ടുണ്ടെങ്കിൽ അത് കേരളത്തിന്റെ കടൽ മാത്രമാണ്. ആറാം നൂറ്റാണ്ടിൽ അറബികൾ അത് കൈവശപ്പെടുത്തി ജ്ഞാനസ്നാനപ്പെടുത്തി പുതിയ പേരും നൽകി അധീശതയിൽ വച്ചുകൊണ്ടിരുന്നുവെങ്കിലും (അതുവരെ അതിന്റെ പേര് എരിത്രിയൻ കടൽ എന്നായിരുന്നു) 16–ാം നൂറ്റാണ്ടുവരെ മാത്രമേ അവർക്ക് അതിനു കഴിഞ്ഞുള്ളൂ. അവരിൽ നിന്നും അത് പോർട്ടുഗീസുകാരും പിന്നെ ഇംഗ്ലീഷുകാരും കൈവശപ്പെടുത്തി. ഇപ്പോൾ വീണ്ടും അത് കേരളത്തിന് ലഭ്യമായിരിക്കുകയാണ്. പക്ഷേ ഇന്നും അറിയപ്പെടുന്നത് പഴയ അറബിക്കടൽ എന്നുതന്നെയാണ്. ഇന്ന് അറബികൾക്ക് കടലിൽ ആധിപത്യമില്ലെങ്കിലും ഈ കടലിന്റെ തീരത്തെ കുബേരന്മാർ ഇന്നവരാണ്.

കേരളത്തിലെ കാട് വെട്ടിത്തെളിച്ചവരുടെ വർഗ്ഗക്കാർ കടലും വെളുപ്പിക്കുവാൻ ശ്രമിച്ചുവെങ്കിലും പൂർണ്ണമായി ഇന്നും അതിന് കഴിഞ്ഞിട്ടില്ല. അത് കടലിന്റെ പ്രത്യേകതകൊണ്ടാകാം. കേരളത്തിലെ ചൂഷകവർഗ്ഗത്തിന്റെ ശാസ്ത്രസാങ്കേതിക വിദ്യകളുടെ വളർച്ചയുടെ അപര്യാപ്തത മൂലവുമാകാം. കേരളത്തിന്റെ ഇന്നത്തെ നൻമക്കും തിൻമക്കും കടൽ പ്രത്യക്ഷമായും പരോക്ഷമായും കാരണമായിട്ടുള്ളതിനാൽ കേരളത്തിന്റെ സമുദ്രതീരത്ത് മൽസ്യം പിടിച്ചു ജീവിക്കുന്നവരെ മാത്രമല്ല മുഴുവൻ കേരള ജനതയെയും കടലിന്റെ മക്കൾ എന്നു വിളിക്കുന്നതിൽ അപാകതയില്ല. കടൽ കൊണ്ടുവന്ന സംസ്കാരമാണ് മലകൊണ്ടുവന്ന സംസ്കാരത്തേക്കാൾ ആധുനിക കേരളത്തിന്റെ രൂപീകരണത്തിൽ ഏറെ സ്വാധീനത ചെലുത്തിയത്. എങ്കിലും ഈ ലേഖന പരമ്പരയിൽ കടലിന്റെ മക്കൾ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് കടലിലും കായലിലും മൽസ്യബന്ധനം നടത്തി ജീവിക്കുന്ന ജനതയേയും അങ്ങനെ ഒരുകാലത്ത് ജീവിച്ചിരുന്ന ജനതയിൽ നിന്നും അതിനോട് ബന്ധപ്പെട്ട ഇതര തൊഴിലുകൾ അന്വേഷിച്ചു പോയ ജനതയെയുമാണ്.

എന്നാൽ അവരെപോലും ഒരു സമൂഹമായി കാണുവാൻ അവരോ മറ്റുള്ളവരോ ഇന്നുവരെ തയ്യാറായിട്ടില്ല. അവരുടെ ഐക്യം മറ്റു പലർക്കും ദോഷകരമാകു മെന്നതിനാൽ മതത്തിന്റെ പേരിലും ജാതിയുടെ പേരിലും രാഷ്ട്രീയത്തിന്റെ പേരിലും അവരെ ഭിന്നിപ്പിച്ചു നിറുത്തുക എന്നത് ഇന്നിവിടെ ആവശ്യ മായിവരുന്നു. ഏറ്റവും ആധുനികമായി അവർ ഉപയോഗിക്കുന്ന മൽസ്യ ബന്ധനോപകരണങ്ങളുടെ പേരിൽകൂടി അവരെ ഭിന്നിപ്പിക്കുന്നുണ്ട്. അതിന്റെ ഫലമായി ആധുനിക കേരളത്തിൽ പരസ്പരം വഴക്കടിക്കുകയും

തല്ലുകയും കൊല്ലുകയും തീ വയ്ക്കുകയും ചെയ്യുന്ന ഒരേ ഒരു ജനത ഇവിടത്തെ മൽസ്യത്തൊഴിലാളികൾ മാത്രമായിത്തീർന്നിരിക്കുകയാണ്. കേരളത്തിലെ ഇന്നത്തെ അവരുടെ മൊത്തം ജനസംഖ്യ 11 ലക്ഷമാണ്. അത് കേരളത്തിന്റെ ആകെ ജനസംഖ്യയുടെ അഞ്ചു ശതമാനമാണ്. രാഷ്ട്രീയമായ വിലപേശലിനും അതിന്റെ അടിസ്ഥാനത്തിൽ സ്വന്തം അവകാശങ്ങൾ നേടി എടുക്കുന്നതിനുമുള്ള ജനസംഖ്യാനുപാതികമായ കഴിവ് ഒരു പരിധിവരെ അവർക്കിന്നുണ്ടെങ്കിലും വിനിയോഗിക്കാൻ അവർക്ക് കഴിഞ്ഞിട്ടില്ല. അവരേക്കാൾ ജനസംഖ്യയിൽ പിന്നോക്കം നിൽക്കുന്ന പല വിഭാഗങ്ങളും തങ്ങളുടെ ഐക്യവും ഉറപ്പുമുള്ള നിലപാടുമൂലം ഇവിടെ പലതും നേടിയിട്ടുണ്ട് എന്ന സത്യവും അവരുടെ കണ്ണു തുറപ്പിക്കുവാൻ പര്യാപ്തമായിട്ടില്ല. അവരിന്നും വിവിധ രാഷ്ട്രീയ ഭിക്ഷാംദേഹികളുടെയും മതമൗലിക താൽപര്യങ്ങളുടെയും ചട്ടുകങ്ങളായി സ്വയം നശിക്കുകയാണ്.

കഴിഞ്ഞ നൂറ്റാണ്ടിന്റെ അവസാനകാലത്തേയും ഈ നൂറ്റാണ്ടിന്റെ ആരംഭകാലത്തേയും സെൻസ്സസ് റിപ്പോർട്ടുകൾ തിരുവിതാംകൂറിലേതായാലും കൊച്ചിയിലേതായാലുംമലബാറിലേതായാലുംപരിശോധിച്ചാൽഅതിൽഎത്രയോ വിഭാഗം നായൻമാരെ കാണാൻ കഴിയും. എന്നാൽ ഇന്നു കേരളത്തിൽ നായർ എന്ന ഒരു വിഭാഗം മാത്രമാണുള്ളത്. വെളുത്തേടത്ത് നായരും വിളക്കിത്തല നായരും ഉൾപ്പടെയുള്ള എല്ലാ നായൻമാരും നായരല്ലാത്തവരും ചേർന്ന് ഒരു നായർ സമൂഹമായി. തൻമൂലം അവർക്ക് ജനസംഖ്യാനുപാതികമായും മറ്റുവിധത്തിലും തങ്ങളുടെ അവകാശങ്ങൾ നേടി എടുക്കുവാൻ കഴിഞ്ഞു. ഈഴവരുടെയും സ്ഥിതി അതുതന്നെയാണ്. ഇന്ന് തീയ്യരും ചോകോൻമാരും ഈഴവരും അങ്ങനെ വിവിധ ജാതികൾ ഇല്ല. ശ്രീനാരായണ ഭക്തരായ, എസ്.എൻ.ഡി.പി. യോഗത്തോടു ബന്ധപ്പെട്ട ഒരു സമൂഹം മാത്രമാണുള്ളത്. എന്നാൽ ഇനിയും ഈ വിധത്തിലുള്ള ഐക്യവും യോജിപ്പു നേടിയിട്ടില്ലാത്തതും നേടണമെന്നു ആഗ്രഹമില്ലാത്തതുമായ വർഗമാണ് ഇവിടത്തെ മൽസ്യത്തൊഴിലാളി വിഭാഗം.

ഈ പരിതഃസ്ഥിതിയിൽ നിന്നു മോചനം നേടണമെന്നാഗ്രഹിക്കുന്ന ഏതു ജനതയും ആദ്യമായി ചെയ്യേണ്ടത് സ്വയം മനസ്സിലാക്കുക എന്നതാണ്. സമൂഹത്തിലെയും രാഷ്ട്രീയത്തിലെയും തങ്ങളുടെ ഇന്നത്തെ നില, അതിനാധാരമായ വസ്തുതകൾ, ആ വസ്തുതകൾ ഈ പ്രത്യേകരീതിയിൽ വന്നെത്തുവാനിടയായ സാഹചര്യങ്ങൾ, ആ സാഹചര്യങ്ങൾക്കു രൂപം കൊടുത്ത ചരിത്രപരമായ ഘടകങ്ങൾ, ആ ഘടകങ്ങൾ പ്രവർത്തിച്ച ചരിത്രപശ്ചാത്തലം തുടങ്ങിയവയെപ്പറ്റി അവബോധമുള്ള സമുദായത്തിന് മാത്രമേ സ്വന്തം ദുഃസ്ഥിതിയൽ നിന്നും കരകയറുന്നതിനെപ്പറ്റി ആലോചിക്കുന്നതിനുള്ള കഴിവുണ്ടാകയുള്ളൂ. അതിനുള്ള മാർഗം കണ്ടെത്തുവാൻ കഴിയുകയുള്ളൂ.

കേരളത്തിലെ മൽസ്യത്തൊഴിലാളികൾക്ക് ഇന്നുവരെ ആ ഒരു നിലവാരത്തിലെത്തുവാൻ കഴിഞ്ഞിട്ടില്ല അവർക്ക് അവരുടേതായ ഒരു ചരിത്രമില്ല. അങ്ങനെ ഒന്നിന്റെ ആവശ്യകതയെപ്പറ്റിയുള്ള ബോധം പോലും അവരിൽ അങ്കുരിച്ചിട്ടില്ല. ഇവിടത്തെ മറ്റെല്ലാ പ്രമുഖ-അപ്രമുഖ സമുദായങ്ങൾക്കും

സ്വന്തം ചരിത്രവും ഭൂമിശാസ്ത്രം പോലുമുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ അവകാശവാദങ്ങൾ ഉന്നയിക്കുകയും സമരം ചെയ്യുകയും ചെയ്യുമ്പോൾ ആ രംഗത്ത് എത്തിനോക്കുവാൻ പോലും കഴിവ് നഷ്ടപ്പെട്ട ഒരു ജനതയായി മൽസ്യത്തൊഴിലാളി വിഭാഗം മാറിയിരിക്കുകയാണ്.

ചരിത്രം ഇന്ന് ഇവിടെ സ്ഥാപിത താത്പര്യക്കാരുടെ ഏറ്റവും വലിയ ആയുധങ്ങളിൽ ഒന്നായിക്കഴിഞ്ഞു. ന്യായവും അന്യായവുമായ ആവശ്യങ്ങൾ ഉന്നയിക്കുവാനുള്ള ഊന്നുവടിയായി ചരിത്രം തീർന്നിരിക്കുകയാണ്. ഓരോ സമുദായക്കാരുടേയും ചരിത്രം അവരവർ സ്വന്തം അഭീഷ്ടമനുസരിച്ച് നിർമ്മിച്ചതിന്റെ ഫലമായി പരസ്പരം പൊരുത്തമില്ലാത്ത വസ്തുതകളുടെ കൂമ്പാരമായി ചരിത്രം കേരളത്തിൽ അധഃപതിച്ചുകഴിഞ്ഞു. ഈ ചരിത്രവൈരുദ്ധ്യങ്ങലുടെയെല്ലാം ആഘാത പ്രത്യാഘാതങ്ങൾ ചെന്നു തറയ്ക്കുന്നത് സ്വന്തം ചരിത്രത്തെപ്പറ്റിപ്പോലും അജ്ഞരായ മത്സ്യത്തൊഴിലാളികളെപ്പോലുള്ള വിഭാഗങ്ങളുടെ മേലാണ്.

ഇവിടെ സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ നിക്ഷിപ്തതാത്പര്യക്കാർ പുറത്തിറക്കിയിരിക്കുന്ന സമ്പൂർണ്ണ കേരള ചരിത്രഗ്രന്ഥങ്ങൾ പരിശോധിച്ചാൽ ഈ വസ്തുതകൾ മനസ്സിലാകും. ബോധപൂർവ്വം ചരിത്രത്തെ കൈകാര്യം ചെയ്യുന്ന സമുദായങ്ങൾ തങ്ങളുടെ ന്യായമല്ലാത്ത അവകാശങ്ങൾ കൂടി ചരിത്ര ദൃഷ്ട്യാ സാധൂകരിക്കുവാൻ ശ്രമിക്കുമ്പോൾ ചരിത്ര ബോധമില്ലാത്ത സമുദായങ്ങൾ തങ്ങളുടെ ന്യായമായ താൽപര്യങ്ങൾ പോലും ചരിത്രദൃഷ്ട്യാ സാധൂകരിക്കാൻ കഴിയാതെ വിഷമിക്കുന്ന ദയനീയ സ്ഥിതി ആ സമുദായിക ചരിത്ര സഞ്ചികകളിൽ കാണുവാൻ കഴിയും. ഇവിടെ ഇന്നലെ കയറിവന്ന് കടൽ കിഴവനെ പോലെ തോളിലിരുന്ന് ഇന്നും ചെവി തിന്നുകൊണ്ടിരിക്കുന്നവർക്ക് ദീർഘമായ ചരിത്രം എഴുതുവാനുണ്ട്. എന്നാൽ ഈ വർഗത്തിൽ ജൻമം കൊണ്ടു ഈ നാട്ടിൽ ജിവിക്കുന്നവർക്ക് ചരിത്രമില്ല. അവരുടെ ചരിത്രം അജ്ഞാതമാണ്.

കേരളത്തിലെ മത്സ്യത്തൊഴിലാളികളിൽ ഇന്ന് ക്രിസ്ത്യാനികളുണ്ട്, മുസ്ലീങ്ങളുണ്ട്, ഹിന്ദുക്കളുണ്ട്. ഇവിടത്തെ എല്ലാ രാഷ്ട്രീയ പാർട്ടികൾക്കും അവരുടേതായ മൽസ്യത്തൊഴിലാളി സംഘടനകളുണ്ട്. രാഷ്ട്രീയത്തിനൊന്നും വിധേയമാകാത്ത സ്വതന്ത്ര മൽസ്യതൊഴിലാളി സംഘടനകളുമുണ്ട്. അതിലെല്ലാം കൂടിയും കുറഞ്ഞും മൽസ്യത്തൊഴിലാളികൾ അംഗങ്ങളായുണ്ട്. എന്നാൽ ഇവിടെ മത്സ്യത്തൊഴിലാളികൾക്ക് ഒരു രാഷ്ട്രീയ പാർട്ടിയോ ഒരു മതമോ ഇല്ല. അതിനായി നടത്തിയ എല്ലാ ശ്രമങ്ങളും പരാജയപ്പെടുകയാണുണ്ടായത്. ചില വ്യക്തികളുടെയും രാഷ്ട്രീയകക്ഷികളുടെയും കാലാകാലങ്ങളിലെ നിലനിൽപ്പിനും നേട്ടങ്ങൾക്കും വേണ്ടി മൽസ്യത്തൊഴിലാളികളെ ഭിന്നിപ്പിക്കുക എന്നത് ഒരു നിത്യസംഭവമായി കേരളത്തിൽ മാറിയിരിക്കുകയാണ്. ജോലി സമയത്ത് കടലിലെ ഏകാന്തതയിലും ജോലിക്കുശേഷം നിദ്രയുടെ ഏകാന്തതയിലും അതിനുശേഷം മദ്യത്തിന്റെ മയങ്ങിയ ഏകാന്തതയിലും ദിവസങ്ങൾ തള്ളിനീക്കുന്ന അവർക്ക് പുറംലോകം അപരിചിതവും അജ്ഞാതവുമാണ്. നൂറ്റാണ്ടുകൾ കടന്നുപോകുന്നത് അവർ അറിയുന്നതേയില്ല. അവരിപ്പോഴും 19-ാം നൂറ്റാണ്ടിലും 18-ാം നൂറ്റാണ്ടിലുമാണ്.

അങ്ങനെ രാഷ്ട്രീയത്തിന്റെയും മതത്തിന്റെയും അടിസ്ഥാനത്തിൽ ഇന്നു വിഭജിക്കപ്പെടുകയും രാഷ്ട്രീയ പാർട്ടികൾക്കും മതസംഘടനകൾക്കും കൂലിയില്ലാത്ത പണിചെയ്യുകയും ചെയ്തു കൊണ്ടിരിക്കുന്ന മൽസ്യത്തൊഴിലാളി കളുടെ എല്ലാം പ്രശ്നങ്ങൾ അടിസ്ഥാനപരമായി ഒന്നുതന്നെയാണ്. അതിനാൽ അവയെ പരിഹരിക്കേണ്ട മാർഗവും ഒന്നുതന്നെയാണ്. അതെല്ലാം വിസ്മ രിക്കപ്പെട്ടിരിക്കുന്നതിനാൽ അവരെല്ലാം ഇന്നു ഓരോവിധത്തിൽ ചൂഷണം ചെയ്യപ്പെട്ടുകൊണ്ടിരിക്കുകയാണ് എന്നു മാത്രം. അവർക്കജ്ഞാതമാണെങ്കിലും അവർ ഇവിടെ ഒരു സമൂഹമായിരുന്ന കാലം അതിവിദൂരമല്ല. അതിനാൽ അവരുടെ പ്രശ്നങ്ങളും പ്രശ്നങ്ങളുടെ ചരിത്രവും ഒന്നു തന്നെയാണ്. അവ പരിഹരിക്കുന്നതിന് ഒരുമിച്ചുള്ള പരിശ്രമവും ആവശ്യമാണ്.

രാഷ്ട്രീയത്തിന്റെ അടിസ്ഥാനത്തിൽ മൽസ്യത്തൊഴിലാളികൾ വിഭജിക്കപ്പെട്ടത് ഈ നൂറ്റാണ്ടിലാണെങ്കിൽ മതത്തിന്റെ അടിസ്ഥാനത്തിൽ അവർ വിഭജിക്ക പ്പെട്ടത് ഏതാനും നൂറ്റാണ്ടുകൾ മുമ്പ് മാത്രമാണ്. മൽസ്യതൊഴിലാളികളുടെ ക്രിസ്തീയ വിഭാഗത്തിന് അവരുടേതായ മതപരമായ പാരമ്പര്യം വെറും നാലുനൂറ്റാണ്ടുകാലത്തേതു മാത്രമാണ് എന്ന ധാരണയാണ് ഇന്നു നിലനിൽ ക്കുന്നത്. പോർട്ടുഗീസു മിഷനറിമാരുടെ 16-ാം നൂറ്റാണ്ടിലെ ആഗമനത്തിനും തീരപ്രദേശത്തെ അവരുടെ മിഷനറി പ്രവർത്തനത്തിനും മുമ്പ് മൽസ്യ തൊഴിലാളികളിൽ ക്രിസ്ത്യാനികൾ ഉണ്ടായിരുന്നില്ല എന്നാണ് പറയപ്പെടുന്നത്. ഇസ്ലാം സന്ദേശവുമായി കേരളത്തിന് അതിന്റെ ഉത്ഭവകാലം മുതൽ തന്നെ ബന്ധമുണ്ടായിരുന്നുവെങ്കിലും അത് പ്രചരിക്കുവാനും അതിന്റെ അനുയായികളുടെ എണ്ണം ഇവിടെ വർദ്ധിക്കുവാനും തുടങ്ങിയത് 9-ാം നൂറ്റാണ്ടിലോ അതിന് ശേഷമോ ആണ്. അതിനാൽ മൽസ്യത്തൊഴിലാളികളിൽ മുസ്ലീം മതത്തിന് പത്തു നൂറ്റാണ്ടിലേറെക്കാലത്തെ പാരമ്പര്യം അവകാശപ്പെടുവാനില്ല. കേരളത്തിലെ ഹിന്ദുമതത്തിന് ഏറിയാൽ എട്ടു നൂറ്റാുകാലത്തെ പാരമ്പര്യമാണ് അവകാശ പ്പെടുവാനുള്ളത് എന്നത് ഒരു ചരിത്ര വസ്തുതയാണ്. ആര്യൻമാരുടെ കുടിയേറ്റ ത്തിന് മുമ്പ് കേരളത്തിലായാലും ദക്ഷിണേന്ത്യയിലായാലും ഉത്തരഭാരത ത്തിലായാലും നിവസിച്ചിരുന്ന ആദിവാസി-ദ്രാവിഡ ജനതയിൽ കണ്ടിരുന്ന വിശ്വാസങ്ങളും ആചാരങ്ങളും ഹിന്ദുമതത്തിന്റേതായിരുന്നില്ല. ആര്യൻമാർ പ്രസ്തുത പ്രദേശങ്ങളിൽ കുടിയേറിയപ്പോൾ കൂടെകൊണ്ടുവന്നത് സനാതന ധർമ്മമാണ്. പിന്നീട് പ്രസ്തുത രണ്ടു ജനതകളും കൂടി സമ്മേളിച്ച് ഇന്ത്യൻജനതയായപ്പോൾ അവരുടെ രണ്ടു സംസ്കാരങ്ങളും വിശ്വാസങ്ങളും കൂടി ഒന്നായി സങ്കരം പ്രാപിച്ചു രൂപം കൊണ്ടതാണ് ഹിന്ദുമതം. ആ വിധത്തി ലുള്ള ഹിന്ദുമതം കേരളത്തിൽ പ്രചരിച്ചത് കുലശേഖര ചക്രവർത്തിമാരുടെ കാലത്താണ്. അവരുടെ കാലം എ.ഡി 10 മുതൽ 12 വരെ നൂറ്റാണ്ടുകളാണ്.

എന്നാൽ അന്നുപോലും കേരളത്തിലെ മൽസ്യത്തൊഴിലാളികൾ ഹിന്ദുക്ക ളായിരുന്നു എന്ന് കണക്കു കൂട്ടിയതില്ല. ഹിന്ദുമതത്തിന് അന്നിവിടെ പ്രേഷിത പ്രവർത്തനമോ പ്രചാരവേലയോ ഒന്നും ഉണ്ടായിരുന്നില്ല. ഈ അടുത്തകാലത്ത് മാത്രമാണ് മൽസ്യത്തൊഴിലാളികൾ ആര്യധർമ്മപ്രകാരമുള്ള ദേവീദേവൻമാരെ ആരാധിക്കുവാൻ തുടങ്ങിയത്. അതിന് മുമ്പ് അവർക്ക് അവരുടേതായ ദൈവങ്ങളാണുണ്ടായിരുന്നത്. ആരാധനാരീതിയും അവരുടേതു തന്നെ

യായിരുന്നു. ഗോത്രത്തലവന്റെ വീട്ടിലെ പ്രത്യേകമുറിയോ (പള്ളിയറ) വീട്ടു മുറ്റത്തെ പ്രത്യേകസ്ഥാനമോ അവരുടെ ദൈവങ്ങളുടെ ഇരിപ്പിടങ്ങളായിരുന്നു. അവിടെ അവർ വച്ചു പൂജിച്ചിരുന്നത് പ്രധാനമായും മരിച്ചുപോയ അവരുടെ ഗോത്രത്തലവൻമാരുടെയും മുത്തച്ഛന്മാരുടെയും പ്രേതങ്ങളെയായിരുന്നു. അതിനാൽ മൽസ്യത്തൊഴിലാളികളിൽ ഹിന്ദുമതവിശ്വാസത്തിന് നൂറ്റാണ്ടുകളുടെ പോലും പാരമ്പര്യം അവകാശപ്പെടുവാനില്ല. ഇന്നും അവർ പൂർണ്ണമായി ഹൈന്ദവരാണെന്നോ അവരുടെ പുരാതനവും സ്വന്തവുമായ ആരാധനാ സമ്പ്രദായം തീർത്തും ഉപേക്ഷിച്ചു എന്നോ പറയുക സാധ്യമല്ല. പക്ഷേ അവയെ എല്ലാം ഇന്ന് ഹൈന്ദവമായിട്ടാണ് കണക്കാക്കുന്നത് എന്നു മാത്രം.

അതിനെല്ലാം മുമ്പ് അപൂർവ്വം ചിലർ അവരുടെ കൂട്ടത്തിൽ നിന്നും ബുദ്ധ–ജൈന മതാനുയായികളുമായിരുന്നിരിക്കണം. ബുദ്ധ മതത്തിന് കേരളത്തിന്റെ തീരപ്രദേശത്ത് ചില ആസ്ഥാനങ്ങൾ ഒരു കാലത്ത് ഉണ്ടായിരുന്നതിന്റെ തെളിവുകൾ ഇന്നു കണ്ടുകിട്ടുന്നുണ്ടല്ലോ. എന്നാൽ ഇന്നു ആ മതങ്ങളിൽ വിശ്വസിക്കുന്ന ആരും തന്നെ മൽസ്യത്തൊഴിലാളി വിഭാഗങ്ങളിലുണ്ടെന്നു തോന്നുന്നില്ല.

ഇങ്ങനെയുള്ള എല്ലാ മതങ്ങളും ഇവിടെ വരുന്നതിനു മുമ്പ് ഇവിടെ മൽസ്യത്തൊഴിലാളികളുണ്ടായിരുന്നു. അവർ ഒരു സമൂഹമായിരുന്നു. ഹിന്ദു മതത്തിലോ ഇസ്ലാം മതത്തിലോ, ക്രിസ്തു മതത്തിലോ ചേർന്നതു കൊണ്ട് അവർ മൽസ്യത്തൊഴിലാളികളല്ലാതാകുകയല്ല ചെയ്തത്. മറിച്ച് ഇവിടെ പാരമ്പര്യമായി മത്സ്യബന്ധനം നടത്തി ഒരു സമൂഹമായി ജീവിച്ചുകൊണ്ടിരുന്ന അവർ സ്വന്തം തൊഴിൽ ഉപേക്ഷിക്കാതെ അതാതു മതങ്ങളിലേയ്ക്ക് ചേരുകയോ ചേർക്കപ്പെടുകയോ ആണുണ്ടായത്. അതിന്റെ ഫലമായി ക്രമേണ അവർ പലതായി.

ആ സമൂഹത്തിന്റെയും അതിന്റെ ഗതിവിഗതികളുടെയും ചരിത്രമാണ് മത്സ്യത്തൊഴിലാളികളുടെ ഐക്യത്തിന്റെ ചരിത്രം. ആ ചരിത്രത്തെപ്പറ്റിയുള്ള ബോധമാണ് ഇന്നവരെ ഐക്യത്തിന്റെ പാതയിലേക്ക് നയിക്കേണ്ടത്. അതിനാൽ തന്നെ അതു ഇന്നിവിടെ പലർക്കും അസുഖകരമായിരിക്കും.

(ഓറയിൽ നിന്ന്)

Paulinius San Bartholomeo Voyage to East India Book Chapter 8. London 1800

I.C Chacko Chathu Panicker Memorial lectures Rama Varma Research Institute Bulletin Vol XII P. 4 taken from. പി.കെ. ബാലകൃഷ്ണൻ: ജാതി വ്യവസ്ഥയും കേരളചരിത്രവും. പേജ് 34

കേരളചരിത്രം വാല്യം മൂന്ന് (A History of South India)

കെ.എം. സീതിസാഹിബ് കേരളത്തിലെ മുസ്ലിങ്ങൾ (ചന്ദ്രിക വിശേഷാൽ പ്രതി 1956)

കൂടുതൽ വിവരത്തിന് ഗ്രന്ഥകാരന്റെ നിലയ്ക്കൽ എന്ന ഗ്രന്ഥത്തിലെ ഹിന്ദു മതത്തിന്റെ കേരളത്തിലെ പ്രാചീനത്വം എന്ന അദ്ധ്യായം കാണുക.

# 2.7 ജോയിച്ചൻ ആന്റണിയുടെ ഓർമ്മകളിലൂടെ...



## സിസ്റ്റർ തെറമ്മ പ്രായിക്കളം

1970–കളുടെ അവസാനത്തിലും 80–കളിലും ആവേശകരമായ മത്സ്യത്തൊഴിലാളി പ്രക്ഷോഭങ്ങളും നിരാഹാര സമരങ്ങളും കേരള തീരങ്ങളിൽ അലയടിച്ചപ്പോൾ അതിന്റെ അമരത്തു നിന്ന് ചുക്കാൻ പിടിച്ചവരിൽ ഒരു പ്രധാന വ്യക്തി ജോയിച്ചൻ ആന്റണി തന്നെ ആയിരുന്നു. 1990–ൽ പെട്ടെന്ന് ഒരു ദിവസം നമ്മളിൽ നിന്ന് മൺമറഞ്ഞു പോയ ജോയിച്ചൻ ഇന്നു നമ്മളോട് പറയുന്നത് സ്നേഹത്തിലും ഐക്യത്തിലും പങ്കുവയ്ക്കലിലും ഒന്നായി തീർന്ന വ്യക്തികൾ തനിച്ചാകുകയില്ല എന്നാണ്. യഥാർത്ഥ സ്നേഹിതർ മരണശേഷവും ഒരു പ്രചോദനമായി കൂട്ടായ് തന്നെ ഉണ്ടാകുമെന്നാണ്. ജോയിച്ചന്റെ ഓർമ്മകളിലേക്ക് കടക്കുമ്പോൾ എനിക്ക് പറഞ്ഞുവയ്ക്കാനുള്ളത് ജോയിച്ചൻ എന്റെ നല്ല ഒരു സുഹൃത്ത് ആയിരുന്നു, യഥാർത്ഥ സ്നേഹിതനായിരുന്നുവെന്നതാണ്. അല്പം ഒരു നഷ്ടത്തിന്റെ നിഴൽ ഉണ്ടെങ്കിലും അതിലേറെ അഭിമാനമാണ് എനിക്കുള്ളത്. സമരവേദികളിൽ ജ്വലിച്ചു നിന്ന ധീരനായ ഒരു ചെറുപ്പക്കാരൻ.

ഞങ്ങൾ തമ്മിൽ പരിചയപ്പെടുന്നത് 1978–ൽ ആണ്. ആരും പരിചയപ്പെടുത്തി തന്നത് അല്ല. യാദൃശ്ചികമായി പരിചയപ്പെട്ടതാണ്. ഞാൻ പൂത്തുറ അഞ്ചുതെങ്ങ് ഗ്രാമത്തിൽ മത്സ്യത്തൊഴിലാളികളുടെ ഇടയിൽ താമസം തുടങ്ങി 3 വർഷം കഴിഞ്ഞപ്പോൾ മത്സ്യത്തൊഴിലാളികളെ രക്ഷിക്കാൻ എന്ന വ്യാജേന സർക്കാർ കൊണ്ടുവന്ന ഒരു പദ്ധതി ആയിരുന്നു ARFC (Agricultural Re Financing Corporation) പദ്ധതി. വികസനത്തിനു പകരം മത്സ്യത്തൊഴിലാളികളെ ചൂഷണത്തിലേക്ക് വലിച്ചെറിയാൻ മാത്രമേ ആ പദ്ധതിക്കു കഴിഞ്ഞുള്ളൂ. അതിന്റെ തിക്ത ഫലം അനുഭവിച്ച മത്സ്യത്തൊഴിലാളികൾ പൂത്തുറ ഗ്രാമത്തിൽ ഞങ്ങൾ താമസിച്ചിരുന്ന വീടിന് അടുത്തുള്ള ഒരു ഷെഡിൽ ഫാ. തോമസ് കോച്ചേരിയുടെ നേതൃത്വത്തിൽ ഒരുമിച്ചു കൂടിയത് ഇന്നും എന്റെ ഓർമ്മകളിൽ തെളിഞ്ഞു നിൽക്കുന്നു. ആ മീറ്റിംഗിൽ ഞാനും പങ്കുചേർന്നു. ആ കൂട്ടത്തിൽ തുമ്പയിൽ നിന്ന് ഓടിയെത്തിയ സാമാന്യം വിദ്യാഭ്യാസം ഒക്കെയുള്ള ഒരു ചെറുപ്പക്കാരൻ ആയിരുന്നു ജോയിച്ചൻ ആന്റണി. വാചാലമായ് കാര്യകാരണ സഹിതം പ്രശ്നങ്ങൾ അവതരിപ്പിച്ച കഴിവുറ്റ ആ ചെറുപ്പക്കാരൻ എല്ലാവരെയും ആകർഷിക്കുകയുണ്ടായി. എല്ലാവരുടെയും ശ്രദ്ധ പിടിച്ചുപറ്റിയ ആ ചെറുപ്പക്കാരൻ ആ ഗ്രൂപ്പിന്റെ നേതാവായി. പിന്നീട് അഞ്ചുതെങ്ങ് ബോട്ട് വർക്കേഴ്സ് യൂണിയൻ രൂപം കൊണ്ടപ്പോൾ ടോം പ്രസിഡന്റും ജോയിച്ചൻ

സെക്രട്ടറിയും ആയി തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. അഴിമതിക്കാരെ ശിക്ഷിക്കണമെന്നും മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ട് സെക്രട്ടറിയേറ്റ് നടയിൽ നിരാഹാര സമരവും പ്രഖ്യാപിച്ചു. അതോടെ അഴിമതി അന്വേഷണത്തിന് ഉടനടി ഉത്തര വിടുകയും മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം കൊടുക്കുകയും ചെയ്തു. അത് വലിയ ഒരു വിജയം ആകുകയും ജോയിച്ചന്റെ വിജയഗാഥ അവിടെ തുടങ്ങുകയും ചെയ്തു.

പിന്നീട് തിരുവനന്തപുരം ജില്ലയിലെ എല്ലാ ഗ്രാമങ്ങളിലും മത്സ്യത്തൊഴി ലാളികളെ സംഘടിപ്പിക്കുന്നതിലേക്ക് എല്ലാവരുടെയും ശ്രദ്ധ തിരിയു കയും അതിലേക്കുള്ള പ്രവർത്തനങ്ങളിൽ മുഴുകുകയും ചെയ്തു. എല്ലാ മതവിഭാഗത്തിൽപ്പെട്ട മത്സ്യത്തൊഴിലാളികളെയും ഉൾപ്പെടുത്തിക്കൊണ്ട് തിരുവനന്തപുരം ജില്ലാ മത്സ്യത്തൊഴിലാളി യൂണിയൻ രൂപം കൊള്ളുകയും ജോയിച്ചൻ ആന്റണിയെ ആദ്യത്തെ പ്രസിഡന്റ് ആയി തെരഞ്ഞെടുക്കുകയും ചെയ്തു. തിരു. ജില്ലാ യൂണിയന്റെ സംഘാടന സമയങ്ങളിലും അതുമായിട്ട് ബന്ധപ്പെട്ടു നടത്തിയ സമരപരിപാടികളിലും ജോയിച്ചനും ആയിട്ട് വളരെ അടുത്ത് ഇടപെടുവാനും കൂടുതൽ കൂടുതൽ പരസ്പരം മനസ്സിലാക്കുവാനും എനിക്കു കഴിഞ്ഞു. യൂണിയൻ പ്രശ്നങ്ങൾ മാത്രമല്ല, ജോയിച്ചന്റെ വ്യക്തിപരവും കുടുംബപരവുമായ കാര്യങ്ങൾ എന്നോടു സംസാരിക്കുന്നതിൽ ജോയിച്ചൻ ഏറെ താൽപര്യം എടുത്തിരുന്നു. ചില കാര്യങ്ങളിൽ എന്നെ ഇടപെടുത്താനുള്ള സ്വാതന്ത്ര്യവും, പ്രത്യേകിച്ചും വ്യക്തിപരമായ കാര്യങ്ങളിൽ, എടുത്തിരുന്നു. സാമ്പത്തിക പ്രശ്നവും ജോയിച്ചനെ ഏറെ ബുദ്ധിമുട്ടിക്കുന്നുണ്ടായിരുന്നു.

ഈ അവസരത്തിലാണ് ഷീലയുമായിട്ടുള്ള വിവാഹാലോചന വന്നതും. ഷീലയുമായിട്ടുള്ള വിവാഹവും നടന്നു. ജോയിച്ചന്റെ 3 കുട്ടികൾക്കും ഞാൻ തന്നെ പേര് നൽകണം എന്നു നിർബന്ധം ജോയിച്ചന് ഉണ്ടായിരുന്നു. (ജ്യോതി, ജ്യോയിസ്, ജോഷി). ജോയിച്ചന്റെ പേരിന്റെ 'ജെ' ചേർത്തുതന്നെ ഞാൻ പേരും നൽകി. അതിലെല്ലാം ഉപരി ജോഷിയുടെ കുമ്പാരി ഞാൻ ആകണമെന്ന തീരുമാനവും ജോയിച്ചൻ തന്നെ എടുത്തു. മത്സ്യത്തൊഴിലാളി മേഖലയിൽ കുമ്പാരി (God Mother) ക്കുള്ള സ്ഥാനം ഏറ്റവും വലുതാണ്. ചുമതലകളും ഉണ്ട്. അതു മനസ്സിലാക്കിയ ഞാൻ 'ഒരു സിസ്റ്റർ' എന്ന നിലയിൽ ചുമതലകൾ ഒന്നും ഏറ്റെടുക്കാൻ പറ്റില്ല എന്നു പറഞ്ഞിട്ടും ജോയിച്ചൻ സമ്മതിച്ചില്ല. അത് ഒക്കെ ഞങ്ങൾ നോക്കിക്കൊള്ളാം സിസ്റ്റർ തന്നെ കുമ്പാരി എന്ന തീരുമാനത്തിൽ ഷീലയും കൂട്ടുനിന്നു. വിവാഹം കഴിഞ്ഞ അന്നു മുതൽ ഷീലയും എന്റെ ആത്മ സുഹൃത്ത് ആയിത്തീർന്നു. ആ കുടുംബം എന്റെ സെക്കന്റ്ഹോം ആയി മാറി. അവർ തമ്മിൽ ഇടയ്ക്കിടയ്ക്ക് ഉള്ള സൗന്ദര്യ പിണക്കങ്ങളിലും പല പ്രാവശ്യവും ഞാൻ ഇടനിലക്കാരി ആകേണ്ടിവന്നിട്ടുണ്ട്.

യൂണിയന്റെ Central Committee-യിൽ ചിലപ്പോൾ എങ്കിലും ഞാൻ മാറിനിൽക്കേണ്ട സാഹചര്യം ഉണ്ടായപ്പോൾ എന്നെ ക്ഷണിതാവ് എന്ന നിലയിൽ എങ്കിലും ഉൾപ്പെടുത്തണം എന്ന നിർബന്ധം ജോയിച്ചന് ഉണ്ടായിരുന്നു. സംഘാടനത്തിലും സമരങ്ങളിലും ഒന്നിച്ചു നിന്ന് പ്രവർത്തിക്കുക എന്നതിലും ഞങ്ങൾ രണ്ടുപേരും ഏറെ അർത്ഥം കണ്ടെത്തിയിരുന്നു. ഒരു സിസ്റ്റർ എന്ന ബഹുമാനം എനിക്ക് എപ്പോഴും നൽകിയിരുന്ന ഒരു വ്യക്തിയായിരുന്നു ജോയിച്ചൻ. ട്രോളിംഗ് നിരോധനം ആവശ്യപ്പെട്ടുകൊണ്ട് ജോയിച്ചനും തോമസ് കോച്ചേരി അച്ചനും കൂടി സെക്രട്ടറിയേറ്റ് നടയിൽ അനിശ്ചിതകാല സമരം നടത്തിയപ്പോൾ ജോയിച്ചന്റെ ബുദ്ധിമുട്ട് ഏറെ ആയിരുന്നു. കാരണം രാത്രിയും പകലും ഏതു നേരത്തും ഓടിനടന്ന് പ്രവർത്തിക്കാൻ കഴിവുള്ള ജോയിച്ചന്റെ ഏറ്റവും വലിയ ബലഹീനതയാണ് സമയാസമയത്തുള്ള ആഹാരം. എത്ര വലിയ മീറ്റിംഗ് നടക്കുന്ന നേരങ്ങളിലാണെങ്കിലും ആർക്കും വേണ്ടി കാത്തുനിൽക്കാതെ പോയി ആഹാരം കഴിക്കുന്ന ജോയിച്ചൻ നിരാഹാരം കിടക്കുന്നു എന്നറിഞ്ഞപ്പോൾ എനിക്ക് അത്ഭുതവും അതിലേറെ അതിശയവും തോന്നി. ആ വലിയ ബുദ്ധിമുട്ട് സഹിച്ച് കുറച്ചു ദിവസം എങ്കിലും ജോയിച്ചൻ പിടിച്ചുനിന്നത് ജോയിച്ചന്റെ നിശ്ചയദാർഢ്യത്തിന്റേയും മത്സ്യത്തൊഴിലാളികളോടുള്ള പ്രതിബദ്ധതയുടെയും അടയാളമായിരുന്നു. ജോയിച്ചൻ അത്രമാത്രം മത്സ്യത്തൊഴിലാളികളെ സ്നേഹിച്ചിരുന്നു. എന്തു വില കൊടുത്തും മത്സ്യത്തൊഴിലാളികളുടെ അവകാശങ്ങൾക്കുവേണ്ടി നിലകൊള്ളാൻ ജോയിച്ചൻ തയ്യാറായിരുന്നു.

ഞാനും ജോയിച്ചനും തമ്മിലുള്ള അവസാനത്തെ കൂടിക്കാഴ്ച നടക്കുന്നത് 1990 മെയ് 8-ാം തീയതി വൈകിട്ട് ആണ്. യാതൊരു മുന്നറിയിപ്പും കൂടാതെ എന്നെ ഒന്നു കാണണം, കുറെ കാര്യങ്ങൾ സംസാരിക്കാൻ ഉണ്ട് എന്നുപറഞ്ഞ് ജോയിച്ചൻ ഞങ്ങളുടെ വീട്ടിൽ വരികയായിരുന്നു. പതിവിന് വിപരീതമായി ജോയിച്ചൻ മാനസികമായി തളർന്നതായിട്ട് എനിക്കു തോന്നി. “വലിയ ഒരു തീരുമാനം എനിക്ക് എടുക്കണമെന്ന്” ജോയിച്ചൻ എന്നോടു പറഞ്ഞു. അത് എന്തുതന്നെ ആണെങ്കിലും കേട്ടിരിക്കാൻ ഞാൻ മാനസികമായിട്ട് തയ്യാറെടുക്കുകയും ചെയ്തു. ജോയിച്ചന് കേരള സ്വതന്ത്ര മത്സ്യത്തൊഴിലാളി യൂണിയൻ പ്രവർത്തനത്തിൽ നിന്നും മാറി ഇടത് രാഷ്ട്രീയ പാർട്ടിയിൽ ചേരണമെന്നതായിരുന്നു കാര്യം. അതിന് ഒരു തീരുമാനം എടുക്കാൻ വേണ്ടിയല്ല ജോയിച്ചൻ ഓടിയെത്തിയത്. തീരുമാനം ഒക്കെ എടുത്തുകഴിഞ്ഞുവെങ്കിലും മാനസികമായി ഒരു പിരിമുറുക്കവും പ്രയാസവും ആശങ്കയും ജോയിച്ചനെ അലട്ടുന്നുണ്ടായിരുന്നു. അതൊക്കെ ഒന്നു തുറന്നു സംസാരിച്ചു പങ്കുവയ്ക്കാൻ വേണ്ടി ആയിരുന്നു ജോയിച്ചന്റെ വരവ്. അല്പം സമാധാനം കിട്ടുവാൻ വേണ്ടി. ഒത്തിരിയേറെ ചോദ്യങ്ങളും സംശയങ്ങളും ജോയിച്ചന്റെ മനസ്സിൽ ഉണ്ടായിരുന്നു. ഇത്രയും നാൾ (1978 മുതൽ 90 വരെ) തന്നെ കൊണ്ടുനടന്നു വളർത്തിയ സംഘടനയോടും സുഹൃത്തുക്കളോടും ചെയ്യുന്ന ചതിയാണോ എന്ന ചോദ്യം മനസ്സിനെ ഏറെ അലട്ടുന്നുണ്ടായിരുന്നു.

ഇങ്ങനെ ഒരു തീരുമാനമെടുക്കാൻ കാരണം എന്നോടു പറഞ്ഞത് ജോയിച്ചന്റെ അനുജൻ വളരെ ദാരുണമായ രീതിയിൽ കൊല്ലപ്പെട്ടു. അതിനുവേണ്ടി എന്തെങ്കിലും ചെയ്യാനോ, ഇടപെടാനോ സ്വതന്ത്ര മത്സ്യത്തൊഴിലാളി യൂണിയന് കഴിയുകയില്ല. പാർട്ടിയിൽ ആണെങ്കിൽ അതുപോലെയുള്ള കാര്യങ്ങളിൽ പാർട്ടിക്കാര് ഇടപെടുമായിരുന്നു. അവര് അത് പലതും പറഞ്ഞ് ജോയിച്ചനെ പാർട്ടിയിലേക്ക് തിരിക്കാൻ ശ്രമിക്കുന്നുമുണ്ടായിരുന്നു. വാഗ്ദാനങ്ങൾ നൽകി അതിന് പ്രേരിപ്പിച്ചുകൊണ്ടേയിരുന്നു. അതിനെ എല്ലാം തരണം ചെയ്തു നിന്ന ജോയിച്ചന്റെ മനസ്സ് അനുജന്റെ കൊലപാതകത്തോടെ തകിടം മറിഞ്ഞു. എന്തോ ഒരു മരണഭീതി തന്നെ ജോയിച്ചനെ ബാധിച്ചിരുന്നു. കുറേ നേരത്തെ സംസാരത്തിന് ശേഷം ജോയിച്ചൻ ഒരു ചോദ്യം കൂടി എന്നോടു ചോദിച്ചു. "ഞാൻ പാർട്ടി അംഗത്വമെടുത്ത് പാർട്ടിയിലേക്ക് മാറി കഴിഞ്ഞാൽ ജോയിച്ചനെ വെറുക്കുകയോ, അതുപോലെതന്നെ ജോയിച്ചനോടുള്ള സൗഹൃദം ഉപേക്ഷിക്കുകയോ ചെയ്യുമോ?" യൂണിയൻ സംഘാടനത്തിലും പ്രവർത്തനത്തിലും ഒന്നിച്ചു നിന്നു പോരാടിയ ഒത്തിരിയേറെ സുഹൃത്തുക്കൾ ജോയിച്ചനുണ്ടായിരുന്നു. കോച്ചേരിയച്ചൻ, കളീക്കലച്ചൻ, ജെയിംസ് കുലാസ് അച്ചൻ, ഫിലമിൻ മേരി, പെട്രീഷ്യാ, മേഴ്സി തുടങ്ങി പല മെഡിക്കൽ മിഷൻ സിസ്റ്റേഴ്സ്, മേഴ്സി അലക്സാണ്ടർ, വിജയൻ, ഏലിയാമ്മ എന്നിവർ എല്ലാം ജോയിച്ചന്റെ സുഹൃത്തുക്കൾ തന്നെ ആയിരുന്നു. അവരെയെല്ലാം ജോയിച്ചന് നഷ്ടപ്പെടുമോ എന്ന ഭയം. എന്തു പറയണമെന്നറിയാതെ ഒരു നിമിഷം ഞാൻ മൗനിയായി. "ജോയിച്ചൻ ഉദ്ദേശിക്കുന്നത് എന്താണ്? ഞങ്ങൾ എല്ലാവരും കൂടി ജോയിച്ചനെ അനുഗ്രഹിച്ച് പാർട്ടിയിലേക്ക് പറഞ്ഞുവിടണം എന്നാണോ" എന്നു ഞാൻ ചോദിച്ചു. ജോയിച്ചന്റെ തുടർന്നുള്ള ജീവിതത്തിന് പാർട്ടിയിൽ ചേരുന്നതാണ് നല്ലതെന്ന് തോന്നുന്ന പക്ഷം ഞങ്ങൾ ആരും തന്നെ അതിന് തടസ്സം നിൽക്കുകയില്ല എന്നു ഞാൻ പറഞ്ഞു. എന്റെ സ്നേഹവും സൗഹൃദവും ഇപ്പോൾ ഉള്ളതുപോലെ തുടർന്നും ഉണ്ടാകുമെന്ന് ജോയിച്ചന് ഉറപ്പുതരുന്നു വെന്നും ഞാൻ പറഞ്ഞു. കാരണം ജോയിച്ചൻ മാത്രമല്ല ജോയിച്ചന്റെ കുടുംബം മുഴുവനും എനിക്ക് പ്രിയപ്പെട്ടവരാണ് എന്റെ കുടുംബാംഗ ങ്ങളുമാണ്. പാർട്ടിയല്ല മറ്റ് എന്തിന്റെ പേരിലായാലും ആ ബന്ധം ഞാൻ മുറിച്ചുകളയുകയില്ല എന്ന് ജോയിച്ചന് വാഗ്ദാനവും നൽകി.

വളരെ ഹൃദയസ്പർശിയായ ആ സംസാരം രാത്രി 1 മണി വരെ നീണ്ടുപോയി. ജോയിച്ചന്റെ ഹൃദയവും മനസ്സും എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു എന്നു ജോയിച്ചന് തോന്നിയതു കൊണ്ടാവാം അന്ന് ആദ്യമായിട്ട് ജോയിച്ചൻ ഇരുന്ന് കരയുന്നതും ഞാൻ കണ്ടു. അത് ഞങ്ങളുടെ അവസാനത്തെ കൂടിക്കാഴ്ചയും യാത്രാമൊഴിയും ആകുമെന്ന് ഞാൻ ഒരിക്കലും കരുതിയില്ല. ജോയിച്ചന്റെ അന്തരാത്മാവ് അതു മനസ്സിലാക്കിയിരിക്കാം. ഇനി ജോയിച്ചൻ കിടന്നുറങ്ങ് എന്നു പറഞ്ഞ് ഞാൻ മുറിയിൽ നിന്ന് ഇറങ്ങി. രാവിലെ തന്നെ ജോയിച്ചൻ ഉണർന്ന് യാത്ര പറഞ്ഞു പോയി. അപ്പോഴും എന്തോ ഒരു ദുഃഖം ജോയിച്ചന്റെ മുഖത്ത് തളം കെട്ടി നില്പുണ്ടായിരുന്നു. ജോയിച്ചൻ വിട്ടുപിരിഞ്ഞു പോകുമെന്ന ഒരു ചിന്ത എന്റെ മനസ്സിൽ ഒട്ടുംതന്നെ ഇല്ലായിരുന്നതുകൊണ്ട്

ഞാൻ വളരെ ശാന്തമായിട്ടും സന്തോഷമായിട്ടും ജോയിച്ചനെ യാത്രയാക്കി. എന്തുവന്നാലും ആ സൗഹൃദം ഞാൻ തുടർന്നുകൊണ്ടു പോകുമെന്ന ഉറച്ച വിശ്വാസം എന്നിൽ ഉണ്ടായിരുന്നു.

എന്നാൽ ഒരാഴ്ചക്കു ശേഷം 1990 മെയ് 15-ന് രാവിലെ "ജോയിച്ചൻ വള്ളം ഇടിച്ചു കടലിൽ മരിച്ചു" എന്ന വാർത്ത കേട്ട് ഞാൻ ആകെ തളർന്നു പോയി. അത് എന്നിൽ ഉളവാക്കിയ വല്ലാത്ത ഒരു വേദന എനിക്ക് താങ്ങാവുന്നതിലും അധികമായിരുന്നു. രണ്ടു ദിവസം മുൻപ് ഞങ്ങൾ സംസാരിച്ചിരുന്നപ്പോൾ എന്തോ അവ്യക്തമായ ഒരു വേർപാടിന്റെ വേദന ജോയിച്ചന്റെ മനസ്സിനെ മദിച്ചിരുന്നുവെന്ന് അപ്പോൾ എനിക്കു മനസ്സിലായി.

ഷീലയ്ക്ക് അല്പം താങ്ങും തണലുമാകാമെന്നു കരുതി ആ നിമിഷം തന്നെ ഞാൻ തുമ്പയിൽ ഓടിയെത്തി. "അച്ചന്റെ പേര് റേഡിയോയിൽ വിളിച്ചു പറയുന്നത് ഞാൻ കേട്ടു" എന്ന് പറഞ്ഞ് സന്തോഷത്തോടെ ഓടിവന്ന മൂത്ത കുട്ടിയേയും രണ്ടര വയസ്സു പ്രായമുള്ള എന്റെ പ്രിയ പുത്രനെയും വെറും മാസങ്ങൾ മാത്രം പ്രായമുള്ള ഇളയ കുഞ്ഞിനെയും കണ്ടപ്പോൾ ഞാനും ഒരു നിമിഷം തേങ്ങിപ്പോയി. എല്ലാ വേദനകളും മനസ്സിൽ ഒതുക്കി ജോയിച്ചന് നല്ലൊരു യാത്രയയപ്പ് നൽകാനുള്ള ഒരുക്കത്തിലും തയ്യാറെടുപ്പുകളിലും ഞാനും പങ്കുചേർന്നു. ജോസ് കളീക്കൽ അച്ചനോടു ഞാൻ എന്റെ ഉള്ളിലെ വേദന പങ്കുവച്ചത് ഒരേയൊരു വാചകത്തിൽ ആണ് 'എന്റെ വീട്ടിലെ, എന്റെ രക്തബന്ധത്തിലുള്ള ഒരു വ്യക്തി മരിച്ചാൽ ഇത്രയും വേദന എനിക്ക് ഉണ്ടാകുമോ എന്ന് അറിയില്ല" എന്നാണ്.

ജോയിച്ചന് ഞാൻ കൊടുത്ത വാഗ്ദാനം ഇന്നും ഞാൻ നിറവേറ്റുന്നു. ആ കുടുംബത്തോടുള്ള ബന്ധം ഇന്നും ആഴത്തിൽ തന്നെ ഞാൻ നിലനിർത്തുന്നു. അവരോടൊത്തു കഴിയുക എന്നത്, എനിക്ക് ഏറെ സന്തോഷമുള്ള സംഗതിയാണ്. അവരുടെ സന്തോഷത്തിന്റെ ദിനങ്ങളും ദുഃഖങ്ങളിലുമെല്ലാം ഞാൻ അവരുടെ കൂടെ ഉണ്ടാകും. ജ്യോതിയും ജോഷിയും ജോയിസും (ചിന്നുവും) ഇപ്പോൾ ബെന്നും എനിക്ക് ഏറെ പ്രിയപ്പെട്ടവരാണ്. ജോഷി എന്റെ പ്രിയ പുത്രൻ, ഞാൻ അവന്റെ കുമ്പാരിയും.

ഖലീൽ ജിബ്രാൻ 'പ്രവാചകന്റെ' പുസ്തകത്തിൽ പറയുന്നത് 'മരണം' അടുത്തെത്തുമ്പോൾ ആണ് നമ്മുടെ ജീവിതത്തിന്റെ അർത്ഥം മനസ്സിലാകുന്നത്. ജീവിതത്തിന്റെ അർത്ഥം മനസ്സിലാക്കാൻ മരണത്തിന്റെ സാന്നിദ്ധ്യം വേണമെന്നത് ഒരു വിരോധാഭാസം തന്നെ. ജീവന്റെ ഉടയവൻ നമ്മെ അല്പനേരത്തേക്ക് അന്യോന്യം ഏല്പിച്ചു തന്നുവെന്നേയുള്ളൂ. ഞാൻ ഞാനും നീ നീയുമാണ്. ഈ ലോകത്ത് നമ്മുടെ പാതകൾ കൂട്ടിമുട്ടി നമ്മൾ അന്യോന്യം സമൃദ്ധി പകർന്ന് പിരിയുന്നു അത്രമാത്രം. ഇനിയുള്ള കാലമത്രയും ജോയിച്ചന്റെ ഒരംശം ഓർമ്മയുള്ളടത്തോളം കാലം ജോയിച്ചനെ സ്നേഹിച്ച എല്ലാവരിലും നിലനില്ക്കും. ആ മൂല്യങ്ങളെ താലോലിച്ച് നമുക്ക് നമ്മുടെ യാത്ര തുടരാം.

# 2.8 മീൻപിടിത്തക്കാരനു സ്വാതന്ത്ര്യം അകലെ



എ. ആൻഡ്രൂസ്, കൊല്ലം

ചരിത്രത്തിന്റെ താളുകൾ മറിക്കുമ്പോൾ ഏഷ്യൻ മഹാസമുദ്രത്തിന്റെ അടിത്തട്ടിൽ, പ്രകൃതിയുടെ പ്രവർത്തനങ്ങളാൽ താണുപോയ Seap-DSM വനനിബിഡമായ ഭൂപ്രദേശം. ഇൻഡ്യയുടെ ഭാഗമായി നിലനിന്ന കാലഘട്ടത്തിൽ ഈ പ്രദേശത്തുനിന്നുമാണ് കേരളത്തിൽ മനുഷ്യർ കടന്നുവന്നത് എന്ന് ചരിത്രത്തിൽ ചൂണ്ടിക്കാണിക്കുന്നു കേരളത്തിൽ എത്തിചേർന്ന ആദ്യത്തെ മനുഷ്യർ. ജലാശയങ്ങളുടെ തീരത്തു താമസിച്ചുകൊണ്ടു മത്സ്യം പിടിച്ചും, ഭക്ഷിച്ചും ജീവിച്ചിരുന്നു. ആദ്യത്തെ മത്സ്യത്തൊഴിലാളിയായിരുന്നു അന്നത്തെ മത്സ്യത്തൊഴിലാളികൾ സ്വതന്ത്രരായി മത്സ്യം പിടിച്ചും അവനുൾപ്പെട്ട സമയം അവർ ഇഷ്ടദേവനെയും ദേവിയെയും ആരാധിച്ചു കഴിഞ്ഞിരുന്നു.

കേരളത്തിൽ വിദേശികളായ അറബികൾ, പോർച്ചുഗീസുകാർ, ഡച്ചുകാർ, ഫ്രഞ്ചുകാർ, ബ്രിട്ടീഷുകാർ അവർ വരികയും ആധിപത്യം സ്ഥാപിക്കയും ചെയ്തതോടുകൂടി മത്സ്യതൊഴിലാളികളും അവരിൽനിന്നു ഭാഗമായിമാറിയ കർഷകരും ആദിവാസികളും വിദേശികളുടെ അടിമകളും കൂലിപ്പണിക്കാരുമായി മാറി ജലാശയങ്ങളും ഭൂവിഭാഗങ്ങളും കയ്യടക്കി. മലമടക്കുകളും വനസമ്പത്തും വിദേശത്തേയ്ക്കു കടത്തുകയായി. പുതിയ ഗോത്രങ്ങളും രാജകുടുംബങ്ങളും ഉദയം ചെയ്തു. ലക്ഷക്കണക്കിനു അമ്പലങ്ങളും പള്ളികളും മോസ്കുകളും ഉയർന്നു വന്നു. പുതിയ ആരാധനക്രമങ്ങൾ അടിച്ചേൽപ്പിക്കപ്പെട്ടു. പാവപ്പെട്ട മനുഷ്യർ വസ്ത്രം ധരിക്കുന്നതിനും വഴിനടക്കുന്നതിനും അനുവാദമില്ലാതായി.

മേൽപ്പറഞ്ഞ അടിച്ചമർത്തലിനും അനീതിക്കുമെതിരെ ഇൻഡ്യയിൽ ഉയർന്നുവന്ന സമരങ്ങളും പോരാട്ടങ്ങളും ഇൻഡ്യൻ സ്വാതന്ത്ര്യസമരമായി. മഹാത്മാജിയുടെ നേതൃത്വത്തിൽ നടന്ന സ്വാതന്ത്ര്യസമരം ഇൻഡ്യയിൽ അടിച്ചമർത്തപ്പെട്ട ജനകോടികളുടെ ഉയർത്തെഴുന്നേൽപ്പിന്റെ ചരിത്രമായി. ഇൻഡ്യൻ സ്വാതന്ത്ര്യസമരം ഇൻഡ്യയുടെ മുക്കിലും മൂലയിലും നടന്ന പല രൂപത്തിലും ഭാവത്തിലും വനാന്തരങ്ങളിലും കൃഷിഭൂമിയിലും ജലാശയങ്ങളുടെ തീരങ്ങളിലും വൻപോരാട്ടമായി മാറിയിരുന്നു.

ഇവയുടെ ഒക്കെ കേന്ദ്രീകൃതഭാവമാണു ഇൻഡ്യൻ നാഷണൽ കോൺഗ്രസ് നയിച്ച സ്വാതന്ത്ര്യസമരം. ഭൂമി കയ്യടക്കിയ ജന്മിത്ത ഭൂപ്രഭുക്കന്മാർക്കെതിരെ കർഷക തൊഴിലാളികൾ നടത്തിയ ഐതിഹാസിക സമരത്തിൽ കയ്യൂർ സഖാക്കൾ നാലുപേർ കഴുമരത്തിൽ വധിക്കപ്പെട്ടു. ഇവരെ വിശുദ്ധരെന്നു പ്രഖ്യാപിക്കാൻ ഇവിടെ ആരുടെ നാവും ഉയർന്നില്ല. സ്നാനവെള്ളം ഇവരുടെ തലയിൽ വീഴാത്തതായിരിക്കും കാരണം.

1947–ൽ ഇന്ത്യക്കു സ്വാതന്ത്ര്യം കിട്ടിയപ്പോൾ ഉണ്ടായ അതിരറ്റ ആഹ്ലാദത്തിൽ ഇൻഡ്യയിലെ അടിച്ചമർത്തപ്പെട്ട ജനവിഭാഗത്തോടൊപ്പം മത്സ്യത്തൊഴിലാളികളും പങ്കുചേർന്നു. അന്നത്തെ ഖദറിട്ട ഇൻഡ്യൻ ഭരണാധികാരിയും. പാവപ്പെട്ട ജനവിഭാഗങ്ങളെ ദർശിക്കാൻ വികസനത്തിന്റെ പേരിൽ പഞ്ചവൽസര പദ്ധതികൾക്ക് രൂപം കൊടുത്തപ്പോൾ ആദിവാസികളുടെയും കർഷകന്റെയും മൽസ്യത്തൊഴിലാളിയുടെയും ആത്മാവിൽ കത്തിവെച്ചു കൊണ്ടു ഇൻഡ്യയുടെ പാരിസ്ഥിതിക അവസ്ഥ തകർക്കാൻ ആരംഭിച്ചിരുന്നു. വൃക്ഷങ്ങൾ കടപുഴകിവീണു. കൃഷിഭൂമി കയ്യേറ്റപ്പെട്ടു. ജലാശയങ്ങൾ നികത്തപ്പെട്ടു. വൻകിട അണക്കെട്ടുകളും, ജലസേചനപദ്ധതികളും ട്രോളറുകളും പഴ്സീനുകളും ട്രോളിംഗ് ബോട്ടുകളും ജലാശയങ്ങളെ നശിപ്പിച്ചു. മൽസ്യത്തിന്റെ വിനാശകരമായ നാശങ്ങളിലേയ്ക്കു നീങ്ങിക്കൊണ്ടിരിക്കുന്നു. ഇൻഡ്യയിൽ പാവപ്പെട്ടവനു തലചായ്ക്കാൻ ഇടമില്ലാതിരിക്കെ ഇൻഡ്യയിലെ മതസ്ഥാപനങ്ങൾ കോടിക്കണക്കിനു ഏക്കർ ഭൂമിയും. സ്വത്തുക്കളും കയ്യടക്കി വച്ചിരിക്കുന്നു. ഈ ഭൂമിയും സ്വത്തുക്കളും പാവങ്ങൾക്കു വീതിച്ചുകൊടുക്കട്ടെ. അതിനുശേഷം മണ്ഡൽ കമ്മീഷൻ റിപ്പോർട്ടു നടപ്പിലാക്കാൻ ഇറങ്ങട്ടെ.

ഇൻഡ്യയിലെ ജലാശയങ്ങളെ ആശ്രയിച്ചു കഴിയുന്ന 60 ലക്ഷം മൽസ്യത്തൊഴിലാളികളും അവരുടെ കുടുംബാംഗങ്ങളും ജലാശയങ്ങളും മൽസ്യസമ്പത്തും സംരക്ഷിക്കണമെന്നു ആവശ്യപ്പെട്ടുകൊണ്ട് കഴിഞ്ഞ 20 വർഷമായി രണ്ടാം സ്വാതന്ത്ര്യസമരം ആരംഭിച്ചുകഴിഞ്ഞിരിക്കയാണ്. മൽസ്യത്തൊഴിലാളികളെ മതത്തിന്റെ പേരിൽ പങ്കിട്ടെടുത്തു അവനു പ്രാർത്ഥനാസ്വാതന്ത്ര്യം പോലും നിഷേധിച്ചിരിക്കുന്നു. മണൽപ്പരപ്പിൽ ഉറങ്ങുമ്പോഴും വള്ളമിറക്കുമ്പോഴും മൽസ്യബന്ധനവേളയിലും ഇഷ്ടപ്പെട്ട ദേവനുമായി പ്രാർത്ഥിക്കുന്ന മത്സ്യത്തൊളിലാളികൾക്ക് ഇന്നു പ്രാർത്ഥിക്കുന്നതിനു സമയങ്ങൾ നിശ്ചയിക്കുകയും ലക്ഷക്കണക്കിനു രൂപാ ചിലവുചെയ്ത പ്രാർത്ഥനാ പരിശീലനകേന്ദ്രങ്ങൾ സ്ഥാപിച്ചിരിക്കുന്നു. മൽസ്യത്തൊഴിലാളികൾ കടവും കടമിട്ട വട്ടിയുമായി തലമുറകളായി കഴിയുന്നു. അപ്പന്റെ കടം മകൻ ഏറ്റെടുക്കുന്നു. കടക്കാരനായി കോടതി കയറുന്നു.

1947 ആഗസ്റ്റു 15 നു ഇൻഡ്യയ്ക്കു കിട്ടിയ സ്വാതന്ത്ര്യം ഇൻഡ്യയിലെ ഖദറിട്ട വെള്ളക്കാരും കടൽക്കൊള്ളക്കാരും കായൽരാജാക്കന്മാരും ജന്മിത്വ ഭൂപ്രഭുക്കളും കുത്തകക്കാരും അധികാര രാഷ്ട്രീയക്കാരും മതഭ്രാന്തന്മാരും കയ്യടക്കിയിരിക്കയാണ്. ഇൻഡ്യയുടെ ആത്മാവായ ഗ്രാമാന്തരങ്ങളിലെ മനുഷ്യരോടൊപ്പം മൽസ്യത്തൊഴിലാളികളും ആരംഭിച്ചിരിക്കുന്ന രണ്ടാം സ്വാതന്ത്ര്യസമരം ശക്തിപ്പെടുത്തിയെങ്കിൽ മാത്രമേ മേൽപ്പറഞ്ഞ അധീശ ശക്തികളിൽനിന്നും യാഥാർത്ഥ സ്വാതന്ത്ര്യം നേടാൻ കഴിയൂ. അതുവരെ മീൻ പിടുത്തക്കാരനു സ്വാതന്ത്ര്യം അകലെയായിരിക്കും.

(കടലിന്റെ ഹൃദയം അറിഞ്ഞ മൽസ്യത്തൊഴിലാളി "കടൽമുത്തി"ന്റെ ഗ്രന്ഥകർത്താവ് – മനുഷ്യസാമൂഹ്യ ജീവിതത്തിലെ കയ്പേറിയ നിമിഷങ്ങളിൽ തളരാത്തനേതാവ്.)

(ഓറയിൽ നിന്ന്)

# 2.9 റബേക്കയെ ഓർമ്മിച്ചുകൊണ്ട്...

## കുര്യൻ കട്ടിക്കാരൻ

“ചൈനയുടെ വൻമതിൽ പണിത കാലത്ത് മേസ്തിരിമാർ ആഹാരം കഴിയ്ക്കാൻ എവിടെയാണ് പോയിരുന്നത്? സിസറോ ഗാൾ പ്രദേശങ്ങൾ കീഴടക്കിയ നേരങ്ങളിൽ അദ്ദേഹത്തിന്റെ സൈന്യത്തിൽ ഒരു പാചകക്കാരൻ പോലും ഉണ്ടായിരുന്നില്ലെന്നാണോ.”

"Armada മുങ്ങിയപ്പോൾ ഫിലിപ്പു രാജാവു കരഞ്ഞു. വേറെ ആരും കണ്ണീരു പൊഴിച്ചില്ല എന്നാണോ? “Bertold Brechtt”

1980കളിലെ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ സമരപ്രസ്ഥാനം ഭാവാത്മകമായ ഒരു പൊട്ടിവിരിയൽ (അതോ പൊട്ടിത്തെറിയോ) ആയിരുന്നു. അത് ഗംഭീരമായ ഒരു ആളിപ്പടരലായിരുന്നു. വിജയകരമായ പുറപ്പാടും. ഒരു ജനപദം ഒറ്റക്കെട്ടായി ഉണർന്നു. ഉയിർത്തെഴുന്നേറ്റു.

ആ കാലംവരെയും തങ്ങളുടെ തലയിൽ ഉപ്പുവെള്ളം ആണെന്ന് സ്വയം ശപിച്ചും മറ്റുള്ളവർ ആക്ഷേപിച്ചും നിന്നിരുന്ന ഒരു ജനപദം മുഴുവൻ സടകുടഞ്ഞ് എഴുന്നേറ്റു നേർക്കുനേർ നീങ്ങി. സ്വയം തിരിച്ചറിഞ്ഞ് അറിവു വച്ചു വന്ന മത്സ്യത്തൊഴിലാളി അവന്റെ ഉൾക്കാമ്പു തെളിച്ചുനിന്നു. അവരുടെ ജീവിതാഭിലാഷങ്ങൾക്ക് ഭാഷ കൊടുത്തു. രാഷ്ട്രീയമായ അവരുടെ അവകാശാധികാരങ്ങൾക്കു അവർ തങ്ങളുടെ തെളിമയിൽ ഭാഷ്യമിട്ടു.

സംസ്ഥാനത്തിന്റെ സാമ്പത്തിക ക്രമത്തിൽ തങ്ങളുടെ ഓഹരിയെക്കുറിച്ചും അവർ ഭാഷ്യങ്ങൾ രചിച്ചു. ദേശീയതലത്തിൽ മത്സ്യസമ്പത്തിന്റെ ജനയിതാക്കളും കാര്യക്കാരും അവകാശികളും ഒക്കെയാണെന്ന് അവർ കല്പിച്ചുറപ്പിച്ചു. ധനികരോടും നായർ-സുറിയാനി-സവർണ്ണജാതികളോടും മേൽജാതിക്കാരെ താങ്ങിനിൽക്കുന്ന സർക്കാരുകളോടും സഭകളോടും അവർ ഗർജ്ജിച്ചു. അടിമത്തത്തിന്റെ നുകങ്ങൾ വലിച്ചെറിയാൻ മേൽജാതിക്കാരുടെ/വർഗ്ഗക്കാരുടെ കാൽക്കീഴിലായിരുന്ന കാലങ്ങളെ തിരിച്ചറിഞ്ഞു നീങ്ങി. മുൻചരിത്രങ്ങളെ അവർ തിരിച്ചറിഞ്ഞു. മറിച്ചു വായിച്ചു. തെക്കുതെക്കൊരു ദേശത്തു ഫ്ളോറി എന്നൊരു ഗർഭിണിയെ ചുട്ടുകരിച്ചൊരു സർക്കാരേ എന്നു മുദ്രാവാക്യം വിളിച്ചു. തങ്ങളുടേതല്ലാത്ത വ്യവസ്ഥിതിയുടെ സംസ്ഥാപനത്തിനും തഴപ്പിനും കൂട്ടുനിന്നു വിടുവേല ചെയ്ത കാലങ്ങളുടെ വ്യർത്ഥത തിരിച്ചറിഞ്ഞ് അവരു നീങ്ങി.

വിലപേശാനും എതിർത്തുനില്ക്കാനും അവർ പഠിച്ചു. തങ്ങളുടെ വ്യക്തിത്വവും തനിമയും ജീവനും ജീവനസാഹചര്യങ്ങളും തൊഴിൽ മേഖലയും കടലും കടൽത്തീരവും വരെ വിട്ടുപോകുന്ന അവസ്ഥ തിരിച്ചറിയാൻ പാഠമിട്ട ഒരുപിടി ജനകീയ നേതാക്കന്മാർ തൊഴിലാളർക്കൊപ്പം നിന്നു പടപൊരുതിയ കാലങ്ങൾ. കേരളത്തിന്റെ 1980 കളിലെ ചരിത്രങ്ങൾ ഒറ്റപ്പെട്ട ഒരു ദശാസന്ധിയാണു തന്നെ.

മികച്ച കഴിവുകളും കർമ്മബദ്ധതയും അടിമപക്ഷപാതവും ഉള്ള ഒരു ഗണം നേതാക്കൾ തൊഴിലാളികൾക്കൊപ്പം നിന്നു പെരുമാറി. വലിയ സ്വപ്നങ്ങളും ആവേശങ്ങളും ഭാവി നീക്കങ്ങളും കരുപ്പിടിപ്പിച്ചു സ്വന്തം ശക്തിയിലും ഇച്ഛാശക്തിയിലും ഉറച്ച് അടിവച്ചു നീങ്ങിയ നാളുകൾ.

പരമ്പരാഗത മത്സ്യത്തൊഴിലാളി തന്നെത്തന്നെ കണ്ടെത്തിയ നാളുകൾ. ധീരതയോടെ മുന്നേറാൻ, പിറകോട്ടു നോക്കാതെ മുന്നോട്ടു ഉദ്ദർശിച്ചു നീങ്ങാൻ, സ്വപ്നം കാണാൻ, അഹംബോധത്തിൽ വളരാൻ ഒപ്പം നടന്ന മഹത് വ്യക്തിത്വങ്ങളെ ഓർമ്മിച്ചെടുക്കുമ്പോൾ അവർ ഓരോരുത്തരുടെയും വലിപ്പങ്ങൾ ഹിമവാനൊപ്പം.

അണിചേർന്നവരെ അംഗീകരിച്ചു ഒപ്പം നിർത്തി ഒട്ടും കൂസലില്ലാതെ മുന്നോട്ടു നടന്ന് ലക്ഷം ലക്ഷം പിന്നാലെ എന്ന മുദ്രാവാക്യത്തിന്റെ എണ്ണം തിട്ടപ്പെടുത്താൻ മെനക്കെടാതെ, ഞങ്ങൾക്കു ഞങ്ങൾ മതി എന്നു പറഞ്ഞു മുന്നേറിയ ആ കാലങ്ങൾ വിസ്മൃതിയിൽ താഴ്ത്തപ്പെട്ടുകൂടാ. ആ നേതൃത്വങ്ങൾ ഒന്നല്ല, രണ്ടല്ല, ഒരു വ്യൂഹം ആണ്.


അവരെ സ്മരിക്കാതെ, അവരെ നമിക്കാതെ വയ്യ. ഒരു പീഢിത ജനത്തിന്റെ ഒപ്പം നിന്നു അവരുടെ കൈ പിടിച്ചുനിന്നു ബലപ്പെടുത്തി വഴി നടന്ന ഒരു വ്യൂഹം. തങ്ങളുടെ ഉൾക്കാഴ്ചകൾ തൊഴിലാളി മധ്യത്തിൽ അവതരിപ്പിച്ച് ജനം പരിചയിച്ചിട്ടില്ലാത്ത വഴികളിലൂടെ (ഈ നേതൃത്വങ്ങ ളുടെ സാന്നിദ്ധ്യം ഇല്ലായിരുന്നുവെങ്കിൽ ഒരു പക്ഷേ ജനം ഒരിക്കലും നടക്കുവാൻ ധൈര്യപ്പെടുമായിരുന്നില്ലാത്ത വഴികൾ) അവരെ നയിച്ചു നീങ്ങിയ, കൈ പിടിച്ചു മുന്നേറിയ സ്ത്രീകളും പുരുഷന്മാരും അട ങ്ങിയ നേതൃത്വങ്ങളെ ഒക്കെയും ഓർമ്മിച്ചെടുത്തു അവരുടെ മുൻപിൽ കൂപ്പുകൈകളോടെ നില്ക്കട്ടെ.

റബേക്കമാർ, നിർമ്മലമാർ, അൽഫോൻസമാർ, വിക്ടോറിയമാർ, ഷീലമാർ, ഹെലൻമാർ, മേബിൾമാർ ഈ പ്രസ്ഥാനത്തിലുണ്ടായിരുന്ന ഒരുപിടി സ്ത്രീ നേതൃത്വങ്ങളെ ഓർമ്മിച്ചെടുത്തു അവരുടെ മുൻപിൽ നമിക്കട്ടെ.


ഇക്കൂട്ടർ പറഞ്ഞത് പ്രവർത്തിച്ചു. അവരുടെ ജീവിതം/പ്രവൃത്തി ഇതരർക്കു ശക്തിയായി. മാതൃകയായി. അവരൊരുമിച്ചു സമൂഹത്തിലേക്കിറങ്ങി നിന്നു പെരുമാറി. നാട്ടുകാരോടൊപ്പം ജനപദങ്ങളോടൊപ്പം സമൂഹം മുഴുവനോടുമൊപ്പം അവർ പെരുമാറിനിന്നു. അവസാനം ഒരു ജനത മുഴുവൻ ഒറ്റക്കെട്ടായി ചലിച്ചു, ജ്വലിച്ചു നീങ്ങി. അതായിരുന്നു 80 കളിലെ മത്സ്യത്തൊഴിലാളി സമരം.


ഈ നേതൃത്വങ്ങളുടെയും അണികളുടെയും ധീരവ്യക്തിത്വങ്ങൾക്കു മുൻപിൽ നൂറായിരം അഭിവാദ്യങ്ങൾ അർപ്പിച്ചുകൊണ്ട് ഓരോരുത്ത രേയും പേരുവിളിച്ചു മുദ്രാവാക്യം വിളിച്ചു പറയട്ടെ...

**കോച്ചേരിയച്ചാ നേതാവേ,**
**ധീരതയോടെ നയിച്ചോളൂ**
**ലക്ഷം ലക്ഷം പിന്നാലെ.**


The Pearl of the Sea
A. Andreus
Translated by
Elma John


കേരളത്തിലെ
ഉൾനാടൻ മത്സ്യമേഖല
പ്രശ്നങ്ങൾ. സാദ്ധ്യതകൾ.



Manakaruth Spirituality
of Fisherwomen
Inspiration and Challenge to Consecrated Women
Theramma Prayikalam
MEDIA HOUSE DELHI


MEDIA TIDES
ON
KERALA COAST
IRIS

# ഭാഗം 3

## സമര കവിതകൾ

# 3.1 സമര കവിത - ഹേ മർത്ത്യാ



മഹാകവി ഒ.എൻ.വി, ഫാ. ജോസ് കളീക്കലിന്റെ മത്സ്യരോഗ സമരത്തോടനുബന്ധിച്ച് നിരാഹാര സത്യഗ്രഹപ്പന്തലിൽ വന്നിരുന്ന് എഴുതിയ കവിതയാണിത്. അദ്ദേഹം തന്നെ ഇത് ചൊല്ലി കേൾപ്പിക്കുകയും ചെയ്തു.

ഹേ മർത്ത്യാ!..
എന്റെ വചനമുരുവമായ്, ആകാശ
മുണ്ടായീ, ഭൂമിയും, പിന്നെ പ്രകാശവും.
രാവും പകലും, പ്രഭാതവും സന്ധ്യയും
ഭൂവിൽ കരയും, കരയിൽ സസ്യങ്ങളും
ആഴക്കടലും, കടലിൽ മത്സ്യങ്ങളും,
ആദിത്യചന്ദ്രരും, നക്ഷത്രരാശിയും,
വിണ്ണിൽ പറക്കുന്ന പക്ഷിവൃന്ദങ്ങളും,
മണ്ണിലുരഗമൃഗജീവജാലവും,
പിന്നെ മനുഷ്യനും! എൻ പ്രതിഛായയിൽ
ത്തന്നെ ഞാൻ സൃഷ്ടിച്ചോരെൻ പ്രിയ പുത്രനും!

ആറുനാളത്തെയാസർഗസപര്യയെ
ന്താനന്ദമായിരുന്നിന്നുമോർക്കുന്നു ഞാൻ!
അന്നു മനുഷ്യന്നനുഗ്രഹമേകി
നീ തന്നെയീ ഭൂമിക്കധികാരിയാവുക!

പിന്നെയേഴാംദിനം!– സൃഷ്ടിച്ചതൊക്കെയും
കണ്ടു സന്തുഷ്ടനായ് വിശ്രമം പൂണ്ടു ഞാൻ.
എന്നുമെല്ലായ്പൊഴും ശ്രദ്ധിച്ചിരുന്നു ഞാ
നെൻ പ്രിയപുത്രനെ;യേകാകിയാമവൻ
ഏദനിലേതോ വിഷാദത്തിലാണ്ടുപോം
നേരമാവാരിയെല്ലിൽനിന്നു നാരിയെ
പങ്കാളിയായ് നല്ലപാതിയായ് സൃഷ്ടിച്ചു
നല്കി ഞാൻ, പിന്നെയെൻ ചൊല്ലിനും മീതെയാ
പ്പാമ്പിന്റെ ചൊല്ലുകൾ കേട്ടു,
വിലക്കിയ തേൻപഴം തിന്നവൾ പാതിയവന്നേകി
നഗ്നതാബോധമുണർന്നതും, ഏദനും
നഷ്ടമായ് ഭൂമിയിലേക്കവർ പോയതും,
ഇന്നുമോർക്കാറുണ്ടെനിക്കില്ല ഖേദമീ
മണ്ണിനെപ്പൊന്നാക്കുമദ്ധ്വാന കേളിയിൽ
ആയാസവുമതിന്നാനന്ദവും തുല്യ
മായവർ പങ്കിട്ടു! സന്തുഷ്ടനായി ഞാൻ.

എന്നാലവരുടെയാദ്യപുത്രൻ തന്റെ
പൊന്നനുജനെ കൊന്നനാൾ, "എങ്ങു നിൻ
സോദര" നെന്നു ഞാൻ ചോദിക്കെ "ഞാനെന്റെ
സോദരൻതൻ കാവലാളോ? എന്നാമറു
ചോദ്യമവനെന്റെ നേർക്ക് തൊടുത്ത നാൾ,
ആദ്യമായ് ഹേ, മർത്ത്യ! നീയെന്റെ ദുഃഖമായ്!

പിന്നെ യുഗങ്ങളിലൂടെ, നിനക്കു ഞാൻ
തന്നൊരീയക്ഷയപാത്രമാം ഭൂമിയെ
പങ്കിട്ടു നൂറായ് പകുക്കുവാൻ നിൻ മക്കൾ
തങ്ങളിൽ മത്സരിക്കുന്നതും കണ്ടു ഞാൻ
മാരിനീരമ്പുകൾ കൊത്തിപ്പരത്തിയും,
സൂര്യാതപത്താൽ മെഴുകിയും ഞാൻ തീർത്ത
ശ്ലക്ഷ്ണശിലാതളിമങ്ങളെ മാതൃക
യാക്കി നീ വിശ്രമ തല്പമൊരുക്കവേ,
കാട്ടിൽ ഞാൻ തീർത്ത ഗുഹപോലെ നീ നിന്റെ
പാർപ്പിടം തീർക്കവേ, യാഹ്ലാദമാർന്നു ഞാൻ
കാട്ടുമുളന്തണ്ടൊടിച്ചുതുളച്ചു നീ
പാട്ടു മൂളുന്നതും കേട്ടു രസിച്ചു ഞാൻ
കാടിളകും പോൽ, കടൽത്തിര പോൽ,
തളിർ ചൂടുമൊലീവിന്റെ ചില്ലപോൽ, തെന്നലി
ലാടുമാർദ്രാംഗുലിയാം കരയാമ്പൽ പോൽ,
പാതിമെയ്യാളുമായ് കൈകോർത്തുനിന്നു
നീ യാടുന്ന നൃത്തങ്ങൾ കണ്ടു മോദിച്ചു ഞാൻ!


നിന്റെ ചെമ്മുന്തിരിത്തോപ്പുകളും, കതിർ
ച്ചന്തമണിഞ്ഞ വയലുകളും, കളി
മണ്ണിൽ, മരത്തിലും, കല്ലിലും നീ തീർത്ത
മന്ദിരശ്രേണികൾ, ശില്പങ്ങളും കണ്ടു
നിന്നു, നിൻതാതനാനന്ദാശ്രു നേത്രനായ്!
എങ്കിലും, നീയെന്റെ ദുഃഖമായ്, പണ്ടു ഞാൻ
നിൻ കയ്യിലേല്പിച്ചൊരിക്കൊച്ചു ഭൂമിയെ
പങ്കിലമാക്കി നീ, യീയന്തരീക്ഷത്തെ
നിന്റെ ദുരാശതന്നുച്ഛ്വസിതങ്ങളാൽ
പങ്കിലമാക്കി, യാത്മാവിൻ നിരാർദ്രത
മണ്ണിൽ പരത്തി നീ, തെല്ലവശേഷിച്ച
തണ്ണീരിൽ നിൻ കൊതി തുപ്പീ വിഷദ്രവം.

ആരിതെൻ മുന്നിൽ? മെയ്യാകെ വ്രണങ്ങളു
മായിപ്പിടഞ്ഞു തുള്ളുന്നൊരു മത്സ്യമോ?
എൻ കാൽക്കൽ വീഴുന്നു, ചോരപ്പൊടിപ്പെഴും
ചുണ്ടു പിളർത്തുന്നു, സങ്കടമോതുന്നു
ആരുടെ പാപം ശവംനാറിയായ് പൂത്ത
താണെൻ വ്രണങ്ങളെന്നങ്ങേയ്ക്കറിയുമോ
നിൻ പ്രിയപുത്രനഞ്ചപ്പവും മീനുമായ്
പണ്ടമൃതേത്ത് കഴിച്ചതോർക്കുന്നുവോ?
അന്നവൻ തിന്നൊരാ മീനിൻ പരമ്പര
ക്കണ്ണി ഞാനിന്നവന്നസ്പൃശ്യമായ്! ഇനി
യെന്നെ നീ തന്നെ തിരിച്ചു കൈക്കൊള്ളുക
മർത്ത്യന്റെ പാപക്കറകലരാത്തതാ...

മിത്തിരി നല്ല ജലം കനിഞ്ഞേകുക!
ഇക്കൊച്ചുമീനിന്റെ മുന്നിൽ ഞാൻ ലജ്ജിച്ചു
നില്ക്കുന്നു! മർത്ത്യ! നീയിന്നുമെൻ ദുഃഖമായ്

ഡിസംബർ 23, 1991 ജനുവരി 1. 1992 ഇന്ത്യാ ടുഡേ

# 3.2 ഞങ്ങൾ ശാസ്ത്രജ്ഞരാണ്



ഇ.ജി. പീറ്റർ

ശാസ്ത്രസങ്കേതങ്ങൾ
തീരത്തെത്തിടും മുൻപേ
ആഴി ശാസ്ത്രങ്ങൾ പഠിച്ചു
മീൻ പിടിക്കുന്നോർ
ആഴിയുണ്ടായന്നുമുതൽ
അതിൻസമ്പത്തിനെ കൊയ്യാൻ
സ്വയം സൃഷ്ടിച്ചനേകമാം
ഉരുക്കൾ പണ്ടേ.
കോരു വലയുണ്ടാക്കി പണ്ടു
നീട്ടിടും വല വേറെയുണ്ട്
കരയിൻ നിന്നു വലിച്ചുകേറ്റും
കയർവലയുണ്ടു
വലിയമീനെ പിടിക്കാനായ്
വലകൾ പലതും ഉണ്ടാക്കിയന്നും
ചൂണ്ടയുണ്ട്, ചൂണ്ടയിൽ
കുരുക്കിടുന്ന ചാട്ടുളിയുണ്ട്
കാറ്റു കണ്ടും നീരുകണ്ടും
ആഴി തന്റെ നിറംകണ്ടും
മീൻ പിടിക്കുന്നവർ
ചൊല്ലും പലതും പണ്ടേ!
അടിത്തട്ടിൽ നിന്നു പെടും
നീർക്കുമിള കണ്ടുവെന്നാൽ
ചേറിളക്കും പറഞ്ഞീടും
മീൻപിടിക്കുന്നോർ
പന്നി തന്റെ പാച്ചിൽകടൽ
പാമ്പ് കെട്ടിപിണഞ്ഞെന്നാൽ
മക്കനിളകുന്നതുകാൽ
മീൻ പിടിക്കുന്നവർ ചൊല്ലും
കോളുതൻകാര്യം
തിരതല്ലും തീരത്തുള്ള
മണലിന്നിളക്കം കാൽ
തിരയുടെ മക്കൾ ചൊല്ലും
തിരതൻ രീതി.
എന്തിനേറെ പറയുന്നു
പണ്ടുതൊട്ടേ കടലിന്റെ
ശാസ്ത്രമെല്ലാമതിൻ
മക്കൾക്കറിയാമല്ലോ.



# 3.3 മോഹന സുന്ദര വാഗ്ദാനങ്ങൾ

ഇ.ജി. പീറ്റർ

തിമി തിമി തിന്തിമി താരാ തകതിന്തിമിതോ-
തകതീരേ താര
തിമി തിമി തിന്തിമി താരം തക തിന്തിമിതോ-
തകതാരോ താര
മോഹന സുന്ദര വാഗ്ദാനങ്ങൾ നൽകി
കടലിൻ മക്കടെ വോട്ടുകൾ നേടിയ
ഭരണക്കാരിന്നോർക്കേണം (തിമി...)

അങ്കം പലതു കുറിച്ചവരാണീ
തീരത്തെന്നു മറക്കരുതേ
പിൻമാറുന്ന ചരിത്രം ഞങ്ങൾക്കി
ല്ലെന്നുള്ളതറിഞ്ഞോളൂ.
നിയമത്തിൻ കൈയ്യാങ്കളി തീരത്താളിക്കത്തിച്ചിട്ട്
മനസു മടുപ്പിക്കാനായാരും പോരണ്ടാ (തിമി...)

മൺസൂൺ ട്രോളിങ്ങിവിടെ നിറുത്തിയ
കള്ളക്കളികളുരക്കോ
കൊല്ലം തൊട്ടുകളിച്ചാൽ വളയും
ഭരണക്കാരുടെ നട്ടെല്ല്
നിയമം പിച്ചിച്ചീന്തിയ കൂട്ടർക്കാണിക്കേരളനാട്ടിൽ
തുണയേകുന്നതു ഭരണക്കാരെന്നോർക്കേണം (തിമി...)

ഞങ്ങളുടെ സ്വത്താണീക്കടലമ്മ
ഞങ്ങളുടെ പണിയിടമാണോർത്തോ
തലമുറ തലമുറ തലമുറയായി
ഇക്കടൽ ഞങ്ങടെ വകയാണ്.
ഞങ്ങളെ ഇവിടുന്നാട്ടിയകറ്റാനാരു തുനിഞ്ഞെന്നാലും
ജീവൻ കുരുതികൊടുത്തും ഞങ്ങളെതിർത്തീടും (തിമി...)



# 3.4 അമ്മ

ഇ.ജി. പീറ്റർ

അമ്മേ നിൻ മക്കൾ, മനുഷ്യരായുള്ളോർക്ക്
ഇല്ല നിൻ മാറിലൊരേടവും സ്വന്തത
ഗർഭ ഗൃഹത്തിൽ വച്ചാസ്വരം കേട്ടു ഞാൻ
നീതി മരിക്കുന്നിടത്തെതിർത്തീടുവാൻ
ചുറ്റും തിരിഞ്ഞു പലയിടത്തെത്തി ഞാൻ
നീതിക്കിരിപ്പിടം യില്ലെരേടവും
അന്തിയുറങ്ങുമ്പോൾ ചിന്തയിലെത്തുന്നു
ചന്തമാം സൂര്യോദയം നാളെക്കാണുമേ
യാത്രയിൽ മൃത്യു തുല്ല്യം ഭവിക്കും ചിന്ത
തീർച്ചയായും തിരിയെ യെത്താൻ കഴിയുമോ
ആൺ പെണ്ണു ജാതിരണ്ടെന്നു ചിന്തിക്കുമ്പോൾ
നാനാവിധം ജാതി ദംഷ്ട്രങ്ങൾ നീളുന്നു
ജാതി ഏതാകിലും നമ്മളൊന്നാണെന്നു
ചൊന്നതിന്നു വ്യർത്ഥമായി ഭവിക്കുന്നു
ഭാഷ ഏതാകിലും നിൻ മക്കളേകമാണെന്നു
ചിന്തിക്കുന്ന ചിന്ത മുരടിപ്പു
വേറു കീറില്ല നീ ഏകമെന്നോർക്കുമ്പോൾ
കീറിമുറിക്കുവാൻ വാളോങ്ങിനിൽക്കുന്നു
ഈശ്വറും ഹള്ളയുംനിൻനാമമാണെന്നു
ഗാന്ധിജി പാടിയതിപ്പൊഴും പാടുന്നു
ഏകമാമീശ്വന്നു കോവിലുണ്ടാക്കുവാൻ
രക്തക്കളെമൊരുക്കിടുന്നു മൂർഖർ

രാഷ്ട്രപിതാവു തുടങ്ങി വിലപ്പെട്ടതെത്രയോ
ജീവൻ കൊഴിയുന്നുനിൻ മാറിൽ
സ്വസ്ഥത ഇല്ലനിൻ മാറിലൊരേടവും
സ്തംഭിച്ചു നാവുകൊതിച്ചു ജലത്തിനായ്
മലിനമില്ലാതുള്ളുറവകണ്ടെത്തുവാൻ
കഴിയാതെ കാൽകഴഞ്ഞന്തിച്ചിരുന്നുപോയ്
ദീർഘശ്വാസം വലിച്ചപ്പോഴന്ന
നാളത്തിലെത്തിവിഷം കലർന്നുള്ളതാം വായുവും

ഒട്ടുനേരം ഇരുട്ടിന്റെ ലോകത്തിൽ ഞാൻ
തട്ടിത്തിരിഞ്ഞിതെന്തെന്നു പഠിക്കുവാൻ
എന്നെ പഠിപ്പിച്ചു ഞാനാക്കിമാറ്റുവാൻ
ഇല്ല നിൻ മാറിലൊരേടവും ശാലകൾ
നാലു പതിറ്റാണ്ടു നിന്നെനയിച്ചവരെത്തിച്ചു
ഈ ദുസ്ഥിതിയമ്മേ നിൻ മാറിൽ

# 3.5 കാത്തിരിക്കുന്നൂ ഞങ്ങൾ

## ഇ.ജി. പീറ്റർ

ഞങ്ങളിലൊരുത്തനെപ്പോലെ നീ പിറന്നുണ്ണീ
ഞങ്ങളിൽനിന്നും നിന്നെ തട്ടിക്കൊണ്ടെങ്ങോ പോയി
സ്വന്തമായൊരു കൂരപോലുമില്ലാത്തോനായി–
ഹന്തഃമേഷ വൃന്ദത്തിൽ തൊഴുത്തിൽ പിറന്നോനേ
നീ പിറന്നെന്ന വാർത്ത ചൊല്ലിടാൻ സുരവൃന്ദം
പോയില്ല കൊട്ടാരത്തിൽ, സമ്പന്നർ വാഴും വീട്ടിൽ
പാവങ്ങളജപാലർ വാഴുന്ന കൂടാരത്തിൽ
ആഹ്ലാദ പൂർവ്വം ചെന്നു ദേവകളറിയിച്ചു
നിങ്ങൾക്കായ് ഇതാ ഒരു രക്ഷകൻ പിറന്നെന്നു
സമ്പന്ന വർഗ്ഗത്തോടു ചൊല്ലിയില്ലന്നാ ദൂതർ
നീ പിറന്നെന്ന വാർത്ത രാജാവന്നറികയാൽ
രാഷ്ട്രീയമായിത്തന്നെ നിൻ ജന്മം കണക്കാക്കി
രാജ്യത്തിന്നധികാരം നഷ്ടമാകുമെന്നോർത്തു
വധിച്ചൂ ശിശുക്കളെ രാജ്യത്തങ്ങുടനീളം
ആർത്തരാലംബഹീനർ മർത്യരിലടിമകൾ
അത്തരക്കാരെ കൂട്ടി സംഘമൊന്നുയർത്തി നീ
ശിഷ്യരോടൊന്നായ് നീ ചൊല്ലി സമ്പത്തു ദാനം
ചെയ്തിട്ടൊന്നുമില്ലാത്തോരായിട്ടെന്റെ പിന്നാലെ വരു
ഉന്നതാധികാരത്തിലിരിക്കും സമ്പന്നർക്കു
വെമ്പലായ് നിന്റെ വാഴ്ച നിന്നെയോ ക്രൂശിലേറ്റി
ഒന്നുമില്ലാത്തോർക്കായി വന്നു നീ പിറന്നുണ്ണീ
എല്ലാമുള്ളവരിന്നു നിന്നെയോ സ്വന്തമാക്കി
നിന്റെ തത്ത്വങ്ങലെല്ലാം സ്വർണ്ണച്ചങ്ങലയ്ക്കുള്ളിൽ
ബന്ധിച്ചു പൂജിക്കുന്നു ഉന്നതാധികാരികൾ
അന്നു നീ ചാട്ടവാറാലോടിച്ചകൂട്ടരിന്നു
അന്നത്തെക്കാളുമേറെ ക്രൂരതകാണിക്കുന്നു
ഞങ്ങളിൽ നിന്നും നിന്നെ ദൂരത്തായ് പ്രതിഷ്ഠിച്ചു
ഞങ്ങളോ ദുരിതത്തിൽ ചൂളയിലെരിയുന്നു
ആ വിലങ്ങറുത്തിട്ടു വീണ്ടും നീ പിറക്കുവാൻ
കാത്തു കാത്തിരിക്കുന്നു ഒന്നുമില്ലാത്തോർ ഞങ്ങൾ

# 3.6 ജോയിച്ചൻ മരിച്ചിട്ടില്ല



സി. മേഴ്സി കൂട്ടിയാനി എം.എം.എസ്.

ജോയിച്ചാ നീ മരിച്ചിട്ടില്ല...
ജോയിച്ചാ നീ മരിച്ചിട്ടില്ല...
ജീവിക്കുന്നു നീയും
നിൻ ദൗത്യങ്ങളും
ഞങ്ങളിലെന്നും
ഏറ്റെടുത്തു കഴിഞ്ഞു
ഞങ്ങൾ നിൻ കർത്തവ്യങ്ങൾ
നീ പൊരുതിയ പാതയിലൂടിതാ
ഞങ്ങളും പോകുന്നു.
ജോയിച്ചാ നീ മരിച്ചിട്ടില്ല...

കടൽ ഞങ്ങടെ പൈതൃകമായ്
മാറുന്നതു കാണാൻ
നീയില്ലല്ലോ ജോയിച്ചാ!
നിന്റെ കൈകളിൽ നിന്ന് ഊർന്നുപോയ പങ്കായവും
നിന്റെ ജീവിതാശ നിറച്ച
വലയും വള്ളവുമെല്ലാം ഇന്നും സജീവമാകുന്നു
ജോയിച്ചാ നീ മരിച്ചിട്ടില്ല...


കടലമ്മ നൽകിടും കനികൾ
കടലോരത്താകെ നിറഞ്ഞീടാൻ
കടലിനെ കാത്തുകൊള്ളേണം നാമിനിയെന്നും
കടങ്കഥ പാടുന്നു ഇന്നും ഞങ്ങൾ
ഇതൊന്നു മാത്രമേ ഹാ! നിന്നുടെ
ആത്മാഹൂതിക്കുമർത്ഥം.


ജോയിച്ചാ നീ മരിച്ചിട്ടില്ല... മരണം വരിച്ച നിൻ നീതി
പുളകം ചാർത്തുന്നു ഞങ്ങളിൽ
ജീവത്താം നിൻ ത്യാഗമാതൃക പിന്തുടരപ്പെടുമെന്നെന്നും
കാറ്റിലും കോളിലും ഭയക്കാതിരിക്കാൻ
ശക്തി പകർന്നു തന്നു നീ
കടലമ്മയെ സംരക്ഷിക്കുവാൻ
സമരനായകനായി ജീവിച്ചു നീ
ജീവൽ സമരം തുടരുമ്പോഴും
ജീവിപ്പൂ നീ ഞങ്ങളിൽ തുടർന്നും...
പ്രിയ ജോയിച്ചാ, നീ ഞങ്ങൾക്കൊരു സുഹൃത്തായിരുന്നു.

സമരവും സഖാവും (ഓറയിൽ നിന്ന്)

# ഭാഗം 4
## ജനകീയാരാധന


THEO BOOKS KOCHI
കടൽ ഒരു പര്യായമാണ്
തിര, പ്രണയത്തിനും
തർപ്പണത്തിനും സാക്ഷി...
വിനായക് നിർമ്മൽ


ആദ്യം വികസിക്കേണ്ടത് തല
സുബിൻ എബ്രഹാം
വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി
ഉയർത്തുന്ന പാരിസ്ഥിതികവും സാമൂഹികവുമായ
പ്രശ്നങ്ങളുടെ പശ്ചാത്തലത്തിൽ മലയാളിയുടെ
വികസന ദിവാസ്വപ്നങ്ങളുടെ പൊരുൾ
അന്വേഷിക്കുന്ന ലേഖനങ്ങളുടെ സമാഹാരം


തീരദേശ ജനങ്ങൾക്കുവേണ്ടി
വൈദികരും, കന്യാസ്ത്രികളും
മത്സ്യത്തൊഴിലാളി നേതാക്കളും
ചേർന്നു നടത്തിയ പോരാട്ടങ്ങൾ–
ഒരു പഠനം
ഒറ്റമശ്ശേരി ജോർജ്ജ്


കരുണയുടെ പോരാളി
പരിശവിളയച്ചന്റെ ഓർമ്മപുസ്തകം

# 4.1 അമ്മ വന്നല്ലോ അമ്മ വന്നല്ലോ നമ്മുടെ സമര സേനാനി



ഫാ.തോമസ് കോച്ചേരിയെ അറിയുന്നവർക്കെല്ലാം സുപരിചിതമായ നാമമാണ് സിസ്റ്റർ ഫിലമിൻ മേരി. സമർപ്പിതജീവിതത്തിന്റെ നേരവകാശി. അവരെ അനുമോദിക്കാൻ 2021-ൽ പ്രസിദ്ധീകരിക്കപ്പെട്ട ഒരു ലഘുപത്രികയാണിത്.

സിസ്റ്റർ ഫിലമിൻ മേരിയോടൊപ്പം ഒരു ദിവസം
"THE SEA CALLS..." ഗ്രന്ഥപ്രകാശനം 12.12.2021
ആശാൻ സ്മാരകവേദി, കായിക്കര, അഞ്ചുതെങ്ങ്

ആമുഖം

ഗാനം: അമ്മവന്നല്ലോ VKS

സ്നേഹിതരേ,

കടലാണ് നമ്മൾ, കടലാണ് തുടക്കവും ഒടുക്കവും
കടലായ്, നീരാവിയായ്, മഞ്ഞുതുള്ളിയും മഴത്തുള്ളിയുമായ്
ചെറിയ ഒരുറവയായി, ഉറവകൾ ചേർന്ന് ഒരരുവിയായ്

ഗാനം: ഒരു തിരി ഒരു ചെറുതിരി...

നാം ഓരോരുത്തരും ഒരു കിണറാണ്
അവരവരുടെ സ്വന്തം കിണർ.
കിണറിറങ്ങി ആഴം കുഴിച്ച് ചെല്ലുമ്പോൾ
അവനവന്റെ കിണറിന്റെ തൊടികൾ
ചെന്നുമുട്ടുക ഒരു മഹാപ്രവാഹത്തിലാണ്
ഒരേയൊരു ജീവന്റെ ഉറവയിൽ, നീരൊഴുക്കിൽ

ഗാനം: തെയ്യക്കം തെയ്യാരോ...

നമുക്ക് ചുറ്റും ഇരുളാണ്, കട്ടപിടിച്ച ഇരുൾ
നാലുചുറ്റിനും നോക്കൂ ചുറ്റുവട്ടങ്ങളിലേക്ക് ഒന്നു
നോക്കൂ അങ്ങ് പടിഞ്ഞാറ് കടലിലേക്ക്
മഞ്ഞുമലകളുരുകി വെള്ളം നിറച്ച്
കടലമ്മ പെരുകി വളരുകയാണ്
കടലിന് ചൂടേറുന്നു
നമ്മളെ മുക്കാൻ പരുവത്തിൽ കടലുയരുന്നു
കടലിൽ കല്ലിട്ട്, മലയിടിച്ച്, പാറകളിറക്കി
കടൽഭിത്തി കെട്ടി നമ്മളെത്തന്നെ സുരക്ഷിതരാക്കാൻ
പാടുപെടുന്നത് നമ്മളറിയുന്നു.
വിഴിഞ്ഞം തുടങ്ങി വടക്കോട്ട് വടക്കോട്ട്
കൊയിലാണ്ടി കടപ്പുറം വരേയും

പിന്നെയുമങ്ങോട്ടും തീരം ഉടയുന്നു.
കടൽഭിത്തികൾ കടലാക്രമണത്തിലലിഞ്ഞ് പോകുന്നു.
ചെല്ലാനം കടപ്പുറത്തും ശംഖുമുഖം തീരത്തും



കഴുത്തോളം വെള്ളം നമ്മളെ മുക്കി.
ഇങ്ങനെ കടലെടുത്ത് പോകുന്ന നമ്മൾ...
കിഴക്കോ... സൂര്യനുദിയ്ക്കുന്ന മലയോരങ്ങൾ
തച്ചുതകർത്തും ഉരുൾപൊട്ടിയും മുല്ലപ്പെരിയാർ
ഇപ്പപ്പൊട്ടുമെന്ന് പേടിച്ച് ഇടുക്കി വിറങ്ങലിച്ചു നിന്നു
ജീവിതം ജീവിയ്ക്കുന്ന നമ്മൾ ആകാശത്തേയ്ക്ക് നോക്കിയാലോ
ഓസോൺവിള്ളൽ തുടങ്ങി പുകമഞ്ഞ് മൂടി കാഴ്ച നടുങ്ങുന്നു.
ശ്വാസംമുട്ടിയും വീർപ്പുമുട്ടിയും ഡൽഹിമുതലിങ്ങോട്ട്
നഗരങ്ങൾ മുഴുവനും. പിന്നെയോ
കരമുഴുവനും മുഖം മൂടിപ്പൊത്തി കൊറോണ പേടിച്ച്
കഴിയുന്ന ജനസഞ്ചയം. ഇരുളാണെവിടെയും ഇരുൾ.
വെളിച്ചം ദുഃഖമാണുണ്ണീ തമസ്സല്ലോ സുഖപ്രദം
പാടുന്ന കവികൾ. ഇവിടെ നമ്മൾ പാടുന്നു.

ഗാനം അസതോമാ സത്ഗമയഃ

നമ്മൾ, ഈ ഇരുട്ടിൽ തെളിയ്ക്കപ്പെട്ട തിരിനാളങ്ങൾ പ്രോജ്വലിക്കപ്പെട്ട തീനാളങ്ങൾ, തീപ്പന്തങ്ങൾ, ഇവിടെ ഉജ്ജ്വലിയ്ക്കുന്ന തീപ്പന്തങ്ങൾക്ക് തിരികൊളുത്തി നാം പ്രാർത്ഥിയ്ക്കുന്നു. ഈ ഇരുണ്ട താഴ്വാരങ്ങളിൽ തിരിതെളിയ്ക്കുന്ന നൂറായിരം സുഹൃത്തുക്കളെ, സഖാക്കളെ, സമരനേതാക്കളെ പ്രതിനിധീകരിച്ച് നമ്മുടെ 84 കളിലെ സമരസേനാനി ഫിലമിൻമേരി. 91 തികഞ്ഞുനിൽക്കുന്ന ഈ പ്രായത്തിൽ ഒരു സമരജ്വാല പിന്നെയും തെളിയ്ക്കുന്നു.

കുമാരനാശാന്റെ വരികളിലൂടെ നമ്മൾ പ്രാർത്ഥിയ്ക്കുന്നു.

ഗാനം ഭാവബന്ധമൊട്...

നമ്മുടെ മദ്ധ്യേ ഈ തീപ്പന്തം ജ്വലിപ്പിച്ച് തന്ന സിസ്റ്റർ ഫിലമിൻമേരി ഒരു ഇതിഹാസമാണ്. നാമത് മറക്കണ്ട. സിസ്റ്റർ 91 വർഷങ്ങൾ ഈ ലോകത്ത് ജീവിച്ച് കഴിഞ്ഞു. അതിൽ 40 ലേറെ വർഷം ഈ കടപ്പുറത്തും, കടൽ മക്കളോടുമൊപ്പം ഇടപഴകി, മാമ്പള്ളിയിലെ കൊച്ചു വാടകവീട്ടിൽ.

1978 അന്ന് തുടങ്ങി ഇക്കഴിഞ്ഞ നാളുകൾ വരെ കേരളതീരം മുഴുവനും K.S.M.T.F. പ്രവർത്തക ആയും ഇന്ത്യയിലെ കടലോരങ്ങൾ മുഴുവനിലും N.F.F. ന്റെ പ്രവർത്തകയായും ലോകമാകെയുള്ള പരമ്പരാഗത മത്സ്യതൊഴിലാളികളുടെ ഇടയിൽ W.F.F. ന്റെ പ്രവർത്തകയായും പ്രസ്ഥാനങ്ങളോട് ചേർന്ന് നിന്ന് പ്രവർത്തിച്ചുവെന്നത് ചെറിയകാര്യമല്ല. നമ്മളൊക്കെക്കൂടി ചേർന്ന് നിന്ന് പൊരുതിനീങ്ങിയ ആ കാലയളവുകളേയും, മരണംവരെ



നിരാഹാരം എത്തിച്ച സമരരൂപങ്ങളേയും അനുസ്മരിച്ചാണ് നമ്മൾ ഇവിടെ ഒത്തുകൂടിയിരിക്കുന്നത്.

കേരള കടൽത്തീരത്തിന്റേയും കടൽമക്കളുടേയും ജീവിതങ്ങൾ തല്ലിക്കൊഴിച്ച നീലവിപ്ലവത്തിന്റെ ARDC പദ്ധതിയും, ബോട്ടും ട്രോളിംഗും, പഴ്സീനിംഗും ആഴക്കടൽ മത്സ്യബന്ധനവും, വിദേശ ട്രോളറുകളും തുടങ്ങി സുനാമിയും ഓഖിയും, മഹാപ്രളയവും കോവിഡ് മഹാമാരിയും ഇന്നിപ്പോൾ അവസാനം വീണ്ടും വിഴിഞ്ഞം തുറമുഖവും ബ്ലൂ എക്കോണമിയുമെല്ലാം അനുഭവിച്ച് നില്ക്കുന്ന പരമ്പരാഗത മത്സ്യതൊഴിലാളിയുടെ പക്ഷം പറ്റി നിൽക്കുന്ന എല്ലാവരോടും ചേർന്ന് പൊരുതി നിൽക്കുന്ന ഈ സമരസേനാനിയ്ക്കൊപ്പം പ്രവർത്തിച്ചു ജീവിച്ച എല്ലാവരേയും, പ്രത്യേകിച്ച് അതിൽ ഉൾക്കൊണ്ട സ്ത്രീരൂപങ്ങൾ ഓരോരുത്തരേയും അനുസ്മരിച്ചുകൊണ്ട്, ആ വക പ്രസ്ഥാനങ്ങൾക്ക് ബീജവാപം ചെയ്ത ആ ബിഷപ് പീറ്റർ ബർണാഡ് പെരേര, റഡംപ്റ്റിസ്റ്റ് വൈദികർ, മരിയനാട്ടിൽ വികസന പ്രവർത്തനം തുടക്കമിട്ട ആദ്യസംഘം തുടങ്ങി അനുകൂലിച്ചും പ്രതികൂലിച്ചും സഹകരിച്ച ഇടവക വികാരിമാർ തുടങ്ങി, ബാലവാടിയും ബാല വേദിയും വനിതാവേദിയും തുടങ്ങി എത്രയെങ്കിലും മേഖലകളിൽ കൈ-മെയ്യ് ചേർന്ന് പ്രവർത്തിച്ച് നിന്ന ഓരോരുത്തരേയും ഓർമ്മിച്ച് ആദരിച്ച് കൊണ്ടാണ്, ആ കാലങ്ങളേയും അനുഭവങ്ങളേയും അയവിറക്കിക്കൊണ്ട്, അവരെയൊക്കെ നമിച്ച്കൊണ്ട് ഒരിത്തിരിനേരം നമ്മൾ ഈ കടപ്പുറത്ത്, ഈ മണ്ണിലെ വിപ്ലവകവിയുടെ ഓരം ചേർന്ന് നമുക്കിരിയ്ക്കാം. കവിയുടെ ഈരടികൾ പാടി സിസ്റ്റർ ഫിലോ നമ്മെ ക്ഷണിയ്ക്കുന്നു.

## മഹാകവി കുമാരനാശാന്റെ ഗീതകം, ചന്തമേറിയ പൂവിലും

ഇനിയിപ്പോൾ നമ്മൾ അടങ്ങുന്ന ഈ കൂട്ടത്തിൽ ഓരോരുത്തരുടേയും ഊഴമാണ്. ആടാനും പാടാനും കഥപറയാനും പേൻനുള്ളാനും പുന്നാരം പറയാനുമുള്ള നേരങ്ങൾ. ആടിയോ പാടിയോ കഥപറഞ്ഞോ ആ പഴയ കാലങ്ങളെ ഉണർത്താൻ വേദി തുറന്നിടുകയാണ്. നമ്മിലാർക്കു വേണമെങ്കിലും പ്രേരണയനുസരിച്ച് ഈ വേദി സജീവമാക്കാം.

## സ്റ്റേജ് ഓപ്പൺ

എല്ലാവർക്കും രണ്ട് വാക്ക് പറയാനോ പാടാനോ അവസരമിട്ട്, സ്റ്റേജ് കയ്യടക്കാതെ, സമയംപങ്കുവച്ച്നമുക്ക്ഈകൂടിവരവിനെസാർത്ഥകമാക്കാം.സമയബോധത്തോടെ 5 മിനിറ്റിനപ്പുറം പോകാത്ത പങ്കുവയ്ക്കലുകൾക്ക് എല്ലാവർക്കുമായി ഈ വേദി തുറന്നിടുന്നു. സ്വാഗതം ഓരോരുത്തർക്കും. പങ്കുവയ്ക്കലുകളുടെ ഈ ഘട്ടം പൂർത്തിയാകുന്നിടത്ത് ഇനിയൊരു കവിത ഈണത്തിൽ മുഴക്കാം. നമ്മുടെ ഉജ്ജ്വലനങ്ങൾക്കുള്ള വാഗ്രൂപം ഈ കവിതയിലുണ്ട്.

## കവിത, ഒ.എൻ.വി. യുടെ സൂര്യഗീതം

കവിപാടിനിർത്തിയ ഗീതത്തിന്റെ ഒരു കുഞ്ഞ് ദൃശ്യാവിഷ്കാരം നമുക്കൊന്ന് കണ്ടുനോക്കിയാലോ. രംഗം നമ്മുടെ കടപ്പുറം തന്നെ.

## ചിപ്പികൊണ്ട് ചിരട്ടയിൽ കടൽ നിറയ്ക്കുന്ന കുട്ടി

ദൃശ്യാവിഷ്കാരം: ഇതൊരു പഴയ കഥയാണ്. ദൈവശാസ്ത്രകാരന്മാർ പറയുന്നൊരു കഥ. ത്രിത്വം എന്ന മഹാസാഗരത്തെ ദൈവശാസ്ത്ര ചിന്ത കൊണ്ട് ബുദ്ധിയിൽ ഒതുക്കാൻ ശ്രമിയ്ക്കുന്ന അഗസ്റ്റിൻ എന്ന പണ്ഡിതനെ ചുറ്റിയുള്ള ഒരു കഥ.

അതല്ല നമ്മുടെ വിഷയം. നമ്മുടെ വിഷയം ഈ കടലാണ്, ഈ മണ്ണാണ്. കടലും കരയും കൂട്ടിയിണക്കുന്ന കടൽ മനുഷ്യരാണ്. ആണും പെണ്ണു മടങ്ങുന്ന നമ്മുടെ ജീവിത സാഹചര്യങ്ങളാണ്. നമ്മുടെ ഈ ആവാസ വ്യവസ്ഥയെ ആകെ ഉഴുതുമറിച്ച് ഇല്ലാതാക്കുന്ന ചുറ്റുവട്ടങ്ങളെക്കുറിച്ച് പ്രവർത്തിയുടെ, പ്രതിരോധത്തിന്റെ വേറിട്ടൊരു ചിന്ത അടുത്തകാലത്തു ണർത്തി ആലപ്പുഴ കേന്ദ്രീകരിച്ച് പ്രവൃത്തിച്ചുകൊണ്ടിരിയ്ക്കുന്ന ഒരു സുഹൃത്തിനെ ഞാൻ ക്ഷണിക്കുകയാണ്. നമ്മുടെ ഭാവിമുഖങ്ങളിലേക്ക് ഒരു കൈചൂണ്ടി ആയെങ്കിലോ എന്ന ചിന്തയിൽ, പുതിയൊരു അങ്കത്തിന് സാദ്ധ്യത തെളിഞ്ഞാലോ എന്ന ചിന്തയിൽ ഗാന്ധി സ്മാരകനിധിയുടെ ദേശീയ ട്രസ്റ്റി ശ്രീ. ജഗദീശൻ – അങ്ങേയ്ക്ക് സ്വാഗതം.

## ഒരു ഗാനം തെയ് തെയ്...

ഈ കടലിലെ വെള്ളത്തിന് ഉപ്പുരസമാണ്, നമ്മൾ മനുഷ്യരുടെ കണ്ണീരിനും. കടപ്പുറത്ത് നിന്നുള്ള കുറേ പഴയമനുഷ്യർ (പുതിയവരും) കൂടി ഇറങ്ങി. നമ്മുടെ കദനകഥകൾ നിരത്തി K.S.M.T.F. എന്ന പ്രസ്ഥാനത്തിലൂടെ 1970 കളിൽ തുടങ്ങി ഒരുപിടി രംഗങ്ങൾ നമ്മൾ സൃഷ്ടിച്ചിട്ടുണ്ട്. അതിന്റെ ചില സൂചികകകൾ നമുക്കു മുമ്പിൽ നിരത്തട്ടെ. നമ്മുടെ സംഘത്തിന്റെ ആ കാലത്തെ പോസ്റ്ററുകൾ ഓരോ നേരങ്ങളിലേയും നമ്മുടെ കദനങ്ങളുടെ കണ്ണീരിന്റെ നിലവിളികളുടെ ചില പോസ്റ്ററുകൾ. നമ്മുടെ സഹനസമരങ്ങളുടേയും പ്രതിരോധ നീക്ക ങ്ങളുടേയും കഥകൾ അവ നമ്മോട് പറയും, നമ്മെ ഓർമ്മിപ്പിയ്ക്കും.

## പോസ്റ്ററുകൾ

ഒപ്പം ഈ കദനകഥകൾ പാടിനടന്ന ചിലരേയും നമ്മൾ ഓർമ്മിയ്ക്കുന്നു. കടലിന്റെ നൊമ്പരങ്ങൾ എഴുതിവച്ച ആൻഡ്രൂസ് ചേട്ടൻ (പുസ്തകങ്ങൾ), കടലിന്റെ കദനങ്ങൾ പാടിനടന്ന പീറ്റർ ചേട്ടൻ (അലറുന്ന അലയാഴി)

ഫാ. മാത്യു എർത്തയിൽ, ശ്രീ. റോബർട്ട് പാനിപ്ല ഇവർക്കൊക്കെ സമര രൂപം നൽകിയ ഒരു പിടിപേരെ ഓർമ്മിയ്ക്കാതെ വയ്യ. പ്രാദേശിക യൂണിയനുകൾ. 70 കളിൽ – അഷ്ടമുടികായൽ മത്സ്യതൊഴിലാളി യൂണിയൻ, ആലപ്പുഴ ജില്ലാ മത്സ്യതൊഴിലാളി യൂണിയൻ, കൊച്ചി കടൽ മത്സ്യതൊഴിലാളി യൂണിയൻ, ആലപ്പുഴ കത്തോലിക്കാ മത്സ്യതൊഴിലാളി യൂണിയൻ, വിജയപുരം രൂപതാ മത്സ്യതൊഴിലാളി യൂണിയൻ, തിരുവനന്തപുരം രൂപതാ മത്സ്യതൊഴിലാളി യൂണിയൻ, അഞ്ച്തെങ്ങ് ബോട്ട് വർക്കേഴ്സ് യൂണിയൻ, തിരുവനന്തപുരം ജില്ലാ മത്സ്യതൊഴിലാളി യൂണിയൻ, കൊച്ചിൻ മേഖലാ മത്സ്യതൊഴിലാളി യൂണിയൻ, മലബാർ സ്വതന്ത്രമത്സ്യതൊഴിലാളി യൂണിയൻ, എറണാകുളം ജില്ലാ മത്സ്യതൊഴിലാളി യൂണിയൻ, ആലപ്പുഴ ഉൾനാടൻ മത്സ്യതൊഴിലാളി യൂണിയൻ എന്നിങ്ങനെ ഒരുപിടി സംഘങ്ങൾ. അതുകളുടെ നേതൃത്വങ്ങൾ, പ്രവർത്തകർ, പിന്നെയിങ്ങോട്ട് LCFF, AKSMTF, KSMTF, NFF, WFF വരെയുള്ള പ്രസ്ഥാനങ്ങളും അവയുടെ സാരഥികളും പ്രവർത്തകരും.

ഈ പ്രയത്നങ്ങളെയൊക്കെ പിന്തുണച്ച് നിന്ന മരിയനാട് തുടങ്ങി, PCO തുടങ്ങി, FCDP, DPIFC, MJM Centre, അർത്തുങ്കൽ തീരദേശ മഹിളാ യൂണിയൻ തുടങ്ങി കോഴിക്കോട് SRC യും ബീച്ച്ബ്ലോസം വരെയുള്ള കർമ്മരൂപങ്ങളുടെ ചുമതലക്കാർ, പ്രവർത്തകർ, ഒക്കെപ്പേരേയും പിന്നെയും ആ കാലയളവിൽ കർമ്മരംഗത്ത് വന്ന ഒരുപിടി സന്യാസസഭയിലെ അംഗങ്ങൾ. MMS, Redumporist, Jesuits, ICM, FMM, Assumption, Divine Saviour... ഇവിടെനിന്ന് അനുസ്മരിയ്ക്കുമ്പോൾ സാധാരണക്കാരായ കുറേപ്പേരെ കൂട്ടിവയ്ക്കാതെ വയ്യ. അതുകുറേ നീണ്ടതാണ് എന്നുള്ളപ്പോഴും. MMS ന്റെ രണ്ട് സമൂഹങ്ങളിൽ ജീവിച്ച് പ്രവർത്തിച്ചവരും അവരോടൊപ്പം വിവിധ പ്രവർത്തിമുഖങ്ങളിൽ അണിചേർന്നവരും.
(അവരുടെ പേരുകൾ ആലേഖനം ചെയ്ത റോൾ നിവർത്തുന്നു.)

നമ്മളൊക്കെ ചെയ്തുവച്ച ക്രിയകളുടെ പ്രേരണകളെക്കുറിച്ച് നമ്മുടെ സംഘത്തിലുണ്ടായിരുന്ന കുറേപ്പേർ, സന്യസ്ത പൗരോഹിത്യ വഴികളിൽനിന്ന് ഈ സമരമേഖലയിലേക്ക് കടന്നുവന്ന ഏതാനുംപേർ എഴുതിവച്ച അവരുടെ അനുഭവങ്ങളും പ്രേരണകളും സംബന്ധിച്ചുള്ള ചില കുറിപ്പുകൾ ഒരുമിച്ചുകൂട്ടി ഒരു പുസ്തകം ആക്കിയിട്ടുണ്ട്. സിസ്റ്റർ PM നോടുള്ള ആദരസൂചകമായി അത് ഇവിടെ പ്രകാശനം ചെയ്യുകയാണ്.

"THE SEA CALLS."
പ്രസാധകർ മീഡിയ ഹൗസ്, ഡൽഹി
അണിയറയിൽ ഒരുക്കിയവർ
ഡിസൈൻ പ്ലസ്സിലെ – ശ്രീ. ബെൻ ഡിക്രൂസ്

ഡിജിറ്റൽ – കൊട്ടാരക്കര, ശ്രീ. ആന്റണി, ശ്രീ. സുനിൽ, മീഡിയ ഹൗസിലെ ഫാ. സേവ്യർ വടക്കേക്കര ഉൾപ്പെടെ ഓരോരുത്തരേയും നന്ദിയോടെ സ്മരിച്ചുകൊണ്ട് ഈ പുസ്തകം പ്രകാശനം ചെയ്യുകയാണ്. സമരസേനാനികളുടെ ഒരുകൂട്ടം പേർ ഒരുമിച്ച് ഇന്ന് K.S.M.T.F. ന്റെ ചുക്കാൻ പിടിക്കുന്ന ശ്രീ. ജാക്സൺ പൊള്ളയിലിന് ഈ ഗ്രന്ഥത്തിന്റെ ആദ്യകോപ്പി കൈമാറുന്നു.

ഈ ശക്തിരൂപങ്ങളെയൊക്കെ കൂട്ടിപ്പിടിച്ച് നിന്നുകൊണ്ട് നാരായണ ഗുരുവിന്റെ പ്രാർത്ഥനാഗാനം "ദൈവദശകം" നമുക്കുപാടാം. അതുകഴിയുമ്പോൾ – ഏതാനും പ്രതികരണങ്ങൾ കൂടി.

ശ്രീ. ജാക്സൺ പൊള്ളയിൽ, ശ്രീ. മാർഷൽ ഫ്രാങ്ക്, സിസ്റ്റർ മരിയ പൊട്ടനാനി, ഫാ. റൊമാൻസ് ആന്റണി, ഫാ. ജോൺ വട്ടമറ്റം.

V.K.S. രചിച്ച ഒരു ഗാനത്തോട് കൂടി നമുക്ക് സമാപിപ്പിയ്ക്കാം

സിസ്റ്റർ ഫിലമിനോടുള്ള ആദരസൂചകമായി സിസ്റ്റർ മരണംവരെ നിരാഹാരം പ്രഖ്യാപിച്ച് എറിഞ്ഞിട്ട ആ അഗ്നിജ്വാല. അതിൽ നിന്ന് 91 തിരികൾ തെളിച്ച്, സിസ്റ്ററിന്റെ പ്രായം എണ്ണിപ്പറഞ്ഞുകൊണ്ട് തന്നെ സിസ്റ്ററിനെ അഭിനന്ദിച്ച്, അനുഗ്രഹിച്ച് നമ്മൾ പ്രാർത്ഥിയ്ക്കുന്നു.

അപരന് വേണ്ടി എന്റെ ജീവൻ എന്ന പ്രേരണയിൽ നമ്മുടെ ഓരോരുത്തരുടേയും ജീവിതം കൊണ്ട് നേടിയെടുക്കാൻ സാധിയ്ക്കട്ടെ എന്ന പ്രാർത്ഥനയോടെ,

## സമാപനം

പാഠവായന – (യോഹ: 21:–1 –12)
വരൂ പ്രാതൽ കഴിയ്ക്കാം

# 4.2 ജോയിച്ചൻ ആന്റണി



**വേർപാടിന്റെ 25-ാം വർഷം -മെയ് 15, 2015**

**മത്സ്യത്തൊഴിലാളികളുടെ സമരകഥകൾ പറയുമ്പോൾ എടുത്തു പറയേണ്ട. ഒരാൾ ജോയിച്ചൻ ആന്റണി. അദ്ദേഹത്തിന്റെ വേർപാടിന്റെ 25-ാം വർഷത്തിൽ സുഹൃത്തുക്കളും സഹപ്രവർത്തകരും ചേർന്ന് ഒരുക്കിയ സ്മരണികയാണിത്.**

**ജോയിച്ചൻ ആന്റണിയുടെ ഓർമക്കായി ഒരു പ്രാർത്ഥനാ ഗീതം**

**ജോയിച്ചൻ ആന്റണി**
**ജനകീയാരാധന**
**ആമുഖം:**

പ്രതിരോധത്തിന്റെയും ചെറുത്തുനിൽപ്പിന്റെയും പാതകളിൽ കൈകോർത്ത് ഒന്നിച്ചുനിന്ന് പങ്കാളികൾ ആയവരും അവരുടെ കൂട്ടാളികളും സ്നേഹിതരും മക്കളും ഒക്കെയാണ് ഇന്നിവിടെ കൂടിയരിക്കുന്നത്. കടൽക്കരയിലും കടലിലും മീനുണ്ടാവില്ല. മീൻ വരില്ല, വള്ളങ്ങളുടെ തള്ളൽ ഉണ്ടാവില്ല. താളത്തിലുള്ള തുഴയെടുപ്പുണ്ടാവില്ല എന്ന തിരിച്ചറിവ് അസംഘടിത മത്സ്യത്തൊഴിലാളികളുടെ സംഘാടനത്തിന്റെ ചുക്കാൻ പിടിക്കുന്നതിലേക്ക് ജോയിച്ചനെ നയിച്ചു. എൺപതുകളിലെ മത്സ്യത്തൊഴിലാളി സമരങ്ങളിൽ ജ്വലിച്ചുനിന്ന ജോയിച്ചൻ തൊണ്ണൂറിന്റെ ആരംഭത്തിൽ തന്നെ നമ്മോട് വിടപറഞ്ഞു. പക്ഷേ ജോയിച്ചൻ ഇന്നും നമ്മുടെയൊക്കെയും മനസ്സിലും ഹൃദയത്തിലും ഓർമ്മകളിലും സജീവമായി തന്നെ നിലകൊള്ളുന്നു എന്നതിന്റെ അടയാളമാണ് ഈ കൂടിവരവ്.

**ഗാനം**

**പുത്തനൊരുകിളി പുന്നാരക്കിളി**
**പൂമുഖത്തിങ്ങനെ പാടി**
**കുറെ പൂവിതറും പോലെ ഓതി**
**സ്വർണ്ണക്കിളിക്കൂട് ദേവാലയത്തിലെ**
**പർണ്ണശാലക്കുള്ളിലല്ല...**
**ദേവൻവർണ്ണനാതീതനുമല്ല**
**പാടത്തെ പാവത്തിൻ കൈയ്യിലെ ചേറിൽ**
**നാടൻ പണിപ്പുരക്കാരന്റെ വേർപ്പിൽ**
**ചേരിയിൽ ചെറ്റപ്പുരയിൽ അന്നത്തിൻ**
**ചേലിൽ തുടിക്കുന്നു ദൈവം. (നിശബ്ദത)**
**വായന: ഗീതാഞ്ചലി നമ്പർ 2**
**ആരാധന ആത്മപ്രകാശനമാണ്**
**പ്രപഞ്ചത്തിലെ ഓരോ ജീവാണു വിന്റെ തുടിപ്പിലും**
**ദൈവാരാധനയുടെ മുഴക്കമാണ്**

അമ്മയുടെ അമ്മിഞ്ഞപ്പാലിലും കടലിലെ തിരയിലും
നീതിക്കുവേണ്ടി കേഴുന്ന വാക്കിലും
വിടരുന്ന പൂമൊട്ടിലും എല്ലാം
ആരാധനയുടെ സ്വരം മുഴങ്ങുന്നു.
പ്രകൃതിയിൽ നിന്നു നിരന്തരമായ ഉയരുന്ന ഈ
സ്വർഗ്ഗസംഗീതത്തോട് ലയിച്ചുചേർന്നുകൊണ്ട്
നമുക്ക് ഈ ആരാധനയിലൊരുമിക്കാം.

ജോയിച്ചൻ തുടങ്ങിവെച്ച നീതിക്ക് വേണ്ടിയുള്ള പോരാട്ടത്തിന്റെ ജ്വാല വീണ്ടും വീണ്ടും ആളിപ്പടരട്ടെ എന്നാഗ്രഹിച്ചുകൊണ്ട് നമുക്കീ പന്തം തെളിക്കാം.

(പന്തം കത്തിക്കുന്നു)

**പാട്ട്: ദീപനാളം തെളി...**

"നിങ്ങൾ നിങ്ങളുടെ ലക്ഷ്യങ്ങളിലേക്ക് ഉറപ്പോടെയും നിർഭയമായ ചുവടുകളോടെയും നടന്നു നീങ്ങുമ്പോൾ നിങ്ങൾ നന്മയാണ്" എന്ന ഖലീൽ ജിബ്രാന്റെ വാക്കുകൾ ജോയിച്ചനെ സംബന്ധിച്ചിടത്തോളം എത്രയോ പ്രസക്തമാണ്. സ്വതന്ത്രമായ അന്വേഷണത്തിന്റെ പലരീതിയിലുള്ള നീരുറവകളിലൂടെ ഒഴുകി നീങ്ങിയ ജോയിച്ചന്റെ ജീവിതം എന്തൊക്കെയോ നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട്.

(ഓരോരുത്തരായി വായിക്കുന്നു)

ജീവന്റെ നിറവുകളെക്കുറിച്ച്
വിശ്വാസത്തിന്റെ തീവ്രതകളെക്കുറിച്ച്
അർത്ഥവത്തായ കണ്ടെത്തലുകളെക്കുറിച്ച്
കർമ്മനിരതയുടെ കൈവഴികളെക്കുറിച്ച്
പാവപ്പെട്ടവരുടെ അവകാശങ്ങളെക്കുറിച്ച്
ജനകീയ മുന്നേറ്റങ്ങളുടെ അനിവാര്യതയെക്കുറിച്ച്
തിരസ്കരിക്കപ്പെട്ടവരുടെ വേദനകളെക്കുറിച്ച്

**പാട്ട്: വേദനതൻ കൂടാരം...**

ലീഡർ: ജോയിച്ചൻ ഇന്നു നമ്മോട് പറയുന്നത് ലോകം സത്യത്തിൽനിന്നും യഥാർത്ഥ സ്നേഹത്തിൽ നിന്നും ഒളിച്ചു നടക്കുന്നു എന്നാണ്. നമുക്കിടയിൽ കൂട്ടുകൂടുവാൻ സത്യവും സ്നേഹവും ഒരിടം തേടി നടക്കുന്നു എന്നാണ്.

ഗ്രൂപ്പ്: അതേ, ഞങ്ങൾ സത്യത്തിൽനിന്നും യഥാർത്ഥ സ്നേഹത്തിൽ നിന്നും ഒളിച്ചോടി നടക്കുകയായിരുന്നു. സത്യമേ, യഥാർത്ഥ സ്നേഹമേ, ഇപ്പോൾ മുതൽ ഞങ്ങളെ നിനക്കായി തുറന്നു തരുന്നു. ഞാൻ നിന്നിലും നീ എന്നിലും വസിക്കട്ടെ.

ലീഡർ: ജോയിച്ചൻ ഇന്നു നമ്മോട് പറയന്നത് സ്നേഹത്തിന്റെയും ഐക്യത്തിന്റെയും പങ്കുവക്കലിന്റേയും വിത്തു വിതക്കുവാനാണ്. നൂറുമേനി വിളവ് മടക്കിത്തരുമെന്നാണ്.

ഗ്രൂപ്പ്: അതേ, ഞങ്ങളുടെ ചുറ്റുപാടുകളിൽ ഞങ്ങൾ സ്നേഹത്തിന്റേയും പങ്കുവെക്കലിന്റേയും വിത്തുവിതക്കുകയാണ്. നൂറുമേനി മടക്കിക്കിട്ടുമെന്നും ഞങ്ങൾ വിശ്വസിക്കുന്നു.

ലീഡർ: ജോയിച്ചൻ ഇന്നു നമ്മോട് പറയുന്നത് നല്ലയാളുകൾ ഒരിക്കലും തനിച്ചാവുകയില്ലെന്നാണ്. യഥാർത്ഥ സ്നേഹിതർ മരണശേഷവും അവരുടെ കൂടെത്തന്നെ ഉണ്ടാവുമെന്നാണ്.

ഗ്രൂപ്പ്: അതേ, നീതിക്കുവേണ്ടി വിശപ്പും ദാഹവും പീഡനവും അനുഭവിക്കുമ്പോൾ ഞങ്ങളുടെ ജീവിതത്തെ സ്വാധീനിച്ച എല്ലാവരും പ്രത്യേകിച്ച് ജോയിച്ചന്റെ പ്രേരണയും ശക്തിയും ഞങ്ങളുടെകൂടെ ഉണ്ടാവുമെന്ന് ഞങ്ങൾ പൂർണ്ണമായും വിശ്വസിക്കുന്നു.

ലീഡർ: ഇന്ന് ഈ ഇരുപത്തഞ്ചാം വാർഷികം ആചരിക്കാൻ ഇവിടെ ഒത്തുകൂടിയിരിക്കുന്ന നമ്മോട് ജോയിച്ചൻ ചോദിക്കുന്നത് വേദനയിലും ദുഃഖത്തിലും മറ്റുള്ളവരോട് കൂടിയായിരിക്കുവാനും മറ്റുള്ളവർക്കുവേണ്ടി ജീവിച്ചു മരിക്കുവാനും നമ്മൾ തയ്യാറാണോ എന്നാണ്.

ഗ്രൂപ്പ്: ഞങ്ങൾ തയ്യാറാണ്. പക്ഷേ ഞങ്ങൾ ബലഹീനരാണ്. ഞങ്ങളുടെ സ്വാർത്ഥത പലപ്പോഴും ഞങ്ങളെ അതിൽ നിന്ന് പിന്തിരിപ്പിക്കുന്നു. ആ സമയങ്ങളിൽ ജോയിച്ചൻ ഞങ്ങൾക്ക് പ്രേരണയും ശക്തിയുമായി നിൽക്കുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു.

വായന ഗീതാഞ്ജലി നമ്പർ 36 പേജ് 82
നന്ദി പ്രകരണങ്ങൾ:
പ്രതികരണം: ദൈവമേ നിനക്കു നന്ദി
ഞങ്ങൾ അനുഭവിച്ചറിഞ്ഞ സ്നേഹ ജീവിതങ്ങൾക്ക്,
സൗഹൃദങ്ങൾക്ക്, സത്യസുന്ദരമായ ഭാവങ്ങൾക്ക്

## ദൈവമേ നിനക്കു നന്ദി

2. ഞങ്ങൾ തിരിച്ചറിഞ്ഞ വളർച്ചയുടെ അത്ഭുതങ്ങൾക്ക് വിശ്വസ്തതയുടെ അഗ്നിരൂപങ്ങൾക്ക്, പരിവർത്തനത്തിന്റെ ശംഖനാദങ്ങൾക്ക് (ദൈവമേ നിനക്കു നന്ദി)

3. ജീവന്റെ വിസ്മയരൂപങ്ങൾക്ക് ജോയിച്ചന്റെ ആത്മ പ്രേരണകൾക്കും ആയിത്തീരലുകൾക്കും (ദൈവമേ നിനക്കു നന്ദി)

4. ജോയിച്ചനുമായുള്ള ഞങ്ങളുടെ ജീവിതയാത്രയുടെ സൗകുമാര്യങ്ങൾക്ക്, നിറവിന്, പരസ്പരം അത്താണിയായിരുന്നതിന് (ദൈവമേ നിനക്കു നന്ദി)

5. ജോയിച്ചന്റെ സഞ്ചാര പഥങ്ങളെ ഉൾച്ചേർത്തുകൊണ്ട് ഞങ്ങൾ പരസ്പരം ഏറ്റുവാങ്ങിയ നന്മയുടെ നൂറുനൂറ് സന്ദർഭങ്ങളെക്കുറിച്ച് (ദൈവമേ നിനക്കു നന്ദി)

6. ജോയിച്ചനോടൊപ്പം നിന്നുകൊണ്ട് പുതിയ പ്രവർത്തനമുഖങ്ങൾ ഏറ്റെടുക്കുവാനും പുതിയ സന്നദ്ധതകൾ പടുത്തുയർത്തുവാനും ശക്തിയും ഉൾക്കാഴ്ചയും പകർന്നതിന് (ദൈവമേ നിനക്കു നന്ദി)


(ജ്വലിക്കുന്ന തീനാളത്തിലേക്ക് കൈകൾ നീട്ടിപ്പിടിച്ചുകൊണ്ടും അതിൽ നിന്ന് പുതിയൊരു ശക്തി ആർജ്ജിച്ചുകൊണ്ടും നമുക്കൊത്തുചേർന്ന് പറയാം.)

സമൂഹത്തിൽ പിന്തള്ളപ്പെട്ടു കിടക്കുന്ന ജനസമൂഹത്തെ ഹൃദയത്തിലേറ്റി അംഗീകരിക്കുന്നതിന്റെ അടയാളമായിട്ട് ഈ കൂട്ടായ്മയെ ഞങ്ങൾ കാണുന്നു. ഞങ്ങൾ എവിടെയായാലും നീതിക്കുവേണ്ടിയുള്ള അടങ്ങാത്ത ആഗ്രഹവും അനീതിക്കെതിരേയുള്ള പോരാട്ടവും ഞങ്ങളുടെ ജീവിതശൈലിയായി മാറ്റേണ്ടതിന്റെ ആവശ്യകത ഞങ്ങൾ മനസ്സിലാക്കുന്നു. കാലഘട്ടത്തിന്റെ വെല്ലുവിളികൾ ഏറ്റെടുത്തുകൊണ്ട് അനീതിക്കെതിരെ പ്രതികരിക്കാൻ ഞങ്ങൾ ബാധ്യസ്ഥരാണെന്ന് ഏറ്റുപറയുന്നു. ഞങ്ങളുടെ സുഖലോലുപതയും ലാഭചിന്തയും സൃഷ്ടിയുടെമേൽ നടത്തുന്ന കടന്നാക്രമണങ്ങളും പ്രകൃതി ദുരന്തങ്ങളുമായി ഞങ്ങളുടെമേൽ പതിക്കുന്നത് തിരിച്ചറിയാൻ ഞങ്ങളെ ശക്തീകരിക്കേണമേ. പ്രപഞ്ചത്തേയും പ്രകൃതിയേയും അവയിലുള്ള എല്ലാവിഭവങ്ങളേയും ഞങ്ങളുടെ പരസ്പരമുള്ള സംരക്ഷണ ചുമതലകളേയും ഞങ്ങൾ ശിരസാ വഹിക്കുന്നു.


പാട്ട്: മാനത്ത് മേലാപ്പിൽ വെട്ടം തെളിയുന്നേ...


തെയ്യം തകതക...




കേരളത്തിലെ
മത്സ്യത്തൊഴിലാളി പ്രസ്ഥാനം
സാമൂഹികശാസ്ത്രപരമായ ഒരു വിശകലനം
ഡോ. മാത്യു ഏർത്തയിൽ
dcb


Voice of the Storm
NFF


JEEVADHARA
A JOURNAL OF CHRISTIAN INTERPRETATION


COASTAL POPULATION DYNAMICS AND ECOSYSTEM CHANGES
How Markets, Technology and Institutions affect this process along the West Coast of India
NALINI NAYAK
D. NANDAKUMAR
A.J. VIJAYAN
PROTSAHAN
Thiruvananthapuram
Kerala, India

# ഭാഗം 5

## അനുബന്ധം – അപൂർവ്വ രേഖകൾ

# 5.1 പ്രതിജ്ഞ/ശംഖുമുഖം സമരം – ജൂൺ 5, 2022

ലോകം മുഴുവൻ/പരിസ്ഥിതി ദിനമായി ആചരിക്കുന്ന ഇന്ന്/ഇവിടെ ഒത്തു ചേർന്ന ഞങ്ങൾ/ഒരേയൊരു ഭൂമി എന്ന മുദ്രാവാക്യത്തിന്റെ/അർത്ഥം മനസ്സി ലാക്കുന്നു/ ഈ ഭൂമിയുടെ പരിസ്ഥിതിയിൽ/വളരെ പ്രധാനപ്പെട്ട ഒരു സ്ഥാനം/ കടലിനും കടൽത്തീരത്തിനും ഉണ്ടെന്ന്/ഞങ്ങൾ തിരിച്ചറിയുന്നു.

നമ്മുടെ തീരക്കടലും തീരവും/നശിച്ചുകൊണ്ടിരിക്കുന്നു/ഏറ്റവുമധികം തീരം നഷ്ടപ്പെട്ട/ഈ ശംഖുമുഖം മണൽത്തീരം/ഇതിന് വലിയ ഉദാഹരണമാണ്/ ഈ നാശത്തിന് പ്രധാന കാരണം/വികസനത്തിന്റെ പേരിൽ/തീരത്തെ സ്വാഭാവിക മണൽ നീക്കത്തെ/തടസ്സപ്പെടുത്തുന്ന/നിർമ്മാണ പ്രവൃത്തികളാണ്/ അദാനി എന്ന ശതകോടീശ്വരന്/കൂടുതൽ ലാഭം നേടാൻ മാത്രം ഉപകരിക്കുന്ന/ വിഴിഞ്ഞം തുറമുഖ പദ്ധതി/നിർത്തി വയ്ക്കണമെന്ന്/ഞങ്ങൾ ഒറ്റക്കെട്ടായി/ അധികാരികളോട് ആവശ്യപ്പെടുന്നു.

ഈ പദ്ധതി കാരണം/കടലേറ്റത്തിൽ വീടുകൾ നഷ്ടപ്പെട്ടവരുടെ/ഇനിയും നഷ്ടപ്പെടാൻ പോകുന്നവരുടെ/വിഴിഞ്ഞത്ത് മരണപ്പെട്ട/മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ/ദുരവസ്ഥ ഞങ്ങൾ തിരിച്ചറിയുന്നു/അവരുടെ ദുരിതം/ഈ സമൂഹത്തിന്റെ ദുരിതമായി/ഞങ്ങൾ കാണുന്നു.

പരിസ്ഥിതിക്കും മനുഷ്യർക്കും/വരും തലമുറയ്ക്കും വേണ്ടി നടത്തുന്ന/ഈ സമര പോരാട്ടം/ലക്ഷ്യത്തിൽ എത്തുന്നതിന് വേണ്ടി/ഞങ്ങൾ തീരദേശവാസികൾ/ കർഷകർ, ഇതര തൊഴിലാളി വിഭാഗങ്ങൾ/പരിസ്ഥിതി സംരക്ഷണ/ മനുഷ്യാവകാശ പ്രവർത്തകർ/ഒരുമിച്ച് പ്രവർത്തിക്കുമെന്ന്/പ്രതിജ്ഞ ചെയ്യുന്നു.



# 5.2 നിയോഗി മരിക്കില്ല

## ഛത്തീസ്ഗറിലെ അത്യുഗ്രപോരാട്ടം

### ഫാ. തോമസ് കോച്ചേരി

ദേശീയ മത്സ്യതൊഴിലാളി സമിതിയുടെ ആഭിമുഖ്യത്തിൽ ഞങ്ങൾ ഒക്ടോബർ 25–ാം തീയതിയാണ് റായ്പൂരിൽ എത്തിയത്. അവിടെ ഞങ്ങൾ വലിയ പ്രതിഷേധ റാലിയിൽ പങ്കെടുത്തു. ആയിരക്കണക്കിനു വരുന്ന തൊഴിലാളികൾ ആവേശകരമായ മുദ്രാവാക്യങ്ങൾ മുഴക്കി. "സാഹിബ് ശങ്കർഗുഹാനിയോഗി അമർ രഹേ" (സഖാവ് ശങ്കർ ഗുഹാനിയോഗി അമർത്യനാണ്). ഛത്തീസ്ഗർ മുക്തി മോർച്ചാ സിന്ദാബാദ്, ഇങ്ക്വിലാബ്, സിന്ദാബാദ്. ശക്തമായ രോഷം നിറഞ്ഞ പ്രതിഷേധം.

നിയോഗിയെ കൊന്നിട്ട് ഒരു മാസം കഴിഞ്ഞു. ഇതുപോലെയുള്ള പ്രതിഷേധങ്ങൾ ദിവസവും നടന്നുകൊണ്ടിരിക്കയാണ്. ഭിലായിലും ദുർഗ്ഗിലും, ദില്ലിയിലും, രാജാറായിലുമൊക്കെ. സത്യത്തിൽ നിയോഗി ഒരു വ്യക്തിയല്ല, പ്രസ്ഥാനമാണെന്നു പറയാം. ഛത്തീസ്ഗർ മുക്തി മോർച്ച എന്ന രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ കീഴിൽ പതിനേഴു വിഭാഗങ്ങളാണുള്ളത്. ട്രേഡ് യൂണിയൻ (C.M.A.A.), മഹിളാ മണ്ഡൽ, ആശുപത്രി, സാംസ്കാരിക സംഘം, ലീഗൽ എയ്ഡ് സംഘം, ഗാരേജ്ജു ട്രയിനിംഗും. അങ്ങനെ പോകുന്നു ഈ പതിനേഴു വിഭാഗങ്ങൾ. കൽക്കട്ടയിൽ നിന്നും 1965 ലാണ് ശങ്കർഗുഹാ നിയോഗി ഭിലായി സ്റ്റീൽ പ്ലാന്റിൽ ഒരു ജോലിക്കുവേണ്ടി എത്തിയത്. അവിടെ യൂണിയൻ ഉണ്ടാക്കിയതിന്റെ പേരിൽ നിയോഗിയെ ഡിസ്മിസ്സ് ചെയ്തു. ജോലി നഷ്ടപ്പെട്ട ബി.എസ്.സി. ബിരുദധാരിയായ ഈ ചെറുപ്പക്കാരൻ ദല്ലി–രാജാറായിലേക്കു പോയി. അവിടെ ഖനികളിൽ ജോലിചെയ്യുന്ന ആദിവാസികളുടെ ഇടയിൽ താമസിച്ചുകൊണ്ടദ്ദേഹം പ്രവർത്തനം തുടർന്നു. ആദിവാസികളുടെ ജീവിതത്തെപ്പറ്റി നന്നായി പഠിച്ചു. അവരുടെ മോചനത്തിനായി പ്രവൃത്തിയെടുത്തതിന്റെ ഫലമായി ഉദ്യോഗസ്ഥവൃന്ദവും, രാഷ്ട്രീയക്കാരും അദ്ദേഹത്തെ "നക്സലൈറ്റായി" ചിത്രീകരിച്ചു. അടിയന്തിരാവസ്ഥ കാലത്ത് ഏതാണ്ടു പതിനെട്ടു മാസത്തോളം അദ്ദേഹം ജയിലിൽ കിടന്നു.

(ഓറയിൽ നന്ന്)



# 5.3 ഒരു കത്ത്

പ്രിയപ്പെട്ട ജോസ് കളീക്കലച്ചന്,

സുഖമല്ലേ...

ഏറെ സന്തോഷത്തോടും ആദരവോടും നൊമ്പരങ്ങളോടും കൂടിയാണീ കുറിപ്പ് എഴുതുന്നത്.

കോച്ചേരി അച്ചന്റെ വേർപാടിനോടനുബന്ധിച്ച് പത്രത്താളുകൾ മറിച്ചപ്പോൾ ഓർമ്മകളുടെ വേലിയേറ്റമുണ്ടായി. പഠനക്കളരികൾ, ആരാധന... സമരപന്തൽ... നിരാഹാരം... കടൽ... വള്ളം... വല... നിരാലംബരും രോഷാകുലരും നിസ്സഹായരുമായ മത്സ്യത്തൊഴിലാളികൾ... എന്തെല്ലാം സ്വപ്നങ്ങൾ... പ്രതീക്ഷകൾ... അർദ്ധവിരാമമോ? പൂർണ്ണവിരാമമോ? ഉണ്ടായതെങ്ങിനെ?

ഒക്കെയും വ്യർത്ഥമായിരുന്നോ? ഒരിയ്ക്കലുമില്ല. ഇന്നിലേയ്ക്കെത്തുമ്പോൾ, എല്ലാം ചേർത്തുവയ്ക്കുമ്പോൾ, ഹൃദയം വിങ്ങുന്നു. ഇന്നും തനിമയോടെ നിലനിൽക്കാൻ, എന്തെങ്കിലുമൊരു നന്മ ചെയ്യാൻ, കുറഞ്ഞപക്ഷം പതറാതെ നിൽക്കാൻ, ഈ ഓർമ്മകൾ നൽകുന്ന ചൂടും ചൂരും വിലപ്പെട്ടതാണ്.

അന്തമണിൽവന്ന് നേരിൽകാണണമെന്ന് ആഗ്രഹിച്ചെങ്കിലും ഇതേവരെ നടന്നില്ല. ഒഴിവുകഴിവു പറയുകയല്ല. ഏകാന്തമായ ഏകാഗ്രനിമിഷങ്ങളിൽ ഞാനോർമിക്കാറുണ്ട്.

ശരിയായ് ചിന്തിക്കുന്നതും, മൗനം ദീക്ഷിക്കുന്നതും, പൊട്ടിത്തെറിക്കുന്നതും, താലോലിക്കുന്നതും, കർമ്മനിരതമാകുന്നതും ഒരുപോലെ ദിവ്യമാണെന്ന് ഞാനിന്നും വിശ്വസിക്കുന്നു. അധികം വൈകാതെ നേരിൽ കാണാം.

സ്നേഹവായ്പോടെ,

സ്വന്തം

ദേവപ്രസാദ് ജോൺ

13/05/14

# 5.4 ഒരു തുറന്ന കത്ത്

പ്രിയ സിസ്റ്റർ സിസിലി,

നിങ്ങളെ സിസ്റ്റർ എന്നുതന്നെ സംബോധന ചെയ്തു തുടങ്ങട്ടെ. ആ പൂരണം നിങ്ങൾ ഇപ്പോഴും അവകാശപ്പെടുന്നു എന്നതുകൊണ്ട്. പക്ഷേ 25-12-05 ൽ കേരളശബ്ദം വാരികയിലെ ലേഖനവും ഇന്റർവ്യൂവും ഒക്കെ വായിച്ചപ്പോൾ തോന്നി സിസ്റ്റർ എന്ന പൂരണത്തിന് പൂതനയെന്ന അർത്ഥം കൂടിയുണ്ടെന്ന്. ക്ഷമിക്കുക, നിങ്ങളുടെ നടപടികൾ തികച്ചും അധിക്ഷേപാർഹവും ഹീനവും ആയിരിക്കുന്നു.

തോമസ് കോച്ചേരിക്ക് ഡിഫെൻസ് പറയാനൊന്നും വരികയല്ല ഞാൻ. അദ്ദേഹത്തിന് അതിന്റെ ആവശ്യമുണ്ടെന്ന് ഞാൻ കരുതുന്നില്ല. എഴുപതുകൾ മുതൽ ആ മനുഷ്യനെ ഞാൻ അറിയും. അദ്ദേഹത്തിന്റെ കർമ്മശുദ്ധിയും ദരിദ്രജന പക്ഷപാതവും ജനത്തിനുവേണ്ടി ഏതു സാഹസികതയും ഏറ്റെടുത്ത് കഴുവേറാനുള്ള മനസ്സും എനിക്ക് ബോദ്ധ്യമുള്ളതാണ്. കോച്ചേരി അമാനുഷനൊന്നുമല്ല. തെറ്റും കുറ്റവും ഒക്കെ നിങ്ങൾക്ക് ആരോപിക്കാം.അപ്പോഴും എഴുപതാം വയസ്സടുക്കുമ്പോൾ അയാൾക്ക് കാമിനിയും, സ്വതന്ത്ര മത്സ്യത്തൊഴിലാളി പ്രസ്ഥാനം 35 വർഷം കൊണ്ടുനടന്നപ്പോൾ അയാളുടെ സന്യാസ സഭയ്ക്കുവേണ്ടി പണത്തിന്റെ തിരിമറിയും ഒക്കെ നിങ്ങൾ ആരോപിച്ചപ്പോൾ ഈ മേഖലയിൽ പ്രയത്നിച്ച ശേഷം ജനം ഒന്നാകെ പൊട്ടന്മാരും വിവരദോഷികളും ആണെന്നു നിങ്ങൾ കരുതുന്നപോലെ.

സിസ്റ്റർ, നിങ്ങൾ പോലീസ് സംരക്ഷണയിൽ എന്ന നിർവ്വചനത്തിൽ കഴിഞ്ഞുകൂടുന്ന ആ ഓഫീസിൽ നിങ്ങളുടെ തലയ്ക്ക് മുകളിലൂടെ കാണുന്ന ജോയിച്ചൻ ആന്റണിയെന്ന സുഹൃത്തിന്റെ ഫോട്ടോ നോക്കിക്കഴിഞ്ഞപ്പോഴാണ് ഈ കുറിപ്പ് നിങ്ങൾക്ക് എഴുതണമെന്ന് ഞാനുറച്ചത്. പരമ്പരാഗത മത്സ്യത്തൊഴിലാളി മേഖലയിൽ തുടങ്ങിവച്ചതുകളുടെ വലിയ കർത്തൃത്വം വഹിക്കുന്ന അപൂർവ്വം വ്യക്തിത്വങ്ങൾ കേരളത്തിലുണ്ട്. ജോയിച്ചൻ ആന്റണിയെ നോക്കിനിന്നുകൊണ്ട് കൃത്യമായി ഞാൻ പറയും അതിൽ പ്രമുഖൻ തോമസ് കോച്ചേരി ആണെന്ന്. അതിന്റെ ഊരും ചൂരും മനസ്സിലാക്കാതെ,പ്രസ്ഥാനത്തിന്റെ വലിപ്പം വിലവയ്ക്കാതെ വ്യക്തിവിരോധം തീർക്കാൻ നിങ്ങൾ നടത്തുന്ന പടപ്പുറപ്പാട് എലിയെ കൊല്ലാൻ ഇല്ലം ചുട്ടവന്റെ ക്രിയയ്ക്ക് സമാനം. നിങ്ങൾ വലിയ കൊടുങ്കാറ്റിളക്കി സർവ്വവും ഇളക്കിമറിക്കുന്നു എന്നു ഭാവിക്കുമ്പോൾ നോക്കൂ.

സിസ്റ്റർ, നിങ്ങൾക്ക് തെറ്റി. നിങ്ങൾ നടത്തിയ ആരോപണങ്ങൾ ചില അന്തർസത്യങ്ങൾ പറഞ്ഞുവയ്ക്കുന്നു. ഒന്ന്, കോച്ചേരി ഒരാളാണ് നിങ്ങളെ ഓഫീസിൽ കയറ്റിയത്. രണ്ട്, നിങ്ങളുടെ പ്രവൃത്തികൾ അസഹ്യമായപ്പോൾ അദ്ദേഹം നിങ്ങളെ നീക്കാൻ നടപടികൾ നീക്കി. മൂന്ന്, വേറിടം തേടാൻ നിങ്ങൾക്കില്ലാത്തതുകൊണ്ട് ഓഫീസ് സെക്രട്ടറിയുടെ വിശ്വാസ്യതകൾ പറിച്ചെറിഞ്ഞു നിങ്ങൾ എന്തൊക്കെയോ പുലഭ്യങ്ങൾ നടത്തുന്നു. WFF ന്റെ സംരക്ഷണത്തിന് ഓഫീസിൽ വന്നുപോകുന്നവരുടെ Virginity Test നടത്തുന്ന നിങ്ങൾ അതിൽ മഹത്വം പറയുന്നു. വീണ്ടും പണാപഹരണം പോലെയുള്ള കാര്യങ്ങൾ സംഘടനയുടെ ഔദ്യോഗിക ഭാഗത്തു നിന്ന് ആരും ഉതിർക്കാത്തപ്പോഴും നിങ്ങൾ ടൈപ്പിസ്റ്റു-ക്ലാർക്ക് നിലവാരത്തിൽ നിന്നു മാറി പൂച്ച ഗർജ്ജനം നടത്തുന്നു.  എന്തൊരു നിരർത്ഥകത. സ്വയം സരക്ഷണത്തിന് ഇത്രയും ജാഡ വേണോ? എഴുതിപ്പറഞ്ഞിരിക്കുന്നതു പോലെ 6,500 ഡോളറിന്റെയോ 65,000 ഡോളറിന്റെയോ പ്രോജക്ട് എഴുതി വാങ്ങി ജീവിച്ചുകൂടേ.

എഴുപതുകൾക്കു മുമ്പേ കോച്ചേരി മത്സ്യത്തൊഴിലാളി മേഖലയിൽ ഇറങ്ങി നിന്നവനാണ്. ധാരാളം വിയർപ്പൊഴുക്കി നിന്നു പെരുമാറിയ ഒരുപറ്റം ജനങ്ങൾ ആ പ്രസ്ഥാനത്തെ പടുത്തുയർത്തിവച്ചു. ആരുമാരും ഒന്നുമൊന്നും എടുത്തുകൊണ്ടു പോയെന്നോ ആരെയെങ്കിലും അവിശുദ്ധ വേഴ്ചയ്ക്ക് ഉപയോഗിച്ചെന്നോ പറഞ്ഞുവയ്ക്കാൻ പ്രസ്ഥാനത്തിനകത്ത് നിന്ന് ആരും പരാമർശിച്ചിട്ടില്ലാത്തിടത്ത് അഞ്ചുവർഷം കൊണ്ട് എവിടെ നിന്നോ കടന്നുവന്ന നിങ്ങൾ ഓഫീസും ഇ-മെയിലും കൈകാര്യം ചെയ്തുനിന്ന നിങ്ങൾ രാക്ഷസീയ രൂപം കൊണ്ടിരിക്കുന്നത് കാണുമ്പോൾ, ഒരു പ്രസ്ഥാനത്തിനേയും അതിന്റെ പിന്നിൽ നിരക്കുന്ന ഒരുപറ്റം സാധു മത്സ്യത്തൊഴിലാളികളെയും കശക്കി കടലിലെറിയാൻ സുനാമി വിതച്ചതിന് നിങ്ങൾക്ക് എത്ര കോടിയുടെ പാരിതോഷികം ആരു തന്നു എന്നറിയാൻ താല്പര്യമുണ്ട്. ക്ഷമിക്കണം. നിങ്ങളുടെ ഈ നടപടി അക്ഷന്തവ്യമാണ്. അപ്പോഴും നിങ്ങളുടെ അല്പത്വത്തിൽ സഹതാപമേയുള്ളു. ദൈവം നിങ്ങളെ തുണയ്ക്കട്ടെ.

നിർത്തട്ടെ

വിശ്വസ്തതയോടെ
ഫാ. ജോസ് ജെ. കളീക്കൽ

# 5.5 മുഖപ്രസംഗത്തിന് ഒരു മുഖവുര
## പാവം ഫാദർ കോച്ചേരി

1982 മേയ് 16 ഞായറാഴ്ച

ഈ നാട് പത്രത്തിന്റെ മുഖലേഖനം അപ്പാടെ താഴെ ചേർക്കുകയാണ്. 1982 മേയ് 3–നു രാത്രി 9.30–ന് കോച്ചേരി അറസ്റ്റുചെയ്യപ്പെട്ട സംഭവം പുരസ്ക്കരിച്ച് ആയിരുന്നു ആ ലേഖനം. കോച്ചേരിയുടെ മരണവും ഒരു മേയ് 3–ന് ആയിരുന്നല്ലോ. 2014 മേയ് 3–ന്. മരണത്തിന് 32 വർഷം മുൻപ് കോച്ചേരിയച്ചന്റെ 42–ാം വയസ്സിൽ, കോച്ചേരിയുടെ മത്സ്യമേഖലയിലെ പ്രവർത്തനങ്ങളുടെ തുടക്കകാലങ്ങൾ. മേഖലയിലെ പരിവർത്തനങ്ങൾക്ക് തുടക്കമിട്ടു തുടങ്ങിയ കാലങ്ങൾ. പ്രക്ഷോഭത്തിന്റെ അലകൾ തുടങ്ങിയിട്ടേയുള്ളൂ. ഈ കാലയളവിൽത്തന്നെ അറസ്റ്റും ജയിലിലടയ്ക്കലും ഒരു വെടിവയ്പും അതിന്റെ തുടർക്കഥകളും, വിമോചന സമരകാലത്ത്, "തെക്കുതെക്കൊരു ദേശത്ത്, ഫ്ളോറിയെന്നൊരു ഗർഭിണിയെ, ചുട്ടുകകരിച്ചൊരു സർക്കാരേ, പകരം ഞങ്ങൾ ചോദിക്കും" എന്ന മുദ്രാവാക്യവുമായി ഒരു സർക്കാരിനെ (ലോകത്ത് ആദ്യമായി വോട്ടിംഗിലൂടെ തെരഞ്ഞെടുപ്പ് നടത്തിക്കയറ്റിയ ആദ്യ കമ്മ്യൂണിസ്റ്റ് സർക്കാരിനെ) പുറത്താക്കിയ സംഭവങ്ങൾ കൂട്ടിവായിക്കുമ്പോൾ പൂത്തുറയിലെ വെടിവയ്പും അതിന്റെ ശേഷ പരിണാമങ്ങളും ഒക്കെ ഒത്തിരിയൊത്തിരി വ്യാമിശ്രമായി അനുസ്മരണങ്ങൾ ഉയർത്തുന്നുണ്ട്. അതിലേയ്ക്ക് ഒന്നും കടക്കാതെ കോച്ചേരിയുടെ രൂപത്തിലേയ്ക്ക് മാത്രം ഞാൻ വിരൽചൂണ്ടുകയാണ്. ആ രാത്രി മുട്ടട ആശ്രമത്തിൽ നിന്ന് അഞ്ചുതെങ്ങിൽ എത്തി. വെടിവയ്പു നടന്ന അഞ്ചുതെങ്ങ് കടപ്പുറത്ത് ഒരു സൈക്കിളും ഉന്തി ഒറ്റയ്ക്ക് സംഘർഷം ഉണ്ടായ രണ്ടു പക്ഷത്തിന്റെയും ഇടയ്ക്കുകൂടെ സഞ്ചരിച്ചു നീങ്ങുന്ന ഒരു 42 കാരനായ കോച്ചേരി. അദ്ദേഹം തന്റെ ജീവിതത്തെ നിർവ്വചിച്ചു പറയുന്നതിങ്ങനെ.



"എന്റെ സന്യാസ ജീവിതം ഒരു അന്വേഷണത്തിന്റെ കഥയാണ് – ദൈവ രാജ്യവും അതിന്റെ നീതിയും തേടിയുള്ള നിരന്തര പോരാട്ടത്തിന്റെ കഥ". ആ പോരാട്ടത്തിന്റെ മുഖ്യവേദി കടലും മത്സ്യവും മത്സ്യത്തൊഴി ലാളികളും ആയിരുന്നു. പൂത്തുറ കടപ്പുറത്ത് തുടങ്ങി ഡൽഹി ഫോറം വരെയും വേൾഡ് ഫോറം വരെയും അതിനെ വിസ്തൃതപ്പെടുത്തി 75 വയസ്സിൽ ഓട്ടം അവസാനിപ്പിക്കും മുമ്പ് എത്രയെത്ര കർമ്മപദ്ധതികൾ, എത്രയെത്ര വിരുദ്ധതകൾ, എത്രയെത്ര പീഡനങ്ങൾ.

ഭരണകൂടത്തിന്റെ ആദ്യ അടി 1982–ലെ അറസ്റ്റിൽ. അടുത്തത് സഭയുടേതാണ്. 1983–ൽ തിരുവനന്തപുരം രൂപതയുടെ പരിധിയിൽ നിന്ന് കോച്ചേരിയെ പുറത്താക്കുന്നതിന് വേണ്ടിയുള്ള രൂപതാ നീക്കം. ബിഷപ്പ് പീറ്റർ ബർണാഡ് പെരേര വളരെ ദീർഘവീക്ഷണത്തോടെ നടത്തിയ ചില കരുനീക്കങ്ങളുടെ മിഴിവ് മതിയാംവണ്ണം വിലയിരുത്തപ്പെട്ടിട്ടുണ്ടോ എന്നറിയില്ല. ദേശീയമായും വംശീയമായും ഒരുപിടി മുന്നേറ്റങ്ങൾ അദ്ദേഹം നടത്തി. ദേശീയ പ്രാധാന്യമുള്ള ഒരു വിഷയം ആണല്ലോ തുമ്പ റോക്കറ്റ് വിക്ഷേപണ കേന്ദ്രം. തീരദേശ ജനതയെ മുഴുവൻ സ്വാധീനിച്ച് ആ പ്രദേശം TERLS ന് വിട്ടു കൊടുക്കുവാൻ തീരുമാനിച്ചത് അദ്ദേഹം ആയിരുന്നല്ലോ? ഇന്നു രാജ്യത്തിന്റെ ആകാശഗോളങ്ങളിലേയ്ക്കുള്ള കുതിപ്പിന് ആ തീർപ്പ് നിമിത്തമായി.

തീരദേശം കേന്ദ്രീകരിച്ച് രണ്ടു കോളേജുകളുടെ സംസ്ഥാപനത്തിനായി ജസ്യൂട്ട് പാതിരിമാരെ രംഗത്തിറക്കി. ശ്രീകാര്യം ലയോളാ കോളേജും തുമ്പ സെന്റ് സേവിയേഴ്സ് കോളേജും. പിന്നെയും ഒരു യുവ അൽമായ സംഘത്തെ മരിയനാട് ആളില്ലാത്തുറ ഗ്രാമത്തിൽ കുടിപാർപ്പിച്ച് തൊഴിലാളികളോടൊപ്പം പ്രവർത്തിക്കുവാൻ വിളിച്ചേൽപ്പിച്ചത് പിൽക്കാലത്ത് മത്സ്യത്തൊഴിലാളി രംഗത്ത് PCO എന്ന പഠനകേന്ദ്രവും മരിയനാട് മത്സ്യത്തൊഴിലാളി സഹകരണ സംഘവും ആയി വികസിച്ചു മാറിയപ്പോൾ മത്സ്യമേഖലയുടെ ഉജ്ജീവനം എത്ര വലുതായി എന്നു ഓർമ്മിക്കേണ്ടതുണ്ട്. അവിടവും കഴിഞ്ഞിട്ടാണ് റഡംപ്റ്ററിസ്റ്റു സന്യാസ സമൂഹത്തിൽ നിന്ന് മൂന്ന്



യുവ വൈദികരെയും മെഡിക്കൽ മിഷൻ സന്യാസിനി സമൂഹത്തിൽ നിന്ന് നാല് സിസ്റ്റർമാരെയും അഞ്ചുതെങ്ങ് പ്രദേശത്ത് പൂത്തുറ ഗ്രാമത്തിലേക്ക് കൊണ്ടെത്തിക്കുന്നത്. അത് കോച്ചേരിയച്ചന്റെ നേതൃത്വത്തിൽ ഒരുപിടി പരിപാടികളിൽ വളർന്നപ്പോൾ കേരള കടലോരം ഇളകിമറിക്കുന്ന സംഭവം ആയി.

കേരള സംസ്ഥാനത്തെ പരമ്പരാഗതക്കാരുടെ ആവേശവും ആക്രോശവും ആയി മാറിയ KSMTF ന്റെയും ദേശീയതലത്തിൽ മത്സ്യമേഖലയുടെ വികസനത്തിന്റെ നിരവധി പദ്ധതിപ്രദേശങ്ങളിൽ നിർണ്ണായക ഇടപെടലുകളുടെ സ്രോതസ്സായി മാറിയ NFF വരെയും പ്രസ്ഥാനങ്ങൾ വളർച്ചയെത്തിവന്നപ്പോൾ അതിന്റെ നിർണ്ണായക സ്ഥാനത്ത് പ്രതിഷ്ഠിക്കപ്പെട്ട തോമസ് കോച്ചേരിയേയും സംഘപ്രവർത്തകരേയും പൂത്തുറ പ്രദേശത്തേയ്ക്ക് ആനയിച്ചത് പീറ്റർ ബർണാഡ് പെരേര മെത്രാനായിരുന്നു. പക്ഷേ അദ്ദേഹത്തിന്റെ സ്ഥാനത്തു പ്രതിഷ്ഠിക്കാനായ മറ്റൊരു സന്യാസി വര്യൻ ബിഷപ്പ് അച്ചാരുപറമ്പിൽ അതിന്റെ മറുതല കാണിച്ചു. കോച്ചേരിയെ ട്രാൻസ്ഫറാക്കുക. ഈ പ്രദേശത്തു നിന്നും പുറത്താക്കുക. ആ പീഡനപർവ്വവും ഞാൻ വിശദീകരിക്കുന്നില്ല.

അതും നന്നായി. കോച്ചേരിയച്ചന് ദേശീയതലത്തിലേയ്ക്ക് വഴിതുറന്നു കൊടുത്തുകൊണ്ട്. CSSRന്റെ അന്നത്തെ പ്രൊവിൻഷ്യൽ (പില്ക്കാലത്ത് കാർഡിനൽ) വർക്കി വിതയത്തിൽ ഓർഡറാക്കി. NFF ന്റെ സജീവ പ്രവർത്തകനായി മാറാൻ അത് നിമിത്തമായി. പിന്നീടങ്ങോട്ട് കോച്ചേരിയുടെ ഭാവനാവിലാസം സംഘടനയെ കൊണ്ടെത്തിച്ച വിശാലതലങ്ങൾ ഏറെയാണ്. എവിടെയൊക്കെ എത്തിപ്പിടിക്കാമോ അവിടെയൊക്കെ എത്തിപ്പിടിച്ച് സംഘടനയേയും തൊഴിലാളികളേയും കൊണ്ടെത്തിച്ച എത്രയെങ്കിലും സംഭവങ്ങളുടെ നിര മറ്റു സ്മരണികകളിൽ അതുകൾ എഴുതപ്പെട്ടിട്ടുള്ളതുകൊണ്ട് അതുകൾ ഞാൻ വിടുന്നു.

പീഡനത്തിൽ (പാവം കോച്ചേരി) ഏറ്റവും ദുഷ്ടതരമായ രംഗം അരങ്ങേറുന്നത് 2005–ൽ ആണ്. എന്നാണെനിക്കു തോന്നുന്നത്. സുനാമിയുടെ കാലഘട്ടത്തിൽ കോച്ചേരി ആരോപണ വിധേയനായ സംഭവം. ആരൊക്കെ അതിൽ തോമസ് കോച്ചേരിയെ ആരോപിച്ചു നിർത്തിയെന്ന് ഓർമ്മിക്കുമ്പോൾ – മരണപ്പെട്ട പലരുടേയും പേരുകൾ പരാമർശിക്കേണ്ടിവരും. വലിയതുറയിൽ പ്രവർത്തിച്ചിരുന്ന NFF/WFF ഓഫീസു തുടങ്ങിവച്ച ആ വാർത്ത ഏറ്റുപിടിച്ച ഒരുപിടി സംഘങ്ങൾ ധനാപഹരണം കോച്ചേരിക്കെതിരേ ഉയർത്തി പടവാൾ എടുത്തു. ആ കാലഘട്ടത്തിൽ മുഴുവനായും ഞാൻ ദേശത്ത് ഉണ്ടായിരുന്നില്ല എന്നതുകൊണ്ട് അതിന്റെ ഉപഭാഗങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഒക്കെ കഴിഞ്ഞപ്പോഴും തന്റെ സുതാര്യതകൾ വെളിവാക്കി എത്രയെങ്കിലും അറിയിപ്പുകൾ ടോം ജനസമക്ഷം വച്ചു. അതുകൾ അദ്ദേഹത്തെ എതിർത്ത ആരെങ്കിലും അംഗീകരിച്ചുവോ എന്നറിയില്ല. പാമ്പിനെ പാലുകൊടുത്തു വളർത്തിയെന്ന പ്രയോഗം പോലെ ടോമിന്റെ തളർച്ചയുടെ തുടക്കമായി അണികളുടെ ഒക്കെ കൈവിടലും പുറന്തള്ളലും ടോമിന്റെ ജീവിത പോരാട്ടത്തെ വിശേഷിപ്പിക്കുന്ന പ്രയോഗമാക്കി - The Politics of Resurrection.

# 5.6 ഈ നാട് പത്രത്തിന്റെ മുഖപ്രസംഗം

**1982 മേയ് 16 ഞായർ**
**പാവം ഫാദർ കോച്ചേരി!**

നിയമസഭയ്ക്കകത്തും പുറത്തും വളരെയേറെ ഒച്ചപ്പാടിന് ഇടയാക്കിയ മലപ്പുറം വെടിവയ്പു നടന്നിട്ട് രണ്ടു വർഷത്തോളമായി. അറബി അദ്ധ്യാപക നിയമനത്തിനുണ്ടായിരുന്ന നിബന്ധനകളിലെ പഴുതുകൾ പല സ്വകാര്യ സ്കൂൾ മാനേജ്മെൻറുകളും ദുരുപയോഗപ്പെടുത്തിവന്നത് തടയണമെന്ന് അന്നത്തെ ഗവൺമെന്റിനു തോന്നി. ഇതിൽ പ്രതിഷേധിച്ച് ആരംഭിച്ച പ്രക്ഷോഭ ണമാണ് മലപ്പുറം വെടിവയ്പിൽ കലാശിച്ചത്. പോലീസിന്റെ വെടിവയ്പിൽ മൂന്നു പ്രക്ഷോഭകരും പ്രക്ഷോഭകർ നടത്തിയ കല്ലേറിൽ ഒരു പോലീസുകാരനും മൃതിയടഞ്ഞു. വെടിവയ്പിനെക്കുറിച്ചും അതിനിടയാക്കിയ സാഹചര്യ ങ്ങളെക്കുറിച്ചും ജുഡിഷ്യൽ അന്വേഷണം നടന്നു. പോലീസിന്റെ നടപടി ന്യായീകരിക്കുന്നതായിരുന്നു അന്വേഷണ കമ്മിഷന്റെ റിപ്പോർട്ടിലെ നിഗമനങ്ങൾ. എങ്കിലും മലപ്പുറം വെടിവയ്പ് അന്നത്തെ ഗവൺമെന്റിന്റെ ന്യൂനപക്ഷ മർദ്ദനത്തിനും ജനാധിപത്യ ധ്വംസനത്തിനും ഉദാഹരണമായി മലപ്പുറം ജില്ലയിൽ ഇപ്പോഴും അവതരിപ്പിച്ചു വരുന്നു. അത് ഏറ്റുപറയുന്ന ചില കോഴിക്കോട് - കോട്ടയം പത്രങ്ങൾ, പഴയ വെടിവയ്പു രംഗങ്ങളുടെ പറ്റിയതരം ഫോട്ടോകൾ തപ്പിപ്പിടിച്ചെടുത്ത് ആവർത്തിച്ചാവർത്തിച്ചു പരസ്യപ്പെടുത്തുന്നുമുണ്ട്.

ജനങ്ങളുടെമേൽ അടിച്ചേൽപ്പിക്കപ്പെട്ട ഈ തിരഞ്ഞെടുപ്പിന്റെ നോട്ടി ഫിക്കേഷൻ വന്നശേഷമുണ്ടായ മറ്റൊരു പോലീസ് വെടിവയ്പിനെ ക്കുറിച്ച് ആലോചിച്ചുപോകാൻ ചിലരെയെങ്കിലും ആ പത്രങ്ങളുടെ നടപടി പ്രേരിപ്പിച്ചെന്നു വരും. തിരുവനന്തപുരം ജില്ലയിലെ അഞ്ചുതെങ്ങിനടുത്ത് പൂത്തുറ എന്ന തീരപ്രദേശത്തായിരുന്നു പുതിയ വെടിവയ്പ്. ഒരു മത്സ്യ ത്തൊഴിലാളി തൽക്ഷണം മൃതിയടഞ്ഞു. സംഘട്ടനത്തിലും കല്ലേറിലും ചില പോലീസുകാരുൾപ്പെടെ കുറേപ്പേർക്കു പരിക്കേറ്റു. രണ്ടു വ്യക്തികൾ തമ്മിലുണ്ടായ വാക്കേറ്റവും വഴക്കുമാണ് സംഘട്ടനമായി വളർന്നത്. വ്യക്തികളും അവർക്കു ചേരിപിടിച്ചു പിന്തുണ നൽകിയവരും, ഒരേ സമുദായക്കാരാണ്. സംഘർഷവും സംഭീതിയും നിറഞ്ഞ അന്തരീക്ഷം അവിടെ ഇപ്പോഴുംതുടർന്നു വരുന്നു.

രണ്ടു കൊല്ലം മുമ്പു നടന്ന മലപ്പുറം വെടിവയ്പിന് ഇപ്പോഴും കിട്ടുന്ന പ്രസിദ്ധീകരണം രണ്ടാഴ്ച മാത്രം പഴക്കമുള്ള പൂത്തുറ വെടിവയ്പിനു ആ പത്രങ്ങളിൽ ലഭിക്കുന്നില്ല. ഒരു കണക്കിനു അതു നല്ലതാണ്. സംഘർഷാവസ്ഥയിൽ അയവുവരാൻ ഇതു പ്രയോജനപ്പെട്ടെന്നു വരാം. എങ്കിലും പത്രങ്ങളുടെ ഈ രണ്ടുതര സമീപനം കണ്ണിൽപ്പെടാതിരിക്കുകയില്ല. ഇങ്ങനെയും ഒരു സംഭവമുണ്ടായി എന്ന മട്ടുപോലും ആ പത്രങ്ങൾ മറിച്ചു നോക്കിയാൽ തോന്നുകയില്ല. രാഷ്ട്രീയക്കാർക്കും ഇതിൽ താല്പര്യമില്ല. വിറ്റഴിയുമെന്ന് തീർച്ചയില്ലാത്തതാണ് ചരക്കെങ്കിൽ കച്ചവടക്കാർക്ക് എങ്ങനെ ആവേശം തോന്നും?

വെടിവയ്പിനു ശേഷവും വിട്ടുമാറാതെ മുറ്റിനിന്ന സംഘർഷത്തിന് അയവു വരുത്താൻ പൂത്തുറയിൽ പാഞ്ഞെത്തിയ ഫാദർ തോമസ് കോച്ചേരി എന്ന മനുഷ്യസ്നേഹിയായ വൈദികനുണ്ടായ ഒരനുഭവവും ജനങ്ങൾ അറിയേണ്ട തോതിൽ അറിഞ്ഞിട്ടില്ല. രാഷ്ട്രീയ പ്രേരിതമായി അദ്ദേഹത്തെ കള്ളക്കേസിൽ കുടുക്കുകയാണുണ്ടായതെന്ന് ഒരാക്ഷേപം ഉയർന്നുവന്നിട്ടുണ്ട്. ആരും അത് ഇതേവരെ നിഷേധിച്ചിട്ടില്ല. മേയ് 3-നു രാത്രി 9.30-ന് അറസ്റ്റ് ചെയ്യപ്പെട്ട തനിക്ക് മേയ് 5-നു രാത്രി ഉച്ചയ്ക്കുശേഷമേ ജാമ്യം ലഭിച്ചുള്ളൂ എന്ന് ഫാദർ കോച്ചേരി പ്രസ്താവിച്ചിട്ടുണ്ട്. അതാണെങ്കിൽ താൽക്കാലിക ജാമ്യവുമാണ്. മത്സ്യത്തൊഴിലാളികളെ ഭിന്നിപ്പിച്ചു സംഘർഷമുണ്ടാക്കി മുതലെടുക്കാൻ ചില തല്പരകക്ഷികൾ നടത്തിയ ശ്രമമാണ് പൂത്തുറ സംഭവത്തിൽ അദ്ദേഹം കാണുന്നത്. ആ തല്പരകക്ഷികളെ കണ്ടെത്തി പിടികൂടാൻ പോലീസ് ശ്രമിച്ചോ ശ്രമം വിജയിച്ചോ എന്നൊന്നും അറിവില്ല. സമാധാനം പുനഃസ്ഥാപിക്കാൻ ശ്രമിച്ച വൈദികൻ അറസ്റ്റിലാവുകയും ചെയ്തു. 307 ഉൾപ്പെടെ ഇന്ത്യൻ ശിക്ഷാനിയമത്തിലെ പല വകുപ്പുകളും അനുസരിച്ച് അദ്ദേഹത്തിനെതിരെ കേസ് എടുത്തിട്ടുണ്ട്. ഫാദർ കോച്ചേരിയുടെ അറസ്റ്റും അദ്ദേഹത്തിനെതിരായ നടപടികളും നീചമായിപ്പോയി എന്നാണ് തിരുവനന്തപുരം രൂപതയിലെ എഴുപതോളം വൈദികർ ഒരു പ്രസ്താവനയിൽ അഭിപ്രായപ്പെട്ടിട്ടുള്ളത്. കേസ് പിൻവലിക്കണമെന്ന് അവർ ആവശ്യപ്പെട്ടിട്ടുമുണ്ട്. ആ പ്രസ്താവനയും മത്സ്യത്തൊഴിലാളികളുടെ പ്രതിഷേധപ്രകടനങ്ങൾ സംബന്ധിച്ച വാർത്തകളും പത്രങ്ങളുടെ വല്ല മൂലയിലും മാത്രമേ സ്ഥാനം പിടിച്ചിട്ടുള്ളൂ. ആകാശവാണിയും ഇതൊന്നും അറിഞ്ഞ മട്ടുപോലും കാണിച്ചിട്ടുമില്ല.

പൂത്തുറ വെടിവയ്പും ഫാദർ കോച്ചേരിയുടെ അറസ്റ്റും അകാലത്തിൽ സംഭവിച്ചുപോയതാണ് ഇതിനു കാരണമെന്ന് ഞങ്ങൾക്കു തോന്നുന്നു. ടി.കെ. രാമകൃഷ്ണന്റെ ഭരണകാലത്തെങ്ങാനും അവ നടക്കേണ്ടതായിരുന്നു. അങ്ങനെ ആയിരുന്നെങ്കിൽ പ്രകടമായ മാറ്റം ദൃശ്യമായേനേ. ക്രമസമാധാന ത്തകർച്ചയുടെ ആരോപണം സമർത്ഥമായി സ്ഥാപിക്കാൻ ഉതകുന്ന ഫലപ്രദമായ ഒരു തെളിവായി പൂത്തുറ സംഭവങ്ങൾ രൂപാന്തരപ്പെടുമായിരുന്നു. കേരളാടിസ്ഥാനത്തിൽ മാത്രമല്ല, അഖിലേന്ത്യാതലത്തിൽത്തന്നെ അതിനെച്ചൊല്ലി കൊടുങ്കാറ്റ് ഉയരുകയും ചെയ്തേനേ. ന്യൂനപക്ഷ താല്പര്യങ്ങളും പൗരാവകാശവും ചവുട്ടിമെതിച്ചെന്ന് വ്യാഖ്യാനിക്കാൻ ഇതിൽക്കൂടുതൽ നല്ലൊരു കരു കിട്ടാനുണ്ടോ? പുതിയൊരു വിമോചനസമരത്തിനുള്ള കൂരമ്പുകൾ ആവനാഴിയിൽ വന്നുനിറയുകയും ചെയ്യും. പൂത്തുറയ്ക്കും ഫാദർ കോച്ചേരിക്കും ആഗോളപ്രശസ്തിയും!

പക്ഷേ, ന്യൂനപക്ഷ താല്പര്യങ്ങളുടെയും അവകാശങ്ങളുടെയും സംരക്ഷണം സുനിശ്ചിതമാക്കിയ ഒരു ഭരണകാലത്തായിപ്പോയി പൂത്തുറ സംഭവങ്ങൾ. ജനാധിപത്യം പൂത്തുലഞ്ഞ പരിമളം വീശി നിൽക്കുകയുമാണ്. അപ്പോൾപ്പിന്നെ, വെടിവയ്പിൽ മരിച്ച ഗിൽബർട്ടിനെയും പരിഭ്രാന്തരായ പൂത്തുറക്കാരെയും പീഡനം അനുഭവിക്കേണ്ടിവന്ന ഫാദർ കോച്ചേരിയെയും വിസ്മരിക്കയല്ലാതെ മറ്റെന്തു മാർഗ്ഗം? പാവം ഗിൽബർട്ട്, പാവം പൂത്തുറ നിവാസികൾ, പാവം ഫാദർ കോച്ചേരി!

# 5.7 കാലാവസ്ഥാ വ്യതിയാനവും കേരളവും - തീരദേശവും
## ഒരു പരമ്പരാഗതക്കാരന്റെ ദുഃഖം

മനുഷ്യജന്യമായ കാരണങ്ങൾ വിലയിരുത്തി വികസന നയത്തിലോ ആസൂത്രണത്തിലോ മാറ്റങ്ങൾ വരുത്തുവാൻ നാം ഇതുവരെ തയ്യാറായിട്ടില്ല. കാലാവസ്ഥാ വ്യതിയാനമെന്ന വസ്തുനിഷ്ഠ യാഥാർത്ഥ്യത്തെ നമ്മുടെ രാഷ്ട്രീയ ബോദ്ധ്യമാക്കുവാൻ നമുക്ക് കഴിഞ്ഞിട്ടില്ല.

കേരളത്തിന്റെ കടലും കടലോര നിവാസികളും നേരിടുന്ന, നേരിടാൻ പോകുന്ന വെല്ലുവിളികളെക്കുറിച്ച് ഗൗരവമായി നാം വിലയിരുത്തണം.

### സമുദ്രതാപം വർദ്ധിക്കുന്നു.

സമുദ്ര സസ്യപ്ലവങ്ങളുടെ നാശത്തിന് കാരണമാവുന്നു. സമുദ്രത്തിന്റെ ജൈവവ്യവസ്ഥയുടെ തകർച്ചയിലേയ്ക്ക് നയിക്കുമോ?

### സമുദ്രനിരപ്പ് ഉയരുന്നു.

ഉഷ്ണമേഖല - ചുഴലിക്കാറ്റുകൾ വർദ്ധിക്കുന്നു. അറബിക്കടൽ ചൂട് പിടിക്കുന്നു/മഴയുടെ സ്വഭാവത്തിൽ മാറ്റം. കേരളത്തിന്റെ പ്രതിസന്ധി. വരൾച്ച, ഉഷ്ണതരംഗം, അതിവർഷം, വെള്ളപ്പൊക്കം, ചുഴലിക്കാറ്റ് - കടലാക്രമണം ഇവ വർദ്ധിക്കും.

കടൽ ജലനിരപ്പുയരുന്നത് കേരളത്തിനുണ്ടാകുന്ന പ്രതിസന്ധി വികസന ചർച്ചകളിൽ കടലിനുണ്ടാകുന്ന മാറ്റങ്ങൾ ഉയർന്നുവരുന്നില്ല.

### മാറുന്ന കടൽ ആവാസ ഇടങ്ങൾ.

പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഉപജീവനവും.

തീരാനഷ്ടം/തൊഴിലിട നഷ്ടം/തൊഴിൽ നഷ്ടം.

ആലപ്പാട് - പരിസ്ഥിതിയും കരിമണൽ ഖനനവും ചെല്ലാനം.

വികസന പദ്ധതികളും - കടലോര പരിസ്ഥിതിയും.

പുതുവൈപ്പിൻ/അഴീക്കൽ കപ്പൽപൊളിശാല പുനർഗേഹം പദ്ധതികൾ

നീലസമ്പത്ത് ശാസ്ത്രവും നയവും.

സമുദ്രമത്സ്യബന്ധന നിയമങ്ങൾ

നീലസമ്പത്ത് വ്യവസ്ഥ

മരണത്തിന്റെ മുൻകൂർ ലിഖിതങ്ങൾ വായിക്കാതെയിരിക്കാനാവുമോ.

**ബഹു. കേരള മുഖ്യമന്ത്രിയ്ക്ക് കൊല്ലം കത്തോലിക്കാ രൂപത സമർപ്പിക്കുന്ന നിവേദനം. (03–11–1991)**

സർ,

നമ്മുടെ ഉൾനാടൻ ജലാശങ്ങളിൽ വ്യാപകമായി പടർന്നിരിക്കുന്ന മത്സ്യരോഗം മൂലം ഉൾനാടൻ ജലാശയങ്ങളെ ആശ്രയിച്ച് മത്സ്യബന്ധനം നടത്തുന്ന തൊഴിലാളി സമൂഹം കൊടും പട്ടിണിയിലേക്ക് തള്ളപ്പെട്ടിരിയ്ക്കുകയാണ്. മറ്റ് യാതൊരു തൊഴിലും ചെയ്ത് ശീലമില്ലാത്തവരാണ് ഉൾനാടൻ മത്സ്യ ത്തൊഴിലാളികളിൽ ഭൂരിഭാഗവും. പൊതുവേ ദുർബലരായ ഒരു സമൂഹ ത്തെയാണ് മാരകമായ ഈ മത്സ്യരോഗം തൊഴിലില്ലായ്മയിലേക്ക് തള്ളി വിട്ടിരിക്കുന്നത്. അടിയന്തിര സഹായം ലഭിച്ചില്ലെങ്കിൽ പിടിച്ചുനിൽക്കുവാൻ പോലും കഴിയാത്ത ദുഃസ്ഥിതിയാണ് ഈ മേഖലയിൽ നിലനിൽക്കുന്നത്.

ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലെ ആറുകളിലും കായലുകളിലും മറ്റു ജലാശയങ്ങളിലും പരമ്പരാഗതമായി മത്സ്യബന്ധനം നടത്തി ഉപജീവനം നടത്തുന്ന ജനസമൂഹത്തിന്റെ ഭാഗധേയം പങ്കിടുകയും ഈ മേഖലയിലെ വികസന പ്രവർത്തനങ്ങളിൽ പങ്കുചേരുകയും ചെയ്യുന്ന കൊല്ലം കത്തോലിക്കാ രൂപത ഇന്നത്തെ ഈ പ്രതിസന്ധിയിൽ ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ വേദനകളും ആശങ്കകളും സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുവാൻ ആഗ്രഹിക്കുന്നു. ആയിരക്കണക്കിനു തൊഴിലാളികളുടെ ജീവിതത്തെയും നമ്മുടെ മത്സ്യ സമ്പത്തിനെയും ബാധിക്കുന്ന രോഗത്തിന്റെ കാരണം ഉൾപ്പെടെയുള്ള പരിസ്ഥിതി പ്രശ്നങ്ങൾ പഠിക്കുവാനും നിവാരണ മാർഗ്ഗങ്ങൾ കണ്ടെത്തുവാനും സർക്കാർ അടിയന്തിര നടപടി സ്വീകരി ക്കണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

മത്സ്യരോഗം നിമിത്തം തൊഴിൽരഹിതരായ തൊഴിലാളികൾക്ക് മതിയായ നഷ്ടപരിഹാരം നല്കുകയും സ്വയം തൊഴിൽ കണ്ടെത്തുന്നതിനുചിത മായ പദ്ധതികൾ നടപ്പാക്കുവാനും സർക്കാർ മുന്നോട്ടു വരണമെന്നും ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ ആവശ്യങ്ങൾ നേടിയെടുക്കുവാൻ സെക്രട്ടറിയേറ്റു നടയിൽ റവ. ഫാ. ജോസ് ജെ. കളിയിക്കൽ നടത്തുന്ന നിരാഹാരവ്രതം ഒത്തുതീർപ്പിലാക്കുന്നതിനും ഞാൻ അഭ്യർത്ഥിക്കുന്നു.

കൊല്ലം രൂപതയ്ക്കു വേണ്ടി

റൈറ്റ്. റവ. മോർസിത്തോർ എ.ജെ. റൊസാരിയോ

വികാരി ജനറൽ

പകർപ്പ്: ബഹു. ഫിഷറീസ് വകുപ്പുമന്ത്രി

# 5.9 സഹകാരികളാൽ ആക്രമിക്കപ്പെടുന്നു

ഫാദർ തോമസ് കോച്ചേരി കോടിക്കണക്കിനു രൂപയുടെ വിദേശഫണ്ട് അപഹരിച്ചുവെന്ന ഗുരുതരമായ ആരോപണം ഉയർത്തി പറയുകയുണ്ടായി. അദ്ദേഹത്തെ ഒറ്റപ്പെടുത്തി ആക്രമിക്കാൻ നിക്ഷിപ്ത താത്പര്യക്കാർ ഒത്തുചേർന്നു. പ്രതിരോധം തീർക്കേണ്ട പലരും അന്വേഷണം നടത്താതെ ശത്രുപക്ഷത്തു ചേർന്നു. ടോമിന്റെ നിരപരാധിത്വം ഒടുവിൽ വ്യക്തമാവുകയുണ്ടായി. ഇപ്പോൾ ശരിയ്ക്കും രൗദ്രം ജനിപ്പിക്കുന്ന ഒരു ആരോപണ രേഖയാണ് ചുവടെ.

09/02/2005, സുനാമി: വിദേശഫണ്ടുകൾ CAG ആഡിറ്റ് ചെയ്യണം

കൊച്ചി: സുനാമി പുനരധിവാസത്തിനുവേണ്ടി വിദേശത്തുനിന്നും കോടിക്കണക്കിന് രൂപയുടെ ഫണ്ട് കൈപ്പറ്റിയ സംഘടനകളെക്കുറിച്ചും വ്യക്തികളെക്കുറിച്ചും കേന്ദ്രഗവൺമെന്റ് ഏജൻസി അന്വേഷിക്കണമെന്ന് വിവിധ ജനകീയ ജനാധിപത്യ സംഘടനകൾ ആവശ്യപ്പെട്ടു. ലോക മത്സ്യത്തൊഴിലാളി സംഘടനയുടെ പ്രതിനിധി ഫാ.കോച്ചേരി 108 കോടി രൂപയുടെ സുനാമി ഫണ്ട് ദുർവിനിയോഗം ചെയ്തു എന്ന വാർത്ത സമൂഹ മനഃസാക്ഷിയെ ഞെട്ടിപ്പിക്കുന്നതാണ്.

സുനാമി ഫണ്ടിന്റെ വിനിയോഗത്തിൽ സർക്കാർ വൻ അഴിമതി നടത്തി എന്ന വിവാദം നിലനിൽക്കെയാണ് സർക്കാർ ഇതര സംഘടനകളെക്കുറിച്ചും ഇത്തരം ആരോപണം ഉയർന്ന് വന്നിരിക്കുന്നത്. സുനാമി ദുരന്തത്തിനു ശേഷം 475 ഓളം സർക്കാർ ഇതരസംഘടനകൾ വിദേശത്തുനിന്നും 5000 കോടി രൂപയുടെ ധനസഹായം സ്വീകരിച്ച വസ്തുതകൾ പുറത്ത് വന്നിട്ടുണ്ട്. ഫാ. കോച്ചേരി നടത്തിയ അഴിമതിയുടെ പശ്ചാത്തലത്തിൽ സർക്കാർ ഇതര സംഘടനകൾക്ക് ലഭ്യമായ വിദേശഫണ്ടിനെക്കുറിച്ച് കേന്ദ്രസർക്കാർ അന്വേഷണം നടത്തുകയും കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിനെക്കൊണ്ട് സമഗ്രമായ ആഡിറ്റിന് വിധേയമാക്കണമെന്നും യോഗം ആവശ്യപ്പെട്ടു.

രാഷ്ട്രീയ മഹാസഭ നേതാവ് എം. ഗീതാനന്ദന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ എം.എൻ.ഗിരി, കേരള സ്വതന്ത്ര ചെറുകിട വ്യാപാര സമിതി സംസ്ഥാന ജനറൽ സെക്രട്ടറി ടി.എ. അബ്ദുൾ കലാം, പ്രകൃതി വിദ്യാർത്ഥി കൂട്ടായ്മ ചെയർമാൻ ഉമ്മർ ഫാറൂഖ് ഹംസ, ജനകീയ സമിതി വൈസ് ചെയർമാൻ ടി.എ. ഷാജി, സാംസ്കാരിക പരിഷത്ത് പ്രസിഡന്റ് അഡ്വ. ഷെറീഫ് ഉള്ളത്ത്, ഗാന്ധി കൾച്ചറൽ ഫോറം പ്രസിഡന്റ് വി.ടി. പ്രതാപൻ, രാജേഷ് നടവയൽ, പി.വൈ. ജോസ് എന്നിവർ പങ്കെടുത്തു.

എം. ഗീതാനന്ദൻ
എം.എൻ. ഗിരി



# 5.10 മത്സ്യമേഖലയിൽ സെമിനാറുകൾ
## സഹകരിയ്ക്കാൻ ജനകീയ സംഘങ്ങൾ

സെമിനാറുകൾ ഒരു പുതിയ അവതരണം ആയിരുന്നു. മത്സ്യമേഖലയിൽ അവബോധസൃഷ്ടി, അവകാശ രൂപീകരണം, ജില്ലകൾ തമ്മിലുള്ള ബന്ധുത, ദേശീയ ദേശാന്തര മേഖലകളിൽ സമ്മേളനം, അവിടെയൊക്കെ നിന്ന് പൊട്ടിപ്പുറപ്പെടുന്ന സമരമുദ്രാവാക്യങ്ങൾ, നടപടികൾ.

പ്രാദേശികമായി എല്ലാ ജില്ലകളിലും അവബോധസൃഷ്ടിയുടെ ഭാഗമായും നേതൃ പരിശീലനത്തിന്റെ ഭാഗമായും പ്രശ്നപഠനത്തിന്റെ ഭാഗമായും എത്രയെങ്കിലും പഠനക്കളരികൾ! അതുകളുടെ രേഖകൾ കൂടുതൽ പ്രകാശിപ്പിയ്ക്കുക ഒരു സാദ്ധ്യതയല്ല. ഏറെ രേഖകളും നഷ്ടപ്പെട്ടിരിയ്ക്കുന്നു. അപ്പോഴും പ്രബലമായ ചില സംഭവങ്ങൾ മനസ്സിൽ ഉണ്ട്. ചില രേഖകളും മത്സ്യമേഖലയെ സമ്പുഷ്ടീകരിച്ച കുറെ പ്രസ്ഥാനങ്ങൾ ചെയ്ത പ്രയത്നങ്ങൾ മറക്കുവാൻ കഴിയാത്തതാണ്. തിരുവനന്തപുരത്ത് PCO, കൊല്ലത്ത് FCDP കുണ്ടറയിൽ DPIFC, മാവേലിക്കരയിൽ MJM സെന്റർ, ആലപ്പുഴ അർത്തുങ്കലിൽ തീരദേശ മഹിളാസമാജം, ചെല്ലാനത്ത് Win Society, എറണാകുളത്ത്, പള്ളുരുത്തിയിൽ Don Bosco സെന്റർ, തൃശൂരിൽ നവ്യദർശന, കോഴിക്കോട് SRC BEACH Blossom ഒക്കെ മഹത്തായ പ്രയത്നങ്ങൾ അവബോധ സൃഷ്ടിയ്ക്കും നേതൃപരിശീലനത്തിനും ആയി സംഘടിപ്പിച്ചിട്ടുണ്ട്.

സംസ്ഥാന പ്രാധാന്യമുള്ള ചില സെമിനാറുകൾ മനസ്സിലുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ പ്രസക്തമായ രേഖകൾ പ്രസിദ്ധീകരിച്ചതും ഉണ്ട്. KSMTF അതിനെ പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

ആ നിലയ്ക്ക് നടന്ന വളരെ പ്രധാനമായ ഒരു സെമിനാർ ആയിരുന്നു ഉൾനാടൻ മത്സ്യമേഖലയെക്കുറിച്ച് എറണാകുളം ററൗൺ ഹാളിൽ നടന്നത്.

1989 ഫെബ്രുവരി 9.10 തീയതികളിൽ എറണാകുളം ററൗൺ ഹാളിൽ വച്ചു കൂടിയ സംസ്ഥാനതല സെമിനാർ സംഘടിപ്പിച്ചത് മാവേലിക്കര MJM സെന്റർ ആയിരുന്നു. 1991–ൽ പ്രസിദ്ധീകരിയ്ക്കപ്പെട്ട "കേരളത്തിലെ ഉൾനാടൻ മത്സ്യമേഖല–പ്രശ്നങ്ങൾ–സാദ്ധ്യതകൾ" എന്ന ഗ്രന്ഥം പ്രസ്തുത സെമിനാറിലെ പ്രബന്ധങ്ങൾ ശേഖരിച്ച് പ്രസിദ്ധീകരിച്ചതാണ്.

1991 കളിൽ മത്സ്യരോഗം ശുദ്ധജലാശയങ്ങളെ ബാധിച്ച നേരങ്ങളിലും അതിനോടനുബന്ധിച്ചുനടന്ന സമരങ്ങൾക്ക് ശേഷവും ആ വിഷയം പുരസ്ക്കരിച്ച് സെമിനാറുകളും പഠനങ്ങളും MJM സെന്റർ ശ്രീമാൻ സഞ്ജീവ് ഘോഷും ആയി ചേർന്ന് നടത്തുകയുണ്ടായി. അതും കൃത്യമായ ഒരു പഠന പ്രസിദ്ധീകരണമായി കേരളജനതയുടെ മുമ്പിൽ വയ്ക്കപ്പെട്ടിട്ടുണ്ട്.

കൃത്യമായ വിശകലനത്തിലൂടെയും പഠനത്തിലൂടെയും ആശയ വികിരണത്തിലൂടെയും മത്സ്യത്തൊഴിലാളികളെ അവബോധത്തിൽ വളർത്താനും കേരള ജനതയെ മത്സ്യമേഖലയെക്കുറിച്ച് പ്രബുദ്ധരാക്കുവാനും ഫെഡറേഷനെ ഏറെ സഹായിച്ചത് ജനകീയ സംഘങ്ങളാണ് എന്നത് ഏറെ നന്ദിയോടെ സ്മരിയ്ക്കപ്പെടേണ്ടതാണ്.

# 5.11 ഉൾനാടൻ മത്സ്യതൊഴിലാളികൾ സമരത്തിലേക്ക്

കേരളത്തിലെ ഉൾനാടൻ മത്സ്യബന്ധനമേഖല ഇന്നു ആകെ തകർന്നിരിക്കുകയാണ്. E.U.S. (എപ്പിസ്യൂട്ടിക് അൾസറേറ്റീവ് സിൻഡ്രോം) എന്നു പേരുള്ള മത്സ്യരോഗം ഉണ്ടായതിനെ തുടർന്ന് പല ഇടങ്ങളിലും മത്സ്യം ചത്തു പൊങ്ങുന്നു. മത്സ്യരോഗത്തെപ്പറ്റി ഭീതിജനകമായ വ്യാജപ്രചരണങ്ങൾ ഉള്ളതിനാൽ രോഗം ബാധിക്കാത്ത നല്ല മത്സ്യംപോലും വിറ്റഴിക്കാൻ കഴിയുന്നില്ല. ഇതിനാൽ മത്സ്യത്തൊഴിലാളികൾ ഒന്നടങ്കം തൊഴിൽരഹിതരാകുകയും, പട്ടിണിയിൽ അമർന്നിരിക്കുകയുമാണ്. ഗവൺമെന്റ് 45000ത്തിലേറെ വരുന്ന ഉൾനാടൻ മത്സ്യത്തൊഴിലാളികളെയും, അവരെ ആശ്രയിച്ചു കഴിയുന്ന മറ്റു ജനവിഭാഗത്തെയും ഈ തകർച്ചയിൽനിന്നും രക്ഷിക്കാനാവശ്യമായ നടപടികൾ യാതൊന്നും എടുക്കുന്നില്ല.

ഈ സാഹചര്യത്തിൽ കേരള സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷൻ ആലപ്പുഴ ഉൾനാടൻ ജില്ലാ കമ്മറ്റിയുടെ നേതൃത്വത്തിൽ താഴെപ്പറയുന്ന ആവശ്യങ്ങളുമായി പ്രക്ഷോഭണമാരംഭിക്കുകയാണ്.

1. മത്സ്യരോഗം നിമിത്തം തൊഴിൽരഹിതരായിരിക്കുന്ന എല്ലാ ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്കും മതിയായ നഷ്ടപരിഹാരം നൽകുക.

2. ഉൾനാടൻ മത്സ്യത്തൊഴിലാളികളിൽ നിന്നും തറവില നിശ്ചയിച്ച് മത്സ്യം ശേഖരിക്കാനും, ഉപഭോക്താക്കൾക്ക് വിതരണം ചെയ്യാനും സർക്കാർ സംവിധാനം ഏർപ്പെടുത്തുക.

3. മത്സ്യരോഗം കൂടുതൽ വ്യാപിക്കാതിരിക്കാനും ഇനിയുള്ള വർഷങ്ങളിൽ ഉണ്ടാകാതിരിക്കുവാനും അടിയന്തിര ഉപരോധനടപടികൾ സ്വീകരിക്കുക.



# 5.12 പള്ളിയുടെ ട്രോളിംഗ് നിരോധന വിരുദ്ധ സമരം

**ബാബു**

ജനാധിപത്യത്തിന്റെ മൂല്യനിർണ്ണയം നടത്തുന്നത് വോട്ടായതുകൊണ്ട്, അവസാനം മൺസൂൺ കാല ട്രോളിംഗ് നിരോധനം വന്നിരിക്കുന്നു. (42 ദിവസത്തേക്ക് മാത്രം) പരമ്പരാഗത തൊഴിലാളികളുടെ ദീർഘകാല സമരപരാജയ പട്ടികയിൽ ആദ്യവിജയം.

ജൂൺ, ജൂലൈ, ആഗസ്റ്റ് മീൻ മുട്ടയിടുന്നൊരു കാലം, അരുതെ, അരുതെ ഇക്കാലത്ത്, ട്രോളിംഗ് ഇവിടെ നടത്തരുതെ. ഈ മുദ്രാവാക്യം സംസ്ഥാന തലത്തിൽ ആദ്യമായി മുഴങ്ങികേട്ടത് 1978–ലാണ്. അന്നു മുതൽ ഓരോ മൺസൂൺ കാലത്തും മത്സ്യതൊഴിലാളികൾ ഈ മുദ്രാവാക്യം ഒരനുഷ്ഠാനം പോലെ ആവർത്തിച്ചു. ഏറെ മനുഷ്യരുടെ ത്യാഗോജ്ജ്വലമായ സഹനത്തിന്റെ പട്ടികയിൽ ഒരു വിജയം.

ഈ വിജയത്തെ അട്ടിമറിക്കാൻ പള്ളി രംഗത്ത് വന്നിരിക്കുന്നു. ട്രോളിംഗ് നിരോധനത്തിൽ പ്രതിഷേധിച്ച് കോവിൽത്തോട്ടം പള്ളിയങ്കണം കേന്ദ്രീകരിച്ച് ചവറയിലും ഇരവിപുരം പള്ളിയങ്കണം കേന്ദ്രീകരിച്ച് പള്ളിമുക്കിലും നാഷണൽ ഹൈവേ പിക്കറ്റിംഗിലൂടെ. ഈ സമരങ്ങൾക്ക് നേതൃത്വം നൽകാൻ കേരള കത്തോലിക്ക യുവജനസംഘടനയും. അശാസ്ത്രീയ മൽസ്യ ബന്ധനമുറകൾക്കെതിരെ മൽസ്യതൊഴിലാളികൾ നടത്തിയിട്ടുള്ള സമരങ്ങൾക്ക് പിന്തുണ നൽകിയിട്ടുള്ള ഇക്കൂട്ടർക്ക് ഇപ്പോഴെന്തെ മനംമാറ്റം. (ട്രോളിംഗ് ശാസ്ത്രീയമാണെന്നാണ് ഇപ്പോൾ കെ.സി.വൈ.എം. പറയുന്നത്). മറ്റൊന്നുമല്ല, ഇടതുപക്ഷ സർക്കാരിനെതിരെ വിശ്വാസിയുടെ പുത്തൻസമരം. അതിനൊരു പേര് ട്രോളിംഗ് നിരോധനം.

കെ.സി.വൈ.എം. ബിഷപ്പൻമാരുടെ നിയന്ത്രണത്തിൽ രൂപതകളുടെ പണത്തിൽ പ്രവർത്തിക്കുന്ന സംഘടനയാണ്. അപ്പോൾ അവർ നടത്തുന്ന സമരത്തിന് ബിഷപ്പൻമാരുടെ പിന്തുണയുണ്ട്. ഒരിക്കൽ മൽസ്യതൊഴിലാളികളുടെ സമരമുഖത്ത് വന്ന് നിന്ന് കൊണ്ട് അവരുടെ താൽപര്യം സംരക്ഷിക്കുമെന്നു പറഞ്ഞ കൊല്ലം ബിഷപ്പ് പറഞ്ഞവാക്ക് പാലിച്ചത് തൊഴിലാളി സംഘടനയെ രണ്ടാക്കിക്കൊണ്ടാണ്. ഇപ്പോഴിതാ ബിഷപ്പിന്റെ നിയന്ത്രണത്തിലുള്ള രൂപതാ കെ.സി.വൈ.എം. ട്രോളിംഗ് നിരോധന പ്രതിഷേധ സമരങ്ങളിലൂടെ ചരിത്രം ആവർത്തിക്കുന്നു. കാലാ, കാലാ, കോച്ചേരി, നീയും പാതിരിയാണോടാ' എന്ന ചോദ്യം ഉയർത്തുന്ന കെ.സി.വൈ.എം. സുഹൃത്തുക്കളും അവർക്കുവേണ്ടി പണം നൽകുന്ന പിതാവും പാവപ്പെട്ട തൊഴിലാളികളോട് നീതിയല്ല കാട്ടുന്നത്. മറിച്ച് മാന്യമായ ഭാഷയിൽ പറഞ്ഞാൽ ഇവർ കാണിക്കുന്നത് നെറികേടാണ്.



# 5.13 പ്രസിദ്ധീകരണത്തിന് ഫാദർ തോമസ് കോച്ചേരിയുടെ ട്രാൻസ്ഫർ റദ്ദാക്കുക

തിരുവനന്തപുരം ജില്ലയിലെ മുട്ടടയിലുള്ള റിഡംപ്റ്ററിസ്റ്റ് സന്യാസ സമൂഹത്തിൽപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ഇടയിൽ സംഘടനാ പ്രവർത്തനങ്ങളിൽ കഴിഞ്ഞ ഒൻപതു വർഷങ്ങളായിവ്യാപൃതനായിരിക്കുന്ന ഫാദർ തോമസ് കോച്ചേരിയെ കേരളത്തിൽ നിന്നും സ്ഥലം മാറ്റാൻ രൂപതാ ബിഷപ്പ് റവ. ഡോ. ജേക്കബ് അച്ചാരുപറമ്പിൽ ആവശ്യപ്പെട്ടതിനെ തുടർന്ന് പ്രൊവിൻഷ്യൽ നടപടികൾ സ്വീകരിച്ചിരിക്കുകയാണ്. തെറ്റായ ആരോപണങ്ങളുന്നയിച്ച് എടുക്കുന്ന ഈ നടപടി മത്സ്യത്തൊഴിലാളികളുടെ ഇടയിലുള്ള സംഘടനാപ്രവർത്തനങ്ങളെ അവിഹിതമാക്കി ബോധപൂർവ്വം നശിപ്പിക്കാനുള്ള തൽപ്പര കക്ഷികളുടെ ഉപരിവർഗ്ഗ സ്വാധീനം ഉപയോഗിച്ചുള്ള ഒരു നീക്കമാണ്. തിരുവനന്തപുരം ബിഷപ്പിന്റെ ഈ നടപടിയിൽ ക്രിസ്ത്യൻസ് ഫോർ റാഡിക്കൽ ആക്ഷൻ ശക്തമായി പ്രതിഷേധിക്കുകയും പ്രസ്തുത നടപടികൾ പിൻവലിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്യുന്നു. കഴിഞ്ഞ രണ്ടു വർഷമായി കേരളത്തിലെ വിവിധ ജില്ലകളിൽ സാമൂഹ്യ പരിവർത്തനവും സഭാനവീകരണവും ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന വൈദികരും കന്യാസ്ത്രീകളും വിശ്വാസികളും ഉൾക്കൊള്ളുന്ന ഒരു പ്രസ്ഥാനമാണ് ക്രിസ്ത്യൻസ് ഫോർ റാഡിക്കൽ ആക്ഷൻ.

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ രേഖകളിൽ കരുത്തുറ്റ കുറെ പ്രമേയങ്ങളുണ്ടായിരുന്നു. "നാം ജീവിക്കുന്ന ലോകത്തേയും അതിന്റെ പ്രതീക്ഷകളേയും അഭിവാഞ്ചകളേയും നാടകീയമായ അതിന്റെ സ്വഭാവ വിശേഷണങ്ങളെയും തിരിച്ചറിയുകയും മനസ്സിലാക്കുകയും ചെയ്യുക ഒരാവശ്യമാണ്. മനുഷ്യന്റെ മതാത്മക ജീവിതത്തിൽ പ്രത്യാഘാതങ്ങൾ ഉളവാക്കുന്ന സാമൂഹികവും സാംസ്ക്കാരികവുമായ പരിവർത്തനങ്ങൾ ചർച്ചാവിഷയമാക്കേണ്ടതുണ്ട്." (സഭ ആധുനിക യുഗത്തിൽ...)

"ഈ സാമൂഹ്യ വ്യവസ്ഥിതി അനുസ്യൂതം പുരോഗമിക്കേണ്ടിരിക്കുന്നു. ഇത് സത്യത്തിൽ അധിഷ്ഠിതമായിരിക്കണം. നീതിയിൽ കെട്ടിപ്പടുത്തതും സ്നേഹത്തിൽ ജീവൻ പകർന്നു കൊടുക്കുന്നതും ആയിരിക്കണം. മനുഷ്യത്വത്തിന് യോജിച്ച സ്വാതന്ത്ര്യത്തിൽ അധിഷ്ഠിതമായ സമഭാവനയോടെ അനുദിനം നാം മുന്നോട്ട് പോകണം. ഈ ലക്ഷ്യങ്ങൾക്കായി മനുഷ്യന്റെ ചിന്താഗതി മെച്ചപ്പെടണം. സമൂഹത്തിൽ പരിവർത്തനം സുലഭമായി പ്രത്യക്ഷപ്പെടണം." (w.6)

ഇത്തരം ചിന്തകളിൽ ആഴ്ന്ന പ്രതീക്ഷകളോടെ ലോകക്രൈസ്തവ സമൂഹം വൻകുതിപ്പുകൾ നടത്തി. പോൾ ആറാമൻ മാർപ്പാപ്പയുടെ "മാനവപുരോഗതി" എന്ന ചാക്രികലേഖനം ഈ ചാലക ശക്തിയെ ഉത്തേജിപ്പിച്ചു നീക്കി. ഇന്നുകാണുന്ന ലോകവ്യാപക സഭാതലനവീകരണങ്ങൾ ഉളവാക്കി.

ഈ പരിവർത്തനങ്ങളിൽ നിന്നൊക്കെ വെട്ടിമാറിനിന്നു കേരളസഭാ സമൂഹം ആരാധനാ പരിഷ്കരണം, സംവിധാന പരിഷ്കരണം, സാമൂഹിക സാംസ്ക്കാരിക പ്രതികരണം ഇവയിലെല്ലാം തന്നെ നേതൃസംവിധാനത്തിന്റെ നിഷേധാത്മക സമീപനമായിരുന്നു ഇതിനുകാരണം.

അൽപ്പസ്വൽപ്പം വ്യതിയാനത്തിന്റെ വെള്ളിരേഖകൾ കണ്ടത് യൂണിയൻ പ്രവർത്തനങ്ങളിലൂടെ മത്സ്യത്തൊഴിലാളികൾ ഒരു ഉയിർത്തെഴുന്നേൽപ്പ് നടത്തിയപ്പോഴാണ്. സംഘടിതശക്തികയുടെ ബലത്തിൽ ജീവനും ജീവിതസൗകര്യങ്ങൾക്കും വേണ്ടി വിലപേശി നീങ്ങുന്ന ഈ സമൂഹത്തിന്റെ നീക്കം സമീപകാലസൃഷ്ടിയാണ്. ഈ സംഘടിത ശക്തിയുടെ രൂപീകരണത്തിൽ വൻകാണിക്കകൾ കൊടുത്ത ഭാവനാസമ്പന്നനായ ഒരു നേതാവുണ്ട്. ഫാദർ തോമസ് കോച്ചേരി. ചോദ്യങ്ങളുയർത്താനും വെല്ലുവിളികൾ മുഴക്കാനും നിരവധിപേരുടെ സുരക്ഷിത സങ്കേതങ്ങളിൽ അപകടം വിതയ്ക്കാനും സമൂഹത്തിലെ വിടവുകളുടെ പേരിൽ പൊതുനീക്കങ്ങൾ നടത്താനും ഒക്കെ യൂണിയൻ പ്രസ്ഥാനം കാരണമായി. അത് രാഷ്ട്രീയ പ്രാമാണ്യമുള്ളതായി. സഭാസ്ഥാപനപരതക്ക് അസ്വീകാര്യവും. ജനത്തിന്റെ ഉയിർത്തെഴുന്നേൽപ്പിനെതിരെ കടന്നാക്രമണം നടത്തുന്ന സഭാനേതൃത്വം നേരിൽ നിന്നു പൊരുതാനല്ല അടിവയറ്റിൽ കുത്തുന്ന കുതന്ത്രമുപയോഗിക്കാനാണ് നീങ്ങുന്നത്. നിലപാടുകൾ ചോദിച്ചറിയാതെ, സംവാദമില്ലാതെ, നോവുന്ന ജനതയുടെ ആവശ്യങ്ങൾ കണക്കിലെടുക്കാതെ, സമാനഹൃദയരുടെ നീറുന്ന അഭ്യർത്ഥതയ്ക്ക് ചെവി കൊടുക്കാതെ മാടമ്പി പ്രഭുത്വങ്ങളുടെ ഭാഷ്യമൊരുക്കി നാടുകടത്തൽ ഉത്തരവുമായി വരുന്ന സഭാനേതൃത്വം തീർത്തും ഹീനമായത് തെരഞ്ഞെടുത്തു.




# 5.14 ഫാദർ തോമസ് കോച്ചേരി നൽകുന്ന പ്രസ്താവന
## തിരുവനന്തപുരം ജില്ലാ മൽസ്യത്തൊഴിലാളി യൂണിയൻകേന്ദ്രസമിതിയംഗം

2-5-1982 ഞായറാഴ്ച രാവിലെ 9-45 ന് പൂത്തുറയിൽ നടന്ന വെടിവയ്പിനെ തുടർന്ന് എന്നെ പോലീസ് അറസ്റ്റുചെയ്തു. പോലീസിനെതിരായി, അക്രമത്തിന് നേതൃത്വം കൊടുത്തുവെന്നും പോലീസിനെ വധിക്കാൻ ശ്രമിച്ചുവെന്നും മറ്റുമാണ് അറസ്റ്റ് ചെയ്തതിന് കുറ്റമാരോപിച്ചിരിക്കുന്നത്. ഐ.പി.സി 307 ഉൾപ്പെടെ 10 വകുപ്പുകൾ എനിക്കെതിരായി ആരോപിച്ചിരിക്കയാണ്.

**യാഥാർത്ഥ്യമെന്ത്?**

2-5-1982 ഞായറാഴ്ച രാവിലെ 8 മണിക്ക് തിരുവനന്തപുരം രൂപതയിലെ മുട്ടട പള്ളിയുടെ കീഴിലുള്ള കുന്നുംപുറം പള്ളിയിലും 10 മണിക്ക് കുശവർക്കൽ പള്ളിയിലും ദിവ്യബലി അർപ്പിച്ചിട്ട് 11 മണിയോടുകൂടി മുട്ടടയിലെ താമസസ്ഥലത്ത് വന്നപ്പോഴാണ് പൂത്തുറയിലെ വെടിവെയ്പ്പിനെക്കുറിച്ച് ഞാനറിഞ്ഞത്. ഉടനെതന്നെ പത്രമാഫീസുകളിൽ പോയി പൂത്തുറയിൽ ചെന്ന് വെടിവെയ്പിനെപ്പറ്റി അന്വേഷിക്കുവാൻ ആവശ്യപ്പെട്ടു. 12 മണിയോടുകൂടി മലയാളമനോരമ പത്രത്തിന്റെ സ്റ്റാഫ് റിപ്പോർട്ടറുമൊന്നിച്ച് പൂത്തുറയിലെത്തി. അവിടെയെത്തിയപ്പോഴാണ് വിവരങ്ങൾ മനസ്സിലാക്കുവാൻ കഴിഞ്ഞത്. ഇതാണ് സത്യാവസ്ഥ. ഈ യാഥാർത്ഥ്യം മറന്നുകൊണ്ട് ഒരുയർന്ന പോലീസുദ്യോഗസ്ഥൻ എന്റെ മേൽ വ്യാജമായി കുറ്റാരോപണം നടത്തി അറസ്റ്റുചെയ്തു. ജാമ്യം എടുക്കാൻ സാധിക്കാത്ത രീതിയിൽ 20 മണിക്കൂർ നേരത്തേക്ക് ഷർട്ടഴിച്ച് വയ്പിക്കുകയും കടയ്ക്കാവൂർ പോലീസ് സ്റ്റേഷനിലെ വൃത്തികെട്ട ലോക്കപ്പിൽ അടയ്ക്കുകയും ആറ്റിങ്ങൽ സബ് ജയിലിലാക്കുകയും ചെയ്തു. ഈ കള്ളക്കേസിൽ കുടുക്കിയതിന്റെ പിന്നിലെ കാരണമെന്താണെന്ന ചോദ്യം ഇപ്പോഴും അവശേഷിക്കുകയാണ്. ഇതിന്റെ പിന്നിലുള്ള കറുത്ത കൈകൾ ആരുടേതാണ്?





2–5–1982 ഞായറാഴ്ച രാത്രിയിൽ ഞാനുറങ്ങിയില്ല. ഞാൻ പൂത്തുറ–അഞ്ചുതെങ്ങ്, പ്രദേശത്ത് ചുറ്റി സഞ്ചരിക്കുകയായിരുന്നു. പൂത്തുറയിലെ മത്സ്യത്തൊഴിലാളികൾ അഞ്ചുതെങ്ങുകാർ തങ്ങളെ ആക്രമിക്കാൻ സന്നാഹം കൂട്ടുകയാണെന്ന് ധരിച്ചിരുന്നു. അഞ്ചുതെങ്ങിൽ ചെല്ലുമ്പോൾ അവിടെയുള്ളവർ പൂത്തുറക്കാർ പന്തവും കൊളുത്തി തങ്ങളുടെ ഗ്രാമങ്ങൾ തീവയ്ക്കാൻ ഒരുമ്പെട്ടു നിൽക്കുന്നെന്ന് പറഞ്ഞുപരത്തിയിരുന്നു. അങ്ങനെ പരസ്പരം ഭയന്ന് കഴിയുകയായിരുന്നു ഇരുവിഭാഗത്തെയും മത്സ്യത്തൊഴിലാളികൾ. അഞ്ചുതെങ്ങ് തീരത്ത് വെളുപ്പിന് മൂന്നരമണിക്ക് (3–5–1982) തിങ്കളാഴ്ച ആരോ കടപ്പുറത്ത് പഴകിയ കടലാസും മറ്റുമിട്ട് കത്തിച്ചു. തീ കണ്ട്, പൂത്തുറക്കാർ തീ വച്ചുവെന്ന് പറഞ്ഞ് അഞ്ചുതെങ്ങ് പള്ളിയിൽ കൂട്ടമണിയടിച്ചു. എന്നാൽ കാര്യമെന്താണെന്ന് മനസ്സിലായപ്പോൾ കൂടിയ ആളുകൾ പിരിഞ്ഞുപോയി.

3.–5–1982 തിങ്കളാഴ്ച പത്രവാർത്ത പുറത്തുവന്നു. ഇതിലമർഷം കൊണ്ട ചുരുക്കം ചിലർ, ഞാനാണ് പത്രവാർത്ത കൊടുത്തതെന്ന കിംവദന്തി പരത്തി. അഞ്ചുതെങ്ങിലെ മത്സ്യത്തൊഴിലാളികളെ എനിക്കെതിരായി തിരിക്കാൻ പ്രയോഗിച്ച ഒരു തന്ത്രമായിരുന്നു ഇത്. ഇതിന്റെ ഫലമായി 3–5–1982 രാത്രി പൂത്തുറക്കാർ പന്തംകൊളുത്തി നിൽക്കുന്നുവെന്ന കള്ള പ്രചരണത്തിന് അൽപ്പംകൂടി ആക്കം കിട്ടി.

3–5–1982 തിങ്കളാഴ്ച ഉച്ചയായപ്പോൾ വെടിയേറ്റ് മരിച്ച ഗിൽബർട്ടിന്റെ മൃതദേഹം പോസ്റ്റമാർട്ടം കഴിഞ്ഞ് കൊണ്ടുവന്നിരുന്നു. വിലാപയാത്രയ്ക്കു ശേഷം മൃതദേഹം സംസ്കരിക്കുന്നതിന് പൂത്തുറ പള്ളിയിൽ കൊണ്ടുവന്നു. കർമ്മങ്ങൾക്ക് നേതൃത്വം കൊടുക്കുവാൻ പൂത്തുറ വികാരി എന്നോടാവശ്യപ്പെട്ടു. ചെറിയൊരു പ്രസംഗം നടത്താനും പറഞ്ഞു. എന്റെ പ്രസംഗത്തിന്റെ ചുരുക്കം ഇപ്രകാരമാണ്. *എന്തുകൊണ്ട് മൽസ്യത്തൊഴിലാളികൾ എപ്പോഴും പോലീസിന്റെ വെടിയുണ്ടയ്ക്ക് ഇരയാകുന്നു... നമ്മുടെ ഭാഗത്ത് എന്തെങ്കിലും തെറ്റുണ്ടോ? അങ്ങനെയുണ്ടെങ്കിൽ അവയെ മുതലെടുക്കുവാൻ പോലീസുകാരെ നാം അനുവദിക്കുകയാണ് ചെയ്യുന്നത്. ഒന്നോ രണ്ടോ വ്യക്തികൾ സൃഷ്ടിക്കുന്ന പ്രശ്നങ്ങളും വ്യക്തി വൈരാഗ്യവും ഒരു തുറയെ അല്ലെങ്കിൽ ഒരു മതവിഭാഗത്തെ മുഴുവൻ കരുക്കളാക്കി മാറ്റുന്ന വർഗ്ഗീയതയെ നാം അപലപിക്കണം. വർഗ്ഗീയതയെ വർഗ്ഗീയത കൊണ്ട് നേരിടുവാൻ സാധ്യമല്ല. ഇങ്ങനെ വർഗ്ഗീയ ചിന്താഗതി പ്രബലപ്പെടുമ്പോൾ കിംവദന്തികളാണ് നമ്മെ നയിക്കുന്നത്. കിംവദന്തി പറഞ്ഞു പരത്തുന്നതിന്റെ പിന്നിൽ സ്ഥാപിത താല്പര്യക്കാരാണുള്ളത്. ഭയന്നു നിൽക്കുന്ന സാഹചര്യത്തിൽ കിംവദന്തി അതിവേഗം പടർന്ന് പിടിക്കുന്നു. ഇതൊക്കെ നാം തടഞ്ഞേ പറ്റൂ. ഇപ്പോൾ

ഈ സാഹചര്യത്തിൽ സമാധാനം പുനഃസ്ഥാപിക്കേണ്ടതാണ് ഏറ്റവും പ്രധാനമായിട്ടുള്ളത്. ഇതിനാദ്യമായി ചെയ്യേണ്ടത് കിംവദന്തിക്കാരെ ഒറ്റപ്പെടുത്തണം. സത്യം ശരിക്കും ബോധ്യമായതിനുശേഷമേ പ്രവർത്തിക്കാവൂ. അതുപോലെ നിയമം കൈയിലെടുക്കുവാൻ ആരെയും അനുവദിക്കരുത്. അതിന് നാമൊറ്റക്കെട്ടായി വികാരിയച്ചന്റെ നേതൃത്വം പൂർണ്ണമായും അംഗീകരിക്കണം.*

ശവസംസ്കാരത്തിന് ശേഷം ഞാനും വികാരിയച്ചനുമായി ഒരാളെ ചിറയിൻകീഴ് ആശുപത്രിയിൽ പ്രവേശിപ്പിച്ചിട്ട് സൈക്കിളിൽ യാത്രയായി. ഏതാണ്ട് രാത്രി 9-30 ആയപ്പോൾ അഞ്ചുതെങ്ങ് മൈതാനിക്ക് സമീപം ഞാനെത്തി. അവിടെ കൂടിയിരുന്ന കുറേപ്പേരോട് അല്പസമയത്തേക്ക് സംസാരിച്ചു നിന്നു. അതുകഴിഞ്ഞ് തോണിക്കടവിൽ (അഞ്ചുതെങ്ങ്) വന്ന് കുറെ മൽസ്യത്തൊഴിലാളികളുമായി സംസാരിച്ചുകൊണ്ടിരിക്കുമ്പോഴാണ് ഡി.എസ്.പി. ലക്ഷ്മണയും പാർട്ടിയും അവിടെ വരികന്നു. "You are under arrest" എന്നു പറഞ്ഞ് എന്നെ കടയ്ക്കാവൂർ പോലീസ് സ്റ്റേഷനിലേക്ക് വാനിൽ കയറ്റികൊണ്ടുപോയി ലോക്കപ്പിലടച്ചു. അപ്പോൾ മുതൽ അവിടെയുള്ള പോലീസുകാർ എന്നെ അസഭ്യവാക്കുകൾ പറയുകയായിരുന്നു. എന്നെ ലോക്കപ്പിലാക്കിയ വിവരം പൂത്തുറ വികാരിയേയും മാമ്പള്ളി വികാരിയേയും അറിയിക്കണമെന്ന് ഞാനാവശ്യപ്പെട്ടിരുന്നുവെങ്കിലും പോലീസുകാർ അതു ചെയ്തില്ല. രാവിലെ വിവരമറിഞ്ഞ് മാമ്പള്ളിവികാരി സ്ഥലത്തെത്തി. അപ്പോൾ മാത്രമാണ് എന്നെ അറസ്റ്റ് ചെയ്ത വിവരം പൂത്തുറപള്ളി വികാരി അറിഞ്ഞത്. രാവിലെ 11 മണിക്ക് കോടതിയിൽ എന്നെ ഹാജരാക്കുമെന്ന് പോലീസുകാർ പറഞ്ഞിരുന്നു. എങ്കിലുമവ രതു ചെയ്തില്ല. വീണ്ടും ഉച്ചകഴിഞ്ഞ് 2-30ന് ഹാജരാക്കുമെന്ന് പറഞ്ഞു. ഈ സമയമത്രയും മൽസ്യത്തൊഴിലാളിയൂണിയൻ നേതാക്കൾ വക്കീലിനൊപ്പം എന്നെ കോടതിയിൽ ഹാജരാക്കുന്നതും കാത്ത് വർക്കല കോടതിവളപ്പിൽ നിൽക്കുകയായിരുന്നു. ഈ കാത്തുനിൽപ്പ് വൈകുന്നേരം 6-30 വരെ തുടർന്നു. എന്നിട്ട് 7 മണി യായപ്പോൾ എന്നെ തിരുവനന്തപുര ത്തേക്കു കൊണ്ടുപോയി. ഏതാണ്ട് 9 മണിയോടുകൂടി ഫസ്റ്റ്ക്ലാസ്സ് മജി സ്ട്രേട്ടിന്റെ മുന്നിൽ എന്നെ ഹാജരാക്കി. എന്നാൽ വൈകുന്നേരം 5 മണിക്ക് പോലീസ് പി.ടി.ഐ. ക്ക് കൊടുത്ത വാർത്ത വർക്കല കോടതിയിൽ എന്നെ ഹാജരാക്കിയതിന് ശേഷം റിമാൻഡിൽ വച്ചുവെന്നാണ്. വളരെ താമസിപ്പിച്ച് കോടതിയിൽ പോലും ഹാജരാക്കാതെ മജിസ്ട്രേട്ടിന്റെ വീട്ടിൽ ഹാജരാക്കി തന്ത്രപൂർവ്വം ജാമ്യം നിഷേധിക്കുവാനുള്ള



സാഹചര്യം പോലീസ് സൃഷ്ടിച്ചു. അതുകഴിഞ്ഞ് ആറ്റിങ്ങൽ സബ് ജയിലിൽ എന്നെ അന്നുരാത്രി അടച്ചു. 5-4-1982 ഉച്ചക്കുശേഷം എനിക്ക് ജാമ്യം അനുവദിച്ചുകിട്ടി. ഏതാണ്ട് ഉച്ചകഴിഞ്ഞ് 2-30ന് ഞാൻ പുറത്തിറങ്ങി.

എന്നെ അറസ്റ്റ് ചെയ്തുവെന്നറിഞ്ഞതുമുതൽ എന്നെ പുറത്തിറക്കു വാൻവേണ്ടി ശ്രമിച്ച എല്ലാ നേതാക്കൾക്കും ഞാൻ നന്ദി പറയുന്നു. പ്രത്യേകിച്ച് അഞ്ചുതെങ്ങിലെ മൽസ്യത്തൊഴിലാളികൾ അറസ്റ്റിൽ പ്രതിഷേധിച്ച് മൗനജാഥ നടത്തുകയും പ്രതിഷേധയോഗം ചേരുകയും ചെയ്തു. അതിന് പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

അവസാനമായി ഞാൻ വീണ്ടും അഞ്ചുതെങ്ങ് പൂത്തുറ പ്രദേശത്തെ മൽസ്യത്തൊഴിലാളികളോട് അപേക്ഷിക്കുകയാണ്. സമാധാനം പുനഃസ്ഥാപിക്കുകയാണ് നമ്മുടെ പരമ പ്രധാനമായ ലക്ഷ്യം. അക്രമാസക്തി വെടിഞ്ഞ് നമുക്ക് ശാന്തരായി ജീവിക്കാം. നമ്മളെ തമ്മിലടിപ്പിച്ച് മുതലെടുക്കുവാൻ ആരേയും നാം അനുവദിക്കരുത്. നമ്മൾ ഉണർന്ന് സത്യം മനസ്സിലാക്കി പ്രവർത്തിക്കണം. നമ്മുടെ മധ്യേയുള്ള എല്ലാ വിഭാഗീയ ചിന്തകളും മറന്ന് തൊഴിലാളികൾ എന്ന നിലയിൽ ഒറ്റക്കെട്ടായി നിൽക്കേണ്ടവരാണ് നാം.

6-5-82. തിരു. ജില്ലാ മൽസ്യത്തൊഴിലാളി യൂണിയൻ സിന്ദാബാദ്

വിനോദ്, കുന്നുകുഴി.



# 5.15 കേരളാ സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷൻ പുറപ്പെടുവിക്കുന്ന പ്രസ്താവന

**(Reg: No. 155/83)**

26-05-1977ൽ പുന്നപ്രയിൽ വച്ച് കേരളത്തിലെ വിവിധ ജില്ലാ യൂണിയനുകൾ ചേർന്നു ലത്തീൻ കത്തോലിക്കാ മത്സ്യത്തൊഴിലാളി ഫെഡറേഷൻ രൂപീകരിച്ചു. 29-3-1980 വര ഈ പേരിൽ പ്രസ്ഥാനം നിലനിന്നു. അടിസ്ഥാന മത്സ്യത്തൊഴിലാളി വർഗ്ഗത്തെ വർഗ്ഗീയാടിസ്ഥാനത്തിൽ വേർതിരിക്കാതെ എല്ലാ വിഭാഗങ്ങൾക്കും അംഗങ്ങളാകത്തക്കവിധം കേരള സ്വതന്ത്ര മത്സ്യ ത്തൊഴിലാളി ഫെഡറേഷൻ രൂപീകൃതമായി.

24-5-1980-ൽ പുതിയ തെരഞ്ഞെടുപ്പു നടന്നു. അതിൽ 21 അംഗകമ്മിറ്റി അംഗീകരിക്കപ്പെടുകയും ഫാ: പരിശവിള പ്രസിഡന്റായും ശ്രീ. ജോയിച്ചൻ ആന്റണി സെക്രട്ടറിയായും കേന്ദ്രക്കമ്മിറ്റി പ്രവർത്തന നിരതമാവുകയും ചെയ്തു. വിജയകരമായ പല മുന്നേറ്റ പ്രവർത്തനങ്ങളും നടത്തിയെങ്കിലും പ്രധാന പ്രശ്നങ്ങൾ പലതും ചെയ്തു തീർക്കാനുള്ളതായി ശേഷിച്ചു. കാലാകാലങ്ങളിലുള്ള തീരുമാനങ്ങൾ പ്രാവർത്തികമാക്കുന്നതിൽ ഫെഡറേഷൻ നേതൃത്വം പരാജയപ്പെട്ടതിനുള്ള വ്യക്തമായ തെളിവുകൾ ഏറെയുണ്ട്. താഴെ കാണുന്നവ അവയിൽ ചിലതാണ്.

1. അംഗത്വ രജിസ്റ്റർ ഇതുവരെ ക്രമീകരിക്കാതിരുന്നത്.
2. ഇതര യൂണിയനുകളോട് ചേർന്നു തൊഴിലാളി പ്രശ്നങ്ങൾക്കുവേണ്ടി പോരാടുന്നതിന് 02-04-82-ൽ എടുത്ത തീരുമാനം പാലിക്കാതിരിക്കുന്നത്.
3. 04-05-82-ൽ ധീവര-മുസ്ലീം ലീഗിനോട് ചേർന്ന് സമരം നയിക്കുന്നതി നുള്ള തീരുമാനം അവഗണിച്ചത്.
4. 05-08-82-ൽ ട്രേഡ് യൂണിയൻ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യുന്നതിനുള്ള തീരുമാനം നടപ്പിലാക്കാതിരുന്നത്.
5. 25-03-82-ൽ ഫെഡറേഷൻ കൗൺസിൽ വിളിച്ചുകൂട്ടാമെന്നു 12-03-83-ൽ ജനറൽ സെക്രട്ടറിയ്ക്ക് എഴുതിക്കൊടുത്തതു പാലിക്കാതിരുന്നത്.

ഈ പ്രസ്ഥാനത്തിന്റെ ചരിത്രത്തിൽ തുടർച്ചയായൊരു ക്രമീകരണം ഉണ്ടെന്നു പറഞ്ഞുകൂടാ. ഓരോ ഘട്ടങ്ങളിൽ ആലപ്പുഴ, കൊല്ലം, മാവേലിക്കര, തിരുവനന്തപുരം, വിജയപുരം, കോഴിക്കോട്, കൊച്ചി എന്നീ എന്നീ ഘടക ങ്ങൾ സഹകരിച്ചും വിഘടിച്ചും കഴിഞ്ഞ മൂന്നു വർഷങ്ങളായി 17 എക്സി ക്യൂട്ടീവ് യോഗങ്ങളും, 6 ജനറൽ കൗൺസിലും നടന്നിട്ടുണ്ട്. 23 അംഗ എക്സിക്യൂട്ടീവിലെ പങ്കാളിത്തം 6 മുതൽ 12 വരെയും, ജനറൽ കൗൺസി ലിൽ 8 മുതൽ 22 വരെയും ആയിരുന്നു. എക്സിക്യൂട്ടീവിലേയും, ജനറൽ കൗൺസിലേയും പ്രതിനിധികളുടെ കുറവു നേതൃത്വത്തിന്റെ സംഘാടക രീതിയുടെ ഒരു തെളിവാണ്.

1980ലെ സമരത്തിനുശേഷം ആലപ്പുഴയും, കൊച്ചിയും മിക്കവാറും മാറി നില്ക്കുകയായിരുന്നു. 1981ലെ സമരം വ്യക്തമായും തിരുവനന്തപുരം, മാവേലിക്കര, കോഴിക്കോട് എന്നീ ഘടകയൂണിയനുകൾ മുൻകൈ എടുത്താണ് നടത്തിയത്. സമരം കേന്ദ്രീകരിച്ചത് കൊല്ലം തിരുവനന്തപുരം ജില്ലകളിലായിരുന്നിട്ടുകൂടി ഏറെ ശക്തമായിരുന്നു.

നിക്ഷിപ്ത താല്പര്യങ്ങളോടെ ഫെഡറേഷൻ സമരത്തെ എതിർത്തുനിന്ന ഗവൺമെന്റിനെകൊണ്ട് ഒരു കമ്മീഷനെ നിയമിപ്പിക്കുവാൻ കഴിഞ്ഞു. അതൊരു വൻനേട്ടമല്ലായെങ്കിൽതന്നെയും ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ ട്രോളിംഗ് നിരോധിക്കുക എന്ന ഫെഡറേഷന്റെ മുദ്രാവാക്യത്തിനു പിന്നിൽ ഇതര ട്രേഡ് യൂണിയനുകളെ അണി നിരത്തുവാൻ കഴിഞ്ഞത് ഒരു വൻ നേട്ടമാണ്.

ഈ നേട്ടത്തെ മുതലെടുത്തു നീങ്ങാൻ ഫെഡറേഷൻ ജനറൽബോഡിയും എക്സിക്യൂട്ടീവും 13-04-82, 06-03-82, എന്നീ തീയതികളിലെടുത്ത തീരുമാനങ്ങളെ ബോധപൂർവ്വം പരാജയപ്പെടുത്തിയതിന്റെ പൂർണ്ണ ഉത്തരവാദിത്വം ഫാ: പരിശവിളക്കാണ്. അതിന്റെ പേരിൽ ഫെഡറേഷൻ യാതൊരുവിധ നീക്കവും നടത്താതെ നിഷ്ക്രിയമായി നിരവധി സമ്മർദ്ദങ്ങൾക്കുശേഷം മാത്രമാണ് 08-02-83-ൽ കരുനാഗപ്പള്ളിയിൽ ജനറൽബോഡി വിളിച്ചുകൂട്ടിയത്. തിരുവനന്തപുരം, കൊല്ലം, മാവേലിക്കര, ആലപ്പുഴ, വിജയപുരം, കോഴിക്കോട് എന്നീ യൂണിയനുകളിൽ നിന്നും 20 അംഗങ്ങൾ സംബന്ധിച്ചു. ഫെഡറേഷൻ പ്രവർത്തനം സജീവമാക്കാനും തൊഴിലാളികളുടെ ആവശ്യങ്ങൾക്കായി സമരരംഗത്തിറങ്ങാനും തീരുമാനം ഉണ്ടായി. 16-02-83-ൽ വീണ്ടും ആലപ്പുഴ കേന്ദ്രീകരിച്ചു സമര പരിപാടി ക്രമീകരിച്ചത് ഇപ്രകാരമാണ്.

ഏപ്രിൽ -17 ന് പതാകദിനം.
19 ന് വാഹനപ്രചരണജാഥ
മെയ് - 11 ന് എക്സിക്യൂട്ടീവു കൂടി ധർണ, പിക്കറ്റിംഗ്, ഗതാഗതസ്തംഭനം, നിരാഹാരം തുടങ്ങിയ സമരപരിപാടികൾ തീരുമാനിക്കുക.

ഈ തീരുമാനങ്ങൾ കാറ്റിൽ പറത്തിയപ്പോൾ തൊഴിലാളി പ്രസ്ഥാനത്തിന്റെ എല്ലാ മര്യാദകളും ലംഘിച്ചു മത്സ്യത്തൊഴിലാളികളെ വഞ്ചിക്കുകയായിരുന്നു ഫാ: പരിശവിള ചെയ്തത്. ഫാ: പരിശവിളയുമായുള്ള സംഭാഷണത്തിൽ സമരത്തെ അനുകൂലിക്കാത്തതിനെപ്പറ്റി മാന്യമായ, ഒരു കാരണവും പറഞ്ഞു കേട്ടില്ല. വ്യക്തിഗതമായ പല പ്രശ്നങ്ങളും പറഞ്ഞുകേട്ടു. പ്രസ്ഥാനങ്ങളുടെ വളർച്ചയ്ക്കു വ്യക്തിപരമായ കാരണങ്ങൾ തടസ്സമാകരുതല്ലോ? വീും ജനറൽ ബോഡി വിളിക്കുന്നതിന് ഘടകയൂണിയനുകളുടെ നേതാക്കൾ ആവശ്യപ്പെട്ടപ്പോൾ തന്ന ഉറപ്പാണ് 12-02-83-ൽ ജനറൽ സെക്രട്ടറിക്കെഴുതിയകത്ത് താഴെ കൊടുക്കുന്നു.

Dear Brother,

ഫെഡറേഷന്റെ കൗൺസിൽ 25-03-83 വെള്ളിയാഴ്ച 2 മണിക്ക് കരുനാഗപ്പള്ളി Y.M.C.A. ഹാളിൽ കൂടുന്നതാണ്. നോട്ടീസ് എല്ലാവർക്കും ഇവിടെനിന്നും അയക്കുന്നതാണ്.

എന്ന് സ്നേഹാദരങ്ങളോടെ
ഫാ: ആൽബർട്ട് പരിശവിള

ബഹു.തോമസ് കോച്ചേരി അച്ചന്റെ സ്ഥലംമാറ്റംസംബന്ധിച്ച് തിരുവനന്തപുരം രൂപതാദ്ധ്യക്ഷൻ നല്കിയിട്ടുള്ള നിർദ്ദേശത്തിന്റെ വെളിച്ചത്തിൽ ഇപ്പോഴത്തെ സമരം മുന്നോട്ടുകൊണ്ടുപോകുന്നതിന് എനിക്ക് വ്യക്തിപരമായി നേരിടുന്ന ബുദ്ധിമുട്ടുകൾ.

യോഗം വിളിച്ചുകൂട്ടാതെയും സമരം നടത്താതെയും ഒളിച്ചുകളി നടത്തിയ ഘട്ടത്തിൽ തിരുവനന്തപുരം, മാവേലിക്കര, കൊല്ലം സോണൽ, കോഴിക്കോട് എന്നിവിടങ്ങളിലെ പ്രസിഡന്റുമാർ ആവശ്യപ്പെട്ടപ്രകാരം 06-04-83-ൽ ജനറൽ സെക്രട്ടറി തിരുവനന്തപുരത്തുനിന്നും സർട്ടിഫിക്കറ്റ് ഓഫ് പോസ്റ്റിംഗിൽ എക്സിക്യൂട്ടീവിലെ 23 പേരെയും അറിയിച്ചു ജനറൽബോഡി അംഗങ്ങളെ വിളിച്ചുകൂട്ടുകയാണുണ്ടായത്. ഈ ബോഡിയാണ് സമര തീരുമാനം വലിച്ചെറിഞ്ഞ പ്രസിഡന്റിനെ നീക്കം ചെയ്തു പുതിയ ഭരണ സമിതിയെ ചുമതലപ്പെടുത്തി സമരതീരുമാനവുമായി മുന്നോട്ടുപോയത്.

ഫാ: പരിശവിളയുടെ ഇതഃപര്യന്തമുള്ള നടപടികളെക്കുറിച്ച് ചില ചോദ്യങ്ങളുണ്ട്. സമരം പിൻവലിച്ചതിന് പറഞ്ഞുകേട്ട ന്യായങ്ങളിതാണ്.

### 1. ഫാ: കേച്ചേരിയുമായിച്ചേർന്നു സമരം നടത്തുവാൻ പ്രയാസം

ഒന്നാമതു തൊഴിലാളി പ്രസ്ഥാനത്തിന്റെ അന്തസത്തയ്ക്ക് വിരുദ്ധമായി ഫാ: കോച്ചേരി ഒന്നുംതന്നെ ചെയ്തിട്ടില്ല. രണ്ടാമത് വ്യക്തിപരമായ പ്രശ്നമാണെങ്കിൽ പിന്മാറാമെന്ന് വാക്കു കൊടുത്ത സാഹചര്യവുമുണ്ട്. എന്നിട്ടും സമരം നടത്താൻ തയ്യാറായില്ലെന്ന ആരോപണം നിലനില്ക്കുന്നു.

### 2. ഘടകയൂണിയനുകളുടെ നിലപാടുകൾ

ഓരോ ഘടകയൂണിയനുകൾക്കും അവരുടെ ഇഷ്ടാനുസരണം തൊഴിൽ പ്രവർത്തനങ്ങളിൽ, മറ്റ് യൂണിയനുകളുമായി സഹകരിച്ചുപ്രവർത്തിക്കുവാനുള്ള സ്വാതന്ത്ര്യമുണ്ട്, നിയമമുണ്ട്. ഇതനുസരിച്ച് ചില ഘടകയൂണിയനുകൾ പ്രവർത്തനങ്ങളാരംഭിച്ചു. ഈ വക പ്രവർത്തനങ്ങൾ ഫാ: പരിശവിളയ്ക്ക് തൃപ്തികരമായില്ല. ഘടകയൂണിയനുകളുടെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ഫെഡറേഷന്റെ നിയമാവലിയിലെ നിയമങ്ങൾ ഇവയാണ്.

നിയമാവലി 5-A. ജില്ലാ മത്സ്യത്തൊഴിലാളി യൂണിയനുകളുടെ വ്യക്തിത്വവും അവകാശങ്ങളും നിലനിർത്തിക്കൊണ്ട് അവർക്കു ഫെഡറേഷനിൽ അംഗത്വം നൽകുന്നതാണ്.

5-D. ഘടകയൂണിയനുകൾക്ക് അവയുടെ പ്രവർത്തനപരിധിക്കകത്തുള്ള അംഗങ്ങളുടെ എല്ലാ തൊഴിൽപ്രശ്നങ്ങളും ചർച്ചചെയ്യാനും തീരുമാനമെടുക്കാനും അവകാശമുണ്ടായിരിക്കും.

28-10-82-ൽ കടവൂരിൽ കൂടിയ കൊല്ലം ജില്ലാ മത്സ്യത്തൊഴിലാളി യൂണിയന്റെ തീരുമാനം ഇപ്രകാരമായിരുന്നു.

യൂണിയന്റെ സ്വതന്ത്രമായ നിലപാട്: യൂണിയൻ കക്ഷിരാഷ്ട്രീയങ്ങൾക്ക് അതീതമായി എന്നും സ്വതന്ത്രമായി തന്നെ നിലകൊള്ളും. എല്ലാ രാഷ്ട്രീയ കക്ഷികളോടും സമരദൂരവീക്ഷണവും പ്രവർത്തനശൈലിയും സ്വീകരിക്കുകയും സംഘടനയുടെ പ്രഖ്യാപിത ലക്ഷ്യങ്ങളോട് അനുകൂലിക്കുന്നവരോട് സഹകരിക്കുകയും ചെയ്യും.

08-02-83 ലെ ജനറൽ കൗൺസിൽ തീരുമാനം

ഫെഡറേഷന്റെ പ്രവർത്തനങ്ങൾക്ക് വിരുദ്ധമല്ലാത്തിടത്തോളം പ്രാദേശിക തലത്തിൽ ഘടകയൂണിയനുകൾ എടുക്കുന്ന പ്രവർത്തക തീരുമാനങ്ങൾക്ക് അവരുടേതായ സ്വാതന്ത്ര്യമുായിരിക്കും.

3. സെക്രട്ടറി കൗൺസിൽ വിളിച്ചുകൂട്ടിയതിന്റെ സാധുതയും, നിയമവശങ്ങളുമിതാണ്.

നിയമം *5B: കാലാവധിക്കുള്ളിൽ വാർഷിക സമ്മേളനങ്ങളുൾപ്പെടെ മൂന്നു കൗൺസിൽയോഗം എങ്കിലും കൂടിയിരിക്കേതാണ്.

*5B-4: ഭൂരിപക്ഷം ഘടകയൂണിയനുകളുടെ പ്രസിഡന്റുമാരും, ജനറൽ സെക്രട്ടറിമാരും ആവശ്യപ്പെടുമ്പോൾ.

(തിരുവനന്തപുരം, മാവേലിക്കര, കോഴിക്കോട് കൊല്ലം സോൺ എന്നീ ഘടകങ്ങളുടെ പ്രസിഡന്റുമാരും, ജനറൽ സെക്രട്ടറിയും, വൈസ്പ്രസിഡന്റുമുൾപ്പെട്ടവരുടെ താല്പര്യപ്രകാരം ജനറൽബോഡി അംഗങ്ങൾക്കു മുഴുവനും നോട്ടീസ് അയച്ചതിനുശേഷമാണു 15-04-83-ൽ യോഗം കൂടിയത്)

നിയമം-12-1, പ്രകാരം ജനറൽ സെക്രട്ടറിയുടെ ചുമതലയാണ് ഫെഡറേഷന്റെ നിർവ്വാഹകസമിതിയും, ജനറൽ കൗൺസിലും വിളിച്ചുകൂട്ടുകയെന്നതും, ഇവരുടെ തീരുമാനങ്ങൾ പ്രാവർത്തികമാക്കുകയെന്നതും.

4 കോറം, ആകെ കൗൺസിലർമാരുടെ 1/5+1 എന്നതാണ്. ആകെയുള്ള 23 അംഗ കമ്മിറ്റിയിൽ നിന്നും 8 മുൻകേന്ദ്ര സമിതിയംഗങ്ങൾ ഉൾപ്പെടെ 24 കൗൺസിലർമാർ സംബന്ധിച്ച യോഗത്തിലാണ് പുതിയ നീക്കങ്ങൾ ഉണ്ടായത്.

നിയമാനുസൃതമായി കേരള സ്വതന്ത്രമത്സ്യത്തൊഴിലാളി ഫെഡറേഷൻ ഇന്നു ട്രേഡ് യൂണിയൻ ആക്ട് അനുസരിച്ചു രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. ക്രമാനുസൃതമായി തിരഞ്ഞെടുപ്പു നടത്തിയ പരിതസ്ഥിതി നിലനിൽക്കെ, ഫാ: പരിശവിള ഈ പ്രസ്ഥാനവുമായി നടക്കുന്നതു എന്തു അടിസ്ഥാനത്തിലാണാവോ? ഘടകയൂണിയനുകളെ വിവരമറിയിക്കാതെ അനധികൃത

മായി ഫെഡറേഷന്റെ പേരിൽ ഇഷ്ടപ്പെട്ടവരെ മാത്രം വിളിച്ചുകൂട്ടി യോഗം നടത്തി, പലരുടേയും പേരിൽ നടപടികൾ എടുത്തു. പത്രപ്രസ്താവന നടത്തുന്ന ഫാ: പരിശവിളയുടെ ഈ നടപടി മുൻപ് എന്നുമുള്ള അനധി കൃത സമീപനങ്ങളുടെ ബാക്കി മാത്രമാണ്. ഇപ്രകാരമാണ് ഏകാധിപത്യ പരവും തൊഴിലാളിവിരുദ്ധവും ജനവഞ്ചനാപരവുമായ പ്രവൃത്തികളിൽ ഏർപ്പെടുകയും പ്രസ്ഥാനത്തെ താറുമാറാക്കുകയും തൊഴിലാളി താൽ പര്യങ്ങളെ നിഹനിക്കുകയും ചെയ്ത ഫാ:പരിശവിളയെ നേതൃസ്ഥാനത്തു നിന്നും മാറ്റിനിർത്തി ഈ പ്രസ്ഥാനവുമായി മുന്നോട്ടുപോകുവാൻ തീരുമാനമെടുത്തത്. ഇത് കുറ്റമാണെന്നു വരുത്തിത്തീർക്കുവാനും തൊഴിലാളികളെ കൂട്ടിയടിപ്പിക്കാനും ശ്രമിക്കുന്ന ഫാ: പരിശവിളയുടെ നീക്കങ്ങൾ പഴയ തൊഴിലാളി പ്രസ്ഥാനവിരുദ്ധതയുടെ പുത്തൻ അവതാരമാണ്. പ്രസ്ഥാനത്തിന്റെ മുന്നേറ്റ സ്വഭാവം തടുത്തു നിർത്തു ന്നതിനു അദ്ദേഹത്തിന്റെയും തല്പരകക്ഷികളുടെയും കുതന്ത്രങ്ങൾക്ക് ഒന്നും കഴിയില്ലായെന്നു സമീപഭാവിയിൽ തന്നെ ബോദ്ധ്യപ്പെടുമെന്നു മാത്രമേ ഞങ്ങൾക്കു പറയുവാനുള്ളൂ.

കേരളാ സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷനു വേണ്ടി

ഫാ. ജോസ് ജെ. കളീക്കൽ
ഏ. ജോസഫ്

പ്രസിഡന്റ്
ജനറൽ സെക്രട്ടറി

കൊല്ലം
23-06-83



# 5.16 Fr. Thomas Kocherry's Transfer

St. James Church
Thachenkode, Marnoorkara
Trivandrum District
695572, Kerala

**Sub: Fr. Thomas Kocherry's Transfer**

Dear Friends,
This is to inform you and to get your reactions about the decision, the Redemptorist Provincial, Fr. Varkey Vithayathil, made regarding the transfer of Tom. The transfer order has come. It is as follows:
"REDEMPTORIST FATHERS"
Phone-51293
Liguori Bhavan
Province of Bangalore
Fraser Town, P.O. Box 531
Provincial Superior Bangalore-560 005



8th April 1983
Fr. Thomas Kocherry CSSR
Redemptorists
Muttada-Trivandrum-25

Dear Fr. Tom,

"After hearing the report of the ordinary provincial council from its recent fact finding mission in Trivandrum, the Extra-ordinary Provincial Council considered all aspects of the question of your transfer which the Bishop insisted upon. The council while appreciating your commitment to the cause of the poor decided to accede to the Bishop's request for various reasons including the requirements of our Constitutions especially of No.18.

You are transferred from Muttada to the Liguori Bhavan community. You should be here not later than 1st of May 1983. Your transfer to Liguori Bhavan is of a temporary nature. After further dialogue with you we shall decide on your future assignment. I have informed the Bishop of Trivandrum about your transfer.
I pray that the Spirit of God may guide you always.
With warm personal regards,
Your brother in J.MJ.A.
Varkey Vithayathil CSSR
Provincial Superior



For your information Constitution No.18 of the cssr is given below: "Because of the particular nature of their pastoral charity, communities and individual members shall do all in their power to harmonize their own work with the enterprises of the universal and local church. For the task the congregation has assumed in the church is in the service of Christ, and as a consequence, must necessarily also be in the service of his church.

Because their ministry is directed towards the good of the universal church, the members are primarily subject to the Supreme Pontiff, even by virtue of the vow of the obedience, according to the principles of exemption. Nevertheless, they are also subject to the Local Ordinary in what relates to their particular ministry in the Local Church.

In working out and maintaining fraternal co-operation, the members shall keep in view both the pastoral programme of the territory they work in and the charism proper to the congregation. With a sincere desire to be of service and a generous availability, they shall fit in with the missionary works and structures which the diocese or the region has established to meet the more urgent needs of the church and the times."

After our last communications many more groups and individuals have sent in their protest to the Bishop. At the moment we are not in a position to compile and send the contents of those letters. But still we believe that it is important to mention their names, ie a group 41 theologians from vidyajyoti, Delhi; 197 muslim fishermen from Trivandrum; 49 youth leaders from Mavelikara; a group of activists-Society for social Action, Kottayam; Kuttanadu Fishermen's Association, Kallara South P.O., Delhi Forum; Fr. Joe Chennankala S.J., Sr. Philo Thomas from Belgaum. A group of 16 Jesuit Priests under the leadership of Fr. James Rodrigues Vice-Provincial, Dindigul; 31st Jesuit Scholastics from De Nobili College, Poona; The urban Industrial Rural Mission; Fr. K.M. Sebastian OFM (CAP) Fr. Santiago cssr, Fr. Nihal Abeya Sinha, cssr Professor. Fr. Joe Amerathungi cssr from Srilanka; Fr. Mani Parempett cst, Fr. Thomas Plathottam CST; Fr. Joseph Meletheodiyil CST, Fr. Thomas Mulangattil CST, Anil M Marandi, Sr. Terressinne-Alphonso and Sr. Gemma Mendes from Hazarioagh Swamiji from Narasinghpur M.P. and thousands of fishermen form all over Kerala.

All these letters are very rich in reflection. In fact there is sufficient matter for the creation of a Political Theology which will be a great asset if we can compile them and present it as a book for future reference and further reflection. We would like to hear your comments about this also.

Different groups are planning to stage their protest in different forms. The Christians for Radical Action in Kerala through a Press Conference expressed their strong protest and condemned the action of Fr. Varkey Vithayathil and Extra-ordinary Council. The Council is composed of

Fr. Varkey Vithayathil, Fr. Gino Henriques, Fr. Eric Rodrigues, Fr. Jose Fonsece and Fr. Gnana. We would like to send your strong protest to Fr. Varkey Vithayathil and his consultors. How can we be indifferent to such an action? Also we would like you to write to Tom Kocherry to help him to take a clear and strong stand in favour of the poor. Yes the Spirit of the Lord speaks through various events and people. To proclaim once again the Nazareth Manifesto LK 4/18 together with Jesus let us join hands with Tom.

Rev. M.J. Joseph in his personal note to Tom writers: "It is difficult to share our feelings and concerns through letters. You have to make important decisions depending on the decision of the Provincial. I know the fundamental decision is already made. But there are some functional, operate decision which are also called for from time to time."

Thanking you once again,

Fr. James Culas,
Mr. Eugene Culas,
Sr. Patricia Kuruvinakunnel.








# ഉയിർപ്പിന്റെ രാഷ്ട്രീയം

**മത്സ്യത്തൊഴിലാളി സമരത്തിന്റെ അരനൂറ്റാണ്ട്**

**ജോസ് ജെ. കളീക്കൽ**



DESIGN PLUS
Advertising & Printing
www.designplusap.com
+91 9744790612

**Media House®**
375-A, Pocket 2, Mayur Vihar-I, Delhi - 110091
Phone: 09555642600
E-mail: books.mediahouse@gmail.com
www.mediahouseonline.in
www.facebook.com/mediahousebooks

Price: ₹330

ISBN: 978-93-94507-94-4